# ദിവ്യാതിഥി



## മ്ശിഹാനുകരണ ധ്യാനങ്ങൾ

www.malankaralibrary.com

# ദിവ്യാതിഥി

## അഥവാ

# മ്ശിഹാനുകരണ ധ്യാനങ്ങൾ

ഫാദർ ജോഷ്വാ ഒ. ഐ. സി.

ബഥനി പബ്ലിക്കേഷൻസ്
ബഥനി ആശ്രമം, കോട്ടയം–686010
കേരളം

1981

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

ദിവ്യാതിഥി

അഥവാ

മ്ശിഹാനുകരണ ധ്യാനങ്ങൾ

(മലയാളം)

ഫാദർ ജോഷ്വാ ഒ. ഐ. സി.

വിതരണം:

ബഥനി പബ്ലിക്കേഷൻസ്, കോട്ടയം—10.

അച്ചടി:

ബഥനി പ്രസ്സ്, കോട്ടയം—10.

www.malankaralibrary.com

# മുഖവുര

പ്രസിദ്ധ വേദശാസ്ത്രജ്ഞന്മാരും ധ്യാനഗുരുക്കന്മാരും രചിച്ചിട്ടുള്ള നിരവധി ബ്രഹിൽ ധ്യാനഗ്രന്ഥങ്ങൾ തിരുസഭാമണ്ഡലത്തിൽ ദൃശ്യമാണ്. എന്നാൽ യാത്രാവസരങ്ങളിലും ധ്യാനയോരുക്കത്തിനു വേണ്ടത്ര സമയം ലഭിക്കാത്തപ്പോഴും മററും ഉപയോഗിക്കത്തക്കവണ്ണം ഈശോമ്ശിഹായുടെ ആകമന ജീവിതത്തെ ഉൾക്കൊള്ളിച്ചു് രചിച്ചിട്ടുള്ള ചെറിയ ധ്യാനങ്ങളടങ്ങിയ ഒരു പുസ്തകം ഇതഃപര്യന്തം മലയാളഭാഷയിൽ കാണ്മാൻ കഴിഞ്ഞിട്ടില്ല. ആ കുറവു പരിഹരിക്കുന്നതിനുതകുന്ന ഒരു ധ്യാനഗ്രന്ഥം ഉണ്ടായികാണ്മാനുള്ള ആഗ്രഹമാണ്ഈ പുസ്തക സൃഷ്ടിക്ക് എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. Rev. Fr. Nout, S. J. രചിച്ചിട്ടുള്ള Meditations on the life of our lord എന്ന പുസ്തകമാണ് ഈ ഗ്രന്ഥത്തിനു് ആധാരം. പ്രധാന പെരുനാളുകളിലും, മൂന്നുനോമ്പു ദിവസങ്ങളിലും, മാസാന്ത്യഭജന ദിവസങ്ങളിലും ഉപയോഗിക്കത്തക്കവണ്ണമുള്ള ഏതാനും ധ്യാനങ്ങളും ഇതിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. കൂടാതെ മലങ്കര സഭാ പഞ്ചാംഗമനുസരിച്ചുള്ള വലിയനോമ്പിലെയും ഇരുപത്തഞ്ചുനോമ്പിലെയും ഞായറാഴ്ചകൾക്കു് അനുയോജ്യമായ ധ്യാനങ്ങളുടെ ഒരു പട്ടികയും അവസാനമായി ചേർത്തിരിക്കുന്നു.

പുസ്തകരചനയിൽ കേവലം അപരിചിതനായ എന്നെ ഇതിന്റെ രചനാവസരത്തിൽ അപ്പോഴപ്പോൾ ആവശ്യമായ നിർദ്ദേശങ്ങൾ നല്കി പ്രോത്സാഹിപ്പിക്കയും, ഇപ്പോൾ വിലയേറിയ ഒരു അവതാരികയാൽ അനുഗ്രഹിക്കയും ചെയ്ത, ബഥനിയുടെ അഭിമാനസ്തംഭവും ബത്തേരിരൂപതയുടെ പ്രഥമ മെത്രാനുമായ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താതിരുമേനിയോടു് എനിക്കു് അപാരമായ കൃതജ്ഞതയാണുള്ളതു്. അദ്ദേഹത്തിനു് എന്റെ ഭക്ത്യാദരങ്ങൾ അർപ്പിച്ചുകൊള്ളുന്നു.

കൂടാതെ ഈ ഉദ്യമത്തിൽ ഏതെങ്കിലും വിധം എന്നെ സഹായിച്ചിട്ടുള്ള ഏവരോടും, പ്രത്യേകിച്ചു് എത്രയും ഭംഗിയായി ഇതുമുദ്രണം ചെയ്തുതന്ന ബഥനിമുദ്രാലയാധികൃതരോടും എനിക്കുള്ള നിസ്സീമമായ നന്ദിയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

**ഫാദർ ജോഷ്വാ** ഒ.ഐ.സി.
ബഥനി ആശ്രമം
തിരുവനന്തപുരം 15

3—7—1981

www.malankaralibrary.com

# അവതാരിക

മനുഷ്യജീവിതം ഇന്ന് സങ്കരമാണ്. ജീവിതലക്ഷ്യം അവ്യക്തമാകുന്നതും, ജീവിതായോധനം കഠിനമാകുന്നതും അതിനു കാരണമാണ്. ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയും, സാഹചര്യങ്ങളും സമ്മർദ്ദമുളവാക്കാൻ പോരുന്നവയാണെന്നു മാത്രമല്ല, ശാന്തവും ശാലീനവുമായ ചിത്തവൃത്തിക്ക് വിഘാതവുമാണ്. ഉന്നതമായ ആദർശങ്ങളും, പ്രബുദ്ധമായ ചിന്തകളും ഉയരുന്നതിനും, ഉറയ്ക്കുന്നതിനും നമ്മുടെ സാഹചര്യങ്ങൾ അനുഗുണമല്ല. ആധുനികലോകത്തിന്റെ ആവശ്യങ്ങളും, അനുദിന ജീവിതത്തിന്റെ ഭാരവും മനുഷ്യനെ അസ്വസ്ഥനാക്കിക്കൊണ്ടിരിക്കുന്നു. അനിവാര്യമായ പരിമിതികളും, ആകുലത നിറഞ്ഞ ആകാംക്ഷകളും ജീവിതം അനാകർഷകമാക്കുകയും ചെയ്യുന്നു.

സനാതന സത്യങ്ങളുടെ വെളിച്ചത്തിൽ ജീവിതത്തെ വിലയിരുത്തുന്നതിനും, ലക്ഷ്യത്തെ ഉറപ്പിക്കുന്നതിനും, ആദർശങ്ങളെ അനുസ്സരിക്കുന്നതിനും സാധിച്ചെങ്കിൽ മാത്രമെ ജീവിതായോധനത്തിൽ നമുക്ക് വിജയം സുസാദ്ധ്യമാകൂ; പാളിച്ചകൾ പററാതിരിക്കൂ. നിരന്തരമായ ജാഗ്രതയും, നിയതമായ നിഷ്ഠകളോടും കൂടിയ പ്രാർത്ഥനാനിരതവും, ധ്യാനാത്മകവുമായ ഒരു ജീവിതത്തിന്റെ ആവശ്യം അപ്പോഴാണ് നമുക്ക് മനസ്സിലാവുക. പ്രാർത്ഥനാ ജീവിതത്തിൽ നാം ആഴമായി ഉറയ്ക്കുന്നതിന് അനുദിന ധ്യാനം അനുപേക്ഷണീയമാണ്.

നമ്മുടെ പ്രാർത്ഥനാജീവിതത്തെ കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ധ്യാനാത്മകമാക്കുന്നതിനും എന്നത്തേക്കാളും ഇന്ന് കൂടുതൽ പരിശ്രമിക്കേണ്ടിയിരിക്കുന്നു. ആദ്ധ്യാത്മികമൂല്യങ്ങൾ അവഗണിക്കപ്പെടുന്നതും, ലോകായതികത്വം വളർന്നു പന്തലിക്കുന്നതും നമ്മുടെ യജ്ഞം കൂടുതൽ കഠിനമാക്കുന്നു. തപസ്സുചെയ്ത് തമസ്സകററുവാനും, ഈശ്വരാനുഭജിച്ച് വരങ്ങൾ നേടുവാനും നമുക്കുള്ള വിളിയും, സാദ്ധ്യതയും തുച്ഛമായേ അനുഭവപ്പെടുന്നുള്ളു! അതിനുള്ള ആസക്തി വിരളവുമാണ്.

ഈ പശ്ചാത്തലത്തിൽ ദൈവപ്രസാദം നേടി നൽവരങ്ങൾ പ്രാപിച്ച് ധന്യമായി ജീവിക്കുന്നതിന് നമ്മെ സഹായിക്കുന്ന ജീവിതമുറകൾ നമുക്ക് അനുപേക്ഷണീയമാണ്. ആദ്ധ്യാത്മിക ജീവിത പുരോഗതിക്ക് ധ്യാനജീവിതം അടിസ്ഥാനപരമായ ഒരു ഘട

www.malankaralibrary.com

കമാണെന്നു് എടുത്തുപറയേണ്ടതില്ലല്ലോ. ധ്യാനാത്മകമായ ജീവിതം അതിപ്രധാനമാണെങ്കിലും അതു് സ്വായത്തമാക്കുന്നതിനും, ഫലപ്രദമാക്കുന്നതിനും ചുരുക്കം ചിലക്കു മാത്രമെ സാധിക്കുന്നുള്ളു. ധ്യാനമുറകൾ അറിവില്ലാതിരിക്കുന്നതും ധ്യാനം നടത്തുന്നതിനു് സാവകാശവും സന്ദർഭവും ഇല്ലാത്തതും പലതും കാരണമായി ചൂണ്ടിക്കാണിക്കുന്നുണ്ടു്. ശരിയായ ധ്യാനസഹായികൾ ഇല്ലാത്തതും ഒരു പ്രധാന തടസ്സമാണു്. നല്ലധ്യാന പുസ്തകങ്ങളുടെ അഭാവം എടുത്തു പറയേണ്ട ഒരു കാര്യമാണു്.

ഈ വസ്തുത മനസ്സിലാക്കി ധ്യാനജീവിതം ഉത്തേജിപ്പിക്കുന്നതിനു് ബ. ജോഷ്വാ അച്ചൻ 'ദിവ്യാതിഥി' അഥവാ മ്ശിഹാനുകരണധ്യാനങ്ങൾ എന്നയൊരു ധ്യാന പുസ്തകം എഴുതി പ്രദാനം ചെയ്തിരിക്കുകയാണു്. ബഥനി ആശ്രമത്തിലെ ഒരു യോഗിവര്യനാണു് ബ. ജോഷ്വാഅച്ചൻ, മലങ്കരസഭയിലെ അദ്ധ്യാത്മികനവോത്ഥാന പ്രസ്ഥാനമായിട്ടാണല്ലോ ബഥനി ആശ്രമം വിഭാവനം ചെയ്യപ്പെട്ടിരുന്നതും അറിയപ്പെട്ടിരുന്നതും. ബഥനി സന്യാസികളുടെ ധ്യാനാത്മകവും, ആരാധനപരവുമായ സന്യാസസമൂഹജീവിതം മലങ്കരസഭാമക്കളുടെ അദ്ധ്യാത്മികജീവിതത്തിനു് വഴിവിളക്കായിരുന്നു. ബഥനി ആശ്രമത്തിൻെറ പ്രാരംഭ ഗുരുക്കന്മാരിൽ ഒരാൾ എന്ന നിലയ്ക്കു് ബ. ജോഷ്വാ അച്ചൻ ആശ്രമ ജീവിതത്തിൽ പക്വത വന്നയൊരു സന്യാസിയാണു്. അദ്ദേഹത്തിൻെറ അനുഭവജ്ഞാനത്തിൽനിന്നും, അദ്ധ്യാത്മിക ചൈതന്യത്തിൽനിന്നും ഉരുവായതാണു് ഈ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന 'ധ്യാന'ങ്ങൾ ഓരോന്നും എന്നതിനു രണ്ടുപക്ഷമില്ല. അതുതന്നെയാണു് ഈ ധ്യാനങ്ങളുടെയും അവ ഉൾക്കൊള്ളുന്ന പുസ്തകത്തിൻെറയും പ്രത്യേകതയും മഹാത്മ്യവും. പല പുസ്തകങ്ങളിലൊന്നായി തരംതാഴാതെ ആഴമായ ആത്മീയ ജീവിതത്തിനു് സർവ്വദാ പ്രചോദനം നല്കുന്നതിനു് ഈ പുസ്തകം ഉപകരിക്കുമെന്നു് പ്രത്യാശിക്കുന്നതിനുള്ള കാരണവും മറ്റൊന്നുമല്ല.

'ദിവ്യാതിഥി'ക്കു് പല സവിശേഷതകളുമുണ്ടു്. സഭാപഞ്ചാംഗപ്രകാരം അനുദിനം നടത്താവുന്ന ഒരു ധ്യാനസമാഹാരമാണതു്. ആണ്ടുവട്ടമുള്ള പ്രത്യേക തിരുനാളുകളും അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അദ്ധ്യാത്മിക ജീവിതത്തിനു് ആഴം കൂട്ടത്തക്ക പ്രത്യേക ധ്യാനവിഷയങ്ങളും ഇതിൽ അവതരിപ്പിച്ചിട്ടുണ്ടെന്നുള്ളതു് ഒരു പ്രത്യേകതയാണു്. ഉപക്രമത്തിൽ വിശദീകരിച്ചിരിക്കുന്ന 'ധ്യാനമുറകൾ' പ്രാരംഭക്കാക്കു് വളരെ അധികം പ്രയോജനപ്രദമാണു്. അ

www.malankaralibrary.com

ങ്ങനെ ഈ ഗ്രന്ഥം സമഗ്രമായ ഒരു ധ്യാനപുസ്തകമാക്കുന്നതിനു് ഗ്രന്ഥകർത്താവ് പരിശ്രമിച്ചിട്ടുണ്ടു്.

സന്യാസ ജീവിതം നിഷ്ഠയോടുകൂടി തുടങ്ങുന്നതിനും, തുടരുന്നതിനും ഈ ഗ്രന്ഥം സഹായകരമെന്നതിനു് സംശയമില്ല. ധ്യാന ജീവിതം സാധാരണയായി സന്യാസജീവിതമുറയുമായി മാത്രം ബന്ധപ്പെട്ടതായാണു് പരിഗണിക്കാറുള്ളതു്. എന്നാൽ എല്ലാവർക്കും പ്രയോജനപ്രദമായ ഒരു അദ്ധ്യാത്മികാഭ്യാസമാണു് അനുദിനധ്യാനം. അതു സാദ്ധ്യമാകത്തക്കവിധം 'ദിവ്യാതിഥി' അഥവാ 'മ്ശിഹാനുകരണധ്യാനങ്ങൾ' സന്യാസികൾക്കും, ദൈവവിശ്വാസികളേവർക്കും ആസ്വാദ്യകരവും, പ്രയോജനപ്രദവും ആകത്തക്ക രീതിയിലത്രെ ബ. ജോഷ്വാ അച്ചൻ അവതരിപ്പിച്ചിരിക്കുന്നതു്. അദ്ദേഹത്തിന്റെ ആത്മികചിന്തകളിലും, ദൈവാനുഭവത്തിലും പങ്കുചേരുന്നതിനുള്ള ഒരു സന്ദർഭവും, സാദ്ധ്യതയും അദ്ദേഹം നമുക്കു് പ്രദാനം ചെയ്തിരിക്കുകയുമാണു്. അദ്ദേഹത്തിന്റെ മഹത്തായ ഈ സേവനത്തിനു് നന്ദി പറയുന്നതോടൊപ്പം ഈ പുസ്തകരചനയിൽ അദ്ദേഹത്തിനുണ്ടായിരുന്ന ലക്ഷ്യം പ്രാപ്യമാകട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

'ദിവ്യാതിഥി' എല്ലാ സന്യാസഭവനങ്ങളിലും, ക്രിസ്തീയ കുടുംബങ്ങളിലും എത്തുന്നതു കൂടാതെ, വൈദികർക്കും അത്മായർക്കും പ്രചോദനഹേതുവാകട്ടെയെന്നും ആശംസിക്കുന്നു. ഈ സൽഗ്രന്ഥത്തിനു് പ്രചുരപ്രചാരം നേർന്നുകൊണ്ടു് ഭക്തജനങ്ങളുടെ ആത്മീകോൽഘഷത്തിനും ജീവിതവിജയത്തിനുമായി ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എന്നു്,

സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലിത്താ,

15-5-1981 ബത്തേരി രൂപതാ മെത്രാൻ.

www.malankaralibrary.com

# ധ്യാനത്തിന് ഒരു നിർവചനം

സർവ്വശക്തനായ ദൈവത്തിന് ആരാധന സമർപ്പിക്കുന്നതിനും നമ്മുടെ പുണ്യപുരോഗതിമൂലം അവിടുത്തെ മഹത്വം വർദ്ധിപ്പിക്കുന്നതിനും വേണ്ടി മനസ്സിനെയും ഹൃദയത്തെയും നിശബ്ദമായി ദൈവത്തിങ്കലേക്ക് ഉയർത്തുന്നതാണ് ധ്യാനം.

## ധ്യാനത്തിൻെറ ആവശ്യവും പ്രയോജനങ്ങളും

1. ബുദ്ധിശൂന്യതയും മനഃശക്തികുറവും കൊണ്ടാണ് നാം പലപ്പോഴും പാപത്തിൽ വീണു പോകുന്നത്. ബുദ്ധിക്ക് പ്രകാശവും മനസ്സിന് ശക്തിയും പ്രദാനം ചെയ്തുകൊണ്ട് ധ്യാനം ഈ രണ്ടു കുറവുകളെയും ഏറെക്കുറെ പരിഹരിക്കുന്നു.

2. വിശ്വാസം, ശരണം, സ്നേഹം, വിവേകം, സ്ഥൈര്യം ആദിയായ എല്ലാ ക്രിസ്തീയപുണ്യങ്ങളും അഭ്യസിക്കുന്നതിന് ധ്യാനം സഹായിക്കുന്നു.

3. ദൈവൈക്യത്തിലേക്കും, അങ്ങിലുള്ള സമ്പൂർണ്ണപരിവർത്തനത്തിലേക്കും ധ്യാനം നമ്മെ ആനയിക്കുന്നു.

## ധ്യാനത്തിൻെറ വിവിധ ഘടകങ്ങൾ

ഒരുക്കം, അഭ്യസനം, സമാപനം എന്നിവയാണ് എല്ലാ ധ്യാനപദ്ധതികളിലും അടങ്ങിയിരിക്കുന്ന പൊതുഘടകങ്ങൾ.

a. ഒരുക്കം: ഇന്ദ്രിയനിഗ്രഹം, ദൈവസന്നിധിബോധം, എളിമ ഇവ പാലിച്ചുകൊണ്ട് പുണ്യപൂർണ്ണതയ്ക്കായി ശ്രമിക്കുന്ന അകന്ന ഒരുക്കവും, ധ്യാനവിഷയം തിരഞ്ഞെടുക്കുകയും, പിറെറ ദിവസത്തെ ധ്യാനാവസരംവരെ അനുയോജ്യമായ മനോഭാവം പാലിക്കയും ശുഷ്കാന്തിയോടും വിശ്വാസത്തോടും താഴ്മയോടും കൂടെ ധ്യാനത്തെ സമീപിക്കയും ചെയ്യുന്ന അടുത്ത ഒരുക്കവും, ദൈവസന്നിധിയിൽ നമ്മെ വച്ചുകൊണ്ട് നമ്മുടെ കുററങ്ങളുടെ പരിഹാരത്തിനായി പരിശുദ്ധാത്മസഹായം അഭ്യർത്ഥിക്കുന്ന ഏററം അടുത്ത ഒരുക്കവും ഇതിൽ ഉൾപ്പെടുന്നു.

b. അഭ്യസനം: ആരാധന, വിചിന്തനം, ആത്മശോധന, അപേക്ഷകൾ, പ്രതിജ്ഞകൾ എന്നിവ അഭ്യസനത്തിൽ അടങ്ങിയിരിക്കുന്നു.

c. സമാപനം: സമാപനത്തിൽ കൃതജ്ഞതാപ്രകരണം, ധ്യാനശോധന, അനുഗ്രഹാഭ്യർത്ഥന, അനുസ്മരണാവാക്യം എന്നിവയാണ് ഉൾക്കൊള്ളുന്നത്.

www.malankaralibrary.com

## ധ്യാനത്തിൻെറ ഒരു ലഘുമാതൃകാപദ്ധതി

ഒരുക്കം:-തലേദിവസം ധ്യാനവിഷയം വായിച്ചു് അനുയോജ്യമായ ഒരു രംഗം രൂപീകരിക്കയും, ധ്യാനത്തിൽ നിന്നെടുക്കേണ്ട പാഠം നിർണ്ണയിക്കയും ചെയ്യുക.

ധ്യാനസ്ഥലത്തു് മഹോന്നതനായ ദൈവത്തിൻെറ സിംഹാസനത്തിൽ മുമ്പാകെ അരൂപിയിൽ നമ്മെത്തന്നെ വച്ചുകൊണ്ടു് അവിടുത്തെ ആരാധിക്കുകയും, പരിശുദ്ധ ദൈവമാതാവിൻെറയും മാലാഖമാരുടെയും പുണ്യവാന്മാരുടെയും മാദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യുക.

ധ്യാനവിഷയത്തെയും, അതിൽ പ്രയോഗിപ്പാനുള്ള ഓർമ്മ, ബുദ്ധി, മനസ് എന്നീ ആന്തരീകശക്തികളെയും ദൈവത്തിനു് പ്രതിഷ്ഠിക്കുക. ഓർമ്മയെ ക്രമപ്പെടുത്തുകയും, ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസിനെ ശക്തിപ്പെടുത്തുകയും ചെയ്യാനുള്ള കൃപ അപേക്ഷിക്കുക.

## അഭ്യസനം (വിചിന്തനം)

ധ്യാനരംഗത്തിൽ പ്രവേശിച്ചു്, വിഷയത്തിൻെറ കൂടുതൽ വ്യക്തമായ ഒരു രൂപം ഓർമ്മയിൽ വരുത്തുക. ആരു്? എന്തു്? എവിടെ? എന്തിനായി? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ തന്നത്താൻ ചോദിച്ചു് ഓർമ്മയെ പ്രവൃത്തിനിരതമാക്കുക. ധ്യാനവിഷയത്തെ അപഗ്രഥിച്ചു് വിവിധവകുപ്പുകളായിതിരിച്ചു് ഓരോ വകുപ്പും പ്രത്യേകം പ്രത്യേകംഎടുത്തു് വിചിന്തനം ചെയ്യണം.

### പാഠം

ഓരോ വകുപ്പിൽനിന്നും എന്തു പാഠമാണു് എടുക്കേണ്ടതെന്നു് നിർണ്ണയിക്കുക. ഈ പാഠം മനസിൽ പതിയുന്നതിനുവേണ്ടി അതിൻെറ ന്യായാന്യായങ്ങളെപ്പററി ചിന്തിക്കുക. ഒരു സൃഷ്ടി എന്ന നിലയിലും, ഒരു ക്രിസ്ത്യാനിയെന്ന നിലയിലും, ഒരു സമർപ്പിതനെന്ന നിലയിലും ഇതു് എനിക്കു് ആവശ്യമാണു്. എൻെറ പുണ്യജീവിതത്തിനു് ഇതു് ഒഴിച്ചുകൂടാത്തതാണു്. ഇതു് എനിക്കു് പ്രയോജനകരമാണു്. എനിക്കു് അനുയോജ്യമാണു്, എളുപ്പമാണു്, എന്നിങ്ങനെയുള്ള ന്യായങ്ങളാൽ പാഠത്തെ നമ്മിൽ ദൃഢമൂലമാക്കണം. ഇവിടെ മനസ്താപം, എളിമ, ദൈവസ്നേഹം ഇത്യാദി പ്രകരണങ്ങൾ നടത്തുവാൻ ശ്രദ്ധിക്കണം. ഇതു സംബന്ധിച്ചു് ഞാൻ ഇതുവരെ എങ്ങനെ വർത്തിച്ചു? പ്രതിബന്ധങ്ങൾ എന്തെല്ലാമാണു്? പ്രതിബന്ധങ്ങൾ ദൂരീകരിക്കുവാൻ എന്തു ചെയ്യണം? ദുഃഖം, ലജ്ജ, വിശ്വാസം, ശരണം, ദൈവതിരുമനസിനുള്ള കീഴ്വഴക്കം ഇത്യാതി പ്രകരണങ്ങൾ കൂടുതലായി ചൊല്ലാവുന്നതാണു്.

www.malankaralibrary.com

## ധ്യാനനിശ്ചയം

ഈ പാഠം പ്രായോഗികമാക്കുന്നതിനു് ഇന്നു് എന്തു ചെയ്യണമെന്നു് പ്രത്യേകം തീരുമാനിക്കണം. ഇതാണു് ധ്യാനനിശ്ചയം അഥവാ പ്രത്യേക പ്രതിജ്ഞ.

ഇതു്, 1 പ്രത്യേക വിഷയസ്പർശിയായിരിക്കണം, പൊതുവായിരുന്നാൽ പോരാ.

2 അന്നന്നു നടപ്പിൽ വരുന്നതായിരിക്കണം.

3 ഇപ്പോഴത്തെ ജീവിതത്തിനു പററുന്നതായിരിക്കണം.

4 ന്യായാന്യായങ്ങളാൽ ഉറപ്പിക്കപ്പെട്ടതായിരിക്കണം.

## സമാപനം

ധ്യാനനിശ്ചയം ദൈവത്തിനു് പ്രതിഷ്ഠിച്ചു് അതു് നടപ്പിൽ വരുത്താനുള്ള കൃപ യാചിക്കുക. ലംഘനമുണ്ടായാൽ എന്തു് പ്രായശ്ചിത്തം ചെയ്യുമെന്നും നിശ്ചയിക്കുക.

അനന്തരം വി. ത്രിത്വത്തോടോ, ത്രിത്വത്തിലെ ഓരോ ആളിനോടുമോ ഹൃദയം തുറന്നു് സംഭാഷിക്കുക. തിരുസഭക്കുവേണ്ടിയും, ലോകത്തിനുവേണ്ടിയും, മദ്ധ്യസ്ഥപ്രാർത്ഥന നടത്താം. തുടർന്നു് ധ്യാനസമയത്തു് ലഭിച്ച അനുഗ്രഹങ്ങൾക്കുവേണ്ടി കൃതജ്ഞതപറയുകയും, കുറവുകൾക്കുവേണ്ടി മാപ്പപേക്ഷിക്കുകയും, മേലാൽ കൂടുതൽ ശ്രദ്ധാപൂർവ്വം നടത്തുന്നതിനുള്ള അനുഗ്രഹം അപേക്ഷിക്കുകയും ചെയ്യുക. അവസാനമായി കർത്തൃപ്രാർത്ഥന, നന്മനിറഞ്ഞമറിയം, ത്രിത്വസ്തുതി എന്നിവയോ, തിരുഹൃദയജപമാല, സ്നേഹക്കൊന്ത ആദിയായ ഏതെങ്കിലും പ്രാർത്ഥനയോ ചൊല്ലി ധ്യാനം സമാപിപ്പിക്കുക.

ധ്യാനത്തിൻെറ ഒരുക്കവും സമാപനവും എല്ലാ ധ്യാനങ്ങളെ സംബന്ധിച്ചും മിക്കവാറും സമാനമാകകൊണ്ടു് ആ ഭാഗങ്ങൾ ഈ ചെറുപുസ്തകത്തിൽ ചേർത്തിട്ടില്ല. അവ ഇതിനുപരി ചേർത്തിരിക്കുന്ന ധ്യാനത്തിൻെറ ലഘു മാതൃകാപദ്ധതിയിൽ നിന്നു് സ്വീകരിക്കാവുന്നതാണു്. അഭ്യസനം അഥവാ വിചിന്തനഭാഗം മാത്രമാണു് തുടർന്നുള്ള ഓരോ ധ്യാനത്തിലും ചേർത്തിട്ടുള്ളതു്.

ഫാദർ ജോഷ്വാ ഒ. ഐ. സി.

www.malankaralibrary.com

# വിഷയവിവരം


| ധ്യാനം | | പേജ് |
|---|---|---|
| 1 | ചേലാകർമ്മതിരുനാൾ | 1 |
| 2 | നിത്യപിതാവിനോടുള്ള അനുസരണത്തെപ്രതി ചേലാകർമ്മനിയമത്തിനു് ഈശോ തന്നെത്തന്നെ വിധേയനാക്കുന്നു. | 2 |
| 3 | ഈശോയുടെ തിരുനാമത്തോടുള്ള ഭക്തി | 2 |
| 4 | ഈശോയുടെ തിരുനാമം നാം എങ്ങനെ വഹിക്കണം | 3 |
| 5 | യേശുവിന്റെ തിരുനാമം വഹിക്കുന്നതിനെക്കുറിച്ചു് (തുടർച്ച്) | 4 |
| 6 | ദനഹാതിരുനാൾ | 5 |
| 7 | വിദ്വാന്മാരുടെ ദൈവവിളി | 6 |
| 8 | ദൈവാഹ്വാനത്തോടുള്ള വിദ്വാന്മാരുടെ സഹകരണം | 6 |
| 9 | വിദ്വാന്മാരുടെ യാത്രാപരിപാടി | 7 |
| 10 | വിദ്വാന്മാർ ബേതിലഹേമിലെത്തുന്നു | 8 |
| 11 | പൂജരാജാക്കന്മാരുടെ ആരാധന | 9 |
| 12 | പൂജരാജാക്കന്മാരുടെ നേർച്ചസമർപ്പണം | 10 |
| 13 | പൂജരാജാക്കന്മാരുടെ തിരിച്ചുപോക്കു് | 11 |
| 14 | വാഴ്ത്തപ്പെട്ട കന്യകമറിയാമിന്റെ യെരുശലേം യാത്ര | 11 |
| 15 | പരിശുദ്ധ ദൈവമാതാവിന്റെ ശുദ്ധീകരണം | 12 |
| 16 | വാഴ്ത്തപ്പെട്ട ദൈവസുതനെ ദൈവാലയത്തിൽ കാഴ്ചവയ്ക്കുന്നു | 13 |
| 17 | വി. ശെമഓൻ ദൈവാലയത്തിൽ പ്രവേശിക്കുന്നു | 14 |
| 18 | വി. ശെമഓന്റെ ഗീതം | 15 |
| 19 | യേശു ഈജിപ്തിലേക്കു് പലായനം ചെയ്യുന്നു | 15 |
| 20 | ഈജിപ്തിലേക്കുള്ള ഈശോയുടെ പ്രയാണം | 16 |
| 21 | ഈശോയുടെ ഈജിപ്തു് പര്യടനം | 17 |
| 22 | ഹേറോദേസിന്റെ പരാജയം | 18 |
| 23 | ഈജിപ്തിൽനിന്നുള്ള ഈശോയുടെ പ്രത്യാഗമനം | 19 |
| 24 | 12–ാം വയസ്സിൽ ഈശോ ദൈവാലയത്തിൽ പോകുന്നതു് | 19 |
| 25 | "യേശു യെരുശലേമിൽ താമസിച്ചു" | 20 |
| 26 | ഉണ്ണിഈശോ നമുക്കു് നഷ്ടപ്പെടുന്ന വിധങ്ങൾ | 21 |
| 27 | പൈതലായ യേശുവിനെ എങ്ങനെ അന്വേഷിക്കണം | 22 |
| 28 | നഷ്ടപ്പെട്ട പൈതലായ ഈശോയെ നമുക്കു് എങ്ങനെ കണ്ടുപിടിക്കാം. | 23 |
| 29 | ഈശോയെ ആത്മാവിൽ ഭദ്രമായി സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ. | 24 |
| 30 | ഈ രഹസ്യത്തെപ്പററിയുള്ള ഉപരിവിചിന്തനം | 25 |
| 31 | യേശു നസ്രേത്തിലേക്കു് മടങ്ങുന്നു | 26 |
| 32 | യേശു ജ്ഞാനത്തിലും പ്രായത്തിലും കൃപയിലും വളർന്നുവന്നു | 27 |
| 33 | നാല്പതാംദിവസത്തെ ഈശോയുടെ ദൈവാലയപ്രവേശനം | 27 |
| 34 | ഈശോയുടെ സ്വയാർപ്പണം | 28 |


www.malankaralibrary.com

ധ്യാനം — പേജ്
35 പരി. ദൈവമാതാവ് ദൈവാലയത്തിൽ നമുക്കുവേണ്ടി അപേക്ഷിക്കുന്നു. — 29
36 ധ്യാനജീവിതത്തിലും കർമ്മജീവിതത്തിലും പരി. കന്യകമറിയം നമ്മുടെ മാതൃക. — 30
37 ഈശോ ബെത്ത്സൈദായിലെ കുരുടനെ സുഖപ്പെടുത്തി — 31
38 തന്നെപ്പററി മനുഷ്യർ എന്തു പറയുന്നുവെന്ന് യേശു ശിഷ്യരോട് ചോദിക്കുന്നു. — 32
39 ഈശോ തൻെറ മരണത്തെപ്പററി ശിഷ്യരെ മുൻകൂട്ടി അറിയിക്കുന്നു. — 33
40 ഇന്ദ്രിയനിഗ്രഹത്തെയും കഷ്ടതകളെയും കുറിച്ചുള്ള ഈശോയുടെ ഉപദേശം. — 34
41 കുരിശിൻെറ വഴിയിൽക്കൂടെ പ്രയാണം ചെയ്യാൻ യേശു എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. — 35
42 ദൈവം തൻെറ ഭക്തക്ക് എന്തുകൊണ്ട് കുരിശുകളെ അയച്ചു കൊടുക്കുന്നു. — 36
43 യേശുവിനെ യൂദ വില്ക്കുന്നു — 37
44 യേശു ശിഷ്യന്മാരോടുകൂടെ പെസഹാ ഭക്ഷിക്കുന്നു — 38
45 യേശു ശിഷ്യന്മാരുടെ പാദം കഴുകുന്നു. — 38
46 യേശു യൂദായുടെ സ്വാമിദ്രോഹം വെളിപ്പെടുത്തുന്നു — 39
47 ഈശോ ശിഷ്യരെ ശാസിക്കുന്നു — 40
48 ഈശോ സ്നേഹത്തിൻെറ പ്രമാണം സ്ഥാപിക്കുന്നു — 41
49 പത്രോസിൻെറ വീഴ്ചയെപ്പററി ഈശോ മുന്നറിയിപ്പ് നല്കുന്നു — 42
50 ഈശോ ശിഷ്യന്മാരെ ആശ്വസിപ്പിക്കുന്നു — 43
51 ഈശോ തൻെറ ഉപദേശം തുടരുന്നു — 44
52 യേശു സ്വർഗ്ഗസ്ഥപിതാവിനെ അഭിസംബോധന ചെയ്ത് പ്രാർത്ഥിക്കുന്നു. — 45
53 ഈശോ അത്താഴശാലയിൽ നിന്ന് ശിഷ്യരോടുകൂടെ ഒലിവുമലയിലേക്ക് പോകുന്നു. — 46
54 നമ്മുടെ അരിഷ്ടതകളുടെ കാഴ്ചയിൽ അവിടുന്ന് വ്യസനാക്രാന്തനായിരിക്കുന്നു. — 47
55 സ്വർഗ്ഗസ്ഥപിതാവിനെതിരായുള്ള നമ്മുടെ കുററങ്ങളെപ്പററി ഈശോ കഠിനമായി ദുഃഖിക്കുന്നു. — 48
56 ലോകത്തിൻെറ പാപം മുഴുവൻ തൻെറ മേൽ ചുമത്തപ്പെട്ടിരിക്കുന്നതിനാൽ ഈശോ സീമാതീതമായി മനഃക്കലക്കം അനുഭവിക്കുന്നു. — 49
57 വരുവാനിരിക്കുന്ന പീഡനങ്ങളുടെ കാഴ്ചയിൽ ഈശോ ഭയവിഹ്വലനായിത്തീരുന്നു. — 49
58 തൻെറ പീഡനങ്ങളെയും മരണത്തെയും കുറിച്ച് ഈശോയ്ക്കുണ്ടായ ദുർവ്വഹമായ വെറുപ്പ്. — 50

www.malankaralibrary.com

ധ്യാനം പേജ്
59 യേശു തന്റെ വ്യാകുലതയുടെ അവസരത്തിൽ പ്രാർത്ഥനയിൽ അഭയം തേടുന്നു. 51
60 സ്വർഗ്ഗത്തിൽനിന്നുള്ള ഒരു ദൂതൻ ഈശോയെ ആശ്വസിപ്പിക്കുന്നു. 52
61 ഈശോ മരണവേദനയിലാകുന്നു 53
62 മരണവേദനയിൽ ഈശോ രക്തം വിയർക്കുന്നു 54
63 ഈശോ മൂന്നുപ്രാവശ്യം ശിഷ്യന്മാരെ സന്ദർശിക്കുന്നു 55
64 ഈശോ പ്രാർത്ഥനയിൽ നിന്നെഴുന്നേററുപോകുന്നു 55
65 ഈശോ തന്റെ വാക്കാൽ ശത്രുക്കളെ നിലത്തു വീഴിക്കുന്നു 56
66 യഹൂദന്മാർ ഈശോയെ പിടിച്ച് ബന്ധിക്കുന്നു 57
67 ഈശോ ഒലിവുമലയിൽനിന്നും കൂട്ടിക്കൊണ്ടു് പോകപ്പെടുന്നു 58
68 യേശു യെരുശലേമിൽ പ്രവേശിക്കുന്നു 59
69 ഹന്നാൻ ഈശോയെ കയ്യാഫാസിന്റെ അടുക്കലേക്കയക്കുന്നു 60
70 കയ്യാഫാസിന്റെ ഭവനത്തിൽ വച്ച് ഈശോ അക്രമിക്കപ്പെടുന്നു. 61
71 വി. പത്രോസിന്റെ മാനസാന്തരം 62
72 ഈശോ രാത്രി വിലങ്ങിടത്തിൽ കഴിച്ചുകൂട്ടുന്നു 63
73 യേശുവിനെതിരായ ന്യായവിധിയെ യഹൂദസംഘം സ്ഥിരപ്പെടുത്തുന്നു. 63
74 യേശു പീലാത്തോസിനാൽ ചോദ്യം ചെയ്യപ്പെടുന്നു 64
75 പീലാത്തോസിന്റെമുമ്പിൽ ഈശോ പൂർണ്ണമൗനം പാലിക്കുന്നു 66
76 ഈശോ ഹേറോദേസിനാൽ പരിഹസിക്കപ്പെടുന്നു 67
77 യേശുവിനെ രക്ഷപെടുത്തുവാനുള്ള പീലാത്തോസിന്റെ ശ്രമം. 68
78 യേശുവിനെ കൽത്തൂണിൽ കെട്ടിയടിക്കുന്നതിനു വിധിക്കുന്നു 69
79 യേശുവിനെ കൽത്തൂണിൽ കെട്ടി ക്രൂരമായി അടിക്കുന്നു 70
80 കൽത്തൂണിൽ ഈശോ അനുഭവിക്കുന്ന വേദന 71
81 ഈശോയെ ബന്ധനത്തിൽ നിന്നഴിച്ചുവിടുന്നു 71
82 ഈശോയെ പരിഹാസവസ്ത്രം ധരിപ്പിക്കുന്നു 72
83 ഈശോയെ അവർ മുൾമുടി ധരിപ്പിച്ചു 73
84 ചെങ്കോലിനു പകരം ഈശോയെ ഞാങ്ങണ പിടിപ്പിക്കുന്നു 74
85 പടയാളികൾ യേശുവിന്റെ മുമ്പിൽ മുട്ടുമടക്കി പരിഹാസപൂർവ്വം വന്ദിക്കുന്നു. 75
86 ഈശോ മുൾമുടിയും ചുവപ്പുവസ്ത്രവും ധരിച്ച് മുമ്പോട്ട് വരുന്നു. 75
87 പീലാത്തോസ് കൈകഴുകി 76
88 യേശു തന്റെ കുരിശു വഹിക്കുന്നു 78
89 കുരിശു ചുമക്കുന്നതിന് ശെമയോൻ യേശുവിനെ സഹായിക്കുന്നു. 78
90 ഈശോയെ കാൽവരിയിലേക്ക് നടത്തുന്നു 79
91 യേശു കാൽവരിയിലെത്തി 80

www.malankaralibrary.com

| ധ്യാനം | | പേജ് |
|---|---|---|
| 92 | ഈശോയെ കുരിശിൽ തറയ്ക്കുന്നു | 81 |
| 93 | ക്രൂശിലെ മേലെഴുത്ത് | 82 |
| 94 | ഈശോ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു | 82 |
| 95 | യേശു കള്ളനെ മാനസാന്തരപ്പെടുത്തുന്നു | 83 |
| 96 | ഈശോ ക്രൂശിൽകിടന്നു് പ്രാർത്ഥിക്കുന്നു | 84 |
| 97 | ക്രൂശിൻചുവട്ടിലെ വാഴ്ത്തപ്പെട്ട കന്യക | 85 |
| 98 | ഈശോ "എനിക്കു് ദാഹിക്കുന്നു" എന്നു് പരാതിപ്പെടുന്നു | 86 |
| 99 | "കണ്ടാലും നിന്റെ രാജാവു് സൗമ്യനായി നിന്റെ അടുക്കലേക്കു് വരുന്നു". | 87 |
| 100 | "എല്ലാം നിവൃത്തിയായി" | 88 |
| 101 | "എന്റെ ദൈവമെ, എന്റെ ദൈവമെ, എന്നെ നീ കൈ വിട്ടതെന്തു്? | 89 |
| 102 | ഈശോ നിത്യപിതാവിന്റെ തൃക്കരങ്ങളിൽ സ്വാത്മാവിനെ ഭരമേല്പിക്കുന്നു. | 90 |
| 103 | ഈശോ വി. കുർബ്ബാന സ്ഥാപിക്കുന്നു | 91 |
| 104 | തല കുനിച്ചുകൊണ്ടു് അവിടുന്നു് പ്രാണൻ വിട്ടു | 92 |
| 105 | ഈശോ കബറിൽ സംസ്കരിക്കപ്പെടുന്നു | 93 |
| 106 | കർത്താവായ യേശുമിശിഹാ മരിച്ചവരുടെ ഇടയിൽ നിന്നുയിർത്തെഴുന്നേററു. | 94 |
| 107 | ഉയിർത്തെഴുന്നേററ ഈശോ നീതിമാന്മാരുടെ മഹത്വീകൃത ശരീരങ്ങളുടെ മാതൃക. | 95 |
| 108 | നമ്മുടെ ആത്മാക്കളുടെ ആദ്ധ്യാത്മിക ഉയിർത്തെഴുന്നേല്പു് | 96 |
| 109 | ഈശോയുടെ പുനരുദ്ധാനത്തിന്റെ സമയം | 97 |
| 110 | വി. കുർബ്ബാന ഉയിർപ്പിന്റെ വാഗ്ദത്തം | 98 |
| 111 | പൊതു ഉയിർപ്പു ദിവസം | 99 |
| 112 | നമ്മുടെ കർത്താവു് വാഴ്ത്തപ്പെട്ട കന്യകമറിയാമിനു് പ്രത്യക്ഷപ്പെടുന്നു. | 100 |
| 113 | ഭക്തസ്ത്രീകൾ ഈശോയുടെ ശവകുടീരം സന്ദർശിക്കുന്നു | 101 |
| 114 | മാലാഖ ഭക്തസ്ത്രീകൾക്കു് കാണാപ്പെടുന്നു | 102 |
| 115 | വി. സ്ത്രീകൾ ശവക്കല്ലറയിൽ പ്രവേശിക്കുന്നു | 102 |
| 116 | വി. പത്രോസും യോഹന്നാനും ശവകുടീരത്തിലേക്കു് പോകുന്നു. | 103 |
| 117 | യേശു മറിയം മഗ്ദലേനയ്ക്കു് പ്രത്യക്ഷപ്പെടുന്നു | 104 |
| 118 | ഈശോ ഭക്തസ്ത്രീകൾക്കു് കാണപ്പെടുന്നു | 105 |
| 119 | ഈശോ പത്രോസിനും യാക്കോബിനും പ്രത്യക്ഷപ്പെടുന്നു | 106 |
| 120 | ഈശോ നല്ല ഇടയൻ | 107 |
| 121 | ഈശോ എമ്മാവോസിലേക്കു് പോകുന്ന ശിഷ്യന്മാർക്കു് കാണപ്പെടുന്നു. | 108 |


www.malankaralibrary.com

ധ്യാനം — പേജ്

122 ഈശോ ഇരുശിഷ്യന്മാരുടെ നേരെ ഇടയനടുത്ത ജോലി നിർവ്വഹിക്കുന്നു. 109

123 ഈശോ ഇരുശിഷ്യന്മാർക്ക് തീർത്ഥാടകനായി കാണപ്പെടുന്നു. 110

124 കുരിശിൻെറ രഹസ്യത്തെപ്പററി ഈശോ ശിഷ്യന്മാരെ ഉപദേശിക്കുന്നു. 111

125 തങ്ങളോടുകൂടെ രാപാർക്കണമെന്ന് ശിഷ്യന്മാർ ഈശോയെ നിർബ്ബന്ധിക്കുന്നു. 112

126 അപ്പം മുറിക്കയിൽ ഈശോ ശിഷ്യന്മാർക്ക് തന്നെത്തന്നെ വെളിപ്പെടുത്തുന്നു 113

127 ഉയിർപ്പുദിവസം നമ്മുടെ കർത്താവ് അപ്പസ്തോലന്മാർക്ക് കാണപ്പെട്ടതു് 113

128 ഈശോ അപ്പസ്തോലന്മാർക്ക് സമാധാനം ആശംസിക്കുന്നു 114

129 ഈശോയുടെ മഹത്വീകരിക്കപ്പെട്ട ശരീരത്തിലെ തിരുമുറിവുകൾ. 114

130 ഈശോ പാപമോചനത്തിനുള്ള അധികാരം ശിഷ്യന്മാർക്ക് നല്കുന്നു. 115

131 അവിശ്വാസിയായ ശിഷ്യൻെറ നേരെയുള്ള ഈശോയുടെ സ്നേഹം. 115

132 സ്വഗുരുവിനെ കണ്ടപ്പോൾ തോമ്മാശ്ലീഹായ്ക്കുണ്ടായ വിശുദ്ധവിചാരങ്ങൾ. 116

133 അപ്പസ്തോലന്മാർ വിശ്വാസത്തിൽ സ്ഥിരപ്പെട്ടിരിക്കണമെന്ന് ഈശോ ഉപദേശിക്കുന്നു. 117

134 ഈശോ പരിശുദ്ധാത്മാവിനെ ശിഷ്യന്മാർക്ക് വാഗ്ദാനം ചെയ്യുന്നു. 117

135 തീബേരിയോസ് കടക്കരയിൽ വച്ച് ഈശോശിഷ്യന്മാർക്ക് വെളിപ്പെടുന്നു. 118

136 ഈശോ കടൽകരയിൽ നിന്നുവെങ്കിലും ശിഷ്യന്മാർ അവിടുത്തെ തിരിച്ചറിഞ്ഞില്ല. 118

137 വി. പത്രോസ് സ്വഗുരുവിനെ സമീപിക്കാനായി കടലിലേക്ക് ചാടുന്നു. 119

138 ഭക്ഷണം കഴിക്കുന്നതിനു് ഈശോ ശിഷ്യരെ ക്ഷണിക്കുന്നു 119

139 'നീ എന്നെ സ്നേഹിക്കുന്നുവോ' എന്നു് ഈശോ പത്രോസിനോടു മൂന്നു പ്രാവശ്യം ചോദിക്കുന്നു. 120

140 ഈശോ പത്രോസിൻെറ ജിജ്ഞാസയെ ശാസിക്കുന്നു 121

141 പ്രാർത്ഥനയുടെ ആവശ്യകതയെപ്പററി 121

142 നമ്മുടെ കർത്താവ് ഗലീലയിൽവച്ച് അപ്പസ്തോലന്മാർക്ക് പ്രത്യക്ഷപ്പെടുന്നു. 122

143 തൻെറ സുവിശേഷം എല്ലാ ജാതികളോടും പ്രസംഗിപ്പാൻ ഈശോ അപ്പസ്തോലന്മാരെ നിയോഗിക്കുന്നു 123


www.malankaralibrary.com

| ധ്യാനം | | പേജ് |
|---|---|---|
| 144 | ലോകാവസാനംവരെ ശിഷ്യരോടു കൂടെയിരിക്കുമെന്ന് ഈശോ വാഗ്ദാനം ചെയ്യുന്നു. | 123 |
| 145 | നമ്മുടെ കർത്താവിൻെറ സ്വർഗ്ഗാരോഹണം | 125 |
| 146 | സ്വർഗ്ഗത്തിലേക്ക് ഈശോയെ അനുഗമിക്കുന്നതിനുവേണ്ടി ഭൗമികവസ്തുക്കളിൽനിന്ന് നമ്മുടെ ആത്മാവ് സ്വതന്ത്രമാകണം. | 125 |
| 147 | ഈശോ ഒലിവുമലയിൽ തൃപ്പാദങ്ങളുടെ പാട് പതിപ്പിക്കുന്നു. | 126 |
| 148 | ഈശോ പിതാവിൻെറ വലതുഭാഗത്തിരിക്കുന്നു | 126 |
| 149 | ഈശോ സ്വർഗ്ഗത്തിൽ നമ്മുടെ മദ്ധ്യസ്ഥൻ | 127 |
| 150 | ലോകാവസാനത്തിലുള്ള യേശുക്രിസ്തുവിൻെറ വരവ് | 128 |
| 151 | യേശുവിൻെറ രണ്ടാമത്തെ വരവിൽ ശപിക്കപ്പെട്ടവർക്കുണ്ടാകുന്ന ഞടുക്കം. | 128 |
| 152 | ആദ്ധ്യാത്മിക സ്വർഗ്ഗാരോഹണം | 129 |
| 153 | അപ്പസ്തോലന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിപ്പാൻ ഒരുങ്ങുന്നു. | 130 |
| 154 | പരിശുദ്ധാത്മ വ്യാപാരം | 130 |
| 155 | പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെ മേൽ ഇറങ്ങി. | 131 |
| 156 | പരിശുദ്ധാത്മദാനത്തെ പുത്രൻതമ്പുരാനിൽ നമുക്ക് നല്കപ്പെടുന്ന ആത്മീയദാനത്തോട് താരതമ്യപ്പെടുത്താം. | 132 |
| 157 | പരിശുദ്ധാത്മ പ്രവർത്തനം ദൈവത്തിനു നമ്മുടെ നേരെയുള്ള സ്നേഹം എത്ര വലുതെന്ന് തെളിയിക്കുന്നു. | 133 |
| 158 | പരിശുദ്ധാത്മനിശ്വാസങ്ങളോടുള്ള നമ്മുടെ എതിർപ്പ് | 133 |
| 159 | പരി. റൂഹാ നമ്മുടെ ആത്മാവിൻെറ അതിഥി | 134 |
| 160 | നമ്മുടെ ആത്മാവിൽ പരിശുദ്ധാത്മാവ് വസിക്കുന്നു എന്നതിൻെറ അടയാളങ്ങൾ. | 135 |
| 161 | നമ്മുടെ ഹൃദയത്തിലുള്ള പരിശുദ്ധാത്മാവിൻെറ ഭരണം | 135 |
| 162 | പരിശുദ്ധ ത്രിത്വത്തിനു നല്കേണ്ട മഹത്വം | 136 |
| 163 | വി. ത്രിത്വത്തിലെ മൂന്നു ദൈവീക ആളുകളോടുമുണ്ടായിരിക്കേണ്ട സ്നേഹം. | 137 |
| 164 | വി. ത്രിത്വത്തിലെ മൂന്നു ദൈവീക ആളുകളോടും നമുക്കുണ്ടായിരിക്കേണ്ട ആദരവ്. | 137 |
| 165 | വി. ത്രിത്വത്തോടുള്ള ഭക്തി | 138 |
| 166 | പരിശുദ്ധ കുർബ്ബാനയുടെ നേരെ ഉണ്ടായിരിക്കേണ്ട ഭക്തി | 139 |
| 167 | വി. കുർബ്ബാനാനുഭവത്തിന് അണയുന്നതിനാവശ്യമായ ഹൃദയപരിവർത്തനം. | 139 |
| 168 | വി. കുർബ്ബാന ബലവാന്മാരുടെ അപ്പം | 140 |
| 169 | വിശുദ്ധ കുർബ്ബാനയിലുള്ള സജീവ വിശ്വാസം | 141 |
| 170 | വി. കുർബ്ബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോ സ്വയവഞ്ചനയുടെ മാതൃക | 141 |


www.malankaralibrary.com

| ധ്യാനം | | പേജ് |
|---|---|---|
| 171 | വി. കുർബ്ബാനയിൽ യേശു സുവിശേഷാരൂപിയുടെ മാതൃക | 142 |
| 172 | വി. കുർബ്ബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോ ശുഷ്കാന്തിയുടെ മാതൃക. | 143 |
| 173 | കൂടെക്കൂടെയുള്ള വി. കുർബ്ബാനാനുഭവത്തിൻെറ ഫലങ്ങൾ | 143 |
| 174 | "കണ്ടാലും മനുഷ്യരെ ഇത്രയധികം സ്നേഹിച്ച എൻെറ ഹൃദയം" | 144 |
| 175 | വി. കുർബ്ബാനയിൽ യേശു നല്കുന്ന ഹൃദയത്തിനു പകരമായി അവിടുന്നു് നമ്മുടെ ഹൃദയം ആവശ്യപ്പെടുന്നു. | 145 |
| 176 | ഈശോ തന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തുവാൻ തീരുമാനിക്കുന്നു. | 146 |
| 177 | ഈശോയുടെ മാമോദീസാ | 146 |
| 178 | ഈശോയുടെ മരുഭൂമിയിലെ ഏകാന്തവാസം | 147 |
| 179 | യേശുതമ്പുരാൻെറ മരുഭൂമിയിലെ പരീക്ഷ | 148 |
| 180 | 'ഇതാ ദൈവത്തിൻെറ കുഞ്ഞാട്" | 149 |
| 181 | വി. അന്ത്രയോസ് ശെമഓനെ യേശുവിൻെറ അടുക്കലേക്കു് കൊണ്ടുവരുന്നു. | 149 |
| 182 | പീലിപ്പോസിൻെറയും നഥാനിയേലിൻെറയും ദൈവവിളി | 150 |
| 183 | കാനായിലെ കല്യാണവിരുന്നു് | 151 |
| 184 | കാനായിലെ കല്യാണവിരുന്നു് (തുടർച്ച) | 152 |
| 185 | കാനായിലെ കല്യാണവിരുന്നു് (തുടർച്ച) | 153 |
| 186 | കാനായിലെ കല്യാണവിരുന്നു് (തുടർച്ച) | 153 |
| 187 | ഈശോ ദൈവാലയത്തിൽ നിന്നു് വില്ക്കുന്നവരെയും വാങ്ങുന്നവരെയും പുറത്താക്കുന്നു. | 154 |
| 188 | യൂദന്മാർ ഈശോയിൽ നിന്നു് ഒരു അടയാളം ആവശ്യപ്പെടുന്നു. | 155 |
| 189 | നീക്കോദേമൂസ് യേശുവിൻെറയടുക്കൽ വരുന്നു | 156 |
| 190 | യോഹന്നാൻ മാംദാന യേശുവിനെപ്പററി സാക്ഷിക്കുന്നു | 157 |
| 191 | യോഹന്നാൻ മാംദാന ജയിലിലടയ്ക്കപ്പെടുന്നു | 157 |
| 192 | ശമറിയക്കാരി സ്ത്രീയുടെ മാനസാന്തരം | 158 |
| 193 | ദൈവനിവേശനങ്ങളുടെ ഫലപ്രാപ്തി | 159 |
| 194 | ദൈവനിവേശനങ്ങളുടെ ഫലപ്രാപ്തി (തുടർച്ച) | 160 |
| 195 | ഒരു പ്രഭു അയാളുടെ പുത്രനെ സുഖപ്പെടുത്തുവാൻ ഈശോയോടു് അഭ്യർത്ഥിക്കുന്നു. | 160 |
| 196 | മനസ്താപം താമസിപ്പിക്കുന്നതിനെക്കുറിച്ചു് | 161 |
| 197 | മാനസാന്തരം മരണസമയത്തേക്കു് നീട്ടിവയ്ക്കുന്നതിനെപ്പററി. | 161 |
| 198 | പ്രഭുവിൻെറ മകനെ സുഖപ്പെടുത്തുന്നതിനെപ്പററി | 162 |
| 199 | ഈശോയുടെ സുവിശേഷപ്രസംഗം ആരംഭിക്കുന്നു | 163 |
| 200 | അത്ഭുതകരമായ മീൻപിടിത്തം | 164 |
| 201 | വി. പത്രോസിൻെറ എളിമ | 165 |


www.malankaralibrary.com

ധ്യാനം | | പേജ്
---|---|---
202 | വി. പത്രോസിൻെറ താഴ്മയും സ്നേഹവും | 165
203 | അപ്പസ്തോലന്മാരുടെ ദൈവവിളി | 166
204 | ഈശോ പിശാചുബാധിതനെ സുഖപെടുത്തുന്നു | 167
205 | ഈശോ അശുദ്ധാത്മാവിനെ പുറത്താക്കുന്നു | 168
206 | ഈശോ പത്രോസിൻെറ അമ്മാവിയമ്മയെ സുഖപ്പെടുത്തുന്നു. | 168
207 | ഈശോ രോഗികളെ സുഖപ്പെടുത്തുന്നു | 169
208 | ഈശോ രോഗികളെ സുഖപ്പെടുത്തുന്നു (തുടച്ച്) | 170
209 | ഈശോ മരുഭൂമിയിലേക്ക് മടങ്ങിപ്പോകുന്നു | 171
210 | യേശുവിനെ അനുഗമിക്കുന്നതിനു് തങ്ങളെത്തന്നെ സമപ്പിച്ച മൂന്നുപേർ. | 172
211 | ഈശോ കടൽക്ഷോഭത്തെ ശമിപ്പിക്കുന്നു | 173
212 | ആത്മാവിൽ ഉയന്നുവരുന്ന കൊടുങ്കാററുകൾക്കെതിരായ പ്രതിവിധികൾ. | 173
213 | കൊടുങ്കാററിൻെറ പിന്നാലെയുള്ള ശാന്തത | 174
214 | ഈശോ ഗരേസനരുടെ നാട്ടിൽവച്ചു് പിശാചുബാധിതരെ സുഖപ്പെടുത്തുന്നു. | 175
215 | ഈശോ പക്ഷവാതരോഗിയെ സുഖപ്പെടുത്തുന്നു | 176
216 | പക്ഷവാതരോഗിയെ സുഖപ്പെടുത്തിയതിൽ ഈശോ തൻെറ ദൈവത്വം വെളിപ്പെടുത്തുന്നു. | 177
217 | വി. മത്തായിയുടെ ദൈവവിളി | 177
218 | ഈശോ സ്വശിഷ്യന്മാക്കുവേണ്ടി ന്യായവാദം ചെയ്യുന്നു | 178
219 | യേശു യായിറോസിൻെറ പുത്രിയെ ഉയിപ്പിക്കുന്നു | 179
220 | യേശു ഭരണാധിപൻെറ ഭവനത്തിലേക്കു് പോകുന്നു | 180
221 | യേശു യായിറോസിൻെറ ഭവനത്തിൽ പ്രവേശിക്കുന്നു | 180
222 | രക്തസ്രാവക്കാരി സ്ത്രീയെ സുഖപ്പെടുത്തുന്നു | 181
223 | രണ്ടു കുരുടന്മാക്കു് കാഴ്ച നല്കുന്നു | 182
224 | ഈശോ ഊമനായ പിശാച്ചുബാധിതനെ സുഖപ്പെടുത്തുന്നു | 183
225 | ബെതു്സൈദാക്കുളത്തിലെ പക്ഷവാതരോഗിയെ ഈശോ സുഖപ്പെടുത്തുന്നു. | 184
226 | പക്ഷവാതരോഗിയുടെ പരാതി | 185
227 | പക്ഷവാതരോഗിയോടുള്ള കത്താവിൻെറ മുന്നറിയിപ്പു് | 185
228 | ശാബതു്ദിവസത്തിൽ ശിഷ്യന്മാർ കതിർ പറിച്ചുതിന്നതു് | 186
229 | കൈ ശോഷിച്ചവനെ ഈശോ സുഖപ്പെടുത്തുന്നു | 187
230 | യേശു ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നു | 188
231 | ഈശോ ജനത്തെ ഉപദേശിക്കുന്നു | 188
232 | ഒന്നാമത്തെ ഭാഗ്യം | 189
233 | രണ്ടാമത്തെ ഭാഗ്യം | 190
234 | മൂന്നാമത്തെ ഭാഗ്യം | 191
235 | നാലാമത്തെ ഭാഗ്യം | 192


www.malankaralibrary.com

| ധ്യാനം | | പേജ് |
|---|---|---|
| 236 | അഞ്ചാമത്തെ ഭാഗ്യം | 192 |
| 237 | ആറാമത്തെ ഭാഗ്യം | 193 |
| 238 | ഏഴാമത്തെ ഭാഗ്യം | 194 |
| 239 | എട്ടാമത്തെ ഭാഗ്യം | 195 |
| 240 | ലോകപ്രകാരം ഭാഗ്യവാന്മാരായിരിക്കുന്നവരോട് യേശു ഉച്ചരിക്കുന്ന ശാപം | 196 |
| 241 | 'നിങ്ങൾ ഭൂമിയിലെ ഉപ്പാകുന്നു' | 197 |
| 242 | 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു' | 198 |
| 243 | 'ന്യായപ്രമാണം നിവർത്തിപ്പിനാണ് ഞാൻ വന്നിരിക്കുന്നത്' | 199 |
| 244 | ചെറിയ കാര്യങ്ങൾ നിവ്വഹിക്കുന്നതിലുണ്ടായിരിക്കേണ്ട വിശ്വസ്തത | 199 |
| 245 | പുണ്യപൂർണ്ണതയ്ക്കായി ശ്രമിക്കണം | 200 |
| 246 | പരസ്നേഹത്തിനെതിരായ ചെറിയ പാപത്തെയും വിട്ടകലണം. | 201 |
| 247 | ശത്രുക്കളെ സ്നേഹിക്കുവിൻ | 202 |
| 248 | സൽകൃത്യങ്ങളിൽ ശ്രദ്ധനിയോഗമുണ്ടായിരിക്കണം | 202 |
| 249 | ഈശോ പ്രാർത്ഥനാരീതി പഠിപ്പിക്കുന്നു | 203 |
| 250 | കർത്തൃപ്രാർത്ഥനയുടെ മുഖവുര | 204 |
| 251 | കർത്തൃപ്രാർത്ഥനയിലെ ഒന്നാമത്തെ അപേക്ഷ | 205 |
| 252 | കർത്തൃപ്രാർത്ഥനയിലെ രണ്ടാം അപേക്ഷ | 205 |
| 253 | കർത്തൃപ്രാർത്ഥനയിലെ മൂന്നാം അപേക്ഷ | 206 |
| 254 | കർത്തൃപ്രാർത്ഥനയിലെ നാലാം അപേക്ഷ | 207 |
| 255 | കർത്തൃപ്രാർത്ഥനയിലെ അഞ്ചാം അപേക്ഷ | 208 |
| 256 | കർത്തൃപ്രാർത്ഥനയിലെ ആറാം അപേക്ഷ | 208 |
| 257 | കർത്തൃപ്രാർത്ഥനയിലെ അവസാന അപേക്ഷ | 209 |
| 258 | യേശു കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നത് | 210 |
| 259 | യേശു ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നു | 211 |
| 260 | നയീനിലെ വിധവയുടെ മകനെ ഉയർപ്പിക്കുന്നത് | 212 |
| 261 | യോഹന്നാൻ മാംദാന ഈശോയുടെ അടുക്കലേക്ക് ശിഷ്യരെ അയയ്ക്കുന്നു. | 212 |
| 262 | മറിയം മഗ്ദലേനയുടെ മാനസാന്തരം | 213 |
| 263 | യേശു ഊമനായ ഭൂതത്തെ പുറത്താക്കുന്നു | 214 |
| 264 | ആയുധപാണിയായ ശക്തനെ യേശു കവച്ച് ചെയ്യുന്നു | 215 |
| 265 | ഒരു അത്ഭുതം ആവശ്യപ്പെട്ട പ്രീശരെ കർത്താവ് ശാസിക്കുന്നു. | 215 |
| 266 | ഈശോയുടെ മാതാവ് "ഭാഗ്യവതി" എന്ന് പ്രകീർത്തിക്കപ്പെടുന്നു. | 216 |
| 267 | ഈശോയുടെ മാതാവ് അവിടുത്തെ അന്വേഷിക്കുന്നു | 217 |
| 268 | ക്രിസ്തു ഉപമകളിൽ പഠിപ്പിച്ചു | 218 |


www.malankaralibrary.com

| ധ്യാനം | | പേജ് |
|---|---|---|
| 269 | കളകളുടെ ഉപമ | 218 |
| 270 | കടുകുമണിയുടെ ഉപമ | 219 |
| 271 | നിക്ഷേപത്തിൻെറ ഉപമ | 420 |
| 272 | വിലയേറിയ മുത്തിൻേറയും കടലിൽ ഇടപെട്ട വലയുടെയും ഉപമ. | 221 |
| 273 | നല്ല നിക്ഷേപത്തെപ്പററിയുള്ള ഉപമ (തുടച്ച്) | 222 |
| 274 | നസ്രേത്തിൽ യേശു നിരസിക്കപ്പെടുന്നു | 222 |
| 275 | കർത്താവ് സുവിശേഷഘോഷണത്തിനായി ശിഷ്യരെ അയയ്ക്കുന്നു. | 223 |
| 276 | അപ്പസ്തോലന്മാരെ അയയ്ക്കുന്നതിനു മുമ്പ് യേശു അവരെ ഉപദേശിക്കുന്നു. | 224 |
| 277 | ഈശോ അപ്പസ്തോലന്മാരെ എളിമയും ദാരിദ്ര്യവും പഠിപ്പിക്കുന്നു. | 225 |
| 278 | ജനരഞ്ജനയും സമാധാനപ്രിയവും ഉള്ളവരായിരിക്കണമെന്നു് ഈശോ ഉപദേശിക്കുന്നു. | 225 |
| 279 | കർത്താവ് അപ്പസ്തോലന്മാരെ സൗമ്യത, ലാളിത്യം, വിവേകം ഇവ പഠിപ്പിക്കുന്നു. | 226 |
| 280 | യേശു അപ്പസ്തോലന്മാരെ പീഡകൾ സഹിപ്പാൻ ധൈര്യപ്പെടുത്തുന്നു. | 227 |
| 281 | രക്തസാക്ഷിമരണത്തിനായി യേശു അപ്പസ്തോലന്മാരെ പ്രേരിപ്പിക്കുന്നു. | 228 |
| 282 | ക്ലേശമനുഭവിക്കുന്നതിനു് കർത്താവ് ശിഷ്യന്മാരെ പ്രോത്സാഹിപ്പിക്കുന്നു. | 229 |
| 283 | യോഹന്നാൻ മാംദാന ഹേരോദേസിനാൽ വധിക്കപ്പെടുന്നു. | 229 |
| 284 | വേദപ്രചാരണ ജോലികഴിഞ്ഞു് അപ്പസ്തോലന്മാർ തിരിച്ചെത്തുന്നു. | 230 |
| 285 | ജനങ്ങൾ വിജനപ്രദേശത്തേക്കു് ഈശോയെ അനുഗമിക്കുന്നു. | 231 |
| 286 | യേശു ജനങ്ങളെ ഉപദേശിക്കയും രോഗികളെ സുഖപ്പെടുത്തുകയും ചെയ്യുന്നു. | 232 |
| 287 | യേശു മരുഭൂമിയിൽവച്ചു് അപ്പം വദ്ധിപ്പിക്കുന്നു | 233 |
| 288 | അപ്പം വദ്ധിപ്പിക്കുന്നതു് (തുടച്ച്) | 234 |
| 289 | അപ്പം വദ്ധിപ്പിച്ച അത്ഭുതം (തുടച്ച്) | 234 |
| 290 | അത്ഭുതത്തിനുശേഷം ഈശോ അവിടെനിന്നും ഓടിയൊളിക്കുന്നു. | 235 |
| 291 | യേശു വെള്ളത്തിനുമീതെ നടക്കുന്നു | 236 |
| 292 | വി. പത്രോസ് വെള്ളത്തിനുമീതെ നടക്കുന്നു. | 237 |
| 293 | വി. പത്രോസ് വെള്ളത്തിൻമീതെ നടക്കുന്നു (തുടച്ച്) | 238 |
| 294 | ഈശോ ഗനേസറത്തിലേക്കു് വരുന്നു | 239 |


www.malankaralibrary.com

ധ്യാനം പേജ്

295 വി. കുർബ്ബാനയെപ്പററിയുള്ള കർത്താവിൻെറ ഉപദേശം 239
296 വി. കുർബ്ബാനയെപ്പററി കർത്താവു് യഹൂദന്മാരോടു സംസാരിക്കുന്നു. 240
297 യഹൂദന്മാരുടെ രണ്ടാമത്തെ ചോദ്യത്തിനു് ഈശോ ഉത്തരം നല്കുന്നു. 241
298 യേശു യഹൂദന്മാക്കു് മറുപടി കൊടുക്കുന്നു 241
299 യേശു യഹൂദന്മാരുടെ പിറുപിറുപ്പിനു് ഉത്തരം കൊടുക്കുന്നു. 242
300 വി. കുർബ്ബാനയിൽ സ്വശരീരവും രക്തവും മനുഷ്യക്കു് നല്കുമെന്നു് യേശു വാഗ്ദത്തം ചെയ്യുന്നു. 243
301 ശിഷ്യരുടെ അവിശ്വാസത്തെ യേശു ശാസിക്കുന്നു 244
302 യേശു ശിഷ്യന്മാരുടെ വിശ്വാസത്തെ ഉറപ്പിക്കുന്നു 245
303 യേശു പ്രീശക്കും സദൂക്കക്കും മറുപടി നല്കുന്നു 245
304 ഈശോ ക്നാനായക്കാരിയുടെ മകളെ സുഖപ്പെടുത്തുന്നു 246
305 മനുഷ്യനു് സ്വന്ത ആത്മാവിനെ കുറിച്ചുണ്ടായിരിക്കേണ്ട മതിപ്പും കരുതലും. 247
306 ഒരുവനു് തൻെറ ആത്മാവിനെക്കുറിച്ചു് എത്ര വലിയ മതിപ്പും കരുതലുമുണ്ടായിരിക്കണം. 248
307 ഈശോ ഊമനും ചെകിടനുമായ ഒരുവനെ സുഖപ്പെടുത്തുന്നു 249
308 അത്ഭുതത്തിൻെറ സാഹചര്യം 249
309 അത്ഭുതത്തിൻെറ ഫലങ്ങൾ 250
310 യേശു രണ്ടാംപ്രാവശ്യം അപ്പം വദ്ധിപ്പിക്കുന്നു 251
311 ഒരു അടയാളം ആവശ്യപ്പെട്ട പ്രീശരെ യേശു ശാസിക്കുന്നു 252
312 അപ്പസ്തോലന്മാക്കു് സുഖപ്പെടുത്തുവാൻ കഴിയാതിരുന്ന ചന്ദ്രരോഗിയെ ഈശോ സുഖപ്പെടുത്തുന്നു. 253
313 യേശു ചിത്തഭ്രമക്കാരനെ സുഖപ്പെടുത്തുന്നു (മക്കോ. 9:16–26) 253
314 യേശു തലവരിപ്പണം കൊടുക്കുന്നു 254
315 ഈശോ ശിഷ്യന്മാരുടെ ഉൽക്കർഷേച്ഛയെ ശാസിക്കുന്നു 255
316 യേശു അപ്പസ്തോലന്മാരെ തുടന്നു് ഉപദേശിക്കുന്നു 256
317 ദരിദ്രരോടുണ്ടായിരിക്കേണ്ട സ്നേഹത്തെപ്പററി യേശു ഉപദേശിക്കുന്നു. 257
318 ഈശോ എളിമയുടെയും സ്നേഹത്തിൻെറയും തത്വങ്ങൾ ഉപദേശിക്കുന്നു. 258
319 യേശു പഠിപ്പിക്കുന്ന രണ്ടാമത്തെ തത്വം 258
320 യേശു പഠിപ്പിക്കുന്ന മൂന്നാമത്തെ തത്വം 259
321 യേശു പഠിപ്പിക്കുന്ന നാലാമത്തെ തത്വം 260
322 ദൈവാത്രുപിയും ലോകാത്രുപിയും തമ്മിലുള്ള മത്സരത്തെപ്പററി. 261
323 സമറിയാക്കാർ യേശുവിനു പ്രവേശനം നിരോധിക്കുന്നു 262


www.malankaralibrary.com

| ധ്യാനം | | പേജ് |
|---|---|---|
| 324 | യേശു പത്തു കുഷ്ഠരോഗികളെ സുഖപ്പെടുത്തുന്നു | 263 |
| 325 | കൂടാരപ്പെരുനാളിൽ ഈശോ പ്രസംഗിക്കുന്നു | 263 |
| 326 | ഈശോയുടെ ഉപദേശം (തുടർച്ച) | 264 |
| 327 | ഈശോ പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നു | 265 |
| 328 | ഈശോ ലോകത്തിൻെറ വെളിച്ചം | 266 |
| 329 | ഈശോ യഹൂദന്മാർക്ക് മുന്നറിവ് നല്കുന്നു | 267 |
| 330 | യേശു പിറവിക്കുരുടനെ സുഖപ്പെടുത്തുന്നു | 267 |
| 331 | ഈശോ പിറവിക്കുരുടനെ സുഖപ്പെടുത്തുന്നു (തുടർച്ച) | 268 |
| 332 | ഈശോ പിറവിക്കുരുടനെ സുഖപ്പെടുത്തുന്നു (തുടർച്ച) | 269 |
| 333 | കുററകരമാംവണ്ണം കുരുടരായിതീർന്നവരുടെ ന്യായവിധി | 270 |
| 334 | യേശു എഴുപത്തിരണ്ട് അറിയിപ്പുകാരെ തിരഞ്ഞെടുക്കുന്നു | 271 |
| 335 | നല്ല ശമറിയാക്കാരൻെറ ഉപമ | 272 |
| 336 | ധനവാനെക്കുറിച്ചുള്ള ഉപമ | 273 |
| 337 | യേശു കൂനിയെ സുഖപ്പെടുത്തുന്നു | 273 |
| 338 | യേശു മഹോദരരോഗിയെ സുഖപ്പെടുത്തുന്നു | 274 |
| 339 | നല്ല ഇടയൻെറ ഉപമ | 275 |
| 340 | ധൂർത്തപുത്രൻെറ ഉപമ | 276 |
| 341 | ധൂർത്തപുത്രൻെറ തിരിച്ചുവരവ് | 277 |
| 342 | പിതാവ് ധൂർത്തപുത്രനെ സ്വീകരിക്കുന്നു | 277 |
| 343 | ധൂർത്തപുത്രൻെറ ഉപമ (തുടർച്ച) | 278 |
| 344 | ഈശോയുടെ ആഗമനത്തിന് പ്രായശ്ചിത്തംമൂലം ഹൃദയത്തെ ഒരുക്കണം. | 279 |
| 345 | ഗബ്രിയേലിൻെറ ദൗത്യം | 280 |
| 346 | ഗബ്രിയേലിൻെറ അഭിവാദ്യം | 280 |
| 347 | പരിശുദ്ധ കന്യകയുടെ സംഭ്രമം | 281 |
| 348 | മനുഷ്യാവതാരത്തെപ്പററിയുള്ള മംഗലവാർത്ത | 282 |
| 349 | പരി. കന്യകയുടെ സമ്മതം | 283 |
| 350 | മനുഷ്യാവതാരത്തിൽ പരി. മാതാവ് അഭ്യസിച്ച പുണ്യങ്ങൾ. | 284 |
| 351 | നിത്യവചനത്തിൻെറ മനുഷ്യാവതാരം | 284 |
| 352 | ഈശോയുടെ മനുഷ്യസ്വഭാവത്തിൻെറ പൂർണ്ണതകളെപ്പററി | 285 |
| 353 | ഈശോയുടെ മാനുഷീകജീവിതത്തിലെ ആദ്യനിമിഷങ്ങൾ | 286 |
| 354 | ഈശോയുടെ ഈ ലോകജീവിതത്തിലെ ആദ്യനിമിഷങ്ങൾ (തുടർച്ച). | 287 |
| 355 | സ്വപിതാവിൻെറ ഇഷ്ടത്തിന് ഈശോ തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നു. | 287 |
| 356 | നമ്മുടെ അരിഷ്ടതകളെക്കുറിച്ചുള്ള യേശുവിൻെറ സഹതാപം. | 288 |
| 357 | നമ്മുടെ പാപങ്ങളെപ്രതി ദൈവനീതിക്ക് ഈശോ തന്നെത്തന്നെ സമർപ്പിക്കുന്നു. | 289 |


www.malankaralibrary.com

| ധ്യാനം | | പേജ് |
|---|---|---|
| 358 | ജീവിതത്തിൻെറ പ്രഥമനിമിഷം മുതൽ ഈശോ കഠിനമായി അദ്ധ്വാനിച്ചു. | 290 |
| 359 | ഈശോയുടെ പുണ്യയോഗ്യതകൾ ജീവിതാരംഭത്തോടെ തുടങ്ങുന്നു. | 290 |
| 360 | ഈശോ മനുഷ്യാവതാരത്തിൽ ഒരു ജയിൽപുള്ളി | 291 |
| 361 | മനുഷ്യാവതാരത്തിൽ ഈശോയുടെ ഏകാന്തവാസം | 292 |
| 362 | മനുഷ്യാവതാരത്തിൽ ഈശോ അനുഷ്ഠിച്ച മൗനം | 293 |
| 363 | യേശുവിൻെറ മനുഷ്യാവതാരത്തിലെ പ്രാർത്ഥന | 293 |
| 364 | മനുഷ്യാവതാരത്തിൽ ഈശോ സഹിച്ച പീഡകൾ | 294 |
| 365 | ഈശോ സ്വമാതാവിൽ നിവേശിപ്പിക്കുന്ന വിശുദ്ധാഗ്രഹങ്ങൾ. | 295 |
| 366 | മനുഷ്യാവതാരത്തിൽ ഈശോ അനുഷ്ഠിച്ച ദാരിദ്ര്യം | 296 |
| 367 | മനുഷ്യാവതാരത്തിൽ ഈശോ അനുഷ്ഠിച്ച കീഴ്വഴക്കവും അനുസരണവും. | 297 |
| 368 | മനുഷ്യാവതാരത്തിൽ ഈശോ സഹിച്ച താഴ്മ | 297 |
| 369 | മനുഷ്യാവതാരത്തിൽ ഈശോ സ്വീകരിച്ച ശാരീരിക ദൗർബ്ബല്യം. | 298 |
| 370 | മനുഷ്യാവതാരത്തിൽ ഈശോയിക്കുണ്ടായിരുന്ന പരാശ്രയം. | 299 |
| 371 | മനുഷ്യാവതാരത്തിൽ ഈശോയ്ക്കുണ്ടായിരുന്ന വിശുദ്ധാഗ്രഹങ്ങൾ. | 300 |
| 372 | ബേതലഹേമിലെ ഒരു പുൽക്കൂട്ടിൽ വാഴ്ത്തപ്പെട്ട കന്യക ലോകരക്ഷകനെ പ്രസവിക്കുന്നു. | 301 |
| 373 | ബേതലഹേം പുൽക്കൂട്ടിലെ ഈശോയുടെ ജനനം | 302 |
| 374 | യേശുവിൻെറ ജനനത്തെപ്പററി ഒരു ഭക്താത്മാവിൻെറ ചേതോവികാരം. | 303 |
| 375 | ഈശോയുടെ ജനനത്തിൽ മാലാഖമാർ അവിടുത്തേക്ക് സമർപ്പിച്ച ആരാധന. | 304 |
| 376 | ഒരു മാലാഖ ആട്ടിടയന്മാരുടെ അടുക്കലേക്ക് അയക്കപ്പെടുന്നു. | 305 |
| 377 | ആട്ടിടയന്മാരുടെ ആരാധന | 306 |
| 378 | വാഴ്ത്തപ്പെട്ട കന്യക ഈ കാര്യങ്ങളെല്ലാം അവളുടെ ഹൃദയത്തിൽ സംഗ്രഹിച്ചു. | 307 |

അനുബന്ധ ധ്യാനങ്ങൾ

| | | |
|---|---|---|
| 379 | സ്കറിയാ ദീർഘദർശിയോടുള്ള അറിയിപ്പ് | 308 |
| 380 | വി. യോഹന്നാൻ മാംദാനയുടെ ജനനം | 309 |
| 381 | വി. യൗസേപ്പ് പിതാവ്—മാർച്ച് 19 | 310 |
| 382 | വചനിപ്പ് പെരുനാൾ—മാർച്ച് 25 | 311 |
| 383 | വി. അലോഷ്യസ്—ജൂൺ 21 | 312 |
| 384 | പത്രോസ്-പൗലോസ് ശ്ലീഹന്മാർ—ജൂൺ 29 | 314 |

www.malankaralibrary.com

| ധ്യാനം | | പേജ് |
|---|---|---|
| 385 | വാഴ്ത്തപ്പെട്ട കന്യകമറിയാം ഏലിശുബായെ സന്ദർശിച്ചതു് | 316 |
| 386 | വി. തോമ്മാശ്ലീഹാ—ജൂലൈ 3 | 317 |
| 387 | വി. വിൻസെൻറു ഡി പോൾ—ജൂലൈ 19 | 318 |
| 388 | ബഥനിയിലെ വിശുദ്ധർ—ജൂലൈ 29 | 320 |
| 389 | വി. ഇഗ്നേഷ്യസ് ലയോള—ജൂലൈ 31 | 321 |
| 390 | നമ്മുടെ കർത്താവിൻെറ തേജസ്സ്കരണം—ആഗസ്റ്റ് 6 | 323 |
| 391 | മാതാവിൻെറ സ്വർഗ്ഗാരോഹണം—ആഗസ്റ്റ് 15 | 323 |
| 392 | വി. അഗസ്തീനോസ്—ആഗസ്റ്റ് 28 | 325 |
| 393 | വാഴ്ത്തപ്പെട്ട കന്യകയുടെ ജനനം—സെപ്റ്റംബർ 8 | 327 |
| 394 | സ്ലീബാ പെരുനാൾ—സെപ്റ്റംബർ 14 | 328 |
| 395 | കാവൽ ദൂതന്മാർ—ഒക്ടോബർ 2 | 329 |
| 396 | വി. കൊച്ചുത്രേസ്യാ—ഒക്ടോബർ 1 | 330 |
| 397 | വി. ഫ്രാൻസിസ് അസ്സീസി—ഒക്ടോബർ 4 | 332 |
| 398 | വി. അമ്മത്രേസ്യാ—ഒക്ടോബർ 15 | 333 |
| 399 | മിഷ്യൻ സൺഡേ | 335 |
| 400 | രാജത്വ തിരുനാൾ | 336 |
| 401 | കൂദോശ് ഈത്തോ | 338 |
| 402 | ഹൂദോസ് ഈത്തോ | 339 |
| 403 | പരേത പട്ടക്കാരുടെ ഓർമ്മ | 340 |
| 404 | സകല വിശുദ്ധരുടെ പെരുനാൾ | 341 |
| 405 | സകല പരേതർ | 342 |
| 406 | വി. ജോൺ ബക്ക്മാൻസ്—നവംബർ 26 | 343 |
| 407 | വി. ഫ്രാൻസിസ് സേവ്യർ—ഡിസംബർ 3 | 345 |
| 408 | വാഴ്ത്തപ്പെട്ട കന്യകയുടെ അമലോത്ഭവം ഡിസംബർ 8 | 346 |
| 409 | വി. യോഹന്നാൻ ശ്ലീഹാ | 347 |
| 410 | വി. കുഞ്ഞുപൈതങ്ങൾ | 348 |


## മാസാന്ത്യ ധ്യാനം


| | | | |
|---|---|---|---|
| 411 | 1 | മരണാസന്നരുടെ വിചാരവും അഭിപ്രായങ്ങളും | 349 |
| 412 | 2 | മരണമുറി | 350 |
| 413 | 3 | നീതിമാൻെറ മരണം | 351 |
| 414 | 4 | മരണത്തിൻെറ സുനിശ്ചിതത്വം | 353 |
| 415 | 5 | മരണനാഴികയെക്കുറിച്ചുള്ള അനിശ്ചിതത്വം | 354 |
| 416 | 6 | സമയത്തിൻെറ വില | 355 |
| 417 | 7 | അപൂർണ്ണനായ സന്യാസിയുടെ മരണം | 356 |
| 418 | 8 | അശ്രദ്ധനായ സന്യാസിയുടെ മരണം | 358 |
| 419 | 9 | പ്രത്യേക ന്യായവിധി | 359 |
| 420 | 10 | രോഗീലേപനം | 360 |
| 421 | 11 | ലോകം വിട്ടുപിരിയുന്ന ആത്മാവിനെ ദൈവതൃക്കരങ്ങളിൽ ഭരമേല്പിക്കുന്ന പ്രാർത്ഥന | 361 |
| 422 | 12 | മരണത്തിനുള്ള ഒരുക്കം | 363 |


www.malankaralibrary.com

# യൽദാ-ദനഹാക്കാലം

ധ്യാനം 1 ജനുവരി 1

## ചേലാകർമ്മ തിരുനാൾ

"എട്ടു ദിവസം തികഞ്ഞു. പരിച്ഛേദനത്തിനുള്ള സമയമായി ശിശുവിന് ഈശോ എന്നു പേർ നല്കപ്പെട്ടു. (ലൂ. 2:21)

മൂന്നു കാര്യങ്ങളാണ് ഈ ദിവസം പ്രത്യേകമായി നാം ഓർക്കുന്നതു്.

1 ആരംഭം.

2 നമ്മുടെ കർത്താവിനു് ഈശോ എന്നു പേർ നല്കപ്പെട്ടതു്.

3 കർത്താവിൻെറ ചേലാകർമ്മം.

നവവത്സരം എങ്ങനെയാണ് ആരംഭിക്കേണ്ടതെന്ന് തിരുസഭ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഈശോ എന്ന തിരുനാമം സ്നേഹത്തിൻെറ പര്യായമാകുന്നു. ഈശോമ്ശിഹായുടെ നേരെയുള്ള തീക്ഷ്ണമായ സ്നേഹത്തോടും തിരുനാമത്തിനു് അർഹമായ മഹത്വത്തെപ്പററിയുള്ള ശ്രദ്ധാന്തിയോടും ആരംഭിക്കണം.

ചേലാകർമ്മാവസരത്തിൽ ഈശോ ആദ്യമായി തിരുരക്തം ചിന്തി. നമ്മെ രക്ഷിക്കുന്നതിനു് ഈശോയുടെ ഏററം നിസ്സാരമായ ഒരു പ്രവൃത്തി മതിയായിരുന്നു. എന്നാൽ മനുഷ്യരുടെ നേരെയുള്ള സ്നേഹാധിക്യം അവിടുത്തെ നിർബ്ബന്ധിച്ചതു് അവസാനതുള്ളി രക്തംവരെ ചിന്തി നമ്മെ രക്ഷിക്കുന്നതിനാണ്. അതിൻെറ തുടക്കമായി ജനനത്തിൻെറ എട്ടാം ദിവസത്തെ പരിച്ഛേദനസമയത്തു് പരിശുദ്ധമായ തിരുരക്തം അവിടുന്നു് ചിന്തി. തിന്മപ്പെട്ട എല്ലാ പ്രവണതകളെയും നിഗ്രഹിച്ചുകൊണ്ടുള്ള ഹൃദയപരിച്ഛേദനത്തോടുകൂടെ പുതുവർഷം നാം ആരംഭിക്കണം.

രക്തം ജീവൻെറ ചിഹ്നമാകുന്നു. സ്വരക്തം ചിന്തിക്കൊണ്ടു് ലോകരക്ഷാർത്ഥം തന്നെത്തന്നെ ബലിയർപ്പിച്ച ഈശോയോടുകൂടെ ദൈവമഹത്വത്തിനായും നമ്മെയും നമുക്കു് നല്കപ്പെട്ടിരിക്കുന്ന നവവത്സരത്തെയും നാമും പ്രതിഷ്ഠിക്കണം.

www.malankaralibrary.com

ധ്യാനം 2 ജനുവരി 2

## നിത്യപിതാവിനോടുള്ള അനുസരണത്തെപ്രതി ചേലാകർമ്മ നിയമത്തിനു് ഈശോ തന്നെത്തന്നെ വിധേയനാക്കുന്നു.

ദൈവമെന്ന നിലയിൽ ചേലാകർമ്മനിയമത്തിനു് അവിടുന്നു് വിധേയനല്ലായിരുന്നുവെങ്കിലും, മനുഷ്യവർഗ്ഗത്തിന്റെ നാശത്തിനു കാരണമായിതീർന്ന ആദ്യമനുഷ്യന്റെ അനുസരണക്കേടു് എന്ന പാപത്തിനു് പരിഹാരമായി ചേലാകർമ്മത്തിനു് അവിടുന്നു് തന്നെത്തന്നെ വിധേയനാക്കി. "നിയമം കാക്കുക, നിയമം നിന്നെ കാത്തുകൊള്ളും."

ദാസ്യത്തിന്റേയും പാപത്തിന്റേയും അടയാളമായ ചേലാകർമ്മത്തിനു് വിധേയനാകുന്നതു് അഭിമാനക്ഷയമായി അവിടുന്നു് കരുതിയില്ല. പരിശുദ്ധനിൽ പരിശുദ്ധന്റെ അഗാധ എളിമ. ദൈവപുത്രന്റെ എളിമയെ നീയും അനുകരിക്കുക. എളിമയുള്ളവർക്കു ദൈവം തന്റെ ദാനങ്ങളെ നല്കുന്നു. അഹങ്കാരിയെയോ അവൻ ദൂരെനിന്നു് അറിയുന്നു.

ന്യായപ്രമാണസംബന്ധമായ ചേലാകർമ്മത്തെ സ്നേഹത്തിന്റെ ആത്മീയ പരിഛേദനമാകുന്ന മാമോദീസായാക്കി ഈശോ പരിവർത്തനം ചെയ്യുന്നു. "ഈശോമ്ശിഹായിൽ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാം അവിടുത്തെ മരണത്തിലും പങ്കുകാരാകാൻ വേണ്ടിയാണു് ജ്ഞാനസ്നാനം സ്വീകരിച്ചതെന്നു് നിങ്ങൾക്കറിഞ്ഞു കൂടേ." ജ്ഞാനസ്നാനംവഴി നാം അവിടുത്തോടുകൂടെ മൃതരായി സംസ്കരിക്കപ്പെടുന്നു. മ്ശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തോടെ ഉയർത്തെഴുന്നേററു. അതുപോലെ നാമും ഒരു പുതിയ ജീവിതം നയിക്കണം. (റോമ 6:3–4). ജ്ഞാനസ്നാനത്തിൽ ലഭിച്ച വരപ്രസാദംവഴി മ്ശിഹായുടെ ജീവനു് അംശികളായിരിക്കുന്ന നാം തദനുസരണം ജീവിക്കുവാനും ബാദ്ധ്യസ്ഥരത്രെ.

ധ്യാനം 3 ജനുവരി 3

## ഈശോയുടെ തിരുനാമത്തോടുള്ള ഭക്തി

ആരാധ്യമായ ഈശോ എന്ന തിരുനാമം, ദൈവത്തിന്റെ ജ്ഞാനം, നന്മ, വിശുദ്ധി, ശക്തി, കരുണ, സ്നേഹം എന്നിവയെല്ലാം പ്രദ്യോതിപ്പിക്കുന്നു. മനുഷ്യരക്ഷയെക്കുറിച്ചുള്ള തീക്ഷ്ണതനിമിത്തം ഈശോ സഹിച്ചിട്ടുള്ള കഷ്ടപ്പാടുകൾ, അവമാനങ്ങൾ, പീഡനങ്ങൾ എന്നിവയെ എല്ലാം ഈ നാമും പ്രതിനിധീകരിക്കുന്നുണ്ടു്.

www.malankaralibrary.com

ഈശോയുടെ പരിശുദ്ധ തിരുനാമത്തോടുള്ള ഭക്തി ആത്മരക്ഷാർത്ഥമുള്ള നിന്റെ തീക്ഷ്ണമായ ആഗ്രഹത്തിൽ അടങ്ങിയിരിക്കുന്നു. നിന്റെ രക്ഷയ്ക്ക് ആവശ്യമായ എല്ലാ ഉപാധികളും അവിടുന്ന് സമൃദ്ധമായി പ്രദാനം ചെയ്തിട്ടുണ്ട്. ദൈവനീതിയെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി തിരുരക്തത്തിന്റെ അവസാനതുള്ളിവരെ അവിടുന്ന് ചിന്തി. വിലയേറിയ ഈ കൃപാദാനങ്ങളെ നീ ശരിയായി പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ നിനക്കുവേണ്ടി അവിടുന്ന് സഹിച്ചതെല്ലാം വ്യർത്ഥമായിപ്പോകും.

ഈശോയുടെ തിരുനാമത്തോടുള്ള സ്ഥായിയായ ഭക്തി അയല്കാരന്റെ രക്ഷയ്ക്കുവേണ്ടി സർവ്വാത്മനാ അദ്ധ്വാനിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. ഈശോയുടെ അദ്ധ്വാനമേറിയ ജീവിതവും, വേദനകരമായ മരണവും ആത്മരക്ഷയിൽ അവിടുത്തേക്കുള്ള തീവ്രമായ ആഗ്രഹത്തിന്റെ അവിതർക്കിത തെളിവത്രെ. നിന്റെ ദൈവവിളിവഴി അവിടുത്തെ അദ്ധ്വാനങ്ങളിലും കഷ്ടപ്പാടുകളിലും നീയും പങ്കുചേർന്നിരിക്കയാണല്ലോ. സഹോദരന്മാർക്കുവേണ്ടി തന്നെത്തന്നെ ചെലവാക്കുന്ന മറ്റൊരു ക്രിസ്തുവായി നീ രൂപാന്തരപ്പെടേണ്ടിയിരിക്കുന്നു.

## ധ്യാനം 4 ജനുവരി 4

## ഈശോയുടെ തിരുനാമം നാം എങ്ങനെ വഹിക്കണം

ഈശോ എന്ന നാമം രക്ഷിക്കപ്പെട്ടവരുടെ അടയാളമാണ്. മഹത്വത്തിന്റെയും വിജയത്തിന്റെയും ചിഹ്നമായി യേശു എന്ന നാമത്താൽ സ്വർഗ്ഗത്തിലെ പുണ്യവാന്മാർ മുദ്ര കുത്തപ്പെട്ടിരിക്കുന്നു. അവരുടെ ഗണത്തിൽ ചേരണമെന്നുള്ളപക്ഷം നാമും ഈ മുദ്ര വഹിക്കണം. നമ്മുടെ ബുദ്ധിയിലും മനസ്സിലും ഹൃദയത്തിലും ഈ മുദ്ര പതിഞ്ഞിരിക്കണം. ഈ മധുരമായ തിരുനാമം മനുഷ്യാവതാരം ചെയ്ത വചനത്തിന്റെ മറ്റെല്ലാ നാമങ്ങളെക്കാൾ ഉപരിയായി അവിടുത്തെ ഉന്നതാദർശങ്ങളെ നമ്മെ ഓർമ്മപ്പെടുത്തുന്നു.

അങ്ങയുടെ നേരെയുള്ള ദിവ്യസ്നേഹത്താൽ കത്തിജ്വലിപ്പിക്കപ്പെടുന്നതിനുവേണ്ടി ഈ വിശുദ്ധ തിരുനാമത്തെ നമ്മുടെ ഹൃദയത്തിൽ നാം മുദ്രിതമാക്കണം. ശത്രുവിനോടുള്ള പോരാട്ടത്തിൽ നമുക്ക് ഉന്മേഷം പകർന്നുതരുന്നതിനും സൽപ്രവൃത്തികൾക്ക് പ്രചോദനം നല്കുന്നതിനുംവേണ്ടി നമ്മുടെ ഭുജങ്ങളിൽ ഇതിനെ മുദ്രയായി പതിക്കണം. "നിന്റെ സകല ബലഹീനതകൾക്കും പരിഹാരം ഈശോയെന്ന പരിശുദ്ധ തിരുനാമത്തിൽ നീ കണ്ടെത്തും" എന്ന് വി. ബെർണ്ണാർഡ് പറയുന്നു.

ഈ പരിശുദ്ധ തിരുനാമം നിന്റെ അധരങ്ങളിൽ തീച്ചൂളയായും പതിക്കപ്പെട്ടിരിക്കണം. മറ്റുള്ളവരുടെ ഹൃദയങ്ങളിൽ അതു പതിക്കപ്പെടുന്നതിനുവേണ്ടി കൂടെക്കൂടെ ആ നാമത്തെ നീ വിളിച്ചപേക്ഷി

www.malankaralibrary.com

ക്കണം. ഈശോയുടെ തിരുനാമം ജീവജലത്തിൻെറ ഉറവയാകുന്നു. എത്രത്തോളം അതിൽനിന്നു് പകന്നു് കൊടുക്കുന്നുവോ അത്രത്തോളം അതു് സ്വാദരവും ഫലദായകവുമായി ഭവിക്കും. അതു സൂര്യനാകുന്നു. അതിൻെറ പ്രകാശത്തിനു് അഖിലാണ്ഡ സീമയല്ലാതെ മററൊരു സീമയില്ല. എല്ലാ ഹൃദയങ്ങളെയും അവിടുത്തെ മഹത്വത്തെ പ്രകീർത്തിക്കുന്നതിനു് പ്രതിഷ്ഠിക്കുവാൻ എനിക്കു് കഴിഞ്ഞിരുന്നുവെങ്കിൽ!

## ധ്യാനം 5 ജനുവരി 5

## യേശുവിൻെറ തിരുനാമം വഹിക്കുന്നതിനെക്കുറിച്ചു് (തുടർച്ച)

ഈ പരിശുദ്ധതിരുനാമത്തെ യോഗ്യതാപൂർവ്വം വഹിക്കുന്നതിനു് ഏതു് അരൂപിയിൽ ഈശോ അതിനെ വഹിച്ചുവോ അതേ അരൂപിയിൽ നാമും വഹിക്കേണ്ടിയിരിക്കുന്നു. അവൻ തന്നെത്തന്നെ ശൂന്യമാക്കി, അടിമയുടെ പ്രകൃതി സ്വീകരിച്ചു് മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. അവിടുന്നു് തന്നെത്തന്നെ താഴ്ത്തി മരണത്തോളം, അതെ കുരിശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു. (ഫീലി. 2:7,8) കണ്ടാലും അനുസരണത്തിൻെറ അരൂപി: കുരിശിലെ മരണത്തോളം! കണ്ടാലും മനുഷ്യപ്രകൃതിക്കു് ഏററം ഭീതിജനകമായ പീഡനങ്ങളിലും പരിശോധനകളിലും സ്ഥൈര്യത്തിൻെറയും സ്ഥിരതയുടെയും അരൂപി! കുരിശിലല്ലാതെ നമുക്കു് രക്ഷയില്ല. അതുവഴിയല്ലാതെ മററുള്ളവരെ രക്ഷിപ്പാനുമാവില്ല.

ഈ പരിശുദ്ധ തിരുനാമത്തെ യോഗ്യമായി ധരിക്കുന്നവക്കു് ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും സമൃദ്ധിയായി നല്കപ്പെടുന്നു. അതോടുകൂടെ പ്രകാശവും സന്തോഷവും നിത്യസൗഭാഗ്യവുമുണ്ടു്. ജാതികളുടെ മാനസാന്തരത്തിനു് ആരോടാണു് കടപ്പെട്ടിരിക്കുന്നതെന്നു് അപ്പസ്തോലന്മാരോട് ചോദിക്കുക. ഈശോയുടെ തിരുനാമത്തോടു് എന്നായിരിക്കും അവർ നല്കുന്ന മറുപടി. ഭൗമികശക്തികളുടെമേൽ വിജയം ഘോഷിക്കുന്നതിനു്, തങ്ങളെ പ്രാപ്തരാക്കിയതു് എന്താണെന്നു് രക്തസാക്ഷികളോടു് ചോദിക്കുക. ഈശോയുടെ മഹത്തരമായ തിരുനാമം എന്നായിരിക്കും അവരുടെ മറുപടി.

ഈ പരിശുദ്ധ തിരുനാമത്തിൻെറ ശക്തിയാൽ വിശുദ്ധന്മാർ കൃപയുടെയും മഹത്വത്തിൻെറയും ഉന്നതപദവി പ്രാപിച്ചു. വി. ബെണ്ണാർഡു് പറയുന്നു. "ഈശോയുടെ രക്ഷാകരമായ നാമം എൻെറ മനസിൽ ഉദിച്ചാലുടനെ എൻെറ വികാരങ്ങൾ കെട്ടടങ്ങുന്നു. എൻെറ ദുഃഖം നീങ്ങിപ്പോകുന്നു. എൻെറ പരീക്ഷ അപ്രത്യക്ഷമാവുകയും ചെയ്യുന്നു. എന്തെന്നാൽ ഈ മധുരനാമം ഉച്ചരിക്കുമ്പോൾ സൗമ്യനും ഹൃദയഎളിമ ഉള്ളവനും സകല സുകൃതങ്ങളാലും അലംകൃതനുമായ ഒരു വ്യക്തയെയത്രെ എൻെറ മുമ്പിൽ ഞാൻ കാണുന്നതു്. അതേസമയം ഈ

www.malankaralibrary.com

ആൾ തന്റെ കൃപാസഹായം എനിക്ക് നല്കുന്നവനും എന്റെ അന്തകരണത്തിനായി സ്വമാതൃക കാണിച്ചുതരുന്ന സർവ്വശക്തനായ ദൈവമാകുന്നുവെന്നും ഞാൻ ഓർത്തുപോകുന്നു.'' വി. ബർണ്ണാർഡിനെപ്പോലെ നീയും ചിന്തിക്കുക.

## ധ്യാനം 6 ജനുവരി 6

## ദനഹാ തിരുനാൾ

ഈ ദിവസം പൗരസ്ത്യർ നമ്മുടെ കർത്താവിന്റെ മാമോദീസായേയും പാശ്ചാത്യർ വിദ്വാന്മാരുടെ ആരാധനയേയും സ്മരിക്കുന്നു. അപ്പോൾ യോഹന്നാനിൽനിന്ന് ജ്ഞാനസ്നാനം സ്വീകരിക്കുവാൻ ഈശോ ഗലീലായിൽനിന്ന് യോർദ്ദനാനിൽ യോഹന്നാന്റെ മുമ്പിലെത്തി. യോഹന്നാനാകട്ടെ ''അങ്ങിൽനിന്നു ഞാൻ ജ്ഞാനസ്നാനം സ്വീകരിക്കേണ്ടിയിരിക്കെ അങ്ങ് എന്നോട് അത് ആവശ്യപ്പെടുകയോ എന്നു ചോദിച്ചുകൊണ്ട് അവിടുത്തെ തടഞ്ഞു. ഈശോ ഉത്തരമരുളി. ഇപ്പോൾ ഇങ്ങനെ നടക്കട്ടെ. സകല നീതിയും പൂർത്തിയാക്കുന്നത് ഉചിതമാണല്ലോ. അപ്പോൾ യോഹന്നാൻ അതിന് സമ്മതിച്ചു. (മത്താ. 3:13–15) മാലാഖമാരാൽ ആരാധിക്കപ്പെടുന്ന അവിടുത്തെ ശിരസ്സിന്മേൽ എത്ര ഭക്ത്യാദരവോടു കൂടെയായിരിക്കണം യോഹന്നാൻ കൈവച്ചതു്! അഗാധമായ എളിമയോടുകൂടെയല്ലാതെ ദൈവത്തോടിടപെടുന്ന ആത്മാവു്, ദൈവത്തെയോ, തന്നെത്തന്നെയോ അറിയുന്നില്ല.

ഭയവിഹ്വലനായിത്തീർന്ന തന്റെ മുന്നോടിയെ ധൈര്യപ്പെടുത്തിക്കൊണ്ട് ഈശോ അരുൾചെയ്യുന്നു. ''ഇപ്പോൾ ഇങ്ങനെ നടക്കട്ടെ. ഇങ്ങനെ സകല നീതിയും പൂർത്തിയാക്കുന്നത് നമുക്കുചിതമാകുന്നു.'' ദൈവതിരുവിഷ്ടം ആവശ്യപ്പെടുന്ന ഏതു താഴ്ന്ന പ്രവൃത്തിയെയും ഉദാരമായ ഭക്തിയോടെ ആലിംഗനം ചെയ്യണം. മററുള്ളവരെ ഉപദേശിപ്പാൻ കടപ്പെട്ടിരിക്കുന്നവൻ എളിമയോടും മനസ്താപത്തോടും കൂടെ എല്ലാ പുണ്യങ്ങളും അഭ്യസിക്കണം. ഇങ്ങനെ അഭ്യസിക്കപ്പെടുന്ന എളിമയാണ് പൂർണ്ണമായ നീതി.

ജ്ഞാനസ്നാനം കഴിഞ്ഞയുടനെ ഈശോ വെള്ളത്തിൽനിന്ന് കരേറി. അപ്പോൾ ആകാശം തുറക്കപ്പെടുന്നതും, പരിശുദ്ധാത്മാവ് പ്രാവിനെപ്പോലെ അവിടുത്തെ മേൽ എഴുന്നെള്ളിവരുന്നതും കാണപ്പെട്ടു. ''ഇവൻ എന്റെ പ്രിയപുത്രനാണ്. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു എന്നൊരു ശബ്ദം ആകാശത്തുനിന്നു മുഴങ്ങി'' (മത്താ. 3:10,11). നിന്റെ മാമോദീസായിലും പരിശുദ്ധാത്മ നൽവരം നിനക്കു നല്കപ്പെടുകയും ദൈവത്തിന്റെ വാത്സല്യപുത്രൻ എന്ന നിലയിലേക്ക് നീ ഉയർത്തപ്പെടുകയും ചെയ്യുന്നുണ്ട്. വരപ്രസാദജീവനെ കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ചു കൊള്ളുക.

www.malankaralibrary.com

ധ്യാനം 7 ജനുവരി 7

## വിദ്വാന്മാരുടെ ദൈവവിളി

അവർ വീട്ടിൽ പ്രവേശിച്ചപ്പോൾ മറിയാംബികയോടുകൂടെ ശിശുവിനെ കണ്ടു. അവർ സാഷ്ടാംഗം വീണ് അവിടുത്തെ ആരാധിക്കയും തങ്ങളുടെ നിക്ഷേപപാത്രങ്ങൾ തുറന്ന് സ്വർണ്ണവും മീറയും കുന്തിരിക്കവും അവിടുത്തേക്ക് കാഴ്ചവസ്തുകയും ചെയ്തു. (മത്താ: 2: 11) വിദ്വാന്മാർക്ക് ലഭിച്ച വിളി സത്യവിശ്വാസത്തിലേക്കുള്ള ആഹ്വാനമായിരുന്നു. പുൽക്കൂട്ടിലെ ശിശുവിൽ ലോകരക്ഷകനായ ദൈവത്തെ അവർ ദർശിക്കുകയും ആരാധിക്കുകയും ചെയ്തു. ഏതു രൂപത്തിൽ കാണപ്പെട്ടാലും ഈശോയെ ആരാധിപ്പാനുള്ള വിശ്വാസം നിനക്കുണ്ടോ?

വിദ്വാന്മാർക്ക് ലഭിച്ച വിളി ദൈവസ്നേഹത്തിലുള്ള ആഹ്വാനമായിരുന്നു. രാജകൊട്ടാരത്തിലെ സുഖസൗകര്യാദികളെല്ലാം പരിത്യജിച്ച് ദൈവസ്നേഹത്തെപ്രതി വിദൂരയാത്രയ്ക്ക് അവർ ഇറങ്ങിത്തിരിച്ചു. യാത്രാക്ലേശങ്ങൾ അവരെ പിന്തിരിപ്പിച്ചില്ല. അവരുടെ ഹൃദയത്തിൽ കത്തിജ്വലിച്ച ദൈവസ്നേഹാഗ്നി, പിൻക്കാലങ്ങളിൽ ഈശോയെപററി പ്രസംഗിക്കുന്നതിനും, രക്തസാക്ഷിമരണം കൈവരിക്കുന്നതിനും അവരെ പ്രാപ്തരാക്കി.

വഴിമദ്ധ്യേ നക്ഷത്രം അവർക്ക് അപ്രത്യക്ഷമായെങ്കിലും അവർ പരാംഗ്മുഖരായില്ല. ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു തങ്ങളുടെ വിളിയെ പിൻതുടരുകയാണ് അവർ ചെയ്തത്. ജീവിതയാത്രയിലുണ്ടാകുന്ന പരീക്ഷകൾ നമ്മെയും നിരാശരാക്കാതെയിരിക്കട്ടെ. "ജയിക്കുന്നവന് ഞാൻ ജീവകിരീടം നല്കും". ദൈവപുത്രൻ പാപത്തിന് പരിഹാരമുണ്ടാക്കിയെങ്കിലും ജീവിതക്ലേശങ്ങളിൽനിന്ന് നമ്മെ സ്വതന്ത്രരാക്കിയിട്ടില്ല. അവയെ തന്നത്താൻ വഹിച്ചുകൊണ്ട് ശുദ്ധീകരിക്ക മാത്രമെ ചെയ്തുള്ളു.

ധ്യാനം 8 ജനുവരി 8

## ദൈവാഹ്വാനത്തോടുള്ള വിദ്വാന്മാരുടെ സഹകരണം

"എല്ലാ മനുഷ്യരും രക്ഷപെടണമെന്നും സത്യം ഗ്രഹിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു" (1 തിമോ. 2:4) അതിലേക്ക് അവിടുന്ന് എല്ലാവരെയും ആഹ്വാനം ചെയ്കയും രക്ഷ പ്രാപിക്കാനുള്ള ഉപാധികൾ ഏർപ്പെടുത്തി കൊടുക്കയും ചെയ്യുന്നു. എന്നാൽ നമ്മുടെ സഹകരണം കൂടാതെ അവ ഫലമണിയുകയില്ല. ദൈവകൃപയോടുള്ള നിന്റെ സഹകരണം എങ്ങനെ?

www.malankaralibrary.com

ദൈവാഹ്വാനം നമ്മുടെ സ്വാതന്ത്ര്യത്തെ ഭഞ്ജിക്കുന്നില്ല. പിന്നെയോ അതിനെ ശ്രേഷ്ഠമാക്കുക മാത്രമാണ് ചെയ്യുന്നത്. തങ്ങൾക്കു ലഭിച്ച ആന്തരികപ്രചോദനത്തെ തള്ളിക്കളയുന്നതിനും, പിഞ്ചെല്ലുന്നതിനും വിദ്വാന്മാർക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ആ സ്വാതന്ത്ര്യത്തെ അവർ ശരിയായി വിനിയോഗിച്ചതിനാൽ അവർ ധന്യരായിത്തീർന്നു. നമ്മുടെ സ്വാതന്ത്ര്യത്തെ ദൈവതിരുമനസിനു കീഴ്പ്പെടുത്തുമ്പോൾ നാമും അവരെ അനുകരിക്കുകയാണ് ചെയ്യുന്നത്.

"വിളിക്കപ്പെടുന്നവർ അനേകർ, തിരഞ്ഞെടുക്കപ്പെടുന്നവരോ ചുരുക്കം. (മത്താ. 2:10) അത്ഭുതനക്ഷത്രം ദർശിച്ച അനേകരിൽ ഈ വിദ്വാന്മാർ മാത്രം ദൈവീക പ്രചോദനത്തെ അനുധാവനം ചെയ്തു. യാത്രാക്ലേശങ്ങളെ അവഗണിച്ചുകൊണ്ടും മനുഷ്യരിൽ നിന്നുണ്ടാകുന്ന പരിഹാസത്തെയും മററു ലൗകീകചിന്തകളെയും തിരസ്കരിച്ചുകൊണ്ടും അവർ മുന്നേറി.

"കടന്നുപോകുന്ന ദൈവത്തെ നാം ഭയപ്പെടണം. അവസരം നമ്മെ കാത്തു നില്ക്കയില്ല"

## ധ്യാനം 9 ജനുവരി 9

## വിദ്വാന്മാരുടെ യാത്രാപരിപാടി

അത്ഭുതനക്ഷത്രം വിദ്വാന്മാർക്ക് വഴികാട്ടിയായിരുന്നു. അതിന്റെ സ്വാധീനത്തിനു വഴിപ്പെട്ട് അവർ സന്തോഷത്തോടും ഭക്തി തീക്ഷ്ണതയോടുംകൂടെ യാത്ര തുടർന്നു. അവരുടെ സംസാരം ദൈവത്തെക്കുറിച്ച് മാത്രം. അവിടുത്തെ മാത്രം അവർ ആഗ്രഹിക്കുന്നു. അവിടുത്തെ കണ്ടെത്തുന്നതിനായി അവർ തങ്ങൾക്കുള്ളതെല്ലാം പരിത്യജിക്കുന്നു. അവരുടെ ദൃഷ്ടാന്തത്തെ അനുകരിക്കുക.

വിദ്വാന്മാർ യെരുശലേമിനോട് സമീപിച്ചപ്പോൾ നക്ഷത്രം അപ്രത്യക്ഷമായി. എങ്കിലും അവരുടെ വിശ്വാസവും സ്നേഹവും കുറയുന്നില്ല. അവർ യാത്ര തുടരുകതന്നെ ചെയ്തു. സ്വന്തം കുററം കൊണ്ടല്ലാതെ ആദ്ധ്യാത്മികാശ്വാസം നഷ്ടപ്പെട്ടപ്പോൾ ക്ഷമാപൂർവ്വം അതിനെ സഹിക്കണം. സൃഷ്ടവസ്തുക്കളോടുള്ള പററുമാനമോ, മററുവല്ല ക്രമരഹിതമായ വികാരമോ കൊണ്ടാണ് അങ്ങനെ ഭവിക്കുന്നതെങ്കിൽ, അതിനെ ഭയപ്പെടുകയും, വിനാവിളംബം അവയെ മനസ്സിൽനിന്നകററുകയും വേണം.

അവർ യാത്ര തുടർന്നപ്പോൾ നക്ഷത്രം വീണ്ടും അവർക്ക് കാണപ്പെട്ടു. അതിൽ അവർ അത്യധികം സന്തോഷിച്ചു. (മത്താ. 2:10) ഈ വിശ്വാസവഴികാട്ടി ഈശോയും മറിയാമും ആയിരുന്ന സ്ഥലത്തേക്ക് അവരെ ആനയിച്ചു. നിന്റെയും അന്വേഷണത്തിന്റെയും ആശകളുടെയുമെല്ലാം പ്രാപ്യസ്ഥാനം ഇതായിരിക്കട്ടെ. വിദ്വാന്മാരെ

www.malankaralibrary.com

പ്പോലെ വിശ്വസ്തതയോടും സ്നേഹതീക്ഷണതയോടും ധൈര്യത്തോടും കൂടെ ഈശോയെ അന്വേഷിക്കുന്ന പക്ഷം നീയും അവിടുത്തെ കണ്ടെത്തും.

## ധ്യാനം 10 ജനുവരി 10

## വിദ്വാന്മാർ ബേതിലഹേമിൽ എത്തുന്നു

രാജാധിരാജാവു് തൻെറ അരമനയായി തിരഞ്ഞെടുത്തിരിക്കുന്ന കൊട്ടാരത്തിൽ പ്രവേശിച്ചപ്പോൾ പൂജരാജാക്കന്മാൎക്കു് ഉണ്ടായ വിസ്മയം എത്രമാത്രം ഉണ്ടായിരിയ്ക്കണം. അനാകൎഷകമായ ഈ ഗുഹ കള്ളന്മാരുടെ ഗുഹയായ ഈ ലോകത്തിൻെറ സാദൃശ്യമാകുന്നു. സ്വ സാന്നിധ്യംമൂലം അതിനെ ശുദ്ധീകരിപ്പാനാണു് താൻ വന്നിരിക്കുന്നതെന്നു് അവിടുന്നു് വെളിപ്പെടുത്തുന്നു. തൻെറ രാജാവിനെ ഈ നികൃഷ്ടമായ വസതിയിൽ ദൎശിക്കുന്ന ഏതൊരുവനാണു് ലൗകീകമായ ഉൽകൃഷ്ടേച്ഛ വച്ചുപുലൎത്തുവാൻ സാധിക്കുക? നക്ഷത്രം ഈ ലോകമാന്യന്മാരുടെ വസതിയ്ക്കു മീതെയല്ലാ, പിന്നെയോ, ഹൃദയശാന്തതയും സമാധാനവും വിലസുന്ന ദരിദ്ര കുടിലിൻെറ മീതെയത്രെ പ്രകാശിക്കുന്നതു്.

മഹത്വത്തിൻെറ രാജാവു് സിംഹാസനസ്ഥനായിരിക്കുന്ന പുൽക്കൂടിനെപ്പററി ചിന്തിക്കുക. നിത്യവചനം സ്വൎഗ്ഗസ്ഥപിതാവിൻെറ മാൎവ്വിടത്തിൽ സ്ഥിതി ചെയ്യുന്നു. അവിടെ ചെന്നെത്തുവാൻ മനുഷ്യൎക്കു് അസാദ്ധ്യമായിരുന്നതിനാൽ ഇഷ്ടംപോലെ അവൎക്കു സമീപിക്കാമായിരുന്ന ഈ അധഃസ്ഥിത ലോകത്തിലേക്കു് ഇറങ്ങിവരുവാൻ അവരുടെ നേരെയുള്ള സ്നേഹം അവിടുത്തെ നിർബന്ധിച്ചു. വിശ്വാസക്കണ്ണുകൾക്കു് ഈ ദിവ്യരഹസ്യത്തിൽ അവിടുത്തെ ശക്തിയും കരുണയും ദൎശിക്കുവാൻ കഴിയും. രണ്ടു മൃഗങ്ങളുടെ മദ്ധ്യേ ശയിക്കുന്നതു കൊണ്ടുമാത്രം അവിടുത്തെ സ്നേഹം തൃപ്തിയടയുന്നില്ല. ഇനിയൊരിക്കൽ രണ്ടു കള്ളന്മാരുടെ മദ്ധ്യേ അവിടുത്തെ നാം ദൎശിക്കും.

പശുതൊഴുത്തിലും പുൽക്കൂട്ടിലും ഇന്ദ്രിയങ്ങൾക്കു് ആസ്വാദ്യകരമായ ഒരു വസ്തുവും നാം കാണുന്നില്ല. അവിടുത്തെ ദുൎഗ്ഗന്ധത്തെ ഘ്രാണേന്ദ്രിയം വെറുക്കുന്നു. വൈക്കോൽ കിടക്കയുടെ പരുപരുപ്പും തണുപ്പിൻെറ കാഠിന്യവും സ്പൎശനേന്ദ്രിയത്തെ ക്ലേശിപ്പിക്കുന്നു. ഈശോയുടെ ഇന്ദ്രിയനിഗ്രഹത്തിൻെറ ഈ മാതൃക നാം അനുകരിക്കണം.

www.malankaralibrary.com

ധ്യാനം 11 ജനുവരി 11

## പൂജരാജാക്കന്മാരുടെ ആരാധന

പൂജരാജാക്കന്മാർ പുൽക്കൂട്ടിൽ പ്രവേശിച്ചു. ഈശോയെയും മറിയത്തെയും അവർ കണ്ടു. അതോടെ അവരുടെ വിശ്വാസം പൂർണ്ണത പ്രാപിച്ചു. കിഴക്ക് നക്ഷത്രം കണ്ടപ്പോൾ പ്രപഞ്ചരാജാവു് ജനിച്ചിരിക്കുന്നു എന്നുള്ള വിശ്വാസത്തോടെ തങ്ങളുടെ രാജ്യം വിട്ടിറങ്ങിയ അവർ ഈ പുണ്യത്തിന്റെ വീരോചിതമായ ഒരു പ്രവൃത്തി നിർവ്വഹിക്കയായിരുന്നു. നക്ഷത്രം അപ്രത്യക്ഷമായിട്ടും സ്നേഹതീക്ഷ്ണതയോടെ അവരുടെ യാത്ര തുടർന്നപ്പോൾ അതിലും കൂടുതൽ വീരോചിതമായ ഒരു പ്രവൃത്തിയാണ് അവർ ചെയ്തതു്. പുൽക്കൂട്ടിൽ അവർ പ്രദർശിപ്പിച്ച വിശ്വാസം ഇവ രണ്ടിനെയും അതിശയിക്കുന്നതായിരുന്നു. വൈക്കോൽ പുറത്തു് കിടത്തപ്പെട്ടിരിക്കുന്ന ശിശു അഖിലാണ്ഡത്തിന്റെ ദൈവവും കർത്താവും ആകുന്നുവെന്നു് അവർ ദൃഢമായി വിശ്വസിക്കയും അവിടുത്തെ ആരാധിക്കുകയും ചെയ്തു. വിശ്വാസക്കണ്ണു് ആത്മാവിനെ എത്രമാത്രം തുളച്ചു കയറുന്നതാകുന്നുവെന്നു കാണുക.

അവർ സാഷ്ടാംഗം വീണു് അവിടുത്തെ ആരാധിച്ചു (മത്താ: 2:11) ഈ സാഷ്ടാംഗപ്രണാമം ബാഹ്യമായ ആരാധനയെ കുറിക്കുന്നു. എന്നാൽ അവരുടെ ആരാധന ബാഹ്യമാത്രമായിരുന്നില്ല. ഹൃദയത്തെ എളിമയോടെ ദിവ്യശിശുവിനു് കീഴ്പ്പെടുത്തി കൊടുത്തുകൊണ്ടു് ആന്തരീക ആരാധനയും അവർ അർപ്പിച്ചു. സ്വർഗ്ഗീയ പ്രകാശത്തെ മുഴുവൻ ആകർഷിച്ചെടുക്കുന്ന എളിമയെന്ന പുണ്യം എത്ര ശക്തിമത്താണ്. പ്രാർത്ഥനയിലും വി: കുർബാനാനുഭവത്തിലും ദൈവം എത്ര നല്ലവനാണെന്നു് രുചിച്ചറിയുവാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ പൂജരാജാക്കന്മാരുടെ എളിമയെ നീയും അനുകരിക്കണം. എന്നാൽ ഈ എളിമ ബാഹ്യമാത്രമാകാതിരിപ്പാൻ സൂക്ഷിച്ചുകൊൾകയും വേണം.

ഈശോയെയും മറിയത്തെയും ദർശിച്ചപ്പോൾ പൂജരാജാക്കന്മാരുടെ സന്തോഷം സമ്പൂർണ്ണമായി. പരമോന്നതനായ കർത്താവിന്റെ സന്നിധിയിൽ അവർക്കു് അനുഭവവേദ്യമായ സന്തോഷം അവരുടെ യാത്രാക്ലേശങ്ങളെയെല്ലാം അധികരിക്കുന്നതായിരുന്നു. ഇത്ര സജീവമായ വിശ്വാസത്തോടും എളിമയോടുംകൂടെ ഈശോയുടെ തിരുശരീരരക്തങ്ങളെ സമീപിക്കുന്നപക്ഷം ഇപ്രകാരമുള്ള ആദ്ധ്യാത്മീകസന്തോഷം നിനക്കും അവിടുന്നു് പ്രദാനം ചെയ്യും.

www.malankaralibrary.com

ധ്യാനം 12 ജനവരി 12

## പൂജരാജാക്കന്മാരുടെ നേർച്ച സമർപ്പണം

രാജാക്കന്മാർ ദിവ്യശിശുവിനെ ആരാധിച്ചശേഷം അവരുടെ നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും, മീറയും, കുന്തിരിക്കവും അവിടുത്തേക്ക് കാഴ്ചവച്ചു. ഈ സമ്മാനങ്ങൾ കാഴ്ചയർപ്പണത്തിൽ അവർ അഭ്യസിച്ച പുണ്യങ്ങളെ പ്രത്യേകം കുറിക്കുന്നു. പൊന്ന് സ്നേഹത്തെയും, മീറ ഇന്ദ്രിയനിഗ്രഹത്തെയും, കുന്തിരിക്കം ഭക്തിയെയും കുറിക്കുന്നു. ദൈവപുത്രന് അർപ്പിക്കുവാൻ അർഹതയുള്ളതൊന്നും എനിക്കില്ല എന്ന് നീ പറയരുത്. നിനക്ക് ലഭിച്ചിരിക്കുന്ന സമയംതന്നെ ഒരു വലിയ നിക്ഷേപമാണ്. അതിന്റെ ഓരോ നിമിഷവും ദൈവതിരുസന്നിധിയിൽ വിലയേറിയതാകുന്നു. അതിനെ മുഴുവനായി ഈശോയിക്കു കാഴ്ചവയ്ക്കുക.

വിദ്വാന്മാരുടെ ഈ നേർച്ചകാഴ്ചകൾ ഈശോയുടെ മൂന്നു പദവികളെ കുറിക്കുന്നു. പൊന്ന് അവിടുത്തെ രാജാധികാരത്തെയും മീറാ അവിടുത്തെ മദ്ധ്യസ്ഥബലിയെയും കുന്തിരിക്കം അവിടുത്തെ പുരോഹിതപദവിയെയും സൂചിപ്പിക്കുന്നു. നിന്റെ രാജാവും ദൈവവും ആയി ഈശോയെ വിശ്വസ്തതാപൂർവ്വം സ്നേഹിച്ചുകൊള്ളാമെന്നും നിന്റെ മഹാപുരോഹിതനെന്ന നിലയിൽ അവിടുത്തെ സതീക്ഷ്ണം സ്നേഹിച്ചു കൊള്ളാമെന്നും ദിനംപ്രതി കുരിശിൽ സ്വയം ബലിയർപ്പിക്കുന്ന മദ്ധ്യസ്ഥനെന്ന നിലയിൽ നിന്നെ മുഴുവനായി അവിടുത്തേക്ക് സമർപ്പിച്ചുകൊള്ളാമെന്നും ദൃഢമായി നിശ്ചയിക്കുക.

വിശുദ്ധരായ ഈ രാജാക്കന്മാരുടെ ഹൃദയങ്ങളെയും നേർച്ചകളെയും എത്ര ആർദ്രമായ സ്നേഹത്തോടെയാണ് ഈശോ അംഗീകരിക്കുന്നത്. അവരുടെ നിക്ഷേപങ്ങളെക്കാൾ വിലയേറിയ ദാനങ്ങൾ അവിടുന്ന് അവർക്ക് നല്കി. സ്വർണ്ണത്തിനു പകരം മതത്തിന്റെ ഉൽകൃഷ്ടരഹസ്യങ്ങൾ ഗ്രഹിപ്പാനുള്ള ബോധജ്ഞാനത്തെയും കുന്തിരിക്കത്തിനു പകരം ലൗകികമേന്മകളെ അവജ്ഞയോടെ വീക്ഷിപ്പാനുള്ള ദൈവഭക്തിയെന്ന ദാനത്തെയും, മീറായ്ക്കു പകരം കുരിശിന്റെയും നിരന്തര നിഗ്രഹത്തിന്റെയും അരുചിയെയും അവിടുന്ന് അവരിൽ നിവേശിപ്പിച്ചു. നീ എത്ര കുററക്കാരനും, നന്ദികെട്ടവനുമാണെങ്കിലും പാപികളെ അന്വേഷിച്ചുവരുന്ന കരുണയുടെ മാതാവ്, ഈശോയെ അന്വേഷിക്കുന്നതിൽ നീ സ്ഥിരപ്പെട്ട് നില്ക്കയും നിനക്കുള്ളതെല്ലാം അവിടുത്തേക്ക് സമർപ്പിക്കയും ചെയ്യുന്നപക്ഷം അവിടുത്തെ ദിവ്യസുതനെ ആലിംഗനം ചെയ്യുന്നതിൽനിന്ന് തീർച്ചയായും നിന്നെ തടയുകയില്ല.

www.malankaralibrary.com

## ധ്യാനം 13 ജനുവരി 13

### വിദ്വാന്മാരുടെ തിരിച്ചുപോക്ക്

എത്ര ഭക്തിയോടും സ്നേഹവായ്പോടും കൂടെയാണ് വിദ്വാന്മാർ ഈശോയോടും മറിയത്തോടും യാത്ര പറഞ്ഞു പിരിഞ്ഞതു്. ഈശോയോടും പരിശുദ്ധ മറിയത്തോടുമുള്ള സംസാരം അവരുടെ ഹൃദയത്തെ എത്രമാത്രം സ്വർഗ്ഗീയാശ്വാസംകൊണ്ടാണ് നിറച്ചിരുന്നതു്. ശിഷ്ടായുസ്സു മുഴുവൻ ഈശോയോട് വിശ്വസ്തരായിരുന്നുകൊള്ളാമെന്ന് എത്ര തീക്ഷ്ണതയോടെ അവർ വാഗ്ദത്തം ചെയ്തിട്ടുണ്ടായിരിക്കണം. പ്രാർത്ഥനയും വി: കർബാനാനുഭവവും കഴിഞ്ഞു് പുണ്യവാന്മാക്കടുത്ത ഭക്തിയോടും ദൈവസ്നേഹത്തോടും മടങ്ങിവരുന്നവർ എത്ര ഭാഗ്യവാന്മാർ.

ഹേറോദേസിൻെറ അടുക്കലേക്ക് പോകാതെ മററു വഴിയിൽക്കൂടെ സ്വദേശത്തേക്ക് പൊയ്ക്കൊള്ളുവാൻ സ്വപ്നത്തിൽ ദൈവം അവരെ അറിയിച്ചതനുസരിച്ചു അവർ മടങ്ങിപ്പോയി. ദൈവപരിപാലന തൻെറ ഭക്തന്മാരെ എത്ര കരുതലോടെ കാത്തു സൂക്ഷിക്കുന്നു. വിദ്വാന്മാർ ഒരു ഭൗമികരാജാവ് എന്ന നിലയിലാണ് അവിടുത്തെ അന്വേഷിച്ചു വന്നതെങ്കിൽ അവിടുത്തെ അടുക്കൽതന്നെ അവർ വസിക്കുമായിരുന്നു. എന്നാൽ അവക്ക് അറിയിക്കപ്പെട്ട ദൗത്യം നിവ്വഹിച്ചശേഷം ഒട്ടും താമസിയാതെ അവർ അവരവരുടെ ദേശത്തേക്ക് മടങ്ങിപ്പോകയാണുണ്ടായതു്. അവരുടെ മാതൃക നാമും കണ്ടുപഠിക്കണം. നിൻെറ ആത്മീയ അഭ്യസനങ്ങളിൽ എത്ര ഭക്തി തോന്നിയാലും അവയോടുള്ള പററുമാനം നിൻെറ കടമ നിവ്വഹണത്തിനു് പ്രതിബന്ധമാകുന്നപക്ഷം അതു് വെറും തട്ടിപ്പു മാത്രമാണെന്ന് ധരിച്ചുകൊള്ളുക.

വിദ്വാന്മാർ അവരവരുടെ രാജ്യങ്ങളിൽ മടങ്ങിചെന്നശേഷം ഈശോയുടെ കാര്യത്തിൽ എത്ര വലിയ ശുഷ്കാന്തിയാണ് പ്രദർശിപ്പിച്ചതു്. ഈശോയെപ്പററി അവർ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങൾ അവർ എല്ലായിടത്തും പരസ്യപ്പെടുത്തി. അവർക്ക് ലഭിച്ച ദൈവവിളിയുടെ കൃപയോട് വിശ്വസ്തതാപൂർവ്വം വർത്തിച്ചതിൻെറ ഫലമായി അവർ പുണ്യത്തിൽ അനുദിനം അഭിവൃദ്ധിപ്പെട്ടു വരികയും പുണ്യവാന്മാരുടെ ഗണത്തിൽ ചേക്കപ്പെടുകയും ചെയ്തു.

## ധ്യാനം 14 ജനുവരി 14

### വാഴ്ത്തപ്പെട്ട കന്യകമാതാവിൻെറ യരുശലേം യാത്ര

മൂശയുടെ നിയമമനുസരിച്ച് മറിയത്തിൻെറ ശുദ്ധീകരണസമയം ആയപ്പോൾ ശിശുവിനെ കർത്താവിനു സമപ്പിക്കുന്നതിനുവേണ്ടി

www.malankaralibrary.com

അവർ അവിടുത്തെ യെരുശലേമിലേക്ക് കൊണ്ടുപോയി. കടിഞ്ഞൂൽ പുത്രന്മാരെയെല്ലാം കർത്താവിന്ന് പ്രതിഷ്ഠിക്കണമെന്നു കർത്തൃനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. നിയമത്തിൽ പറയപ്പെട്ടിരിക്കുന്നതുപോലെ ഒരു ജോഡി ചെങ്ങാലികളെയൊ, രണ്ടു പ്രാവിൻ കുഞ്ഞുങ്ങളെയോ ബലിയർപ്പിക്കേണ്ടിയിരുന്നു.

സാധാരണ സ്ത്രീകൾക്കുവേണ്ടി ഉണ്ടാക്കപ്പെട്ട ഈ നിയമം ദൈവമാതാവിന്ന് ബാധകമല്ലായിരുന്നുവെങ്കിലും പ്രത്യേകതയൊന്നും എടുക്കാതെയിരിക്കുന്നതു് വലിയ പുണ്യമാണെന്നു് കാണിപ്പാൻ അവളും ഹവ്വായുടെ മററു മക്കളോടുകൂടെ ചേരുന്നു. പൊതുനിയമത്തിൽനിന്നു് എത്ര എളുപ്പത്തിലാണു് നാം വിടുതൽ അന്വേഷിക്കുന്നതു്.

സ്നേഹാഗ്നി പ്രസരിപ്പിക്കുന്ന പന്തമായും പിന്നീടു് സകല മനുഷ്യരുടെയും വീണ്ടെടുപ്പു് വിലയായി തന്നെത്തന്നെ സമർപ്പിക്കുന്ന ഹോമബലിയായും പരി: മാതാവിൻെറ തൃക്കരങ്ങളിൽ ഈശോയെ ദർശിക്കുക.

എത്ര ഗാഢമായ ഭക്തിബഹുമാനങ്ങളോടുകൂടെയാണു് പരിശുദ്ധ മറിയം ദൈവാലയത്തിലേക്കു് കടന്നുവരുന്നതു്. അനേക കന്യകകളും മാതാക്കളും ഈ മനോഹര ദൈവാലയത്തിൽ പ്രവേശിച്ചിട്ടുണ്ടു്. എന്നാൽ ഒരു കന്യകമാതാവു് ഒരിക്കലും ഇതിൽ പ്രവേശിച്ചിട്ടില്ല. അനേകം മനുഷ്യരുടേയും മാലാഖമാരുടെയും ആരാധന ഇവിടെ സ്വീകരിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ ആരാധ്യനായ ദൈവത്തിൻെറ ആരാധന ഇതിനുമുമ്പു് സ്വീകരിക്കപ്പെട്ടിട്ടില്ല. പരിശുദ്ധ ദൈവമാതാവിൻെറ ചേതോവികാരങ്ങളോടു് നീയും ആരാധനയ്ക്കായി ദൈവാലയത്തിലേക്കു് പോകുന്നപക്ഷം എന്തുമാത്രം സ്വർഗ്ഗീയാനുഗ്രഹങ്ങളാണു് നിനക്കു് ലഭിക്കാവുന്നതു്!

**ധ്യാനം 15** **ജനുവരി 15**

## പരിശുദ്ധ ദൈവമാതാവിൻെറ ശുദ്ധീകരണം

ന്യായപ്രമാണപ്രകാരമുള്ള ശുദ്ധീകരണത്തിനു വിധേയയായതിൽ പരിശുദ്ധ കന്യകമറിയം പ്രദർശിപ്പിച്ച അനുസരണം, സ്നേഹം എന്നിവയെപ്പററി ചിന്തിക്കുക. നിയമമല്ല സ്നേഹമാണു് അവളെ ഇതിനു് പ്രേരിപ്പിച്ചതു്. നാല്പതു ദിവസത്തേക്കു് ദൈവാലയത്തിൽ പ്രവേശിക്കുന്നതിലുള്ള ആത്മീയാശ്വാസം അനുഭവിയ്ക്കാതെ അവൾ കഴിച്ചുകൂട്ടി. ദൈവാലയ വാതില്ക്കൽ മററു സ്ത്രീകളെപോലെ ദൈവത്തിൻെറ വിശുദ്ധ സിംഹാസനമായ (sanctuary) അവളും കാത്തുനിന്നു. ദൈവത്തിൻെറ വിശുദ്ധിയെ ബഹുമാനിയ്ക്കുന്നതിനും തൻെറ ദിവ്യസുതൻെറ മനസാലെയുള്ള ന്യായപ്രമാണവിധേയത്വത്തെ അനുകരിയ്ക്കുന്നതിനും വേണ്ടിയാണു് അവൾ ഇങ്ങനെ ചെയ്യ്തതു്.

www.malankaralibrary.com

ഈ രഹസ്യത്തിൽ പരിശുദ്ധകന്യക പ്രദർശിപ്പിച്ച എളിമയും ദാരിദ്ര്യത്തോടുള്ള പ്രതിപത്തിയും പ്രശംസനീയമാണു്. ദൈവത്തിൽ നിന്നു് അനിതരസാധാരണമായ അനുഗ്രഹങ്ങൾ പ്രാപിച്ചിരുന്നുവെങ്കിലും ബലഹീനയും പാപിയുമായ ഒരു സ്ത്രീയെപ്പോലെ പരിഗണിക്കപ്പെടുവാനാണു് അവൾ ആഗ്രഹിച്ചതു്. ദരിദ്രരുടെ വഴിപാടായ രണ്ടു ചെങ്ങാലികളെയൊ, പ്രാവിൻകുഞ്ഞുങ്ങളെയൊ അർപ്പിച്ചതിൽ വി. ദാരിദ്ര്യത്തോടുള്ള പ്രതിപത്തി തെളിഞ്ഞുകാണുന്നു. പരി. മാതാവിനെ സ്നേഹിക്കുന്നവർ ഈ പുണ്യങ്ങൾ അഭ്യസിച്ചേ മതിയാവൂ. പരിശുദ്ധ മറിയം വഴി സകല അനുഗ്രഹവും നല്കപ്പെടണമെന്നാണു് ദൈവനിശ്ചയം.

പരിശുദ്ധ ദൈവമാതാവു് അത്യന്തഭക്തിയോടും വണക്കത്തോടുംകൂടെ തന്റെ വഴിപാടു് അർപ്പിച്ചു. അവളുടെ സവിശേഷമായ അടക്കമൊതുക്കമാണു് അവളെ തിരിച്ചറിവാൻ വി. ശെമയോനെ സഹായിച്ചതു്. നിന്റെ ദൈവഭക്തി ദൈവത്തിനു് പ്രസാദകരവും അടക്കമൊതുക്കം മനുഷ്യർക്കു് സന്മാതൃകയുമായിത്തീരത്തക്കവണ്ണം ആന്തരീകവും ബാഹ്യവുമായ എല്ലാ പെരുമാററങ്ങളും ക്രമീകരിക്കപ്പെട്ടിരിക്കണം.

## ധ്യാനം 16 ജനുവരി 16

## വാഴ്ത്തപ്പെട്ട ദിവ്യസുതനെ ദൈവാലയത്തിൽ കാഴ്ചവയ്ക്കുന്നു

ദൈവം യഹൂദജനത്തിനു നല്കിയ നന്മകളെ ഓർത്തു് ആദ്യജാതന്മാരെ ദൈവത്തിനു് നേർച്ചയായി കൊടുക്കണമെന്നുള്ള നിയമത്തിന്റെ ന്യായയുക്തതയെപ്പററി ചിന്തിക്കുക. ദൈവം നിനക്കു് നല്കിയിട്ടുള്ള നിരവധി നന്മകളെപ്രതി ദൈവത്തിനു് നിന്നെ മുഴുവനായി പ്രതിഷ്ഠിക്കുവാൻ നീയും ബാധ്യസ്ഥനാണു്. 'മകനെ നിന്റെ ഹൃദയം എനിക്കു തരിക' എന്നരുളിച്ചെയ്തുകൊണ്ടു് കലവറ കൂടാത്ത സമർപ്പണത്തിനു് അവിടുന്നു് നിന്നെ വിളിക്കുന്നു.

കാഴ്ചയർപ്പിക്കുന്ന ആളും അർപ്പണവസ്തുവും സകല ജ്ഞാനത്തിന്റെയും ഇരിപ്പിടവും ജീവിക്കുന്നവരുടെയും മരിച്ചവരുടെയും ആദ്യജാതനും നിത്യപിതാവിന്റെ സ്നേഹഭാജനവുമായ ദൈവനരനെ സൃഷ്ടികളിൽ ഏററം പരിശുദ്ധയായ മാതാവു് കാഴ്ചയർപ്പിക്കുന്നു. ഏററം വേദനകരമായ ജീവിതം നയിക്കുന്നതിനും അവമാനകരമായ മരണം കൈവരിക്കുന്നതിനുമായി ഈശോയും നിത്യപിതാവിനു് തന്നെത്തന്നെ അർപ്പിക്കുന്നു.

ന്യായപ്രമാണ വിധിപ്രകാരമുള്ള അഞ്ചു് ഷേക്കൽ ദ്രവ്യം നല്കി പരിശുദ്ധ കന്യക തന്റെ ദിവ്യസുതനെ വീണ്ടെടുക്കുന്നു. എത്ര വലിയ എളിമ! കുരിശിൽ ഈശോ സഹിപ്പാനിരിക്കുന്ന അഞ്ചു്

www.malankaralibrary.com

തിരുമുറിവുകൾകൊണ്ട് നിന്നെ വീണ്ടെടുക്കുവാൻ വേണ്ടിയാണ് പരിശുദ്ധ കന്യക തന്റെ ദിവ്യസുതനെ ഇങ്ങനെ വീണ്ടെടുക്കുന്നത്. ഇത്ര വലിയ വാത്സല്യത്തോടെ മാധ്യസ്ഥകൃത്യം നിവ്വഹിക്കുന്ന ഈ നല്ല അമ്മയോട് കൃതജ്ഞത പ്രദശിപ്പിക്കുക.

## ധ്യാനം 17 ജനുവരി 17

## വി. ശെമഓൻ ദൈവാലയത്തിൽ പ്രവേശിക്കുന്നു

മ്ശിഹായുടെ ജനനരഹസ്യം വെളിപ്പെടുത്തുവാൻ ദൈവം തിരഞ്ഞെടുത്ത ഈ സിദ്ധന്റെ ഭാഗ്യത്തെയും മ്ശിഹായെ കാണുന്നതു വരെ മരണം ആസ്വദിക്കയില്ല എന്നു് അദ്ദേഹത്തിനു ലഭിച്ചിരുന്ന പരിശുദ്ധാത്മ വാഗ്ദത്തത്തെയും പരിചിന്തിക്കുക. നിന്റെ നിയമങ്ങൾ വിശ്വസ്തതയോടെ പാലിക്കുന്ന പക്ഷം എത്ര ശാന്തമായി ശാരീരിക മരണത്തെ നിനക്ക് അഭിമുഖീകരിക്കാം. ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ ശരണം വയ്ക്കുക. ലോകം വളരെയൊക്കെ വാഗ്ദാനങ്ങൾ ചെയ്യുമെങ്കിലും സാക്ഷാത്തായ ഭാഗ്യം നല്കുവാൻ അവയ്ക്കു് കഴികയില്ല. ദൈവത്തിന്റെ നന്മകളോ അവിടുത്തെ വാഗ്ദാനങ്ങളെ അതിശയിക്കുന്നവയാകുന്നു.

മ്ശിഹായെ കാണ്മാനും, അവിടുത്തെ മഹിമയെ പ്രകീത്തിപ്പാനും ഏതെല്ലാം പുണ്യങ്ങളാലാണ് പരിശുദ്ധാത്മാവു് വി. ശെമഓനെ ഒരുക്കിയതെന്നു് ധ്യാനിക്കുക. അദ്ദേഹം നീതിമാനായിരുന്നു. ദൈവത്തെ ഭയപ്പെട്ടിരുന്നു. മ്ശിഹായെ കാണാമെന്നുള്ള പ്രതീക്ഷയിലും വാഞ്ഛയിലും ജീവിച്ചു. അതിനാൽ പരിശുദ്ധാത്മാവു് അദ്ദേഹത്തിൽ വസിക്കുന്നു എന്നു പറയപ്പെട്ടിരുന്നു. നമ്മുടെ കത്താവിന്റെ സന്ദശനത്തിൽ പ്രത്യേകിച്ചു് മരണസമയത്തു് അവിടുന്നു നിന്നെ സന്ദശിക്കുവാൻ വരുമ്പോൾ ഇപ്രകാരമുള്ള പുണ്യങ്ങളാൽ അലംകൃതനായിരിപ്പാൻ ഈ സിദ്ധനിൽനിന്നു പഠിക്കുക.

വി. ശെമഓനെ ആത്മാവു് ദൈവലയത്തിലേക്ക് നടത്തുന്നു. അതു് ദൈവഭക്തിയുടെയും തീക്ഷ്ണതയുടെയും ആത്മാവാണ്. ദീഘകാലമായി നോക്കിപാത്തിരുന്ന രക്ഷകനെ കൈകളിൽ വഹിച്ചപ്പോൾ സ്നേഹത്തിന്റെ ആത്മാവു് സന്തോഷത്താൽ അദ്ദേഹത്തെ നിറച്ചു. ദൈവാത്മാവിന്റെ പ്രവത്തനത്തിനു് നീ തടസ്സമുണ്ടാക്കാത്തപക്ഷം വിശുദ്ധാത്മാക്കൾക്കു് അങ്ങിൽ കണ്ടെത്തുവാൻ കഴിഞ്ഞിടത്തോളം ഉള്ള ആനന്ദം നിനക്കും ആസ്വദിക്കുവാൻ കഴിയും.

www.malankaralibrary.com

## ധ്യാനം 18 ജനുവരി 18

## വിശുദ്ധ ശെമഓന്റെ ഗീതം

കർത്താവെ അങ്ങയുടെ തിരുവചനം അനുസരിച്ച് അങ്ങയുടെ ദാസനെ സമാധാനത്തോടെ ഇനി വിട്ടയക്കണമെ. എന്തെന്നാൽ എല്ലാ ജനപദങ്ങളുടെയും മുമ്പാകെ അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾകൊണ്ടുതന്നെ ഞാൻ കണ്ടുകഴിഞ്ഞു. അതു് വിജാതികൾക്കു് വെളിപ്പെടുവാനുള്ള പ്രകാശവും അങ്ങയുടെ ജനമായ ഇസ്രായേലിന്റെ മഹത്വവും ആണ്. (ലൂ. 2:29–32). വി. ശെമഓൻ പരിശുദ്ധാത്മാവിനാൽ പ്രചോദിതനായി ഈശോയുടെ നിഗ്ഗൂഢമറിമയിലേക്ക് കടന്നുചെല്ലുന്നു. ലോകത്തിന്റെ രക്ഷയും ജാതികളുടെ പ്രകാശവും ഇസ്രായേലിന്റെ മഹത്വവുമായ ദൈവത്തെ അദ്ദേഹം വാഴ്ത്തുന്നു. തിരുസഭ ശുദ്ധീകരണതിരുനാളിൽ വാഴ്ത്തിയ മെഴുകുതിരി വിശ്വാസികൾക്കു് നല്കുന്നു. ദൈവപുത്രൻ ലോകത്തിൽ കത്തിക്കുവാൻ വന്ന വിശ്വാസദീപത്തിന്റെ സൂചനയാണിതു്. തിരി നമ്മെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെത്താൻ ദഹിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. ഈശോ ലോകരക്ഷയ്ക്കുവേണ്ടി തന്നെത്താൻ ദഹിച്ചു ഇല്ലാതായാകുവാനിരിക്കുന്നു എന്നുള്ളതു കാണിക്കുന്നു.

യേശുക്രിസ്തുവാകുന്നു ഇസ്രായേലിന്റെ മഹത്വം. ദൈവത്തെയും അവിടത്തെ ഏകപുത്രനായ ഈശോമ്ശിഹായെയും അറിയുന്നതാണ് ഒരു ക്രിസ്ത്യാനിയുടെ ബഹുമതി. ഒരു ശുദ്ധമനസ്സാക്ഷി പാലിക്കുക. ഈശോയിക്കുവേണ്ടി ആത്മാക്കളെ സമ്പാദിച്ചുകൊടുക്കുക. അവിടുത്തോടുള്ള സ്നേഹത്തെപ്രതി കഷ്ടതകൾ സഹിക്കുക. ഇവ തന്റെ മഹത്വമായി ക്രിസ്ത്യാനി പരിഗണിക്കണം.

ലോകത്തിന്റെ രക്ഷകൻ യേശുക്രിസ്തുവാകുന്നു. ഭൂമിയുടെ അതിർത്തിവരെ നീ എന്റെ രക്ഷയാകാൻ വിജാതിയക്ക് നിന്നെ ഞാൻ പ്രകാശമാക്കിയിരിക്കയാണ്. (യേശയ്യാ 49:6) സകല ജനങ്ങൾക്കും മുമ്പാകെ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണുകൾ കണ്ടിരിക്കുന്നു. (ലൂ. 2:30, 31) എന്നു് വി. ശെമഓനും പറയുന്നു. അവിടുത്തെ ദിവ്യപ്രകാശം നിന്നെ വലയം ചെയ്യുന്നതുകൊണ്ടു് നീ പ്രതിബന്ധം ഉണ്ടാക്കാതിരുന്നാൽ നിനക്കു ഒരു വിശുദ്ധനാകാൻ കഴിയും.

## ധ്യാനം 19 ജനുവരി 19

## യേശുക്രിസ്തു ഈജിപ്തിലേക്കു് പലായനം ചെയ്യുന്നു

യേശുതമ്പുരാന്റെ ഈജിപ്തിലേക്കുള്ള പലായനം ഭയത്തിന്റെ ഫലമായിരുന്നില്ല. ദൈവികബോധജ്ഞാനത്തിന്റെ ഒരു രഹസ്യമാണതു്. ദൈവപുത്രൻ നമുക്കു് മാതൃകയാകുവാൻവേണ്ടി ലോക

www.malankaralibrary.com

ത്തിൽനിന്നും പലായനം ചെയ്യുന്നു. ലോകം നിന്നെ പുകഴ്ത്തുമ്പോൾ അതിൽനിന്നു് ഓടിയകലുക. അതു് നിന്നെ പീഡിപ്പിക്കുമ്പോഴും അതിൽനിന്നു് അകന്നു മാറണം.

ഈജിപ്തിലേക്കുള്ള പലായനം മാനുഷീക ബലഹീനതയുടെ അടയാളമല്ല. പിന്നെയോ ദൈവീകശക്തിയുടെ അടയാളമത്രെ. ഹേറോദേസിനെ ഉടനടി നാമാവശേഷനാക്കുവാൻ ഈശോയിക്കു് കഴിയുമായിരുന്നു. ആക്കും ഒരുപദ്രവവും ചെയ്യരുതെന്നും, എതിർപ്പോ, പ്രതികാരേച്ഛയോ കൂടാതെ ഉപദ്രവങ്ങളെ സഹിക്കണമെന്നും നമ്മെ പഠിപ്പിക്കുന്നതിനു് ഈശോ അധികാരികൾക്കു് സസന്തോഷം കീഴ്വഴങ്ങുന്നു. സൗമ്യതയും മനസമാധാനവും നഷ്ടപ്പെടുത്തുന്നതിനെക്കാൾ നല്ലതു് എല്ലാ ഉപദ്രവവും സഹിച്ചുകൊള്ളുകയാണു്. എത്ര സന്തോഷത്തോടെയാണു് ഈശോ സ്വർഗ്ഗസ്ഥപിതാവിൻെറ തിരുവിഷ്ടത്തിനു് തന്നെത്തന്നെ കീഴ്പ്പെടുത്തുന്നതു്. വി. യൗസേപ്പ് പിതാവിൻെറ നിയന്ത്രണത്തിനു് വഴങ്ങികൊടുക്കുന്നതും എത്ര ആനന്ദത്തോടെയാണു്. നിൻെറ ഇഷ്ടാനിഷ്ടങ്ങളെ വകവയ്ക്കാതെ തിരുമനസ്സുപോലെ നിന്നെ കൈകാര്യം ചെയ്യുന്നതു് നിനക്കു് തൃപ്തികരമാണോ?

ഈശോ പലായനം ചെയ്യുന്നതു് മരണത്തെ ഭയന്നല്ലാ, പിന്നെയോ നമുക്കു് ജീവൻ നല്കുന്നതിനു വേണ്ടിയാണു്. സ്വർഗ്ഗത്തിലേക്കുള്ള വഴിത്താര നമുക്കു് കാട്ടിത്തരുന്നതിനും എല്ലാ പുണ്യങ്ങളുടെയും മാതൃക ജീവിച്ചു് കാണിച്ചുതരുന്നതിനുമായി അവിടുന്നു് ലോകത്തിലേക്കു് വന്നു. പൈതൽപ്രായത്തിൽ അവിടുന്നു് മരിച്ചിരുന്നുവെങ്കിൽ ഇതു് സാധ്യമാകാതെ വരുമായിരുന്നു. "നമ്മെ രക്ഷിപ്പാനുള്ള അവിടുത്തെ ആഗ്രഹത്തെ തൃപ്തിപ്പെടുത്തുന്നതിനു് ശിശുപ്രായത്തിലെ രക്തധമനികളിലെ രക്തം മതിയായിരുന്നില്ല. മുപ്പത്തിമൂന്നു് സംവത്സരങ്ങൾകൊണ്ടു് സംഭരിച്ച സമൃദ്ധമായ രക്തംതന്നെ വേണ്ടിയിരുന്നു." എന്നുള്ള വി. ആഗസ്തീനോസിൻെറ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമത്രെ. വിശ്വാസത്താൽ യേശു നമ്മിൽ ജനിക്കുന്നു. അവിടുന്നു നമ്മിൽ വളരുവാൻ നാം ഇടയാക്കണം. മരിക്കുവാൻ ഇടയാക്കരുതു.

## ധ്യാനം ൨൦ ജനുവരി 20

## ഈജിപ്തിലേക്കുള്ള ഈശോയുടെ പ്രയാണം

ബന്ധുക്കൾ, സ്നേഹിതർ, സ്വരാജ്യം എന്നിവയോടുള്ള സ്വാഭാവിക പററുമാനത്തിൽനിന്നു് നമ്മെ സ്വതന്ത്രരാക്കുന്നതിനു് ഈശോ വിദേശവാസത്തിൻെറ ക്ലേശങ്ങൾ സ്വമനസാ ഏറെറടുക്കുന്നു. വിശുദ്ധ വിക്ടർ പറയുന്നു "സ്വരാജ്യത്തെ സ്നേഹിക്കുന്നവൻ പുണ്യത്തിൽ കുറഞ്ഞവനാകുന്നു. ലോകത്തെ മുഴുവൻ സ്വന്തരാജ്യമായിക്കരുതുന്നവൻ പുണ്യത്തിൽ മികച്ചവനും ഉദാരനുമാകുന്നു. ദൈവസേവ

www.malankaralibrary.com

നം ആവശ്യപ്പെട്ടപ്പോൾ പ്രിയപ്പെട്ട എല്ലാവരെയും പരിത്യജിക്കുവാൻ നാം സന്നദ്ധരായിരിക്കണം."

കേവലം ശിശുവായ ഉണ്ണി ഈശോയുടെയും, അവിടുത്തെ വാത്സല്യപ്പെട്ട മാതാവിൻെറയും, മരുഭൂമിയിൽക്കൂടെ അവരെ നടത്തുന്ന വി. യൗസേഫിൻെറയും തീർത്ഥയാത്രയെ ധ്യാനിക്കുക. ഈ യാത്രയിൽ അവർ എന്തുമാത്രം ഞെരുക്കങ്ങളും പ്രയാസങ്ങളും അനുഭവിച്ചിരിക്കണം. അവരുടെ ക്ഷമയെയും എളിമയെയും വാഴ്ത്തിപ്പാടുക.

നിത്യപിതാവിൻെറ തിരുവിഷ്ടവും, ദൈവപുത്രൻെറ ദൃശ്യസാന്നിദ്ധ്യവും ദൈവമാതാവിനും യൗസേപ്പ് പിതാവിനും മരുഭൂമിയെ സന്തോഷത്തിൻെറ പറുദീസായാക്കിത്തീർക്കുന്ന സജീവ ഉറവയായിരുന്നു. "യേശു കൂടെയുള്ളപ്പോൾ എല്ലാം നന്നായിരിക്കും. യാതൊന്നും പ്രയാസമായി തോന്നുകയില്ല. അവിടുത്തെ അസാന്നിധ്യത്തിൽ എല്ലാം പ്രയാസമായിരിക്കും" (ക്രിസ്ഥാ. 2:8 )

ഓ ദിവ്യ ഉണ്ണിഈശോയെ വന്ന് എൻെറ ഹൃദയത്തിൽ വസിക്കണമെ. അങ്ങയുടെ പരമസ്നേഹത്താൽ അതിനെ ശുദ്ധീകരിക്കയും ചെയ്യണമെ.

## ധ്യാനം 21 ജനുവരി 21

## ഈശോയുടെ ഈജിപ്ത് പര്യടനം

ഈജിപ്ത് വാസത്തിൽ ഈശോയുടെകൂടെ പരിശുദ്ധമാതാവും യൗസേപ്പ് പിതാവും അനുഭവിച്ച അതിദാരുണമായ ദാരിദ്ര്യത്തെപ്പററി ചിന്തിക്കുക! കൈകളുടെ അദ്ധ്വാനംകൊണ്ടു് അവർ ജീവിച്ചു. തദ്ദേശവാസികളിൽനിന്ന് ഉപകാരത്തെക്കാൾ അധികം ഉപദ്രവമാണ് അവർക്ക് അനുഭവപ്പെട്ടതു്. അവയെല്ലാം ദൈവതൃക്കരങ്ങളിൽനിന്ന് സമചിത്തതയോടെ അവർ സ്വീകരിച്ചു. ജനനം മുതൽ മരണം വരെ ജീവിതക്ലേശങ്ങൾ ഈശോയ്ക്ക് കൂട്ടായിട്ടുണ്ടായിരുന്നു. നീയും അവയെ ഒഴിഞ്ഞുമാറരുതു്.

ഈ വിദേശത്തു് ഈശോ അഭ്യസിച്ച എളിമയെപ്പററി ധ്യാനിക്കുക. ഒരു തച്ചുപണിക്കാരൻെറ ജോലിയല്ലാതെ മററൊരു ജോലിയുമില്ലാതെ ഈശോ ഇത്ര ദീർഘകാലം ജീവിച്ചതു് എന്തിനു്? ദൈവം കല്പിച്ചുതരുന്ന ജോലികൾ പരിപൂർണ്ണ നിർമ്മലതയോടെ നിർവ്വഹിക്കണമെന്നു നിന്നെ പഠിപ്പിക്കുവാൻ. മററുള്ളവർ ബഹുമാനവും കീർത്തിയും ആർജ്ജിക്കുമ്പോൾ കേവലം പ്രവൃത്തിരഹിതനായി അഗണ്യനായി ജീവിക്കാനിടയാകുന്നതു് സ്വയസ്നേഹത്തിനു് അസഹ്യമാണു്. അങ്ങനെയുള്ള അവസരങ്ങളിൽ തന്നത്താൻ പറയുക. "നിത്യപിതാവു തൻെറ പ്രിയപുത്രനു നല്കിയതു് ഇവയൊക്കെയാണല്ലോ. അവിടുത്തെ പരിവേഷം ധരിക്കുന്നതു് എനിക്കു് ബഹുമതിയാകുന്നു."

www.malankaralibrary.com

ദിവ്യ ഉണ്ണിയുടെ ഹൃദയത്തിൽ ജ്വലിച്ചിരുന്ന ഭക്തിതീക്ഷ്ണതയെയും ഈ ഏകാന്തതയിൽ ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി അവിടുന്ന് എങ്ങനെ വ്യാപരിച്ചിരുന്നു എന്നതിനെപ്പററിയും ചിന്തിക്കുക. പുറജാതികളുടെ അന്ധതയെയും വിഗ്രഹാരാധനയെയും ഓർത്ത് അവിടുന്ന് ദുഃഖിക്കുന്നു. ഇവയ്ക്കെല്ലാം പരിഹാരം ഉണ്ടാക്കുവാനുള്ള തീവ്രമായ ആഗ്രഹം അങ്ങിൽ ജ്വലിക്കുന്നു. പരിഹാരബലിയായി തന്നെത്തന്നെ നിത്യപിതാവിന് അവിടുന്ന് അർപ്പിക്കുകയും ചെയ്യുന്നു. രക്തംചിന്തൽ അല്പംകൂടെ താമസിക്കുമെങ്കിലും കണ്ണുനീർ ഇപ്പോൾതന്നെ ധാരാളമായി അവിടുന്ന് ചിന്തുന്നു.

## ധ്യാനം 22 ജനുവരി 22

## ഹേറോദേസിൻെറ പരാജയം

അമർത്തപ്പെടാത്ത ദുർവ്വികാരങ്ങൾ ഹേറോദേസിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നു് ചിന്തിക്കുക. ദിവ്യശിശു ലോകത്തിലേക്ക് വന്നതു് തൻെറ കിരീടം അപഹരിക്കാനാണെന്നു് അയാൾ ഭയപ്പെട്ടുന്നു. എന്നാൽ സ്വർഗ്ഗരാജ്യത്തിനു നമ്മെ അവകാശികളാക്കുവാനാണു് അവിടുന്ന് വന്നിരിക്കുന്നതു്. ഈ ലോകത്തിലെ നേതൃമ്മന്യന്മാർ എത്ര ഹ്രസ്വവീക്ഷണക്കാർ! "സ്വർഗ്ഗത്തിൽ വസിക്കുന്നവർ അവരെ നോക്കി ചിരിക്കും. കർത്താവു് അവരെ പരിഹസിക്കും." (സങ്കീ 2:4) വെറും ഒരു ഊഹത്തെ ആസ്പദമാക്കി ഹേറോദേസ് കുഞ്ഞുങ്ങളെ കൊല്ലിക്കുന്നു. തെററായ ഒരു ഊഹം മതി പലപ്പോഴും വലിയ അക്രമങ്ങൾക്കു് വഴി തെളിക്കുവാൻ. വികാരനിയന്ത്രണം എത്ര ആവശ്യകം!

ഹേറോദേസിൻെറ ദുരാശകൾക്കു് ഇരയായ ഈ ബലിവസ്തുക്കളുടെ ഭാഗ്യത്തെപ്പററി ചിന്തിക്കുക. സംസാരിക്കുവാൻ പഠിക്കുന്നതിനു മുമ്പുതന്നേ അവർ സ്വരക്തത്താൽ ഈശോയെ ഏററുപറയുകയും രക്തസാക്ഷി മകുടം ചൂടുകയും ചെയ്തു. ദിവ്യപരിപാലന അനുവദിക്കുന്ന പീഢനമാണു് ലോകത്തിൻെറ കപടചുംബനത്തെക്കാൾ പലപ്പോഴും നമുക്കു കൂടുതൽ പ്രയോജനകരമെന്ന മഹൽപാഠം ഇതു നമ്മെ പഠിപ്പിക്കുന്നു. "ശിശുക്കൾ എൻെറ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടയണ്ടാ. എന്തുകൊണ്ടെന്നാൽ ദൈവരാജ്യം അവരെപ്പോലെയുള്ളവരുടേതാണു്." (മർക്കോ. 10:14)

സമാധാനപ്രഭു ലോകത്തിൽ ആഗതനായ ഉടനെ യുദ്ധവും പൊട്ടിപ്പുറപ്പെടുന്നു. നമ്മുടെ ആത്മാവിൽ പുതിയ ജീവൻ ഉളവാക്കുവാൻ വന്ന നിമിഷത്തിൽതന്നെ സ്വയസ്നേഹം അതിൻെറ എല്ലാ വികാരങ്ങളോടുംകൂടെ പാഞ്ഞെത്തുകയായി. ഈ യുദ്ധത്തിൽ നിഷ്പക്ഷനായിരിപ്പാൻ നിനക്കു സാധ്യമല്ല. ദൈവീകജീവൻ നിന്നിൽ നിലനിറുത്തണമെങ്കിൽ സ്വയത്തോടു് സന്ധിയില്ലാസമരം ചെയ്തേ മതിയാവൂ.

www.malankaralibrary.com

## ധ്യാനം 23 ജനുവരി 23

### ഈജിപ്തിൽനിന്നുള്ള ഈശോയുടെ പ്രത്യാഗമനം

നിത്യപിതാവിൻെറ തിരുവിഷ്ടപ്രകാരം ഈശോ ഈജിപ്തിലേക്ക് യാത്രയായി. ആ തിരുവിഷ്ടപ്രകാരം തന്നേ അവിടുന്ന് സ്വദേശത്തേക്ക് മടങ്ങുകയും ചെയ്തു. ക്ലേശങ്ങൾ നിത്യകാലം നിലനില്ക്കയില്ല എന്നും അവയിൽനിന്നുള്ള വിമോചനത്തിനായി ദൈവേഷ്ടത്തെ നോക്കിപ്പാർക്കണമെന്നും ഈശോയുടെ പ്രത്യാഗമനം വിളിച്ചറിയിക്കുന്നു. തിരിച്ചുവരുവാൻ ഞാൻ ആജ്ഞാപിക്കുന്നതുവരെ അവിടെ (ഈജിപ്തിൽ) തന്നെ വസിക്കുകയെന്നതായിരുന്നു ദൈവകല്പന. ദാരിദ്ര്യത്തിലോ, രോഗത്തിലോ, കഷ്ടപ്പാടുകളിലോ നിന്നെ ഇട്ടുകളയുവാനാണ് ദൈവം തിരുമനസാകുന്നതെങ്കിൽ നിരാശപ്പെടുകയോ മനസ്സു ക്ഷീണിച്ചുപോകയോ അരുത്.

ഹേറോദേസിൻെറ മരണാനന്തരം ഈശോ നസ്രത്തിലേക്ക് മടങ്ങി. നിൻെറ ആത്മാവിൻെറ ശത്രുക്കളെയെല്ലാം നീ നശിപ്പിക്കുന്നതുവരെ ഈശോ നിൻെറ ആത്മാവിൽ വസിക്കാൻ വരികയില്ല. ക്രമരഹിതമായ വികാരവിപ്ലവങ്ങളിൽനിന്ന് അവിടുന്ന് ഓടിയൊളിക്കും. ഈശോയുടെ സാന്നിദ്ധ്യസൗഭാഗ്യം നമുക്ക് അനുഭവമാകണമെങ്കിൽ നാമും നമുക്കുതന്നെ മരിച്ചവരാകണം.

നിത്യമായ വിപ്രവാസത്തിൽനിന്ന് നമ്മെ വിടുവിക്കുവാൻ വേണ്ടി, ഈജിപ്തിലെ വിപ്രവാസത്തിൽനിന്ന് ഈശോ സ്വന്തരാജ്യത്തിലേക്ക് മടങ്ങുന്നു. നമ്മെ സ്വീകരിക്കുവാൻവേണ്ടി തുറക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗീയഭവനത്തെക്കുറിച്ചുള്ള ആകാംക്ഷ ഈ ലോകക്ലേശങ്ങൾ സന്തോഷത്തോടെ വഹിപ്പാൻ നമ്മെ പ്രേരിപ്പിക്കട്ടെ. "കർത്താവിൻെറ ആലയത്തിലേക്ക് നമുക്ക് പോകാം എന്ന് അവർ എന്നോട് പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു." (സങ്കീ: 121:1)

## ധ്യാനം 24 ജനുവരി 24

### 12-ാംവയസ്സിൽ ഈശോ ദൈവാലയത്തിൽ പോകുന്നതു്

പെസഹാ എന്ന വലിയ പെരുനാളിൽ സംബന്ധിക്കുന്നതിനായി ഈശോ യെരുശലേമിലേക്ക് പോകുന്നു. സഭയിൽ ആചരിക്കപ്പെടുന്ന പെരുനാളുകളിൽ നാം ഭക്തിപുരസരം സംബന്ധിക്കണമെന്ന് ഈശോ നമ്മെ ഉൽബോധിപ്പിക്കുന്നു. നമ്മുടെ കർത്താവിൻെറ ജീവിതരഹസ്യങ്ങളുടെയും വിശുദ്ധന്മാരുടെ പുണ്യങ്ങളുടെയും പ്രതിഫലങ്ങളുടെയും ഓർമ്മ നിവർത്തിക്കപ്പെടുന്നു. ഈ പെരുനാളുകളിൽ, വിലയേറിയ അനുഗ്രഹങ്ങൾ നമുക്ക് പ്രാപിക്കാവുന്നതാണ്. കർത്താ-

www.malankaralibrary.com

വേ! ഈ ലോകത്തിൽ നിന്നോട്ടുകൂടെ അനുഗ്രഹപ്രദമായി പെരുനാളുകൾ ആചരിക്കുന്നതിനും നിത്യപെരുനാളുകളിൽ വന്നടുക്കുന്നതിനുമുള്ള കൃപ എനിക്കു് തന്നരുളണമെ.

സന്തോഷത്തോടുകൂടെ നാം പെരുനാൾ ആഘോഷിക്കണം. കാരണം ഒരു ക്രിസ്ത്യാനിക്കു് ആനന്ദം നല്കുന്ന പ്രാർത്ഥന, ഭക്തകൃത്യങ്ങൾ എന്നിവയ്ക്കായി നീക്കിവയ്ക്കപ്പെട്ടിരിക്കുന്ന ദിവസങ്ങളാണിവ. "മനുഷ്യമക്കളോടുകൂടി സഹവസിക്കുന്നതു് എനിക്കു് ആനന്ദമാകുന്നു" എന്നു് കർത്താവു് അരുളിചെയ്തിരിക്കുന്നു. അവിടുത്തോടു് അടുത്തു് സഹവസിക്കുന്നതിനുള്ള അവസരങ്ങളാണു് പെരുനാൾ ദിവസങ്ങൾ വെറും ഉല്ലാസത്തിനായി പെരുനാൾ ആഘോഷിപ്പു് തഴക്കദോഷത്തിന്റെ ഫലമായി അനുഗ്രഹത്തിനു പകരം ദൈവകോപത്തിനു് വശംവദരാകാതെതിരിപ്പാൻ നാം ശ്രദ്ധയുള്ളവരായിരിക്കണം.

ഈശോ ദൈവാലയത്തിലേക്കു് പോയതു് ഗുരുവിന്റെ ഉദ്യോഗം നിർവ്വഹിക്കാനല്ല; പിന്നെയോ ശിഷ്യന്റെ കടമ നിർവ്വഹിക്കുവാനായിരുന്നു. ദിവ്യബലിയിൽ സഹായിക്കുന്നതിനും, പ്രാർത്ഥനകൾ നടത്തുന്നതിനും ദൈവവചനം ശ്രവിക്കുന്നതിനും വേണ്ടി കൂടെ കൂടെ ദൈവാലയത്തിലേക്കു് പോകണം. പാപത്താൽ നഷ്ടപ്പെട്ടുത്തിയ സമയത്തിനു് പരിഹാരമുണ്ടാക്കുന്നതിനും മരണത്തിനു് ഒരുങ്ങുന്നതിനും സൗഭാഗ്യകരമായ നിത്യത സമ്പാദ്യമാക്കുന്നതിനും ആവശ്യമുള്ളതെല്ലാം അവിടെവച്ചു നാം പഠിക്കുന്നു. "കർത്താവെ നിന്റെ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ. അവർ നിന്നെ നിത്യമായി സ്തുതിക്കും".

## ധ്യാനം 25 ജനുവരി 25

## യേശു യരുശലേമിൽ താമസിച്ചു. അവന്റെ മാതാപിതാക്കന്മാർ അതു് അറിഞ്ഞതുമില്ല.

പാപം നിമിത്തം നമുക്കു് നേരിടുന്ന ഭയങ്കര നഷ്ടത്തെപ്പറ്റി നാം ബോധവാന്മാരാകണമെന്നു് ഈ രഹസ്യം നമ്മെ ഉൽബോധിപ്പിക്കുന്നു. വി. യോബു് പാപത്തെ ചിതലിനോടു് ഉപമിക്കുന്നു. ആ ജന്തു നമ്മുടെ വിലയേറിയ വസ്തുത്തെ മൗനമായി കരണ്ടു തിന്നുകൊണ്ടിരിക്കുന്നു. അതെപ്പറ്റി നാം ബോധവാന്മാരാകുന്നതിനു മുമ്പു് നമ്മുടെ വസ്തും മുഴുവനായി നശിപ്പിച്ചിരിക്കും. നിന്റെ ദുഷ്ഫലം കാണാനുള്ള ഭയം നിമിത്തം അതിന്റെ നേരെ കണ്ണടച്ചുകളയുന്നതു് ബുദ്ധിയല്ല.

യൗസേഫ് പിതാവിനും, കന്യകാമാതാവിനും, ഉണ്ണിഈശോയെ നഷ്ടപ്പെട്ടതു് അവരുടെ കുററം കൊണ്ടായിരുന്നില്ല. നമ്മുടെ ഭാഗത്തുനിന്നുള്ള കുററം കൂടാതെതന്നെ ദൈവം ചിലപ്പോൾ നമുക്കു് ന

www.malankaralibrary.com

ഷ്ടപ്പെടാനിടയുണ്ട്. ഘനമായ പാപംമൂലം വരപ്രസാദം നഷ്ടപ്പെട്ടുന്നതു് പാപികളെപ്പോലെ ദൈവത്തെ നഷ്ടപ്പെടുത്തുകയാകുന്നു. മൂന്നാമത്തെ കൂട്ടർക്ക് പലപ്പോഴും അതിവേദനകരമായ ആത്മീയവരൾച്ച അനുഭവപ്പെട്ടും. എങ്കിലും ആത്മസമാധാനം അവർ കൈവെടിയുകയില്ല. ദൈവം തൻെറ വത്സല മക്കളോട്ട് ഈവിധം വർത്തിക്കുന്നതു് അവരെ ദൈവതിരുമനസിനു് പൂർണ്ണമായി കീഴ്പ്പെടുത്തുന്നതിനും, ദിവ്യപരിപാലനയ്ക്കു് അവരെ കൂടുതലായി വശംവദരാക്കുന്നതിനും വേണ്ടിയാകുന്നു.

"ഞാൻ എൻെറ പിതാവിൻെറ ഭവനത്തിലായിരിക്കേണ്ടതാകുന്നു എന്നു് നിങ്ങൾക്കറിഞ്ഞുകൂടെ." (ലൂ: 2:49) എന്നു നമ്മുടെ കർത്താവു് ചോദിക്കുന്നു. വി. വേദത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഈശോയുടെ പ്രഥമവാക്യം ഇതാകുന്നു. ക്രിസ്തുമതത്തിൻെറ കാതലായ ചിഹ്നമായി ഇതിനെ നാം അംഗീകരിക്കേണ്ടതാകുന്നു.

ദൈവത്തെ നഷ്ടപ്പെടുത്താതിരിക്കുന്നതിനും, നമ്മെ ഉപേക്ഷിക്കാതെയിരിപ്പാൻ അവിടുത്തെ നിർബന്ധിക്കുന്നതിനുംവേണ്ടി നമ്മുടെ ഹൃദയത്തിലുള്ള ദൈവസാന്നിധ്യത്തെ തടസപ്പെടുത്തുന്ന എല്ലാററിനേയും ദൂരീകരിക്കണമെന്നു് ഈ ദിവ്യരഹസ്യം നമ്മെ ഉൽബോധിപ്പിക്കുന്നു.

## ധ്യാനം 26 ജനുവരി 26

## ഉണ്ണിഈശോ നമുക്കു് നഷ്ടപ്പെടുന്ന വിധങ്ങൾ

യെരുശലേമിൽനിന്നു് നസ്രേത്തിലേക്കു് മടങ്ങിയപ്പോളാണ ഉണ്ണിഈശോ പരിശുദ്ധ ദൈവമാതാവിനു് നഷ്ടപ്പെട്ടതു്. നാം കുറേശെ കുറേശെയായി ദൈവസ്നേഹത്തിൽനിന്നു് വീണുപോകയും നമ്മുടെ പഴയ പാപജീവിതത്തിലേക്കു് പിന്തിരിയുകയും ചെയ്യുമ്പോൾ ഈശോ നമുക്കു് നഷ്ടപ്പെട്ടും. ദൈവതിരുമുമ്പാകെ നാം ചെയ്തിട്ടുള്ള പ്രതിജ്ഞകളെ പൂർണ്ണമായി നിറവേററുകയും സമർപ്പിത ജീവിതത്തിനായി ഇറങ്ങിതിരിച്ചപ്പോളുണ്ടായിരുന്ന ഭക്തിതീക്ഷ്ണതയെ നവീകരിക്കയും വേണം.

ഉണ്ണിഈശോ വി. യൗസേപ്പിനോടുകൂടെ ഉണ്ടായിരിക്കുമെന്നു് ഊഹിച്ചതിനാൽ ദൈവമാതാവിനു് അവിടുന്നു് നഷ്ടപ്പെട്ടു. ന്യായപൂർവ്വമായ ഈ ഊഹത്തെ കുററപ്പെടുത്താനാവില്ല. എന്നാൽ ഈശോ നമുക്കു് നഷ്ടപ്പെടുന്നതു് അടിസ്ഥാനരഹിതമായ ഊഹാപോഹങ്ങൾകൊണ്ടും, അജ്ഞതകൊണ്ടും, ശ്രദ്ധക്കുറവുകൊണ്ടുമാകുന്നു. "ഏററം വലിയ പുണ്യവാന്മാർക്കുപോലും ഇങ്ങനെയുള്ള കുററങ്ങൾ ഉണ്ടായിട്ടുണ്ടു്. ദൈവതൃക്കണ്ണുകളിൽ ഇവ നമ്മെ കുററക്കാരാക്കുന്നില്ല." എന്നിങ്ങനെ പറഞ്ഞു് നമ്മുടെ പല കുററങ്ങളെയും നീതികരിക്കാൻ

www.malankaralibrary.com

ശ്രമിക്കുന്നു. എന്നാൽ ഒരു കാര്യം നാം ഓർക്കണം. "ക്രിസ്തുവിനെ നഷ്ടപ്പെടുത്തുന്നവൻ ലോകം മുഴുവൻ നഷ്ടപ്പെട്ടാലെന്നതിനെക്കാൾ വലിയ നഷ്ടമാണ് സഹിക്കുന്നത്. ക്രിസ്തുവിനെ കണ്ടെത്തുന്നവനോ സകല നന്മകളെക്കാൾ ഉപരിയായ നല്ല നിക്ഷേപത്തെ കണ്ടെത്തുന്നു." (ക്രിസ്റ്റാ. 11:8)

വാഴ്ത്തപ്പെട്ട കന്യകമാതാവിനു് ഈശോ നഷ്ടപ്പെട്ടതു് അങ്ങയുടെ പേരിൽ അവൾക്കുണ്ടായിരുന്ന വിശ്വാസം നിമിത്തമാണ്. അവിടുന്ന് സർവ്വശക്തനാണെന്നും അവിടുത്തെ അനുവാദപ്രകാരമല്ലാതെ ഒന്നും സംഭവിക്കയില്ലെന്നും അവൾ അറിഞ്ഞിരുന്നു. അതുകൊണ്ടു് അവൾക്കു് അവിടുത്തെപ്രതി യാതൊരു ഭയപ്പാടുമുണ്ടായിരുന്നില്ല. എന്നാൽ നീ ഈശോയെ നഷ്ടപ്പെടുത്തുന്നതു് അപകടം ഏററം ആസന്നമായിരിക്കെ, യാതൊന്നും ഭയപ്പെടുവാനില്ലായെന്ന ഭാവത്തിൽ അവിവേകമായി പ്രവർത്തിക്കുമ്പോളാണ്; "ആ ഉടമ്പടി ന്യായമാണ്. ആ പ്രതികാരം സ്വയം സംരക്ഷണമാണ്. ആ കൂട്ടുകെട്ട് നിർദ്ദോഷമാണ്." എന്നൊക്കെ ഊഹിച്ച് അപകടത്തിൽ എടുത്തുചാടുന്നു. ഈ കെണികളെല്ലാം വിട്ടൊഴിഞ്ഞു് ഭയഭക്തിയോടെ ദൈവതിരുസന്നിധിയിൽ വ്യാപരിക്കുക. "ദൈവമേ! അങ്ങു് എന്നിൽനിന്നു് അകന്നിരിക്കരുതേ. എന്റെ സഹായത്തിനായി വേഗം വരണമേ." (സങ്കീ: 70:12)

## ധ്യാനം 27 ജനുവരി 27

## പൈതലായ യേശുവിനെ എങ്ങനെ അന്വേഷിക്കണം

ദിവ്യനാഥന്റെ അസാന്നിദ്ധ്യം മനസ്സിലായ ഉടനെതന്നെ പരിശുദ്ധമാതാവു് അവിടുത്തെ അന്വേഷിച്ചു് പുറപ്പെടുന്നു. നമ്മുടെ കുററംകൊണ്ടു് ഈശോ നമ്മിൽനിന്നു് അകന്നുപോകയോ, അവിടുന്നു് നമുക്കു് നഷ്ടപ്പെടുകയോ ചെയ്താൽ വിനാവിളംബം അതീവ താല്പര്യത്തോടെ അവിടുത്തെ അന്വേഷിക്കേണ്ടതാണ്. വർത്തമാനകാലത്തിലെ ഈ നിമിഷം മാത്രമാണ് നിന്റെ അധീനതയിലുള്ളതു് ഈ നിമിഷം കടന്നുപോകുവാൻ അനുവദിക്കയും മരണം യാദൃച്ഛികമായി നിന്നെ പിടികൂടുവാൻ അനുവദിക്കുകയും ചെയ്താൽ യേശു നിനക്കു് എന്നേക്കുമായി നഷ്ടപ്പെടും. അതു് അപരിഹാര്യമായ നഷ്ടമായിരിക്കും. നീ നിസാരമായി തള്ളിക്കളയുന്ന സമയം പിശാചിനു നല്കുന്ന വഴിപാടാകുന്നു. പ്രായശ്ചിത്തത്തിനായി പ്രതിഷ്ഠിക്കുന്ന സമയമോ, ഈശോയിക്കു് അർപ്പിയ്ക്കുന്ന ബലിയുമാകുന്നു. ഈ നിമിഷത്തിൽ തന്നെ നീ മാനസാന്തരപ്പെടണമെന്നു് ഈശോ ആഗ്രഹിക്കുന്നു.

പരിശുദ്ധമാതാവിനു് ഈശോയുടെ നേരെയുള്ള സ്നേഹമാണ് ഒട്ടും താമസിയാതെ യെരുശലേമിലേക്കു് മടങ്ങുന്നതിനു് അവളെ പ്രേമി

www.malankaralibrary.com

കുന്നതു്. "നിങ്ങളെന്നെ അന്വേഷിക്കും. നിങ്ങൾ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും." (യോ. 29:13) ദൈവത്തെ മാത്രം വാഞ്ചിക്കുന്ന നിസ്സഹോജ്വല ഹൃദയത്തോടെ അന്വേഷിച്ചാൽ അവിടുത്തെ കണ്ടെത്താതിരിക്കയില്ല. വിശക്കുന്നവൻ അപ്പം അന്വേഷിക്കുന്നപോലെയും മരണത്തിനായി വിധിക്കപ്പെട്ടവൻ ജീവസംരക്ഷണത്തിനായി പണിപ്പെടുന്നതുപോലെയും നീ അദ്ധ്വാനിക്കണം. "കർത്താവെ അങ്ങയുടെ തിരുമുഖം എന്നിൽനിന്നു് മറയ്ക്കരുതെ അങ്ങയുടെ ദാസനെ കോപപൂർവ്വം നിരസിക്കയുമരുതെ". (സങ്കീ. 26:9)

പരിശുദ്ധ മാതാവിൻെറ യാതൊരു കുററവുംകൊണ്ടല്ല ശിശു നഷ്ടപ്പെട്ടതെങ്കിലും ഹൃദയഭേദകമായ വേദനയോടുകൂടെയാണു് അവൾ അവിടുത്തെ അന്വേഷിക്കുന്നതെന്നു് ചിന്തിക്കുക. പാപത്താൽ ഈശോ നമുക്കു് നഷ്ടപ്പെട്ടപ്പോൾ അതിനെക്കാൾ എത്രയധികമായ വേദനയോടെ അവിടുത്തെ അന്വേഷിക്കേണ്ടതാകുന്നു. സാങ്കല്പികവിപത്തുകളെ ചൊല്ലി നാം കരയുന്നു. എന്നാൽ നമ്മുടെ വിലാപം അർഹിക്കുന്ന ഏക വിപത്തു് ഈശോ നമുക്കു് നഷ്ടപ്പെടുന്നതാകുന്നു. അനുതാപകണ്ണീരാൽ ഈ വിപത്തിനു കാരണമായ പാപത്തിൻെറ മാലിന്യത്തെ നാം തുടച്ചു മായിച്ചു കളയണം.

## ധ്യാനം 28 ജനുവരി 28

## നഷ്ടപ്പെട്ട പൈതലായ ഈശോയെ നമുക്കു് എങ്ങനെ കണ്ടുപിടിക്കാം?

മൂന്നു ദിവസങ്ങൾക്കു ശേഷമാണു് പരിശുദ്ധമാതാവു് ഈശോയെ കണ്ടെത്തുന്നതു്. ഈ മൂന്നുദിവസം മാനസാന്തരത്തിൻെറ മൂന്നു ഘട്ടങ്ങളെ കുറിക്കുന്നു. ഒന്നാമത്തേതു് ഹൃദയനുറുക്കത്തിൻെറയും പ്രായശ്ചിത്തത്തിൻെറയും ദിവസമാകുന്നു. ഇതുവഴി നാം പാപപരിഹാരം തേടുന്നു. രണ്ടാമത്തേതു് അഗാധമായ മനക്കലക്കത്തിൻെറയും ലജ്ജയുടെയും ദിവസമാകുന്നു. "എൻെറ അവമാനം എപ്പോഴും എൻെറ മുമ്പിലുണ്ടു്. ലജ്ജ എൻെറ മുഖത്തെ മറയ്ക്കുകയും ചെയ്തിരിക്കുന്നു." (സങ്കീ. 43:16) മൂന്നാമത്തേതു് പഴയ മനുഷ്യനെ നമ്മിൽനിന്നു് ഉരിഞ്ഞുകളഞ്ഞു് പുതിയ മനുഷ്യനെ ധരിക്കുന്നതാകുന്നു.

രാത്രി കഴിയാറായി. പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ അന്ധകാരത്തിൻെറ പ്രവൃത്തികൾ വർജ്ജിച്ചു് പ്രകാശത്തിൻെറ പടച്ചട്ട നമുക്കു് ധരിക്കാം. (റോമ. 13:12)

നീതിമാന്മാർ ദൈവത്തെ അന്വേഷിക്കയും മൂന്നു ദിവസങ്ങൾക്കു ശേഷം കണ്ടുപിടിക്കയും ചെയ്യുന്നു. സന്യാസപരമായ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നിവയുടെ ചിഹ്നമാണു് ഈ മൂന്നു ദിവസങ്ങൾ. ഇവയുടെ കൃത്യമായ അനുഷ്ഠാനംവഴി നഷ്ടപ്പെട്ട ഈശോയെ നമുക്കു് കണ്ടെത്താം.

www.malankaralibrary.com

പൂജ്യന്മാർ മൂന്നു ദിവസങ്ങൾക്കുശേഷം കൂടുതൽ ശ്രേഷ്ഠമായ വിധത്തിൽ ഈശോയെ കണ്ടെത്തുന്നു. ഒന്നാമത്തേതു് ആശ്വാസദിനമാകുന്നു. വി. ആഗസ്തീനോസ് പറയുന്നു "ഒരു നിർമ്മല മനസ്സാക്ഷിക്കു മാത്രമെ പ്രശാന്തമായിരിപ്പാൻ സാധിക്കൂ. മനസാക്ഷിയെ അസ്വസ്ഥമാക്കുന്ന യാതൊന്നും നിൻെറ മനസ്സിൽ പ്രവേശിക്കാതെയിരിക്കട്ടെ. രണ്ടാമത്തേതു് ധ്യാനത്തിൻെറ ദിവസമാകുന്നു. ഈശോയുടെ പുണ്യങ്ങളെ ആത്മാവിൽ പ്രതിഫലിപ്പിക്കുന്ന പ്രകാശദിനമാണിതു്. ഇതിനെതുടന്നു് വരുന്നതാകുന്നു ദിവ്യസ്നേഹത്തിൻെറ മൂന്നാം ദിനം. ഇതിൽ ഭക്താത്മാവു് ആത്മമണവാളൻെറ പീഡാനുഭവങ്ങളെയും അവൻക്കായി ഒരുക്കപ്പെട്ടിരിക്കുന്ന നിത്യമഹത്വത്തെയുംപററി ധ്യാനിച്ചു് അങ്ങിൽ ഐക്യപ്പെട്ടു് ജീവിക്കുന്നു.

**ധ്യാനം 29** ജനുവരി 29

## ഈശോയെ ആത്മാവിൽ ഭദ്രമായി സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

പരിശുദ്ധ ദൈവമാതാവു് ഈശോയെ കണ്ടെത്തിയശേഷം പിന്നീടു് ഒരിക്കലും അങ്ങിൽനിന്നു് വേർപെട്ടിരുന്നില്ല. ഈശോയെ നിൻെറ ആത്മാവിൽ നിരന്തരം കാത്തു സൂക്ഷിക്കുന്നതിനുള്ള പോംവഴികൾ നീയും അന്വേഷിക്കണം. ലോകം, ജഡം, പിശാചു് എന്നീ പ്രബല ശത്രുക്കൾ ഈശോയെ നിന്നിൽനിന്നും ബഹിഷ്കരിക്കുന്നതിനും അവിടുത്തെ സ്ഥാനം അവസ്ക്കു് ഒഴിഞ്ഞുകൊടുക്കുന്നതിനും നിന്നെ നിർബ്ബന്ധിക്കും. വിശ്വസ്തതയും ധൈര്യവതിയുമായ ആത്മാവു് അവയോടു് പറയും. "എൻെറ ആത്മാവു് സ്നേഹിക്കുന്നവനെ ഞാൻ കണ്ടെത്തി. അവിടുത്തോടുള്ള സ്നേഹത്തിൽനിന്നു് യാതൊന്നും എന്നെ വേർപെടുത്തുകയില്ല." (റോ. 8:38–39)

യേശുക്രിസ്തുവിനെ ആത്മാവിൽ സൂക്ഷിപ്പാൻ കഴിയണമെങ്കിൽ നീ സദാ ജാഗരൂകനായിരിക്കണം. അവിടുത്തെ ചുററും വിശ്വസ്തരും ഉദാരമതികളുമായ കാവല്ക്കാരെ നിയമിക്കയും വേണം. സുസ്ഥിരവും ഫലപ്രദവുമായ പ്രതിജ്ഞകളും സദ്‌വിചാരങ്ങളുമാകുന്നു ഈ കാവല്ക്കാർ. വി. ആഗസ്തീനോസ് പറയുന്നു, "സദ്‌വിചാരങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ട ആത്മാവു് ശത്രുക്കൾക്കെതിരെ അപ്രതിഘതവും അജയ്യവും അചഞ്ചലവുമായ കോട്ടയായിരിക്കും."

നീ എത്രതന്നെ ജാഗരൂകനായിരുന്നാലും യേശുക്രിസ്തു തൻെറ ഐന്ദ്രീകസാന്നിധ്യത്തെ ചിലപ്പോൾ നിന്നിൽനിന്നു പിൻവലിച്ചുവെന്നു് വരും. അതു നിനക്കു് അരോചകമായിരിക്കും. അപ്പോൾ നിരാശപ്പെടാതെ കൂടുതൽ തീക്ഷ്ണതയോടെ അവിടുത്തെ അന്വേഷിക്കണം. യാതൊന്നിനെ അധികപ്രയാസത്തോടെ അന്വേഷിക്കുന്നുവോ അതിനെ കണ്ടെത്തുമ്പോൾ അധികസന്തോഷവും അനുഭവപ്പെട്ട

www.malankaralibrary.com

മല്ലോ. നിൻെറ ഹൃദയത്തിൽ അവിടുത്തേക്കായി ഒരു വസതി തയ്യാറാക്കുകയും അവിടുത്തെ പുണ്യങ്ങളെ അനുകരിക്കുകയും പരിശുദ്ധ മാതാവിനെപോലെ അവിടുത്തെ വചനങ്ങളെ അനുദിനം ധ്യാനിക്കയും വേണം. ''അവൾ (മാതാവു്) ഈ വചനങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു് ധ്യാനിച്ചുകൊണ്ടിരുന്നു.'' (ലൂ. 2:19)

## ധ്യാനം 30 ജനുവരി 30

## ഈ രഹസ്യത്തെപ്പററിയുള്ള ഉപരിവിചിന്തനം

''അവർ അവനെ ദൈവാലയത്തിൽ കണ്ടു. (ലൂ. 2:46) ചാർച്ചക്കാരുടെയും പരിചിതരുടെയും ഇടയിൽ യേശുവിനെ അവർ അന്വേഷിച്ചെങ്കിലും കണ്ടെത്തിയില്ല. വിദ്വാന്മാർ രാജകൊട്ടാരത്തിൽ അവിടുത്തെ അന്വേഷിച്ചു. കണ്ടില്ല. ദൈവാലയത്തിലാണു് അവിടുത്തെ കണ്ടെത്തിയതു്. യേശുവിനെ കാണുവാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ ''സ്വജനത്തെയും പിതൃഭവനത്തെയും വിസ്മരിക്കുക. രാജാവു് നിൻെറ സൗന്ദര്യത്തെ ആഗ്രഹിക്കും. എന്തെന്നാൽ അവൻ നിൻെറ ദൈവമായ കർത്താവാകുന്നു.'' (സങ്കീ. 4:4-11) സ്വന്തക്കാരുടെ ഇടയിലോ, വ്യർത്ഥസന്തോഷത്തിൻെറയും, അലസ സംതൃപ്തിയുടെയും ഇടയിലോ അവിടുത്തെ കാണപ്പെടുകയില്ല. അവരോടുള്ള സ്നേഹം നിന്നെ വഴിതെററിക്കാതിരിക്കട്ടെ.

അവർ അവനെ ശാസ്ത്രികളുടെ മദ്ധ്യേ ഇരിക്കുന്നതായി കണ്ടു. (ലൂ. 2:46) ഈശോ വേദശാസ്ത്രജ്ഞന്മാരുടെ ഗുരുവാണെങ്കിലും ശിഷ്യരുടെ ഗണത്തിൽ തന്നെത്താന്ന് പരിഗണിക്കുന്നു. ''ഈ ലോകത്തിലേക്കുവരുന്ന എല്ലാവരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ച''മായ അവിടുത്തേക്കു് അവരുടെ ഉപദേശം ആവശ്യമായിരുന്നില്ല. എങ്കിലും എളിമ നിമിത്തം ദൈവികത്വത്തിൻെറ ശ്രേഷ്ഠതയെ അവിടുന്നു് മറച്ചുവെച്ചു. ദൈവികമാർഗ്ഗങ്ങളിൽ വഴി കാട്ടിയോ, ഡയറക്ടറോ ഇല്ലാത്തവനെപ്പോലെ അത്ര ദുർബ്ബലനും പെട്ടെന്നു് പരാജയപ്പെടുന്നവനും വേറെ ആരുമില്ല.

അവൻെറ അമ്മ അവനോടു് പറഞ്ഞു. ''എൻെറ മകനേ, നീ എന്താണു് ഞങ്ങളോടു് ഇങ്ങനെ ചെയ്തതു്. നിൻെറ പിതാവും ഞാനും സങ്കടത്തോടെ നിന്നെ അന്വേഷിക്കയായിരുന്നുവല്ലോ.'' (ലൂ. 2:48) ഇതു് അക്ഷമതയോ, പിറുപിറുപ്പോ അല്ല പിന്നെയോ മാതൃസ്നേഹത്തിൻെറ കര കവിഞ്ഞുള്ള ഒഴുക്കാണു്. എങ്കിലും ദൈവപുത്രൻ അരുൾ ചെയ്യുന്നു. ''ഞാൻ എൻെറ പിതാവിൻെറ ഭവനത്തിൽ ആയിരിക്കേണ്ടവനാണെന്നു് നിങ്ങൾക്കു് അറിഞ്ഞുകൂടെയോ.'' (ലൂ. 2:49) അവിടുന്നു് ലോകത്തിലേക്കു് വന്നിരിക്കുന്നതു് നിത്യപിതാവിൻെറ മഹത്വഭരണം പുനഃസ്ഥാപിക്കുന്നതിനും മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുന്നതിനും വേണ്ടിയാണെന്നു് സ്പഷ്ടമായി അവിടുന്നു് അരുൾ

www.malankaralibrary.com

ചെയ്യുന്നു. ആത്മരക്ഷയാണ് സർവ്വപ്രധാന കാര്യം. ദൈവമഹത്വവും ദൈവസേവനവും ആവശ്യപ്പെട്ടുമ്പോൾ ഏതു ത്യാഗത്തിനും നാം സന്നദ്ധരാകണം. "ഒരുവൻ സർവ്വലോകവും നേടിയിട്ട് ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം."

## ധ്യാനം 31 ജനുവരി 31

## യേശു നസ്രത്തിലേക്കു മടങ്ങുന്നു

ഈശോ അങ്ങയുടെ ദിവ്യജ്ഞാനത്തിൻെറ ഏതോ പ്രശസ്ത രഹസ്യത്താൽ പന്ത്രണ്ടാം വയസ്സുമുതൽ മുപ്പതാംവയസ്സുവരെ ലോകത്തിൽ അറിയപ്പെടാത്തവനായി ജീവിപ്പാൻ തിരുമനസ്സായി. "ഓ കർത്താവേ, അങ്ങയുടെ പ്രവൃത്തികൾ എത്ര ശ്രേഷ്ഠവും അങ്ങയുടെ വിചാരങ്ങൾ എത്ര അഗാധവുമാണ്. (സങ്കീ: 916:). നിഗൂഢജീവിതത്തിൻെറ ഭാഗ്യവും നന്മകളും നമുക്ക് വെളിപ്പെടുത്തി തരുവാൻ അവിടുത്തോട് നമുക്ക് അപേക്ഷിക്കാം.

ദൈവപുത്രൻ യൗസേഫിൻെറ പുത്രനായി അറിയപ്പെടുകയും അദ്ദേഹത്തിൻെറ തൊഴിലിൽതന്നെ ഏർപ്പെടുകയും ചെയ്തു. അവിടുത്തെ താഴ്മ എത്ര വിസ്മയനീയം. അവിടുത്തെ ജീവിതത്തിലെ മററെല്ലാ മഹൽകാര്യങ്ങളെക്കാൾ പ്രശംസനീയമാണ് ഈ താഴാഴ്മ. ഓ കർത്താവേ! മഹോന്നതൻ ഇറങ്ങിവന്ന് അതിൻെറ പ്രാധാന്യം പഠിപ്പിക്കുവാൻ ആവശ്യമായി വരത്തക്കവണ്ണം അത്ര പ്രയാസമുള്ളതാണോ എളിമയുടെ അഭ്യസനം? അതെ എളിമയെപോലെ അത്ര വിശിഷ്ടവും ആയാസകരവുമായി മറെറാരു പുണ്യവുമില്ല. എളിമയിൽനിന്ന് സ്വഭാവികമായി പൊട്ടിപുറപ്പെടുന്നതാണ് അനുസരണം. "അവൻ അവർക്ക് കീഴ്പ്പെട്ടിരുന്നു".

ഈശോയുടെ നിഗൂഢജീവിതം നമ്മെ പഠിപ്പിക്കുന്ന താഴെ പറയുന്ന നാലു പുണ്യങ്ങളെക്കുറിച്ചുകൂടെ ചിന്തിക്കുക.

a) സകല തിന്മയുടേയും മാതാവായ അലസതയിൽനിന്ന് ഓടിയകലണം

b) ലൗകീകമായ എല്ലാ ആകുലചിന്തകളിൽനിന്നും ഒഴിഞ്ഞുമാറി ഹൃദയസ്വാതന്ത്ര്യം പാലിക്കുക.

c) ഹൃദയ ഏകാന്തതതേയും ശാരീരിക ഏകാന്തതയേയും സ്നേഹിക്കുക.

d) സംഭാഷണങ്ങളിലും വേലകളിലും ഏർപ്പെട്ടിരിക്കുമ്പോഴും മനസിൽ ദൈവസ്മരണ വരുത്തിക്കൊണ്ട് മൗനാശ്രുപി പാലിക്കുക.

ആന്തരീകവും ആത്മീകവുമായ മഹത്വത്തെ ലക്ഷ്യമാക്കുന്ന ഏവനും യേശുവിനോടുകൂടെ ജനക്കൂട്ടത്തിൽ നിന്നൊഴിഞ്ഞു നില്ക്കണം.

www.malankaralibrary.com

ധ്യാനം 32 ഫെബ്രുവരി 1

## യേശു ജ്ഞാനത്തിലും പ്രായത്തിലും കൃപയിലും വളൎന്നു വന്നു. (ലൂ. 2:52)

യേശു ഈ ലോകജീവിതകാലത്തു കാണിച്ചുതന്ന മാതൃകയനുസരിച്ചു് കൃപയിലും പുണ്യത്തിലും വളൎന്നുവരുവാൻ നാമും ശ്രദ്ധിക്കണം. യേശുക്രിസ്തുവിന്റെ വിദ്യാലയത്തിൽ വളൎന്നുവരാത്തവനു് അവിടുത്തെ ശിഷ്യനാകുവാൻ അവകാശമില്ല. അവിടുത്തെ സ്നേഹിതനാകുവാൻ ഒട്ടുംതന്നെ അവകാശമില്ല.

ദൈവീകസഹായം കൂടാതെ നമുക്കു യാതൊരു വളൎച്ചയും സാധ്യമല്ല. വി. അഗസ്റ്റീനോസു പറയുന്നു. "എന്നിൽതന്നെ ഞാനെന്താകുന്നു? കിഴക്കാംതൂക്കായ പ്രദേശത്തേക്കു് മററുള്ളവരെ നയിക്കുന്ന ഒരുവൻ മാത്രം. തന്നത്താൻ നാശത്തിലേക്കു വീണുപോകാൻ എളുപ്പമുള്ള നിർഭാഗ്യകരമായ ഒരു പ്രവണതയല്ലാതെ മററൊന്നും എനിക്കു സ്വന്തമായിട്ടില്ല. ദൈവത്തെ സ്നേഹിച്ചുകൊണ്ടു അങ്ങിലേക്കു് ഉയരുവാൻ പരിശ്രമിക്കുക. എന്നാൽ നീ നില്ക്കുന്നതു് കണ്ണുനീർ താഴ്വരയിലാണെന്നു് ഓൎത്തു കൊള്ളണം"

ദൈവകൃപയിലും പുണ്യങ്ങളിലും അഭിവൃദ്ധിപ്പെടുവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ താഴെപറയുന്ന മൂന്നു കാൎയ്യങ്ങളിൽ ശ്രദ്ധിച്ചേ മതിയാവൂ.

a) ഓരോ ദിവസവും മാനസാന്തരത്തിന്റെ ആദ്യദിവസമെന്നവണ്ണം നിരൂപിച്ചു് അന്നത്തെ ഭക്തിതീഷ്ണതയോടെ ജീവിതം ആരംഭിക്കുക.

b) ദൈവസാന്നിദ്ധ്യത്തെ ഒരിക്കലും വിസ്മരിക്കാതിരിക്കുക. ദൈവതിരുവിഷ്ടം നിൎവ്വഹിക്കണമെന്നുള്ള തീക്ഷ്ണമായ ആഗ്രഹത്തോടും ശുദ്ധനിയോഗത്തോടുംകൂടെ എല്ലാ പ്രവൃത്തികളേയും ദൈവത്തിങ്കലേക്കു ഉന്നയിപ്പിക്കുക.

c) "മതി" എന്നു് ഒരിക്കലും പറയരുതു്. പുണ്യത്തിൽ പുരോഗമിക്കണമെന്നുള്ള ആഗ്രഹത്തിലാണ് നമ്മുടെ ആത്മീയാഭിവൃദ്ധി പ്രധാനമായി ആശ്രയിച്ചിരിക്കുന്നതു്. പ്രാപിച്ചിട്ടില്ലാത്തതു പ്രാപിക്കണമെങ്കിൽ, നീ ആയിരിക്കുന്ന അവസ്ഥകൊണ്ടു തൃപ്തിയടഞ്ഞുകൂടാ. വി. അഗസ്റ്റീനോസിനെപോലെ ഇപ്രകാരം പ്രാൎത്ഥിക്കുക. "എന്റെ കൎത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു, എന്റെ സ്നേഹം, വേണ്ടപോലെയാകുന്നില്ലെങ്കിൽ കൂടുതലായി നിന്നെ സ്നേഹിപ്പാനുള്ള അനുഗ്രഹം എനിക്കു തന്നരുളണമേ."

ധ്യാനം 33 ഫെബ്രുവരി 2

## 40–ാംദിവസത്തെ ഈശോയുടെ ദേവാലയപ്രവേശം

"നിങ്ങൾ അന്വേഷിക്കുന്ന കൎത്താവു് ഉടനെ തന്റെ ആലയത്തിലേക്കു് വരും. ഇതാ നിങ്ങൾ കാത്തിരിക്കുന്ന നിയമദൂതൻ വരു

www.malankaralibrary.com

ന്നു." (മലാ: 3:1) "വാഗ്ദത്തം ചെയ്യപ്പെട്ട കർത്താവിനെയും നിയമത്തിന്റെ മാലാഖയെയും" കാണ്മാൻ രാജാക്കന്മാരും ദീർഘദർശികളും ആഗ്രഹിച്ചു നോക്കിപാർത്തിരുന്നു. അവിടുന്നു് അർഹിക്കുന്ന ബഹുമാനത്തോടും സന്തോഷത്തോടുംകൂടെ അവിടുത്തെ ആലയമായ നിന്റെ ഹൃദയത്തിലേക്കു അവിടുത്തെ നീ സ്വീകരിക്കുക.

"ദൈവമേ, നിന്റെ ദൈവാലയമദ്ധ്യേ ഞങ്ങൾ നിന്റെ കരുണയെ കൈക്കൊണ്ടു". (സങ്കീ: 47:10) എന്നുള്ള ദാവീദിന്റെ ദീർഘദർശനം ഇന്നു നിവൃത്തിയായി. "കരുണ"യെന്ന നാമത്തെക്കാൾ ഈശോയിക്കു യോജിക്കുന്ന വേറൊരു നാമമില്ല. അവിടുന്നു് നമുക്കുവേണ്ടി നിർവ്വഹിച്ചതും സഹിച്ചതുമായ യാതൊന്നും നമ്മുടെ യോഗ്യതകൊണ്ടുണ്ടായതല്ല, പിന്നെയോ അവിടുത്തെ കരുണയുടെയും സ്നേഹത്തിന്റെയും ഫലം മാത്രമാണു്. നിത്യഭാഗ്യത്തിനു നമ്മെ അർഹരാക്കുവാൻവേണ്ടി കരുണയുടെ പിതാവിനു സ്വയം സമർപ്പിക്കുന്നതിനും ഈ കരുണ തന്നെ നിർബ്ബന്ധിക്കുന്നു.

വി. ശെമഓൻ ദിവ്യശിശുവിനെ കൈകളിൽ വഹിച്ചുകൊണ്ടു് ഉച്ചത്തിൽ പറഞ്ഞു. "കർത്താവേ അങ്ങെ തിരുവചനമനുസരിച്ചു് അങ്ങെ ദാസനെ സമാധാനത്തോടെ ഇനി വിട്ടയക്കണമെ. എന്തെന്നാൽ എല്ലാ ജനങ്ങളുടെയും മുമ്പാകെ അങ്ങു് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കൊണ്ടുതന്നെ ഞാൻ കണ്ടുകഴിഞ്ഞു. അതു് വിജാതീയർക്കു് വെളിപ്പെടുവാനുള്ള പ്രകാശവും അങ്ങയുടെ ജനമായ ഇസ്രായേലിന്റെ മഹത്വവുമാണു്. (ലൂ:2:29-31). നമ്മുടെ ആത്മാക്കളുടെ പ്രകാശവും മഹത്വവും രക്ഷയുമായ ഈശോയിൽ നമുക്കു് പങ്കു് ലഭിക്കണമെങ്കിൽ അവിടുത്തെ വിശുദ്ധിക്കു് അനുയോജ്യമായ ഹൃദയ ഒരുക്കത്തോടെ അവിടുത്തെ സമീപിക്കണം.

## ധ്യാനം 34 ഫെബ്രുവരി 3

## ഈശോയുടെ സ്വയാർപ്പണം

ദൈവാലയ കവാടത്തിൽവച്ചുതന്നെ തന്റെ ശരീരവും ആത്മാവും മനസ്സും ജീവനും പ്രവൃത്തികളും അദ്ധ്വാനങ്ങളും പീഡനങ്ങളും ക്ലേശങ്ങളും രക്തവും മരണവുമെല്ലാം ഈശോ സ്വപിതാവിനു സമർപ്പിച്ചു. ലോകാരംഭംമുതൽ ഇന്നോളം ഇതുപോലൊരു സമർപ്പണം നടത്തിയിട്ടില്ല. ഏതുതരം ബലി; ഏതുവിധ പുരോഹിതൻ! നീയും കലവറ കൂടാതെ നിന്നെ മുഴുവനായി ദൈവത്തിനു സമർപ്പിക്കണം. ദൈവത്തിനു കൊടുക്കുന്നതുകൊണ്ടു് നമുക്കു് യാതൊന്നും നഷ്ടമാകുന്നില്ല. ആറു മടങ്ങായി തിരികെ കിട്ടും.

അഗാധമായ ഭക്തിയോടുകൂടെ ദൈവീകപ്രഭാവത്തിനു് ഈശോ തന്നെസമർപ്പിക്കുന്നു. ദൈവീകപ്രഭാവത്തിന്റെ വൈശിഷ്ട്യവും പരിധിയും പൂർണ്ണമായി അവിടുത്തേക്കു് മാത്രമെ അറിഞ്ഞുകൂടു. നമ്മുടെ മത്സരബുദ്ധിമൂലം ദൈവമഹത്വത്തിനു വരുത്തിക്കൂട്ടിയ കെട്ട

www.malankaralibrary.com

തിയെ പരിഹരിക്കുവാൻവേണ്ടി ഏതുതരം കഷ്ടപ്പാടും മരണം തന്നെയും കൈവരിക്കുവാൻ അവിടുന്ന് തിരുമനസാകുന്നു. അതിനുവേണ്ടി സകല അവകാശങ്ങളും പരിത്യജിക്കുന്ന അഗ്രാഹ്യമായ സ്നേഹത്തോടെ ഈശോ ആത്മസമർപ്പണം ചെയ്യുന്നു. നിന്റെ സമർപ്പണം ഈ വിധമുള്ളതോ?

നാല്പതാം ദിവസം ദൈവാലയത്തിൽവച്ചു നടത്തിയ സമർപ്പണത്തെ ഭാവിജീവിതത്തിൽ എത്ര വിശ്വസ്തതയോടെ അവിടുന്നു നിറവേററി എന്നു ചിന്തിക്കുക. അവിടുത്തെ ജീവിതം ഒരു നിരന്തരബലിയായിരുന്നു. അങ്ങയുടെ മനസ്സിന്റെ ഓരോ നിസ്സാരചലനവും ഈ അർപ്പണത്തിന്റെ നിർവ്വഹണമായിരുന്നു. ദൈവത്തിനു സ്വീകാര്യബലികളായിത്തീരുവാൻ നാം നമ്മെത്തന്നെ ദൈനംദിനം ശുദ്ധീകരിക്കണം.

## ധ്യാനം 35 ഫെബ്രുവരി 4

## പരിശുദ്ധ ദൈവമാതാവു് ദൈവാലയത്തിൽ നമുക്കുവേണ്ടി അപേക്ഷിക്കുന്നു.

തന്റെ കഷ്ടപ്പാടുകളും മരണവും കാഴ്ചവച്ചുകൊണ്ട് നമ്മുടെ വീണ്ടെടുപ്പു മധ്യസ്ഥനായി ഈശോ ദൈവാലയത്തിൽ പ്രവേശിക്കുന്നു. അവിടുത്തെ തിരുരക്തവും, പുണ്യയോഗ്യതയും, കാഴ്ചവച്ചുകൊണ്ട് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്ന മധ്യസ്ഥയായി പരിശുദ്ധ മാതാവു് അനുഗമിക്കുന്നു. തന്റെ ദിവ്യസുതനോടൊത്തു് ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി പരിശുദ്ധമാതാവു്, തന്നെത്തന്നെയും നിത്യപിതാവിനു് സമർപ്പിയ്ക്കുന്നു. ഈശോയോടും പരിശുദ്ധമാതാവിനോടുംചേർന്നു് ദൈവമഹത്വത്തിനു് സ്വയംസമർപ്പിക്കണം.

ഒരു നിർമ്മലസൃഷ്ടിക്കു് ആവുന്നിടത്തോളം തന്റെ ദിവ്യസുതന്റെ വകയായ സകലത്തിലും ഒരു പങ്കിനു് ദൈവമാതാവ് എന്ന പദവി വാഴ്ത്തപ്പെട്ട കന്യകയെ അർഹമാക്കുന്നുണ്ട്. ഇതു നിമിത്തം ഈശോയുടെ മഹത്വത്തിനു് ഒരു കുറവും വരുന്നില്ല. കാരണം അവൾക്കുള്ളതെല്ലാം ഈശോയുടെ വകയാണ്. അതിനുവേണ്ടി നിത്യവണക്കം കാണിക്കുന്നുമുണ്ടു്. ദൈവത്തിനും മനുഷ്യനും ഇടയിലുള്ള പരമ മധ്യസ്ഥൻ ഈശോയാകുന്നു. എന്നാൽ അവിടുന്നു് ദൈവമാകകൊണ്ടു് അങ്ങയോട അത്യുന്നത പ്രഭാവം മനുഷ്യർക്കു ഭയജനകമാണു്. അവിടുന്നു് കരുണാസാഗരമാണെങ്കിലും ന്യായാധിപനും കൂടെയാണു്. നമ്മുടെ പ്രോത്സാഹനത്തിനുവേണ്ടി അവിടുന്നു് അങ്ങയുടെ മാതാവിനെ നമുക്കു് മധ്യസ്ഥയായി നല്കിയിരിക്കുന്നു. ഭയജനകമായി അവളിൽ ഒന്നുമില്ല. അവൾ മുഴുവൻ ദയ തന്നെയാകുന്നു.

www.malankaralibrary.com

വാഴ്ത്തപ്പെട്ട കന്യക എത്ര പരിപൂർണ്ണമായി ഈ മാദ്ധ്യസ്ഥകൃത്യം നിർവ്വഹിക്കുന്നു എന്നു നോക്കുക. തന്റെ വത്സലസുതനെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കുവേണ്ടി അവിടുന്ന് അർപ്പിക്കുന്നു. ആയുഷ്പര്യന്തം അതേ ഉദ്ദേശ്യത്തോടെ കുരിശുകൾ അവൾ വഹിക്കയും ചെയ്യുന്നു. കാൽവരിയിലെ വേദനകൾ ഇപ്പോൾ മുതലേ അവൾ സഹിക്കാൻ തുടങ്ങിയിരിക്കയാണ്. അവളുടെ ശിഷ്ടായുസ് ഒരു രക്തസാക്ഷിത്വമായിരിക്കും. ഈശോ സ്വശരീരത്തിൽ അനുഭവിക്കുന്ന എല്ലാ വേദനകളും മാതാവ് സ്വഹൃദയത്തിൽ അനുഭവിക്കുന്നു. മാതാവ് പ്രാർത്ഥിക്കുന്നു. പുത്രൻ ആ പ്രാർത്ഥനയെ നിത്യപിതാവിന് കാഴ്ച വയ്ക്കുന്നു; നിത്യപിതാവ് അവളുടെ അപേക്ഷ സാധിച്ചുകൊടുക്കയും ചെയ്യുന്നു. ഓ മാതാവേ! അങ്ങ് എപ്പോഴും ഞങ്ങളുടെ മദ്ധ്യസ്ഥയായിരിക്കണമെ.

## ധ്യാനം 36 ഫെബ്രുവരി 5

## ധ്യാനജീവിതത്തിലും കർമ്മജീവിതത്തിലും പരി: കന്യകമറിയം നമ്മുടെ മാതൃകയാകുന്നു.

ധ്യാനജീവിതത്തിന്റെ കടമകളെല്ലാം എത്ര വിശ്വസ്തതയോടെയാണ് പരി: കന്യക നിറവേററുന്നത്. അവളുടെ പ്രാർത്ഥന നിഗൂഢസത്യങ്ങളെക്കുറിച്ചെന്നതിനേക്കാൾ സ്വർഗ്ഗീയതുടെ ധ്യാനത്തിലും പ്രകാശത്തിലുമുള്ള ഭാഗഭാഗിത്വത്തിലായിരുന്നു. അവളുടെ ഹൃദയം നശ്വരമായ സകലത്തിൽനിന്നും പൂർണ്ണസ്വാതന്ത്ര്യം പ്രാപിച്ചിരുന്നു. ദിവ്യസത്യമായിരുന്നു അവളുടെ ജീവിതത്തെ മുഴുവൻ ഭരിച്ചിരുന്നത്. സ്വർഗ്ഗീയ ഐക്യം അവളുടെ ആശ്വാസകേന്ദ്രമായിരുന്നു. അവളുടെ ഇഹലോകജീവിതം തന്നെ സ്വർഗ്ഗത്തിന്റെ ഒരു മുൻ അനുഭവമായിരുന്നു. അവളുടെ നിരന്തര പ്രാർത്ഥനയെ ഭഞ്ജിക്കുവാൻ ലൗകികമായ യാതൊന്നും ശക്തമായിരുന്നില്ല.

കർമ്മപരജീവിതത്തിന്റെ എല്ലാ കടമകളും അവൾ വിശ്വസ്തതയോടെ നിറവേററി. ആദ്ധ്യാത്മികവും ലൗകികവുമായ കാരുണ്യപ്രവൃത്തികളുടെ അനുഷ്ഠാനത്തിലും പുണ്യങ്ങളുടെ അഭ്യസനത്തിലും അവളുടെ ജീവിതം സമ്പുഷ്ടമായിരുന്നു. തന്റെ അരുമസുതനെ പുത്രനും കർത്താവുമെന്ന നിലയിൽ പരിചരിച്ചുകൊണ്ട് അവിടുത്തെ നേരെ ശാരീരിക കാരുണ്യപ്രവൃത്തികൾ അവൾ നിറവേററി. വി. എലിസബേത്തിനെ വീട്ടുജോലികളിൽ സഹായിച്ചുകൊണ്ടും സ്വർഗ്ഗീയ വാഴ്വ് അവളുടെ ഭവനത്തിലേക്ക് സംവഹിച്ചുകൊണ്ടും ശാരീരികവും ആത്മീയവുമായ കാരുണ്യപ്രവൃത്തികൾ അവൾ നിർവ്വഹിച്ചു. ഇപ്പോഴാകട്ടെ സകല മനുഷ്യർക്കും ആവശ്യമായ നന്മകൾ പ്രാപിച്ചു കൊടുത്തുകൊണ്ട് ദൈനംദിനം തന്റെ മാദ്ധ്യസ്ഥ കടമ നിറവേററുന്നു.

www.malankaralibrary.com

വാഴ്ത്തപ്പെട്ട മാതാവിൻെറ ഭക്തർ അവളുടെ ദൃഷ്ടാന്തത്തെ അനുകരിച്ചു് ധ്യാനപരജീവിതത്തിൻെറയും കർമ്മപരജീവിതത്തിൻെറയും കടമകൾ യോജിപ്പിച്ചുകൊണ്ടുപോകുവാൻ പരിശ്രമിക്കണം. ധ്യാനത്തിൽനിന്നു് കർമ്മത്തിലേക്കും കർമ്മത്തിൽനിന്നു ധ്യാനത്തിലേക്കും അവർ കടക്കണം. മാർത്തായുടെയും മറിയയുടെയും ജോലികൾ പരസ്പരപൂരകങ്ങളാണു്. ഒന്നിൽനിന്നു മററതിനെ വേർപെടുത്തിക്കൂടാ. ദൈവസ്നേഹവും പരസ്നേഹവുമെന്ന സ്നേഹത്തിൻെറ ഇരുപ്രമാണങ്ങൾ ദൈവത്തിങ്കലേക്കു നമ്മെ നടത്തുന്ന ഇരുകാലുകളാകുന്നു. ഏതെങ്കിലും ഒന്നിൽ പരാജയപ്പെട്ടാൽ ഏന്നേക്കുമായി അവിടുന്നു നിനക്കു നഷ്ടമാകും.

## ധ്യാനം 37 ഫെബ്രുവരി 6

## ഈശോ ബെതു്സൈദായിലെ കുരുടനെ സുഖപ്പെടുത്തി

ഈശോ ബെതു്സൈദായിലേക്കു് പ്രവേശിച്ചപ്പോൾ ഒരു കുരുടനെ അവർ അവിടുത്തെ അടുക്കൽ കൊണ്ടുവന്നു. അവിടുന്നു് അവനെ കൈക്കുപിടിച്ചു് എഴുന്നേല്പിച്ചു് പട്ടണത്തിനു പുറത്തേക്കു് കൊണ്ടുപോയി, തുപ്പൽകൊണ്ടു് ചേറുണ്ടാക്കി അവൻെറ കണ്ണിൽ പൂശി അവൻെറ മേൽ കൈവച്ചുകൊണ്ടു് വല്ലതും കാണുന്നുണ്ടോ എന്നു ചോദിച്ചു. മർത്ത്യസ്വഭാവം സ്വീകരിപ്പാൻ അവിടുത്തെ പ്രേരിപ്പിച്ച അതേ സ്നേഹത്താലും എളിമയാലും പ്രേരിതനായി സ്വർഗ്ഗത്തിലേക്കെന്നവണ്ണം കൈകൊടുത്തു് അവനെ നഗരത്തിനു പുറത്തേക്കു് നടത്തുന്നു. ലൗകികബഹളത്തിലും ജനക്കൂട്ടത്തിലുമല്ല അവിടുന്നു് അത്ഭുതം പ്രവർത്തിക്കുന്നതു്. ഏകാന്തതയിലാണു്, ദൈവികജ്ഞാനത്താൽ അവിടുന്നു് ആത്മാക്കളെ പ്രകാശിപ്പിക്കുന്നതും ദൈവികകാര്യങ്ങളിലുള്ള മാധുര്യവും സ്നേഹവും അവർക്കു പകർന്നുകൊടുക്കുന്നതും.

'വല്ലതും കാണുന്നുണ്ടോ'? എന്ന ചോദ്യത്തിനു മറുപടിയായി 'ഞാൻ മനുഷ്യരെ നടക്കുന്ന വൃക്ഷങ്ങളെപ്പോലെ കാണുന്നു' എന്നു് അവൻ പറഞ്ഞു. ഈ ജീവിതകാലത്തു് ഒരു മങ്ങിയ വീക്ഷണമെ നമുക്കുള്ളു. ആ വീക്ഷണം യാഥാർത്ഥ്യത്തിൽനിന്നു വ്യത്യസ്തമായ ഒരു രൂപത്തിൽ വസ്തുക്കളെ നമുക്കു് കാണിച്ചുതരുന്നു. അതിനാലാണു് ബഹുമാനം, സന്തോഷം, സ്വത്തുക്കൾ എന്നിവ ആകർഷണീയമായും, താഴ്മകൾ, ക്ലേശങ്ങൾ, കഷ്ടതകൾ എന്നിവ ഭയാനകങ്ങളായും നമുക്കു് തോന്നുന്നതു്. ഈശോ കുരുടൻെറ മേൽ കൈവച്ചതുപോലെ നമ്മുടെ മേൽ കൈ വയ്ക്കുന്നതുവരെ ഈ അന്ധത നമ്മിൽ നിലനില്ക്കും. അവിടുന്നു് നമ്മുടെ മേൽ കൈവയ്ക്കുമ്പോൾ നമ്മുടെ ആന്തരികനയനങ്ങൾ പ്രകാശിക്കയും എല്ലാററിനെയും അവയുടെ യഥാർത്ഥരൂപത്തിൽ നാം കാണുകയും ചെയ്യും. കുരുടനു കാഴ്ച നല്കിയ ശേഷം "പട്ടണത്തിലേക്കു് പോകയോ അവിടെ ഈ കാര്യം ആരോടെ

www.malankaralibrary.com

ങ്കിലും പറയുകയോ ചെയ്യരുതു്''' (മർക്കോ: 8:26) എന്നു് അവിടുന്നു് കല്പിച്ചു. ദൈവകൃപയുടെ പ്രഥമപ്രവർത്തനം അതിനെ വർദ്ധിപ്പിക്കും. ധ്യാനത്തിൽ പ്രകാശം പ്രാപിച്ച ആത്മാവു് തന്നിലേക്കുതന്നെ തിരിഞ്ഞു് എല്ലാ വ്യർത്ഥവിചാരങ്ങളെയും ശ്രദ്ധാപൂർവ്വം അകററുകയും മനപ്പതർച്ചയ്ക്കു കാരണമാകുന്ന എല്ലാററിൽനിന്നും ഒഴിഞ്ഞുമാറുകയും വേണം. കഴിഞ്ഞകാലത്തു ദൈവം നല്കിയിട്ടുള്ള അനുഗ്രഹങ്ങളെയും ഇക്കാലത്തു നിന്റെ നേരെ കാണിക്കുന്ന കരുണയെയും കുറിച്ചു് ധ്യാനിച്ചു് ദൈവത്തെ സ്തുതിക്കണം. എല്ലാ ദാനങ്ങളെയും പററി അവിടുന്നു് കൃത്യമായ കണക്കു് ചോദിക്കാതിരിക്കയില്ല.

## ധ്യാനം 38 ഫെബ്രുവരി 7

## തന്നെപ്പററി മനുഷ്യർ എന്തുപറയുന്നു എന്നു് യേശു ശിഷ്യരോടു് ചോദിക്കുന്നു.

തന്നെപ്പററിയുള്ള മനുഷ്യരുടെ ധാരണ എന്തെന്നു് അവിടുന്നു് അറിഞ്ഞിരുന്നു. അതു് അറിയാൻ വേണ്ടിയല്ലാ അവിടുന്നു് അവരോടു് ഇങ്ങനെ ചോദിക്കുന്നതു്. പിന്നെയോ ശിഷ്യന്മാരിൽ നിന്നുള്ള ഒരു വിശ്വാസപ്രഖ്യാപനം ഉണ്ടാകുവാൻ വേണ്ടിയാണു്. ചിലർ യോഹന്നാൻ മാംദാനയെന്നും, ചിലർ ഏലിയാ എന്നും, ചിലർ ദീർഘദർശിമാരിൽ ഒരാൾ ഉയിർത്തുവന്നിരിക്കുന്നുവെന്നും പറയുന്നു എന്നും ശിഷ്യന്മാർ മറുപടി കൊടുത്തു. സാധാരണ ആളുകൾക്കു് പ്രീശപ്രമാണികളെപ്പോലെ അവിടുത്തെ നേരെ അസൂയയോ വിദ്വേഷമോ ഉണ്ടായിരുന്നില്ല. എങ്കിലും അവരുടെ അഭിപ്രായം യാഥാർത്ഥ്യത്തിൽനിന്നു് എത്രയോ വിദൂരമായിരുന്നു. അവിടുന്നു് ആ അവമതിയെ എത്ര സൗമ്യതയോടെ സഹിക്കുന്നു. മനുഷ്യർക്കു് നിന്നെക്കുറിച്ചുള്ള അഭിപ്രായം അറിയാൻ നീ ആഗ്രഹിക്കുന്നതു് എന്തു് ഉദ്ദേശ്യത്തോടുകൂടെയാണു്? നിന്റെ കുററങ്ങളെ പരിഹരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെയാണോ? അതോ പ്രശംസ ലഭിക്കണമെന്നുള്ള കരുതലോടെയാണോ? ദൈവതിരുമനസ്സിനു ചേർന്നവണ്ണം എല്ലാവരെയും തൃപ്തിപ്പെടുത്തുവാൻ പരിശ്രമിക്കുക.

ഞാനാരാകുന്നു എന്നാണു് നിങ്ങൾ പറയുന്നതു് (ലൂ: 9:20) എന്നു് ഈശോ ചോദിക്കുന്നു. അങ്ങു് ദൈവത്തിന്റെ മ്ശിഹായാകുന്നു എന്നു പത്രോസ് മറുപടി പറഞ്ഞു. ഈ വിശ്വാസപ്രഖ്യാപനം ഈശോ ശിഷ്യന്മാർക്കുവേണ്ടി അല്പം മുമ്പു് നടത്തിയ പ്രാർത്ഥനയുടെ ഫലമായിരുന്നു. അങ്ങനെ അവർക്കു ലഭിച്ച ആത്മപ്രകാശംകൊണ്ടു് കേവലം മനുഷ്യനായി കാണപ്പെട്ട അവിടുന്നു് എല്ലാവിധത്തിലും നിത്യപിതാവിനു സമനായ പുത്രനാണെന്നു് അവർ തെളിവായി മനസ്സിലാക്കി. നമ്മുടെ കർത്താവു് പത്രോസിനോടു് അരുൾചെയ്യുന്നു. "യോനായുടെ പുത്രനായ ശെമഓനെ നീ അനുഗ്രഹീതനാകുന്നു. മാംസവും

www.malankaralibrary.com

രക്തവുമല്ല എന്റെ സ്വർഗ്ഗസ്ഥനായ പിതാവത്രെ ഇതു നിനക്കു വെളിപ്പെടുത്തിയതു". (മത്താ.16:17)മാമോദീസായിൽ നീ പ്രാപിച്ച വിശ്വാസം ഈശോമ്ശിഹാ നിനക്കുവേണ്ടി സമ്പാദിച്ച ഒരു പ്രത്യേക വരപ്രസാദമായിരുന്നു. അതു് നിരവധി സ്വർഗ്ഗീയ ദാനങ്ങളുടെ ഒരു ഭണ്ഡാരം തന്നെയാണു്. അതിൽ ഒന്നാണു് ദൈവപുത്രൻ എന്ന മഹനീയ പദവി.

"ഞാനും നിന്നോടു് പറയുന്നു. നീ പാറയാണു്. ഈ പാറമേൽ എന്റെ പള്ളി ഞാൻ പണിയും" (മത്താ. 16:18) ഈ പ്രസ്താവനവഴി ലോകവസാനംവരെ ഭൂമിയിലുള്ള തന്റെ സഭയുടെ തലവനായിരിപ്പാൻ പത്രോസിനെയും അവന്റെ പിൻഗാമികളെയും യേശു നിയമിച്ചു. നമ്മുടെ കർത്താവു് അപ്പീൽ കൂടാതെ തന്റെ സഭയെ ഭരിക്കുവാനുള്ള അധികാരത്തോടുകൂടെ അതിനെ വി. പത്രോസിനു് ഏല്പിച്ചു കൊടുക്കുന്നു. പാപം മോചിക്കുന്നതിനും സ്വർഗ്ഗരാജ്യത്തിന്റെ വാതിലുകളെ തുറക്കുന്നതിനുമുള്ള അധികാരം സഭക്കു നല്കിയ ദൈവത്തെ വാഴ്ത്തുക. എന്നാൽ മരണത്തിനു മുമ്പു് അവ നിനക്കായി തുറക്കപ്പെട്ടന്നില്ലെങ്കിൽ എന്നെന്നേക്കും നിനക്കെതിരായി അടക്കപ്പെട്ടിരിക്കും എന്നോർക്കുക.

## ധ്യാനം 39 ഫെബ്രുവരി 8

## ഈശോ തന്റെ മരണത്തെപററി ശിഷ്യരെ മുമ്പുകൂട്ടി അറിയിക്കുന്നു.

"തനിക്കു യെരുശലേമിലേക്കു പോകണമെന്നും, അവിടെവച്ചു് ജനപ്രമാണികൾ, പ്രധാനാചാര്യന്മാർ, നിയമജ്ഞന്മാർ മുതലായവരിൽനിന്നു് ധാരാളം പീഡകൾ സഹിക്കേണ്ടിവരുമെന്നും, താൻ വധിക്കപ്പെടുമെന്നും, മൂന്നാം ദിവസം ഉയർത്തെഴുന്നേല്ക്കുമെന്നും ശിഷ്യന്മാക്കു അന്നുമുതൽ അവിടുന്നു് വെളിപ്പെടുത്തിതുടങ്ങി" (മത്താ. 16:21) തന്റെ ദൈവീകമഹിമയെക്കുറിച്ചുള്ള പരിജ്ഞാനത്തിലേക്കു് ഉയർത്തപ്പെട്ടവക്കു തന്റെ മരണരഹസ്യം മാത്രം അവിടുന്നു വെളിപ്പെടുത്തുന്നു. കുരിശിനെപ്പററിയുള്ള ഉൽകൃഷ്ടജ്ഞാനം അനുഭവത്തിൽനിന്നു് അവർ പഠിച്ചുകൊള്ളും എന്നു് അവിടുന്നു കരുതുന്നു. കുരിശിലാകുന്നു രക്ഷ. കുരിശിലാകുന്നു സ്വർഗ്ഗീയമാധുര്യത്തിന്റെ ചിന്തൽ. മനസ്സിന്റെ ശക്തിയും അത്യുപ്തിയുടെ സന്തോഷവും കുരിശിൽതന്നേ.

ഗുരുവിന്റെ ദൈവതപരഹസ്യം അറിവാൻ കഴിഞ്ഞ പത്രോസിനു പോലുംമനസ്സിലാക്കാൻ കഴിയാത്തവണ്ണം അത്ര ഉന്നതമായിരുന്നു കുരിശിന്റെ മാഹാത്മ്യത്തെപ്പററിയുള്ള ഈ പാഠം. അതിനാൽ അദ്ദേഹം ഈശോയെ ഒരു വശത്തേക്കു മാററിക്കൊണ്ടുപോയി. "നാഥാ ഇതു നിനക്കു ഭവിക്കാതിരിക്കട്ടെ." (മത്താ 16:22) എന്നു് സസ്നേഹം ശാസിക്കുകയുണ്ടായി. ഓ മനുഷ്യഹൃദയത്തിന്റെ ദൗർബല്യമേ, പ്രാത്ഥ

www.malankaralibrary.com

നയുടെ ഏതു് ഉന്നത പദവിയിലേക്ക നീ ഉയർത്തപ്പെട്ടാലും, ദൈവത്തിൻെറ പ്രാഭവത്തെപ്പററി ഉൽകൃഷ്ടമായ പരിജ്ഞാനം നിനക്കുണ്ടായാലും ആഴമായി എളിമപ്പെടണം. എന്തെന്നാൽ കൃപയുടെ ചലനം കഴിഞ്ഞാൽ ജഡരക്തങ്ങളുടെ എതിർപ്പുണ്ടാകയും നീ വീണുപോകയും ചെയ്യേക്കാം.

പത്രോസിൻെറ ഈ വീഴ്ച ദിവ്യഗുരുവിൻെറ നേരെയുള്ള സ്വാഭാവികസ്നേഹത്തിൻെറ ഫലമായിരുന്നു. കുരിശിൻെറ അപമാനം അവിടുത്തെ ഉന്നതപദവിയ്ക്കു് അനുയോജ്യമല്ല എന്നു് ആദ്ദേഹം കരുതിപ്പോയി. ദൈവപുത്രൻ എത്ര ഗൗരവപൂർവ്വമാണു് പത്രോസിനെ ശാസിക്കുന്നതെന്നു നോക്കുക. സാത്താനേ, നീ പുറകോട്ടു മാറി നില്ക്കുക. നീ എനിക്കു് ഇടർച്ചയ്ക്കു കാരണമത്രേ. മാനുഷിക കാര്യങ്ങളിലല്ലാതെ ദൈവീക കാര്യങ്ങളിലല്ല നീ ശ്രദ്ധാലുവായിരിക്കുന്നതു്. (മത്താ. 16:23) തൻെറ കഷ്ടതകളെ എതിർക്കുന്നവരോടു സാത്താനോടെന്നവണ്ണം അവിടുന്നു വർത്തിക്കുന്നു. ദൈവദൃഷ്ടിയിൽ കുരിശു് എത്ര വിലയേറിയതാകുന്നു എന്നു ഗ്രഹിക്കുക. നമ്മുടെ കർത്താവേശുമിശിഹായുടെ കുരിശിലല്ലാതെ മററൊന്നിലും അഭിമാനം കൊള്ളാൻ ദൈവം എനിക്കു് ഇടവരുത്താതിരിക്കട്ടെ. മിശിഹാവഴി ലോകം എനിയ്ക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. (ഗലാ. 6:14)

## ധ്യാനം 40 നോമ്പുകാലം–ഫെബ്രുവരി 9

## ഇന്ദ്രിയനിഗ്രഹത്തെയും കഷ്ടതകളെയും കുറിച്ചുള്ള ഈശോയുടെ ഉപദേശം.

ഈശോ ശിഷ്യരോടുകൂടെ ജനക്കൂട്ടത്തെ വിളിച്ചു് അരുൾചെയ്തു. "ഒരുവൻ എൻെറ പിന്നാലെ വരുവാൻ ഇച്ഛിക്കുന്നെങ്കിൽ തന്നത്താൻ ത്യജിച്ചു് തൻെറ കുരിശെടുത്തു് എന്നെ അനുഗമിക്കട്ടെ. (മർക്കോ 8:34) ഈശോ ശിഷ്യന്മാരോടുകൂടെ ജനക്കൂട്ടത്തെ വിളിച്ചുകൂട്ടിയതു് തൻെറ മരണവാർത്ത അവരോടു പരസ്യപ്പെടുത്താനായിരുന്നില്ല. പിന്നെയോ കുരിശിൻെറ ഉന്നതത്തിലേക്കു് നയിക്കുന്ന മൂന്നു പ്രധാന തത്വങ്ങൾ അവരെ മനസ്സിലാക്കുവാനായിരുന്നു. ഒന്നാമത്തെ തത്വം തന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവൻ സ്വയം പരിത്യജിക്കണമെന്നതാണു്, ആരെങ്കിലും ഇച്ഛിക്കുന്നെങ്കിൽ ഇതാണു് അവിടുന്നു് കല്പിക്കുന്നതു്. അവിടുത്തെ ആഹ്വാനം തള്ളുകയോ കൊള്ളുകയോ ചെയ്യുയെന്നതു് അവൻെറ സ്വാതന്ത്ര്യത്തിൽ പെട്ടതാണു്. എന്നാൽ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവൻ ബന്ധുമിത്രാദികളെയും ധനമാനാദികളെയും എന്നല്ല, സ്വജീവനെപോലും പരിത്യജിക്കുവാൻ തയ്യാറായേ മതിയാവൂ. നിൻെറ മനോഭാവം ഇതാണോ?

രണ്ടാമത്തെ തത്വം, ഈശോയെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവൻ തൻെറ കുരിശെടുക്കണമെന്നതാണു്. അവൻ അവിടുത്തെ അ

www.malankaralibrary.com

നുകരിച്ചു് അവിടുത്തോടുകൂടെ, അവിടുത്തെ പ്രതി കഷ്ടതകൾ സഹിക്കണം. താഴാഴ്മയുടെയും കഷ്ടപ്പാടുകളുടേതുമായ ഈ പന്ഥാവു് അയാൾതന്നേ തിരഞ്ഞെടുത്തതായിരിക്കണം. എന്റെ ദൈവമേ, എന്റെ രാജാവേ, എന്റെ പരമഗുരുവേ, അവിടുന്നു് എവിടെയായിരുന്നാലും ഞാൻ അവിടുത്തോടു പൂർണ്ണമായി യോജിച്ചിരിക്കും.

മൂന്നാമത്തെ തത്വം, ഈശോയെ അനുഗമിപ്പാൻ ഇച്ഛിക്കുന്നവൻ, അവിടുത്തെ അനുധാവനം ചെയ്യണമെന്നതാണു്. എങ്ങനെയെങ്കിലും കുരിശുവഹിച്ചാൽ പോരാ. യേശുവിനെ മുമ്പിൽ കണ്ടുകൊണ്ടു് അവിടുത്തെ പ്രതിയും അവിടുത്തെ അരൂപിയിലും കുരിശുവഹിക്കണം. യേശുവിനോടുള്ള സ്നേഹം ദുഃഖത്തിന്റെ വാളാകുന്നു. നീ എന്തു സഹിക്കുമ്പോഴും നിനക്കു മുമ്പു് ഈശോ അതു സഹിച്ചിട്ടുണ്ടെന്നു് ഓർക്കണം. ഈശോയുടെ തിരുമുറിവുകളിൽ നിന്നെ മറയ്ക്കുക. അവിടെ നിന്റെ നില ഭദ്രമായിരിക്കും.

## ധ്യാനം 41 ഫെബ്രുവരി 10

## കുരിശിന്റെ വഴിയിൽക്കൂടെ പ്രയാണം ചെയ്യാൻ യേശു എല്ലാ മനുഷ്യരെയും ആഹ്വാനം ചെയ്യുന്നു.

“തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിക്കുന്നവൻ അതിനെ നശിപ്പിക്കും; എന്നെപ്രതിയും എന്റെ സുവിശേഷത്തെപ്രതിയും തന്റെ ജീവനെ നശിപ്പിക്കുന്നവൻ അതിനെ രക്ഷിക്കും.” (മർക്കോ. 8:35) കുരിശിനെ സ്നേഹിപ്പാൻ ഈശോ നമ്മെ പ്രേരിപ്പിക്കുന്നതിന്റെ ഒന്നാമത്തെ കാരണം, വിഷയാസക്തമായ ഒരു ജീവിതം ആത്മാവിന്റെ നിത്യനാശത്തിന്നിടയാക്കുമെന്നും രാഗമോഹങ്ങളുടെ സംയമനം നിത്യരക്ഷയെ ഭദ്രമാക്കുമെന്നുള്ളതാണു്. ഒന്നിനെ തെരഞ്ഞെടുക്കുന്നവൻ മററതിനെ പരിത്യജിച്ചേ മതിയാവൂ. യേശു നിനക്കായി വരച്ചുകാണിച്ചിട്ടുള്ള പന്ഥാവിലൂടെ അവിടുത്തെ അനുഗമിക്കുന്നതു് ഒരു പ്രയാസമായി നിനക്കു തോന്നേണ്ടതല്ല.

രണ്ടാമത്തെ കാരണം ആത്മാവിന്റെ ഔൽകൃഷ്ട്യത്തെപ്പററിയുള്ള ബോദ്ധ്യമാണു്, ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടു് സ്വാത്മാവിനെ നശിപ്പിക്കുന്നുവെങ്കിൽ എന്തു പ്രയോജനം? തന്റെ ആത്മാവിനു മറുവിലയായി അവൻ എന്തു കൊടുക്കും. (മത്താ. 16:26) എന്നാണു് അവിടുന്നു ചോദിക്കുന്നതു്. ദൈവത്തിന്നായി പ്രതിഷ്ഠിക്കപ്പെട്ട ആത്മാവു് അവിടുത്തെ സിംഹാസനമാണു്, ആലയമാണു്, അവകാശമാണു്. അവിടുത്തെ ഹൃദയവും സന്തോഷങ്ങളുമെല്ലാം നിക്ഷേപിച്ചിരിക്കുന്ന ഭണ്ഡാഗാരമാണു്. അതിന്റെ വില ഊഹാതീതമത്രേ.

“മനുഷ്യപുത്രൻ തന്റെ പിതാവിന്റെ പ്രാഭവത്തോടെ, തന്റെ ദൈവദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു. അപ്പോൾ ഓരോ

www.malankaralibrary.com

രുത്തർക്കും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസൃതമായ പ്രതിഫലം നല്കും." (മത്താ. 16:27). അപ്പോൾ ലോകത്തെ ജയിച്ച ഉദാരമതികൾക്കുണ്ടാകുന്ന സന്തോഷം എത്ര അപരിമിതമായിരിക്കും. മൃഗീയ ജീവിതം നയിച്ച വിഷയാലമ്പടന്മാരുടെ ജാള്യത എത്ര കഠിനമായിരിക്കും. ആളുകളെയല്ല; പിന്നെയോ അവരുടെ വേലകളെയാണ് അവിടുന്നു വിലമതിക്കുന്നത്. ഭാവിയിൽ വലിയ ദോഷത്തിൽ അകപ്പെടാതിരിപ്പാൻവേണ്ടി ഇപ്പോൾ ചെറിയ കാര്യങ്ങളിൽ സഹിക്കുവാൻ പഠിയ്ക്കുക. (ക്രിസ്താ. 1:24)

## ധ്യാനം 42 ഫെബ്രുവരി 11

## ദൈവം തൻെറ ഭക്തർക്ക് എന്തുകൊണ്ട് കുരിശുകളെ അയച്ചുകൊടുക്കുന്നു.

മനുഷ്യരുടെ നേരെയുള്ള ദൈവത്തിൻെറ സ്നേഹാധിക്യമാണ് കുരിശുകൾ അയച്ചുകൊടുപ്പാൻ അവിടുത്തെ പ്രേരിപ്പിക്കുന്നത്. മാലാഖമാരെപ്പോലെ മനുഷ്യരും പാപം ചെയ്തു. അവരെപ്പോലെ മനുഷ്യരും നിത്യാഗ്നിയ്ക്ക് അർഹരാണ്. എന്നാൽ തെററുചെയ്ത മാലാഖമാരെ നിത്യശിക്ഷയ്ക്കു വിധിച്ചവനായ ദൈവം, ഈശോയുടെ പീഡാനുഭവത്തിൻെറയും മരണത്തിൻേറയും യോഗ്യതകളാൽ നിത്യശിക്ഷയെ മനുഷ്യർക്കുവേണ്ടി താല്കാലിക ശിക്ഷകളായി ഭേദപ്പെടുത്തിയിരിക്കുന്നു. ഈ താല്കാലിക ശിക്ഷകളാണ് ദൈനംദിന ക്ലേശങ്ങളിൽ നാം ദർശിക്കുന്നത്. ആകയാൽ കുരിശുകളെ ദൈവത്തിൻെറ പ്രത്യേക അനുഗ്രഹങ്ങളായി പരിഗണിച്ച് അവിടുത്തെ പരമനന്മയെ ആരാധിച്ചുകൊണ്ട് നന്മനസ്സോടെ അവയെ നാം വഹിക്കണം.

രണ്ടാമത്തെ കാരണം ദൈവസ്നേഹത്തെ അടിസ്ഥാനപ്പെടുത്തിഉള്ളതാണ്. മററൊരാൾക്കുവേണ്ടി കഷ്ടതകൾ സഹിക്കുന്നതാണ് അയാളോടുള്ള സ്നേഹത്തിൻെറ പ്രസ്പഷ്ടമായ തെളിവ്. ആനുകൂല്യങ്ങളും നന്മകളുംകൊണ്ട് ദൈവം നമ്മെ അഭിഷേകം ചെയ്യുമ്പോൾ അവിടുത്തെ സ്നേഹിക്കുക എളുപ്പമാണ്. എന്നാൽ കഷ്ടതകളിലുള്ള സന്തോഷമാണ് സ്നേഹത്തിൻെറ ഉരകല്ല്. നമ്മുടെ കർത്താവ് നിത്യപിതാവിനോടും അയല്ക്കാരോടുമുള്ള സ്നേഹം വെളിപ്പെടുത്തുവാൻ ഇച്ഛിച്ചപ്പോൾ പ്രയാസക്കുറവുള്ള ഉപാധി തെരഞ്ഞെടുക്കുവാനല്ല; പിന്നെയോ ക്ലേശങ്ങളുടെ പന്ഥാവ് തെരഞ്ഞെടുക്കുവാനാണ് തിരുമനസ്സായത്.

മൂന്നാമത്തെ കാരണം നമ്മുടെ ആത്മീയരോഗമായ സ്വയംസ്നേഹത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. സാർവ്വത്രികമായ ഈ തിന്മയിൽനിന്ന് ആരും സ്വതന്ത്രരല്ല. നിഷ്ഠുരവും കർക്കശവുമായ ചികിത്സകൊണ്ടല്ലാതെ ഈ രോഗം സുഖപ്പെടുകയില്ല. തൻെറ സൗഖ്യത്തെ കാംക്ഷിക്കുന്ന ഏതൊരു വൈദ്യനും തല്കാലത്തേയ്ക്ക് രോഗത്തിന് ഉതകുന്ന മരുന്നും ഭാവിയിലേക്കു സംരക്ഷണോപാധികളുമല്ലാതെ എന്താ

www.malankaralibrary.com

ണ് കല്പിച്ചുകൊടുക്കേണ്ടതു്. സ്വയസ്നേഹാത്തെ നിഹനിക്കുന്നതിനു് ദുരിതങ്ങളും കഷ്ടപ്പാടുകളുംപോലെ ഫലവത്തായ മറെറാരു ഔഷധമില്ല. അതിനാൽ യേശുവിനോടുകൂടെ നിത്യം വാഴേണ്ടതിനു് അവിടുത്തോടുകൂടെ നാമും ക്ലേശങ്ങൾ സഹിക്കണം.

## ധ്യാനം 43 എഴുപതാം ഞായർ

## യേശുവിനെ യഹൂദർക്കു വിൽക്കുന്നു

യേശു ശിഷ്യന്മാരോടു് അരുൾചെയ്തു. "രണ്ടു ദിവസങ്ങൾക്കു ശേഷം പെസഹായാകുന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അന്നു് മനുഷ്യപുത്രൻ ക്രൂശിൽ തറപ്പാനായി ഏല്പിച്ചു കൊടുക്കപ്പെടും" (മത്താ. 26:2) ഉപദേഷ്ടാവു് എന്നനിലയിലുള്ള അവിടുത്തെ ഉദ്യോഗം നിവ്വഹിച്ചു കഴിഞ്ഞു. ഇനി പുരോഹിതനും, യാഗവസ്തുവുമെന്ന ഉദ്യോഗത്തിലേയ്ക്കു പ്രവേശിക്കുകയാണു്. ഉപദേശഭണ്ഡാഗാരം തുറന്നു് രക്ഷാമാർഗ്ഗം കാണിച്ചുതന്നതുപോലെ രക്തനിക്ഷേപവും അവിടുന്നു നമുക്കു നല്കും. വിലമതിയാത്ത ദൈവീക ജീവനുപകരം ഒരു ശ്വാസം മാത്രമായ നിന്റെ ജീവൻ നല്കുന്നതു പ്രയാസമായി നിനക്കു തോന്നുന്നുണ്ടോ? ഓ ദൈവമേ, എന്റെ ഹൃദയത്തെയും ആത്മാവിനെയും ജീവനെയും ഒരു നിത്യബലിയായി നിനക്കു ഞാൻ കാഴ്ചയപ്പിക്കുന്നു.

പ്രധാനാചാര്യന്മാരും ജനത്തിലെ മൂപ്പന്മാരും ഒരുമിച്ചുകൂടി കൗശലത്തിൽ അവിടുത്തെ പിടിച്ചുകൊല്ലേണ്ടതെങ്ങനെയെന്നു് ആലോചിച്ചു. (മത്താ. 26:3, 4). ഈശോ നിത്യപിതാവുമായി നമ്മുടെ വീണ്ടെടുപ്പുകായ്യത്തെപ്പററി ആലോചിക്കുന്നു. യഹൂദപരിഷയാകട്ടെ നിനച്ചിരിയാത്ത അവസരത്തിൽതന്നെ എങ്ങനെ പിടിച്ചുകൊല്ലാമെന്നു് ആലോചിക്കുന്നു. നിന്റെ ഗുരുവിന്റെ മാതൃകയിൽനിന്നു് പുണ്യത്തിന്റെ വിജയം, ഉപദ്രവങ്ങൾക്കു പകരം നന്മ ചെയ്യുന്നതാകുന്നു എന്നു ഗ്രഹിക്കുവാനും, ലോകത്തിന്റെ പൊതുവാഗ്ദാനങ്ങളെയും, നിന്റെ ജഡത്തിന്റെയും ഹൃദയത്തിന്റെയും വ്യത്ഥ തോന്നിപ്പുകളെയും അവിശ്വസിക്കുവാനും പഠിക്കുക. "അവർ അവനു് മുപ്പതു വെള്ളിക്കാശു കൊടുത്തു." (മത്താ. 26:15) യൂദാസ്കറിയോത്ത ഒരു നഷ്ടകച്ചവടമാണു് നടത്തുന്നതു്. വില നിണ്ണയിക്കാവതല്ലാത്ത യേശുവിന്റെ ജീവനെ ഒരു അടിമയുടെ വിലകൊടുത്തു് യഹൂദർ വാങ്ങുന്നു. ഓ, കത്താവേ, മനുഷ്യദൃഷ്ടിയിൽ അവിടുന്നു് എത്ര വിലകുറഞ്ഞവൻ! എന്നാൽ അങ്ങയുടെ ദൃഷ്ടിയിൽ മനുഷ്യൻ എത്ര വിലയേറിയവൻ! ഈശോ പറയുന്നു "മുപ്പതു വെള്ളിക്കാശു് ഞാൻ ആവശ്യപ്പെടുന്നില്ല. രണ്ടുമാത്രം. ദൈവസ്നേഹവും പരസ്നേഹവും. ഇതു് അധികമെന്നു തോന്നുന്നെങ്കിൽ ഒന്നുമാത്രം ഞാൻ ആവശ്യപ്പെടുന്നു, നിന്റെ ഹൃദയം." നിന്നെത്തന്നെ താഴ്ത്തിക്കൊണ്ടു കുമ്പസാരക്കൂട്ടിലേയ്ക്കും അൾത്താരയിലേയ്ക്കും വരുന്നപക്ഷം സൗജന്യമായി അവിടുന്നു തന്നെത്തന്നെ നിനക്കുനല്കും.

www.malankaralibrary.com

## ധ്യാനം 44 തിങ്കളാഴ്ച

## യേശു ശിഷ്യന്മാരോടുകൂടി പെസഹാ ഭക്ഷിക്കുന്നു

"നാം പെസഹാ ഭക്ഷിക്കുന്നതിനു് എവിടെ ഒരുക്കണമെന്നാണു് അവിടുന്നു് ആഗ്രഹിക്കുന്നതു്." (മത്താ. 26:17). യേശു വിരുന്നാഘോഷിക്കുവാൻ ആഗ്രഹിക്കുന്നതു നിന്റെ ഹൃദയത്തിലാകുന്നു. ഒരുക്കുന്നതിനു് അവിടുന്നു് അയയ്ക്കുന്ന ശിഷ്യന്മാർ വിശ്വാസവും സ്നേഹവും ആണു്. ഇത്ര മഹാനായ ഒരു അതിഥിയാൽ ബഹുമാനിക്കപ്പെടുന്ന ഹൃദയം എത്ര നിർമ്മലവും ഉദാരവും ആയിരിക്കണം?

ഗുരു അരുൾ ചെയ്യുന്നു. "എന്റെ സമയം അടുത്തിരിക്കുന്നു, എന്റെ ശിഷ്യർ സഹിതം ഞാൻ പെസഹാ കഴിപ്പാനിരിക്കുന്നതു് താങ്കളുടെ വീട്ടിലായിരിക്കും." (മത്താ. 26:18) എന്നു് നഗരത്തിലെ ഇന്നാരോടു പറയുവിൻ. ജീവന്റെ അപ്പം നിനക്കു നല്കപ്പെടുന്ന ദിവസം അവിടുത്തേക്കു് എത്ര പ്രസാദകരമായിരിക്കും. അപ്പോൾ മുതൽ അവിടുന്നു നിന്നിൽ സ്നേഹജീവിതം ആരംഭിക്കുന്നു. അവിടുത്തെ ജീവിതോദ്ദേശ്യം നിന്നോടു് ഐക്യപ്പെടണമെന്നാണു്. അവിടുത്തോടു് ഐക്യപ്പെടണമെന്നതായിരിക്കട്ടെ നിന്റെയും ആഗ്രഹം.

ഞാൻ പീഡ അനുഭവിക്കുന്നതിനുമുമ്പു് നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിനു് ആശയോടെ ആഗ്രഹിച്ചു. (ലൂ. 22:15) പീഡാനുഭവത്തിനുമുമ്പു് സ്വജീവിതത്തിലെ തീവ്രമായ ആഗ്രഹങ്ങളെല്ലാം അവിടുന്നു നിറവേററുന്നു. അവിടുന്നു പഴയ ന്യായപ്രമാണത്തെ നിറവേററുകയും സ്നേഹത്തിന്റെ പുതിയ പ്രമാണം സ്ഥാപിക്കുകയും ചെയ്യുന്നു. "ഞാൻ എന്റെ ദൈവത്തെ കൈക്കൊള്ളുകയും, എന്നെക്കുറിച്ചുള്ള അവിടുത്തെ ഉദ്ദേശ്യങ്ങളെല്ലാം നിറവേററുകയും ചെയ്തു" എന്നു് മരണസമയത്തു് പറയാൻ കഴിയുന്നവൻ ഭാഗ്യവാൻ!

## ധ്യാനം 45 ചൊവ്വാഴ്ച

## ഈശോ ശിഷ്യന്മാരുടെ പാദം കഴുകുന്നു

"യേശു അത്താഴസമയത്തു് എഴുന്നേററു് മേലങ്കി മാററിയതിനു ശേഷം ഒരു കച്ചയെടുത്തു് അരയിൽ ചുററി. അനന്തരം അവിടുന്നു് ഒരു പാത്രത്തിൽ വെള്ളമെടുത്തു് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുകയും അരയിൽ കെട്ടിയിരുന്ന ശീലകൊണ്ടു തുടയ്ക്കുകയും ചെയ്തു." (യോഹ. 13:3–5) ആരുടെ മുമ്പാകെ സ്വർഗ്ഗത്തിന്റെ സ്തംഭങ്ങൾ വിറകൊള്ളുന്നുവോ ആ സ്വർഗ്ഗനാഥൻ പാവപ്പെട്ട മീൻപിടുത്തക്കാരുടെ മുമ്പിൽ മുട്ടുകുത്തി, അവിടുത്തെ പരിശുദ്ധ കരങ്ങൾകൊണ്ടു് അവരുടെ പാദങ്ങൾ കഴുകുകയും, ദിവ്യ അധരങ്ങൾകൊണ്ടു് അവയെ മുത്തുകയും ചെയ്യുന്നു. ഒററുകാരനായ യൂദായെപ്പോലും അവിടുന്നു മാററി നിറുത്തുന്നില്ല. ഏ

www.malankaralibrary.com

ററം തീഷ്ണമായ സ്നേഹത്തിൽനിന്നും പുറപ്പെടുന്നതാണ് ഈ എളിമ. അവിടുന്ന് എത്രത്തോളം ഉന്നതനായിരിക്കുന്നുവോ, അത്രത്തോളം തന്നെതന്നെ താഴ്ത്തി. സ്വർഗ്ഗസ്ഥപിതാവ്, എല്ലാം ഒററവാക്കുകൊണ്ട് നശിപ്പിക്കുവാൻ കഴിയുമായിരുന്ന തൻെറ അധികാരത്തിന്, സ്വാമിദ്രോഹിയായ യൂദായെപ്പോലും കീഴ്പ്പെടുത്തിയിരിക്കുന്നുവെന്ന് അവിടുത്തേക്ക് അറിയാമായിരുന്നു. എന്നാൽ ഇവിടെ നീതിയുടെ മേൽ കരുണ ജയം കൊള്ളുകയാണ്.

പത്രോസ് അവിടുത്തോടു പറഞ്ഞു കർത്താവേ, അങ്ങ് എൻെറ പാദം കഴുകുന്നുവോ?'' (യോഹ. 13:6) പത്രോസ് തൻെറ നിസ്സാരതയും ഗുരുവിൻെറ എളിമയും കണ്ട് വിസ്മയഭരിതനായി വിളിച്ചു പറയുകയാണ്. ''കർത്താവേ, അങ്ങ് എൻെറ പാദം കഴുകുന്നുവോ! ദൈവമായ അവിടുന്ന്, ശൂന്യനായ ഞാൻ, പരിശുദ്ധരിൽ പരിശുദ്ധനായ അവിടുന്ന്, പാപിയായ ഞാൻ.'' കുമ്പസാരക്കൂട്ടിൽനിന്ന് പാപമോചനം പ്രാപിച്ചുവരുന്ന ഒരു ക്രിസ്ത്യാനി ആയുഷ്പര്യന്തം കൃതജ്ഞനായിരിക്കേണ്ടതല്ലേ!

''ഞാൻ നിന്നെ കഴുകുന്നില്ലായെങ്കിൽ നിനക്ക് എന്നിൽ പങ്കുണ്ടായിരിക്കയില്ല '' (യോഹ. 13:8) യേശുവിനോടുകൂടെ പങ്കില്ലാതിരിക്കുകയോ? മരണത്തെക്കാളും നരകത്തെക്കാളും മറെറല്ലാ കഷ്ടപ്പാടുകളെക്കാളും പുണ്യവാന്മാർ ഭയപ്പെട്ടിരുന്നതു് ഇതിനെയാണ് ഓ, യേശുവേ, എൻെറ പാദങ്ങൾ മാത്രമല്ല കൈകളും തലയുംകൂടെ കഴുകണമേ. അവിടുത്തോട് ഐക്യപ്പെടുന്നതിനുവേണ്ടി എൻെറ വിചാരങ്ങളെയും ആശാപാശങ്ങളെയും പ്രവൃത്തികളെയും ശുദ്ധീകരിക്കണമേ.

## ധ്യാനം 46 ബുധനാഴ്ച

## യേശു യൂദായുടെ സ്വാമിദ്രോഹം വെളിപ്പെടുത്തുന്നു

യേശു ഈ വചനങ്ങൾ പറഞ്ഞുതീന്നപ്പോൾ ആത്മാവിൽ അവിടുന്ന് അസ്വസ്ഥനായി. (യോഹ. 13:21) അയോഗ്യമായി അവിടുത്തെ സ്വീകരിച്ച യൂദായുടെ കാപട്യം അവിടുത്തെ സ്നേഹഹൃദയത്തെ വേദനിപ്പിച്ചു. ആ ദുഃഖം ഈ വാക്കുകളിൽ ബഹിർഗ്ഗമിച്ചു. നിങ്ങളിൽ ഒരുവൻ എന്നെ ഒററിക്കൊടുക്കും. (മത്താ. 26:21) അയോഗ്യമായി യേശുവിനെ സമീപിക്കുന്നതു് എത്ര ആപല്ക്കരം! ദൈവത്തിൻെറ ഏററം വലിയ അനുഗ്രഹത്തെ ദുർവ്വിനിയോഗിക്കുന്നവൻ ഏററം വലിയ ശിക്ഷയ്ക്ക് അർഹനാകും!

ആരെക്കുറിച്ചായിരിക്കും അവിടുന്ന് സംസാരിച്ചതെന്ന് ശിഷ്യന്മാർ സംശയിച്ച് അന്യോന്യം നോക്കി. (യോഹ: 13:22) യേശുവിൻെറ വാക്കുകൾ അഗ്നിവാൾപോലെ അവരുടെ ഹൃദയങ്ങളെ കുത്തിത്തുളച്ചു. അവർ സന്താപനിമഗ്നരായി. എന്നാൽ യൂദായുടെ ഹൃ

www.malankaralibrary.com

ദയത്തെ അതു് ഒട്ടുംതന്നേ സ്പർശിച്ചില്ല. നിരപരാധികൾ ഭയംകൊണ്ടു വിറയ്ക്കുന്നു. കുററക്കാരനോ ലജ്ജാവിഹീനനായി നില്ക്കുന്നു. നിർമ്മലാത്മാക്കൾ പാപത്തിൻെറ നിഴൽ കണ്ടാലുടനെ ഭയവിഹ്വലരാകുന്നു. യേശു നഷ്ടപ്പെട്ടതിനേക്കുറിച്ചുള്ള ഈ ഭയം വി. കുർബ്ബാനാനുഭവത്തിൻെറ ഒരു ഫലമാണു്. എൻെറ ഹൃദയത്തിൽ പാപത്തിനു് പ്രവേശമുണ്ടാകാതിരിപ്പാൻവേണ്ടി വിശുദ്ധ ഭയത്താൽ കർത്താവേ, അതിനെ കുത്തിതുളക്കേണമേ.

ഈ സമയത്തു് യേശുവിൻെറ നെഞ്ചിൽ ചാരികിടന്ന "യേശു സ്നേഹിച്ച ശിഷ്യനോടു്"' ആരേക്കുറിച്ചായിരിക്കും അവിടുന്നു് സംസാരിക്കുന്നതന്നു് അറിവാൻ വി. പത്രോസു് ആഗ്യംകാട്ടി ചോദിച്ചു. (യോഹ. 13:23) വി. യോഹന്നാൻ യേശുവിൻെറ നെഞ്ചോടു ചാഞ്ഞിരിക്കുന്നു. യൂദായോ അങ്ങിൽനിന്നും അകന്നു മാറിനില്ക്കുന്നു. യേശുവിൻെറ ഹൃദയം ഇരുവക്കുമിടയിൽ ഒരുവനെ ആകർഷിക്കുകയും മററവനെ നിരസിക്കയും ചെയ്യുന്ന വസ്തുംപോലെ സ്ഥിതിചെയ്യുന്നു. ഒരുവൻ മാലാഖായിക്കുട്ടത്ത നിർമ്മലഹൃദയത്തോടെ അവിടുത്തെ കൈക്കൊള്ളുവാൻ അടുത്തുവരുന്നു. മററവനാകട്ടെ വിഷകലുഷമായ ഹൃദയത്തോടെയും.

സകല വിശുദ്ധിയുടേയും ഇരിപ്പിടമായ യേശുവിൻെറ തിരുഹൃദയമേ, ഈ അവിശ്വസ്തശിഷ്യൻെറ നിർഭാഗ്യത്തിൽ നിപതിക്കാതെ എന്നെ കാത്തുകൊള്ളണമേ.

## ധ്യാനം 47 വ്യാഴാഴ്ച

## ഈശോ ശിഷ്യന്മാരെ ശാസിക്കുന്നു

"തങ്ങളിൽ ആരാണു് വലിയവൻ എന്നു് അവരുടെ ഇടയിൽ ഒരു തർക്കമുണ്ടായി". (ലൂ. 22:24) യൂദായുടെ വീഴ്ച ശിഷ്യന്മാരെ ഭയവിഹ്വലരാക്കിയെങ്കിലും അതു് അവരുടെ ഉല്കർഷേച്ഛയെ ശമിപ്പിക്കയോ, അവരുടെ ഹൃദയത്തിൽനിന്നു് ലോകാഭിരുചിയെ അകററുകയോ ചെയ്തില്ല. ഈശോയെ അവരുടെ പാദങ്ങളിൽ അവർ ദർശിച്ചു. എങ്കിലും അവർ ലൗകികബഹുമതി കാംക്ഷിക്കുന്നു. ഉന്നതമനസ്സുകളിൽ പോലും കടന്നുകൂടുന്ന മായാഭ്രമത്തിൽനിന്നു് നീ ഓടിയകലുക.

അവിടുന്നു് അവരോടു പറഞ്ഞു. "പുറജാതികളുടെ രാജാക്കന്മാർ അവരിൽ കർത്തൃത്വം നടത്തുന്നു. നിങ്ങളുടെ ഇടയിൽ അങ്ങനെയാകരുതു്. നിങ്ങളിൽ വലിയവൻ എല്ലാവരിലും ചെറിയവനാകണം. നേതാവു് ശുശ്രൂഷിക്കുന്നവനെപോലെയാകണം. (ലൂ. 25:26) യേശുവിൻെറ മുമ്പിൽ വലിയവനാകാൻ നീ ആഗ്രഹിക്കുന്നെങ്കിൽ ഏററം ചെറിയവനാകണം. ദൈവപുത്രൻ അങ്ങനെയാണല്ലോ ചെയ്തതു്. അവിടുന്നു് നിൻെറ ദാസനായിതീൎന്നു. അവിടുത്തെ മാംസരക്തങ്ങൾ പോലും നിനക്കു ഭക്ഷണപാനീയങ്ങളായി നല്കി. അവിടുത്തെ എളിമയെ അനുകരിക്കാൻ നീ മടിച്ചുകൂടാ.

www.malankaralibrary.com

എന്റെ പരീക്ഷകളിൽ എന്നോടുകൂടെ നിലനിന്നവർ നിങ്ങളാകുന്നു. എന്റെ പിതാവു് എനിക്കു നല്കിയതുപോലെ ഒരു രാജ്യം ഞാൻ നിങ്ങൾക്കും നല്കുന്നു. എന്റെ രാജ്യത്തിൽ എന്നോടുകൂടെ ഭക്ഷിച്ചു പാനം ചെയ്യുന്നതിനും സിംഹാസനങ്ങളിലിരുന്നു് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെയും ന്യായം വിധിക്കേണ്ടതിനും തന്നെ. (ലൂ. 22:28) ദൈവപുത്രന്റെ അതുല്യസ്നേഹമാധുര്യം! അവിടുന്നു് അവരോടു പറയുകയാണ്. "നിങ്ങൾ ദാരിദ്ര്യത്തിലും, പീഡനങ്ങളിലും, നിന്ദാപമാനങ്ങളിലും എന്നോടുകൂടെ നിന്നവരാണ്. ഇപ്പോൾ നിങ്ങളോടുതന്നെ അവിശ്വസ്തരാകാമോ?

മനുഷ്യാവതാരം ചെയ്ത വചനമേ, യഥാർത്ഥത്തിൽ ശ്രേഷ്ഠമായ അരുചിയും അഹങ്കാരത്തിന്റെ അരുചിയും തമ്മിലുള്ള വ്യത്യാസം എന്നെ പഠിപ്പിക്കണമേ.

## ധ്യാനം 48 വെള്ളിയാഴ്ച

## ഈശോ സ്നേഹത്തിന്റെ പ്രമാണം സ്ഥാപിക്കുന്നു

"നിങ്ങൾ തമ്മിൽതമ്മിൽ സ്നേഹിക്കണമെന്ന ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു" (യോഹ. 13:34) നമ്മുടെ കർത്താവു് ശിഷ്യന്മാരുടെ ഹൃദയത്തിൽനിന്നു് ലോകാരുചിയെ ബഹിഷ്കരിച്ച ശേഷം, തന്റെ ജീവിതത്തിലെ അന്ത്യനിമിഷങ്ങൾ, എല്ലാററിലും മധുരതരവും ശ്രേഷ്ഠവുമായ സ്നേഹപ്രമാണത്തെ അവരുടെ ഹൃദയങ്ങളിൽ സംസ്ഥാപിക്കുവാൻ വിനിയോഗിക്കുന്നു. "എന്റെ കുഞ്ഞുങ്ങളെ എനിക്കു് എന്റെ പിതാവിന്റെ അടുക്കലേയ്ക്കു പോകുവാനുള്ള സമയം ആസന്നമായിരിക്കുന്നു. ഞാൻ മരിക്കുന്നതു നിങ്ങൾക്കുവേണ്ടിയാകുന്നു. മരണം നമ്മെ തമ്മിൽ വേർപെടുത്താതിരിക്കട്ടെ. എന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, എന്നെപ്രതി തമ്മിൽതമ്മിലും സ്നേഹിക്കണം. ഇതാകുന്നു എന്റെ ഹൃദയത്തിന്റെ തീവ്രമായ ആഗ്രഹം. ഈ സ്നേഹം മനുഷ്യഹൃദയങ്ങളിൽ ഉണർത്തുകയും അവയെല്ലാം എന്നോടും തമ്മിൽതമ്മിലും ഐക്യപ്പെടുത്തുകയും ചെയ്യു"

ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ തമ്മിൽതമ്മിൽ സ്നേഹിക്കണമെന്ന ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു. (യോഹ. 13:34) യേശുവാകുന്നു സ്നേഹത്തിന്റെ പരിപൂർണ്ണ മാതൃക. "നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക." എന്നു പഴയ പ്രമാണം പറയുന്നു. യേശുക്രിസ്തു നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ തമ്മിൽതമ്മിൽ സ്നേഹിക്കണമെന്നു പുതിയ പ്രമാണം പറയുന്നു. യേശുവിന്റെ സ്നേഹമാതൃക കാണുക. അതു് സ്നേഹിതാനയോ, ശത്രുവിനെയോ ഒഴിച്ചുനിറുത്താതെയുള്ള സാർവ്വത്രിക സ്നേഹമാകുന്നു. മററുള്ളവർക്കുവേണ്ടി സ്വജീവനെ വച്ചുകൊടുപ്പാനും തയ്യാറുള്ള സ്നേഹമാകുന്നു അതു്. ദൈവത്തെപ്രതി മാത്രം മററുള്ളവരെ

www.malankaralibrary.com

സ്നേഹിക്കുന്നു. ''നിങ്ങൾ തമ്മിൽതമ്മിൽ സ്നേഹിക്കുന്നുവെങ്കിൽ അതിനാൽ നിങ്ങൾ എൻെറ ശിഷ്യരാകുന്നു എന്നു് എല്ലാവരും അറിയും'' (യോഹ. 13:35) ഭൂമിയിലെ രാജാക്കന്മാരുടെ ചിഹ്നം അവരുടെ മുടിയും ചെങ്കോലുമാകുന്നു. യേശുക്രിസ്തുവിൻെറ സ്നേഹിതരുടെ ചിഹ്നമോ അന്യോന്യ സ്നേഹമാകുന്നു. ആദിമ ക്രിസ്ത്യാനികളെക്കുറിച്ച് ''കണ്ടാലും അവർ എത്രത്തോളം തമ്മിൽതമ്മിൽ സ്നേഹിക്കുന്നു'' എന്നു് പുറജാതികൾ പറഞ്ഞിരുന്നു. ക്രിസ്ത്യാനികളുടെ ഉൽകൃഷ്ടപദവിയുടെ സുനിശ്ചിത അടയാളം എക്കാലവും പരസ്പരസ്നേഹമാകുന്നു.

## ധ്യാനം 49 ശനിയാഴ്ച

## പത്രോസിൻെറ വീഴ്ചയെപ്പററി ഈശോ മുന്നറിയിപ്പു നൽകുന്നു.

ശീമോനേ, ശീമോനേ, സാത്താൻ നിന്നെ ഗോതമ്പുപോലെ കൊഴിക്കേണ്ടതിനു് ആഗ്രഹിച്ചിട്ടുണ്ടു്. (ലൂ. 22:31) ദോഷത്തെ മുൻകൂട്ടി കാണുന്നതു ബുദ്ധിയാകുന്നു. അതിൻെറ ഭീഷണിയിൽ പെട്ടിരിക്കുന്നവർക്കു് മുന്നറിയിപ്പു കൊടുക്കുന്നതു നല്ലതാകുന്നു. ഈശോ അതിററ ബോധജ്ഞാനമാകകൊണ്ടു് ശിഷ്യന്മാരുടെ ബലഹീനത അവിടത്തേക്കു് നന്നായി അറിയാം. അതു് അവരിൽനിന്നും മറയ്ക്കുവാൻ കഴിയാത്തവണ്ണം അവിടുന്നു് സ്നേഹമൂർത്തിയുമാകുന്നു. എല്ലാവരും തന്നിൽ ഇടറിപോകുമെന്നു് അവിടുന്നു് മുൻകൂട്ടി പ്രവചിച്ചു. വി. പത്രോസ് മറെറല്ലാവരെക്കാൾ നിശ്ചയദാർഢ്യം കാണിച്ചതുകൊണ്ടു് ആശാസ്യമായ ഒരു ഭയത്താൽ അവൻെറ വികാരതീഷ്ണതയെ മയപ്പെടുത്തുവാനായി അവിടുന്നു് പറയുകയാണു്, സാത്താൻ അവനെ കിട്ടുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നു്. ആപത്തു് അകലത്തായിരിക്കുമ്പോൾ വലിയ ധൈര്യം പറയുന്നവർ, അതു് അടുക്കലാകുമ്പോൾ വലിയ ഭീരുക്കളായിത്തീരും എന്നതു് എത്ര വാസ്തവം. നിന്നെത്തന്നെ അവിശ്വസിക്കുക. വി. ഭയമാണു് നിൻെറ ഭദ്രത.

''എന്നാൽ നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കേണ്ടതിനു് ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടു്.'' (ലൂ. 22:32) ആപത്തിനെക്കുറിച്ചു് മുന്നറിയിപ്പു തരുന്ന രക്ഷകൻ തന്നെയായിരിക്കും, ആപത്തിൽ നമ്മുടെ തുണയും. നാം പരീക്ഷയിലായിരിക്കുമ്പോൾ ഈശോ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നമ്മുടെ താങ്ങലും സങ്കേതവുമായ അവിടത്തെ നമുക്കു് വിളിച്ചപേക്ഷിക്കാം.

കർത്താവേ, നിന്നോടുകൂടെ കാരാഗൃഹവാസമനുഭവിക്കുന്നതിനും മരിക്കുന്നതിനും ഞാൻ തയ്യാറാണു് (ലൂ. 22:33) വി. പത്രോസ് തൻെറ ബലഹീനതയെപ്പററി ചിന്തിക്കുന്നില്ല. തൻെറ ഹൃദയചലനത്തെ അനുഗമിക്കുക മാത്രമാണു് ചെയ്യുന്നതു്. നിൻെറ ചിത്തവൃത്തികൾ എത്രതന്നെ നല്ലതെന്നു തോന്നിയാലും അവയിൽ ആശ്രയി

www.malankaralibrary.com

ക്കരുത്. നമ്മുടെ ഏററം നല്ല പ്രവൃത്തികളിലും സ്വയസ്നേഹം നുഴഞ്ഞു കയറാനിടയുണ്ട്. വലിയ പുണ്യവാന്മാരും അതിനാൽ വഞ്ചിക്കപ്പെട്ടിട്ടുണ്ട്. കർത്താവേ, നിനക്കുവേണ്ടി മരിക്കാൻ ഞാൻ തയ്യാറാണ്; എന്നു വികാരതീഷ്ണതയിൽ പറയുന്നവർ അനേകരാണ്. എന്നാൽ അവരുടെ ദുർബലതയും ഭീരുത്വവും ദൈവപുത്രൻ അറിയുന്നുണ്ട്. സ്വന്തശക്തിയിൽ ആശ്രയിക്കാതിരിക്കുക.

## ധ്യാനം 50 അറുപതാം ഞായർ

## ഈശോ ശിഷ്യന്മാരെ ആശ്വസിപ്പിക്കുന്നു

''നിങ്ങളുടെ ഹൃദയം കലങ്ങരുത്. ദൈവത്തിൽ വിശ്വസിക്കുവിൻ. എന്നിലും വിശ്വസിക്കുവിൻ.'' (യോഹ. 14:1) നിനക്കു കഷ്ടപ്പാടുകളുണ്ടാകുമ്പോൾ അവയെല്ലാം ദൃക്സാക്ഷികളായി യേശു സ്വർഗ്ഗത്തിലുണ്ട് എന്നോർക്കുക. നിന്റെ വിശ്വാസത്തെ ഉണർത്തുക. അവിടുന്നാകുന്നു നിന്റെ പരമനന്മ. അവിടുത്തെ നിന്നിൽനിന്നു് അകററുവാൻ ആർക്കും സാധ്യമല്ല. അങ്ങിൽ നമുക്കു സർവ്വവുമുണ്ട്. നിങ്ങളുടെ ഹൃദയം കലങ്ങുന്നതെന്ത് എന്നു് യേശു ചോദിക്കുന്നു. ഒരു സ്നേഹിതൻ നഷ്ടപ്പെട്ടതുകൊണ്ടാണോ? ഞാനല്ലേ, നിന്റെ ഉത്തമ സ്നേഹിതൻ. സമ്പാദ്യം നഷ്ടപ്പെട്ടതുകൊണ്ടാണോ? ഞാൻ നിന്റെ നിക്ഷേപമാകുന്നു. ആരോഗ്യം ക്ഷയിച്ചതുകൊണ്ടാണോ? ആത്മശരീരങ്ങളുടെ നല്ല വൈദ്യനാകുന്നു ഞാൻ. മരണത്തെ നീ ഭയപ്പെടുന്നുവോ? ഞാനാകുന്നു ജീവൻ. ഇതൊക്കെ വിശ്വസിക്കുന്ന നീ എന്തുകൊണ്ട് ഭയപ്പെടുന്നു?

എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. അല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. നിങ്ങൾക്കു സ്ഥലമൊരുക്കുവാനായി ഞാൻ പോകുന്നു. സ്ഥലമൊരുക്കിയ ശേഷം, ഞാൻ വീണ്ടും വന്നു് നിങ്ങളെ എങ്കലേക്കു് ചേർത്തുകൊള്ളും. ഞാനായിരിക്കുന്നിടത്തു് നിങ്ങളും ആയിരിക്കും. ഞാൻ എവിടെ പോകുന്നു എന്നു് നിങ്ങൾ അറിയുന്നു. വഴിയും നിങ്ങളറിയുന്നു. (യോഹ. 14:2) ദുഃഖവും നൈരാശ്യവും നിന്റെ സ്ഥിരതയെ പരീക്ഷിക്കുന്നെങ്കിൽ യേശു നിന്നെ പ്രതീക്ഷിച്ചിരിക്കുന്ന സ്വർഗ്ഗത്തിലേക്കു് നിന്റെ കണ്ണുകളുയർത്തുക. ഈ ലോകം നിന്റെ പ്രവാസസ്ഥലമാകുന്നു. നിന്റെ പാപങ്ങൾ നിന്നെ സ്വർഗ്ഗത്തിൽനിന്നു് അകററി നിർത്തുമെന്നു് ശങ്കിക്കേണ്ട. യേശു അവിടുത്തെ കൊട്ടാരത്തിലെ രാജകുമാരന്മാരുടെ കൂട്ടത്തിൽ നല്ല കള്ളനു സ്ഥാനം കൊടുത്തല്ലോ. നിനക്കു വേണ്ടിയും അവിടുന്നു് സ്ഥലമൊരുക്കുന്നു. അങ്ങയുടെ സേവനത്തിൽ നിനക്കു് എത്രത്തോളം കഷ്ടപ്പെടേണ്ടി വരുന്നുവോ, അതനുസരിച്ചു് ഉന്നതമായിരിക്കും സ്വർഗ്ഗത്തിൽ നിനക്കു ലഭിക്കുന്ന സ്ഥാനവും.

www.malankaralibrary.com

എന്നെ സ്നേഹിക്കുന്നവൻ എൻെറ പിതാവിനാൽ സ്നേഹിക്കപ്പെടും. ഞാൻ അവനെ സ്നേഹിക്കയും എന്നെത്തന്നെ അവനു വെളിപ്പെടുത്തി കൊടുക്കയും ചെയ്യും. (യോഹ. 14:21) സ്നേഹിക്കുക; പിന്നീടൊരിക്കലും കഷ്ടപ്പാടുകളെപ്പററി നീ പരാതിപ്പെടുകയില്ല. യേശുവിനെക്കുറിച്ചുള്ള സ്നേഹമാണ് എല്ലാ തിന്മകൾക്കും പരമൗഷധം. അതില്ലെങ്കിൽ ജീവിതം മരണത്തെക്കാൾ അസഹ്യമായിരിക്കും. ദൈവപുത്രനെ സ്നേഹിക്കുന്നതു ഭാഗ്യമാണെങ്കിൽ അദ്ദേഹത്താലും പിതാവിനാലും പരിശുദ്ധ റൂഹായാലും സ്നേഹിക്കപ്പെടുന്നത് എത്രയോ കൂടുതൽ ഭാഗ്യമായിരിക്കും.

## ധ്യാനം 51 — തിങ്കളാഴ്ച

## ഈശോ തൻെറ ഉപദേശം തുടരുന്നു

"ഞാൻ പിതാവിനെ സ്നേഹിക്കുന്നുവെന്നും, എൻെറ പിതാവ് കല്പിച്ചിട്ടുള്ളതുപോലെ ഞാനും ചെയ്യുന്നുവെന്നും, ലോകം അറിയേണ്ടതിനു്, എഴുന്നേല്പിൻ, നമുക്കു് ഇവിടെനിന്നും പോകാം." (യോഹ. 14:31). അപ്പം മുറിക്കുന്നതുവരെ യേശുവിനെ അനുഗമിക്കുന്നവർ അനേകരാകുന്നു. കഷ്ടതയുടെ കാസാ കുടിക്കുന്നതുവരെ അനുഗമിക്കുന്നവരോ തുലോം ചുരുക്കം. (ക്രിസ്തു. II:II) യേശുവിൽനിന്നകലുന്നതിനേക്കാൾ, എല്ലാം ഉപേക്ഷിക്കുന്നതിനും, നാം എല്ലാം സഹിക്കുന്നതിനും തയ്യാറായിരിക്കണം. അവിടന്നു മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളുമാകുന്നു. അങ്ങിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു ഫലം പുറപ്പെടുവിക്കാൻ കഴിയുകയില്ല. ഒന്നുകിൽ തന്നിൽ ജീവിച്ചു ഫലം പുറപ്പെടുവിക്കുക. അല്ലാത്തപക്ഷം വെട്ടി തീയിൽ ഇടപ്പെടുക. ഇവയിലൊന്നു മാത്രമാണ് മുന്തിരിവള്ളിയുടെ അവസ്ഥ. ഒന്നുകിൽ ഈശോ, അല്ലെങ്കിൽ നരകം. ഇതാണ് നിൻെറയും സ്ഥിതി. മദ്ധ്യമാർഗ്ഗം എന്നൊന്നില്ല. പുത്രൻെറ സ്വന്തമെന്ന നിലയിൽ മാത്രമേ, പിതാവിനു നിന്നെ സ്നേഹിക്കാൻ കഴിയൂ. ആകയാൽ ഈശോയിൽ വസിക്കുക.

സത്യം ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ പോകുന്നതു നിങ്ങൾക്കു നല്ലതാകുന്നു. ഞാൻ പോകുന്നില്ലെങ്കിൽ ആശ്വാസപ്രദൻ നിങ്ങളുടെ അടുക്കലേയ്ക്കു വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേയ്ക്കു ഞാനയയ്ക്കും. (യോഹ. 16:7) ഈശോയുടെ ഐന്ദ്രികസാന്നിധ്യം നിങ്ങളിൽനിന്നു പിൻവലിച്ചാലും, നിങ്ങളുടെ ഹൃദയത്തെ അവിടുത്തോട് ഐക്യപ്പെടുത്തുന്ന പരിശുദ്ധാത്മാവുമൂലം അവിടുത്തോട് ഹൃദയൈക്യം പാലിപ്പാൻ നിങ്ങൾക്കു കഴിയും. ക്രൂശിതനായ ഈശോയിൽനിന്നുള്ള സമ്മാനമാണ് പരിശുദ്ധാത്മദാനം. പരിശുദ്ധാത്മാവ് ദൈവതിരുമനസ്സിനോടുള്ള കീഴ്വഴക്കംമൂലം ഈശോയോടു നിന്നെ ഐക്യപ്പെടുത്തുന്നു.

www.malankaralibrary.com

നിങ്ങൾക്കു് എന്നിൽ സമാധാനമുണ്ടാകേണ്ടതിന്നു്, ഈ കാര്യങ്ങൾ ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്കു ക്ലേശങ്ങളുണ്ടാകും. എന്നാൽ ധൈര്യമായിരിക്കുക. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. (യോഹ. 16:33) ലോകത്തോടും ഈശോയോടും ഒരുപോലെ രമ്യപ്പെട്ടു പോകുവാൻ സാദ്ധ്യമല്ല. കഷ്ടതകളാകുന്ന ഈശോയുടെ അംശവസ്ത്രം, നിന്റെ രക്ഷയുടെ അടയാളവും ദൈവമക്കളുടെ അവകാശവും ആകുന്നു. നിന്റെ പ്രയാസങ്ങൾക്കനുസൃതമായി ദൈവാശ്രയവും വദ്ധിക്കട്ടെ. എന്തെന്നാൽ വിജയം വരിക്കാനുള്ള ശക്തി ദൈവപുത്രൻ നിനക്കു നല്കും.

## ന്യാനം 52 ചൊവ്വാഴ്ച

## യേശു സ്വർഗ്ഗസ്ഥപിതാവിനെ അഭിസംബോധന ചെയ്തു പ്രാത്ഥിക്കുന്നു.

യേശു സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തി പറഞ്ഞു "പിതാവേ, സമയം വന്നിരിക്കുന്നു. നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിന്നു, പുത്രനെ മഹത്വപ്പെടുത്തേണമേ." (യോഹ. 17:1) ഈശോ തന്റെ മുൾക്കിരീടത്തിലെ ഒരു മുള്ളു് നിനക്കു സമ്മാനമായി വച്ചുനീട്ടുമ്പോൾ—കാര്യമായ ഒരു സേവനം നിന്നിൽനിന്നു് ആവശ്യപ്പെടുമ്പോൾ—അതിനെ രക്ഷയുടെയും മഹത്വത്തിന്റെയും നിമിഷങ്ങളായും ദൈവപരിപാലനയുടെ പ്രത്യേക അടയാളമായും ഗണിക്കേണ്ടതാകുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ ഒട്ടും താമസിയാതെ ഹൃദയത്തെ സ്വർഗ്ഗസ്ഥപിതാവിങ്കലേയ്ക്കുയർത്തി പറയുക. "ഇതാകുന്നു എന്റെ സൗഭാഗ്യനിമിഷം. എന്റെ കർത്താവിന്നു ഞാൻ നല്കേണ്ട മഹത്വവും ഇതുതന്നേ."

അവക്കുവേണ്ടി ഞാൻ പ്രാത്ഥിക്കുന്നു. ലോകത്തിന്നുവേണ്ടിയല്ല ഞാൻ പ്രാത്ഥിക്കുന്നതു്. പിന്നെയോ നീ എനിക്കു തന്നിട്ടുള്ളവക്കുവേണ്ടിയത്രേ. എന്തെന്നാൽ അവർ നിന്റേതാകുന്നു. (യോഹ. 17:9) തെരഞ്ഞെടുക്കപ്പെട്ട എല്ലാവക്കുംവേണ്ടി യേശു നിത്യപിതാവിനോടു പ്രാത്ഥിക്കുന്നു. ആർദ്രതയും ശക്തിയും മുററിനിന്ന ഒരു സവിശേഷസ്നേഹത്താൽ അവിടുന്നു് അവരെ സ്നേഹിക്കുന്നതുകൊണ്ടു്, മരണസമയത്തു് ഒരു പ്രത്യേക പക്ഷത്തോടെ നിത്യപിതാവിനോടു് അവക്കുവേണ്ടി അപേക്ഷിക്കുന്നു. നിത്യപിതാവു് അവരെ തന്റെ സഹോദരന്മാരായി കരുതണമെന്നും അവിടുത്തെപോലെ അവരെയും പരിശുദ്ധരാക്കണമെന്നും, അവിടുന്നും പിതാവും സ്നേഹത്തിൽ ഒന്നായിരിക്കുന്ന പ്രകാരം അവരെയും അവിടുത്തോടും തമ്മിൽതമ്മിലും ഒന്നാക്കിതീക്കണമെന്നുമത്രേ യേശു പ്രാത്ഥിക്കുന്നതു്. അവിടുത്തെ പ്രാത്ഥനയിൽ നീയും ഉൾപ്പെട്ടിരുന്നു. ഈ വലിയ അനുഗ്രഹത്തിനുവേണ്ടി അവിടുത്തോടു നന്ദി പറയുക.

www.malankaralibrary.com

നീതിമാനായ പിതാവേ, ലോകം നിന്നെ അറിയുന്നില്ല. എന്നാൽ ഞാൻ അറിയുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു് ഇവരും അറിയുന്നു. ഞാൻ നിൻെറ നാമം ഇവർക്കു് അറിയിച്ചുകൊടുത്തു. നീ എന്നെ സ്നേഹിച്ച സ്നേഹം ഇവരിൽ ആകുവാനും, ഞാൻ ഇവരിൽ ആകുവാനും, ഇനിയും നിൻെറ നാമം ഇവരെ അറിയിക്കുകയും ചെയ്യും.'' (യോഹ. 17:25, 26) ലോകം ദൈവത്തെ സ്നേഹിക്കാത്തതുകൊണ്ടു് അവിടുത്തെ അറിയുന്നില്ല. അതുകൊണ്ടു് ഈ ലോകത്തിനു വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നുമില്ല. ഹൃദയവിശുദ്ധിയും സ്നേഹവും സൗമ്യതയുമില്ലാത്തവനു് ദൈവത്തെ കാണുവാൻ കഴിയുകയില്ല. യേശുവേ, ഈ ലോകത്തിൽ അങ്ങയെ മാത്രം സ്നേഹിപ്പാൻ ഞാനാഗ്രഹിക്കുന്നു. നിത്യതയിൽ അങ്ങേ കാണുവാനും എനിക്കിടയാക്കണമേ.

## ധ്യാനം 53 ബുധനാഴ്ച

## ഈശോ അത്താഴശാലയിൽനിന്നു് ശിഷ്യരോടുകൂടെ ഒലിവുമലയിലേക്കു പോകുന്നു. (യോ. 18:1)

ആതിഥേയൻെറ ഭവനത്തിൽ ബഹളമുണ്ടാകാതിരിപ്പാൻവേണ്ടി ഈശോ അത്താഴശാലയിൽനിന്നും പുറപ്പെട്ടുപോയി. അവിടുന്നു് സമാധാനപ്രിയനാകകൊണ്ടു് അവിടുത്തെ നിൻെറ ഭവനത്തിൽ പാർപ്പിക്കുവാൻ ഭയപ്പെടേണ്ടാ. അവിടുത്തേക്കു് എല്ലാവരേക്കുറിച്ചും കരുതലുണ്ടു്. നിൻെറ സഹോദരന്മാരോടു് അങ്ങനെ വർത്തിപ്പാൻ നീയും കരുതുക. ഒരു സ്തോത്രഗാനം പാടിയശേഷമാണു് അവിടുന്നു് പുറപ്പെട്ടുപോകുന്നതു്. ഉത്ഥാനം അവിടുത്തെ ധൈര്യത്തിൻെറയും നിൻെറ നേരേയുള്ള സ്നേഹത്തിൻെറയും ചിഹ്നമാണു്. നിൻെറ രക്ഷയോടു താരതമ്യപ്പെടുത്തുമ്പോൾ അവിടുത്തെ കഷ്ടപ്പാടുകൾ നിസ്സാരമെന്നു് അവിടുന്നു കരുതുന്നു. ഇത്ര മഹാനായ ഒരു നേതാവിൻെറ കീഴിൽ നീ ഒരിക്കലും ഭീരുവാകരുതു്.

യേശു ഗെത്സമേൻ എന്നു പറയപ്പെടുന്ന സ്ഥലത്തേക്കുവന്നു. ശിഷ്യരോടു് ഞാൻ അവിടെ പോയി പ്രാർത്ഥിക്കുവോളം നിങ്ങൾ ഇവിടെ ഇരിപ്പിൻ എന്നു് അവിടുന്നു് അരുൾചെയ്തു. (മത്താ. 26:36) അവിടുത്തെ ഹൃദയം ദുഃഖപൂരിതമായിരുന്നെങ്കിലും ശിഷ്യന്മാർക്കു് ആശ്വാസം നല്കുവാൻ അവിടുന്നു താല്പര്യപ്പെടുന്നു. മരണത്തോടു മല്ലിടുവാനായി അവിടുന്നു പോകുമ്പോഴും ഇരുന്നു് ആശ്വസിക്കുവാൻ അവിടുന്നു് അവരോടു് ആജ്ഞാപിക്കുന്നു. ശരീരത്തെ കീഴ്പ്പെടുത്തുന്ന പ്രായശ്ചിത്തപ്രവൃത്തികളിൽ മാത്രമല്ല, ശരീരാരോഗ്യത്തിനു് ആവശ്യമായ ആരോഗ്യവിധികളിലും സുപ്പീരിയേഴ്സിനെ അനുസരിപ്പാൻ പഠിക്കുക. അനുസരണം ബലിയേക്കാൾ നല്ലതാകുന്നു.

''എൻെറ ആത്മാവു് മരണത്തോളം അതിവേദനയിലായിരിക്കുന്നു. (മർക്കോ. 14:34) എന്നു് അവിടുന്നു് അരുൾചെയ്യുന്നു. അ

www.malankaralibrary.com

വിട്ടത്തെ ഹൃദയവേദന ഇവിടെ വെളിപ്പെട്ടത്തേണ്ടതു് ആവശ്യമായിരുന്നു. അല്ലാത്തപക്ഷം അതു് എത്രത്തോളം ഹൃദയഭേദകമായിരുന്നു എന്നു് അവർ മനസ്സിലാക്കുകയില്ലായിരുന്നു. ഓ, കത്താവേ, എന്താശ്വാസമാണു് അവിട്ടത്തേക്കു് നല്ലുവാൻ ആ പാവപ്പെട്ട ശിഷ്യന്മാക്കു കഴിയുക? കണ്ണുനീരുകളാൽ മാത്രമേ ഉത്തരം നല്ലുവാൻ അവക്കു കഴിയൂ. എനിക്കും എങ്ങനെ അവിട്ടത്തെ ആശ്വസിപ്പിക്കുവാൻ കഴിയും? ക്ലേശങ്ങളിൽ അന്യോന്യം ആശ്വസിപ്പിക്കുവിൻ എന്നു് അവിട്ടന്നു് അരുൾചെയ്യുന്നുവല്ലോ? എൻെറ രക്ഷിതാവേ, ഞാൻ മററുള്ളവരെ ആശ്വസിപ്പിക്കണമെന്നു് അവിട്ടന്നു് ആഗ്രഹിക്കുന്നു. എന്നാൽ ഞാനതിനു് അശക്തനാണു്. എൻെറ അധരങ്ങൾവഴി അവിട്ടന്നുതന്നെ അവരോട്ടു് സംസാരിക്കണമേ.

## ധ്യാനം 54 വ്യാഴാഴ്ച

## നമ്മുടെ അരിഷ്ടതകളുടെ കാഴ്ചയിൽ അവിട്ടന്നു വ്യസനാക്രാന്തനായിരിക്കുന്നു.

അവിട്ടന്നു വേദനപ്പെട്ടവാൻ തുടങ്ങി. (മത്താ. 26:37). ലോകത്തിൻെറ അരിഷ്ടതകൾ മുഴവൻ ഇരുണ്ടുകൂടി യേശുവിൻെറ തിരുഹൃദയത്തെ ഞെരുക്കുവാൻ തുടങ്ങി. അവയുടെ കൈയ്പു ശമിപ്പിക്കുന്നതിനുവേണ്ടി, അവയെയെല്ലാം സഹതാപംമൂലം തൻെറ ഹൃദയത്തിലേയ്ക്കു് ആകഷിച്ചെട്ടക്കാൻ അവിട്ടന്നു തിരുമനസ്സായി. ഹൃദയം വികസിച്ചു്, ദുഃഖങ്ങളുടെ ഒരു സമുദ്രമായി തീന്നിരിക്കുന്നു. എൻെറ അരിഷ്ടതകൾ അങ്ങയുടെ ഹൃദയത്തെ കുത്തിതുളയ്ക്കുന്നു. എന്നാൽ അങ്ങയുടെ വേദനകൾ എന്നെ സ്പശിക്കുന്നില്ല. അവിട്ടത്തെ കരുണ സീമാതീതമായിരുന്നില്ലെങ്കിൽ, എൻെറ നന്ദിഹീനതക്കു മോചനം ലഭിക്കുമെന്നു് ആശ്വസിപ്പാൻ ഞാൻ ധൈയ്യപ്പെട്ടുകയില്ലായിരുന്നു.

അവിട്ടന്നു ദുഃഖാത്തനാകുവാൻ തുടങ്ങി. അവിട്ടത്തെ വേദനകളുടെ എല്ലാം കാരണം നമ്മുടെ ആത്മീയ അരിഷ്ടതകളാകുന്നു. ഇഹലോകജീവിതത്തിൻെറ ആരംഭംമുതൽ ആത്മാക്കളുടെ പരിതാപകരമായ അവസ്ഥ അവിട്ടന്നു കണ്ടുകൊണ്ടിരിക്കുന്നു. ആത്മാക്കളുടെ നാശം അവിട്ടത്തെ വേദനപ്പെട്ടത്തുന്നു. കത്താവേ, എൻെറ ഓരോ പാപവും അവിട്ടത്തെ തിരുഹൃദയത്തെ വേദനപ്പെട്ടത്തുന്നുവല്ലോ? എന്നോടു ക്ഷമിക്കണമേ.

അവിട്ടന്നു ദുഃഖിപ്പാൻ തുടങ്ങി. തൻെറ അരിഷ്ടാവസ്ഥയെപ്പററി ചിന്തയില്ലാത്ത ഒരു പാപിയെപോലെ സഹതാപാഹനായി മററാരുമില്ല. നമ്മുടെ ലൗകീകക്ലേശങ്ങളെപ്പററി നമുക്കു വളരെയേറെ ചിന്തയുണ്ടു്. എന്നാൽ ആത്മീയാരിഷ്ടതകൾ—പാപം—നമ്മെ സ്പശിക്കുന്നതേയില്ല. ഇതും തിരുഹൃദയത്തെ വേദനപ്പെട്ടത്തുന്നു. കഷ്ട

www.malankaralibrary.com

പ്പാട്ടുകളോട അവസരത്തിൽ നാം കാണിക്കുന്ന ക്ഷമക്കേട് കൂടുതൽ പരിതാപകരമായ ആത്മീയദോഷങ്ങൾക്കു കാരണമാകുന്നുണ്ട്. എൻെറ യേശുവേ, എൻെറ പാപങ്ങളെപ്പററി കരയുവാൻ എനിക്കു കണ്ണുനീർ തരണമേ.

## ധ്യാനം 55 വെള്ളിയാഴ്ച

## സ്വർഗ്ഗസ്ഥപിതാവിനു് എതിരായുള്ള നമ്മുടെ കുററങ്ങളെപ്പററി ഈശോ കഠിനമായി ദുഃഖിക്കുന്നു.

"അവിടുന്നു അധികമായി ദുഃഖിക്കുവാൻ തുടങ്ങി." എന്തുകൊണ്ടു് ഇത്ര കൈപ്പോടെ അവിടുന്നു വിലപിക്കുന്നു. എന്തുകൊണ്ടു് രക്തകണ്ണുനീരൊഴുക്കുന്നു; എന്നു ദൈവപുത്രനോടു ചോദിക്കുക. "നിൻെറ പാപം നിമിത്തം എന്നായിരിക്കും അവിടുന്നു നല്കുന്ന മറുപടി. അവിടുന്നു് എല്ലാം ദൈവതൃക്കരങ്ങളിൽനിന്നു് സംതൃപ്തിയോടെ സ്വീകരിക്കുന്നു. അവിടുന്നു പരിശുദ്ധരിൽ പരിശുദ്ധനാണെങ്കിലും നമ്മുടെ പാപങ്ങൾ തൻെറമേൽ വഹിച്ചിരിക്കകൊണ്ടു് അനുതാപിയായി മാറിയിരിക്കുകയാണു്. ഊഹ്യാതീതമാംവണ്ണം ദാരുണമായ ദുഃഖത്തിനു് അവിടുന്നു് പാത്രമായിരിക്കുകയാണു്. ദിവ്യദർശനം ദൈവത്തിൻെറ മഹിമ പ്രതാപത്തെയും നന്മയെയുംപോലെ, പാപത്തിൻെറ ഹീനതയെയും തുറന്നുകാട്ടും. ഈ ദിവ്യദർശത്തിലുള്ള സന്തോഷത്തിനു പകരം പാപത്തിൻെറ ഹീനതയെപ്പററിയുള്ള ചിന്ത അവിടുത്തെ ഹൃദയത്തിൽ കുത്തിതുളക്കുന്ന വേദനയുളവാക്കുന്നു.

ഈശോയുടെ തിരുഹൃദയം അനുഭവിക്കുന്ന വേദന, അവിടുത്തെ സ്നേഹത്തിൻെറ അളവിനു സമമാകുന്നു. സ്നേഹംപോലെ വേദനയും അപരിമിതം. തങ്ങളുടെ ലഘുവായ പാപത്തെക്കുറിച്ചുള്ള പശ്ചാത്താപംപോലും ചില പരിശുദ്ധന്മാരുടെ മരണത്തിനു് ഹേതുവായിട്ടുണ്ടു്. അതുപോലെ നീയും ദൈവത്തെ സ്നേഹിക്കുന്നപക്ഷം, നിൻെറ പശ്ചാത്താപവും അത്ര തീവ്രമായിരിക്കും. നന്മ മാത്രമായ ദൈവത്തിനെതിരായി അക്രമം കാണിച്ചതിനെപ്പററി നിനക്കു ദുഃഖമില്ലേ?

ഇതുവരെ ചെയ്യപ്പെട്ടിട്ടുള്ളവയും ഇനിയും ചെയ്യപ്പെടുന്നവയുമായ എല്ലാ പാപങ്ങളുടേയും പരിമാണം ഈശോയെ വേദനപ്പെടുത്തുന്നു. ഈശോയുടെ തിരുഹൃദയം മാധുര്യം നിറഞ്ഞതാണു്. എന്നാലും നമ്മുടെ പാപം ആ മാധുര്യത്തെ കൈപ്പാക്കി പകരുവാൻ പോരുന്നതാണു്. ഈശോയുടെ തിരുഹൃദയത്തിലെ മുറിവുകളെപ്പററി, പ്രത്യേകിച്ചു് നീ ഏല്പിച്ച മുറിവുകളെപ്പററി പശ്ചാത്തപിക്കുക.

www.malankaralibrary.com

## ധ്യാനം 56 ശനിയാഴ്ച

### ലോകത്തിന്റെ പാപം മുഴുവൻ തന്റെമേൽ ചുമത്തപ്പെട്ടിരിക്കുന്നതിനാൽ ഈശോ സീമാതീതമായ മനക്കലക്കം അനുഭവിക്കുന്നു.

ദൈവപുത്രൻ നിലത്തു സാഷ്ടാംഗം വീണു കിടക്കുന്നതിനെപ്പററി നീ വിസ്മയിക്കുണ്ടോ. തന്നെ മൂടിയിരിക്കുന്ന നിന്റെ പാപകുഷ്ഠം അവിടുത്തെ ഇവ്വണ്ണം താഴ്ത്തിയിരിക്കയാണ്. പരിശുദ്ധരിൽ പരിശുദ്ധനായ താൻ പാപികളിൽ പ്രമാണിയായി മാറിയിരിക്കുകയാണ്. ഓ, മഹത്വത്തിന്റെ രാജാവേ, ഞാനാകുന്ന പാപി, ലജ്ജിക്കേണ്ടവനും ഞാൻതന്നേ. പാപത്തിനു കാരണമാകുന്ന കപടലജ്ജയെ എന്നിൽനിന്ന് അകറേറണമേ.

പിതാവ് എന്ന വത്സലനാമം യേശു ഉപയോഗിക്കുന്നു. എന്നാൽ സ്വർഗ്ഗസ്ഥപിതാവാകട്ടെ, ഒരു അപരിചിതനും പരദേശിയും എന്ന നിലയിൽ അവിടുത്തോടു പെരുമാറുന്നു. ദൈവിക കരുണയ്ക്കായി അവിടുന്നു കൈനീട്ടുന്നു. നീതിയാൽ അതു നിരസിക്കപ്പെടുന്നു. നീറുന്ന വേദനയിൽ അല്പം ആശ്വാസത്തിനായി അവിടുന്ന് ഇരക്കുന്നു. പക്ഷേ ഇരുണ്ട മരണവിധി മാത്രം അവിടുത്തേയ്ക്കു ലഭിക്കുന്നു. എത്ര കക്കശമായ വിധിതീർപ്പ്!

നമ്മുടെ ഹീനസ്ഥിതി മററുള്ളവർ കാണാതിരിക്കാൻവേണ്ടി അതിനെ മറയ്ക്കുവാൻ ലജ്ജ നമ്മെ പ്രേരിപ്പിക്കുന്നു. എന്നാൽ യേശുവാകട്ടെ മനുഷ്യരും മാലാഖമാരുമാസകലം അവിടുത്തെ ഹീനസ്ഥിതി കാണണമെന്ന് ആഗ്രഹിക്കുന്നു. ഭയത്തിനോ നൈരാശ്യത്തിനോ ഒരിക്കലും അടിമപ്പെട്ടിട്ടില്ലാത്തവൻ പാവപെട്ട ശിഷ്യന്മാരിൽനിന്ന് ആശ്വാസം അന്വേഷിക്കുന്നു. മാലാഖയിൽനിന്ന് അതു സ്വീകരിപ്പാൻ തക്കവണ്ണം അത്രമാത്രം യേശു തന്നെത്തന്നെ എളിമപ്പെടുത്തുന്നു. നിത്യപിതാവ് ഏററം ലജ്ജാകരമായ മരണത്തിനുതന്നെ വിധിക്കുന്നു. ആകാശവും ഭൂമിയും അതു ദർശിക്കുവാൻ അവിടുന്നു തിരുമനസ്സാകുന്നു. കഷ്ടം! ഒരു സൃഷ്ടിയോട് എന്റെ പാപം ഏററുപറയാൻ ഞാൻ ലജ്ജിക്കുന്നു. അവിടുത്തെ മുമ്പിൽ ആ ലജ്ജാകരമായ പാപം ചെയ്യാൻ ഞാൻ ലജ്ജിക്കുന്നുമില്ല.

## ധ്യാനം 57 അൻപതാം ഞായർ

### വരുവാനിരിക്കുന്ന പീഡനങ്ങളുടെ കാഴ്ചയിൽ ഈശോ ഭയവിഹ്വലനായിതീരുന്നു.

"അവൻ ഭയപ്പെട്ടുവാൻ തുടങ്ങി" (മർക്കോ. 14:33) തന്റെ അനുവാദത്തോടുകൂടിയല്ലാതെ യാതൊരു തിന്മയ്ക്കും തന്നെ സമീപിക്കുവാൻ

www.malankaralibrary.com

കഴിയാത്തവനായി സർവ്വശക്തൻ മരണകരമായ ഭയത്താൽ ഗ്രസ്ഥനാകുന്നു. ഓ കർത്താവേ, അവിടുത്തെ സർവ്വശക്തിതപാത്തെ എതിർക്കുവാൻ യാതൊന്നിനും കഴിയാതിരിക്കെ അവിടുന്നു് എന്തിനു ഭയപ്പെടുന്നു. അവിടുത്തെ ഭയം ദൗർബ്ബല്യത്തിൻെറ ഫലമല്ല. പിന്നെയോ ധൈര്യത്തിൻെറയും സ്നേഹത്തിൻെറയും ഫലമത്രെ. പാപികളുടെ പ്രതിപുരുഷനായി തീർന്നിരിക്കുന്നതിനാലത്രേ അവിടുന്നു ഭയവിഹ്വലനാകുന്നതു്. എൻെറ ദൗർബ്ബല്യത്തെപ്പററി ഞാൻ എന്തിനു കലങ്ങുന്നു? എൻെറ രക്ഷകൻ വേദനയെയും പീഡനത്തെയും ദൂഷണങ്ങളേയും, ശത്രുക്കളിൽനിന്നുള്ള ബലാല്ക്കാരത്തെയും ഭയപ്പെട്ടല്ലോ. വൃക്ഷം വേരുവരെ കുലുങ്ങുന്ന സ്ഥിതിക്കു് ഇല വിറകൊള്ളുന്നതിൽ എന്തിനു് അത്ഭുതപ്പെടണം.

നമ്മുടെ ഭയത്തെ ശമിപ്പിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനും വേണ്ടി ഈശോ ഭയവിഹ്വലനായിതീരുന്നു. നീ സ്വതവേ, ഭീരുവും ലജ്ജാവിവശനുമാകുന്നു. ഈശോയോടു നിന്നെ സംയോജിപ്പിക്കുക. അവിടുത്തെ ദൗർബ്ബല്യത്തെ നിൻെറ പ്രതിവിധിയാക്കുക. ഭയം നിമിത്തം യാതൊരു കടമയും നിർവ്വഹിക്കാതിരിക്കരുതു്. വഴിമദ്ധ്യേ വീണുപോയാലും വെച്ച കാൽ പുറകോട്ടു വലിക്കരുതു്.

ശിഷ്യരെ ധൈര്യവാന്മാരാക്കുവാൻ ഈശോ ഭയന്നു വിറയ്ക്കുന്നു. അവിടുത്തെ ഭയമാകുന്നു നമ്മുടെ ശക്തി. നമ്മുടെ ശരണത്തെ ഉയർത്തട്ടെ. ഈശോ മരണം കൈവരിച്ചതുവരെ, അതു് എല്ലാവർക്കും ഭയഹേതുകമായിരുന്നു. അവിടുന്നു് അതിനെ ജയിച്ചിരിക്കേ, ഇനി അതിനെ ഭയപ്പെടുന്നതുകേവലം ഭീരുതചമാകുന്നു. ഉറച്ച കണ്ണോടെ മരണത്തെ നോക്കിക്കൊണ്ടുക. ഏതു സമയത്തും അതിനെ നിനക്കു പ്രതീക്ഷിക്കാം. അതു നിന്നെ നേരിടുന്ന സമയം എപ്പോഴെന്നറിയായ്കകൊണ്ടു് എപ്പോഴും ഒരുങ്ങിയിരിക്കുക.

## ധ്യാനം 58 തിങ്കളാഴ്ച

## തൻെറ പീഡകളേയും മരണത്തെയും കുറിച്ചു് ഈശോയ്ക്കുണ്ടായ ദുർവ്വഹമായ വെറുപ്പു്.

തൻെറ പീഡകളെക്കുറിച്ചു് ഈശോ ഭയപ്പെടുവാനും ഭാരപ്പെടുവാനും തുടങ്ങി. (മർക്കോ. 14:33) പീഡാനുഭവത്തെയും മരണത്തെയുംകുറിച്ചു് യേശുവിനു് അനുഭവപ്പെട്ട വെറുപ്പു് അവിടുത്തെ വേദനയെ കൂടുതൽ ദുസ്സഹമാക്കിതീർത്തു. നമ്മുടെ ബലഹീനതയിൽ നമ്മെ ആശ്വസിപ്പിക്കുവാനായിട്ടാണു് ഈ വികാരത്തിനു് യേശു അധീനനായതു്. എൻെറ രക്ഷിതാവേ, യുദ്ധത്തിൽ എന്നെ ഉന്മേഷവാനാക്കുവാനും ജയിപ്പാനുള്ള ശക്തി എനിക്കു നല്കുന്നതിനായിട്ടുമാണല്ലോ അവിടുന്നു് ഇതു സഹിക്കുന്നതു്. ഒരു ക്രിസ്ത്യാനി പീഡനത്തിൽനിന്നും മരണത്തിൽനിന്നും ഓടി ഒളിക്കുന്നതിൽ തെററില്ലെന്നും, എന്നാൽ ധൈ

www.malankaralibrary.com

വം തിതമനസ്സാകുന്നപക്ഷം അവയെ സ്വീകരിപ്പാൻ തയ്യാറായിരിക്ക ണമെന്നും അവിട്ടത്തേയ്ക്കു "അനുഭവപ്പെട്ട വെറുപ്പു" നമ്മെ പഠിപ്പിക്കുന്നു.

അവൻ ഭയപ്പെട്ടുവാനും ഭാരപ്പെട്ടുവാനും തുടങ്ങി. മനുഷ്യ രിൽ അധികപങ്കം അവിട്ടത്തെ ദാരുണമായ പീഡകളെപ്പററി നിർവ്വി കാരരായി, നന്ദിഹീനരായി വത്തിക്കുന്നതുകൊണ്ടു അവരെ സംബ ന്ധിച്ചിടത്തോളം തൻെറ പീഡാനുഭവം പ്രയോജനരഹിതമായി ഭവി ക്കുമല്ലോ എന്നുള്ള ചിന്ത യേശുവിൻെറ വേദനയെ ശതഗുണീഭവിപ്പി ക്കുന്നു. "എൻെറ രക്ഷകാ, ഇത്രയേറെ വിലകൊടുത്തു അവിട്ടന്നു സ മ്പാദിച്ച അനുഗ്രഹത്തെ സഫലമാക്കുന്ന ഭാഗ്യവാന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടുവാനുള്ള ഭാഗ്യം എനിക്കു നല്കണമേ.

ഒരു കാര്യത്തിനുവേണ്ടി പരമാവധി ശ്രമിച്ചിട്ടും സാധിക്കാ തെ പോകുന്നതു ഏവക്കും വേദനാജനകമാണു. എന്നാൽ ആക്കുവേ ണ്ടി പരിശ്രമിക്കുന്നുവോ അവക്കു നമ്മുടെനേരെ മുൻവിധിയുണ്ടാക്കു ന്നതിനാണു അതു കാരണമാകുന്നതെങ്കിൽ അതിൻെറ വേദന എത്രമാ ത്രം ദുസ്സഹമായിരിക്കും? യഹൂദജനത്തെ കാണുവാനും കേൾക്കുവാനും സ്വന്തമാക്കുവാനും കഴിയത്തക്കവിധം യേശു അവരുടെ മദ്ധ്യേയുണ്ടു. ഇത്രവലിയ അനുഗ്രഹത്തെ ഫലപ്പെട്ടുത്തുന്നതിനുപകരം അവരുടെ വ ഷളത്വം ഹേതുവാൽ അതിനെ ശാപകാരണമാക്കുകയാണു ചെയ്യുന്ന തു. എത്ര വലിയ മൂഢത?

## ധ്യാനം 59 ചൊവ്വാഴ്ച

## യേശു തൻെറ വ്യാകുലതയുടെ അവസരത്തിൽ പ്രാത്ഥനയിൽ അഭയം തേടുന്നു.

അവൻ അവരിൽനിന്നു ഒരു കല്ലേറു ദൂരത്തോളം അകന്നു പോയി കുമ്പിട്ടു പ്രാത്ഥിച്ചു. (ലൂ. 22.41) ദുഃഖനിമഗ്നനായ ഈശോ പ്രാത്ഥനയ്ക്കായി രാത്രി സമയമാണു തെരഞ്ഞെടുത്തതു. കാരണം ആത്മാവിനു ദൈവസ്വരം ശ്രവിക്കുവാൻ കഴിയുന്നതു മൗനത്തിലാ ണു. അവിട്ടന്നു ശിഷ്യന്മാരിൽനിന്നകന്നു പോകുന്നു. എന്തെ ന്നാൽ ദൃക്സാക്ഷികളെ കൂടാതെ നിശ്ശബ്ദമായി ഹൃദയഏകാന്തതയിൽ ദൈവവും ആത്മാവുമായി നടത്തുന്ന രഹസ്യസംഭാഷണമാണു പ്രാ ത്ഥന. ഈ വിശുദ്ധാഭ്യാസനത്തിൽ തൻെറ വ്യാകുലത വദ്ധിക്കയേ ഉള്ളൂ എന്നു അവിട്ടത്തേക്കറിയാം. അവിട്ടന്നു പോകുന്നതു ആശ്വാ സം അന്വേഷിച്ചല്ല, പിന്നെയോ തൻെറ പിതാവിനെ ബഹുമാനി ക്കുന്നതിനും അവിട്ടത്തെ തിരുവിഷ്ടത്തിനു തന്നെ കീഴ്പ്പെട്ടുത്തുന്ന തിനും വേണ്ടിയത്രേ. ഇതാണോ നിൻെറ പ്രാത്ഥനയുടെ ലക്ഷ്യം.

അവിട്ടന്നു സാഷ്ടാംഗം വീണു പ്രാത്ഥിക്കുന്നു. പിതാവേ കഴിയുമെങ്കിൽ ഈ കാസാ എന്നിൽനിന്നും അകന്നുപോകണമേ.

www.malankaralibrary.com

എങ്കിലും എൻെറ ഇഷ്ടമല്ല; നിൻെറ ഇഷ്ടംപോലെ ഭവിക്കട്ടെ. (മത്താ. 26:39) നിൻെറ പ്രാർത്ഥനയുടെ മാതൃക കാണുക. സ്വർപിതാവിൻെറ മുമ്പാകെ അഗാധമായ വിനയത്തോടെ അവിടുന്ന് സാഷ്ടാംഗപ്രണാമം ചെയ്യുന്നു. ആ താഴ്മക്കനുസൃതമായ ദൈവാശ്രയവും അവിടുന്നു പ്രകടിപ്പിക്കുന്നു. എൻെറ പിതാവേ, ഞാൻ മരണത്തോളം അതിവേദനയിലായിരിക്കുന്നു. അങ്ങയുടെ പുത്രനായ എൻെറ മേൽ കരുണയുണ്ടാകണമേ എന്ന് അവിടുന്നു പ്രാർത്ഥിക്കുന്നു.

ഈ കാസാ കടന്നുപോകാതെ കടിയ്ക്കണമെന്നതാണ് അവിടുത്തെ തിരുവിഷ്ടമെങ്കിൽ, ആ തിരുവിഷ്ടം തന്നെ നടക്കട്ടെ. (മത്താ. 26:42) ഈശോയുടെ ഈ പ്രാർത്ഥന കേൾക്കപ്പെടുന്നില്ല. ആ നീരസത്തെപ്പററി ഈശോ പിറുപിറുക്കുന്നുമില്ല. ദൈവതിരുവിഷ്ടത്തിന് നിന്നെത്തന്നെ കീഴ്പ്പെടുത്തുന്നതാണ് അത്യുൽകൃഷ്ടമായ പ്രാർത്ഥന. നിൻെറ പ്രാർത്ഥന ദൈവപ്രമാണത്തിന്നനുസൃതമെങ്കിൽ ദൈവം ശ്രവിക്കും. ഹൃദയത്തിൻെറ ക്രമരഹിതമായ ആഗ്രഹത്തിൽ നിന്നും പുറപ്പെടുന്നതാണെങ്കിൽ, ദൈവം നിരസിക്കും. ആ നീരസം തന്നെയും ഒരു ശിക്ഷ എന്നതിനേക്കാൾ ഒരു നന്മയായി പരിഗണിക്കുവാൻ പഠിക്കുക.

## ധ്യാനം 60 നോമ്പുകാലം—ക്ഷാരബുധനാഴ്ച

## സ്വർഗ്ഗത്തിൽനിന്നുള്ള ഒരു ദൂതൻ ഈശോയെ ആശ്വസിപ്പിക്കുന്നു.

"സ്വർഗ്ഗത്തിൽനിന്നുള്ള ഒരു ദൂതൻ അവനു പ്രത്യക്ഷപ്പെട്ടു." (ലൂ. 22:43) ഈശോയുടെ പ്രാർത്ഥനാസമയത്തു സ്വർഗ്ഗം മുഴുവൻ മൗനമായിരുന്നു. ഒരു മാലാഖ അവിടുത്തെ പ്രാർത്ഥനയെ ദൈവസിംഹാസനത്തിലേയ്ക്കു വലിച്ചുകൊണ്ടു പോകുന്നു. വാഴ്ത്തപ്പെട്ട സകല ആത്മാക്കളും അവിടുത്തെ പ്രാർത്ഥനയിൽ പങ്കുചേരുന്നു. അതു് അവിടുത്തേക്കു ആവശ്യമുണ്ടായിട്ടല്ല. പിന്നയോ അവരുടെ സ്വർഗ്ഗീയ നാഥനോടു അവർക്കുണ്ടായിരുന്ന കടപ്പാടുകൊണ്ടത്രേ. പ്രാർത്ഥനയുടെ നേരെ മാലാഖമാർ കാണിക്കുന്ന വണക്കത്തിൽനിന്നും ദൈവത്തിൻെറ തിരുസന്നിധിയിൽ അതിനുള്ള സ്വാധീനശക്തിയിൽനിന്നും പ്രാർത്ഥനയോടു നിനക്കുണ്ടായിരിക്കേണ്ട മതിപ്പ് ഏതുപ്രകാരമെന്നു പഠിക്കുക.

ഓ, എൻെറ നല്ല മാലാഖാ, എൻെറ പ്രാർത്ഥനാബലിയെ ദൈവസിംഹാസനത്തിങ്കൽ കാഴ്ച വയ്ക്കണമേ.

യേശുവിൻെറ പ്രാർത്ഥന കാഴ്ചവച്ച മാലാഖ സ്വർഗ്ഗത്തിൽനിന്നിറങ്ങി വ്യാകുലാധിക്യസമയത്തു് അവിടുത്തേക്കു പ്രത്യക്ഷപ്പെടുന്നു. സ്വർഗ്ഗസ്ഥപിതാവിൻെറ നാമത്തിൽ മാലാഖാ ഈശോയ്ക്കു സമർപ്പിക്കുന്ന കാസായിൽ എന്താണ് അടങ്ങിയിരിക്കുന്നതു്? ക്രൂശിൻെറ രക്ഷ

www.malankaralibrary.com

തയും മരണത്തിൻെറ കയ്പുരസവും. എന്നാൽ അവ സ്വർഗ്ഗത്തിൽ നിന്നാണ് വരുന്നത്. ദൈവത്തിൻെറ മാലാഖയാണ് കൊണ്ടുവരുന്നത്. യേശു ആശ്വാസം പ്രാപിച്ചു. ഈ ജീവിതാരണ്യത്തിൽ നിന്നെ നടത്തുന്നതും മരണാവസരത്തിൽ നിന്നെ സഹായിക്കുന്നതും ഒരു മാലാഖതന്നേ.

യേശുവിൻെറ സാഷ്ടാംഗപ്രണാമത്തിൽ ഏതു വിധമാണ് മാലാഖ അവിടുത്തെ ധൈര്യപ്പെടുത്തുന്നത്. പീഢാനുഭവങ്ങളുടെ ആവശ്യകതയേയും, അതിൽനിന്നുണ്ടാകുന്ന ദൈവമഹത്വത്തേയും മാലാഖാ അവിടുത്തെ മുമ്പിൽ നിരത്തിവയ്ക്കുന്നു. ദൈവം നിനക്കു നല്കിയിട്ടുള്ള മാലാഖയുടെ അടുക്കലേക്കു തിരിയുക. അവൻ വഴിയായി ദൈവം നിൻെറ ആത്മാവിൻെറ അഗാധതയിലേക്ക് ഉച്ഛ്വസിക്കുന്ന ഒററ നിശ്വാസം നിനക്കു പൂർണ്ണമായി സമാധാനം കൈവരുത്തും.

ധ്യാനം 61 വ്യാഴാഴ്ച

## ഈശോ മരണവേദനയിലാകുന്നു

"മരണവേദനയിലായിരിക്കേ, ഈശോ ദീർഘമായി പ്രാർത്ഥിച്ചു" (ലൂ. 22:43) മാലാഖയുടെ വാക്കുകൾ ഈശോയെ ശക്തിപ്പെടുത്തി. എന്നാൽ അവിടുത്തെ വേദനയ്ക്കു ഒരു ശമനവുമുണ്ടായില്ല. നമ്മുടെ ബലഹീനതയെ ഭയപ്പെടണമെന്നു നമ്മെ പഠിപ്പിക്കുവാൻ ഒന്നിനെ അതായതു് ആശ്വാസവചനങ്ങളെ അവിടുന്നു സ്വീകരിക്കുന്നു. എന്നാൽ ഇന്ദ്രിയഗോചരമായ ഭക്തിയുടെ അഭാവത്തിലും ദൈവസേവനത്തിൽ ഉറച്ചു നില്ക്കണമെന്നു നമ്മെ പഠിപ്പിക്കുവാനായി മററതിനെ അതായതു് വേദനയിൽനിന്നുള്ള ആശ്വാസത്തെ അവിടുന്നു നിരസിക്കുന്നു. ഇങ്ങനെ ഈശോ ബലവാന്മാരേയും ദുർബ്ബലരെയും ഉപദേശിക്കുന്നു.

സ്വർഗ്ഗസ്ഥപിതാവിൻെറ നീതി നീക്കപോക്കില്ലാത്തതാണെന്നും, താൻ മരിക്കുകതന്നെ വേണമെന്നും ഈശോയ്ക്കു ബോധ്യമായി. തൻെറ മുമ്പിൽ പ്രദർശിപ്പിക്കപ്പെടുന്ന നിരവധിയായ പാപങ്ങൾ അവിടുത്തെ സ്നേഹഹൃദയത്തെ മഥിക്കുകയും, അതിനെ രണ്ടായി പിളക്കുകയും ചെയ്യുന്നു. ദൈവകോപത്തിൻെറ ഫലമായ ശിക്ഷയെ ഓർത്ത് ഹൃദയം വിറയ്ക്കുന്നു. മനസ്സ് അതിനെ ആദരപൂർവ്വം സ്വീകരിക്കുന്നു. ആയതിലേയ്ക്ക് അവിടുത്തെ ബലമായി പിടിച്ചുവലിക്കുന്നു. അങ്ങനെ അവിടുത്തെ മരണവേദന അധികരിക്കുന്നു.

ഏററം രൂക്ഷമായ ആത്മീയവരൾച്ചയുടെ സമയത്തുപോലും ഈശോ പ്രാർത്ഥന മുടക്കുന്നില്ല. മറിച്ച് കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥന ദീർഘിപ്പിക്കയത്രേ ചെയ്യുന്നതു്. നമ്മുടെ നൈരാശ്യത്തെ ജയി

www.malankaralibrary.com

ക്കാൻ പ്രാർത്ഥിക്കണമെന്നു് അവിടുന്നു് പഠിപ്പിക്കുന്നു. മനസ്സിൽ ഏതുവിധ വിരസത തോന്നിയാലും, ഈശോയെ അനുകരിച്ചു് പ്രാർത്ഥനയിൽ കൂടുതൽ അഭയപ്പെടുകയത്രേ വേണ്ടതു്.

## ധ്യാനം 62 അൻപതാം ആഴ്ചയിലെ വെള്ളിയാഴ്ച

## മരണവേദനയിൽ ഈശോ രക്തം വിയർക്കുന്നു

"അവൻെറ വിയർപ്പു നിലത്തുവീഴുന്ന രക്തതുള്ളികൾ പോലെയായി." (ലൂ. 22:44) തിരുശരീരത്തിലെ ഓരോ രോമകൂപവും കാരുണ്യം യാചിക്കുന്നതിനായി യേശു തുറക്കുന്നു. ഓ, യേശുവെ, അതിദാരുണമായ ക്ലേശങ്ങളുടെ അവസരത്തിലും ശരീരത്തെ ഇത്രമാത്രം എളിമപ്പെടുത്തുവാൻ അവിടുന്നു തിരുമനസ്സായല്ലോ. ഈ രക്തം വിയർപ്പിനു കാരണം അവിടുത്തെ സ്നേഹതീക്ഷ്ണതയോ, അതോ വിരസതയോടുള്ള സമരത്തിൽ തന്നോടുതന്നെ ചെയ്ത ബലാല്ക്കാരമോ? അതോ മനുഷ്യൻെറ അവിശ്വസ്ഥത നിമിത്തം അവിടുത്തേയ്ക്കുണ്ടായ മനോവേദനയോ? എൻെറ ഈശോയെ, അവിടുത്തെ കരുണ എല്ലാ പ്രവൃത്തികളെക്കാൾ ഉന്നതംതന്നെ.

ഈ അത്ഭുതകരമായ രക്തപ്രവാഹം അവിടുത്തെ സ്നേഹാധിക്യത്തിൻെറയും തീക്ഷ്ണതയുടേയും അടയാളമാണു്. ഒരു ദിവസം ഈ വിയർപ്പു് നമ്മുടെ ഉദാസീനതയെ തീർച്ചയായും കുററപ്പെടുത്തും. നമുക്കവേണ്ടി അവിടുന്നു് അങ്ങേയററം വേദന സഹിക്കുമ്പോൾ ഒരു ചെറിയ അസൗകര്യംപോലും സഹിക്കുവാൻ നമുക്കു മനസ്സില്ലല്ലോ.

"ബൊസ്രായിലെ ചായം മുക്കിയ വസ്ത്രങ്ങളുമായി, ഏദോമിൽനിന്നു വരുന്ന ഇവൻ ആരാകുന്നു." (യേശയ്യാ. 63:1) പരമനന്മയ്ക്കായി ദാഹിക്കുന്ന ഏവരുമേ, ജീവൻെറ ഉറവയിങ്കലേക്കു് ഓടിവരുവിൻ. നിങ്ങൾക്കുവേണ്ടി ചിന്തപ്പെട്ട വിലയേറിയ രക്തം നഷ്ടപ്പെടുത്തികളയരുതേ. യേശു രക്തം ചിന്തുന്നതു് നിൻെറ മരണവേദനയിൽ നിനക്കു് ആശ്വാസം പകർന്നുതരുവാനാണു്. നിനക്കു പശ്ചാത്താപം സമ്പാദിച്ചു തരുന്നതിനും, സ്വഭാവത്തിന്നെതിരായ സമരത്തിൽ നിനക്കു് ഉന്മേഷം നല്കുന്നതിനും അവിടുന്നു് ഉദ്ദേശിക്കുന്നുണ്ടു്. നീ ഇത്ര മന്ദഭക്തനായിരിക്കുന്നതു് യേശുവിൻെറ മരണവേദനയെപ്പററി വേണ്ടപോലെ ചിന്തിക്കാത്തതുകൊണ്ടല്ലയോ?

www.malankaralibrary.com

## ധ്യാനം 63 50–ാം ആഴ്ചയിലെ ശനിയാഴ്ച

### ഈശോ മൂന്നു പ്രാവശ്യം ശിഷ്യന്മാരെ സന്ദർശിക്കുന്നു. അപ്പോഴൊക്കെ അവർ ഉറങ്ങുന്നതായി കാണപ്പെടുന്നു.

ശീമോനേ, നീ ഉറങ്ങുന്നുവോ? ഒരു മണിക്കൂർ നേരമെങ്കിലും എന്നോടുകൂടെ ഉണർന്നിരിപ്പാൻ നിനക്കു കഴികയില്ലയോ? (മർക്കോ. 14:37) യൂദാ ജാഗരണം ചെയ്യുന്നു. ഈശോയുടെ ശത്രുക്കൾ ഉറക്കിളച്ചിരിക്കുന്നു. ശിഷ്യരോ ഉറങ്ങുന്നു. ഇങ്ങനെ നാമും പ്രാർത്ഥനയിൽ ഉറങ്ങുന്നു. ദുസ്സ്വഭാവങ്ങളിൽ ഉറങ്ങുന്നു. ഏററം പ്രധാനപ്പെട്ട കടമകളുടെ നിർവ്വഹണത്തിലും നാം ഉറക്കം തൂങ്ങുകയാണു്. വികാരങ്ങളുടെമേലും വിചാരങ്ങളുടെമേലും ജാഗരൂകരായിരിക്കേണ്ട നാം ഉറങ്ങുകയാണു്. എന്തുകൊണ്ടു്?

പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടുമിരിപ്പിൻ, ആത്മാവു് ഒരുക്കമുള്ളതു്, ജഡമോ ബലഹീനമത്രേ. (മർക്കോ.14:38) മരണവേദനയുടെ അവസരത്തിലും ആടുകൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഈ നല്ല ഇടയന്റെ ജാഗരൂകതയെ വാഴ്ത്തുക. അവിടുന്നു് അരുൾചെയ്യുന്നു. പ്രാർത്ഥിക്കുക, ജാഗരണം ചെയ്യുകയെന്നു്. പരീക്ഷയ്ക്കെതിരായ മൂന്നു പ്രമാണങ്ങൾ കാണുക. അവ പ്രാർത്ഥിക്കുക, ജാഗരണംചെയ്യുക, നിന്നെത്തന്നെ അവിശ്വസിക്കുക എന്നിവയാണ്. ജാഗരണം പരീക്ഷകളെ വെളിച്ചത്തു കൊണ്ടുവരുന്നു. ജയിപ്പാനുള്ള ശക്തിയും ദൃഢനിശ്ചയവും നല്കുന്ന ഉജ്ജീവനതത്വം പ്രാർത്ഥനയാകുന്നു.

മൂന്നാം പ്രാവശ്യം അവൻ അവരുടെ അടുക്കൽ വന്നു പറയുന്നു! ഇനി 'നിങ്ങൾ ഉറങ്ങി ആശ്വസിച്ചു കൊള്ളുവിൻ.' (മർക്കോ. 14:41). ഏതൊരു ഏകപുത്രന്റെ നേരെയുള്ള മാതൃസ്നേഹവും ഈശോയിക്കു ശിഷ്യന്മാരുടെനേരെ ഉണ്ടായിരുന്നിടത്തോളം ആർദ്രമായിരിക്കയില്ല. മൂന്നു പ്രാവശ്യം അവിടുന്നു് അവരെ സന്ദർശിച്ചു. മൂന്നു പ്രാവശ്യവും അവർ ഉറങ്ങുകയായിരുന്നു. ഈ അശ്രദ്ധ അവിടുത്തേക്കു് എത്രമാത്രം മർമ്മഭേദകമായിരിക്കണം? എങ്കിലും അവിടുന്നു് അവരെ ശകാരിക്കാതെ, സ്നേഹപൂർവ്വം ശാസിക്കയും വിശ്രമിച്ചുകൊള്ളാൻ അനുവദിക്കയുമത്രേ ചെയ്യുന്നതു. യേശുവിന്റെ ആത്മാവേ, അങ്ങു് എത്രമാത്രം മാധുര്യവാനാകുന്നു.

## ധ്യാനം 64 നോമ്പിലെ ആദ്യഞായറാഴ്ച

### ഈശോ പ്രാർത്ഥനയിൽ നിന്നെഴുന്നേററു പോകുന്നു

അല്പം വിശ്രമിച്ചു കൊള്ളുന്നതിനു് യേശു ശിഷ്യന്മാരോടു് ആജ്ഞാപിച്ചെങ്കിലും പെട്ടെന്നു് അവരെ ഉണർത്തിക്കൊണ്ടു പറയുന്നു "മതി" (മർക്കോ. 14:40) ഈ ജീവിതത്തിലെ വിശ്രമം എത്ര ഹ്രസ്വം! ഇടമുറിയാതെ നാം ജാഗരണം ചെയ്യണം. എന്തെന്നാൽ നമ്മുടെ ശത്രു

www.malankaralibrary.com

ഉറങ്ങാതെ ജാഗരൂകനായിരിക്കുന്നു. നിൻെറ ആശ്വാസത്തിൻെറ അളവ് അതിനുള്ള ആവശ്യമാത്രമായിരിക്കണം. നിനക്കു ലഭിക്കുന്ന വിശ്രമംകൊണ്ട് നീ സംതൃപ്തിയടയുക. ഈ ജീവിതം വിശ്രമത്തിനുള്ളതല്ല. പിന്നെയോ പ്രവൎത്തനത്തിനും സഹനത്തിനുമുള്ളതാണ്.

അപ്പസ്തോലന്മാരെ ഉറപ്പിക്കുന്നതിനും സമരത്തിലേയ്ക്കു ഒരുക്കുന്നതിനുംവേണ്ടി യേശു അരുൾചെയ്യുന്നു. "സമയമായിരിക്കുന്നു" (മൎക്കോ.14:41) ഇതിനിടയിൽ മരണംവരെ അവിടുത്തെ അനുഗമിക്കാമെന്നുള്ള അവരുടെ വാഗ്ദത്തം അവർ ഓൎക്കേണ്ടിയിരിക്കുന്നു. പ്രാൎത്ഥനയിൽ ഞാൻ നല്ല നിശ്ചയങ്ങൾ എടുക്കാറുണ്ട്. എന്നാൽ അവ പ്രയോഗത്തിൽ വരുത്താനുള്ള സമയമാകുമ്പോൾ മറന്നുപോകുന്നു. ആപത്ത് അകലത്തിലായിരിക്കുമ്പോൾ അവയെ നിന്ദിക്കുന്നു. അടുത്തുവരുമ്പോഴോ പെട്ടെന്നു ധൈൎയ്യഹീനരായിപ്പോകുന്നു. നല്ല നിശ്ചയങ്ങൾ ചെയ്തിട്ടും ഇത്രയേറെ കുററങ്ങളുണ്ടാകുന്നെങ്കിൽ നിശ്ചയം ചെയ്യാതിരുന്നാലത്തെ സ്ഥിതി എന്താകും? നിശ്ചയങ്ങൾ ചെയ്യണം. അവ നിൎവ്വഹിക്കയും വേണം.

"എഴുന്നേല്പിൻ; നമുക്കുപോകാം." കണ്ടാലും; എന്നെ ഒററിക്കൊടുക്കുന്നവൻ അടുത്തിരിക്കുന്നു. (മൎക്കോ. 14:42) ഇതു് ഭയവിഹ്വലനായിരിക്കുന്ന ഒരുവൻെറ സ്വരമല്ല. പ്രാൎത്ഥനയുടെ ഫലമായ ദൈവസ്നേഹാധിക്യം, ആത്മാവിൻെറ അധമാംശത്തിൻെറ ദൗൎബ്ബല്യത്തെ ജയിച്ചടക്കിയിരിക്കുന്നു. പ്രാൎത്ഥനയിൽനിന്നു നാമും മാനസീക ഉന്മേഷം പ്രാപിക്കണം. പ്രാൎത്ഥനയാണ് നമ്മുടെ ആത്മാവിനു് ഉണൎവ്വേകേണ്ട ഞരമ്പ്. അവിടുത്തെ അനുഗമിക്കുവാൻ അവിടുന്നു നിന്നെ വിളിക്കുന്നു. പാവങ്ങളുടെ അടുക്കലേയ്ക്കും, കാരാഗൃഹത്തിലേക്കും ആസ്പത്രിയിലേക്കും അവിടുത്തോടുകൂടെ നീയും പോകുക.

## ധ്യാനം 65 നോമ്പിൻെറ ആദ്യവാരം—തിങ്കൾ

## ഈശോ തൻെറ വാക്കാൽ ശത്രുക്കളെ നിലത്തു വീഴിയ്ക്കുന്നു

"ഞാനാകുന്നു എന്നു് അവിടുന്നു് അവരോടു പറഞ്ഞയുടനെ അവർ പുറകോട്ടുമാറി നിലത്തുവീണു" (യോഹ. 18:6) യഹൂദന്മാർ മരണാധീനനായ ഒരു മനുഷ്യനെപ്പോലെ ഈശോയെ സമീപിക്കുന്നു. അവിടുന്നാകട്ടെ ദൈവത്തെപ്പോലെ മറുപടിപറഞ്ഞു. മനുഷ്യസ്വഭാവത്തിൽ മറഞ്ഞിരിക്കുന്ന അവിടുത്തെ ദൈവീകശക്തി അനുഭവിച്ചറിവാൻ അവൎക്കു അവസരം നല്കുന്നു. നിൻെറ സംരക്ഷകനായി ഒരു ദൈവമുള്ളതുകൊണ്ട് ക്ലേശങ്ങളിൽ ആശ്വസിക്കുക. "ഞാനാകുന്നു" എന്നു രഹസ്യമായി പറഞ്ഞുകൊണ്ട് അവിടുന്നു നിൻെറ അടുക്കൽ സന്നിഹിതനായിരിക്കുന്നു. ആ സ്വരം എത്രയോ മാധുൎയ്യമുള്ളതു്? കടൽക്ഷോഭത്തിൽ അപ്പസ്തോലന്മാൎക്കു് ധൈൎയ്യം പകൎന്നുകൊടുത്ത സ്വരം!

www.malankaralibrary.com

ഈശോയുടെ ശക്തിയാൽ നിലംപരിചായ യഹൂദന്മാർ എഴുന്നേല്ക്കുന്നു. എന്നാലും അവൎക്കു മാനസാന്തരമുണ്ടാകുന്നില്ല. തന്റെ വചനത്താൽ ശത്രുക്കളെ നിൎമ്മൂലമാക്കുവാൻ കഴിയുന്നവൻ അവരെ നിലത്തു പ്രണമിപ്പിക്കുന്നതുകൊണ്ടു തൃപ്തിപ്പെടുന്നു. പക്ഷേ അവർ അവരുടെ അന്ധതയിൽ തന്നേ നിലനില്ക്കുന്നു.

"എന്നെയാകുന്നു നിങ്ങൾ അന്വേഷിക്കുന്നതെങ്കിൽ ഇവർ പൊയ്ക്കൊള്ളട്ടെ." (യോഹ. 18:8) ദൈവനീതിക്കും പാപികൾക്കും മദ്ധ്യേ ഒരു ബലിയാടായി ഈശോ നില്ക്കുന്നു. അവിടുന്നു പറയുകയാണ്. "പിതാവേ അങ്ങയുടെ കോപം എന്റെമേൽ പതിക്കട്ടെ. അവിടുന്ന് എനിക്കു തന്നിട്ടുള്ളവരെ രക്ഷിക്കണമേ. അവരിൽ ഒരുവൻ പോലും നശിക്കാതിരിക്കട്ടെ. എന്റെ കുഞ്ഞേ, എത്ര ഭാരമേറിയ ചുമടും മറ്റുള്ളവരുടെമേൽ ചുമത്താതെ നീ തന്നെ വഹിക്കുവാൻ തയ്യാറായിരിക്കുക.

## ധ്യാനം 66 നോമ്പിന്റെ ആദ്യവാരം–ചൊവ്വാ

## യഹൂദന്മാർ ഈശോയെ പിടിച്ചു ബന്ധിക്കുന്നു

അവർ യേശുവിനെ പിടിച്ചു ബന്ധിച്ചു. (യോഹ. 18:12) യേശു ചങ്ങലകളാൽ ബന്ധിക്കപ്പെടുവാൻ കാരണമെന്തു്? അവിടുന്ന് രാജാക്കന്മാരുടെ രാജാവും ലോകമനസ്സിന്റെമേൽ പരമാധികാരമുള്ളവനുമല്ലേ! അവിടുന്നു ലോകരക്ഷയ്ക്കുവേണ്ടി സ്വയം ബലിമൃഗമായി ബന്ധിക്കപ്പെടുന്നു. ബലിമൃഗം ബന്ധിക്കപ്പെടണം. അല്ലാത്തപക്ഷം വേദനനിമിത്തമുള്ള സ്വാഭാവിക ചലനം, ബലി സ്വമനസ്സാലെയുള്ളതല്ല എന്ന തോന്നലിന് ഇടംകൊടുക്കും. മനസ്സില്ലാമനസ്സോടെ ദൈവത്തെ സേവിച്ചുകൂടാ. ഔദാൎയ്യപൂൎവ്വമുള്ള ബലിമാത്രമേ അവിടുത്തേയ്ക്കു് സ്വീകാൎയ്യമാകൂ.

യേശു സ്നേഹശൃംഖലയാലത്രേ ബന്ധിക്കപ്പെടുന്നതു്. അവൻ എന്നെ സ്നേഹിച്ചു. എനിക്കുവേണ്ടി തന്റെ ജീവനെ ഏല്പിച്ചുകൊടുത്തു. എന്റെ യേശുവേ, അങ്ങയെ ബന്ധനസ്ഥനായി കാണുമ്പോൾ ഞാൻ ഭയവിഹ്വലനായിത്തീരുന്നു. എന്നെ അടിമത്തത്തിൽ നിന്നു് വിടുവിക്കുവാൻ അവിടുത്തെ സ്നേഹം അങ്ങയെ ബന്ധനസ്ഥനാക്കിയിരിക്കയാണു്. അവിടുത്തേയ്ക്കു നന്ദി. ബന്ധിപ്പാനും അഴിക്കുവാനും അധികാരമുള്ള എന്റെ കൎത്താവേ, ഞാൻ സ്വതന്ത്രനാകുവാൻ വേണ്ടി, അങ്ങയുടെ കുരിശിനോടു ചേൎത്തു് എന്നെ ബന്ധിക്കണമേ.

ക്ലേശമനുഭവിക്കുന്നവരെ, ആശ്വസിപ്പിക്കുവാനായി യേശു ബന്ധിതനാകുന്നു. നീ ആത്മീയ ശുഷ്കതയിലാണോ! നമ്മുടെ കൎത്താവു ബന്ധിതനായി കഴിഞ്ഞുകൂടിയ അവസാനരാത്രിയെപ്പററി ചിന്തിക്കുക. നീ പരീക്ഷയാൽ ഞെരുക്കപ്പെടുന്നുവോ! അങ്ങിൽനിന്നു് വേർ

www.malankaralibrary.com

പെട്ടവാൻ കഴിയാത്തവണ്ണം നിൻെറ ഇഷ്ടത്തെ യേശുവിൻെറ ശൃംഖലയോട്ട ബന്ധിക്കുക. നീ താഴ്മയിലും പരാശ്രയത്തിലുമാണോ? ഒരു കുററക്കാരനേപ്പോലെ ബന്ധിതനായി കച്ചേരിതോറും വലിച്ചിഴയ്ക്കപ്പെട്ട സ്നേഹമൂത്തിയെ സ്മരിക്കുക. എൻെറ കത്തവേ, നിന്നോട്ടുകൂടെ ബന്ധിക്കപ്പെട്ടുന്നതു് ബഹുമാന്യപദവിയായി പരിഗണിക്കാത്തവൻ ആരുമല്ല.

## ധ്യാനം 67 നോമ്പിൻെറ ആദ്യവാരം—ബുധൻ

### ഈശോ ഒലിവുമലയിൽനിന്നും കൂട്ടിക്കൊണ്ടു പോകപ്പെട്ടുന്നു.

"അവർ അവനെ ആദ്യമായി അന്നാസിൻെറ കച്ചേരിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. (യോഹ. 18:13) ആദം പറുദീസായിൽനിന്നും ബഹിഷ്കരിക്കപ്പെട്ടതുപോലെ ഈശോയും ഒലിവു തോട്ടത്തിൽനിന്നും കൂട്ടിക്കൊണ്ടു പോകപ്പെട്ടുന്നു. ദൈവം മനുഷ്യജീവനെ കളിപ്പാട്ടമാക്കുന്നെങ്കിൽ അതിൽ അസാധാരണമായി ഒന്നുമില്ല. കാരണം, അവിട്ടന്നാകുന്നു എല്ലാററിൻേറയും അതിനാഥൻ. മനുഷ്യൻ ദൈവത്തിൻെറ ജീവനെ പന്താട്ടുന്നെങ്കിലോ, അതു് അക്ഷന്തവ്യമായ അപരാധമായിരിക്കും. മഹത്വത്തിൻെറ രാജാവിനോട്ട നീയെങ്ങനെയാണ് പെരുമാറുന്നതു്. പ്രാത്ഥനയിൽ എത്ര അഭക്തി, വി. കുബ്ബാനാനുഭവത്തിൽ എത്ര അനാദരവു്!

അവർ അവനെ ആദ്യമായി അന്നാസിൻെറ കോടതിയിലേക്കു കൂട്ടിക്കൊണ്ടുപോയി. മരണത്തിലേയ്ക്കു് ആനയിക്കപ്പെട്ടുന്നതിനു തന്നെത്താനെ ഏല്പിച്ചുകൊടുത്ത ദൈവപുത്രൻെറ എളിമ ഏതൊരു ഹൃദയത്തെയാണ് സ്പർശിക്കാത്തതു്. തൻെറ ശത്രുക്കളിൽനിന്നും തന്നെ ബന്ധിച്ചിരിക്കുന്ന കയറുകളിൽനിന്നും അവിട്ടന്നു് അനുഭവിക്കുന്ന വേദന വാചാമഗോചരമാണു്. മരണവേദനയാലും രക്താനുഷ്ഠത്താലും അവിട്ടന്നു് അത്യന്തം ക്ഷീണിതനാണ്. എങ്കിലും അവർ അടിച്ചും ഉപദ്രവിച്ചും അവിട്ടത്തെ മുമ്പോട്ടു തള്ളുകയാണ്. നമ്മുടെ അലസതയും അപകടകരവുമായ നിരവധി യാത്രകൾക്കും നിരത്ഥകമായ സന്ദർശനങ്ങൾക്കും മനസ്സിൻേറയും ഹൃദയത്തിൻേറയും അലച്ചിലുകൾക്കും പരിഹാരമുണ്ടാക്കുവാനായി, വേദനജനകമായ ഈ യാത്രകളെ എല്ലാം ഈശോ എതിർപ്പോ പരാതിയോ കൂടാതെ സഹിക്കുന്നു.

ഒരു ചെറുപ്പക്കാരൻ തൻെറ നഗ്നശരീരത്തിൽ ഒരു പുതപ്പുമാത്രം ചുററിക്കൊണ്ടു് അവിട്ടത്തെ അനുഗമിക്കുന്നു. അവർ അവനെ പിടിച്ചു. അവൻ പുതപ്പുവിട്ടിട്ടു് അവിടെനിന്നു് ഓടിപ്പോയി. (മക്കോ. 14:51). വരപ്രസാദസംരക്ഷണത്തിനായി സകലതും പരിത്യജിക്കുന്നതും ബുദ്ധിപൂവ്വമായ ഒരു പ്രവൃത്തിയാണ്. ഈ ലോകത്തിൽ നമുക്കു് എന്തെല്ലാം ഉണ്ടായിരുന്നാലും, ഒരു ഉടുതുണി മാത്രം ശവകടീര

www.malankaralibrary.com

ത്തിലേയ്ക്കു നമ്മെ അനുഗമിക്കും. അതുപോലും പുഴുവിനും കൃമിയ്ക്കും ഇരയായി വിട്ടുകൊടുക്കേണ്ടിവരും. ലോകം നമ്മിൽനിന്ന് ഓടിയകലുന്നതിനു മുമ്പായി നമുക്കു ലോകത്തിൽനിന്നും ഓടിയകലാം. "എന്റെ കുഞ്ഞേ, സകലതും ഉപേക്ഷിക്കുക. എന്നാൽ നീ എല്ലാം കണ്ടെത്തും." (ക്രിസ്താ. 3:32)

## ധ്യാനം 68 നോമ്പിന്റെ ആദ്യവാരം–വ്യാഴം

## യേശു യരുശലേമിൽ പ്രവേശിക്കുന്നു

യേശു തന്റെ വിജയദിനമായ ഓശാന പെരുനാളിൽ ചെയ്തതുപോലെ, അതേ ഗേററുവഴി യരുശലേം പട്ടണത്തിൽ പ്രവേശിക്കുന്നു. അന്നത്തേതു് ഒരു മഹത്വപ്രവേശനമായിരുന്നു. ഇന്നത്തേതോ അപമാനപ്രവേശവും. അന്ന് അവർ "ദാവീദിന്റെ പുത്രന് ഓശാന" എന്നു പാടി. ഇന്നാകട്ടെ ക്രൂശിക്കുക എന്നാണ് പാടുന്നതു്. നീ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളുമ്പോൾ ഒരു രാജാവു് എന്ന നിലയിലോ, കുററക്കാരൻ എന്ന നിലയിലോ, നിന്റെ ഹൃദയത്തിലേക്കു് അവിടുന്നു് പ്രവേശിക്കുന്നതു്, അവിടെ ജീവിക്കുന്നതിനോ മരിക്കുന്നതിനോ?

ഇന്നു് യരുശലേമിലേയ്ക്കു പ്രവേശിക്കുന്ന യേശു മനുഷ്യന്റെ അസ്ഥിരതയെ തുറന്നു കാണിക്കുന്നു. ഏതുതരം പെരുമാററം നിന്നിൽനിന്നുണ്ടായാലും അവിടുന്നു നിന്റെ രക്ഷിതാവുതന്നെ. എല്ലാ സാഹചര്യങ്ങളിലും സമചിത്തത പാലിക്കുക. ഐശ്വര്യത്തിൽ അഹങ്കരിക്കുകയോ ദുഷ്കാലത്തു നിരാശപ്പെടുകയോ അരുതു്. അരിഷ്ടതയിലും ആശ്വാസത്തിലും ഒരുപോലെ ദൈവത്തെ പുകഴ്ത്തുക. അവിടുന്ന് എല്ലായ്പ്പോഴും ഒരുപോലെതന്നെ. മാററങ്ങൾക്കു് അവിടുന്നു വിധേയനല്ല.

യരുശലേം വീഥികളിൽക്കൂടെ പോയപ്പോൾ എല്ലാവരും അത്ഭുതപരതന്ത്രരായി ഓടിക്കൂടി. ഇതുവരെ ഒരു പ്രവാചകനായി ഗണിക്കപ്പെട്ടിരുന്ന അവിടുന്നു് ഇന്നു് ഒരു കുററക്കാരനെന്നു് ജനം ആത്തുപറഞ്ഞു. എല്ലാം യേശു മൗനമായി സഹിക്കുന്നു. എതിർക്കുവാൻ കഴിവുണ്ടെങ്കിലും അവിടുന്നു് സൗമ്യനായി സഹിക്കുന്നു. ഇങ്ങനെ സഹിക്കുവാനുള്ള ധൈര്യം നിനക്കു് എപ്പോഴുണ്ടാകും? വാദപ്രതിവാദത്തിൽ കീഴ്പ്പെട്ടുകൊടുക്കുന്നതും, പരാജിതനായികാണുവാൻ മനസ്സാകുന്നതും, മഹത്തായ വിജയമാണു്. ജയഭേരി മുഴക്കുന്നവനല്ല, പിന്നെയോ, തന്നെത്തന്നെ നിയന്ത്രിക്കുകയും, സംയമനം പാലിക്കുകയും ചെയ്യുന്നവനാണു് സാക്ഷാൽ ധന്യൻ! എന്റെ ദിവ്യരക്ഷകാ, സർവ്വശക്തനെങ്കിലും ബലഹീനനും, ക്ഷീണിതനും എന്നപോലെ കാണപ്പെടുവാൻ അവിടുന്നു മനസ്സാകുന്നു. കേവലം അശക്തനായ ഞാനോ ഇല്ലാത്ത ശക്തി പ്രകടിപ്പിക്കുവാൻ ആശിക്കുന്നു. യഥാർത്ഥ എളിമ എന്നെ പഠിപ്പിക്കണമെ.

www.malankaralibrary.com

# ധ്യാനം 69 നോമ്പിൻെറ ആദ്യവാരം—വെള്ളി

## ഹന്നാൻ ഈശോയെ കയ്യാഫാസിൻെറ അട്ടക്കലേയ്ക്കു അയക്കുന്നു.

അവർ അവിട്ടത്തെ ആദ്യമായി ഹന്നാൻെറ അട്ടക്കൽ കൊണ്ടുവരുന്നു. (യോഹ. 18:13) ദിവ്യരക്ഷിതാവു് ഹന്നാൻെറ വഷളത്വത്തെയും ക്രൂരതയെയുംപററി രഹസ്യമായി ശകാരിച്ചുകൊണ്ടു് അവൻെറ ഹൃദയവാതില്ക്കൽ മുട്ടിവിളിക്കുന്നു. തൻെറ രക്ഷിതാവിനെ അവൻ അറിഞ്ഞിരുന്നെങ്കിൽ അവൻ ഭാഗ്യവാനാകുമായിരുന്നു. മനുഷ്യാവതാരംചെയ്ത ദൈവപുത്രൻെറ ദയനീയസ്ഥിതി ഏതുതരം കഠിനഹൃദയത്തേയും സ്പർശിക്കുവാൻ പോരുന്നതായിരുന്നു. എന്നാൽ ഹന്നാൻെറ സഹതാപവികാരങ്ങളെ അവൻ ശപാസം മുട്ടിച്ചുകളഞ്ഞു. ഉടനെ തന്നെ അവൻ ആ വഷത്തെ മഹാപുരോഹിതനായിരുന്ന കയ്യാപ്പാസിൻെറ അട്ടക്കലേയ്ക്കു് ഈശോയെ അയക്കയാണുണ്ടായതു്. നല്ലപ്പെട്ടന്ന നിമിഷത്തിൽതന്നെ കൃപയോട്ട സഹകരിക്കാത്തപക്ഷം, അതു നിന്നെ വിട്ടകന്നുപോകും. പിന്നീട്ട് ഒരിക്കലും മടങ്ങി വരുകയില്ല.

കയ്യാപ്പാ ഈശോയോട്ട് അവിട്ടത്തെ ഉപദേശത്തേയും ശിഷ്യന്മാരേയും കുറിച്ചു് ചോദ്യംചെയ്തു. യേശു മറുപടിയായി പറഞ്ഞു "ഞാൻ ലോകത്തോട്ട പരസ്യമായി സംസാരിച്ചു. യാതൊന്നും രഹസ്യമായി സംസാരിച്ചിട്ടില്ല." (യോഹ. 18:20) ഈശോ അവിട്ടത്തെ ഉപദേശത്തെക്കുറിച്ചുമാത്രം മറുപടി പറഞ്ഞു. ശിഷ്യന്മാരെക്കുറിച്ചു് ശ്ലാഘനീയമായി ഒന്നും പറയാനില്ലാതിരുന്നതിനാലും അവരെ താഴ്ത്തിപ്പറയുവാൻ അവിട്ടത്തേയ്ക്കു് ഇഷ്ടമില്ലാതിരുന്നതിനാലും അവിട്ടന്നു മൗനം പാലിച്ചു.

അട്ടത്തുനിന്ന ഒരു സേവകൻ ഈശോയുടെ കന്നത്തു് അടിച്ചു. (യോഹ. 18:22) ഈശോയോട്ട കാണിച്ച ഈ അക്രമം എത്ര ക്രൂരം! എത്ര അനീതി! എത്ര അവമാനകരം! ദൈവത്തിൻെറ അധരം നിഷ്കളങ്കതയും സത്യവും മാത്രം സംസാരിക്കുന്നു. അവിടെനിന്നു ജീവൻെറ വചനം മാത്രം പുറപ്പെട്ടന്നു. അവിട്ടത്തെ മുഖത്തു് അടിയ്ക്കത്തക്കവണ്ണം അത്ര ഔദ്ധത്യവും അഭക്തിയുമുള്ള ഒരു കരം ഉണ്ടായിരിക്കുന്നു. കഠിനമായ ഈ അധിക്ഷേപം സഹിക്കുന്നതിൽ അവിട്ടന്നു് പ്രദർശിപ്പിച്ച ക്ഷമയേയും സൗമ്യതയെയും പുകഴ്ത്തുക. ജന്മപാപത്തിൻെറ ലജ്ജാകരമായ കറകൾ തുടച്ചു മാററുന്നതിനുവേണ്ടി അവിട്ടന്നു് ഈ അപമാനം സഹിക്കുന്നു. ദൈവമഹത്വത്തിനും എൻെറ ശുദ്ധീകരണത്തിനുംവേണ്ടി അവിട്ടന്നു് അയച്ചുതരുന്ന താഴ്മകളെ ആലിംഗനം ചെയ്യാൻ കർത്താവേ, എന്നെ പഠിപ്പിക്കണമേ.

www.malankaralibrary.com

## ധ്യാനം 70 നോമ്പിന്റെ ആദ്യവാരം—ശനി

### കയ്യാപ്പാസിന്റെ ഭവനത്തിൽവച്ച് ഈശോ അക്രമിക്കപ്പെടുന്നു.

അവർ അങ്ങയുടെ മുഖത്തു തുപ്പി. (മത്താ. 26:67) ഇതുവരെ യേശുവിന്റെ ശത്രുക്കൾ ഏതാണ്ടൊരു നീതി പാലിച്ചിരുന്നു. അവിടുന്നു മരണത്തിനു വിധിക്കപ്പെട്ടതോടെ, അവരുടെ ക്രോധം അതിരുകടന്നു അവർ അവിടുത്തെ നേരെ കേട്ടുകേഴ്വിപോലുമില്ലാത്തവിധം അക്രമം പ്രവർത്തിക്കുന്നു. അവരുടെ നിന്ദ്യമായ തുപ്പലുകൾകൊണ്ട് ആരാധ്യമായ തിരുമുഖത്തെ അവർ അഭിഷേകംചെയ്തു. ഓ, നീതിയുടെ മഹാതപസ്വര്യാ, എന്തു കൊടുങ്കാററാണ് ഈ കനത്ത മേഘപടലംകൊണ്ട് അവിടുത്തെ ആവരണം ചെയ്തത്? നിന്റെ ആത്മാവിലുള്ള ദൈവീകചാരുതയെ കറപിടിപ്പിച്ചു നിന്നെ മലീമസമാക്കുന്ന നിന്റെ ദുർവ്വികാരങ്ങൾ—നിന്റെ സഹോദരനെ മുറിപ്പെടുത്തുന്ന സ്നേഹമററ നാവ് ഇവയല്ലേ അവിടുത്തെ ഈ നിലയിലാക്കിയിരിക്കുന്നത്.

യേശുവിനെ പിടിച്ചവർ അവിടുത്തെ അധിക്ഷേപിക്കയും അടിക്കുകയും ചെയ്തു. (ലൂ. 22:63) പടയാളികളും കയ്യാപ്പാസിന്റെ ഭൃത്യരും യേശുവിനെ പരിഹസിക്കുന്നതിനും നിന്ദിക്കുന്നതിനുമായി അവിടുത്തെ ചുററുംകൂടി. ദീർഘദർശിയുടെ താഴെപറയുന്ന വചനം അങ്ങനെ നിവൃത്തിയായി. "അദ്ദേഹത്തിനു സൗന്ദര്യമോ കോമളതയോ ഇല്ല; തന്മൂലം അദ്ദേഹത്തെ വീക്ഷിക്കുവാൻ ആരും ആഗ്രഹിക്കയില്ല. അദ്ദേഹം മനുഷ്യരാൽ നിന്ദിതനും പരിത്യക്തനുമാകുന്നു...... നാം അദ്ദേഹത്തെ ആദരിച്ചില്ല. എന്നാൽ യഥാർത്ഥമായും അദ്ദേഹം വഹിച്ചതു നമ്മുടെ രോഗങ്ങളായിരുന്നു. അദ്ദേഹം ചുമന്നതു നമ്മുടെ വേദനകളായിരുന്നു. ദൈവം അദ്ദേഹത്തെ ശിക്ഷിക്കയും പ്രഹരിക്കയുമാണെന്നു നാം വിചാരിച്ചു. (യറ. 53:4)

അവർ അവന്റെ കണ്ണുകെട്ടി മുഖത്തു അടിച്ചു. പ്രവചിക്കുക നിന്നെ അടിച്ചതു ആരെന്നു പറയുക എന്നു പുച്ഛിച്ചുപറഞ്ഞു. (ലൂ. 22:64) ആ രാത്രി മുഴുവൻ അവിടുന്നു അനുഭവിച്ച നിന്ദാപമാനം അവിടുത്തെ പീഡാനുഭവങ്ങളിൽ ഒട്ടും നിസ്സാരമായിരുന്നില്ല. സർവ്വോപരി നിത്യബോധജ്ഞാനത്തെ പരിഹസിക്കാനെന്നവണ്ണം അവിടുത്തെ കണ്ണുകളെ മൂടികെട്ടിയ വൃത്തിഹീനമായ മൂടുപടം അസഹ്യമായ അധിക്ഷേപമായിരുന്നു. ഇതുവഴി അവിടുത്തെ ദിവ്യമുഖത്തെ ഒരുനാളും ദർശിക്കാൻ കഴിയാതാകത്തക്കവണ്ണം അവർ അവരെത്തന്നെ വിധി ചെയ്യുകയായിരുന്നുവെന്നു ആ കപടഭക്തർ മനസ്സിലാക്കിയില്ല. രാത്രിയുടെ മൂടുപടത്താൽ തങ്ങളുടെ കുററങ്ങളെ മറച്ചുകൊണ്ടു തങ്ങളുടെ നില ഭദ്രമെന്നു കരുതുന്ന ആത്മീയാന്ധരുടെ മൂഢതയെ പററിപ്രലപിക്കുക. പ്രകാശത്തിന്റെ സ്രഷ്ടാവായ അങ്ങയുടെ കണ്ണുകളിൽനിന്നു അവരെ മറയ്ക്കാമെന്നു അവർ വ്യാമോഹിക്കുകയാണ്.

www.malankaralibrary.com

## ധ്യാനം 71 നോമ്പിലെ രണ്ടാം ഞായർ

## വി. പത്രോസിൻെറ മാനസാന്തരം

വി. പത്രോസ് ദൂരെ മാറി അവിടുത്തെ അനുഗമിച്ചിരുന്നു. കുറെപേർ നടുമുററത്തു തീകൂട്ടി അതിനു ചുററും ഇരിക്കുന്നുണ്ടായിരുന്നു. വി. പത്രോസും അവരുടെ കൂട്ടത്തിൽ ചെന്നിരുന്നു. ഒരു പരിചാരിക അദ്ദേഹത്തെ സൂക്ഷിച്ചു നോക്കിക്കൊണ്ടു പറഞ്ഞു. "ഈ മനുഷ്യനും അയാളോടു കൂടെയുണ്ടായിരുന്നു" "ഞാനറിയുന്നില്ല" എന്നു പറഞ്ഞ്. പത്രോസ് അതു നിഷേധിച്ചു. കത്താവ് തിരിഞ്ഞു പത്രോസിനെ നോക്കി. (ലൂ. 22:61) ആ നോട്ടം ശക്തിയേറിയതായിരുന്നു. അത് അവൻെറ ധൈര്യത്തെ ഉത്തേജിപ്പിച്ചു. ഹൃദയത്തെ ഉരുക്കി. അതിൽനിന്ന് അനുതാപകണ്ണുനീർ പുറപ്പെടുവിച്ചു. ആ നോട്ടം ദയ നിറഞ്ഞതായിരുന്നു. അത് അവൻെറ കുററത്തിൻെറ ഫലമായ മനക്കലക്കത്തെ മാററിക്കളഞ്ഞു. ഇപ്രകാരമുള്ള കാരുണ്യത്തിൻെറ ദൃഷ്ടാന്തം ലഭിച്ചിരിക്കേ, ഇത്ര സ്നേഹനിധിയായ ഒരു വൈദ്യൻെറ മുമ്പിൽ മുറിവുകളെ തുറന്നുകാട്ടുന്നതിന് എന്തിനു ലജ്ജിക്കുന്നു.

കോഴി കൂവുന്നതിനുമുമ്പ് നീ എന്നെ മൂന്നു പ്രാവശ്യം തള്ളിപ്പറയുമെന്ന് ഈശോ പറഞ്ഞ വാക്ക് പത്രോസ് ഓത്തു. അവൻ പുറത്തേക്കുപോയി കൈപ്പോടെ കരഞ്ഞു. (ലൂ.22:62). ഈ വരപ്രസാദത്തിൻെറ അത്ഭുതത്തെപ്പററി നമുക്കു ധ്യാനിക്കാം. നമ്മുടെ പാപങ്ങളെപ്പററി നാം എങ്ങനെ കരയണമെന്ന് അദ്ദേഹം പൊഴിച്ച കണ്ണുനീരിൽനിന്ന് പഠിക്കുകയും ചെയ്യാം. പത്രോസിൻെറ കണ്ണുനീർ ഭയത്തിൽനിന്നുള്ളതല്ല. പിന്നെയോ തൻെറ ഗുരുവിൻെറ നേരെയുള്ള സ്നേഹത്തിൽനിന്നുള്ളതാണ്. വി. അംബ്രോസ് പറയുന്നു. "വി. പത്രോസിൻെറ കണ്ണീർ മൗനപ്രാത്ഥനയാകുന്നു. അത് ചോദിക്കാതെതന്നെ അദ്ദേഹത്തെ പാപമോചനത്തിന് അഹനാക്കുന്നു.

ഈ വലിയ പുണ്യവാൻെറ വീഴ്ചയിലും, മനസ്താപത്തിലും ദൃശ്യമാകുന്ന ദൈവീക ബോധജ്ഞാനത്തിൻെറ രഹസ്യത്തെപ്പററി ഭയഭക്തിയോടെ ധ്യാനിക്കുക. അദ്ദേഹത്തിൻെറ രഹസ്യനിഗളത്തെ എളിമപ്പെടുത്തുന്നതിനും, ദൈവഭക്തിയിലും സ്നേഹത്തിലും അദ്ദേഹത്തെ സ്ഥിരപ്പെടുത്തി നിത്തുന്നതിനും, പാപികളുടെ നേരെ കരുണയും സഹതാപവും ആവശ്യമാണെന്നു സഭയുടെ പരമാധ്യക്ഷനാകേണ്ട അദ്ദേഹത്തെ ബോധ്യപ്പെടുത്തുന്നതിനുംവേണ്ടി അദ്ദേഹത്തിൽ ഈ വീഴ്ച ദൈവം അനുവദിക്കുകയാണ്.

www.malankaralibrary.com

## ധ്യാനം 72 നോമ്പിലെ രണ്ടാംവാരം—തിങ്കൾ

## ഈശോ രാത്രി വിലങ്ങടത്തിൽ കഴിച്ചുകൂട്ടുന്നു

ദൈവപുത്രൻ എന്തുകൊണ്ടാണ് ഈ ജയിലിൽ അടയ്ക്കപ്പെട്ടത്. നമ്മുടെ കുററങ്ങളെ അവിടുന്ന് ഏറെറടുത്തതുകൊണ്ടു്, ശത്രുക്കളുടെ ബന്ധനത്തിനു് അവിടുന്ന് വിധേയനായി. എന്നാൽ പ്രധാന കാരണം അവിടുത്തെ സ്നേഹമാകുന്നു. ഒൻപതുമാസം പരിശുദ്ധമാതാവിൻെറ ഉദരത്തിലും, തദനന്തരം ബേതലഹേം പുൽക്കൂട്ടിലും, നമ്മുടെ അൾത്താരകളിലും അവിടുത്തെ ബന്ധനസ്ഥനാക്കിയതും ഈ സ്നേഹം തന്നെ. കബറിൽതന്നെ അടയ്ക്കുന്നതും, ബന്ധിതരെ വിട്ടുവിക്കാനായി പാതാളത്തിലേയ്ക്കു തന്നെ ഇറക്കിയതും ഈ സ്നേഹമല്ലാതെ മററൊന്നുമല്ല.

അരിഷ്ടത നിമിത്തം സ്നേഹിതനെയും അയല്ക്കാരനെയും പരിചയക്കാരനെയും അങ്ങ് എന്നിൽനിന്നകററി. യേശു സ്വശിഷ്യരാൽ പോലും പരിത്യജിക്കപ്പെട്ടു. ശത്രുക്കൾ അദ്ദേഹത്തെ ഒരു ഇടുങ്ങിയ പാറാവിൽ അടച്ചു. ആ വ ട്ടത്ത ബന്ധനത്തിൽ, അന്ധകാരത്തിൻെറ ഭയങ്കരതയിൽ, ചങ്ങലകളുടെ ഭാരത്തിൻകീഴെ, ഞെരുങ്ങുന്നിടത്തു് അവിടുത്തെ ആശ്വസിപ്പിക്കാനായി നീയും ആഗതനാകുന്നു. ദൈവീക സ്നേഹത്തിനു് ഇരുമ്പുവാതിലുകളെ പൊളിക്കാൻ ശക്തിയുണ്ടു്. ഹൃദയ പരമാർത്ഥതയിൽ അവിടുത്തെ അന്വേഷിക്കുന്നവനു് യാതൊന്നും അപ്രതിഹതമല്ലതന്നെ.

"ഞാൻ കാരാഗൃഹത്തിലായിരുന്നു. നിങ്ങൾ എന്നെ വന്നു കണ്ടില്ല." (മത്താ. 25:43) യേശു ഇപ്പോഴും ബന്ധനത്തിൽ തന്നെയാണ്. തന്നിൽതന്നെ അവിടുന്ന് ചങ്ങലകൾ വഹിക്കുന്നില്ലെങ്കിലും തൻെറ അവയവങ്ങളിൽ അവിടുന്ന് വഹിക്കുന്നു. ധനവാനായ ലോകായിതനോട്ട് അവിടുന്ന് ഒരുനാൾ അരുളിച്ചെയ്യുന്ന ഈ ശകാരം നിനക്കു് അറിവുള്ളതാണല്ലോ. ഞാൻ കാരാഗൃഹത്തിലായിരുന്നു... നിങ്ങൾ വന്നു കണ്ടില്ല......ഈ ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാതിരുന്നതെല്ലാം എനിക്കുവേണ്ടി ചെയ്യാതിരുന്നതാണ്. കാരുണ്യപ്രവൃത്തികൾ കൂടാതെ ദൈവീകന്യായാസനത്തിൻ മുമ്പാകെ പ്രത്യക്ഷപ്പെടാതിരിപ്പാൻ കരുതലുള്ളവനായിരിക്കുക.

## ധ്യാനം 73 നോമ്പിലെ രണ്ടാം വാരം—ചൊവ്വാ

## യേശുവിന്നെതിരായ ന്യായവിധിയെ യഹൂദസംഘം സ്ഥിരപ്പെടുത്തുന്നു.

നേരം വെളുത്ത ഉടനെ ജനത്തിലെ മൂപ്പന്മാരും മഹാപുരോഹിതന്മാരും ശാസ്ത്രികളും ഒരുമിച്ചുകൂടി. അവരുടെ സഭയിലേയ്ക്കു് അവി

www.malankaralibrary.com

ട്ടത്തെ ആനയിച്ചു. "നീ ക്രിസ്തു ആണെങ്കിൽ ഞങ്ങളോടു പറക, എന്നു" അവർ ആവശ്യപ്പെട്ടു. ഞാനാകുന്നു എന്നു" നിങ്ങൾ പറയുന്നുവല്ലോ ie നിങ്ങൾ പറയുന്നതു ശരി; ഞാൻ ക്രിസ്തുവാകുന്നു" എന്നു" അവിടുന്നു ഉത്തരിച്ചു. "ഇനി നമുക്കു" സാക്ഷികളെക്കൊണ്ടു" എന്താവശ്യം. നാംതന്നെ അവൻെറ വായിൽനിന്നു" കേട്ടുവല്ലോ." എന്നുപറഞ്ഞു കൊണ്ടു" അവർ യേശുവിനെ പീലാത്തോസിൻെറ അടുക്കലേക്കു കൊണ്ടുവന്നു. (ലൂ. 22:66) യഹൂദന്മാർ ഈശോയെ കൊല്ലുന്നതിനായി ഗൂഢാലോചന നടത്തുന്നുവെങ്കിലും അന്യരുടെ കൈയാൽ അവിടുന്നു വധിക്കപ്പെടണമെന്നാണു" അവരുടെ ആഗ്രഹം. അവരുടെ കുററത്തെ നമ്മുടെ നന്മയ്ക്കും അവരുടെ ശിക്ഷാവിധിക്കും ആയുധമാക്കുന്ന ദൈവത്തിൻെറ ന്യായവിധിയെ പുകഴ്ത്തുക. ഹൃദയാന്ധതയും കൃതഘ്നതയും പിടിപെട്ട യഹൂദന്മാരേ, നിങ്ങൾ ഇത്രനാളും നിങ്ങളുടെ മിശിഹായിക്കായി കാത്തുകാത്തിരുന്നതും അവിടുത്തെ പുറജാതികൾക്കു" ഏല്പിച്ചു കൊടുക്കുവാനായിരുന്നുവോ? നിങ്ങൾക്കു" ഹാ, കഷ്ടം.

അവർ അവനെ ബന്ധിച്ചുകൊണ്ടു" പീലാത്തോസിൻെറ അരമനയിലേയ്ക്കു വരുന്നു. (മത്താ. 27:2) ചങ്ങലകളാൽ ബന്ധിതനായി അവിടുന്നു" യരുശലേം തെരുവീഥികളിൽ പ്രത്യക്ഷപ്പെടുന്നു. നീതിപാലകർ അവിടുത്തെ വളഞ്ഞിരിക്കുന്നു. ഒരുകാലത്തു തന്നെ വാഴ്ത്തിപ്പുകഴ്ത്തിയ വലിയ ജനക്കൂട്ടം ഒരു വഞ്ചകനെപോലെ അവിടുത്തെ നേരെ നോക്കുന്നു. ഈ അവമാനങ്ങളെല്ലാം നമ്മുടെ രക്ഷയ്ക്കുവേണ്ടി സഹിക്കുന്ന ഈശോയുടെ ക്ഷമയെയും നന്മയെയും പ്രകീർത്തിക്കുക.

പിന്നീടു" അവർ ഈശോയെ ഗവർണ്ണറുടെ ശാലയിലേക്കു" ആനയിച്ചു. (യോഹ 18:28). യഹൂദന്മാർ പീലാത്തോസിൻെറ കച്ചേരിയിലെത്തി അവരുടെ ഈശോയെ അദ്ദേഹത്തിനു" ഏല്പിച്ചു കൊടുക്കുന്നു. എങ്കിലും അദ്ദേഹത്തിൻെറ വസതിയിലേയ്ക്കു" അവർ പ്രവേശിക്കുന്നില്ല. കാരണം പുറജാതിക്കാരൻെറ ഭവനത്തിൽ പ്രവേശിക്കുന്നതു" പെസഹാ ഭക്ഷിക്കുന്നതിനു" തടസ്സമായ അശുദ്ധിയായി അവർ പരിഗണിച്ചിരുന്നു. രാജദ്രോഹവും പ്രതികാരേച്ഛയും മതത്തിൻെറ മൂടുപടത്തിൽ മറച്ചുവെച്ചുകൊണ്ടു" തങ്ങളെത്തന്നെ വഞ്ചിക്കുന്ന ഇവരുടെ മൗഢ്യം എത്ര അപലപനീയം! തങ്ങളുടെ ജീവിതാവസ്ഥയുടെ കടമകളെ നിസ്സങ്കോചം ഉപേക്ഷിക്കുന്ന എത്രയെത്ര ആളുകളാണു", അവരുടേതായ നിസ്സാര സാങ്കല്പിക നിയമങ്ങളെ ലംഘിക്കാൻ ഭയപ്പെടുന്നതു".

## ധ്യാനം 74 നോമ്പിലെ രണ്ടാം വാരം—ബുധൻ

## യേശു പീലാത്തോസിനാൽ ചോദ്യം ചെയ്യപ്പെടുന്നു

"പീലാത്തോസു" വീണ്ടും വിസ്താരശാലയിലേയ്ക്കു" വന്നു" യേശുവിനെ വിളിച്ചുവരുത്തി ചോദ്യം ചെയ്തു." (യോഹ. 18:33). യഹൂദന്മാരുടെ മറുപടി കേട്ടശേഷം, പീലാത്തോസു" പ്രത്തോറിലേക്കു"

www.malankaralibrary.com

വീണ്ടും പ്രവേശിച്ച്, യേശുവിനോട്ട ചോദിക്കുന്നു. "നീ യഹൂദന്മാരുടെ രാജാവാകുന്നുവോ? യേശു തന്റെ മൗനത്തിലും മറുപടിയിലും ഒരുപോലെ വിവേകം പ്രദശിപ്പിച്ചു. അവിടുന്ന് ചോദിക്കുകയാണ്. "നീ ഇതു തന്നെത്താൻ പറയുന്നതോ അതോ മററു വല്ലവരും എന്നെക്കുറിച്ചു നിന്നോട്ട പറഞ്ഞതോ." എന്റെ ദാരിദ്ര്യവും എളിമയും കൈസറിന് ഏതെങ്കിലും വിധത്തിൽ ഭാരമാകുന്നുണ്ടോ? യേശുവിന്റെ അടക്കമൊതുക്കത്തേയും, ശാന്തതയോടും സ്തുതിച്ചുകൊണ്ട് പീലാത്തോസ് ചോദിക്കുകയാണ്. "ഞാനൊരു യഹൂദനാണോ? നിന്റെ സ്വന്തജനവും പ്രധാനാചാര്യന്മാരും നിന്നെ എനിക്ക് ഏല്പിച്ചുതന്നു. നീ എന്തു ചെയ്തു." (യോഹ. 18:35) ഓ, ന്യായാധിപാ, ഈ ചോദ്യം ആരോടാണ് ചോദിക്കുന്നതു് എന്നു് നീ അറിഞ്ഞിരുന്നെങ്കിൽ, അനീതിപരമായ ആരോപണത്തെ ആസ്പദമാക്കി നീ അവിടുത്തെ ചോദ്യം ചെയ്യുമായിരുന്നു. അവിടുന്ന് എന്തു ചെയ്തു എന്ന്. അവിടുന്നാണ് ആകാശത്തെയും ഭൂമിയേയും നിന്നെത്തന്നെയും സൃഷ്ടിച്ചതു്.

പീലാത്തോസ് ചോദിക്കുന്നു. "സത്യം എന്താകുന്നു." (യോഹ. 19:38). സത്യം നമുക്ക് സമീപസ്ഥമാണെങ്കിലും പീലാത്തോസിനെപ്പോലെ നാമും അതു കാണുന്നില്ല. അതു നമ്മോട്ട് ആന്തരീകമായി സംസാരിക്കുന്നുവെങ്കിലും അതിന്റെ സ്വരത്തിന് നാം ബധിരരാകുന്നു. ഹൃദയത്തിന്റെ കണ്ണ് സ്നേഹമാകുന്നു. സ്നേഹിക്കുന്നുവെങ്കിലേ നാം സത്യത്തെ കാണുകയുള്ളു. കണ്ണടച്ചു്, ഭയംകൊണ്ടു വിറച്ചു്, മിന്നലിനെ ദശിക്കുന്നതുപോലെയാണ് നാം സത്യത്തെ കാണുന്നതു്. സത്യത്തെതന്നെ ക്രൂശോട്ട ചേത്തു് ആണി തറയ്ക്കപ്പെട്ടിരിക്കയാണ്. എല്ലാ ക്രിസ്തീയ സത്യങ്ങളും ക്രൂശിക്കുന്നവയാകുന്നു. മനസ്സുള്ളവക്കു മാത്രമേ അതിനെ കാണ്മാൻ കഴിയു.

പീലാത്തോസ് യൂദന്മാരോട്ട് പറഞ്ഞു. "ഞാൻ അവനിൽ യാതൊരു കററവും കാണുന്നില്ല." (യോഹ. 18:38). യേശുവിന്റെ ശത്രുക്കൾ അവിടുത്തെ പരിഹാസപാത്രമാക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്നു. എന്നാൽ സവ്വ ജീവജാലങ്ങളും പ്രസ്താവിക്കുന്നു, അവിടുന്ന് നിരപരാധിയാണെന്ന്. പീലാത്തോസും യൂദാസ്കറിയോത്തായും, പീലാത്തോസിന്റെ ഭാര്യയും വലത്തുഭാഗത്തെ കള്ളനും, ശതാധിപനും, അതിനു സാക്ഷികളാണ്. ഔദാര്യമായ ഭക്തിയോടെ നിന്നെ ദൈവത്തിനു സമപ്പിക്കുമെങ്കിൽ അവിടുന്നു നിന്റെ സല്പേരിനെ കാത്തുസൂക്ഷിച്ചുകൊള്ളും.

www.malankaralibrary.com

## ധ്യാനം 75 നോമ്പിലെ രണ്ടാം വാരം—വ്യാഴം

## പിലാത്തോസിന്റെ മുമ്പിൽ ഈശോ പൂർണ്ണ മൗനം പാലിക്കുന്നു.

"അവൻ കുററപ്പെടുത്തപ്പെട്ടപ്പോൾ യാതൊന്നും ഉത്തരം പറഞ്ഞില്ല." (മത്താ. 27:14) അവിടുത്തേയ്ക്കു യാതൊരു സമാധാനവും പറയേണ്ടയാവശ്യമില്ല. ജയിക്കപ്പെടുമെന്നു ഭയപ്പെടുന്നവർ മാത്രം തങ്ങളെത്തന്നെ നീതികരിക്കുവാൻ ശ്രമിച്ചാൽ മതി. തന്നെ ശിക്ഷയ്ക്കു വിധിക്കുന്നതിനുമുമ്പ് അതേ ന്യായാധിപതി അവിടുന്ന് നിരപരാധിയാണെന്ന് വിധിച്ചു. സ്വയനീതികരണവും പരാതിയും കൂടാതെ ന്യായമായ പ്രതിവാദത്തെപോലും അമർത്തിക്കൊണ്ട് ഞാൻ എപ്പോഴെങ്കിലും കുററാരോപണം സഹിക്കാറുണ്ടോ? ഇത് എല്ലാവരും പ്രശംസിക്കുന്നതും ചുരുക്കം ചിലർ മാത്രം അഭ്യസിക്കുന്നതുമായ ഒരു പുണ്യമാകുന്നു.

എന്നിട്ടും യേശു ഉത്തരം പറഞ്ഞില്ല. അതിൽ പീലാത്തോസ് അത്ഭുതപ്പെട്ടു. (മാർക്ക്. 15:5). തന്റെ ദൈവത്വത്തിന്റെ തെളിവിനായി ഈശോ പ്രവർത്തിച്ച അത്ഭുതങ്ങളിൽ ഏററം പ്രധാനമായത് അവിടുത്തെ ക്ഷമയായിരുന്നു. അതിനാൽ യഹൂദന്മാർക്ക് തന്റെ ദൈവത്വം എളുപ്പം മനസ്സിലാക്കാമായിരുന്നു. പരാതിയെ പിറുപിറുപ്പോ, പ്രതിവാദമോ കൂടാതെ എല്ലാം സഹിക്കുക. ഇതാണ് മരിച്ചവരെ ഉയർപ്പിക്കുന്നതിനെക്കാൾ വലിയ അത്ഭുതം. എല്ലാററിലും മികച്ച പുണ്യപ്രവൃത്തി.

ഊമക്കു സംസാരശക്തിയും പൈതങ്ങളുടെ നാവുകൾക്കു വാഗ്മിത്വവും, നല്കിയവനായ ഈശോ കുററപ്പെടുത്തപ്പെട്ടപ്പോൾ പരിപൂർണ്ണ മൗനം പാലിച്ചു. ഈശോയുടെ ദൃഷ്ടിയിൽ മൗനം വലിയ പുണ്യമാകുന്നു. മനുഷ്യാവതാരംചെയ്ത ബോധജ്ഞാനമാകുന്ന അങ്ങുന്ന്, സ്വജീവനെ അപകടത്തിലാക്കിക്കൊണ്ടുപോലും അതു പാലിച്ചു. യുക്തിക്കു വഴിപ്പെടാത്തവരും, വാഗ്വാദത്തിൽ ക്ഷോഭിക്കുന്നവരുമായ ആളുകളോടിടപെടുമ്പോൾ മൗനം പാലിക്കുന്നതാണ് വിവേകമെന്ന് ഈശോ സ്വദൃഷ്ടാന്തത്താൽ പഠിപ്പിക്കുന്നു. നാവിനെ സൂക്ഷിക്കുന്നവൻ ആത്മാവിനെ സംരക്ഷിക്കുന്നു. അധികസംസാരത്തിൽ പാപമുണ്ടാകാതിരിക്കുക അസാദ്ധ്യമാണ്.

www.malankaralibrary.com

## ധ്യാനം 76 നോമ്പിലെ രണ്ടാംവാരം–വെള്ളി

## ഈശോ ഹേറോദേസിനാൽ പരിഹസിക്കപ്പെടുന്നു

ഹേറോദേസ് അവൻെറ പടയാളികളോടുകൂടെ യേശുവിനെ നിസ്സാരനാക്കി പരിഹസിക്കുകയും ഒരു വെള്ളവസ്ത്രം ധരിപ്പിച്ച്, പീലാത്തോസിൻെറ അടുക്കലേക്ക് തിരിച്ചയയ്ക്കുകയും ചെയ്തു. (ലൂ. 23:11) യേശുവിൻെറ മൗനത്തിൽ നിരാശനായിതീർന്ന ഹേറോദേസ് പ്രതികാരാർത്ഥം അവിടുത്തെ നിന്ദിക്കയും പരിഹസിക്കുകയും ചെയ്യുന്നു. അയാൾ അവിടുത്തെ ഒരു കുററക്കാരനായിട്ടല്ല പിന്നെയോ ഒരു ഭോഷനായിട്ടാണ് പരിഗണിക്കുന്നതെന്നു കാണിക്കുവാൻവേണ്ടി വെള്ളവസ്ത്രം ധരിപ്പിച്ച് പീലാത്തോസിൻെറ അടുക്കലേയ്ക്ക് തിരികെ അയയ്ക്കുന്നു. ലോകാരൂപിയെ ചവിട്ടിമെതിയ്ക്കുകയാണ് വേണ്ടതെന്നു നിന്നെ പഠിപ്പിക്കുവാനായി ആരാധ്യനായ രക്ഷകൻ അവരിൽനിന്ന് എല്ലാ നിന്ദനങ്ങളും അജയ്യ ശാന്തതയോടെ സഹിക്കുന്നു.

ഈ പരിഹാസവേഷത്തിൽ പ്രത്യക്ഷപ്പെട്ട രക്ഷിതാവിനെ പുകഴ്ത്തുകയും ആരാധിക്കുകയും ചെയ്യുക. അവിടുന്ന് ആഗ്രഹിക്കുന്ന ശ്രേഷ്ഠത, വെറും മായ മാത്രമായ ഈ ലോകശ്രേഷ്ഠതയല്ല, പിന്നെയോ കരിശിൻെറ ഔൽകൃഷ്ടമാകുന്നുവെന്ന് അവിടുന്നു നമ്മെ പഠിപ്പിക്കുന്നു: അവിടുന്ന് കരിശിൽ രാജാവിൻേറയും മഹാപുരോഹിതൻേറയും ജോലി നിർവ്വഹിക്കുന്നു. കരിശുവഴിയാണ് രക്ഷ. ക്രൂശിതനായ യേശുവിനോട് അനുരൂപരാകുവാൻവേണ്ടി നാമും കുരിശു വഹിക്കണം. അപ്പോൾ നാം രക്ഷപ്രാപിക്കുകയും മഹത്വീകൃതനായ യേശുവിനോട് അനുരൂപരാകുകയും ചെയ്യും.

നിത്യപിതാവ് സ്വപുത്രൻെറ മഹത്വത്തെപ്പററി ചിന്തിക്കുന്നു. പുത്രൻ മനുഷ്യരക്ഷയെപ്പററിയും അതേസമയം മനുഷ്യനാകട്ടെ അവിടുത്തെ നിന്ദിച്ച് അപഹസിക്കുന്നു. ആദ്യപിതാവായ ആദം, നിഷ്കളങ്കതയുടെ ഉടുപ്പും അമർത്ത്യതയുടെ വസ്ത്രവും നഷ്ടപ്പെടുത്തി. ആദ്യത്തേത് ഹേറോദേസിൻെറ കച്ചേരിയിൽവച്ചും രണ്ടാമത്തേത് പീലാത്തോസിൻെറ അരമനയിൽവച്ചും യേശു വീണ്ടെടുത്തു. മരണംവരെ മാലിന്യമില്ലാതെ സൂക്ഷിച്ചുകൊള്ളണമെന്ന വ്യവസ്ഥയിലാണ് അവിടുന്ന് നിഷ്കളങ്കതയും അമർത്ത്യതയും നമുക്കു തിരികെ തന്നത്. ഈ ഉടുപ്പുകൂടാതെ മരണസമയത്ത് അവിടുത്തെ സന്നിധിയിൽ പ്രത്യക്ഷപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക.

www.malankaralibrary.com

## ധ്യാനം 77 നോമ്പിലെ രണ്ടാംവാരം–ശനി

### യേശുവിനെ രക്ഷപെടുത്താനുള്ള പീലാത്തോസിൻെറ ശ്രമം.

പീലാത്തോസ് പ്രധാന പുരോഹിതന്മാരേയും പട്ടാള ഉദ്യോഗസ്ഥന്മാരെയും ജനത്തെയും വിളിച്ചുകൂട്ടി അവരോടു പറഞ്ഞു. ജനത്തെ തെററിക്കുന്നവൻ എന്നുപറഞ്ഞു് നിങ്ങൾ ഈ മനുഷ്യനെ എൻെറ അടുക്കൽ കൊണ്ടുവന്നു. കണ്ടാലും നിങ്ങളുടെ സാന്നിധ്യത്തിൽ ഞാൻ അവനെ വിസ്തരിച്ചു. എന്നാൽ നിങ്ങൾ ആരോപിക്കുന്നതുപോലെയുള്ള കുററമൊന്നും ഞാൻ അവനിൽ കണ്ടില്ല. ഹേറോദേസും കണ്ടില്ല. (ലൂ. 23:13) ഈശോ തിരിച്ചുവരുന്നതു കണ്ടപ്പോൾ പീലാത്തോസിനു സന്തോഷമായിരുന്നു. കാരണം ഹേറോദേസുമായുള്ള പരസ്പര ആലോചന അവർ തമ്മിലുള്ള രമ്യതയുടെ ആരംഭമായിരുന്നു. എന്നാൽ ഒന്നുകിൽ യൂദന്മാരുടെ ക്രൂരതയെ എതിർക്കണം. അല്ലെങ്കിൽ മനസ്സാക്ഷിക്കു് എതിരായി പ്രവർത്തിക്കണം എന്നുള്ള നില വന്നപ്പോൾ പീലാത്തോസ് വീണ്ടും കുഴങ്ങി. യാതൊരു എതിർപ്പുമില്ലാതെ നിഷ്കളങ്കത മാത്രമായ ഈശോയോടു് അവർ കാണിക്കുന്ന അക്രമം പീലാത്തോസിൻെറ ഭീരുതയെ ഉണർത്തി. അദ്ദേഹത്തിൻെറ മാതൃകയെ അനുകരിക്കുക. ആരുപോരുമില്ലാത്ത പരിത്യക്തരോടും രോഗികളോടും നീതിനിമിത്തം പീഡിപ്പിക്കപ്പെടുന്നവരോടും പാപികളോടും നമുക്കു സഹതാപം ഉണ്ടായിരിക്കണം. എല്ലാററിനും ഉപരിയായ നിൻെറ ആത്മാവിനോടു സഹതാപം ഉണ്ടായിരിക്കണം. അതിൻെറ രക്ഷയ്ക്കായി കഴിവതും പ്രവർത്തിക്കുക.

ബറബാസിനെ കാരാഗൃഹത്തിൽനിന്നും ഈശോയെ പ്രിത്തോറിയത്തിൽനിന്നും കൂട്ടിക്കൊണ്ടുവന്നു് ജനത്തിൻെറ മുമ്പിൽ നിർത്തിയിട്ടു് പീലാത്തോസ് അവരോടു ചോദിച്ചു. ഇവരിൽ ആരെയാണു് ഞാൻ നിങ്ങൾക്കു വിട്ടുതരേണ്ടതെന്നു്. (മത്താ. 27:18) "ബറബാസിനെ" എന്നവർ മറുപടി പറഞ്ഞു. മാനുഷികവിധി, കവർച്ചക്കാരനു് മോചനവും രക്ഷിതാവിനു കുരിശും നല്കുന്നു. ഈ വിഷയത്തിൽ നാമും കുററക്കാരല്ലേ! സ്വന്തം രാഗമോഹങ്ങൾക്കു് നാം അധീനരാകുമ്പോൾ നാമും യേശുവിനേക്കാൾ കൂടുതലായി ബറബാസിനെ ഇഷ്ടപ്പെടുകയാണു്.

എന്നാൽ ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശുവിനെ ഞാനെന്തുചെയ്യണം. എന്നുള്ള പീലാത്തോസിൻെറ ചോദ്യത്തിനു് "അവൻ ക്രൂശിക്കപ്പെടട്ടെ" എന്നു് അവർ ആർത്തട്ടഹസിച്ചു. (മത്താ. 27:22) ഈ കൊലവിളി യഹൂദന്മാരുടെ വലിയ കുററമാണു്. നമുക്കു് ഒരു വലിയ അനുഗ്രഹവും. ബറബാസിൻെറ മരണംകൊണ്ടു് നമുക്കെന്തു ലഭിക്കാനുണ്ടു്. യേശുവിൻെറ രക്തമാകട്ടെ ഈ ലോകത്തിൻെറ പാപം മുഴുവൻ കഴുകിക്കളയുവാൻ ശക്തിയുള്ളതാണു്.

www.malankaralibrary.com

## ധ്യാനം 78 നോമ്പിലെ മൂന്നാംവാരം—ഞായർ

## യേശുവിനെ കൽത്തൂണിൽ കെട്ടിയടിക്കുന്നതിനു വിധിക്കുന്നു.

പീലാത്തോസു് യേശുവിനെ ചമ്മട്ടികൊണ്ടു് അടിപ്പിച്ചു. (യോഹ. 19:1) യേശുവിനെ രക്ഷിപ്പാൻ ധൈര്യമില്ലാതിരുന്ന പീലാത്തോസു് കുറഞ്ഞപക്ഷം നീതിയുടെ രൂപമെങ്കിലും അവലംബിക്കാൻ ആഗ്രഹിക്കുന്നു. വിധി പ്രസ്താവിക്കുന്നതിനായി അയാൾ ന്യായാസനത്തിൽ ആസനസ്ഥനാകുന്നു. അഗാധമായ എളിമയോടെ നിന്നുകൊണ്ടു് നിത്യപിതാവിൻെറ അധരങ്ങളിൽ നിന്നെന്നവണ്ണം ആ വിധിയെ യേശു സ്വീകരിക്കുന്നു. ആദരപൂർവ്വം അവിടുന്നു പറയുകയാണു്. "എൻെറ പിതാവേ, അവിടുന്നു നിയോഗിക്കുന്ന ഏതു കരത്തിൽനിന്നു വരുന്ന അടിയും ഏല്പാൻ ഞാൻ ഒരുക്കമാണു്. ദൈവതൃക്കരങ്ങളിൽനിന്നു വരുന്ന ഏതും സ്വീകരിപ്പാൻ നിൻെറ ഹൃദയം ഒരുക്കമാണോ?

പീലാത്തോസിൻെറ പ്രിത്തോറിയത്തിൽ, ഭൂമിയിലെ ഒരു കൃമിപോലെ നഗ്നനും, ഹീനജനത്തിൻെറ പരിഹാസചിരിയ്ക്കു് ഇരയും ആക്കപ്പെട്ടിരിക്കുന്ന നരദേവൻ മാലാഖാമാർക്കും മനുഷ്യർക്കും ഒരു കൺകാഴ്ചയാകുന്നു. പറുദീസായിൽ നാം നഷ്ടപ്പെടുത്തിയ വരപ്രസാദവും പുണ്യവും നമ്മെ ധരിപ്പിക്കുവാനായി അവിടുന്നു തന്നെത്തന്നെ നഗ്നനാക്കിതീർത്തു. ഹാ, കരുണയുടെ ആധിക്യം! പാപത്തിൽനിന്നു് ഓടിയകലുക. യേശു നിന്നെ ധരിപ്പിച്ച വരപ്രസാദവും പുണ്യവുമാകുന്ന അങ്കി നിന്നിൽനിന്നു് ഉരിഞ്ഞുകളയുവാൻ പാപത്തിനു മാത്രമേ കഴിവുള്ളൂ.

ഈശോ തൻെറ മാതൃകമൂലം, കൗശലവും വഷളത്വവും നിറഞ്ഞ അരൂപികളോടു് യുദ്ധം ചെയ്യാനുള്ള ഉന്മേഷം നമുക്കു പകർന്നുതരുന്നു. അതിനാൽ അവ നമുക്കെതിരായി പ്രയോഗിക്കുന്ന, നമ്മുടെ ദുഷിച്ച ചാച്ചിലുകളായ പഴയ ആദാമിനെ നമ്മിൽനിന്നു് ഉരിഞ്ഞുകളയുവാൻ നാം ബദ്ധശ്രദ്ധരാകണം. പാപത്തിനുമാത്രം കാരണമാകുന്ന ലോകസന്തോഷങ്ങൾ, ബഹുമാനങ്ങൾ, ആശ്വാസങ്ങൾ എന്നിവ പരിത്യജിക്കാൻ നാം ഭയപ്പെട്ടുകൂടാ. മഞ്ഞുറഞ്ഞു കിടന്ന തടാകത്തിലേക്കു എറിയപ്പെടുന്നതിനുമുമ്പു് ക്രൂരനായ അധിപതിയാൽ നഗ്നരാക്കപ്പെട്ട ഭാഗ്യശാലികളായ രക്തസാക്ഷികളോടുകൂടെ നമുക്കു പറയാം. ദിവ്യരക്ഷിതാവേ, ഈ വസ്ത്രങ്ങൾ ഉരിയപ്പെടുന്നതോടുകൂടെ പാപങ്ങൾ മായിക്കപ്പെടുന്ന ഈ അവസരത്തിനുവേണ്ടി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.

www.malankaralibrary.com

## ധ്യാനം 79 നോമ്പിലെ മൂന്നാം വാരം—തിങ്കൾ
## യേശുവിനെ കൽത്തൂണിൽ കെട്ടി ക്രൂരമായി അടിക്കുന്നു

പീലാത്തോസ് ഈശോയെ കൂട്ടിക്കൊണ്ടു പോയി ചമ്മട്ടി കൊണ്ട് അടിപ്പിച്ചു. (യോഹ. 19:1) തീർച്ചയായും അവൻ നമ്മുടെ അവശതകളെ വഹിക്കയും നമ്മുടെ വേദനകളെ സഹിക്കയും ചെയ്തു. നാമോ അവനെ ഒരു കുഷ്ഠരോഗിയെ പോലെയും ദൈവത്താൽ പീഡിക്കപ്പെട്ടവനെപ്പോലെയും പരിഗണിച്ചു. (ഏശ. 53:4) പീഡകളുടെ ആധിക്യത്താൽ, തന്റെ സീമാതീതമായ സ്നേഹം വെളിപ്പെടുത്തപ്പെടുന്നതിനുവേണ്ടി, ഈശോ സമനസ്സാ ശത്രുക്കളോട രോഷത്തിനു തന്നെത്തന്നെ ഏല്പിച്ചുകൊടുത്തു. പരിശുദ്ധരിൽ പരിശുദ്ധൻ അഭക്തർക്ക വേണ്ടിയും, നീതിമാൻ കുററക്കാർക്കുവേണ്ടിയും നിഷ്കളങ്കത മാത്രമായിരിക്കുന്നവൻ പാപികൾക്കു വേണ്ടിയും ഇതാ അടിക്കപ്പെടുന്നു. എന്റെ ആത്മാവേ, സ്നേഹത്തിന്റെ ഈ മുറിവുകളെ ആരാധിക്കുക.

കടന്നുപോകുന്നവരേ, എന്റേതുപോലുള്ള വേദന ആരെങ്കിലും അനുഭവിക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കുവിൻ. (വിലാപങ്ങൾ) നന്ദിഹീനനും ചിന്താരഹിതനുമായ ആത്മാവേ, കൽത്തൂണിനെ സമീപിച്ച് യാതൊരു കുററവും ചെയ്തിട്ടില്ലാത്ത നിഷ്കളങ്കനായ ഈ കുഞ്ഞാട് എത്രമാത്രം പീഡയനുഭവിക്കുന്നു എന്നു കാണുക. നിനക്കു പാപമോചനം നല്ലാനായി നിന്റെ പാപങ്ങളുടെ ശിക്ഷ അവിടുന്ന് ഏററെടുത്തിരിക്കയാണ്. അവർ അവിടുത്തെ വലിച്ചു കീറുന്നു. ഞരമ്പുകൾ കുത്തിളക്കുന്നു. അസ്ഥികൾ പൊട്ടിയ്ക്കുന്നു. അവിടുത്തെ മാംസകഷണങ്ങൾ നിലത്തു ചിതറികിടക്കുന്നു. രക്തം നിലത്തു തളംകെട്ടി നില്ക്കുന്നു. ഈശോ രഹസ്യമായി കരയുന്നു. മതിയെന്ന് അവിടുന്നു പറയുന്നില്ല. നിന്റെ രക്ഷയ്ക്ക് ആവശ്യമെങ്കിൽ ഇതിൽ കൂടുതൽ വഹിക്കുന്നതിനും അവിടുന്നു സന്നദ്ധനാണ്. തന്നെ പീഡിപ്പിക്കുന്നതിന് ഇത്രയേറെ ശത്രുക്കളുള്ള സ്ഥിതിക്ക് ആശ്വസിപ്പിക്കുന്നതിനു് ആരുമില്ലെന്നുവരുമോ?

നമ്മുടെ പാപങ്ങൾനിമിത്തം അവിടുന്നു ക്ഷതനാകയും നമ്മുടെ അക്രമങ്ങൾ നിമിത്തം ഞെരുക്കപ്പെടുകയും ചെയ്തു. നമുക്കു സമാധാനമരുളാൻ അവിടുന്നു ശിക്ഷയേററു. അദ്ദേഹത്തിനു ലഭിച്ച പ്രഹരങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു. (ഏശ. 53:5) നമ്മുടെ പാപങ്ങളാണ് അവിടുത്തെ ഒററമുറിവായി രൂപാന്തരപ്പെടുത്തിയതു്. നമ്മുടെ സീമാതീതമായ വഷളത്വവും, മലിനതയുമാണ് ഇവയ്ക്കെല്ലാം കാരണം. ഇത്രയേറെ ഹേമദണ്ഡങ്ങളുടെ മദ്ധ്യേ അവിടുത്തെ ജീവൻ നിലനില്ക്കുന്നതുതന്നെ അത്ഭുതമാകുന്നു. അവിടുത്തെ മുറിവുകളിൽ ഒരു കണ്ണാടിയിലെന്നപോലെ നിന്റെ പാപബാഹുല്യവും വൈരൂപ്യവും കാണുക...എന്റെ ദൈവമേ, എന്റെ അതിക്രമങ്ങൾ അവിടുത്തെ ഹൃദയത്തെ കുത്തിളയ്ക്കുന്നു. അവയേല്പിക്കുന്ന മുറിവുകൾക്ക് അങ്ങു കരുണാപൂർവ്വം എനിക്കു നല്കുന്ന ശിക്ഷകൾ ആശ്വാസത്തൈലമായി ഭവിക്കട്ടെ.

www.malankaralibrary.com

## ധ്യാനം 80 നോമ്പിലെ മൂന്നാംവാരം—ചൊവ്വ

## കൽത്തൂണിൽ ഈശോ അനുഭവിക്കുന്ന വേദന

ഞാൻ അവനെ ശിക്ഷിച്ചു വിട്ടയയ്ക്കും. (ലൂ. 23:22) ചമ്മട്ടി അടി അടിമകൾക്കു നല്കുന്ന ശിക്ഷയാണ്. ദൈവത്തിൻെറ ഏക പുത്രനായ അവിടുന്ന് എന്തിന് ഈ ശിക്ഷ ഏല്ക്കണം? ക്രിസ്തീയ എളിമയിൽ പരനിന്ദനം സഹിക്കുന്നവർ തുലോം ചുരുക്കമാകുന്നു. ശാരീരികവേദന നമ്മെ അക്ഷമരാക്കും. നമ്മോടുതന്നെ ബലബന്ധനം ചെയ്തെങ്കിലേ ജഡത്തെ നിഗ്രഹിക്കുവാൻ സാധിക്കൂ. എങ്കിലും സ്വയശുദ്ധീകരണത്തിനായി ശ്രമിക്കുന്നവർ അതു ചെയ്തേ മതിയാവൂ.

പീലാത്തോസ് അവനെ അടിപ്പിച്ചശേഷം യഹൂദന്മാർക്കു വിട്ടുകൊടുത്തു. (മത്താ. 27:26) വസ്ത്രം ഉരിഞ്ഞു് യേശുവിനെ നഗ്നനാക്കിയതും, തൂണോടു ചേർത്തു ബന്ധിച്ചതും സ്നേഹമാകുന്നു. അവിടുത്തെ മാതൃകയെ അനുകരിച്ചു് സൃഷ്ടികളോടുള്ള പാറുമാനത്തെയും സ്വയസ്നേഹത്തെയും നിന്നിൽനിന്നു് ഉരിഞ്ഞുകളയുക. യേശുവിനെ ബന്ധിച്ചിരിക്കുന്ന കൽത്തൂണിനെ സമീപിക്കുക. അതാകുന്നു അവിടുത്തെ സ്നേഹത്തിൻെറ കൊടിയും ഭക്താത്മാക്കളെ പ്രകാശിപ്പിക്കുന്ന കരുണയുടെ സിംഹാസനവും.

വസ്ത്രം ഉരിയപ്പെട്ട യേശു, കേവലവിശ്വാസത്തിൽ വ്യാപരിപ്പാനും, ആന്തരീകപ്രകാശം പിൻവലിക്കപ്പെട്ടപ്പോൾ അതിനെ ക്ഷമാപൂർവ്വം സഹിപ്പാനും നമ്മെ പഠിപ്പിക്കുന്നു. ദൈവം മാത്രമായിരിക്കട്ടെ നിൻെറ സംരക്ഷകനും സഹായിയും ആശാകേന്ദ്രവും. അവിടുത്തെ ശരീരത്തിലെ രക്തം സ്രവിക്കുന്ന മുറിവുകൾ, വേദന കൂടാതെ സ്നേഹമില്ലെന്നും, സ്നേഹം കൂടാതെ വേദന സഹിക്കാനാവില്ലെന്നും പഠിപ്പിക്കുന്നു.

## ധ്യാനം 81 നോമ്പിലെ മൂന്നാം വാരം—ബുധൻ

## ഈശോയെ ബന്ധനത്തിൽനിന്നും അഴിച്ചുവിടുന്നു

പീലാത്തോസ് യേശുവിനെ അടിപ്പിച്ചശേഷം അവർക്കു വിട്ടുകൊടുത്തു(മത്താ. 27:26) ശിരസ്സുമുതൽ പാദംവരെ തനിക്കു് ഒരു സ്വസ്ഥതയുമില്ല. എന്നുള്ള ദീർഘദർശിയുടെ വചനം അങ്ങനെ അന്വർത്ഥമായി. മുറിവുകളുടെ ബാഹുല്യത്താൽ അവിടുന്ന് ഒരു കുഷ്ഠരോഗിയെപ്പോലെയായി. കുറച്ചുസമയത്തേക്കു് അവിടുത്തെ സാത്താൻെറ ശക്തിയ്ക്കു വിട്ടുകൊടുത്തു. പൈശാചികമായ ക്രൂരതയോടെ സാത്താൻ ആ അവസരം വിനിയോഗിക്കുകയാണു്. ദുഃഖമനുഭവിക്കുന്ന ആത്മാവേ, ധൈര്യപ്പെടുക. നരകം മുഴുവൻ നിനക്കു് എതിരായി പുറപ്പെട്ടുവന്നാലും വിസ്മയിക്കേണ്ടാ. ദൈവം അനുവദിക്കുന്നതല്ലാതെ മറെറാന്നും നിന്നോടു ചെയ്യാൻ അവയ്ക്കു ശക്തിയില്ല. നിൻെറ നന്മയ്ക്കു ഇതു മാത്രമേ അവിടുന്നു് അനുവദിക്കൂ.

www.malankaralibrary.com

രക്തത്തിൽ മുഴുകിയിരിക്കുന്ന ദൈവത്തിന്റെ സാക്ഷാൽ പരിശുദ്ധനായ യേശുവിനെപ്പററി ധ്യാനിക്കുക. നിലത്തുനിന്ന് എഴുന്നേല്ക്കാൻ കഴിയാത്തവണ്ണം അവിടുന്ന് അത്രമാത്രം ക്ഷീണിച്ച് വശായിരിക്കുന്നു. അവിടുത്തെ ക്ലേശങ്ങളെ വെല്ലാൻ അവിടുത്തെ കരുണയ്ക്കു മാത്രമേ കഴിയൂ. കരുണയുടെ പിതാവേ, എനിക്കുവേണ്ടി പരിഹാരബലിയർപ്പിക്കുന്ന അങ്ങയുടെ അഭിഷിക്തന്റെ മുഖത്തു ദൃഷ്ടിപതിപ്പിക്കണമേ. എനിക്ക് അർഹമല്ലാത്തവ അവിടുത്തെ തിരുനാമത്തിൽ ഞാൻ യാചിക്കുന്നു.

യേശു തന്റെ സ്നേഹിതന്മാർക്കുവേണ്ടിയും ശത്രുക്കൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. അവിടുത്തെ പ്രാർത്ഥനയുടെ ഫലത്തിൽ നിനക്കു ഓഹരി കിട്ടണമെങ്കിൽ അവിടുത്തെ നീ സ്നേഹിക്കണം. നിന്നോടുള്ള സ്നേഹവും, നിന്റെ സ്നേഹത്തെ ആകർഷിപ്പാനുള്ള ആഗ്രഹവും അവിടുത്തെ എത്രമാത്രം താഴ്ത്തിയിരിക്കുന്നു എന്നു കാണുക. എന്റെ യേശുവേ, അവിടുത്തെ പീഡാനുഭവത്താലും മരണത്താലും എന്നെ ജീവിപ്പിക്കുക എന്നതുമാത്രമാണോ അവിടുത്തെ ഏക ആഗ്രഹമെന്നു തോന്നത്തക്കവണ്ണം അത്രയധികമാണല്ലോ എന്നോടുള്ള അവിടുത്തെ സ്നേഹം.

## ധ്യാനം 82 നോമ്പിലെ മൂന്നാം വാരം—വ്യാഴം

## ഈശോയെ പരിഹാസവസ്ത്രം ധരിപ്പിക്കുന്നു

അവിടുത്തെ വസ്ത്രം ഉരിഞ്ഞെടുത്തശേഷം അവർ അവിടുത്തെ ഒരു ചുവപ്പു മേലങ്കി ധരിപ്പിച്ചു. (മത്താ. 27:28). പടയാളികൾ യേശുവിനെ ധരിപ്പിച്ച ഇരട്ടിചായത്തിൽ മുക്കപ്പെട്ട ചുവപ്പു മേലങ്കിയിൽ അവിടുത്തെ ദർശിക്കുക. അവരുടെ ഉദ്ദേശ്യം ഈശോയെ പരിഹസിക്കയാണെങ്കിലും പരിശുദ്ധറൂഹാ ഒരു അഗാധരഹസ്യത്തിൻ നിഴലിനെയാണ് ഇതിനാൽ ചൂണ്ടികാണിക്കുന്നത്. ദൈവമെന്ന നിലയിലും മനുഷ്യനെന്ന നിലയിലും അവിടുന്നു രാജാവാകുന്നു. മഹത്വത്തിന്റെ രാജാവേ, അങ്ങയുടെ പ്രതാപത്തിന്റെ ഉച്ചസ്ഥിതിയിലെന്നപോലെ താഴ്മയിലും അങ്ങയെ ഞാൻ ആരാധിക്കുന്നു.

പടയാളികൾ അധിക്ഷേപത്തോടുകൂടെ ക്രൂരതയും പ്രദർശിപ്പിക്കുന്നു. അവിടുത്തെ വസ്ത്രം ഉരിഞ്ഞെടുത്തപ്പോൾ അവിടുത്തെ മാംസം പറിഞ്ഞുപോരികയും മുറിവുകൾ ഒരിക്കൽക്കൂടി തുറക്കപ്പെടുകയും ചെയ്തു. ഒരു ചുവപ്പു ചകലാസ ധരിപ്പിച്ച് അവിടുത്തെ പരിഹാസ രാജാവാക്കി നിന്ദിച്ചുകൊണ്ട് അവരുടെ ഔദ്ധത്യം വെളിപ്പെടുത്തുന്നു. സൈന്യങ്ങളുടെ രാജാവ് ഒരു പുതിയതരം യുദ്ധമുറ തെരഞ്ഞെടുത്തിരിക്കയാണ്. സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന മനുഷ്യർ ശത്രുക്കളെ മുറിവേല്പിക്കയും അവരിൽനിന്നുള്ള യുദ്ധങ്ങളെ തടയുകയും ചെയ്യുന്നു. യേശുവാകട്ടെ തന്നെ മുറിപ്പെടുത്തുന്നവരെ രക്ഷിപ്പാനായി അടികൾ സ്വയം ഏററുകൊണ്ട് അവിടുത്തെ ശക്തി വെളിപ്പെടുത്തുന്നു.

www.malankaralibrary.com

അവർ അവനെ ഒരു ചുവപ്പു മേലങ്കി ധരിപ്പിച്ചു. (യോ. 19:2) മഹിമപ്രതാപവാനായ ജേതാവു് അങ്ങയുടെ പ്രാഭവത്തിൽ നടന്നു പോകുന്നതു കാണുക. ലോകജേതാക്കൾ തങ്ങളുടെ പടയാളികളുടെ എണ്ണത്തിൽ വിജയം ഘോഷിക്കുമ്പോൾ യേശു അങ്ങയുടെ മുറിവുകളുടെ എണ്ണത്തിൽ വിജയം ഘോഷിക്കുന്നു. അവിടുത്തെ ആയുധങ്ങൾ മൗനം, എളിമ, പ്രാർത്ഥന, കണ്ണുനീർ ഇവയാകുന്നു. നിൻെറ സമര ഫലമായി അവിടുന്നു നിനക്കു വാഗ്ദാനം ചെയ്തിരിക്കുന്ന രാജ്യം ഈ ലോകത്തിൻേറതല്ല, എങ്കിലും ഈ ലോകത്തിലത്രേ സമരം ചെയ്യേണ്ടിയിരിക്കുന്നതു്. അതിനാൽ അവിടുന്നു് എടുത്ത ആയുധങ്ങൾ തന്നെ നീയും എടുക്കുക.

## ധ്യാനം 83 നോമ്പിലെ മൂന്നാംവാരം—വെള്ളി

## ഈശോയെ അവർ മുൾമുടി ധരിപ്പിച്ചു

പടയാളികൾ മുള്ളുകൾകൊണ്ടു് ഒരു മുടി മുടഞ്ഞുണ്ടാക്കി അവിടുത്തെ തലയിൽവച്ചു. (യോഹ.19:2) യേശുവിൻെറ പുരികങ്ങളിൽനിന്നു പ്രവഹിക്കുന്ന മൗനകണ്ണുനീർ, മുൾമുടിയുടെ ഫലമായി തലയിൽനിന്നു സ്ഫുരിക്കുന്ന രക്തധാരയോടു സമ്മിശ്രപ്പെടുന്നു. നീ അഹങ്കാരത്തിനും വ്യർത്ഥസ്തുതിക്കുമായി നഷ്ടപ്പെടുത്തിയ മണിക്കൂറുകളെപ്പററി ചിന്തിക്കുക. ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പാകെ ലജ്ജിക്കാതെ നിൻെറ പ്രതിനിധിയായിരിപ്പാൻ അവിടുത്തേക്കു കഴിയുകയില്ല എന്നു് നിൻെറ പാപങ്ങൾ പരസ്യമായി പ്രസ്താവിക്കുകയാണ്. നാം പതച്ചുകൂടാതെ ദൈവസേവനത്തിൽ ഏപ്പെടുന്നതിനുവേണ്ടി നമ്മുടെ ആകുലതകളെയും വേദനകളേയും അവിടുന്നു് ഏറെറടുത്തിരിക്കുന്നു എന്നു് അങ്ങയുടെ മുൾമുടി കാണിക്കുന്നു. ഓ, പരിശുദ്ധ മുള്ളുകളെ, എൻെറ ദൈവവും കർത്താവുമായ യേശുവിൻെറ വ്യാകുലതളെക്കുറിച്ചുള്ള യഥാർത്ഥ ദുഃഖത്താൽ ചേതനയററ എൻെറ ഹൃദയത്തെ കുത്തിതുളയ്ക്കണമേ.

നീ എന്നെ രാജാവായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നെങ്കിൽ വന്നു് എൻെറ നിഴലിൽ വിശ്രമിക്കുക. (ന്യായാ. 9:15) അങ്ങയുടെ മുറിവുകളുടെ നിഴലിൽ നമുക്കു് അഭയംതേടാം. അവിടെ പരീക്ഷകളിൽ സങ്കേതവും, പ്രയാസങ്ങളിൽ ആശ്വാസവും നാം കണ്ടെത്തും. മുൾമുടി ചൂടിയ ശിരസ്സിൻകീഴിൽ മൃദുലസ്വഭാവികളായ അവയവങ്ങൾ കാണപ്പെടുന്നതു് എത്ര ലജ്ജാവഹം!

യേശുക്രിസ്തുവിൻെറ മഹത്വം മുള്ളുകളുടെ കീഴിൽ മറയ്ക്കപ്പെട്ടിരിക്കുന്നു. അവിടുത്തെ കാണുന്നതിനായി നാം അവയിൽക്കൂടി കടന്നുപോകണം. ആപത്തു നിന്നെ ഭയപ്പെടുത്തുകയോ പരീക്ഷ ഞെരുക്കുകയോ ചെയ്യുന്നപക്ഷം മുൾമുടി ചൂടിയ ഈ ശിരസ്സിനെ നിൻെറ പരിചയാക്കികൊള്ളുക. നിൻെറ മത്സരവികാരങ്ങളെ ഈ മുള്ളുകളുടെ

www.malankaralibrary.com

മുറകൾ സ്പർശിക്കട്ടെ. യേശുവേ, നിന്റെ സ്നേഹജ്വാലയാൽ എന്നി ലുള്ള പാപമുള്ളുകളെ ദഹിപ്പിച്ചു കളയണമേ.

## ധ്യാനം 84 നോമ്പിലെ മൂന്നാംവാരം—ശനി

## ചെങ്കോലിനു പകരം ഈശോയെ ഞാങ്ങണ പിടിപ്പിക്കുന്നു.

മുള്ളുകൾകൊണ്ടുള്ള ഒരു കിരീടം മുടഞ്ഞു് അവർ അവന്റെ തലയിൽ വച്ചു. ഒരു ഞാങ്ങണ അവന്റെ കൈയ്യിൽ പിടിപ്പിക്കയും ചെയ്തു. (മത്താ. 27: 29) കേവലം സാങ്കല്പികവും വ്യർത്ഥവുമെന്നു് അവർ കരുതുന്ന അവിടുത്തെ സാമ്രാജ്യത്തെ പുച്ഛിക്കുന്നതിനായി പടയാളികൾ ദൈവപുത്രനു് ഒരു ഞാങ്ങണ നല്കി. ഭോഷന്മാരുടെ രാജാവായി അവിടുത്തെ പ്രദർശിപ്പിക്കണമെന്നാണു് അവരുടെ ആഗ്രഹം. എങ്കിലും നിഗളികളുടെ അഹങ്കാരത്തെ കീഴടക്കിയതും മൺപാത്രം പോലെ അവരെ ഉടച്ചു കളഞ്ഞതുമായ ചെങ്കോൽ ഇതാകുന്നു. കാഴ്ചയിൽ അതു് കാററിനാൽ ഉലയ്ക്കപ്പെടുന്ന ഒരു ബലഹീന കമ്പാണെങ്കിലും അതിന്റെ ശക്തി അജയ്യവും നിലനില്പു നിത്യവുമാകുന്നു.

മനുഷ്യനെക്കാൾ ബലഹീനമായി മററൊരു വസ്തുവില്ല. ഒരു ചെറിയ കാററുകൊണ്ടു് നിലത്തു വീഴുന്ന ഒരു കരിയിലയാണു് അവൻ. പരീക്ഷയുടെ ഒരു ചെറിയ ശ്വാസം അവനെ നിലംപതിപ്പിക്കും. നിത്യപിതാവിന്റെ പുണ്യവും അവിടുത്തെ ഭുജത്തിന്റെ ബലവുമായ യേശുവിനോടു് നിന്നെ അവിടുത്തെ സംരക്ഷണയിൽ എടുത്തുകൊള്ളണമെന്നും, അവിടുത്തെ തിരുവിഷ്ടംപോലെ ഭരിച്ചു നടത്തിക്കൊള്ളണമെന്നും അപേക്ഷിക്കുക.

അവർ ഞാങ്ങണ വാങ്ങി അവിടുത്തെ തലയിൽ അടിച്ചു. (മത്താ. 27: 30) നിന്റെ അയഞ്ഞ ജീവിതവും അസ്ഥിരതയും യേശുവിന്റെ കൈയിലെ ഞാങ്ങണയാകുന്നു. എന്തെന്നാൽ നിന്നെ രക്ഷിക്കുന്നതിനുവേണ്ടി അതിന്റെ വേദനയും ലജ്ജയും അവിടുന്നു സഹിക്കുന്നു. പടയാളികൾ അവിടുത്തെ കൈയിൽ അതിനെ പിടിപ്പിക്കയും പിന്നീടു് വാങ്ങി അങ്ങയുടെ തലയിൽ അതുകൊണ്ടു് അടിക്കുകയും ചെയ്യുന്നു. നിന്റെ ആത്മാവിനെയും മനസ്സിനെയും അഭിപ്രായങ്ങളെയും ദൈവത്തിനു പ്രതിഷ്ഠിച്ചശേഷം തിരിച്ചെടുക്കുമ്പോൾ നീയും അതേ കുററമാണു് ചെയ്യുന്നതു്. നല്ലവനായ യേശുവേ, അങ്ങയുടെ ശക്തി എനിക്കു പ്രദാനം ചെയ്യാൻവേണ്ടി എന്റെ ബലഹീനതയെ അങ്ങു വഹിച്ചുവല്ലോ. അങ്ങേയ്ക്കു സ്തോത്രം.

www.malankaralibrary.com

## ധ്യാനം 85 നോമ്പിലെ നാലാം വാരം—ഞായർ

### പടയാളികൾ യേശുവിൻെറ മുമ്പിൽ മുട്ടമടക്കി യഹൂദന്മാരുടെ രാജാവേ, എന്നുപറഞ്ഞു് പരിഹാസപൂർവ്വം വന്ദിക്കുന്നു.

അവിടുത്തെ മുമ്പിൽ മുട്ടുകുത്തി അവിടുത്തെ പരിഹസിച്ചുകൊണ്ടു് അവർ പറഞ്ഞു. "യൂദന്മാരുടെ രാജാവേ, അങ്ങേയ്ക്കു വന്ദനം. (മത്താ. 27:29) കണ്ടാലും നിത്യമഹിമയുടെ രാജാവു് ഒരു ഉദ്ധതസംഘത്താൽ പരിഹസിക്കപ്പെടുന്നു. എന്നിട്ടും ക്ഷമാശീലനായ അവിടുന്നു കോപത്തിൻെറ ലാഞ്ചനപോലും കാണിക്കുന്നില്ല. ഓ യേശുവേ, എൻെറ രാജാവും എൻെറ ദൈവവുമേ, എനിക്കുവേണ്ടി അവിടുന്നു് ഇത്രയേറെ നിന്ദാപമാനങ്ങൾ ക്ഷമയോടെ സഹിച്ചതിനു പ്രതിനന്ദിയായി എനിക്കു പ്രിയങ്കരമായ സകലത്തെയും അങ്ങേക്കു ബലിയായി ഞാനർപ്പിക്കുന്നു.

അവർ അവിടുത്തെ മേൽ തുപ്പി. (മർക്കോ. 15:19) അവരുടെ നിന്ദ്യമായ തുപ്പൽ അവിടുത്തെ തിരുരക്തത്തോടു കലരുന്നതായി കാണുക. ദുഃഖങ്ങളുടെ ഈ മനുഷ്യനെപ്പററി ധ്യാനിക്കുക. നിൻെറ ചിന്തകളെ യേശുവിൻെറ തിരുഹൃദയത്തിലേയ്ക്കു് ഉയർത്തുകയും, ഇത്ര നന്ദികെട്ട ജന്തുക്കൾക്കുവേണ്ടി ഇത്രയേറെ സഹിക്കുന്നതിൽ അവിടുന്നു പ്രദർശിപ്പിക്കുന്ന സ്നേഹത്തെ പുകഴ്ത്തുകയും ചെയ്യുക. ഈശോയുടെ പീഡാനുഭവങ്ങളിൽ നിനക്കുള്ള പങ്കിനെ ഏററുപറഞ്ഞു മാപ്പപേക്ഷിക്കുക.

വീണ്ടും യേശുവിൻെറ മുഖകമലത്തെ വീക്ഷിക്കുക. നിൻെറ നന്ദികെട്ട ഹൃദയത്തിൽ സഹതാപത്തിൻെറ ഒരു കണികപോലുമില്ലേ! അവിടുന്നു സഹിച്ച അടികളുടെ ഫലമായി മുഖം നീലിച്ചു കരിവാളിച്ചും, രക്തംകൊണ്ടു ചുവന്നും, തുപ്പൽകൊണ്ടു മലിനപ്പെട്ടുമിരിക്കുന്നു. നിൻെറ വ്യർത്ഥവിചാരങ്ങൾ, ബഹുമാനപ്രിയം, ഭൗമീകവസ്തുക്കളെപ്പററിയുള്ള വ്യഗ്രത, സർവ്വോപരി മന്ദഭക്തി, ഇവ അവിടുത്തെ വ്യാകുലതകളെ വദ്ധമാനമാക്കുകയാണു്. അതിനിടയാകാതിരിക്കട്ടെ.

## ധ്യാനം 86 നോമ്പിലെ നാലാംവാരം—തിങ്കൾ

### ഈശോ മുൾമുടിയും ചുവപ്പുവസ്ത്രവും ധരിച്ചു് മുമ്പോട്ടു വരുന്നു. പീലാത്തോസു് യഹൂദജനത്തോടു് പറയുന്നു "ഇതാ ആ മനുഷ്യൻ" (യോഹ. 19:5)

യഹൂദന്മാരുടെ രോഷത്തെ മയപ്പെടുത്തുന്നതിനു് ആഗ്രഹിച്ചുകൊണ്ടു് പീലാത്തോസു് യേശുവിനെ മുമ്പോട്ടു നയിച്ചു. അവിടുത്തെ ശരീരമാസകലം രക്തത്തിൽ മുഴുകി വിറകൊണ്ടിരുന്നു. തല

www.malankaralibrary.com

യിൽ മുൾക്കിരീടം അടിച്ചുകയററപ്പെട്ടിരുന്നു. മുഖം അടികൾകൊണ്ടു വിങ്ങി കരിവാളിച്ചും, തുപ്പൽകൊണ്ടു മലിനപ്പെട്ടുമിരുന്നു. പീലാത്തോസ് യേശുവിൻെറ ദേഹത്തുനിന്നു് ചുവപ്പുമേലങ്കി ഉയർത്തി വലിച്ചുകീറി മുറിപ്പെട്ടുത്തപ്പെട്ടിരുന്ന നഗ്നശരീരം കാണിച്ചുകൊണ്ടു്, സഹതാപവും നിന്ദയും കലന്ന സ്വരത്തിൽ പറഞ്ഞു "കണ്ടാലും ഇതാ, ആ മനുഷ്യൻ."

ഇതാ, ആ മനുഷ്യൻ! ഇങ്ങനെ നിത്യപിതാവു് തൻെറ കരുണയും നീതിയും മനുഷ്യരുടെ വഷളത്വവും തെളിച്ചു കാട്ടികൊടുക്കുന്നു. മുറിവുകൊണ്ടു മൂടപ്പെട്ടിരിക്കുന്ന അവിടുത്തെ ശരീരത്തിൽ നിൻെറ ആത്മാവിൻെറ സ്ഥിതി ദർശിക്കുക. ഈ മുറിവുകൾ, ഞാങ്ങണ, തുപ്പൽ, രക്തം, ഇവയെല്ലാം നിൻെറ ആത്മാവിനെ മലിനപ്പെടുത്തിയ കുററങ്ങളുടെ പ്രതീകമാകുന്നു. നമ്മുടെ വിധികർത്താവും ഇപ്പോൾ താഴ്മയിൽ സൗമ്യനായിരിക്കുന്നെങ്കിലും ഒരിക്കൽ മഹിമ പ്രതാപത്തോടുകൂടെ പ്രത്യക്ഷപ്പെടുവാനിരിക്കുന്നവനുമായ യേശുവിനെ കാണുക. ഇപ്പോൾ അവിടുത്തെ വിധിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവരെ അന്നു് അവിടുന്നു വിധിക്കും.

ഇതാ, ആ മനുഷ്യൻ! സ്വർഗ്ഗത്തിലെ പുണ്യവാന്മാരുടെയും ഈ ലോകത്തിലെ തീർത്ഥകരുടെയും ശിരസ്സാകുന്നു ക്രിസ്തു. അവിടുന്നു് ഒററ ശിരസ്സാകുന്നുവെങ്കിലും ഓരോരുത്തക്കും വ്യത്യസ്ഥനിലയിലാണു് തന്നെത്തന്നെ കാണിച്ചു കൊടുക്കുന്നതു്. പുണ്യവാന്മാർ തന്നെപ്പോലെ ആയിത്തീരുന്നതിനു് മഹത്വത്തിൻെറ കിരീടത്തോടുകൂടെ അവക്കു കാണപ്പെടുന്നു. തീർത്ഥാടകർ അവിടുത്തെ ക്ലേശങ്ങളെ അനുകരിക്കുന്നതിനുവേണ്ടി മുൾക്കിരീടധാരിയായി അവക്കു പ്രത്യക്ഷപ്പെടുന്നു. അവിടുന്നു് അവമാനത്തെ ആശ്ലേഷിച്ചു. നാമോ ബഹുമാനവും സ്തുതിയും അന്വേഷിക്കുന്നു. അവിടുന്നു കുരിശും മുള്ളുകളും കൈവരിയ്ക്കുന്നു. നാമോ ശരീരസുഖത്തെ സ്നേഹിക്കുന്നു. അവിടുന്നു കാണിച്ചുതന്ന വഴിയേ നടക്കേണ്ടതിനു പകരം നാം എതിർവഴിയേ പോകുന്നു. എന്തു കഷ്ടം!

## ധ്യാനം 87 നോമ്പിലെ നാലാം വാരം—ചൊവ്വ

### പീലാത്തോസ് കൈ കഴുകി

ബഹളം വദ്ധിക്കുന്നതല്ലാതെ പ്രയോജനമൊന്നുമുണ്ടാകുന്നില്ലെന്നുകണ്ടു് പീലത്തോസ് വെള്ളമെടുത്തു ജനക്കൂട്ടത്തിൻെറ മുമ്പിൽ വച്ചു കൈകൾ കഴുകിക്കൊണ്ടു പറഞ്ഞു. "ഈ നീതിമാൻെറ രക്തത്തിൽ എനിക്കു പങ്കില്ല." അതിൻെറ കാര്യം നിങ്ങൾതന്നെ നോക്കിക്കൊള്ളണം (മത്താ. 27:24). അപ്പോൾ പീലാത്തോസ് ഈശോയെ കുരിശിൽ തറപ്പാനായി ഏല്പിച്ചുകൊടുത്തു. അവർ അവിടുത്തെ പിടിച്ചു പുറത്തേയ്ക്കു കൊണ്ടുപോയി. (യോഹ. 19:16) പുരോഹിത

www.malankaralibrary.com

ന്മാർ തങ്ങളുടെ അധീനതയിൽ കൈവിടപ്പെട്ടവൻ എന്ന നിലയിൽ ഈശോയെ പിടിച്ചു. ശാന്തനായ കുഞ്ഞാട്ടിന് ഒരു എതിർപ്പും കാണിക്കുന്നില്ല. സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേയ്ക്കുതന്നെ ഇറക്കിക്കൊണ്ടുവന്ന അതേ സ്നേഹം, പീഡയനുഭവിപ്പാനും അവിട്ടുത്തെ പ്രേരിപ്പിക്കുന്നു. ഈ കാഴ്ചകളെല്ലാം എത്ര ഹൃദയവേദനയോടെയായിരിക്കണം പരിശുദ്ധ ദൈവമാതാവു കാണുന്നതു്. അവളുടെ മാതൃഹൃദയം വിങ്ങിപ്പൊട്ടുമാറായിരിക്കുന്നു. ഈശോയ്ക്കു് ഒരു സഹായവും ചെയ്യാൻ അവൾക്കു ശക്തിയില്ലതാനും.

അവർ മേലങ്കി അങ്ങിൽനിന്നു മാററി. അവിട്ടത്തെ സ്വന്ത വസ്ത്രം ധരിപ്പിച്ചു. (മത്താ. 27:31) വേദന അതിരൂക്ഷമാണു്. ലജ്ജ അതിലും കഷ്ടതരം. യേശുവിനോടുകൂടെ കഷ്ടമനുഭവിക്കുന്നതിനും കുരിശുവഹിക്കുന്നതിനും എല്ലാ ലൗകിക പക്ഷങ്ങളെയും ഉരിഞ്ഞുകളയേണ്ടതാണെന്നു ഇതുവഴി പരിശുദ്ധറൂഹാ നമ്മെ പഠിപ്പിക്കുന്നു. ലോകപക്ഷത്തെ ഉരിഞ്ഞുമാററി, തൽസ്ഥാനത്തു വരപ്രസാദവസ്ത്രം നാം ധരിക്കണം. എന്നാൽ അവിട്ടത്തെ തലയിൽനിന്നും മുൾക്കിരീടം അവർ നീക്കികളയുന്നില്ല. ഈ ലോകത്തിൽ മുൾമുടി ചൂടിയെങ്കിൽ മാത്രമേ നിത്യതയിൽ മഹത്വകിരീടം ചൂടുവാൻ സാധിക്കൂ എന്നു് ഇതു വ്യക്തമാക്കുന്നു.

അവിട്ടന്നു തൻെറ കുരിശു വഹിച്ചുകൊണ്ടു് ഗോഗുൽത്താ എന്നറിയപ്പെടുന്ന കപാലം എന്ന സ്ഥലത്തേയ്ക്കുപോയി. (യോഹ. 19:17) അവസാനമായി ഈശേ പ്രിത്തോറിയത്തിൻെറ പടികൾ ഇറങ്ങി വരുന്നു. കുറച്ചുകലെവച്ചു് അവിട്ടത്തെമേൽ കുരിശുചുമത്തപ്പെട്ടു. അവിട്ടന്നു ലോകത്തിൻെറ പാപത്തിനുവേണ്ടി ബലിമൃഗമായി കൊല്ലപ്പെടേണ്ടതു് ഈ ബലിപീഠത്തിന്മേലാണു്. നിത്യകാലം മുതലേ, അവിട്ടന്നു് തെരഞ്ഞെടുത്ത സ്നേഹത്തിൻെറ സിംഹാസനവും കരുണയുടെ ഉപകരണവും വിജയത്തിൻെറ സമ്മാനവും ഇതുതന്നെ. അവിട്ടത്തെ അഭിലാഷങ്ങളുടെ പൂർത്തീകരണവും അദ്ധ്വാനങ്ങളുടെ അന്ത്യവുമായി സ്വർഗ്ഗത്തിൽനിന്നു് അവിട്ടത്തെ ആകർഷിച്ചുവരുത്തിയ കാന്തശക്തിയും ഇതുതന്നെയാണു്.

ഓ സ്നേഹബലിയെ, ഈ ബലിപീഠത്തിന്മേൽ അർപ്പിക്കുന്നതിനു് എനിക്കു് യാതൊന്നുമില്ല. എങ്കിലും അതിൻെറ മുമ്പിൽ അപേക്ഷ സമർപ്പിക്കുന്നതിനായി ഇതാ ഞാൻ വരുന്നു. ഈ ഭൂമിയിൽ എൻെറ ആശ്വാസകേന്ദ്രമായി അതിനെ ഞാൻ തെരഞ്ഞെടുത്തിരിക്കുന്നു.

www.malankaralibrary.com

## ധ്യാനം 88 നോമ്പിലെ നാലാംവാരം—ബുധൻ

### യേശു തൻെറ കുരിശു വഹിക്കുന്നു

തൻെറ കുരിശു വഹിച്ചുകൊണ്ട് കാൽവരി എന്നു വിളിക്കപ്പെട്ടുന്ന സ്ഥലത്തേക്ക് അവൻ പോയി (യോഹ. 19:17). യേശു പീഡനത്തിൻെറ മരം ചുമന്നു. അവമാനത്തിൻെറ ഉപകരണമായിരുന്ന അതിനെ അവിടുന്നു രാജകീയ ചെങ്കോലാക്കി മാററി. ഭൂമിയിലെ ചക്രവത്തിമാർ ഒരുകാലത്തു് അതിനെ വന്ദിക്കും. രണ്ടു കള്ളന്മാരുടെ മദ്ധ്യേ ഏററം വലിയ കുററക്കാരൻെറ സ്ഥാനത്തു് യേശു കുരിശു വഹിക്കുന്നു. കള്ളന്മാരുടെ സഹവാസം അവിടുന്നു വെറുക്കുന്നില്ല. സ്നേഹക്കണ്ണുകൊണ്ട് അവിടുന്ന് അവരെ വീക്ഷിക്കുന്നു. പാപികൾ തൻെറ അടുക്കലേക്കു വരണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നതു്.

നല്ല ഇടയനെപ്പോലെ തൻെറ കുരിശോടുകൂടെ തോളുകളിൽ നമ്മെയും അവിടുന്നു വഹിക്കുന്നു. നമ്മുടെ പാപങ്ങൾ വഹിക്കുന്നതുകൊണ്ടു തൃപ്തനാകാതെ, സ്നേഹനിധിയായ അവിടുന്നു നമ്മുടെ അരിഷ്ടതകളെയും വഹിക്കുന്നു. നമ്മെ ആശ്വസിപ്പിക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനുമായി ക്ഷമയുടെയും ശക്തിയുടെയും ഒരു അത്ഭുതംതന്നെ അവിടുന്നു പ്രദശിപ്പിക്കുന്നു. അവിടുത്തോടുകൂടെ ധൈര്യസമേതം നിൻെറ കുരിശു വഹിച്ചുകൊള്ളുക.

നമ്മുടെ നേതാവു നമ്മുടെ മുമ്പേ നടക്കുന്നതായി ചിന്തിക്കുക. അവിടുന്നാകുന്നു നമ്മുടെ ജീവിതമാതൃക. അവിടുത്തെ നാം അനുകരിക്കണം. ചിലർ കുരിശിനെ തള്ളിപറയുന്നു. മററു ചിലർ ഔദാര്യപൂവ്വം അതിനെ വഹിക്കുന്നു. കുരിശിനെ തള്ളിക്കളയുന്നവക്കും അതിൻെറ ഭാരം വഹിക്കേണ്ടതായിട്ടുണ്ട് എന്നു നാം ഓക്കണം. ഈശോയെ കൂടാതെയുള്ള കുരിശു ദുവ്വഹമാണ്. എന്നാൽ ഈശോ കൂടെയുള്ളപ്പോൾ അതു മധുരതരവും സന്തോഷവും ആയി പരിണമിക്കുന്നു.

## ധ്യാനം 89 നോമ്പിലെ നാലാം വാരം—വ്യാഴം

### കുരിശു ചുമക്കുന്നതിനു് ശെമഓൻ യേശുവിനെ സഹായിക്കുന്നു.

അവൻ പോകുന്നവഴി സൈറിൻകാരനായ ശെമഓനെ കണ്ടുമുട്ടുകയും കുരിശു ചുമക്കാൻ അയാളെ നിബ്ബന്ധിക്കുകയും ചെയ്തു. (മത്താ. 27:32) ദണ്ഡകന്മാർ മൃഗീയമായ കോപത്തോടെ യേശുവിനെ കാൽവരിയിലേയ്ക്കു വലിച്ചിഴക്കുന്നു. കുരിശിൻെറ ഭാരം മുറിപ്പെട്ടിരുന്ന അവിടുത്തെ മാംസത്തെ അസ്ഥിയോളം ഞെരുക്കി. തൽഫലമായി കുരിശിൻകീഴെ അവിടുന്നു വീണു. ഉദ്ധതന്മാരായ പടയാളികൾ കോപവെറി പൂണ്ടു് അവിടുത്തെ ദണ്ഡിപ്പിക്കുകയാണ്. യേശു പരാതി

www.malankaralibrary.com

പ്പെട്ടന്നില്ല. അദ്ധ്വാനക്കൂടുതൽകൊണ്ടു് ഞാൻ ക്ഷീണപരവശനായിരിക്കുന്നു. എന്നു നീയും പറയരുതു്.

"വയലിൽനിന്നു വരുന്ന ശെമഓനെ അവർ പിടിച്ചു് കുരിശു് അവന്റെ മേൽ വച്ചു." (ലൂ. 23:26). യഹൂദന്മാർ സഹതാപം കൊണ്ടെന്നതിനേക്കാൾ ക്രൂരതയാൽ പ്രേരിതരായിട്ടാണു് ഈശോയ്ക്കു് കുരിശിന്റെ ഭാരത്തിൽനിന്നു് തെല്ലു് ആശ്വാസം നല്കുന്നതു്. ബോധംകെട്ടു് അവിടുന്നു വഴിയിൽ വീണു് മരിച്ചുപോയേക്കുമോ എന്നു ഭയപ്പെട്ടു് അവിടുത്തെ ദീർഘമായി പീഡിപ്പിക്കണമെന്നുള്ള പൈശാചികമായ ഉദ്ദേശ്യം ഇതിനു് അവരെ പ്രേരിപ്പിക്കുന്നു. യേശു തന്നെ ഞെരുക്കുന്നവരെ നിരസിക്കാതിരുന്ന പ്രകാരം പീഡകളെ ദീർഘിപ്പിക്കുന്നതിനു മാത്രം ഉതകുന്ന ഈ ആശ്വാസത്തെയും സ്വീകരിക്കുന്നു. നിന്റെ ശരീരത്തിനു് ആശ്വാസം നല്കുന്നതു് കൂടുതൽ അദ്ധ്വാനത്തിനു അതിനെ ഒരുക്കുവാനാണോ!

യഹൂദന്മാർക്കു് കുരിശു് ഒരു ശാപവസ്തുവായിരുന്നു. അവർ എപ്പോഴും അതിൽനിന്നു് ഓടിയകന്നിരുന്നു. അതുകൊണ്ടാണു് വഴിമദ്ധ്യേ കണ്ടുമുട്ടിയ ഒരു അന്യനെക്കൊണ്ടു് കുരിശു ചുമപ്പിക്കുന്നതു്. ഈശോയോടുകൂടെ ഭരിക്കണമെങ്കിൽ യേശുവിന്റെ പിന്നാലെ കുരിശു വഹിക്കയും വേണം. നമ്മോടുതന്നെ ബലബന്ധം ചെയ്തെങ്കിലേ കുരിശിനെ സ്നേഹിപ്പാൻ നമുക്കു കഴിവുണ്ടാകൂ.

ഏററം മാധുര്യവാനായ ഈശോയെ എനിക്കു പ്രീതികരമായതിനെയല്ല, പിന്നെയോ അങ്ങേക്കു പ്രീതികരമായവയെ എനിക്കു തരണമേ. എന്റെ ഹൃദയത്തെ അങ്ങയുടെ സ്വന്തമാക്കണമെ. എന്റെ ദുരാശകളെ അമർത്തുവാൻ സഹായിക്കയും ചെയ്യണമെ.

## ധ്യാനം 90 നോമ്പിലെ നാലാം വാരം–വെള്ളി

## ഈശോയെ കാൽവരിയിലേയ്ക്കു നടത്തുന്നു

തന്റെ കുരിശു വഹിച്ചുകൊണ്ടു് കാൽവരി എന്നു വിളിക്കപ്പെടുന്ന സ്ഥലത്തേക്കു് അവൻ പോയി (യോഹ. 19:17). യേശു കാൽവരിയിലേയ്ക്കു പോയവഴി കണ്ടുപിടിക്കുവാൻ പ്രയാസമില്ല. രക്ഷയ്ക്കുള്ള സാക്ഷാത്തായ വഴി അതുതന്നെയാണു്. അവിടുന്നു കടന്നുപോയ എല്ലായിടത്തും ഇന്ദ്രിയഗോചരമായ അടയാളം കാണേണ്ടതിനു് സ്വന്തം രക്തംകൊണ്ടു വഴി വരച്ചുകാണിച്ചിട്ടുണ്ടു്. നിത്യതയിലേയ്ക്കാണല്ലോ നിന്റെ യാത്ര. വഴിത്താരയിൽ നീ ശേഷിപ്പിച്ചിട്ടുള്ള അടയാളങ്ങൾ എന്തെല്ലാമാണു്. ദൈവഭക്തി, പരസ്നേഹം, അനുസരണം, ഇന്ദ്രിയനിഗ്രഹം, എളിമ എന്നിവയുടെ അടയാളങ്ങളാണോ? അതോ നാശത്തിലേക്കു നയിക്കുന്ന ലോകായിതത്തിന്റെ അടയാളങ്ങളാണോ?

www.malankaralibrary.com

ഒരു വലിയ പുരുഷാരവും അവിടുത്തെക്കുറിച്ചു് വിലപിക്കുകയും പൊട്ടിക്കരയുകയും ചെയ്യുന്ന വളരെയധികം സ്ത്രീകളും അവിടുത്തെ അനുഗമിച്ചിരുന്നു. (ലൂ. 23:27) അനേകർ തന്നെ അനുഗമിച്ചിരുന്നെങ്കിലും ചുരുക്കം പേർ മാത്രമേ തന്നോടു സഹതാപം കാണിച്ചുള്ളു. വെറോനിക്കാ അവിടുത്തെ മുഖം തുടയ്ക്കുന്നതിനായി ഒരു തുവാല സമ്മാനിച്ചു. പ്രതിസമ്മാനമായി ആ തുവാലയിൽ അവിടുത്തെ മുഖഛായ പതിച്ചപ്പോൾ, കൂടുതൽ ആഴമായി അതു നമ്മുടെ ഹൃദയത്തിൽ പതിക്കുമായിരുന്നു.

മററു സ്ത്രീകളുടെ ഭക്തിക്കു പ്രതിസമ്മാനമായി അവിടുന്നു് അവരുടെ നേരെ തിരിഞ്ഞു പറയുന്നു. "യരുശലേം പുത്രിമാരെ നിങ്ങൾ എന്നെപ്രതി കരയേണ്ടാ. നിങ്ങളെയും നിങ്ങളുടെ മക്കളേയും പ്രതി കരയുവീൻ. അവിടുത്തെ പീഡകൾക്കു കാരണമായ അവരുടെ പാപങ്ങളേയും അവക്കു വരുവാനിരിക്കുന്ന നിത്യശിക്ഷയേയും പററി കരയുവീൻ." എന്നാണു് അവിടുന്നു് ഉപദേശിക്കുന്നതു്. നമുക്കുവേണ്ടി വിലപിക്കേണ്ട പല അവസരങ്ങളിലും നാം മററുള്ളവരെപ്പററി വിലപിക്കാറുണ്ടു്. ശാരീരികാനത്ഥങ്ങളെപ്പററി കരയുന്നുണ്ടു്. എന്നാൽ ആത്മാവിൻെറ അനത്ഥങ്ങളെപ്പററി ചിന്തിക്കുന്നതേ ഇല്ല. എത്ര വലിയ മൗഢ്യം!

## ധ്യാനം 91 നോമ്പിലെ നാലാം വാരം—വെള്ളി

## യേശു കാൽവരിയിലെത്തി

അവസാനം കപാലസ്ഥലമെന്നു വാച്യാത്ഥമുള്ള ഗോഗുൽത്തായിൽ അവരെത്തിച്ചേർന്നു (മത്താ. 27:33). ദൈവപുത്രൻ അന്ധകാരശക്തികളുടെ മേൽ വിജയംകൊള്ളുന്നതും മനുഷ്യരെ സ്വതന്ത്രരാക്കുന്നതുമായ സ്ഥലം കണ്ടാലും! ലോകത്തിൻെറ കേന്ദ്രസ്ഥാനം അതാണു്. യൂദയായിലെ ഏററം ഉയന്നസ്ഥലം. എല്ലാവരുടേയും ദൃഷ്ടിയിൽപെടുന്ന പരസ്യദൃഷ്ടേരുള്ള സ്ഥാനം. അവിടെ എളിമയുടെ മാഹാത്മ്യവും അതിനോടുള്ള സ്നേഹവും അവിടുന്നു നമ്മെ പഠിപ്പിക്കും. യേശുവിൻെറ അഭിരുചി ലോകാഭിരുചിക്കു് എത്രയോ കടകവിരുദ്ധം.

അവർ അവിടുത്തേക്കു് കൈപ്പു കലത്തിയ വീഞ്ഞു കുടിയ്ക്കുവാൻ കൊടുത്തു. രുചിച്ചുനോക്കിയെങ്കിലും അവിടുന്നു് അതു കുടിച്ചില്ല. (മത്താ. 27:34) യേശു നമുക്കുവേണ്ടി സ്വർഗ്ഗീയവിരുന്നു് ഒരുക്കുമ്പോൾ, പാപികൾ കൈയ്പുകലത്തിയ വീഞ്ഞു് അവിടുത്തേക്കു കൊടുക്കുന്നു. തൻെറ ഇന്ദ്രിയങ്ങളിലൊന്നും പീഡയിൽനിന്നു സ്വതന്ത്രമാകാതിരിപ്പാൻവേണ്ടി, ആ കൈയ്പുകാടി രുചിച്ചുനോക്കുവാൻ അവിടുന്നു തിരുമനസ്സായി. ആദാമ്യമക്കളുടെ ഭക്ഷണപ്രിയത്തിനും വിഷയാസക്തിക്കും പരിഹാരമുണ്ടാക്കുവായിട്ടാണു് ഈ നിഗ്രഹം അവിടുന്നു് അനുഷ്ഠിക്കുന്നതു്.

www.malankaralibrary.com

നാലാം പ്രാവശ്യവും യേശുവിൻെറ വസ്ത്രം ഉരിയുന്നു. ഓരോ പ്രാവശ്യവും രക്തംമൂലം ശരീരത്തോട് ഒട്ടിച്ചേർന്നിരുന്ന വസ്ത്രം ഉരിഞ്ഞെടുത്തപ്പോൾ അവിടുന്ന് കഠിനവേദന സഹിക്കാൻ ഇടയായി. കാഴ്ചകാണാൻ ഓടി എത്തിയ ജനതതിയുടെ മുമ്പിൽവച്ച് ഈ പ്രക്രിയ നടന്നതിനാൽ അവിടുന്നു സഹിക്കുന്ന ലജ്ജ എത്ര ദുസ്സഹമായിരിക്കണം. പാപംമൂലം നാം നഷ്ടപ്പെടുത്തിയ വരപ്രസാദവസ്ത്രം നമുക്കു തിരികെ തരുന്നതിനും, പീഡയനുഭവിക്കുന്ന അവിടുത്തെ ഭൗതീക ശരീരത്തിലെ അവയവങ്ങൾക്കു സേവനം ചെയ്യുന്നതിനുമാണ് ഈ ലജ്ജ അവിടുന്നു സഹിക്കുന്നത്.

## ധ്യാനം 92 പീഡാനുഭവ ഞായർ

## ഈശോയെ കുരിശിൽ തറയ്ക്കുന്നു

കാൽവരി എന്നു വിളിക്കപ്പെടുന്ന സ്ഥലത്തു വന്നപ്പോൾ അവർ അവിടുത്തെ കുരിശിൽ തറച്ചു. (ലൂ. 23:33). അവിടുത്തെ വസ്ത്രം ഉരിഞ്ഞുകഴിഞ്ഞപ്പോൾ ദണ്ഡകന്മാരുടെ ആജ്ഞാനുസരണം അവിടുന്നു കുരിശിന്മേൽ കിടന്ന് കൈകളും കാലുകളും നീട്ടിക്കൊടുത്തു. ഘാതകന്മാർ അവിടുത്തെ കൈകളും പാദങ്ങളും യഥാസ്ഥാനങ്ങളിൽ പിടിച്ചുവച്ച് കുരിശിനോടു ചേർത്ത് ആണിതറച്ചു. ആ തിരുമുറിവുകളിൽനിന്ന് സകല തിന്മകൾക്കും സിദ്ധൗഷധമായ സ്വർഗ്ഗീയ തൈലം ബഹിർഗമിക്കുന്നതു കണ്ടാലും.

അവർ അവനെ അവിടെ ക്രൂശിച്ചു. ദണ്ഡകന്മാർ കയറുപയോഗിച്ച് തിരുശരീരത്തോടുകൂടി ക്രൂശിനെ ഉയർത്തി അതിനായി തയ്യാറാക്കിയിരുന്ന കുഴിയിൽ ഇട്ടു ഉറപ്പിച്ചു. യേശുവിൻെറ ആരാധ്യമായ ശരീരം മൂന്നാണികളിൽ തൂങ്ങിക്കിടക്കുന്നു. ഓരോ അവയവത്തിലും യേശു അനുഭവിക്കുന്ന വേദന എത്ര അസഹനീയം! ഈ കാഴ്ച പരിശുദ്ധ മാതാവിൻെറ സ്നേഹഹൃദയത്തെ എത്രമാത്രം വേദനിക്കുന്നുണ്ടാവും? ഓ വ്യാകുലമാതാവേ, അങ്ങയുടെ പുത്രൻെറ വ്യാകുലതകളിൽ അങ്ങയോടുകൂടി പങ്കുചേരുന്നതിനുള്ള അനുഗ്രഹം എനിക്കും സമ്പാദിച്ചു തരണമേ.

അവർ അവിടുത്തെ വസ്ത്രങ്ങൾ ഭാഗിച്ചുകൊടുത്തു. (മർക്കോ. 15:24) പടയാളികൾ അവിടുത്തെ വസ്ത്രങ്ങൾ എടുത്ത് ഓരോരുത്തനു് ഓരോ ഭാഗം കിട്ടത്തക്കവണ്ണം നാലായി ഭാഗിച്ചു. അവിടുത്തെ ഉള്ളങ്കി തുന്നൽ കൂടാതെ നെയ്യതായിരുന്നതുകൊണ്ട് അവർ അതു് ഭാഗിച്ചില്ല. എൻെറ വസ്ത്രങ്ങൾ അവർ ഭാഗിച്ചു. എൻെറ അങ്കിക്കായി അവർ ചീട്ടിട്ടു എന്ന വേദവാക്യം അങ്ങനെ നിവൃത്തിയായി.

ഓ യേശുവേ, വി. ദാരിദ്ര്യത്തോടുള്ള അവിടുത്തെ സ്നേഹം എത്ര ഉജ്വലത്തു്? അവിടുത്തേക്കു് ഒരു ഉള്ളങ്കിയേ ഉണ്ടായിരുന്നുള്ളല്ലോ. മരണത്തിനുമുമ്പ് അതും അങ്ങിൽനിന്നും നീക്കപ്പെടുന്നതിനു് അവിടുന്നു് തിരുമനസ്സായല്ലോ!

www.malankaralibrary.com

## ധ്യാനം 93 പീഡാനുഭവയാഴ്ചയിലെ തിങ്കളാഴ്ച

## ക്രൂശിലെ മേലെഴുത്ത്

പീലാത്തോസ് ഒരു മേലെഴുത്ത് എഴുതി കുരിശിന്മേൽ പതിച്ചു. "നസ്രേത്തിലെ യേശു, യൂദന്മാരുടെ രാജാവ്" എന്നായിരുന്നു ആ മേലെഴുത്ത്. (യോഹ. 19:19). ഈ മേലെഴുത്ത് എഴുതിയതു പീലാത്തോസ് ആയിരുന്നെങ്കിലും, അതു പറഞ്ഞുകൊടുത്തതു ദൈവം തന്നെയായിരുന്നു. ഇതിൽ ന്യായാധിപന്റെ ഉദ്ദേശ്യം എന്തുതന്നെയായിരുന്നാലും, ദൈവപരിപാലനയാൽ ഇതു ക്രൂശിതന്റെ മഹിമയെയും, ക്രൂശിച്ചവരുടെ കുററത്തിന്റെ ഭയങ്കരതയെയും വിളിച്ചറിയിക്കുന്നതായിരുന്നു. മരുഭൂമിയിൽവച്ച് ജനക്കൂട്ടം അവിടുത്തെ രാജാവാക്കുവാൻ ശ്രമിച്ചപ്പോൾ ആ ബഹുമതി ഉപേക്ഷിച്ച യേശു, അവമാനമദ്ധ്യേ നല്കപ്പെട്ട ഈ മേലെഴുത്ത് ശാന്തമായി സ്വീകരിക്കുന്നു. യേശുവിനെ നിന്റെ രാജാവാക്കുവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, നീയും നിന്ദാപമാനങ്ങളേയും ക്ലേശങ്ങളേയും സ്നേഹിക്കണം.

ഈ മേലെഴുത്തു യൂദന്മാരിൽ പലരും വായിച്ചു. (യോഹ. 19:20) ഇത് യേശുവിന്റെ മഹിമയെ അപമാനത്തിനു മീതെ ഉയർത്തുന്നു. ഇതുപോലെ ഇത്രയധികം പേർ വായിച്ചതും ഇത്ര ചുരുക്കം പേർ മാത്രം മനസ്സിലാക്കിയതുമായ മററൊരു മേലെഴുത്തില്ല. നിന്റെ രാജാവിന്റെ കൊടിക്കീഴിൽ നീയും നിരക്കുക. അവിടുത്തെ നിയമങ്ങൾ നിന്റെ ആത്മാവിൽ കൊത്തിവയ്ക്കുക. ജീവിതത്തിലും മരണത്തിലും അവിടുന്നു നിന്നെ സംരക്ഷിക്കും.

ഈ മേലെഴുത്തിനെപ്പററി പരാതിപ്പെട്ട യൂദപ്രമാണികളോട് പീലാത്തോസ് മറുപടിയായി പറഞ്ഞു. "ഞാൻ എഴുതിയത് എഴുതി." (യോഹ. 19:22). ദൈവപരിപാലന പീലാത്തോസിന്റെ ഈ നിർബ്ബന്ധബുദ്ധിയെ ഈശോയുടെ മഹത്വത്തിനും, നമ്മുടെ ഉപദേശത്തിനുമായി പ്രയോജനപ്പെടുത്തുന്നു. നാം ദൈവത്തോടു ചെയ്യുന്ന വാഗ്ദത്തം വിശ്വസ്തതയോടെ പാലിക്കണമെന്നും അവസാനംവരെ പുണ്യപൂർണ്ണതയുടെ പന്ഥാവിൽ നിലനില്ക്കണമെന്നും ഇതു നമ്മെ പഠിപ്പിക്കുന്നു.

## ധ്യാനം 94 പീഡാനുഭവയാഴ്ചയിലെ ചൊവ്വാഴ്ച

## ഈശോ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു

"പിതാവേ, അവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ അവരോട് ക്ഷമിക്കണമേ." (ലൂ. 23:34) ഇതാണ് മരണപീഡയനുഭവിക്കുന്ന ദൈവപുത്രന്റെ പ്രാർത്ഥന. ക്രൂശിന്മേൽ ഉയർത്തപ്പെട്ടശേഷം അവിടുത്തെ മാതാവിനെയോ, സ്നേഹിതന്മാരെയോ, തന്നെത്തന്നെയോ കുറിച്ച് ചിന്തിക്കുന്നതിനു മുമ്പായി, അവിടുത്തെ ശ

www.malankaralibrary.com

ത്രുക്കളുടെ രക്ഷയെപ്പററിയാണ് അവിടുന്നു ചിന്തിക്കുന്നത്. ഏററം തീവ്രമായ ഔത്സുക്യത്തോടെ അവിടുന്നു അവർക്കുവേണ്ടി പിതാവിനോട് വാദിക്കുന്നു. "പിതാവേ, അവർ ചെയ്യുന്നതു് ഇന്നതെന്നറിയായ്കയാൽ ......അവരോട് ക്ഷമിക്കണമേ."

യേശുവിൻെറ സ്നേഹാർദ്രമായ ഈ വാക്കുകളിൽ എത്ര വലിയ സമാശ്വാസമാണ്, ഒരു ബലഹീനാത്മാവിനു അനുഭവപ്പെടുന്നതു്. ദൈവത്തിൻെറ ശക്തിയും കരുണയും ഈ പ്രാത്ഥനയിൽ അത്ഭുതകരമായി സമ്മേളിച്ചിരിക്കുന്നു. യേശുവിൻെറ കണ്ണുകളും നാവും മാത്രമേ സ്വതന്ത്രമായിരിക്കുന്നുള്ളുവെങ്കിലും അവ രണ്ടും ക്രൂശകർക്കുവേണ്ടി അവിടുന്ന് ഉപയോഗിക്കുന്നു. ശത്രുക്കൾക്കുവേണ്ടി പോലും ഇത്രമാത്രം മാദ്ധ്യസ്ഥം പറയുന്ന ഒരു ദൈവം നമുക്കുള്ളപ്പോൾ നാം എന്തിനു് അധൈര്യപ്പെടണം? ദൈവം നമ്മോടു ക്ഷമിക്കുന്നപക്ഷം ആരു നമ്മെ കുററപ്പെടുത്തും?

മററുള്ളവരിൽനിന്നുള്ള എന്തെങ്കിലും ഉപദ്രവം ക്ഷമിപ്പാൻ നിനക്ക് പ്രയാസം തോന്നുന്നെങ്കിൽ, ഈ പ്രാത്ഥിക്കുന്നതു് ആരാണെന്നു് ഒരു നിമിഷനേരത്തേക്കു ഒന്നു ചിന്തിച്ചുനോക്കുക. നിനക്കു ലഭിച്ച ഉപദ്രവം അതികഠിനമെന്നു നീ വിചാരിക്കുന്നു. അവിടുത്തേക്കു ലഭിച്ചതോ? മരണവക്ത്രത്തിൽ സ്ഥിതിചെയ്യുന്ന ദൈവത്തിൻെറ വാക്കുകളാന്നു് ഇവയെന്നു സ്മരിക്കുക. നിൻെറ ചിത്തവൃത്തിയും വചനങ്ങളും അവിടുത്തേവയോടു സാധർമ്മ്യം വഹിക്കുന്നവയാണോ? കർത്താവേ അവിടുത്തെ പ്രാത്ഥനയിൽ പങ്കുചേരുവാൻ എന്നെയും അനുഗ്രഹിക്കണമേ.

## ധ്യാനം 95 പീഡാനുഭവയാഴ്ചയിലെ ബുധനാഴ്ച

### യേശു കള്ളനെ മാനസാന്തരപ്പെടുത്തുന്നു

യഹൂദന്മാർ യേശുവിനെ ക്രൂശിൽ തറയ്ക്കുകയും, പ്രീശർ അവിടുത്തെ ദൂഷിക്കയും അപ്പോസ്തലന്മാർ സംശയാലുക്കളായി നില്ക്കയും ചെയ്യുന്ന സമയത്തു് തന്നോടുകൂടെ ക്രൂശിക്കപ്പെട്ട കള്ളൻ അങ്ങിൽ വിശ്വസിക്കുന്നു. ക്രൂശിതനായ ഈശോയുടെ കാഴ്ച, അവൻെറ ഹൃദയത്തിൽ തീവ്രമായ സ്നേഹവും, അഗാധമായ എളിമയും, വീരോചിതമായ ക്ഷമയും, യഥാത്ഥമായ മനസ്താപവും ഉജ്ജ്വലിപ്പിക്കുന്നു. ഈ അനുതാപിയുടെ വിശുദ്ധിയിൽനിന്നു് നാം എത്രയോ വിദൂരസ്ഥർ!

നല്ല കള്ളൻെറ നേരെയുള്ള യേശുവിൻെറ ഔദാര്യം എത്ര ശ്രേഷ്ഠമെന്നു ചിന്തിക്കുക. ഒരു സ്മരണ മാത്രം അവൻ ആവശ്യപ്പെട്ടുന്നു. അവിടുന്നാകട്ടെ സ്വർഗ്ഗരാജ്യംതന്നെ അവനു നല്കുന്നു. "സത്യമായി ഞാൻ നിന്നോടു പറയുന്നു. നീ ഇന്നു് എന്നോടുകൂടെ പറുദീസായിലിരിക്കും." (ലൂ. 23:43) ശത്രുക്കൾ തൻെറ മേൽ ദൂഷണങ്ങൾ

www.malankaralibrary.com

കുന്നിച്ചപ്പോൾ അവിട്ടന്നു് മൗനം പാലിച്ചു. സങ്കടശബ്ദം കേട്ടപ്പോൾ അവിട്ടന്നു് ഉത്തരമരുളി. ക്രിസ്തുവിൻെറ വേദനയനുഭവിക്കുന്ന അവയവങ്ങൾ നിൻെറ കരുതൽ ആവശ്യപ്പെട്ടപ്പോൾ നീ സ്വയം മറന്നു പ്രവർത്തിക്കുന്നുണ്ടോ?

ദൈവീകനിശ്വാസങ്ങളെ ഉടനടി പ്രയോജനപ്പെടുത്തുക എത്ര പ്രാധാന്യമർഹിക്കുന്നതാണെന്നു നല്ലകള്ളൻ നമ്മെ പഠിപ്പിക്കുന്നു. ആ അവസരം അവൻ നഷ്ടപ്പെടുത്തിയിരുന്നെങ്കിൽ പിന്നീടൊരിക്കലും അതവനു ലഭിക്കുകയില്ലായിരുന്നു. രണ്ടു കള്ളന്മാരിൽ ഒരുവൻ മാത്രം രക്ഷപെട്ടു എന്നു കാണുമ്പോൾ ആർക്കാണു് ഭയമുണ്ടാകാത്തതു്? ഇരുവർക്കും ഒരേ രക്ഷകനാണുള്ളതു്. ഇരുവർക്കും വേണ്ടി ചിന്തപ്പെട്ടതും ഒരേ രക്തംതന്നെ. ഇരുവരുടേയും മുമ്പിൽ ക്ഷമയുടെ ഒരേ മാതൃകയാണുള്ളതും. എന്നിട്ടും ഒരുവൻ രക്ഷപെടുന്നിടത്തു് അപരൻ നശിച്ചുപോകുന്നു.

ആരാധ്യനായ ദിവ്യരക്ഷകാ, അവിട്ടന്നെപ്പോഴും ഔദാര്യവാനാണല്ലോ. എന്തുകൊണ്ടാണു് ഇത്ര ചുരുക്കം പേർമാത്രം അങ്ങയെ അന്വേഷിക്കുന്നതു്? അങ്ങയുടെ നിക്ഷേപങ്ങളിലേക്കു കടന്നുവരുവാനും അങ്ങയുടെ പുണ്യയോഗ്യതകളാൽ സമ്പന്നനാക്കപ്പെട്ടവാനും ഞാനാഗ്രഹിക്കുന്നു. എന്നെ അനുഗ്രഹിക്കണമേ.

## ധ്യാനം 96 പീഡാനുഭവയാഴ്ചയിലെ വ്യാഴാഴ്ച

## ഈശോ ക്രൂശിൽ കിടന്നു പ്രാർത്ഥിക്കുന്നു

"ആറാംമണിമുതൽ ഒൻപതാം മണിവരെ ഭൂമിയിലെങ്ങും അന്ധകാരമുണ്ടായി." (മർക്കോ. 15:33) മരണം രക്ഷിതാവിൻെറ കണ്ണുകളെ അടയ്ക്കാറായപ്പോൾ ഭൂമി അതിൻെറ പ്രാരംഭത്തിലെ അവസ്ഥിതിയിലേക്കു പിന്തിരിയുന്നതിൽ അതിശയിപ്പാനില്ല. സൂര്യപ്രകാശം അവിട്ടത്തെ സൗജന്യദാനമാണു്. സ്രഷ്ടാവായ നീതിസൂര്യൻെറ അസ്തമനത്തിങ്കൽ സൃഷ്ടിയായ സൂര്യൻ ഇരുണ്ടുപോകേണ്ടതുതന്നേ. മനുഷ്യൻെറ അവിശ്വസ്തതയാകുന്ന ധാർമ്മികാന്ധത പ്രകൃതിയുടെ മുഖത്തെ ആവരണം ചെയ്യുന്ന അന്ധകാരത്തേക്കാൾ എത്രയോ നിബിഡതരം?

ഭയാനകമായ അന്ധകാരം കാൽവരിമലയെ മൂടി. അതുകൊണ്ടു് യഹൂദന്മാർ ഭയവിഹ്വലരായി ഓടിപ്പോയി. അങ്ങനെ ദൈവപുത്രൻെറ വിശുദ്ധബലിയ്ക്കു് അനുയോജ്യമായ ഒരു ശാന്തത അവിടെ സംജാതമായി. ഓരോ പീഡാനുഭവവും ദൈവം ആവശ്യപ്പെടുന്ന ബലിയാകുന്നു. അവിട്ടത്തെ മഹിമ പ്രതാപത്തിനു ചേർന്നവണ്ണം അതിനെ അർപ്പിക്കുവാൻ നീയും ദൈവബോധം പാലിക്കയും എല്ലാ പിറുപിറുപ്പുകളെയും ഉപേക്ഷിക്കയും വേണം. നിൻെറ ഹൃദയം മാത്രം അവിട്ടത്തോടു ചേർന്നിരിക്കട്ടെ. നിനക്കു് എന്തെല്ലാം സഹിക്കേണ്ടിവന്നാലും അവയെയെല്ലാം സൃഷ്ടികളിൽനിന്നു മറയ്ക്കുവാൻ പരിശ്രമിക്കുക.

www.malankaralibrary.com

മൂന്നു മണിക്കൂർ സമയത്തെ മൗനത്തിന്റെയും പ്രാർത്ഥനയുടെയും നേരത്തു് യേശുവിന്റെ തിരുഹൃദയത്തിൽക്കൂടെ കടന്നുപോയതു് എന്തെല്ലാമെന്നു ചിന്തിക്കുക. പ. മാതാവു് ഈ സമയമത്രയും കുരിശിൻ ചുവട്ടിൽ നിന്നുകൊണ്ടു് നിരന്തരം പ്രാർത്ഥിക്കുകയായിരുന്നു. അത്യുല്കടമായ മനോവേദനയോടും കണ്ണുനീരോടുംകൂടെ തന്റെ വത്സലസുതന്റെ രക്തം ചിന്തിയുള്ള ബലിയെ അവൾ നിത്യപിതാവിനു സമർപ്പിച്ചു.

എന്റെ പരിശുദ്ധ മാലാഖാ, അന്ത്യസമയത്തു് എന്റെ ഹൃദയം അനുഭവിക്കാനിടയുള്ള മരണവേദനയെയും ദാരുണമായ ഭയത്തെയും അല്പമൊന്നു ശമിപ്പിക്കുന്നതിനു് ദിവ്യരക്ഷകൻ കുരിശിൽ ചിന്തിയ കണ്ണുനീർകണങ്ങളിലൊന്നു് എനിക്കു പ്രാപിച്ചു തരണമേ. കുരിശിൽകിടന്ന ദിവ്യസുതന്റെ മേൽ പരിശുദ്ധ മാതാവു പതിപ്പിച്ച സഹതാപ കടാക്ഷങ്ങളിലൊന്നു് എന്റെ മേൽ പതിപ്പിക്കുവാൻ പ. മാതാവിനോടും അപേക്ഷിക്കണമേ. ഓ, വിലമതിയാത്ത കണ്ണുനീർകണങ്ങളേ! പരമമായ സ്നേഹവും സങ്കടവും സമ്മേളിച്ചിരുന്ന കടാക്ഷമേ!

## ധ്യാനം 97 പീഡാനുഭവയാഴ്ചയിലെ വെള്ളിയാഴ്ച

### കുരിശിൻചുവട്ടിലെ വാഴ്ത്തപ്പെട്ട കന്യക

കാൽവരിയിലേക്കു് യേശുവിനെ അട്ടത്തനുഗമിക്കുന്നതാണു് സ്നേഹത്തിന്റെ സുനിശ്ചിത തെളിവു്. പ. മാതാവു് ക്രൂശിതനായ തന്റെ പുത്രനോടേററം അടുത്തുനില്ക്കുന്നു. സ്നേഹതീക്ഷ്ണതയാൽ അവളും അരൂപിയിൽ ക്രൂശോടു ചേർത്തു ബന്ധിക്കപ്പെട്ടിരിക്കയാണു്. മറിയം ഒരു രക്തസാക്ഷിണി മാത്രമായിരുന്നില്ല; രക്തസാക്ഷികളുടെ രാജ്ഞിയുമാകുന്നു. രക്തസാക്ഷികളുടെ ശിരസ്സും നായകനുമായ തന്റെ ദിവ്യസുതനോടുകൂടെ, അവൾ സ്വജീവനെയും ബലിയർപ്പിച്ചു. ഫലത്തിൽ ഈശോ സഹിച്ചതെല്ലാം ആഗ്രഹത്തിൽ അനുഭവിച്ചുകൊണ്ടു്, ഏററം വിശ്വസ്തയായ സഹകാരിയായി അവൾ വർത്തിച്ചിരുന്നു.

വലിയ ക്ലേശങ്ങളിലത്രേ, ഏററം വീരോചിതമായ പുണ്യങ്ങൾ അഭ്യസിക്കപ്പെടുന്നതു്. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി സ്വപുത്രന്റെ പീഡാനുഭവങ്ങളിലും മരണത്തിലും സഹകരിച്ചുകൊണ്ടു്, വി. കന്യക കുരിശിൻചുവട്ടിൽ ഏററം തീക്ഷ്ണമായ സ്നേഹം അഭ്യസിച്ചു. നിത്യപിതാവു് സ്വപുത്രനോടിത്ര ക്രൂരമായി പെരുമാറുന്നതിനെപ്പററി പരാതിപ്പെടുന്നതിനോ, സ്വന്തവേദനയെ പ്രകടിപ്പിക്കുന്നതിനോ, ഒററ വാക്കുപോലും പറയാതെ അജയ്യമായ ക്ഷമയോടെ അവൾ ക്രൂശിൻചുവട്ടിൽ നിന്നു. ഈ സഹനകണ്ണാടിയിൽ നോക്കിക്കൊണ്ടു് നിന്റെ ബലഹീനതയെയും കുറവുകളെയും ഏററുപറയുക.

www.malankaralibrary.com

പീഡാനുഭവങ്ങളുടെ മദ്ധ്യേ, രക്ഷകനും ദൈവത്തിനും മനുഷ്യനുമിടയിൽ, മദ്ധ്യസ്ഥനുമെന്ന തന്റെ ജോലിയെ യേശു മുടക്കംകൂടാതെ നിർവ്വഹിക്കുന്നു. "സ്ത്രീയേ, ഇതാ നിന്റെ മകൻ" എന്നുപറഞ്ഞുകൊണ്ട് വി. യോഹന്നാന്റെ പ്രാതിനിധ്യത്തിൽ നമ്മെ സ്വമാതാവിനും "ഇതാ, നിന്റെ അമ്മ" എന്നു പറഞ്ഞുകൊണ്ട്, സ്വമാതാവിനെ നമുക്കും അവിടുന്നു നല്കുന്നു. (യോഹ. 19:26, 27) ഈ വചനങ്ങൾ അവിടുത്തെ തിരുവിഷ്ടത്തിന്റെ വെറും സൂചന മാത്രമല്ല; പിന്നയോ, വാഴ്ത്തപ്പെട്ട കന്യകയുടെ ഹൃദയത്തിൽ, മാതൃസഹജമായ വാത്സല്യവും ശിഷ്യന്റെ ഹൃദയത്തിൽ, പുത്രസഹജമായ ബഹുമാനവും ശരണവും ഉളവാക്കിക്കൊണ്ട്, സൂചനയെ പ്രവൃത്തിരൂപത്തിൽ വരുത്തുകയുമാണ് ചെയ്യുന്നതു്. സ്വർഗ്ഗത്തിന്റെ സർവ്വശക്തയായ മാതാവിനു് ഒരു പൈതലായി യേശു നിന്നെ ഏല്പിച്ചുകൊടുത്തതിൽ സന്തോഷിക്കുക.

## ധ്യാനം 98 പീഡാനുഭവയാഴ്ചയിലെ ശനിയാഴ്ച

## ഈശോ "എനിക്കു ദാഹിക്കുന്നു" എന്നു പരാതിപ്പെടുന്നു

"എനിക്കു ദാഹിക്കുന്നു". (യോഹ .19:28). യേശു ക്രൂശിൽ അനുഭവിച്ച അതിദാരുണമായ ദാഹം അവിടുത്തെ ഭയങ്കര പീഡനങ്ങളിൽ ഒന്നായിരുന്നു. തലേസന്ധ്യ മുതൽ ഇടതടവില്ലാതെ അനുഭവിക്കേണ്ടിവന്ന അദ്ധ്വാനത്തിന്റെയും പീഡകളുടെയും ഫലമായി എരിയുന്ന ദാഹം അവിടുത്തെ ബാധിക്കുന്നു. രക്തനഷ്ടം നാവിനെയും അധരങ്ങളെയും തൊണ്ടയെയും വരട്ടിയിരിക്കുന്നു. നിന്റെ ഐന്ദ്രീകസന്തോഷാസക്തിക്കു പരിഹാരമായി, ഈ പീഡയനുഭവിക്കുന്ന ദൈവപുത്രന്റെ സ്നേഹത്തെപ്പററി ചിന്തിക്കുക. ദരിദ്രരുടെ ഞെരുക്കങ്ങളിൽ അവരെ ആശ്വസിപ്പിക്കുന്നതിനും, നിത്യതയിലെ ദാഹത്തിൽനിന്നു് നിന്നെ രക്ഷിക്കുന്നതിനുംവേണ്ടി അവിടുന്നു് ഈ ദാഹം സഹിക്കുന്നു. നിന്റെ സദ്യവട്ടങ്ങളുടെ മദ്ധ്യേ ഒന്നാമതായി നീ ചിന്തിക്കണം; യജമാനൻ ക്ലേശിക്കയും ദാസൻ സന്തോഷിച്ചുകൂത്താടുകയും ചെയ്യുന്നതു് ന്യായമോ എന്നു്.

സകലവും നിവൃത്തിയായിരിക്കുന്നു എന്നറിഞ്ഞ യേശു, വി. ലിഖിതത്തിന്റെ പൂർത്തീകരണത്തിനായി "എനിക്കു ദാഹിക്കുന്നു" എന്നരുൾച്ചെയ്തു. (യോഹ. 19:28) ദാഹശമനത്തിനുവേണ്ടി ആയിരുന്നില്ല അവിടുന്നിങ്ങനെ അരുൾചെയ്തതു്. പിന്നെയോ, ദാഹശമനാർത്ഥം അവർ അവനു കൈയ്പുകാടി നല്കി എന്നുള്ള ദീർഘദർശനം നിവൃത്തിയാകുവാൻവേണ്ടിയായിരുന്നു. "ദാഹിക്കുന്നു" എന്നുമാത്രം അവിടുന്നു് പറയുന്നു. എന്തെങ്കിലും കുടിപ്പാൻ തരണമെന്നവിടുന്നാവശ്യപ്പെടുന്നില്ല. നമ്മുടെ വേദനകളെ ക്ഷമയോടെ സഹിക്കണമെന്നും, ദൈവതിരുമനസിനു പൂർണ്ണമായി കീഴ്പ്പെടണമെന്നും നമ്മെ പഠിപ്പിക്കുന്നതിനാ

www.malankaralibrary.com

ണവിടുന്നിങ്ങനെ ചെയ്തതു്. പീഡനങ്ങളുടെ തുടക്കത്തിൽ "ഈ കാസാ ഒഴിഞ്ഞുപോകണമേ" എന്നവിടുന്നു പ്രാർത്ഥിച്ചു. അവസാനത്തിൽ "എനിക്കു ദാഹിക്കുന്നു" എന്നും അരുൾചെയ്തു. കഷ്ടതകളെ ഭയപ്പെടുന്നതും അവ മാറിക്കിട്ടണമെന്നു് പ്രാർത്ഥിക്കുന്നതും തെററല്ല; എന്നാൽ ദൈവതിരുമനസാണെങ്കിൽ അവയെ ഔദാര്യപൂർവ്വം ആശ്ലേഷിക്കയും കൂടുതൽ കിട്ടണമെന്നാഗ്രഹിക്കുകയും വേണം.

ദൈവപുത്രൻെറ ഈ ദാഹം ഒരിക്കലും ശമിക്കുകയില്ല. അവിടുത്തെ ഹൃദയം നിൻെറ ഹൃദയത്തിനായി ദാഹിച്ചുകൊണ്ടേയിരിക്കും. യൂദന്മാരുടെ ക്രൂരതയെപ്പററി നീ വിസ്മയിക്കുന്നു. എന്നാൽ ദരിദ്രരിൽ അവിടുന്നു് അനുഭവിക്കുന്ന ദാഹത്തെ ശമിപ്പിക്കാൻ നീ എന്തു ചെയ്യുന്നു? ആത്മാക്കളെപററിയുള്ള നിൻെറ ശുഷ്കാന്തിരാഹിത്യം വിനാഗിരിയെയും കൈപ്പുചാടിയെയുംകാൾ അവിടുത്തേയ്ക്കസഹ്യമാകുന്നു. അവിടുന്നു് ആവശ്യപ്പെടുന്ന പുണ്യങ്ങൾക്കുപകരം അപൂർണ്ണതകൾ മാത്രമല്ലേ നീ അവിടുത്തേക്കു നല്കുന്നതു്.

ആരാധ്യനായ എൻെറ രക്ഷിതാവേ അങ്ങയുടെ സ്നേഹത്താൽ മുറിപ്പെടുത്തപ്പെട്ടിരിക്കുന്ന എൻെറ ആത്മാവു് "ദാഹിക്കുന്ന മാൻ ജീവജലത്തിൻെറ ഉറവയ്ക്കായി വാഞ്ഛിക്കുന്നതുപോലെ നിനക്കായി നെടുവീർപ്പിടുന്നു.

## ധ്യാനം 99 ഉയിർപ്പിനു മുമ്പുള്ള ഞായറാഴ്ച

### സെഹിയോൻ പുത്രിയോടു നീ പറയുക. കണ്ടാലും നിൻെറ രാജാവു് സൗമ്യനായി നിൻെറ അടുക്കലേക്കു് വരുന്നു.

യേശു വിജയശ്രീലാളിതനായിട്ടാണു് ജറുസലേമിലേക്കു പ്രവേശിക്കുന്നതെങ്കിലും, അവിടുത്തെ മഹത്വത്തിൻെറ ഇന്ദ്രിയഗോചരങ്ങളായ അടയാളങ്ങളെല്ലാം മറച്ചുവയ്ക്കുന്നു. നാം അവിടുത്തെ സ്നേഹിക്കുന്നതിനും, സൗമ്യത, എളിമ എന്നിവ അവിടുത്തേക്കർപ്പിക്കുന്നതിനും വേണ്ടി താഴ്മ, ഔദാര്യം, ക്ഷമ, ദാരിദ്ര്യം ഇവമാത്രം അവിടുന്നു് പ്രത്യക്ഷപ്പെടുത്തുന്നു.

കർത്താവേ, എൻെറ ഹൃദയം അങ്ങയെ നിത്യം സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നതിനുവേണ്ടി എൻെറ ഹൃദയത്തെ അവിടുന്നു് സ്വന്തമാക്കണമെ.

ആരാധ്യമായ വി. കുർബ്ബാനയിൽ അങ്ങയെ യോഗ്യമായി കൈക്കൊള്ളുന്നതിനു പ്രതിഫലമായി നിന്നെ ശുദ്ധീകരിക്കുന്നതിനും, നിനക്കുവേണ്ടി അവിടുന്നൊരുക്കുന്ന നിത്യഭാഗ്യത്തിൻെറ വാഗ്ദത്തം നിനക്കു നല്കുന്നതിനുമായി അവിടുന്നു് നിങ്കലേക്കു വരുന്നു. നിന്നെ വിധിക്കാനല്ല; പിന്നെയോ നിൻെറ പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കു

www.malankaralibrary.com

വാനും, നിനക്കുവേണ്ടി ദൈവനീതിയെ തൃപ്തിപ്പെടുത്തുവാനും നീതിമാനായ ന്യായാധിപതിയായിട്ടാണ് അവിടുന്ന് വരുന്നത്. ദരിദ്രരെയും അധഃസ്ഥിതിക്കാരെയും ധൈര്യപ്പെടുത്തുവാനായി താഴ്മയുടെയും ദാരിദ്ര്യത്തിന്റെയും അരൂപിയിൽ അവിടുന്നു വരുന്നു. അവിടുത്തെ ശാന്തത നിന്നെ ആകർഷിക്കട്ടെ.

നിന്നിലേക്ക് എഴുന്നള്ളിവരുന്ന നിന്റെ രാജാവിനെ സ്വീകരിക്കുന്നതിന് എന്താണു ചെയ്യേണ്ടതെന്നു നീ ചിന്തിക്കുക. ഈ കൂദാശയിൽനിന്ന് ധാരാളമായ ഫലമെടുക്കുന്നതിന് പ്രതിബന്ധമായി നില്ക്കുന്ന വ്യർത്ഥഭയത്തെ വിട്ടകലണം. അതിനെ നിന്റെ നാഥന്റെ നന്മയിലുള്ള സ്നേഹപൂർണ്ണമായ ശരണത്തോടുകലർത്തി ആഴമായ ഭക്തിയായി പകർത്തുക. വി. കുർബ്ബാനാനുഭവദിവസം വിജയോത്സവദിനമാകുന്നു. അതു് ദുസ്വഭാവങ്ങളുടെ നുകത്തിൽനിന്ന് നിന്നെ വിടുവിക്കുകയും ശത്രുക്കളിൽനിന്നുള്ള കവചസാധനങ്ങൾകൊണ്ട് നിന്നെ സമ്പന്നനാക്കുകയും ചെയ്യും. അവിടുത്തെ അനുഗമിക്കുകയും ലൗകിക ബഹുമാനങ്ങളോടും സല്കീർത്തിയോടുമുള്ള എല്ലാ ആഗ്രഹങ്ങളെയും നിന്റെ പാദത്തിൻകീഴെ ചവുട്ടിമെതിക്കുകയും ചെയ്യു.

## ധ്യാനം 100 വിശുദ്ധവാരത്തിലെ തിങ്കളാഴ്ച

## കൈയ്പുകാടി കുടിച്ചശേഷം അവിടുന്നരുൾചെയ്തു "എല്ലാം നിവൃത്തിയായി" (യോഹ. 19:30)

ലോകത്തിന്റെ പാപപരിഹാരാർത്ഥം സ്വജീവനെ ബലിയായി അർപ്പിക്കുവാൻ ഉറച്ചിരുന്ന യേശു, തനിക്കായി ദൈവനീതി നിശ്ചയിച്ചിട്ടുള്ളതും താൻതന്നെ സഹിച്ചതുമായ അദ്ധ്വാനങ്ങളെയും, താഴ്ചകളെയും, നിന്ദാപമാനങ്ങളെയുംപററി ചിന്തിച്ചപ്പോൾ വീണ്ടെടുപ്പുകൃത്യം പൂർത്തിയായി എന്നു കണ്ടു് "എല്ലാം നിവൃത്തിയായി" എന്നരുൾചെയ്തു. ഇങ്ങനെ പറയുവാൻ നിനക്കു കഴിയുമോ? എത്രയോ പ്രാവശ്യം ക്രൂശിൽനിന്ന് നീ അററച്ചുമാറിയിട്ടുണ്ട്? കൂടുതൽ ക്ഷമയോടും സ്ഥിരതയോടുംകൂടെ ക്ലേശങ്ങൾ സഹിപ്പാൻ നിന്നെത്തന്നെ ഉന്മേഷഭരിതനാക്കുക. "ഞാൻ നന്നായി യുദ്ധം ചെയ്തു, എന്റെ ഓട്ടം തികച്ചു. മഹത്വകിരീടം എനിക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു." എന്ന് വി. പൌലോസിനെപ്പോലെ നിനക്കും പറയുവാൻ കഴിയണം.

നിത്യപിതാവു് നല്കിയ മദ്ധ്യസ്ഥൻ, വീണ്ടെടുപ്പുകാരൻ, അദ്ധ്യാപകൻ, നിയമദാതാവു്, പ്രധാന മഹാപുരോഹിതൻ, നിത്യതയിലേക്കുള്ള വഴികാട്ടി എന്നീ ഉദ്യോഗങ്ങളെല്ലാം സമ്യക്കായി നിർവ്വഹിച്ചിരിക്കുന്നതായി അവിടുന്ന് കണ്ടു. സകല പുണ്യങ്ങളുടെയും ഉത്തമമാതൃക അവിടുന്ന് ലോകത്തിനു കാണിച്ചുകൊടുത്തു. നിനക്കായി വരച്ചുകാട്ടിത്തന്ന മാതൃകക്കനുസരണമാണോ നിന്റെ ജീവിതമെന്നു

www.malankaralibrary.com

ശോധന ചെയ്ക. നിനക്കു ചെയ്യാനായി അവിട്ടന്നേല്പിച്ചുതന്ന ജോലി എത്രയും വേഗം നിർവ്വഹിക്കുക. അങ്ങനെ "എല്ലാം നിവൃത്തിയായി" എന്നുപറയുവാൻ നിനക്കും ഇടയാകട്ടെ.

മനുഷ്യവർഗ്ഗത്തിനുവേണ്ടി ചെയ്യാൻ താൻ ആഗ്രഹിച്ച എല്ലാററിനെയുംപററി മരണസമയത്ത് യേശു ഓത്തു. സകലതും നിവ്വഹിച്ചിരിക്കുന്നതായി അവിട്ടന്നു കണ്ടു. തന്റെ രക്തം, ശക്തി, പുണ്യയോഗ്യതകൾ ഇവയെല്ലാം അവക്കായി ചെലവാക്കിക്കഴിഞ്ഞു. സ്വയം ബലിയായി അപ്പിച്ചുകൊണ്ടു, ഒററ നിമിഷംപോലും തനിക്കായി മാററിവയ്ക്കാതെ, മുഴുവൻ സമയവും അവക്കായി വിനിയോഗിച്ചു. എല്ലാം ആത്മീയനന്മകളും കുരിശിന്മേലാണവിട്ടന്നു സ്ഥാപിച്ചിരിക്കുന്നതു. അവ നമുക്കു ലഭിക്കണമെങ്കിൽ നാമും അതിന്മേൽ ആരോഹണം ചെയ്കയും യേശുവിനോട്ടുകൂടെ അവിടെതന്നേ എന്നെന്നും സ്ഥിതിചെയ്കയും വേണം.

## ധ്യാനം 101 വിശുദ്ധവാരത്തിലെ ചൊവ്വാഴ്ച

### യേശു ഉയന്ന സ്വരത്തിൽ അട്ടഹസിച്ചു. "എന്റെ ദൈവമേ എന്റെ ദൈവമേ, എന്നെ നീ കൈവിട്ടതെന്തു"?

ഒൻപതാം മണി ആയപ്പോൾ യേശു ഉച്ചത്തിൽ നിലവിളിച്ചു. "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു." (മത്താ. 27:46). എന്തിനെക്കുറിച്ചാണു യേശു ആവലാതിപ്പെട്ടുന്നതു. പീഡാനുഭവത്തിന്റെ ആരംഭംമുതൽ അവസാനത്തെ നെട്ടനിശ്വാസംവരെ ഒരു ആത്മീയശുഷ്കതയാണു യേശുവിന്നുഭവപ്പെട്ടതു? മൂന്നു മണിക്കൂർ നേരത്തേക്കു അവിട്ടന്നു തുടച്ചയായി പ്രാത്ഥിച്ചുവെങ്കിലും നിത്യപിതാവു അവിട്ടത്തെ ചെവിക്കൊള്ളാത്ത ഭാവമാണു കാണിച്ചതു. നിനക്കും ഇതുപോലെ ആന്തരീകവും ബാഹ്യവുമായ അനുഭവം ഉണ്ടായെന്നുവരാം. അങ്ങനെ ഉള്ള അവസരങ്ങളിൽ നീയും നിരാശപ്പെടാതെ ഈശോയെ അനുകരിച്ചു സന്തോഷസമേതം ആ കാസാ സ്വീകരിക്കുകതന്നെ വേണം. സ്വമനസ്സാ നീ ദൈവത്തെ ഉപേക്ഷിക്കാത്തപക്ഷം അവിട്ടന്നു നിന്നെയും ഉപേക്ഷിക്കുകയില്ല.

കുരിശിലെ എല്ലാ കഷ്ടതകൾക്കും തീക്ഷ്ണമായ സ്നേഹത്തോടെ തന്നെതന്നെ ഏല്പിച്ചുകൊട്ടത്ത യേശു ഇപ്പോൾ എന്തുകൊണ്ടു ആവലാതിപ്പെട്ടുന്നു? അവിട്ടത്ത ദുഃഖാധിക്യം നമ്മെ മനസ്സിലാക്കുവാൻ അവിട്ടന്നു ദൈവമാണു എങ്കിലും മനുഷ്യൻ എന്ന നിലയിലാണു പീഡകൾ സഹിക്കുന്നതു. നമ്മുടെ ക്ലേശങ്ങളിൽ ദൈവത്തോട്ടു മാത്രമേ ആവലാതിപ്പെടാവൂ എന്നു അവിട്ടത്തെ മാതൃക നമ്മെ പഠിപ്പിക്കുന്നു. ക്ലേശങ്ങളുടെ കാരണം അവയിൽതന്നെയല്ല; പിന്നയോ നമ്മിലാണെന്നു അവിട്ടന്നു നമുക്കു കാണിച്ചു തരുന്നു.

www.malankaralibrary.com

"അവൻ ഏലിയായെ വിളിക്കുന്നു" (മത്താ. 27:47) സ്വർഗ്ഗം ആദരവോടെയും പ. മാതാവ് ദുഃഖത്തോടെയുമാണ് യേശുവിൻെറ ആവലാതി ശ്രവിക്കുന്നതെങ്കിലും പടയാളികൾ പുച്ഛത്തോടെയത്രേ അതിനെ ശ്രവിക്കുന്നതു്. ദൈവത്തിൻെറ ഭാഷ മനസ്സിലാക്കുന്നവർ എത്ര ചുരുക്കം? ഇപ്രകാരം കുരിശിൽകിടന്നു് ആവലാതിപ്പെടുന്ന ആൾ ആരാണെന്നും ആർക്കുവേണ്ടിയാണവിടുന്നു് ഇവയെല്ലാം സഹിക്കുന്നതെന്നും അറിഞ്ഞിരുന്നുവെങ്കിൽ ഏതു കഠിനഹൃദയവും അലിഞ്ഞുപോകുമായിരുന്നു. അതു കാരിരുമ്പായിരുന്നാലും മനസ്താപാഗ്നി അതിനെ ഉരുക്കിക്കളയുമായിരുന്നു.

മാധുര്യവാനായ യേശുവേ, അവിടുത്തെ ഉപേക്ഷിക്കപ്പെട്ടവനായും, ശക്തിയും താങ്ങും നഷ്ടപ്പെട്ടവനായും ഞാൻ കാണുന്നു. അങ്ങയുടെ പീഡാനുഭവങ്ങളെപ്പററി സഹതപിക്കുന്നതിനു് എൻെറ കണ്ണുകൾക്കു് കണ്ണുനീരും എൻെറ ഹൃദയത്തിനു് ആർദ്രതയും ആരു നല്കും?

## ധ്യാനം 102 വിശുദ്ധവാരത്തിലെ ബുധനാഴ്ച

## ഈശോ നിത്യപിതാവിൻെറ കരങ്ങളിൽ സ്വാത്മാവിനെ ഭരമേൽപ്പിക്കുന്നു.

യേശു ഉയന്ന സ്വരത്തിൽ നിലവിളിച്ചു പറഞ്ഞു. "പിതാവേ, നിൻെറ തൃക്കരങ്ങളിൽ എൻെറ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു." (ലൂ. 23:46) തൻെറ ശക്തി വെളിപ്പെടുത്തുന്നതിനും സ്വമനസ്സാ തൻെറ ജീവനെ വയ്ക്കുകയാണെന്നു കാണിക്കുന്നതിനുംവേണ്ടി, ഉയന്ന സ്വരത്തിൽ അവിടുന്നു നിലവിളിക്കുന്നു. ഈ നിലവിളി തൻെറ ശത്രുക്കളെ ഭയപ്പെടുത്തുന്നതിനും, നരകശക്തികളുടെമേൽ താൻ പ്രാപിച്ച വിജയത്തെ പ്രസ്താവിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണു്. സാത്താൻ ക്രൂശിൻചുവട്ടിൽ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. യേശുവിൻെറ മരണസമയത്തു് അവിടുത്തെ സഹായിപ്പാനല്ല; പ്രത്യുത അവിടുത്തെ വിജയത്തെ ബഹുമാനിപ്പാനായി മാലാഖമാർ സന്നിഹിതരാകുന്നു. നിൻെറ അന്ത്യസമയത്തു് അവരുടെ സഹായം നിനക്കു് ആവശ്യമാണു്. അവരുടെ നേരെ ഭക്തി പ്രദശിപ്പിക്കുക.

"പിതാവേ, നിൻെറ തൃക്കരങ്ങളിൽ എൻെറ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു." സ്വപിതാവിനോടുള്ള വിശ്വാസം തെളിയിക്കുന്നതിനും, ഏററം ഭയങ്കരമായ സമരത്തിലും ഈ പുണ്യം അഭ്യസിക്കണമെന്നു നമ്മെ പഠിപ്പിക്കുന്നതിനുമായി "പിതാവേ" എന്നുള്ള ആർദ്രമായ നാമത്തിൽ അവിടുന്നു ദൈവത്തെ സംബോധന ചെയ്യുന്നു. ശരീരത്തെയല്ല; പ്രത്യുത ആത്മാവിനെയാണു് അവിടുന്നു് സ്വപിതാവിനു ഭരമേല്പിക്കുന്നതു്. ആത്മാവു മാത്രമാണു് പരമപ്രാധാന്യം അർഹിക്കുന്നതു് എന്നുള്ള സത്യം നിൻെറ ഉള്ളിൻെറ ഉള്ളിൽ ദൃഢമൂല

www.malankaralibrary.com

മാക്കുന്നതിനു് അവിട്ടന്നു് ആഗ്രഹിക്കുന്നു. ആകയാൽ നിന്റെ സ്വരത്തെ രക്ഷിതാവിന്റെ സ്വരത്തോടു സംയോജിപ്പിച്ചുകൊണ്ടു് പറയുക; എന്റെ ദൈവമേ, എന്റെ പിതാവേ, നിന്റെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു.

"അവൻ തല ചായിച്ചു് തന്റെ പ്രാണനെ വിട്ടു." (യോഹ. 19:30) തല ചായിക്കുന്നതും, നിന്റെ മേൽ ദൈവം നിയമിച്ചിട്ടുള്ളവരുടെ ഹിതത്തിനു് താഴ്മയോടെ കീഴ്പ്പെടുന്നതും, യഥാർത്ഥ അനുസരണത്തിന്റെ അടയാളമാകുന്നു. സ്വർഗ്ഗത്തിലേക്കു തന്റെ കണ്ണുകളെ ഉയർത്തുവാൻ ധൈര്യപ്പെടാതിരുന്ന ചുങ്കക്കാരനെപ്പോലെ ഈ ചിന്ത നിന്നെ എളിമപ്പെടുത്തും. ഏതിൽനിന്നു നീ മനയപ്പെട്ടിരിക്കുന്നുവോ, ഏതിലേക്കു നീ തിരികെ ചേരുമോ, ആ മണ്ണിനെ ഓർത്തുകൊണ്ടു് എല്ലാവരുടെയും പാദത്തിൻകീഴെ നിന്നെ വയ്ക്കുന്നതിനും അതു നിനക്കു പ്രേരകമാകും. ദൈവീക സിംഹാസനത്തിൻ മുമ്പാകെ പ്രത്യക്ഷപ്പെടുന്നതിനു മുമ്പായി, സമാധാനചുംബനം നല്കി സ്വർഗ്ഗത്തോടു നിന്നെ നിരപ്പാക്കുന്നതിനുവേണ്ടി, ദൈവപുത്രൻ തലചായ്ച്ചുതരുന്നു എന്നു് നിന്റെ ആശ്വാസത്തിനായി ചിന്തിക്കുക.

## ധ്യാനം 103 പെസഹാവ്യാഴം

## ഈശോ വി. കുർബ്ബാന സ്ഥാപിക്കുന്നു

"അവർ അത്താഴം കഴിച്ചു കൊണ്ടിരുന്നപ്പോൾ യേശു അപ്പമെടുത്തു വാഴ്ത്തി, തന്റെ ശിഷ്യന്മാർക്കു കൊടുത്തു." (മത്താ. 26:26) അതുല്യമായ സ്നേഹാത്ഭുതത്താൽ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരണത്തിനു തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുവാനിരുന്ന രാത്രിയിൽ വി. കുർബ്ബാനയെന്ന കൂദാശവഴി തന്റെ വി. ശരീരവും രക്തവും നമുക്കു നല്കുവാൻ യേശു തിരുമനസ്സായി. ശത്രുക്കൾ അവിട്ടത്തെ ജീവനെതിരായി ഗൂഢാലോചന ചെയ്തുകൊണ്ടിരുന്നപ്പോൾ അവിട്ടന്നു് ലോകാവസാനത്തോളം നമ്മോടു കൂടെയിരിപ്പാൻ ഒരു ഉപാധി കണ്ടുപിടിക്കുകയായിരുന്നു. സ്നേഹാർദ്രനായ ഈ പിതാവിന്റെ സ്നേഹത്തെപുകഴ്ത്തുക. നിന്റെ പാപങ്ങൾനിമിത്തം നിന്നിൽനിന്നു തിരിച്ചുകളയാതെ തന്റെ കൃപാകടാക്ഷം നിന്റെ മേൽ പതിക്കണമെന്നവിടുത്തോടപേക്ഷിക്കുക.

"എടുത്തു ഭക്ഷിക്കുക. ഇതു് എന്റെ ശരീരമാകുന്നു." (മത്താ. 26:26) നമ്മുടെ നിക്ഷേപവും പിതൃസ്വത്തും യേശുതന്നെ ആയിരിക്കും. മരണശാസനം വഴി തന്റെ ശരീരരക്തങ്ങൾ നമുക്കായി അവിടുന്നു് വിട്ടുതരുന്നു. എളിമയോടും ഭക്തിയോടുംകൂടെ അവിട്ടത്തെ തിരുശരീരരക്തങ്ങൾ കൈക്കൊള്ളുമ്പോൾ ലഭ്യമാകുന്നതിനോടു തുല്യമായ മറെറാന്നു ഭാഗ്യമാണു് മനുഷ്യഹൃദയത്തിനു ലഭിക്കാവുന്നതു്; ഈ നിക്ഷേപത്തെ ഭക്തിപൂർവ്വം സ്വീകരിക്കുകയും ആരും നിന്നിൽനിന്നതു് അപഹരിച്ചു കളയാതിരിക്കുന്നതിനായി, ആത്മാവിൽ ആഴമായി അതിനെ ഒളിച്ചുവയ്ക്കുകയും സ്നേഹപൂർവ്വം സംരക്ഷിക്കുകയും ചെയ്യു.

www.malankaralibrary.com

"എന്റെ ഓർമ്മയ്ക്കായി ഇതിനെ ചെയ്യിൻ" (ലൂ. 22:19) അവിടുത്തെ സ്മരണ നിലനിർത്തുന്നതിനായി അവിടുന്നു നല്കുന്ന അന്ത്യശാസനമാണിതു്. നമുക്കുവേണ്ടി മരിക്കുന്ന അവിടുത്തെ ഉപകാരങ്ങളെപ്പററി, അൾത്താരയെ സമീപിക്കുമ്പോൾ പ്രത്യേകമായി ഓർക്കണമെന്ന ഒരു കാര്യം മാത്രം അവിടുന്നു നമ്മോടു് ആവശ്യപ്പെടുന്നു. ഇതിനുവേണ്ടി അവിടുത്തെ പങ്കപ്പാടുകളും തിരുമുറിവുകളും നമ്മുടെ ഹൃദയത്തിൽ പതിക്കുന്നതിനു്, അവിടുന്നു് വി. കുർബ്ബാനാനുഭവം വഴി നമ്മിലേക്കു വരുന്നു. ക്രൂശിതനായ യേശു നിന്റെ ഹൃദയത്തിൽ ആഴമായി പതിഞ്ഞിരിക്കട്ടെ.

ഓ! യേശുവേ! എന്റെ ഹൃദയത്തെ അങ്ങയുടെ സ്നേഹത്തിനും എന്റെ മനസ്സിനെ അങ്ങയുടെ പ്രമാണത്തിനും, എന്റെ ബുദ്ധിയെ അങ്ങയുടെ ദിവ്യരഹസ്യങ്ങളെപ്പററിയുള്ള ധ്യാനത്തിനും, മരണത്തിന്റെ സ്മരണയ്ക്കുമായി ഞാൻ ഒഴിഞ്ഞുതരുന്നു.

## ധ്യാനം 104 ദുഃഖവെള്ളി

### "തലകുനിച്ചുകൊണ്ടു് അവിടുന്നു് പ്രാണൻ വിട്ടു" (യോഹ. 19:30)

ശത്രുക്കളുടെ ക്രൂരതയ്ക്കു കണ്ടുപിടിക്കാൻ കഴിഞ്ഞ സകല പീഡകളും സഹിച്ചശേഷം യേശു മരണത്തിനു കീഴ്‌വഴങ്ങുന്നു. തന്റെ ജീവനെ മറുവിലയായി കൊടുത്തുകൊണ്ടു് നമ്മെ രക്ഷിക്കാൻ വേണ്ടി അവിടുന്നു മരിച്ചു. ആകയാൽ നീ നിന്റെ സ്വന്തമല്ല. പിന്നെയോ നിനക്കുവേണ്ടി മരിച്ച അവിടുത്തെ വകയാകുന്നു. ആ സ്ഥിതിക്കു് ആണികളാൽ കുത്തിത്തുളയ്ക്കപ്പെട്ടിരിക്കുന്നതും ക്രൂശോടുചേർത്തു് ബന്ധിക്കപ്പെട്ടിരിക്കുന്നതുമായ ആ കരങ്ങളുടെ വേലയായ നീ എന്തുകൊണ്ടു് നിന്റെ സ്വന്തമനച്ചായ്‌വുകളെ പിഞ്ചെല്ലുന്നു.

"ഇങ്ങനെ വീണ്ടും ഉയർന്ന സ്വരത്തിൽ നിലവിളിച്ചുകൊണ്ടു് യേശു പ്രാണൻ വെടിഞ്ഞു." (മത്താ. 27:50) ജീവിതം എത്രതന്നേ ക്ലേശകരമായിരുന്നാലും സ്വാഭാവികമായ ഒരു സ്നേഹത്തോടെ നാം അതിനോടു പററിച്ചേരുന്നു. കാരണം അതിൽ ദിവ്യമായ എന്തോ ഒന്നുണ്ടു്. നമ്മുടെ ഈ ലോലപ്രകൃതിയെ ലജ്ജിപ്പിക്കാനായി ഏററം ഘോരമായ പീഡനങ്ങൾ അനുഭവിച്ചുകൊണ്ടു് യേശു മരണമടയുന്നു. അവിടുത്തെ വേദനകളെയും പീഡനങ്ങളെയുംപററി നീ ധ്യാനിച്ചിരുന്നെങ്കിൽ നിന്റെ ക്ലേശങ്ങളെപ്പററി നീ ഒരിക്കലും ആവലാതിപ്പെടുകയില്ലായിരുന്നു. നിന്റെ കിടക്ക കുരിശുമരണത്തെക്കാൾ മൃദുവാണല്ലോ. നിന്റെ ഭക്ഷണം കൈപ്പുകാടിയെയും വിന്നാഗിരിയെയും പോലെ അത്ര അനാസ്വാദ്യകരമല്ലല്ലോ. അവിടുത്തോടൊപ്പം നീ നിന്ദിക്കപ്പെടുകയോ പരിഹസിക്കപ്പെടുകയോ ചെയ്യുന്നുമില്ല. അവിടുന്നു് നിരപരാധി; നീയോ കുററവാളി. ആ സ്ഥിതിക്കു് നിനക്കെങ്ങിനെ ആവലാതിപ്പെടുവാൻ കഴിയും?

www.malankaralibrary.com

"ഉയൻ സ്വരത്തിൽ നിലവിളിച്ചുകൊണ്ടു് യേശു പ്രാണൻ വെടിഞ്ഞു." (മർക്കോ. 15:37) മനുഷ്യരോടുള്ള സ്നേഹത്താൽ മരിച്ച യേശു സ്നേഹത്താൽ നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കണമെന്നു് ആഗ്രഹിക്കുന്നതു് കേവലം ന്യായം മാത്രമാകുന്നു. നിരന്തരസ്മരണയാൽ അവിടുന്നു് നമ്മുടെ ചിന്തയിൽ വസിക്കണം. നമ്മുടെ വികാരങ്ങളിൽ അവിടുന്നു് ജീവിക്കണം. അവിടുത്തെ മഹത്വത്തെ ലാക്കാക്കി പ്രവർത്തിക്കുന്നതുവഴിയായി നമ്മുടെ എല്ലാ പ്രവൃത്തികളിലും അവിടുന്നു് ജീവിക്കണം. അതിനുവേണ്ടി എല്ലാ തിന്മയുടേയും വേരായ പാപത്തെയും സ്വയസ്നേഹത്തേയും നിന്നിൽനിന്നു് നിർമ്മൂലനം ചെയ്ക.

## ധ്യാനം 105 ദുഃഖശനി

## ഈശോ കബറിൽ സംസ്കരിക്കപ്പെടുന്നു

അവർ അവൻെറ ശരീരമെടുത്തു സുഗന്ധദ്രവ്യം പൂശി ഒരു ശീലയിൽ പൊതിഞ്ഞു. (യോഹ. 19:40) അരിമത്യക്കാരൻ യൗസേപ്പും നിക്കോദേമൂസും കൂടെ ഒരു ഗോവണിയിൽ ചാരി കുരിശിന്മേൽ കയറി, ആണികൾ വലിച്ചൂരി, ശരീരത്തെ കുരിശിൽനിന്നു വേർപെടുത്തി താങ്ങിപ്പിടിച്ചുകൊണ്ടു് ഇറങ്ങിവന്നു. ഇഷ്ടാനുസരണം കൈകാര്യം ചെയ്യുന്നതിനു് ഈ ശിഷ്യന്മാർക്കു തന്നെത്തന്നെ ഏല്പിച്ചു കൊടുക്കുന്ന യേശുവിൻെറ അനുസരണത്തെപ്പററി ചിന്തിക്കുക. ഇതുപോലെയുള്ള കീഴ്‌വഴക്കം നീ എപ്പോൾ പഠിക്കും? യേശുവിൻെറ തിരുശരീരം പ. മാതാവിൻെറ മടിയിൽ വയ്ക്കപ്പെടുന്നു. തൻെറ ആശ്വാസവും ജീവനുമായ അവിടുത്തെ മൃതശരീരത്തെ അവൾ മുത്തി സ്വീകരിക്കുകയും കണ്ണുനീരുകളാൽ തിരുമുറിവുകളെ നനയ്ക്കുകയും ചെയ്യുന്നു. നിൻെറ ചിന്താശൂന്യതയെപററി എളിമപ്പെടുകയും ലജ്ജിക്കയും ചെയ്ക.

അവർ അവിടുത്തെ യഹൂദമര്യാദപ്രകാരം കബറിൽ സംസ്കരിച്ചു. പരേതരുടെ ശവക്കല്ലറ ജീവനോടിരിക്കുന്നവരുടെ പാഠശാലയാകുന്നു. വി. കുർബ്ബാനാനുഭവത്തിനുള്ള നിൻെറ മാതൃക അതായിരിക്കട്ടെ. ഇന്ദ്രിയനിഗ്രഹംവഴി നന്നായി തയാറാകാതെ, ഈ ദിവ്യരഹസ്യങ്ങളെ നീ സമീപിക്കരുതു്. മുള്ളുകളിലും കുരിശുകളിലും കൂടിയല്ലാതെ യേശുവിൻെറ ശരീരത്തോടു് ഐക്യപ്പെടുവാൻ നമുക്കു സാധിക്കയില്ല. പാപത്തെ നിന്നിൽനിന്നു ബഹിഷ്കരിക്കയും, വികാരങ്ങളെ ശാന്തമാക്കുകയും ഐന്ദ്രികസ്നേഹത്തെ ശുദ്ധീകരിക്കുകയും ചെയ്തുകൊണ്ടു് യേശുവിനുമാത്രം നിൻെറ ഹൃദയത്തിൽ പ്രവേശം അനുവദിക്കുക.

യേശുവിൻെറ ശവസംസ്കാരത്തിൽനിന്നു്, അവിടുത്തെ വി. കുർബ്ബാനയിൽ നീ കൈക്കൊള്ളേണ്ടതെങ്ങനെയെന്നു പഠിക്കുക. നിർമ്മല മനഃസാക്ഷിയോടും സജീവ ഭക്തിയോടുംകൂടെ വേണം അവിടുത്തെ സമീപിക്കുവാൻ. നിൻെറ നാഥൻ നിന്നോടുകൂടെ വസിക്കേണ്ടതിനു്

www.malankaralibrary.com

നിൻെറ ഹൃദയത്തെ മുദ്രവച്ച് സൂക്ഷിക്കണം. അങ്ങനെ തിരുശരീരത്തെ പൊതിഞ്ഞിരുന്ന ശീലയിൽ അവിടുത്തെ സ്വരൂപം പതിച്ചു കൊടുത്തതുപോലെ, നിൻെറ ആത്മാവിലും പതിയ്ക്കുവാൻ ഇടയാകട്ടെ.

# ക്യംതാകാലം

## ധ്യാനം 106 ഉയർപ്പു ഞായർ

### കർത്താവായ യേശുമിശിഹാ മരിച്ചവരുടെയിടയിൽ നിന്നു ഉയർത്തെഴുന്നേററു എന്നു സ്മരിക്കുക. (2 തിമോ. 2:8)

വിജയശ്രീലാളിതനായി, പരിശുദ്ധ ശരീരത്തോടു യോജിക്കുന്നതിനായി, പാതാളത്തിൽനിന്നു മടങ്ങിവരുന്ന യേശുവിൻെറ ആത്മാവിൻെറ മഹത്വത്തെ ധ്യാനിക്കുക. മനുഷ്യരോടുള്ള തൻെറ സ്നേഹാധിക്യം സാഘോഷം തന്നെ അനുഗമിച്ച വിശുദ്ധന്മാർ ഗ്രഹിക്കുന്നതിനുവേണ്ടി തൻെറ മഹത്വം അവിടുന്നവർക്കു കാണിച്ചുകൊടുക്കുന്നു. എത്രമാത്രം സ്നേഹവായ്പോടും, സന്തോഷം, കൃതജ്ഞത, സ്തുതി, ബഹുമാനം ആദിയായ വികാരങ്ങളോടും കൂടിയായിരിക്കണം, പുരാതന പിതാക്കന്മാരും ദീഘദശിമാരും തങ്ങളുടെ വിമോചകൻെറ മൃതശരീരം, മനുഷ്യരക്ഷയ്ക്കുവേണ്ടി അവിടുന്നു സഹിച്ചിട്ടുള്ള പീഡനങ്ങളെ വിളംബരം ചെയ്യുന്ന തിരുമുറിവുകളാൽ മൂടപ്പെട്ടു കബറിൽ കിടക്കുന്നതിനെ ദശിക്കുന്നതു്. എൻെറ രക്ഷിതാവേ, അവിടുത്തെ അതുല്യമായ സ്നേഹത്തെ ഞാൻ അനുകരിച്ചുകൊള്ളാം.

ഉയപ്പിൻെറ മഹത്വം, പീഡാനുഭവത്തിൻെറ അവമാനം മുഴുവൻ നീക്കിക്കളഞ്ഞു. തൻെറ സേവനത്തിൽ ക്ലേശമനുഭവിക്കുന്നവക്കു എത്ര ഉദാരമായിട്ടാണവിടുന്നു പ്രതിഫലം നല്കുന്നതു്? ശാരീരികനിഗ്രഹത്തെ ഭയപ്പെടേണ്ടതില്ല. യേശുവിനോടുകൂടെ നീ ക്ലേശം സഹിക്കുന്നുവെങ്കിൽ അവിടുത്തോടുകൂടെ വാഴകയും ചെയ്യും. മരണത്തോടുകൂടെ യാതൊന്നും ശൂന്യതയെ പ്രാപിക്കുന്നില്ല എന്നു വിശ്വസിക്കുന്ന ഒരുവൻെറ ഹൃദയത്തിൽ നിരാശയ്ക്കോ ദുഃഖത്തിനോ എന്തു സ്ഥാനമാണുള്ളതു്?

കബറിൽനിന്നു അത്ഭുതകരമായി പുറത്തായതോടെ, അവിടുത്തെ ദൈവത്വത്തിൻെറ മഹത്വം പ്രകാശധോരണി പരത്തുവാൻ തുടങ്ങി. മരണത്തിൻെറയും ജീവൻെറയും അധിപതിയായി അവിടുന്നു മുമ്പോട്ടു വരുന്നു. നിത്യപിതാവിൻെറ സിംഹാസനത്തിൽ ആരൂഢനാകുന്നതിനും, ദൈവത്തിനുമാത്രം കടപ്പെട്ടിരിക്കുന്ന ആരാധന, സ്വർഗ്ഗീയദൂതന്മാരിൽനിന്നു സ്വീകരിക്കുന്നതിനുംവേണ്ടി സവ്വശക്തനായി അവിടുന്നു വരുന്നു. ഇത്ര വിസ്മയാവഹമായി തെളിയിക്കപ്പെട്ടിട്ടുള്ള

www.malankaralibrary.com

യേശുവിന്റെ ദൈവത്വത്തെ ആരാധിക്കുക. അവിട്ടത്തോടുകൂടെ വാഴണമെങ്കിൽ നിന്റെ പാപത്തിന്റെയും ദുസ്സ്വഭാവങ്ങളുടെയും ശവക്കുഴിയിൽനിന്നു് നീ ഉയിർത്തെഴുന്നേററ മതിയാവൂ. "ഇനിമേൽ അവൻ അക്ഷമനോ, അസ്വസ്ഥനോ, പരസ്നേഹരഹിതനോ ആയിരിക്കയില്ല." എന്നു നിന്നെക്കുറിച്ചു പറയുവാനിടയാകട്ടെ.

## ധ്യാനം 107 ഉയിർപ്പുവാരത്തിലെ തിങ്കൾ

### ഉയിർത്തെഴുന്നേററ ഈശോ നീതിമാന്മാരുടെ മഹത്വീകൃത ശരീരങ്ങളുടെ മാതൃക.

ഇതു ദൈവം സൃഷ്ടിച്ച ദിവസമാകുന്നു. നമുക്കു് സന്തോഷിച്ചു് ആനന്ദിക്കാം. മരിച്ചവർ ജീവിക്കും. എന്റെ കൊല്ലപ്പെട്ടവർ വീണ്ടും ഉയിർത്തെഴുന്നേല്ക്കും. പൊടിയിൽ ജീവിക്കുന്നവരെ ഉണർന്നു സ്തുതിപാടുവിൻ" (ഏശയാ. 26:19). അവമാനത്തിൽ വിതയ്ക്കപ്പെടുന്നു. മഹത്വത്തിൽ ഉയിർക്കും. കണ്ടാലും, ഒരു രഹസ്യം ഞാൻ നിങ്ങളോടു പറയാം. നാമേവരും ഉയിർത്തെഴുന്നേല്ക്കും, നിശ്ചയം. എന്നാൽ എല്ലാവരും രൂപാന്തരപ്പെടുകയില്ല. (1 Cor:15) ഈ ഭാഗ്യം തെരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമുള്ളതാകുന്നു. അഭക്തർ മഹത്വത്തിൽ ഉയിർക്കുകയില്ല. നീതിമാന്മാരുടെ കൂട്ടത്തിൽ അവർക്കു പങ്കുണ്ടായിരിക്കുകയില്ല. ഏതു കൂട്ടത്തിലായിരിക്കാനാണു് നിന്റെ വാഞ്ഛ? ഓ! മനുഷ്യരെ, എത്ര നാളത്തേക്കു് നിങ്ങൾ അലസരും ചൂടില്ലാത്തവരുമായിരിക്കും? എന്തുകൊണ്ടു് നിങ്ങൾ മായാസ്തുതിയെയും അസത്യത്തെയും അന്വേഷിക്കുന്നു?

"അവസാന കാഹളം മുഴങ്ങുമ്പോൾ, കണ്ണിമയ്ക്കുന്ന നേരംകൊണ്ടു നാമെല്ലാവരും രൂപാന്തരപ്പെട്ടു് ഉയിർത്തെഴുന്നേല്ക്കും. ഈ നശ്വരമായതു് അനശ്വരതയെയും മർത്ത്യത അമർത്ത്യതയെയും ധരിക്കും". (1 Cor. 15:52,53) നമ്മുടെ ശരീരം, ശിരസാകുന്ന യേശുവിന്റെ അവയവമാകുന്നു. ഉടൽ ശിരസ്സിൽനിന്നു വേർപെട്ടുകൂടാ. യേശുവിന്റെ ജീവൻ നമ്മുടെ ശരീരങ്ങളിൽ വെളിപ്പെടേണ്ടതിനു് യേശുവിന്റെ നിഗ്രഹത്തെ നമ്മുടെ ശരീരത്തിൽ നാം വഹിക്കണം. വി. കുർബ്ബാനാനുഭവംവഴി നമ്മുടെ ശരീരങ്ങൾ യേശുവിന്റെ അമർത്ത്യശരീരത്തോടു യോജിപ്പിക്കപ്പെട്ടിരിക്കുന്നു. അവിടുന്നു് നമുക്കു് ഉറപ്പുതരുന്നു. "ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും". (യോഹ. 6:52)

ഉയിർപ്പിലുള്ള ഉറപ്പായ പ്രത്യാശ നമുക്കു് ആശ്വാസം നല്കുന്നു. അപ്പോൾ കണ്ണുനീർ സന്തോഷമായും വേദന ആനന്ദമായും മരണം നിത്യജീവനായും മാറും. ക്ലേശങ്ങളുടെ മദ്ധ്യേ വി. യോബിനുണ്ടായിരുന്ന ആശ്വാസം അത്തരത്തിലുള്ളതായിരുന്നു. എന്റെ രക്ഷകൻ ജീവിക്കുന്നു എന്നു ഞാനറിയുന്നു. അവസാനനാളിൽ ഞാൻ പൊടി

www.malankaralibrary.com

യിൽനിന്നു് ഉയത്തെഴുനേല്ക്കും. വീണ്ടും എൻെറ ചർമ്മം ഞാൻ ധരിക്കും. എൻെറ ശരീരത്തോടുകൂടെ ഞാൻ എൻെറ ദൈവത്തെ ദർശിക്കും. (യോബു്. 19:25,27) അതേ, എൻെറ കണ്ണുകൾകൊണ്ടു് ഞാൻ അവിടുത്തെ കാണും. ഹൃദയത്തിൻെറ ഈ ആശ വേദനകളിൽ എന്നെ താങ്ങിനിർത്തുന്നു. തൻെറ പ്രമാണങ്ങളുടെ അനുഷ്ഠാനത്തിൽ നാം മരിക്കുന്നപക്ഷം സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും രാജാവു് നിത്യജീവനിലേക്കു് നമ്മെ ഉയർപ്പിക്കും.

## ധ്യാനം 108 ഉയർപ്പുവാരത്തിലെ ചൊവ്വ

### നമ്മുടെ ആത്മാക്കളുടെ ആദ്ധ്യാത്മിക ഉയത്തെഴുനേൽപ്പ്

നമ്മുടെ കർത്താവേശുമിശിഹാ മരിച്ചവരിൽനിന്നു് ഉയത്തെഴുന്നേററു എന്നതിനെ സ്മരിക്കുക. (2 തിമോ. 2:8) കർത്താവിൻെറ ഉയർപ്പു് മരണത്തിൽനിന്നു ജീവങ്കലേക്കുള്ള ഒരു കടന്നുപോക്കായിരുന്നു. നമ്മുടേതു് പാപത്തിൽനിന്നു പ്രസാദവരത്തിലേക്കുള്ളതായിരിക്കണം. സ്വയസ്നേഹത്തിൽ നിന്നു പരസ്നേഹത്തിലേക്കുള്ളതായിരിക്കണം. ജ്ഞാനസ്നാനംവഴി യേശുവിനോടുകൂടെ സംസ്കരിക്കപ്പെട്ടിരിക്കുന്ന നാം, മ്ശിഹാ മരണാനന്തരം പിതാവിൻെറ മഹത്വത്തോടെ ഉയത്തെഴുനേററപ്രകാരം പുതിയ ജീവനിൽ നടക്കണം. (റോമാ. 6:45) യേശുവിൻെറ ഉയത്തെഴുന്നേററ ശരീരം ഓജസ്സും ഭംഗിയുമുള്ളതായിരുന്നു. ദൈവാശ്രുപിയുടെ ആത്മീയപ്രകാശം, നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും, നമ്മുടെ സന്മാതൃകയുടെ പ്രകാശം മററുള്ളവരിലേക്കും വ്യാപിച്ചിട്ടു് പുണ്യത്തോടുള്ള സ്നേഹവും മതിപ്പും അവരുടെ ഹൃദയങ്ങളിൽ ഉളവാക്കുകയും ചെയ്യട്ടെ.

മരണത്തിൽനിന്നുയത്തെഴുനേററ യേശു മേലാൽ മരിക്കയില്ല. മരണത്തിനു് ഇനി അവിടുത്തെ മേൽ അധികാരമില്ല. (റോമ. 6:9) യേശുക്രിസ്തുവിൻെറ വാസസ്ഥലമായിരിപ്പാൻ നീ തയ്യാറാക്കിയ ഹൃദയത്തെ വീണ്ടും ദുസ്സ്വഭാവങ്ങളിലേക്കു തിരിക്കരുതു്. ഉത്ഥാനകാലം പീഡാനുഭവകാലത്തേക്കാൾ അപ്രധാനമാണെന്നു കരുതണ്ടാ. നോമ്പുകാലത്തു നീ പ്രാപിച്ചിട്ടുള്ള അനുഗ്രഹങ്ങൾ എത്രത്തോളം നീ പ്രയോജനപ്പെടുത്തി എന്നു് ഉത്ഥാനകാലമത്രേ തെളിയിക്കേണ്ടതു്.

കൃപയിലുള്ള നിലനില്പ—നമ്മുടെ ആദ്ധ്യാത്മിക ഉത്ഥാനം—മരണംവരെ തുടരണം. ശരീരം ഒരിക്കൽ മാത്രമേ മരിക്കൂ. ഉത്ഥാനവും ഒരിക്കൽ മാത്രം. എന്നാൽ നാം വീണ്ടുംവീണ്ടും പാപത്തിൽ വീഴുന്നതുകൊണ്ടു് അതിൽനിന്നു നമ്മെ ഉദ്ധരിക്കാനായി കുമ്പസാരമെന്ന കൂദാശയെ അവിടുന്നു് നമുക്കു് ഒരുക്കിതന്നിരിക്കുന്നു. ശരീരത്തിലുള്ള ഉയത്തെഴുന്നേല്പു് ഒരിക്കൽമാത്രം. എന്നാൽ ആത്മാവിലുള്ള ഉയർപ്പു് ദിനംപ്രതി സാധിക്കേണ്ടതാണു്. ആത്മാവിൻെറ ഉത്ഥാനജീ

www.malankaralibrary.com

വനെ സംരക്ഷിക്കുവാൻ കാര്യമായി യത്നിക്കുക. അല്ലാത്തപക്ഷം നിനച്ചിരിയാത്ത സമയത്തു് മരണം നിന്നെ പിടികൂടിയേക്കാം. ശാരീരിക ക്ലേശങ്ങളെയും മരണത്തെയും ഭയപ്പെടാതെ അതിന്റെ കരുതൽ ദിവ്യപരിപാലനയ്ക്കു വിട്ടുകൊടുക്കുക.

## ധ്യാനം 109 ഉയിർപ്പുവാരത്തിലെ ബുധനാഴ്ച

## ഈശോയുടെ പുനരുത്ഥാനത്തിന്റെ സമയം

"ഈ ആലയത്തെ നശിപ്പിക്കുക. മൂന്നു ദിവസംകൊണ്ടു് ഞാൻ അതിനെ ഉയർപ്പിക്കും" (യോഹ. 2:19) എന്നുള്ള യേശുവിന്റെ തിരുവചനത്തെപ്പററി ചിന്തിക്കുക. ആദ്യദിവസം യേശു പീഡയനുഭവിച്ചു് മരിക്കുന്നു. "ഒരുവൻ എന്നെ അനുഗമിക്കാൻ ഇച്ഛിക്കുന്നെങ്കിൽ അവൻ തന്നത്താൻ പരിത്യജിച്ചു് തന്റെ കുരിശെടുത്തു് എന്നെ അനുഗമിക്കട്ടെ." (ലൂ. 9:23) ഈ ജീവിതത്തിൽ നിന്റെയും ഓഹരി കുരിശുതന്നെ. രണ്ടാം ദിവസം അവിടുത്തെ ശരീരം കബറിൽ വിശ്രമിക്കുന്നു. അവിടുത്തെ ആത്മാവും വിശ്രമമനുഭവിക്കുന്നു. മരണാനന്തരം നമ്മുടെ ശരീരം ഭൂമിയിലുണ്ടായിരിക്കും. ആത്മാവാകട്ടെ, കടമൊന്നും വീട്ടാനില്ലെങ്കിൽ നിത്യവിശ്രമത്തിലേക്കു പ്രവേശിക്കും. മൂന്നാംദിവസം ഈശോയുടെ ആത്മാവു് ശരീരത്തോടു യോജിക്കയും മഹത്വീകൃതവും അമർത്ത്യവുമായ ഒരു ജീവൻ അതിനു പ്രദാനം ചെയ്യുകയുമുണ്ടായി. പൊതുഉയിർപ്പിൽ നാമും ഇതുതന്നെ പ്രതീക്ഷിക്കുന്നു. മ്ശിഹായോടുകൂടെ നീ മരിക്കുന്നെങ്കിൽ അവിടുത്തോടുകൂടെ ഉയിർപ്പിലും നീ പങ്കാളിയാകും.

ആഴ്ചയിൽ ഒന്നാം ദിവസം യേശു മരിച്ചവരിൽ നിന്നുയിർക്കുന്നു. സൂര്യനെ വെല്ലുന്ന ഒരു പ്രകാശധോരണി അവിടുത്തെ മനുഷ്യത്വത്തെ ആവരണം ചെയ്യുന്നു. ശിഷ്യരുടെമേൽ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും തേജസ്സു് അവിടുന്നു് ഉദിപ്പിക്കുന്നു. സഭാശിശുവിൽ സുവിശേഷപ്രചരണത്തിന്റെ അഭിരുചിയെ അവിടുന്നു് നിവേശിപ്പിക്കുന്നു. ഈ ദിവസം അനുതാപികൾക്കു് വരപ്രസാദതേജസ്സും, അപ്പസ്തോലന്മാർക്കു് പാപവിമോചനത്തിനുള്ള അധികാരവും അവിടുന്നു് നല്കുന്നു. ദൈവപുത്രൻ നിന്റെ ഹൃദയത്തിൽ ഉയർക്കുകയും സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഒരു പുതിയതേജസ്സും പ്രായശ്ചിത്തത്തിന്റെ അഭിരുചിയും നിന്നിൽ ഉദിപ്പിക്കയും ചെയ്യുന്നുണ്ടോ?

സൂര്യൻ പ്രകൃതിക്കു മുഴുവൻ സൗന്ദര്യം ചാർത്തുന്ന പ്രഭാതത്തിൽ -പുഷ്പലതാദികളും കാട്ടുനികളും പുതിയ ജീവൻ പ്രാപിക്കുന്ന ശരത്കാലത്തിൽ-ഈശോ ഉയിർത്തെഴുന്നേററു. ഉച്ചയ്ക്കു മൂന്നു മണിയ്ക്കു് ജീവൻ വെടിഞ്ഞ യേശു പാതിരായ്ക്കുശേഷം പ്രഭാതത്തിൽ മൂന്നുമണിക്കു് ഉയിർത്തെഴുന്നേററു. അതായതു് പീഡാനുഭവവേളയിൽ നമ്മുടെ കർത്താവിനെ വലയം ചെയ്തിരുന്ന അന്ധകാരത്തെ അകററാൻ നീതിസൂര്യൻ

www.malankaralibrary.com

സാധാരണ സമയത്തിനുമുമ്പ് ഉദിക്കുന്നു. ഈ പരിശുദ്ധ കാലഘട്ടത്തിൽ ദൈവസേവനത്തിൽ ചെലവഴിക്കേണ്ട വിലയേറിയ നിമിഷങ്ങൾ നഷ്ടപ്പെട്ടുത്തിയതിനു പരിഹാരമായി നിന്റെ തീക്ഷ്ണതയെ നീയും ഉദ്ദീപിപ്പിക്കേണ്ടതാകുന്നു. പെട്ടെന്നു് എഴുന്നേല്ക്കുക. എന്തെന്നാൽ നിന്നിലുള്ള അന്ധകാരത്തെ പ്രകാശമാനമാക്കുന്നതിനും നിന്റെ ഹൃദയത്തെ ചൂടു പിടിപ്പിക്കുന്നതിനും പുണ്യങ്ങളാൽ അതിനെ വികസിപ്പിക്കുന്നതിനുമായി ഇതാ നീതിസൂര്യൻ ഉദയം ചെയ്യുന്നു.

## ധ്യാനം 110 ഉയർപ്പുവാരത്തിലെ വ്യാഴാഴ്ച

## വി. കുർബ്ബാന ഉയിർപ്പിന്റെ വാഗ്ദത്തം

ഉയത്തെഴുന്നേററ യേശു വി. കുർബ്ബാനയാകുന്ന ദാനത്തെ അതിന്റെ പൂർണ്ണതയിലും സമൃദ്ധിയിലും സ്ഥാപിക്കുന്നു. പീഡാനുഭവത്തിനുമുമ്പ് മരണാധീനവും സ്ഥൂലവുമായ ശരീരത്തെ നല്കി. ഇപ്പോഴാകട്ടെ അമർത്ത്യവും സൂക്ഷ്മവുമായ ശരീരത്തെ നല്കുന്നു. തന്റെ സ്നേഹാധിക്യത്താൽ നമ്മുടെ ശുദ്ധീകരണവേലയിൽ തന്റെ മഹത്വീകൃതജീവിതം വിനിയോഗിക്കുകയും കാലത്തെ നിത്യത്വവുമായി സംയോജിപ്പിക്കുകയും ചെയ്യുന്നു. നാം വി. കുർബ്ബാന അനുഭവിക്കുമ്പോഴൊക്കെ നമുക്കു പെസഹാവിരുന്നാകുന്നു. ഉയത്തെഴുന്നേററ യേശുവിനെ കണ്ടപ്പോൾ അപ്പസ്തോലന്മാർക്കുണ്ടായ സന്തോഷം വി. കുർബ്ബാനാനുഭവത്തിൽ നമുക്കുമുണ്ടാകണം.

മഹത്വീകൃത ശരീരത്തിന്റെ ഗുണങ്ങളായ വിവേകം, നീതി, ധൈര്യം, സംയമനം എന്നിവ നമ്മുടെ ആത്മാവിൽ പതിച്ചുകൊണ്ടു് യേശു നമ്മെയും അവിടുത്തെ ഉയിർപ്പിൽ പങ്കാളികളാക്കുന്നു. ഈ ദാനങ്ങൾ ബുദ്ധിയുടെയും പ്രസാദവരത്തിന്റെയും പ്രേരണയ്ക്കനുസരിച്ചു പ്രവർത്തിപ്പാനുള്ള നമ്മുടെ സ്വാതന്ത്ര്യത്തെ എടുത്തുകളയുന്നില്ല. വി. കുർബ്ബാനാനുഭവം നമ്മുടെ ശരീരത്തിനുതന്നെയും ഉയത്തെഴുന്നേല്പാനുള്ള ഒരു പ്രത്യേകാവകാശം പ്രദാനം ചെയ്യുന്നുണ്ടു്. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ടു്. അവസാനനാളിൽ ഞാനവനെ ഉയിർപ്പിക്കയും ചെയ്യും." (യോഹ. 6:35) എന്നത്രേ നമ്മുടെ കർത്താവു് അരുളിച്ചെയ്യുന്നതു്.

നാം വി. കുർബ്ബാനയനുഭവിക്കുമ്പോൾ യേശുവിന്റെ ഉയിർപ്പിൽ വിശ്വസിക്കുകയും അതിനെ ബഹുമാനിക്കയും ചെയ്യുന്ന എന്നൊരു പരസ്യപ്രഖ്യാപനം നടത്തുകയാണു്. അൾത്താരയിലെ വി. കുർബ്ബാനയിൽ രഹസ്യത്തിനടുത്ത മരണാവസ്ഥയിലാണു് യേശു എഴുന്നള്ളിയിരിക്കുന്നതെങ്കിലും പുനർജീവിച്ച മഹത്വീകൃതശരീരവും അവിടെ സ്ഥിതിചെയ്യുന്നതുകൊണ്ടു് അവിടുത്തെ ഉയിർപ്പിൻ രഹസ്യത്തെയും നാം സ്മരിക്കുന്നു. അതു നമ്മുടെ ശരീരത്തെയും അവിടുത്തെ ശരീരംപോലെ ആത്മീയവും മഹത്വീകൃതവുമാക്കിത്തീർക്കുന്നു.

www.malankaralibrary.com

ആരാധ്യനായ ദിവ്യരക്ഷകാ, അങ്ങയുടെ മഹത്വീകൃതശരീരത്തിൽനിന്നു പ്രസരിച്ച പ്രകാശകിരണങ്ങളിൽ ഒന്നിനെ എൻെറ ആത്മാവിലേക്കയച്ച് അതിലെ അന്ധകാരത്തെ ദൂരീകരിക്കയും ആരാധ്യമായ ഈ കുദാശയ്ക്കു അനുയോജ്യമായ മനോഭാവം അതിൽ ഉളവാക്കുകയും ചെയ്യണമേ. അങ്ങനെ "ഈ അപ്പത്തിൽനിന്നു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" എന്നുള്ള അങ്ങയുടെ വാഗ്ദത്തം എന്നിൽ നിറവേറട്ടെ." (യോഹ. 6:58)

## ധ്യാനം 111 ഉയിർപ്പുവാരത്തിലെ വെള്ളിയാഴ്ച

## പൊതു ഉയർപ്പുദിവസം

ആത്മാവിൻെറ ആദ്ധ്യാത്മിക ഉയിർപ്പ് ഈ ജീവിതത്തിലാണ് നടക്കേണ്ടതു്. ശരീരത്തിൻെറ ഉയിർപ്പ് ലോകാവസാനംവരെ നീണ്ടുപോകും. ശാരീരികമരണത്തിൻെറ രൂപംകൊണ്ടു പാപത്തെക്കുറിച്ച് ഒരു ഭയം നമുക്കുണ്ടാകുന്നതിനു വേണ്ടിയാണ് ദൈവം ഇങ്ങനെ നിശ്ചയിച്ചിരിക്കുന്നതു്. പാപത്തിൻെറ വൈരൂപ്യം കാണാനുള്ള ആത്മപ്രകാശം നമുക്കുണ്ടായിരുന്നുവെങ്കിൽ തൽക്ഷണം നാം മരിച്ചു പോയേനേം. ഈ ജീവിതത്തിലെ തിന്മകൾക്കെല്ലാം കാരണമായ പാപത്തെപ്പററി രക്ഷാകരമായ ഒരു ഭയം നമുക്കുണ്ടാകുന്നതിനു് മരണത്തെയും ഈ ലോകത്തിലെ അനർത്ഥങ്ങളെയുംകുറിച്ച് നാം കൂടെക്കൂടെ ചിന്തിക്കണം.

ഈ താമസത്തിനുള്ള മറെറാരു കാരണം നമുക്ക് ശ്രേഷ്ഠപുണ്യങ്ങൾ അഭ്യസിക്കുന്നതിനവസരം കിട്ടണമെന്നുള്ളതാണ്. കഷ്ടപ്പാടുകളുടെയും മരണത്തിൻെറയും അവസരത്തിൽ വീരോചിതമാംവണ്ണം താഴ്മയും ക്ഷമയും പാലിക്കുന്നതിനും രോഗത്തിൻെറയും വേദനയുടെയും അവസരത്തിൽ ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കം അഭ്യസിക്കുന്നതിനും അവസരം ലഭിക്കുന്നു. മേലാൽ രോഗത്തെയോ, വേദനയെയോ, ക്ലേശങ്ങളെയോ നാം ഭയപ്പെടേണ്ടതില്ല. മഹത്വകരമായ ഉയിർപ്പിലുള്ള പ്രത്യാശ നമുക്കാശ്വാസം നല്കുന്നു.

പൊതു ഉയിർപ്പു താമസിക്കുന്നതിൻെറ മൂന്നാമത്തെ കാരണം, ജീവിതാർപ്പണംകൊണ്ടും, ദൈവസ്നേഹത്തിൻെറ ഉൽകൃഷ്ടമായ അനുഷ്ഠാനങ്ങൾകൊണ്ടും ദൈവത്തിനു നാം കൂടുതൽ മഹത്വവും ബഹുമാനവും നല്കണമെന്നുള്ളതാകുന്നു. ദൈവസേവനത്തിലും അയല്ക്കാരൻെറ ശുശ്രൂഷയിലും ജീവിക്കയും മരിക്കയും ചെയ്യുന്നതിൽ ഇതടങ്ങിയിരിക്കുന്നു. "സ്നേഹിതനുവേണ്ടി സ്വജീവനെ വച്ചു കൊടുക്കുന്നതിൽ വലിയ സ്നേഹമില്ല." (യോഹ. 15:13) യേശുക്രിസ്തുവിൻെറ ഈ സാക്ഷ്യപ്രകാരം ഏററം പൂർണ്ണമായ സ്നേഹപ്രവൃത്തി ചെയ്തതിനാലത്രേ രക്തസാക്ഷികൾക്ക് ഇത്ര ഉന്നതമായ സ്ഥാനം ലഭിച്ചിരിക്കുന്നതു്. വി. ആഗസ്തിനോസ് അവരെ ബഹുമാനസൂചകമായി രാജകുമാരന്മാർ എന്നാ

www.malankaralibrary.com

ണ് വിളിക്കുന്നത്. തിരുസഭ അവക്കുവേണ്ടി പ്രാർത്ഥിക്കുകയല്ല; പ്രത്യുത അവരുടെ പ്രാർത്ഥനകൾക്ക് തൻെറ മക്കളെ ഭരമേല്പിക്കയത്രേ ചെയ്യുന്നത്.

## ധ്യാനം 112 ഉയർപ്പുവാരത്തിലെ ശനിയാഴ്ച

### നമ്മുടെ കർത്താവു് വാഴ്ത്തപ്പെട്ട കന്യകമറിയാമിനു് പ്രത്യക്ഷപ്പെടുന്നു.

തൻെറ ദിവ്യപുത്രനോടുള്ള അപരിമിതമായ സ്നേഹം ഉയർപ്പിനുശേഷം ആദ്യമായി പ. ദൈവമാതാവിനു കാണപ്പെടുന്നതിനു് അവളെ അർഹയാക്കി. അവളുടെ അമലോത്ഭവഹൃദയത്തിൽ ഉജ്ജ്വലിച്ചിരുന്ന സ്നേഹം സകല മാലാഖമാരുടെയും പുണ്യവാന്മാരുടെയും ഒരുമിച്ചുള്ള സ്നേഹത്തെ അതുല്യമാംവണ്ണം അതിശയിച്ചിരുന്നു. മറെറല്ലാറെറക്കാൾ നമുക്കു് അത്യാവശ്യമായിരിക്കുന്ന ദൈവസ്നേഹം അവളുടെ പ്രാർത്ഥനയാൽ നമുക്കു ലഭിക്കാതിരിക്കയില്ല. ദിവ്യസുതൻെറ വിജയത്തിൽ അവൾക്കുണ്ടായ ആനന്ദം കുരിശിൻചുവട്ടിൽ അവൾ സഹിച്ച ദാരുണമായ മരണവേദനക്കു തുല്യമായിരുന്നു. അതിനാൽ വി. സഭയോടുകൂടെ നമുക്കും പറയാം. "സ്വർഗ്ഗരാജ്ഞി സന്തോഷിക്കുക".

ഒരു മാതാവും ഇത്രയധികമായി ഒരു പുത്രനെ സ്നേഹിച്ചിട്ടില്ല. അതുപോലെ ഒരു പുത്രനും ഇത്രയധികമായി ഒരു മാതാവിനെ സ്നേഹിച്ചിട്ടില്ല. അവിടുത്തെ ദാരിദ്ര്യത്തിലും, ദുഃഖത്തിലും, രക്തത്തുള്ളികളാൽ നനക്കപ്പെട്ട കുരിശിൻചുവട്ടിൽ നിന്നപ്പോഴും, അവിടുത്തെ നെടുവീർപ്പുകൾ ശ്രവിച്ചപ്പോഴും, അവൾ അവിടുത്തെ സ്നേഹിച്ചു. തൻെറ ഇഹലോകജീവിതം നിലനിർത്തുന്നതിനു് ആവശ്യമായ പോഷണം അവളുടെ ഹൃദയത്തിൽനിന്നു് വലിച്ചെടുത്തപ്പോഴും, യൗവനത്തെ അനുസരണബലിയായി അവൾക്കു് അർപ്പിച്ചപ്പോഴും കുരിശിൽ വച്ചു് തൻെറ വത്സലശിഷ്യൻവഴി പൈതലായ തിരുസഭക്കു അവളെ മാതാവായി നല്കിയപ്പോഴും അവിടുന്നു് അവളെ സ്നേഹിച്ചു. ഇപ്പോൾ സകലദിവ്യദാനങ്ങളുടെയും മദ്ധ്യവർത്തിയായി അവളെ നിയമിച്ചുകൊണ്ടു് അവളോടുള്ള നിസീമസ്നേഹത്തെ അവിടുന്നു് പ്രത്യക്ഷീകരിച്ചുകൊണ്ടിരിക്കുന്നു.

പ. ദൈവമാതാവിനെപോലെ വേലകളിലും പരിത്യാഗങ്ങളിലും ക്ലേശങ്ങളിലും ഈശോയെ സ്നേഹിക്കുക; ദൈവവിളി എന്ന ദിവ്യദാനം നല്കിക്കൊണ്ടും ക്ലേശമനുഭവിക്കുന്ന അവിടുത്തെ മൗതികശരീരത്തിൻെറ അവയവങ്ങളുടെ രക്ഷക്കു് നിന്നെ ഉപകരണമാക്കിക്കൊണ്ടും വി. കുർബ്ബാനവഴി നിൻെറ ആത്മാവിലേക്കു് എഴുന്നള്ളിവന്നു് ഒരു അനുസരണബലിയായി തന്നെ നല്കിക്കൊണ്ടും, അവിടുന്നു് നിന്നോടുള്ള സ്നേഹം വെളിപ്പെടുത്തുന്നില്ലേ? പ. മാതാവേ! നിൻെറ

www.malankaralibrary.com

ഉദരഫലമായ ഏകജാതൻ, അമർത്യനായി, അപ്രതിഘതനായി, ഉജ്ജ്വലപ്രഭാവനായി ഉയത്തെഴുന്നേററിരിക്കുന്നതു കണ്ടാലും. ഹാലേലൂയ്യാ, ഹാലേലൂയ്യാ, സ്വർഗ്ഗരാജ്ഞീ നിനക്കു സ്വസ്തി!

## ധ്യാനം 113 ഉയർപ്പു കഴിഞ്ഞുള്ള ആദ്യ ഞായറാഴ്ച ഭക്തസ്ത്രീകൾ ഈശോയുടെ ശവകുടീരം സന്ദർശിക്കുന്നു

ഭക്തസ്ത്രീകൾ യേശുവിനോടുള്ള സ്നേഹം നിമിത്തം അതിരാവിലേതന്നെ അവിടുത്തെ ശവകുടീരം സന്ദർശിക്കുന്നതിനായി പോകുന്നു. യേശുവിനെക്കുറിച്ചുള്ള സ്മരണ അവരുടെ ഹൃദയങ്ങളിൽ കുടികൊണ്ടിരുന്നു. അവിടുത്തോടുള്ള അവരുടെ സ്നേഹം ശവകുടീരംവരെ അനുഗമിപ്പാൻ അവരെ പ്രേരിപ്പിച്ചു. ഇതുപോലെയുള്ള സ്നേഹം നിനക്കുണ്ടോ? ഈ സ്മരണ ഇന്ദ്രിയനിഗ്രഹത്തിനും സൽപ്രവൃത്തികൾക്കും നിന്നെ പ്രേരിപ്പിക്കാറുണ്ടോ? നിൻെറ എല്ലാ വേലകളും ഭക്തിതീക്ഷ്ണതയോടും അവിടുത്തെക്കുറിച്ചുള്ള സ്നേഹസ്മരണയോടും കൂടിയാണോ നീ നിർവ്വഹിക്കുന്നതു്?

ഈ സ്ത്രീകളുടെ സ്നേഹം ഉദാരവും ധീരവുമാണ്. ശവകുടീരത്തിൽ പട്ടാളക്കാർ കാവൽ നിന്നിരുന്നെങ്കിലും, കബറിൻെറ വാതില്ക്കൽ അവർക്കു നീക്കുവാൻ കഴിയാത്ത വലിയ കല്ലു് സ്ഥാപിച്ചിരുന്നെങ്കിലും, മൃതശരീരത്തെ പൂശുവാൻ വിലയേറിയ തൈലം കൊണ്ടുവരുവാൻ അവർ ശങ്കിച്ചില്ല. നിൻെറ നല്ല നിശ്ചയങ്ങൾക്കു പ്രതിബന്ധമായി വരുന്ന സകലത്തെയും ധൈര്യപൂർവ്വം തരണം ചെയ്യാൻ അവരുടെ മാതൃക നിന്നെ ഉപദേശിക്കുന്നു. "എന്നെ ശക്തിപ്പെടുത്തുന്നവനിൽ ഞാൻ സകലത്തിനും ശക്തനാകുന്നു." ആദ്ധ്യാത്മികജീവിതത്തിൻെറ എല്ലാ ഘട്ടങ്ങളിലും, ദൈവാശ്രയവും ധൈര്യവുമില്ലാത്തവരുടെ പുരോഗമനത്തെ തടസ്സപ്പെടുത്തുന്ന കല്ലുകളുണ്ടായിരിക്കും. യേശുവിനെ നീ സ്നേഹിക്കുന്ന പക്ഷം, അവിടുത്തെ സേവനത്തിൽ നീ എടുക്കുന്ന ആദ്യചുവടുവയ്പിൽതന്നേ പരിശുദ്ധാത്മാവു ആ പ്രതിബന്ധങ്ങളെയെല്ലാം മാററിത്തരും.

ഈ സ്ത്രീകളുടെ സ്നേഹം ആഴമായ ബഹുമാനത്തോടും വിവേകത്തോടും കൂടിയതായിരുന്നു. അവിടുത്തെ തിരുശരീരത്തെ സുഗന്ധദ്രവ്യംകൊണ്ടു പൂശുവാൻ അവർക്കതിയായ ആഗ്രഹമുണ്ടായിരുന്നെങ്കിലും ന്യായപ്രമാണപരിപാലനാർത്ഥം ശാബതു കഴിയുന്നതുവരെ അവർ നോക്കിപ്പാർക്കുന്നു. നിൻെറ തീഷ്ണതയും, ദ്രുതഗതിയും അലസതയും കൂടാത്തതായിരിക്കണം. യഥാർത്ഥസ്നേഹം തീഷ്ണവും അതേസമയം വിവേകപൂർവ്വകവുമായിരിക്കും. നിൻെറ കർത്തവ്യനിർവ്വഹണത്തിൽ സ്വർഗ്ഗത്തിൽനിന്നുള്ള പ്രകാശം നിന്നെ നയിക്കുന്നതിനും, ദിവ്യസ്നേഹം നിന്നെ പ്രചോദിപ്പിക്കുന്നതിനും നിരന്തരം പ്രാർത്ഥനയിൽ ശരണപ്പെടുക.

www.malankaralibrary.com

## ധ്യാനം 114 ഉയിർപ്പിനുശേഷം രണ്ടാം വാരം—തിങ്കളാഴ്ച

## മാലാഖ ഭക്തസ്ത്രീകൾക്കു കാണപ്പെടുന്നു

"ഋജുബുദ്ധികളായ ഇസ്രായേൽ ജനത്തോടു് ദൈവം എത്ര നല്ലവൻ." (സങ്കീ. 72:1) മാലാഖ ഭക്തസ്ത്രീകളോടു പറയുന്നു. "നിങ്ങൾ ഭയപ്പെടേണ്ട. ക്രൂശിക്കപ്പെട്ടവനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാനറിയുന്നു." (മത്താ. 28:5) യേശുവിനെ അന്വേഷിക്കുന്ന ഒരാത്മാവിനു് യാതൊന്നും ഭയപ്പെടുവാനില്ല. ദൈവം നമ്മോടു കൂടെയുള്ളപ്പോൾ പരീക്ഷയോ, രോഗമോ, ക്ലേശങ്ങളോ ഒന്നും ഭയപ്പെടേണ്ടതില്ല. അവയെല്ലാം അവിടുന്നു് പ്രതിവിധിയുണ്ടാക്കും. വേലയുടെ വിജയം അടങ്ങിയിരിക്കുന്നതു് നമ്മുടെ മാനുഷിക ശക്തിയിലല്ല; പിന്നയോ സർവ്വശക്തൻെറ ആനുകൂല്യത്തിലത്രേ.

മഹത്വീകൃതനായ യേശുവിനെ ദർശിക്കുന്നതിനുവേണ്ടി ക്രൂശിതനായ യേശുവിനെ നീ അന്വേഷിക്കണം. വി. കുരിശിൻെറ വഴിയേക്കാൾ ഉന്നതമോ ഭദ്രതരമോ ആയി മറെറാരു വഴിയില്ല. കുരിശിലാകുന്നു രക്ഷ. കുരിശിലാകുന്നു ജീവൻ. കുരിശെടുത്തുകൊണ്ടു് യേശുവിനെ പിഞ്ചെല്ലുന്നുവെങ്കിൽ നിത്യജീവനിലേക്കു കടന്നുചെല്ലും. (ക്രിസ്തു. II:12) ക്രൂശിൽ മറയ്ക്കപ്പെട്ടിരിക്കുന്ന നിക്ഷേപം കണ്ടെത്തുന്നതിനു് ദൈവീകവിശ്വാസവും ജ്ഞാനവും വേണം. രാത്രിയിൽ അന്വേഷിച്ചതുകൊണ്ടു ഫലമില്ല. ഭക്തസ്ത്രീകളെപ്പോലെ പ്രഭാതത്തിലെ പ്രകാശത്തിൽ അന്വേഷിക്കുക.

ക്രൂശിതനായ യേശുവിനെ ഭക്തസ്ത്രീകൾ അന്വേഷിച്ചു. അവർ ഉയിർത്തെഴുന്നേററ യേശുവിനെ കണ്ടെത്തി. യേശുവിനെ അന്വേഷിക്കുന്നവൻ തീർച്ചയായും അവിടുത്തെ കണ്ടെത്തും. ജീവിതകാലത്തു പൂർണ്ണഹൃദയത്തോടെ യേശുവിനെ അന്വേഷിക്കുന്നപക്ഷം മരണവിനാഴികയിൽ നീ അവിടുത്തെ കണ്ടെത്തും. അപ്പോൾ അവിടുന്നു് നാശമില്ലാത്ത മഹത്വകിരീടം നിനക്കു നല്കും. "ഈശോ മിശിഹായുടെ ഉയിർപ്പുമൂലം, പിതാവായ ദൈവത്തിൻെറ കാരുണ്യാതിരേകത്താൽ സജീവമായ ശരണം നമുക്കു നല്കിയിരിക്കുന്നു. അഗ്നിയിൽ ശോധന ചെയ്യപ്പെട്ട സ്വർണ്ണത്തെക്കാൾ അമൂല്യമാണു് നിങ്ങളുടെ വിശ്വാസം. അതു് മ്ശിഹാ പ്രത്യക്ഷപ്പെടുന്ന അവസരത്തിൽ നിങ്ങൾക്കു പ്രശംസയ്ക്കും മഹത്വത്തിനും, ബഹുമാനത്തിനും നിദാനമായി ഭവിക്കും" (പത്രോ. 1:7).

## ധ്യാനം 115 ഉയിർപ്പിനുശേഷം രണ്ടാം വാരം—ചൊവ്വാ

## വി. സ്ത്രീകൾ ശവക്കല്ലറയിൽ പ്രവേശിക്കുന്നു

"നിങ്ങൾ ഭയപ്പെടേണ്ട." (മർക്കോ. 16:6) എന്നു് ഭക്തസ്ത്രീകൾ കല്ലറയിൽ പ്രവേശിച്ചപ്പോൾ മാലാഖ അവരോടു പറഞ്ഞു. ശ

www.malankaralibrary.com

വകുടീരം വിശ്രമത്തിനുള്ള സ്ഥലമാകുന്നു. പൊതുഉയപ്പുവരെ നമ്മുടെ ശരീരം അവിടെ സ്ഥിതിചെയ്യും. ഭാഗ്യകരമായ നിത്യതയിലേക്കുള്ള വാതിലാണതു്. മരണത്തിന്മേലുള്ള തൻെറ വിജയംമൂലം ദിവ്യരക്ഷകൻ അതു നമുക്കായി തുറന്നുതന്നു. നിത്യജീവിതത്തിലേക്കുള്ള വാതിലാകകൊണ്ടു്, ശവകുടീരത്തിലെ അന്ധകാരവും പൊടിപടലവും എന്തിനു ഭയപ്പെടണം?

ഈശോമിശിഹായിൽ ജ്ഞാനസ്നാനം സ്വീകരിച്ചവരായ നാം അവിട്ടത്തെ മരണത്തിൽ പങ്കുകാരാകാൻ വേണ്ടിയാണു് ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്നതെന്നു് നിങ്ങൾക്കറിഞ്ഞുകൂടെ? ജ്ഞാനസ്നാനംവഴി അവിട്ടത്തോടുകൂടെ മൃതരായി നാം സംസ്കരിക്കപ്പെടുന്നു. മ്ശിഹാ മരണാനന്തരം പിതാവിൻെറ മഹത്വത്തോടെ ഉയത്തെഴുന്നേററു പുതിയ ജീവനിൽ പ്രവേശിച്ചതുപോലെ, നാമും പുതിയ ജീവിതം നയിക്കണം. ഇനിമേൽ പാപത്തിനു പാദസേവ ചെയ്യാതിരിക്കത്തക്കവിധം, പാപശരീരത്തെ നശിപ്പിക്കാൻവേണ്ടി നമ്മിലുള്ള പഴയ മനുഷ്യനെ അവിട്ടത്തോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ'' (റോമ. 6:3–൬) ശവകുടീരത്തിൽ മറഞ്ഞിരിക്കുന്നവൻ ലോകനന്മകൾക്കുവേണ്ടി ഒരു വ്യഗ്രതയും കാണിക്കുന്നില്ല. അവൻ പൂർണ്ണമായി ഇന്ദ്രിയനിഗ്രഹം പാലിക്കും.

നമ്മുടെ ഉയപ്പിനു് അച്ചാരമായി, നാം സ്വീകരിക്കുന്ന യേശുമിശിഹായുടെ തിരുശരീരം അൾത്താരയിൽ മരണാവസ്ഥയിലാണു് സ്ഥിതിചെയ്യുന്നതു്. നിൻെറ ഹൃദയം ഈ വിലമതിയാത്ത നിക്ഷേപം സൂക്ഷിക്കുന്ന ശവകുടീരമായിരിക്കണം. ആത്മാവിൻെറ വിശുദ്ധിയും നിഷ്കളങ്കതയും അവിട്ടത്തെ വക്കശീലയും, പുണ്യസൗരഭ്യം അവിട്ടത്തെ പൂശുന്നതിനുള്ള സുഗന്ധദ്രവ്യവുമായിരിക്കട്ടെ. നിൻെറ ഹൃദയം അവിട്ടത്തെ ദിവ്യസ്നേഹത്താൽ മുദ്രിതമായിരിക്കണം. പെസഹാകാലം കടന്നുപോക്കിൻെറ കാലമാണല്ലോ. തിന്മയിൽനിന്നു നന്മയിലേക്കും, അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും, ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കുമുള്ള കടന്നുപോക്കു്. സ്വർഗ്ഗത്തിൽ ദൈവമഹത്വത്തിൻെറ പ്രകാശധോരണിയിൽ ദൈവപുത്രനെ നീ ദർശിക്കും.

## ധ്യാനം 116 ഉയർപ്പിനുശേഷം രണ്ടാംവാരം–ബുധനാഴ്ച

## വി. പത്രോസും യോഹന്നാനും ശവകുടീരത്തിലേക്കു പോകുന്നു

അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾതന്നേ മഗ്ദലനമറിയം കല്ലറയുടെ അടുക്കലെത്തി. കല്ലറയുടെ വാതില്ക്കൽനിന്നു കല്ലു മാററിയിരിക്കുന്നതായി അവൾ കണ്ടു. അവൾ ഓടിപ്പോയി, പത്രോസിൻെറയും യോഹന്നാൻെറയും അടുത്തുചെന്നു പറഞ്ഞു. "കർത്താവിനെ അവർ കല്ലറയിൽ നിന്നെടുത്തുകൊണ്ടു പോയിരിക്കുന്നു; എവിടെവെ

www.malankaralibrary.com

ച്ചു എന്നെനിക്കറിഞ്ഞുകൂടാ." (യോഹ. 20:1–2) തക്ക ന്യായംകൂടാതെ അല്പംകൊണ്ടു വിശ്വസിച്ചു പോകരുതു്. എന്നാൽ നിൻെറ അഭിപ്രായത്തോടു് അധികമായി പററിച്ചേരുകയുമരുതു്.

"പത്രോസും മറേറ ശിഷ്യനും പുറപ്പെട്ടു ശവക്കല്ലറയിലേക്കു വന്നു." (യോഹ. 20:3) സന്തോഷം ഓടിപ്പോകുവാൻ അവരെ പ്രേരിപ്പിച്ചു. ഈ സന്തോഷം ഗുരുവിൻെറ നേരേ അവർക്കുണ്ടായിരുന്ന സ്നേഹത്തിൻെറയും, ഉയപ്പിൽ അവർക്കുണ്ടായിരുന്ന വിശ്വാസത്തിൻെറയും ഫലമാണു്. "സ്നേഹിക്കുന്നവൻ പറക്കുന്നു; ഓടുന്നു; ആനന്ദിക്കുന്നു. ഒന്നിനാലും അവൻ ബന്ധിതനല്ല. ശവക്കല്ലറയിലേക്കു് ഓടുന്ന ശിഷ്യന്മാരെ അനുകരിക്കുക. എളിമയും പരസ്നേഹവും അഭ്യസിക്കുവാൻ അവസരമുണ്ടാകുമ്പോൾ എല്ലാവർക്കും മുമ്പനായിരിക്കുക.

"അവർ ഇരുവരും ഒരുമിച്ചോടി. മറേറ ശിഷ്യൻ പത്രോസിനേക്കാൾമുമ്പു് ശവക്കല്ലറയിൽ വന്നു. എങ്കിലും അകത്തുകടന്നില്ല. പത്രോസു് വന്നു് അകത്തു പ്രവേശിച്ചു. ഒരു ചണവസ്ത്രം അവിടെ ചുരുട്ടിവച്ചിരിക്കുന്നതു് അദ്ദേഹം കണ്ടു. ആദ്യം ശവകുടീരത്തിലെത്തിയ ശിഷ്യനും പിന്നീടു് അകത്തു പ്രവേശിച്ചു് ഇവയെല്ലാം കണ്ടു വിശ്വസിച്ചു." (യോഹ. 20:4–8) ശവക്കല്ലറവരെ—പൂർണ്ണതയിൽ എത്തുന്നതുവരെ—നാം ഓടിക്കൊണ്ടിരിക്കണം. പുരോഗമനത്തിനനുസരണമായി എളിമപ്പെടുകയും വേണം.

## ധ്യാനം 117 ഉയർപ്പിനുശേഷം രണ്ടാംവാരം—വ്യാഴാഴ്ച
## യേശു മറിയം മഗ്ദലേനയ്ക്കു പ്രത്യക്ഷപ്പെടുന്നു

പ. കന്യകമറിയാമിനുശേഷം ആദ്യമായി ഉയിർത്തെഴുന്നേററ ഈശോയെ കാണ്മാൻ കഴിഞ്ഞ അനുതാപിയായ മഗ്ദലേനാപുണ്യവതിയുടെ ഭാഗ്യത്തെപ്പററി ചിന്തിക്കുക. ഭക്തിയുടെയും സ്നേഹത്തിൻെറയും കണ്ണുനീർത്തുള്ളികൾ, യേശുവിനെ ഉയപ്പിൻ മഹത്വത്തിൽ കാണുവാൻ അവളെ അർഹയാക്കി. അവളുടെ സ്നേഹം സുസ്ഥിരവും എല്ലാ പ്രതിബന്ധങ്ങളെയും ജയിക്കുന്നതുമാണു്. അവളുടെ ഏകസ്നേഹവിഷയമായ യേശുവിനു മാത്രമേ അവളെ ആശ്വസിപ്പിക്കാൻ കഴിയൂ. കാലവിളംബം അവളുടെ ആഗ്രഹത്തെ വർദ്ധിപ്പിക്കുകയാണുണ്ടായതു്. അതിനാൽ അവളുടെ ആഗ്രഹം ആനന്ദമായി പകന്നു. നിൻെറ ആഗ്രഹം ഇതുപോലെ തീക്ഷ്ണവും കാര്യക്ഷമവുമാണോ?

മഗ്ദലേന ശവക്കല്ലറയ്ക്കു പുറത്തു് കരഞ്ഞുകൊണ്ടുനിന്നു...... അവർ എൻെറ നാഥനെ എടുത്തുകൊണ്ടുപോയി...... എവിടെവച്ചു എന്നു ഞാനറിയുന്നില്ല. (യോഹ. 20:11–13) ഒരു നിസ്സാരസാധനം നഷ്ടപ്പെട്ടപ്പോൾ നാം ദുഃഖിക്കുന്നു. യേശു നഷ്ടപ്പെടുന്നതിനെപ്പററി ഒരു വിചാരവുമില്ലതാനും. അവർ അവിടുത്തെ എവിടെവെച്ചു എന്നു് നിനക്കറിവില്ലാതിരുന്നിട്ടും നീ അവിടുത്തെ അന്വേഷിക്കുന്നില്ല.

www.malankaralibrary.com

നിന്നിൽ എളിമ, ക്ഷമ, ഇന്ദ്രിയനിഗ്രഹം, പരസ്നേഹം മുതലായവ ഭരണം നടത്തുന്നെങ്കിൽ അവിടെ അവിടുന്നുണ്ട്. ഇവയില്ലെങ്കിൽ അവിടുത്തെ നിനക്കു ലഭിക്കുകയില്ല. അവിടുത്തെ എവിടെയാണ് വച്ചതെന്നറിഞ്ഞാൽ ഞാൻ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം...... ഒന്നും അവൾക്കു പ്രയാസമായി തോന്നുന്നില്ല. ഇതാണ് സ്നേഹത്തിന്റെ ഫലം.

"മറിയാമേ" എന്നുള്ള ഒററവാക്ക് അവളെ ആനന്ദതുന്ദിലയാക്കി. 'റബൂനി' എന്നുപറഞ്ഞ് അവൾ യേശുവിന്റെ പാദത്തിൽ വീഴുന്നു. യേശുവിന്റെ തിരുഹൃദയം എത്ര ആർദ്രം. അവൾ അവിടുത്തെ തൃപ്പാദങ്ങളെ ആശ്ലേഷിക്കുവാൻ ആഗ്രഹിച്ചെങ്കിലും അവിടുന്ന് അവളെ വിലക്കിക്കൊണ്ട് പറഞ്ഞു. "ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കരേറിയിട്ടില്ല. നീ എന്റെ സഹോദരന്മാരുടെ അടുക്കൽപോയി ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുക്കലേക്കു കരേറിപ്പോകുന്നു എന്നുപറയുക." (യോഹ. 20:17) യേശുവിനോടുള്ള സ്നേഹം അടങ്ങിയിരിക്കുന്നത് ദൈവീകാശ്വാസങ്ങളിലല്ല; പ്രത്യുത കീഴ്വഴക്കത്തിലും അയല്ക്കാരോടുള്ള സ്നേഹത്തിലുമാണ്. സ്വന്ത ആത്മീയാശ്വാസം ഉപേക്ഷിച്ച് സഹോദരന്മാരെ ആശ്വസിപ്പിക്കാൻ പോകുന്നതിൽ ചഞ്ചലപ്പെടണ്ടാ. ദൈവത്തെപ്രതി ഉപേക്ഷിക്കുന്നത് അനേക മടങ്ങായി തിരികെ കിട്ടും.

## ധ്യാനം 118 ഉയർപ്പിശേഷം രണ്ടാംവാരം–വെള്ളിയാഴ്ച

## ഈശോ ഭക്തസ്ത്രീകൾക്കു കാണപ്പെടുന്നു

"യേശു അവക്ക് കാണപ്പെട്ട് നിങ്ങൾക്കു സമാധാനം എന്നരുളിചെയ്തു." (മത്താ. 28:9) എത്രയോ പ്രാവശ്യം യേശു നിനക്കു കാണപ്പെട്ട് നിന്റെ കാര്യത്തിൽ ശ്രദ്ധാലുവാണെന്നു തെളിയിച്ചിരിക്കുന്നു. അനുസരണം ആവശ്യപ്പെടുന്ന സ്ഥലത്തേക്ക് നീ പോകുമ്പോൾ, നിന്റെ അദ്ധ്വാനങ്ങളെ ആശീർവ്വദിക്കാൻ യേശു അവിടെ പ്രത്യക്ഷനാകുന്നു. പ്രാത്ഥനയ്ക്കായി നീ പോകുമ്പോൾ, വിശുദ്ധ വിചാരങ്ങളും ഇന്ദ്രിയനിഗ്രഹത്തിനുള്ള ആഗ്രഹവും നിന്നിലുളവാകുമ്പോൾ അവിടുന്ന് നിനക്ക് പ്രത്യക്ഷനാകയും, അങ്ങയുടെ സാന്നിദ്ധ്യത്താൽ നിന്നെ ബഹുമാനിക്കയും ചെയ്യുന്നു. "നിന്റെ രക്ഷയും സന്തോഷവും ഞാനാകുന്നു." അവിടുന്ന് നിന്നോടു പറയുന്നു. തന്റെ ഉള്ളിൽ കർത്താവു സംസാരിക്കുന്നതിനെ ശ്രവിക്കുന്ന ആത്മാവ് ഭാഗ്യമുള്ളത്.

"അവർ അടുത്തുവന്ന് അവിടുത്തെ തൃപ്പാദങ്ങളിൽ കെട്ടിപ്പിടിച്ച് ആശ്ലേഷിച്ചു." (മത്താ. 28:9) അവിടുന്ന് സ്വതേ പ്രത്യക്ഷപ്പെടാത്തപക്ഷം ആക്കും അവിടുത്തെ സമീപിക്കാൻ സാധിക്കയില്ല. ദൈവം തന്റെ കൃപ നല്കുമ്പോൾ അവിടുത്തോടു നാം സഹകരിക്കണം. അല്ലാഞ്ഞാൽ ആ ദാനം നഷ്ടപ്പെട്ടുപോകും. ദൈവതിരുമുമ്പിൽ തന്നെ

www.malankaralibrary.com

ത്താൻ താഴ്ത്തുകയും, എല്ലാ പ്രവൃത്തികളും ദൈവമഹത്വത്തിനായി നിർവ്വഹിക്കയും ചെയ്യു. അതുകൊണ്ടു നിനക്കു പ്രയോജനമുണ്ടാകും. നിന്നെക്കുറിച്ചുതന്നെയുള്ള വെറുപ്പിൽ നീ സുസ്ഥിരനായിരിക്കുന്നപക്ഷം ഏററം വലിയ സമാധാനം നിനക്കുണ്ടാകും; എല്ലാത്തരം ഭയത്തിൽനിന്നും നീ സ്വതന്ത്രനായിരിക്കും. സ്വയസ്നേഹം നിന്നിൽ നിർമ്മൂലമാകും.

ഭക്തസ്ത്രീകളോടു കർത്താവു പറയുന്നു: "ഭയപ്പെടേണ്ടാ" എന്നു്. മഗ്ദലേനായോടു് "തന്നെ തൊടരുതെന്നും". രണ്ടു സന്ദർഭങ്ങളിലും അവിടുന്നു് ഒരുപോലെ നന്മസ്വരൂപിയാകുന്നു. വിവേകരഹിതമായ തീക്ഷ്ണത ദൈവത്തിനു് അപ്രീതിജനകമാണെന്നും, അവിടുത്തേക്കു് അർഹമായ ബഹുമതി നല്കുവാൻ ഒരിക്കലും മറന്നുപോകരുതെന്നും അവിടുന്നു് നമ്മെ ഓർപ്പിക്കുന്നു. എന്നാൽ അമിതമായ ഭയത്തിനു നാം അടിമകളാകയുമരുതു്. അവിടുന്നു് സമാധാനത്തിൻെറയും ശാന്തതയുടെയും സ്നേഹിതനാകുന്നു. ഈവിധമുള്ള ഒരുക്കത്തോടെ വേണം ദൈവീക അരുളപ്പാടുകൾക്കുവേണ്ടി നാം അവിടുത്തെ സമീപിക്കുവാൻ. നിൻെറ ആഗ്രഹപ്രകാരം എല്ലാ കാര്യങ്ങളും നടക്കുമ്പോൾ നിൻെറ ജീവിതം പൂർണ്ണമായി എന്നു കരുതണ്ട. അവിടുന്നു് നിനക്കു് ഐന്ദ്രിയസന്തോഷം നല്കുമ്പോൾ ദൈവത്താൽ പ്രത്യേകവിധം സ്നേഹിക്കപ്പെടുന്നു എന്നും കരുതണ്ട. ആദ്ധ്യാത്മിക മനുഷ്യൻെറ പൂർണ്ണത ഹൃദയത്തെയും മനസ്സിനെയും പൂർണ്ണമായി ദൈവത്തിനു പ്രതിഷ്ഠിക്കയും, ദൈവത്തിൽനിന്നു വരുന്ന സകലത്തെയും ഒരേവിധ നന്ദിയോടെ സ്വീകരിക്കയും ചെയ്യുന്നതിലത്രെ അടങ്ങിയിരിക്കുന്നതു്. അപ്പോൾ ഈശോ ആ ആത്മാവിനു് തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുകയും ദിവ്യമായ സന്തോഷവും പ്രകാശവും അതിനനുഭവമാക്കിക്കൊടുക്കുകയും ചെയ്യും.

## ധ്യാനം 119 ഉയർപ്പിനുശേഷം രണ്ടാംവാരം–വെള്ളിയാഴ്ച

## ഈശോ പത്രോസിനും യാക്കോബിനും പ്രത്യക്ഷപ്പെടുന്നു.

"കർത്താവു സത്യമായി ഉത്ഥാനം ചെയ്തു. ശെമ്ഓനു പ്രത്യക്ഷനാകയും ചെയ്തു." (ലൂ: 24:34) പിന്നീടു് അവിടുന്നു് യാക്കോബിനും മററു് അപ്പസ്തോലന്മാർക്കും കാണപ്പെട്ടു. (1കൊ. 15:7) നമ്മുടെ കർത്താവു് ആദ്യമായി പത്രോസിനു കാണപ്പെട്ടു എന്നാണു് വി. പിതാക്കന്മാരുടെ അഭിപ്രായം. അദ്ദേഹത്തിൻെറ സ്ഥാനമാഹാത്മ്യം അതിനു് അദ്ദേഹത്തെ അർഹനാക്കി എന്നാണു് വി. ക്രിസോസ്റ്റം പറയുന്നതു്. ദിവ്യഗുരുവിൻെറ നേരെയുള്ള അദ്ദേഹത്തിൻെറ തീക്ഷ്ണമായ സ്നേഹവും, സ്വന്തപാപത്തെക്കുറിച്ചുള്ള അനുതാപവും ഈ പ്രത്യേക അവകാശത്തിനു് അദ്ദേഹത്തെ അർഹനാക്കി എന്നു് വി. ബർണാർദ്ദും പറയുന്നുണ്ടു്.

www.malankaralibrary.com

പിന്നീട്ട് അവിട്ടന്ന് യാക്കോബിനും മറെറല്ലാ അപ്പസ്തോലന്മാക്കും കാണപ്പെട്ടു. വി. യാക്കോബിനു ലഭിച്ച ഈ ആനുകൂല്യം അദ്ദേഹത്തിൻെറ ജീവിതവിശുദ്ധി, അനിതരസാധാരണമായ പ്രാത്ഥനാരൂപി ആദിയായവയുടെ പ്രതിഫലമായിരുന്നു. "ദൈവത്തോടടുക്കുക; അവിട്ടന്ന് നിന്നോടടുത്തുവരും." നിൻെറയുള്ളിൽ ഈശോയ്ക്കു യോജ്യമായ ഒരു വസതിയൊരുക്കുക; മറെറല്ലാത്തിനെയും അവിടെനിന്നു ദൂരീകരിക്കുക. ഇവിടെ നിനക്കു് സ്ഥിരമായ ഒരു വസതിയില്ല. ഇവിടെ യേശുവിനോടു യോജിച്ചിരിക്കാത്തപക്ഷം പരത്തിലും നിനക്കാശ്വാസമുണ്ടാകയില്ല.

ദൈവകൃപയോട്ട് അപ്പോസ്തലന്മാർ ഏതുവിധം സഹകരിക്കുന്നു എന്നു കാണുക. വി. പത്രോസ്സ് അദ്ദേഹത്തിനു ലഭിച്ച കൃപയെ മററുള്ളവക്കു പകന്നുകൊടുക്കുന്നു. "നീ ഒരിക്കൽ തിരിഞ്ഞുവന്നശേഷം നിൻെറ സഹോദരന്മാരെ ഉറപ്പിക്കുക." (ലൂ. 22:32) എന്നുള്ള കത്തൃകല്പനയെ വി. പത്രോസ്സ് അനുവത്തിക്കുന്നു. നേരെമറിച്ച് വി. യാക്കോബ് തനിക്കു ലഭിച്ച അനുഗ്രഹത്തെ മൗനത്തിൽ അടക്കിവയ്ക്കുന്നു. അയല്ക്കാരൻെറ നന്മയ്ക്കായി വെളിപ്പെടുത്താൻ നിനക്കു കടമയില്ലെങ്കിൽ, നിനക്കു ലഭിക്കുന്ന സ്വഗ്ഗീയാനുഗ്രഹങ്ങളെ മറച്ചു കൊള്ളണമെന്ന് ഇതിൽനിന്നു നാം പഠിക്കുന്നു. നമ്മുടെ കത്താവു് വി. പത്രോസിനു പ്രത്യക്ഷനായതുപോലെ, പലപ്പോഴും സുപ്പീരിയേഴ്സിന് പ്രത്യക്ഷനായി, തങ്ങളുടെ കീഴുള്ളവരെ നേരായ മാഗ്ഗത്തിൽ നയിക്കാനുള്ള അനുഗ്രഹം നല്കാറുണ്ട്. അവക്കു പൂണ്ണമായി കീഴ്പ്പെടണം.

## ധ്യാനം 120 ഉയർപ്പിനുശേഷം രണ്ടാം ഞായർ

## ഈശോ നല്ല ഇടയനടുത്ത ചുമതല നിവ്വഹിക്കുന്നു

"എനിക്കുള്ളതിനെ ഞാനറിയുന്നു." (യോഹ. 10:14) ഏതിടയനും തൻെറ ആടുകളെ അറിയണം. അല്ലാത്തപക്ഷം അവയെനടത്താൻ സാദ്ധ്യമല്ല. മററുള്ളവർ ബാഹ്യവശത്തുനിന്നു മാത്രം ആടുകളെ അറിയുന്നു. എന്നാൽ യേശുവോ ആടുകളുടെ ആന്തരീയ വശത്തുനിന്നും അവയെ അറിയുന്നു. നമ്മുടെ ഹൃദയവിചാരങ്ങളെയും അവിട്ടന്ന് അറിയുന്നുണ്ട്. സ്നേഹം, എളിമ, ക്ഷമ, ദൈവസേവനതല്പരത എന്നിവയെല്ലാം നിന്നിൽ കാണുവാൻ അവിട്ടന്ന് ആഗ്രഹിക്കുന്നു. കത്താവേ, ഞാൻ അങ്ങയാൽ അറിയപ്പെടുന്നില്ലെങ്കിൽ മററുള്ളവരാൽ അറിയപ്പെടുന്നതുകൊണ്ടെന്തു പ്രയോജനം? അങ്ങയെ അറിയുകയും അങ്ങയാൽ അറിയപ്പെടുകയും ചെയ്യാനുള്ള ഭാഗ്യം എനിക്കു നല്കണമേ.

"എനിക്കുള്ളവ എന്നെയും അറിയുന്നു." (യോഹ. 10:14) തൻെറ തെരഞ്ഞെടുക്കപ്പെട്ടവരെകുറിച്ചുള്ള അറിവ് അവരുടെ നിത്യഭാഗ്യത്തിന് ഒഴിച്ചുകൂടാത്തതായിരിക്കുന്നതുപോലെ, അവിട്ടത്തെ ക

www.malankaralibrary.com

റിച്ചുള്ള അവരുടെ അറിവും അത്യന്താപേക്ഷിതമാണ്. കേവലം താത്വികമായ അറിവല്ല, ഇവിടെ ഉദ്ദേശിക്കുന്നതു്. പിന്നയോ ശക്തിമത്തും പ്രകാശമാനവും പ്രായോഗികവുമായ ജ്ഞാനമാകുന്നു. മനുഷ്യൻെറ നിലനില്പ് രക്ഷിതാവിൻെറ നേരെയുള്ള സ്നേഹത്തെയും ബഹുമാനത്തെയും ആശ്രയിച്ചിരിക്കുന്നു. ഓ, ദിവ്യയേശുവേ, അങ്ങയെ യഥാർത്ഥമായി അറിയുന്നതിനും അങ്ങയുടെ ദൃഷ്ടാന്തവും ഉപദേശവും അനുസരിച്ചു ലൗകികവസ്തുക്കളെ വെറുക്കുന്നതിനുമുള്ള അനുഗ്രഹം എനിക്കു തരണമേ.

എൻെറ ആടുകൾക്കുവേണ്ടി ഞാൻ എൻെറ ജീവൻ വയ്ക്കുന്നു. (യോഹ. 10:15) നമ്മുടെ വീണ്ടെടുപ്പുവില നല്കാൻ യേശുവിനു മാത്രമേ കഴികയുള്ളു. നമ്മുടെ വീണ്ടെടുപ്പു വിലയായി സ്വന്തം ജീവനെവച്ച അവിടുത്തെപോലെ സ്നേഹമുള്ള ഒരിടയനെ വേറെ എവിടെ കണ്ടെത്താൻ കഴിയും? ആടുകൾക്കുവേണ്ടി ജീവൻ വയ്ക്കുക മാത്രമല്ല, അവിടുന്നു് ചെയ്തതു്. പിന്നെയോ വഴിതെററിപ്പോയ ആടിനെ കണ്ടുപിടിച്ചു് ആലയിലേക്കു കൊണ്ടുവരുന്നതിനും അവിടുന്നു് മുമ്പോട്ടിറങ്ങുന്നു. കപടവും കടന്നുപോകുന്നതുമായ സന്തോഷങ്ങളെ പിന്തുടരുന്നതു് കൈപ്പും മടുപ്പുമായിരിക്കും. അവിടുന്നാകട്ടെ ക്ഷയിച്ചുപോകാത്ത സന്തോഷങ്ങളിലേക്കു നമ്മെ ക്ഷണിക്കയത്രേ ചെയ്യുന്നതു്.

## ധ്യാനം 121 ഉയിർപ്പിനുശേഷം മൂന്നാം വാരം—തിങ്കളാഴ്ച

### ഈശോ എമ്മാവൂസിലേക്കു പോകുന്ന ശിഷ്യന്മാർക്കു കാണപ്പെടുന്നു.

ഈ ശിഷ്യന്മാർ മററ് അപ്പോസ്തലന്മാരിൽനിന്നും വേർപ്പെട്ടതു നിമിത്തം അവരുടെ വിശ്വാസം, പ്രത്യാശ, സ്നേഹം, എന്നിവ നഷ്ടപ്പെടാനിടയായി. കബറിടം സന്ദർശിക്കയും കർത്താവിൻെറ ഉയിർപ്പിനെപ്പററി ഉറപ്പു നല്കുകയും ചെയ്ത ഭക്തസ്ത്രീകളെയോ, അപ്പോസ്തലന്മാരെയോ അവർ വിശ്വസിച്ചില്ല. അവരുടെ പ്രത്യാശ പതറിപ്പോയിരുന്നെങ്കിലും അവിടുത്തെക്കുറിച്ചുള്ള സ്നേഹവും മതിപ്പും അവരിൽ ശേഷിച്ചിരുന്നു. അതുകൊണ്ടു് "വാക്കിലും പ്രവൃത്തിയിലും ശക്തനായ ഒരു പ്രവാചകൻ" എന്ന നിലയിൽ അവിടുത്തെക്കുറിച്ചവർ സംസാരിക്കുന്നു. ക്ലേശങ്ങളുടെ അവസരങ്ങളിൽ ഭക്ത്യാഭ്യാസങ്ങൾ മുടക്കിക്കളയുന്നതു് ആപല്ക്കരമാണ്. അങ്ങനെയുള്ള അവസരങ്ങളിലാണ് കൂടുതലായി ദൈവത്തോടു പററിച്ചേരേണ്ടതു്.

ഒരു ചെറിയ പ്രയാസം കാണുമ്പോൾ മനുഷ്യഹൃദയം അറച്ചു മാറുന്നു. അതിനു് ഒരു ദൃഷ്ടാന്തമാണ്, ഈ ശിഷ്യന്മാരിൽ കാണുന്നതു്. മൂന്നുദിവസം കഴിഞ്ഞു് ഉയർത്തെഴുന്നേല്ക്കുമെന്നാണ് അവിടുന്നു് പറഞ്ഞിരുന്നതു്. അത്രത്തോളം നോക്കിപ്പാർക്കാൻ അവർക്കു കഴിഞ്ഞില്ല. അവർ അപ്പോസ്തലന്മാരുടെ കൂട്ടത്തിൽനിന്നു വിട്ടുപോകുന്നു. ന

www.malankaralibrary.com

ല്ലയിടയൻ അവരെ കൂട്ടിക്കൊണ്ടു വന്നില്ലായിരുന്നെങ്കിൽ അവർ അപ്പോസ്തലസംഘത്തിൽ തിരികെ വരികയില്ലായിരുന്നു. ലൗകികകാര്യങ്ങൾ വിജയിക്കാതെ വരുമ്പോൾ ഈ വലിയ അക്ഷമത നമുക്കുണ്ടാകാറില്ല. ആത്മീയകാര്യങ്ങളിലാണ് ഇതു നമുക്കു കൂടുതൽ ശല്യമുണ്ടാക്കുന്നതു്. അതെത്ര നിർഭാഗ്യകരം!

"പ്രവാചകവചനങ്ങൾ വിശ്വസിക്കാൻ കഴിയാതെ പോയ മന്ദബുദ്ധികളേ, മഹത്വത്തിലെത്തുന്നതിനുമുമ്പ് മിശിഹാ ഇവയെല്ലാം സഹിക്കേണ്ടിയിരുന്നില്ലേ." (ലൂ. 24:25–26) ക്രൂശിന്റെ പാഥയിൽ കൂടെയല്ലാതെ മറേറതെങ്കിലും പന്ഥാവിൽക്കൂടെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാമെന്നു കരുതേണ്ട. ക്ഷമ, എളിമ, ഇന്ദ്രിയനിഗ്രഹം, സ്വേച്ഛാവർജ്ജന ആദിയായവയാണ് അതിനുള്ള ഉപാധികൾ. ഈ സത്യത്തെപ്പററി സദാ ബോധവാനായിരിക്കണം.

## ധ്യാനം 122 ഉയർപ്പിനുശേഷം മൂന്നാംവാരം—ചൊവ്വ

## ഈശോ ഇരുശിഷ്യന്മാരുടെ നേരെ ഇടയനടുത്ത ജോലി നിർവ്വഹിക്കുന്നു.

അവർ ഇങ്ങനെ സംസാരിക്കയും തർക്കിക്കയും ചെയ്തുകൊണ്ടു പോയപ്പോൾ, യേശു അവരെ സമീപിച്ച് അവരോടുകൂടെ നടന്നു പോയി. അവരുടെ നയനങ്ങൾ ബന്ധിതങ്ങളായിരുന്നതിനാൽ അവക്ക് അവിടുത്തെ തിരിച്ചറിയാൻ കഴിഞ്ഞില്ല. (ലൂ. 24:15, 16) അവിടുന്ന് അവരുടെ ബലഹീനതയിൽ സഹതപിച്ചുകൊണ്ടും, കഴിവിനൊത്തവണ്ണം അവരുടെ ബുദ്ധിയെ തെളിയിച്ചുകൊണ്ടും അവരോടൊത്തു നടന്നു. ഇത്ര നല്ല ഗുരുവിനെ ലഭിച്ച ശിഷ്യന്മാർ ഭാഗ്യവാന്മാർ! കൃപയുടെ ഫലദായകത്വം, ദൈവാത്മാവിന്റെ കരുണാമസൃണമായ സ്വയം താഴ്ത്തലിൽ അടങ്ങിയിരിക്കുന്നു. അതു മനുഷ്യന്റെ മനസ്സിനോടിണങ്ങിച്ചേർന്നു ഹൃദയത്തെ വശീകരിക്കയും, അവന്റെ സ്വാതന്ത്ര്യത്തെ ഹേമിക്കാതെ സമ്മതം സമ്പാദിക്കയും ചെയ്യുന്നു.

നല്ലയിടയന്റെ ബോധജ്ഞാനം ഈ ശിഷ്യരോട് അനുവർത്തിക്കുന്ന നയം സൂക്ഷിച്ചു വീക്ഷിക്കുക. അവിടുന്ന് അലച്ചിലിൽ നിന്ന് അവരെ പിന്തിരിപ്പിച്ച്, അവക്കു നല്ലവാനിരിക്കുന്ന ദാനത്തിന് അവരെ ഒരുക്കുന്നു. "എന്തിനെപ്പററിയാണ് നിങ്ങൾ നടന്നുസംസാരിക്കയും ദുഃഖിക്കയും ചെയ്യുന്നതു്". എന്നു ചോദിച്ചുകൊണ്ടു് തന്റെ മരണത്തെക്കുറിച്ചു ചോദിപ്പാൻ അവസരമുണ്ടാക്കുന്നു. പ്രവാചകവചനങ്ങളെ വിശ്വസിക്കാൻ കഴിയാതെപോയ മന്ദബുദ്ധികളേ, എന്നുള്ള സംബോധന കോപദ്യോതകമല്ല; പിന്നെയോ സ്നേഹത്തിന്റെ ശാസനയാണ്. അവിടുന്ന് സുഖപ്പെടുത്താൻവേണ്ടി മുറിപ്പെടുത്തുന്നവനാണ്.

www.malankaralibrary.com

അവർ പോകേണ്ടിയിരുന്ന സ്ഥലത്തെ സമീപിച്ചപ്പോൾ അവിടുന്നു മുമ്പോട്ടുപോകുന്ന ഭാവം കാണിച്ചു. അപ്പോൾ അവർ നിർബ്ബന്ധപൂർവ്വം അപേക്ഷിച്ചു, തങ്ങളോടുകൂടെ രാത്രി കഴിച്ചുകൂട്ടണമെന്നു്. കടന്നുപോകുന്നതായി അവിടുന്നു് ഭാവിച്ചാലും നാം നിർബ്ബന്ധിച്ചു താമസിപ്പിക്കയാണു വേണ്ടതെന്നു വി. ബർണാർഡു പറയുന്നു. "പിന്നീടു് അവരോടുകൂടെ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കവേ, അവിടുന്നു് അപ്പമെടുത്തു് ആശീർവ്വദിച്ചു മുറിച്ചു് അവർക്കു കൊടുത്തു. തൽക്ഷണം അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു് അവിടുത്തെ അവർ തിരിച്ചറിഞ്ഞു. (ലൂ. 24:30, 31) ദൈവത്തിങ്കലേക്കു് അവരെ ആനയിക്കുന്നതിനും കുരിശിൻെറവഴി അവരെ പഠിപ്പിക്കുന്നതിനുമായി യേശു ഒരു വഴിയാത്രക്കാരൻെറ വേഷത്തിൽ അവർക്കു പ്രത്യക്ഷപ്പെടുന്നു. കർത്തവ്യബോധത്തിലേക്കു് അവരെ ആനയിക്കുന്നതിനു് അവിടുന്നു് എന്തുതന്നെ ചെയ്യുകയില്ല! അവിടുന്നു് എല്ലാവർക്കും എല്ലാമായിതീരുന്നു. അവിടുത്തെ ഏതാദൃശ്യമായ സ്നേഹാർദ്രത എത്രയോ പ്രാവശ്യം നിനക്കു് വെളിപ്പെട്ടിരിക്കുന്നു!

## ധ്യാനം 123 ഉയിർപ്പിനുശേഷം മൂന്നാംവാരം—ബുധനാഴ്ച

## ഈശോ ഇരുശിഷ്യന്മാർക്കു് ഒരു അന്യനും തീർത്ഥാടകനുമായി കാണപ്പെടുന്നു

യേശു ശിഷ്യന്മാർക്കു കാണപ്പെടുന്നുവെങ്കിലും, അവർ അവിടുത്തെ തിരിച്ചറിയുന്നില്ല. അവർ ചോദിക്കുകയാണു് "യറുശലേമിൽ ഈ ദിവസങ്ങളിൽ നടന്ന സംഭവങ്ങൾ അറിയാത്ത ഏക പരദേശി താങ്കൾമാത്രമായിരിക്കും." (ലൂ.24 :18) അവരുടെ നയനങ്ങൾ ബന്ധിതങ്ങളായിരുന്നതുകൊണ്ടു് അവർക്കു് അവിടുത്തെ തിരിച്ചറിയുവാൻ കഴിയുന്നില്ല. (ലൂ. 24:16) നമ്മുടെ കർത്താവു്, ഇടയൻ, രാജാവു്, ന്യായാധിപതി എന്നീ നിലകളിലെല്ലാം അവിടുന്നു് നമ്മോടു കൂടെയുണ്ടു്. സ്വയസ്നേഹത്താൽ അന്ധരായിരിക്കുകമൂലം നാം അവിടുത്തെ ആയിരിക്കുന്ന പ്രകാരം അറിയുന്നില്ല. തൻെറ ദുഷ്ചാച്ചില്ലുകളുടെ ഭാരത്താലും പക്ഷവാദത്താലും ഉലഞ്ഞു പോകാത്തവൻ ഭാഗ്യവാൻ! അവൻെറ എല്ലാ പ്രവൃത്തികളും ശരിയായ വിവേചനയാൽ ക്രമീകരിക്കപ്പെട്ടിരിക്കും.

യേശു തൻെറ ശിഷ്യന്മാർക്കു് ഒരു തീർത്ഥാടകനെപ്പോലെ പ്രത്യക്ഷപ്പെടുന്നു. ഈ ഭൂമിയിൽ അവിടുന്നു് തന്നെത്തന്നെ വെളിപ്പെടുത്തുന്നതു് കടന്നു പോകുന്ന മട്ടിലായിരിക്കും. അവിടുത്തെ മഹത്വത്തിൻെറ വസതി സ്വർഗ്ഗമാകുന്നു. വി. കുർബാനയിൽ അവിടുന്നു് ഒരു തീർത്ഥാടകനാകുന്നു. നിത്യതയിലേക്കു കടന്നുപോകുന്ന തീർത്ഥാടകരുടെയെല്ലാം വഴികാട്ടിയാണു് യേശു. "നമുക്കിവിടെ നിലനില്ക്കുന്ന വസതിയില്ല. വരുവാനിരിക്കുന്ന ഒന്നിനെ നാം അന്വേഷിക്കയത്രേ ചെയ്യുന്നതു്." (എ

www.malankaralibrary.com

ബ്രാ. 13:14) നമ്മുടെ യാത്രയിലെ വിശ്വസ്ത കൂട്ടുകാരനായ യേശുവിനോട് വികാരങ്ങളിലും വിചാരത്തിലും നിരന്തരം നാം ഐക്യപ്പെട്ടിരിക്കണം.

അവിടുന്ന് അവരോടു ചോദിക്കുന്നു. "നിങ്ങൾ നടന്നു സംസാരിക്കയും തർക്കിക്കയും ചെയ്യുന്നതു് എന്തിനെപ്പററിയാണ്". അവിടുന്ന് ഈ ചോദ്യം ചോദിക്കുന്നതു് അവരുടെ ആശ്വാസത്തിനും പഠനത്തിനും വേണ്ടിയാണ്. ദൈവിക കാര്യങ്ങളെ രുചിയോടെ ആസ്വദിക്കുന്ന പുണ്യവാൻെറ ഹൃദയം അവൻെറ അധരങ്ങൾക്ക് വാക്കുകളെ നല്കിക്കൊള്ളും. ദൈവത്തെക്കുറിച്ചു സംസാരിക്കുവാൻ അവരെ പഠിപ്പിക്കുകയും ചെയ്യും. നിങ്ങളുടെ സംഭാഷണമദ്ധ്യേ ദൈവപുത്രൻ നിങ്ങളെ സമീപിക്കയും നിങ്ങൾ എന്തിനെപ്പററിയാണ് സംസാരിക്കുന്നതെന്നു ചോദിക്കയും ചെയ്താൽ നിങ്ങൾ ലജ്ജിക്കേണ്ടി വരികയില്ലേ?

## ധ്യാനം 124 ഉയിർപ്പിനുശേഷം മൂന്നാംവാരം—വ്യാഴാഴ്ച

## കുരിശിൻെറ രഹസ്യത്തെപ്പററി ഈശോ ശിഷ്യന്മാരെ ഉപദേശിക്കുന്നു.

"ക്രിസ്തു ഇവയെല്ലാം സഹിച്ചു് മഹത്വത്തിൽ പ്രവേശിക്കേണ്ടതല്ലയോ" (ലൂ:24:26) ഈശോയുടെ ഉത്ഥാനം, സ്വർഗ്ഗാരോഹണം, ലോകം മുഴുവൻ പ്രചരിച്ച അവിടുത്തെ ദൈവത്വത്തെപ്പററിയുള്ള പരിജ്ഞാനം മഹത്വരാജാവ് എന്ന നിലയിലുള്ള അവിടുത്തെ പരിശുദ്ധ മനുഷ്യത്വത്തിൻെറ മഹത്വീകരണം, ജാതികളുടെ മാനസാന്തരം, തിരുസഭാസ്ഥാപനം, ലോകത്തിൻെറ പുനരുദ്ധാരണം, ഇവയെല്ലാം അവിടുത്തെ കുരിശുമരണത്തിൻെറ ഫലമാകുന്നു.

ക്രിസ്തു ഇവയെല്ലാം സഹിക്കേണ്ടതായിരുന്നില്ലേ! നമ്മുടെ പാപങ്ങൾ മോചിക്കപ്പെടുന്നതിനും, മുറിവുകൾ സുഖപ്പെടുത്തപ്പെടുന്നതിനും ദൈവപുത്രൻെറ പീഡാനുഭവം അനുപേക്ഷണീയമായിരുന്നില്ലെങ്കിലും നമ്മിലുള്ള തിന്മകൾക്കു് അതു് സിദ്ധൗഷധമാകുന്നു. അവിടുത്തെ സ്നേഹാധിക്യത്തിനു് അതു് അനുയോജ്യവുമാണ്. ക്ലേശങ്ങളുടെ അവസരങ്ങളിൽ നിൻെറ രക്ഷയ്ക്കുവേണ്ടി ദൈവപുത്രൻ തന്നെത്തന്നെ ഏല്പിച്ചുകൊടുത്തതിൽ കാണിച്ച കാരുണ്യാതിരേകത്തെപ്പററിയുള്ള ചിന്ത നിനക്കു ധൈര്യവും ശുഷ്കാന്തിയും നല്കട്ടെ. നിന്നോടുതന്നെ പറയുക. "ദൈവം ഈ ത്യാഗം ആവശ്യപ്പെടുന്നു സ്വർഗ്ഗരാജ്യം ബലാല്കാരം ചെയ്യപ്പെടുന്നു. രക്ഷ കുരിശിലാകുന്നു." (ക്രിസ്തു. II:12)

യേശു മരണം സഹിച്ചു. ഉയത്തെഴുനേല്ക്കയും ചെയ്തു. അവിടുന്ന് സഹിച്ചതുപോലെ നീയും സഹിക്കുന്നപക്ഷം അവിടുത്തെ മഹത്വത്തിൽ പങ്കു ലഭിക്കുമെന്നു് നിനക്കും പ്രത്യാശിക്കാം. സ്വർഗ്ഗം

www.malankaralibrary.com

അവിടുത്തെ ജന്മാവകാശമായിരുന്നെങ്കിലും കുരിശു വഴിയാണ് അവിടുന്ന് അതു് സമ്പാദിച്ചതു്. മറെറാരു മാർഗ്ഗത്തിൽക്കൂടെ അവിടെ ചെന്നെത്താമെന്നു നീ വിചാരിക്കുന്നെങ്കിൽ അതു കേവലം മൗഢ്യമായിരിക്കും. ക്രൂശിതനായ യേശുവിനെ അങ്ങയുടെ കഷ്ടപ്പാടുകളോടും നിന്ദാപമാനങ്ങളോടുംകൂടെ ഒരു മീറാക്കൂട്ടുപോലെ, നിൻെറ ഹൃദയത്തിൽ സ്ഥാപിക്കുക. അങ്ങനെ നിൻെറ വീണ്ടെടുപ്പിനുവേണ്ടി നല്കപ്പെട്ട വിലയെപ്പററി സദാ സ്മരിക്കുവാൻ നിനക്കിടയാകട്ടെ.

## ധ്യാനം 125 ഉയർപ്പിനുശേഷം മൂന്നാം വാരം—വെള്ളിയാഴ്ച

## തങ്ങളോടുകൂടി രാപാർക്കണമെന്നു് ശിഷ്യർ ഈശോയെ നിർബ്ബന്ധിക്കുന്നു.

അവർ നിർബ്ബന്ധപൂർവ്വം അവിടുത്തോടു പറഞ്ഞു. "നേരം സന്ധ്യയാകാൻ പോകുന്നു. പകൽ കഴിയാറായി. ആകയാൽ ഞങ്ങളോടുകൂടെ താമസിച്ചാലും." (ലൂ. 24:29) പൂർണ്ണതയ്ക്കായി പരിശ്രമിക്കുന്നവർക്കു സാധാരണ അനുഭവപ്പെടാറുള്ള പരിത്യക്താവസ്ഥ തോന്നുമ്പോൾ നാമും ഈ വിധം കർത്താവിനോടപേക്ഷിക്കണം. ആദ്ധ്യാത്മികകാര്യങ്ങളിൽ വെളിച്ചമോ ഭക്തിയോ അനുഭവപ്പെടാത്തപ്പോഴും, കോപവടി തങ്ങളുടെമേൽ ഉയർത്തിയിരിക്കയാണോ എന്നു സംശയം തോന്നുമ്പോഴും ശിഷ്യന്മാരെപ്പോലെ നാമും പറയണം. "സൃഷ്ടികളിൽനിന്നു ഞങ്ങളുടെ ഹൃദയം ആശ്വാസം അന്വേഷിക്കാതിരിപ്പാൻവേണ്ടി കർത്താവേ! അവിടുന്നു് ഞങ്ങളോടുകൂടെ താമസിക്കണമേ"എന്നു്.

ശിഷ്യന്മാർ പരസ്പരം പറഞ്ഞു. "അദ്ദേഹം മാർഗ്ഗമദ്ധ്യേ നമ്മോടു സംസാരിക്കയും തിരുവെഴുത്തുകൾ വ്യാഖ്യാനിക്കയും ചെയ്തപ്പോൾ നമ്മുടെ ഹൃദയം ജ്വലിക്കയായിരുന്നില്ലേ? (ലൂ. 24:32) ഏതാദൃശ്യ ആശ്വാസങ്ങൾ കടന്നുപോകുന്നവയാണ്. ഇഷ്ടംപോലെ ദൈവം നല്കുകയോ പിൻവലിക്കുകയോചെയ്യുന്ന സൗജന്യദാനങ്ങളാകുന്നു അവ. ഐന്ദ്രികഭക്തിയാൽ നാം അനുഗ്രഹിക്കപ്പെട്ടാലും ആത്മീയശുഷ്കതയാൽ പരീക്ഷിക്കപ്പെട്ടാലും നാം ആത്മാവിൽ സ്വാതന്ത്ര്യരായിരിക്കണം. സൃഷ്ടവസ്തുക്കളോടുള്ള പൂർണ്ണ വിരക്തിയിൽനിന്നും മാത്രമേ ഈ സ്വാതന്ത്ര്യം ലഭ്യമാകു.

"ഞങ്ങളോടുകൂടെ താമസിക്കണമേ. നേരം സന്ധ്യയാകാൻ പോകുന്നു. പകൽ കഴിയാറായി" നമ്മുടെ ജീവിതം ഒററ ദിവസം മാത്രമാകുന്നു. അതിൽ ഒരു നിമിഷംപോലും നാം പരീക്ഷയിൽനിന്നു ഒഴിവാക്കപ്പെട്ടവരല്ല. ഇടമുറിയാതെ "ഞങ്ങളോടുകൂടെ താമസിക്കണമേ" എന്നു നാം ദൈവത്തോടു പറയണം. മരണം അടുക്കുമ്പോൾ നാം കൂടുതൽ അപകടാവസ്ഥയിലാണ്. നമ്മുടെ സ്ഥിരതയെ പരീക്ഷിക്കുന്നതിനും അതിനു് പിശാച് അവൻെറ സകല കെണികളെയും നമ്മുടെ മുമ്പിൽ നിരത്തിവയ്ക്കും. കൂടുതൽ തീക്ഷ്ണതയോടെ "ഞങ്ങളോടുകൂടെ താമസിക്കണമേ" എന്നു് നീ ദൈവത്തോടപേക്ഷിക്കണം.

www.malankaralibrary.com

"എൻെറ ദൈവമേ! ആപൽകാലത്തു് എന്നെ ഉപേക്ഷിക്കരുതേ. അങ്ങയുടെ ചിറകിൻകീഴിൽ ഞാൻ ആപൽശങ്ക കൂടാതെ വിശ്രമിക്കും."

## ധ്യാനം 126 ഉയർപ്പിനുശേഷം മൂന്നാംവാരം—ശനിയാഴ്ച

## അപ്പം മുറിയ്ക്കുയിൽ ഈശോ ശിഷ്യന്മാർക്കു തന്നെത്തന്നെ വെളിപ്പെടുത്തുന്നു.

"അവിടുന്നു് അവരോടുകൂടെ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ, അപ്പമെടുത്തു് ആശീർവ്വദിച്ചു് മുറിച്ചു് അവർക്കു കൊടുത്തു. തൽക്ഷണം അവരുടെ നയനങ്ങൾ തുറക്കപ്പെട്ടു. അവർ അവിടുത്തെ തിരിച്ചറിഞ്ഞു." (ലൂ. 24:30,31) നാമും ഈ ശിഷ്യന്മാരെപോലെ ഭക്ത്യാദരവോടുകൂടെ വി. കുർബ്ബാന കൈക്കൊള്ളുന്നപക്ഷം യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും സ്നേഹത്തിലും അഭിവൃദ്ധിപ്പെടാതിരിക്കയില്ല. യേശുവിനെ തിരിച്ചറിഞ്ഞയുടനെ അവർ ജറുസലേമിലേക്കു മടങ്ങി. മാർഗ്ഗമദ്ധ്യേ ഈശോ അവർക്കു പ്രത്യക്ഷനായതും അപ്പം മുറിക്കയിൽ അവർ അവിടുത്തെ തിരിച്ചറിഞ്ഞതുമായ സംഭവങ്ങളെല്ലാം മററ് അപ്പസ്തോലന്മാർക്കു് അവർ വിശദീകരിച്ചു കൊടുത്തു. അങ്ങനെ പരസ്നേഹകൃത്യവും അവർ നിറവേററി. അവരെപ്പോലെ ഭക്തിതീക്ഷ്ണതയോടെ നാം വി. കുർബ്ബാന സ്വീകരിക്കുന്നപക്ഷം പരസ്നേഹപ്രവൃത്തികൾക്കു് അതു് നമുക്കും പ്രചോദനം നല്കും.

ഓ! കർത്തവേ! ഈ വി. കൂദാശ സ്വീകരിക്കുന്നതിനാൽ എൻെറ വിശ്വാസം സജീവമാകയും, ശരണം ശക്തിപ്പെടുകയും, സ്നേഹം കത്തിജ്വലിക്കയും ചെയ്യണമേ.

## ധ്യാനം 127 ഉയർപ്പിനുശേഷം മൂന്നാം ഞായർ

## ഉയപ്പുദിവസം നമ്മുടെ കർത്താവു് അപ്പസ്തോലന്മാർക്കു് കാണപ്പെട്ടതു്.

"കർത്താവിനെ കണ്ടപ്പോൾ ശിഷ്യർ ആനന്ദഭരിതരായി" (യോഹ. 20:20) "വീണ്ടും ഞാൻ നിങ്ങളെ സന്ദർശിക്കും. അപ്പോൾ നിങ്ങൾ സന്തുഷ്ടചിത്തരാകും. ആരും നിങ്ങളിൽനിന്നു് ആ സന്തോഷം എടുത്തുകളകയുമില്ല" (യോഹ. 16:22) എന്നു് പീഡാനുഭവത്തിൻെറ തലേരാത്രി ഈശോ അരുളിച്ചെയ്തതു് അങ്ങനെ നിറവേറി.

ഈ ലോകജീവിതം സുഖദുഃഖസമ്മിശ്രമാകുന്നു. ദുഷ്ടൻെറ ഓഹരി തല്ക്കാലസന്തോഷവും നിത്യദുഃഖവും. നീതിമാൻേറതോ തല്ക്കാലദുഃഖവും നിത്യസന്തോഷവും. ഈ നിത്യസന്തോഷത്തിനർഹരായിത്തീരുവാൻ ശ്രമിക്കുക.

www.malankaralibrary.com

വാതിൽ അടയ്ക്കപ്പെട്ടിരിക്കെ ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട് അവരെ അനുഗ്രഹിച്ചതുപോലെ, ലൗകികവസ്തുക്കൾക്ക് നമ്മുടെ ഹൃദയം അടയ്ക്കപ്പെട്ടിരിക്കുമ്പോൾ, തന്റെ സാന്നിദ്ധ്യത്താൽ യേശു നമ്മെയും സന്തോഷനിമഗ്നരാക്കും.

## ധ്യാനം 128 ഉയിർപ്പിനുശേഷം നാലാംആഴ്ച—തിങ്കളാഴ്ച

## ഈശോ അപ്പസ്തോലന്മാർക്ക് സമാധാനം ആശംസിക്കുന്നു

"അവർ ഇവ പറഞ്ഞുകൊണ്ടിരുന്നപ്പോൾതന്നേ യേശു അവരുടെ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ടു. അവിടുന്ന് അരുൾചെയ്തു:" നിങ്ങൾക്കു സമാധാനം. ഞാൻതന്നെയാണ് ഭയപ്പെടേണ്ടാ" (ലൂ. 24:36) സമാധാനം സ്നേഹത്തിന്റെ ഏററം അടുത്ത ഫലമാകുന്നു എന്നത്രേ വി. തോമസ് അക്വിനാസിന്റെ അഭിപ്രായം. പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുമ്പോൾ വികാരങ്ങൾ അനുസരണത്തിനും ശാന്തിക്കും വിധേയമായിത്തീരുന്നു. അയല്ക്കാരെ നമ്മെപ്പോലെ സ്നേഹിക്കുമ്പോൾ മനസ്സുകൾ ഒന്നായിതീരുകയും അതു് ആത്മാവിനെ സമാധാനത്തിൽ സ്ഥാപിച്ച് നിലനിർത്തുകയും ചെയ്യുന്നു. നമ്മുടെ മനസ്സിനു് എതിരായ സാഹചര്യങ്ങളെ അഭിമുഖീകരിക്കുമ്പോളാണ് മനസ്സമാധാനം നഷ്ടപ്പെടുന്നതു്. അങ്ങനെയുള്ള അവസരങ്ങളിൽ ദൈവതിരുമനസ്സിനു് കീഴ്പ്പെടുന്നപക്ഷം അസ്വസ്ഥതയുണ്ടാകയില്ല. കല്പനയില്ല; പിന്നെയോ മനസ്സിന്റെ വിരുദ്ധതയിലാണ് സമാധാനക്കുറവ് സ്ഥിതിചെയ്യുന്നതു്. മനസ്സമാധാനപരിപാലനത്തിനുവേണ്ടി ആന്തരീകവ്യാപാരങ്ങളെ നിയന്ത്രിക്കയും ഹൃദയശുദ്ധി പാലിക്കയുംവേണം. സമാധാനത്തിനെതിരായി പരീക്ഷിക്കപ്പെടുമ്പോൾ യേശുവിങ്കലേക്കു നമ്മുടെ കണ്ണുകളുയർത്തി, ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ യേശുതമ്പുരാൻ എന്തുചെയ്യുമായിരുന്നു എന്നു തന്നെത്താൻ ചോദിക്കുക.

## ധ്യാനം 129 ഉയിർപ്പിനുശേഷം നാലാംആഴ്ച—ചൊവ്വാഴ്ച

## ഈശോയുടെ മഹത്വീകരിക്കപ്പെട്ട ശരീരത്തിലെ തിരുമുറിവുകൾ,

"എന്റെ കൈകാലുകൾ കാണ്മിൻ; എന്നെ സ്പർശിച്ചു നോക്കുവിൻ." (ലൂ. 24:39) എല്ലാവരും—നീതിമാന്മാരും പാപികളും കുരിശു് വഹിക്കുന്നു. ഈശോയുടെ കുരിശു് മറെറല്ലാവരുടേതിനെയുംകാൾ ഭാരമേറിയതാകുന്നു എന്നു മാത്രം. മൗതിക ശരീരത്തിലെ എല്ലാ അവയവങ്ങളും കുരിശു വഹിക്കണമെന്നു് ഉൽബോധിപ്പിക്കുവാൻ, അവിടത്തെ ശരീരമാസകലം മുറിവുകളാൽ മൂടപ്പെടുവാൻ അവിടുന്ന് തിരുമനസ്സായി. മറിയം മഗ്ദലേനയെപ്പോലെ പ്രായശ്ചിത്തം ചെ

www.malankaralibrary.com

സ്സും, മത്തായേപ്പോലെ സൽപ്രവൃത്തികൾ ചെയ്യും, യോഹന്നാൻ ശ്ലീഹായെപോലെ സ്നേഹതീക്ഷ്ണതയാൽ യേശുവിൻെറ തിരുഹൃദയത്തോട്ട് ഐക്യപ്പെട്ടും ക്ലേശങ്ങൾ സഹിക്കണം. ദൈവസേവനത്തിൽ ക്ലേശസഹനംപോലെ പ്രയോജനകരമായി മറെറാന്നില്ല. സകല ക്ലേശങ്ങളും തൻെറമേൽ വഹിച്ചുകൊണ്ടു് ഈശോ നമ്മുടെ ക്ലേശങ്ങളെ മധുരതരമാക്കിയിരിക്കുന്നു. തൻെറ മക്കൾക്കെപ്പോഴും അഭയം ആകുവാൻവേണ്ടി മഹത്വീകൃതശരീരത്തിലെ തിരുമുറിവുകൾ സദാ തുറന്നിരിപ്പാൻ യേശു തിരുവുള്ളമായി.

## ധ്യാനം 130 ഉയർപ്പിനുശേഷം നാലാംവാരം—ബുധനാഴ്ച

### ഈശോ പാപമോചനത്തിനുള്ള അധികാരം ശിഷ്യർക്കു നല്കുന്നു.

അവിട്ടന്നു് അവരുടെമേൽ ഊതിക്കൊണ്ടു് അരുൾചെയ്തു. "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെടും. ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെടും." (യോഹ. 20:22, 23) പാപം മോചിച്ചുകിട്ടാൻ അനുതാപപൂർവ്വം അതു് ഏററു പറഞ്ഞാൽ മതി. മറെറാന്നും ആവശ്യമില്ല. ഇത്ര ഔദാര്യപൂർവ്വം നമ്മോടു വർത്തിക്കുന്ന ദൈവത്തോടു നാം എത്ര നന്ദിയുള്ളവരാകണം? സൗമ്യനായ യേശുവിനെ പ്രതിനിധീകരിക്കുന്ന കുമ്പസാരകൻ എത്ര സ്നേഹത്തോടെ പാപിയെ സ്വീകരിക്കണം. യേശു തൻെറ ഉയിർപ്പിലുള്ള വിശ്വാസത്തിലും, നമ്മുടെ ഉയിർപ്പിനെക്കുറിച്ചുള്ള പ്രത്യാശയിലും ശിഷ്യരെ ഉറപ്പിച്ചു. നീയും സ്നേഹം, ഭക്തി, എളിമ എന്നിവയാലും, വേദനകൾ ക്ഷമയോടെ സഹിച്ചുകൊണ്ടും നിൻെറ ആത്മീയ ഉയിർപ്പിനെപ്പററി മററുള്ളവർക്കു് തെളിവുനല്കണം.

## ധ്യാനം 131 ഉ[illegible]നുശേഷം നാലാം വാരം—വ്യാഴാഴ്ച

### അവിശ്വാസിയായ ശിഷ്യൻെറ നേരെയുള്ള ഈശോയുടെ സ്നേഹം.

എട്ടു ദിവസങ്ങൾക്കുശേഷം ശിഷ്യന്മാർ വീണ്ടും അകത്തുകടന്നു് വാതിലുകൾ ബന്ധിച്ചിരിക്കുകയായിരുന്നു. തോമ്മായും അവരോടുകൂടെയുണ്ടായിരുന്നു. തത്സമയം യേശു അവരുടെ മദ്ധ്യേ വന്നുനിന്നു് അരുൾചെയ്തു. "നിങ്ങൾക്കു സമാധാനം" അനന്തരം അവിട്ടന്നു് തോമ്മായോടു് അരുൾചെയ്തു. "നിൻെറ വിരൽ ഇവിടെ കൊണ്ടുവന്നു. എൻെറ കരങ്ങൾ കാണുക. നിൻെറ കൈകൊണ്ടുവന്നു് എൻെറ വിലാവിൽ ഇട്ടുകൊൾക. അവിശ്വാസിയാകാതെ വിശ്വാസി

www.malankaralibrary.com

യായിരിക്കുക." (യോഹ. 20:26-27) ഈ ശിഷ്യൻെറ വിശ്വാസക്കുറവിനു യാതൊരു നീതീകരണവും ഇല്ല. തൻെറ സഹസ്ഥനാഥനെയോ, വി. പത്രോസിനെയോ അയാൾ വിശ്വസിച്ചില്ല. സ്വന്ത അഭിപ്രായത്തോടയാൾ പററിച്ചേർന്നു. ഇതേ വിപത്തിൽ നീയും ഉൾപ്പെട്ടിട്ടില്ലേ?

യേശു തോമ്മായുടെ വിശ്വാസക്കുറവിനെപ്പററി അദ്ദേഹത്തെ കുററപ്പെടുത്തുന്നില്ല. മറിച്ചു അയാൾ വച്ച വ്യവസ്ഥകൾക്കു കീഴ്പ്പെട്ടു തിരുമുറിവുകൾ സ്പർശിക്കുവാൻ ക്ഷണിക്കയത്രേ ചെയ്യുന്നതു. തോമാ അതിനു തുനിയാതെ എൻെറ കത്താവും എൻെറ ദൈവവുമേ, എന്നു പറഞ്ഞുകൊണ്ടു അവിടത്തെ തൃപ്പാദത്തിൽ വീഴുന്നു. അദ്ദേഹത്തിനുണ്ടായ നഷ്ടങ്ങളെല്ലാം യേശുവിൻെറ തിരുമുറിവുകളാൽ പരിഹരിക്കപ്പെട്ടു. പരിശുദ്ധാത്മാവു അദ്ദേഹത്തെ യേശുവിൻെറ ഉയിപ്പിൻ സാക്ഷിയും മൗദ്യാനന്ദമാക്കിത്തീർത്തു,

## ധ്യാനം 132 ഉയർപ്പിനുശേഷം നാലാം വാരം–വെള്ളിയാഴ്ച

## സ്വഗുരുവിനെ കണ്ടപ്പോൾ തോമ്മാശ്ലീഹായ്ക്കുണ്ടായ വിശുദ്ധവിചാരങ്ങൾ.

തിരുമുറിവുകളിൽ കൈവിരലുകൾ കടത്തുന്നതിനും, വിലാപ്പുറത്തു കൈയിടുന്നതിനും യേശു തോമാശ്ലീഹായെ ക്ഷണിച്ചപ്പോൾ, അദ്ദേഹം അതിനു തുനിയാതെ "എൻെറ കത്താവും എൻെറ ദൈവവുമേ" എന്നു പറഞ്ഞുകൊണ്ടു തൃപ്പാദത്തിൽ സാഷ്ടാംഗപ്രണാമം ചെയ്തു. (യോഹ: 20:28) ഇതു തോമാശ്ലീഹായുടെ വിശ്വാസം ഏററുപറച്ചിലായിരുന്നു. നേരത്തേയുള്ള വിശ്വാസക്കുറവു അതിനെ കൂടുതൽ തീഷ്ണമാക്കിത്തീർത്തു. യേശുവിലുള്ള ദൈവികവും മാനുഷികവുമായ സ്വഭാവങ്ങളുടെ ഐക്യത്തെ ഇങ്ങനെ ആദ്യമായി പ്രസ്താവിച്ചതു തോമാശ്ലീഹായാണു. മററുള്ളവരെക്കാൾ ബുദ്ധിമാനാണെന്നു ഭാവിച്ചു തോമ്മാ തൻെറ നിഷ്കളങ്കത നഷ്ടമാക്കി. ഇപ്പോഴാകട്ടെ ലജ്ജയോടെ തൻെറ നന്ദികേടിനെപ്പററി വിലപിക്കുന്നു. ഈശോയുടെ തിരുഹൃദയത്തിൽനിന്നുള്ള സ്നേഹജ്വാല തോമ്മായുടെ ഹൃദയത്തെയും ഉജ്വലിപ്പിച്ചതിൻെറ ഫലമാണു ഈ വാക്കുകൾ. സജീവവിശ്വാസത്തോടും ആർദ്രമായ സ്നേഹത്തോടുംകൂടെ നാമും ഈ വാക്കുകൾ ഉച്ചരിക്കണം. വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോഴും പ്രത്യേകിച്ചു തിരുശരീരം ഉൾക്കൊള്ളുമ്പോഴും "എൻെറ കത്താവും എൻെറ ദൈവവുമേ" എന്നു ഉരുവിടണം.

www.malankaralibrary.com

## ധ്യാനം 133 ഉയിർപ്പിനുശേഷം നാലാംവാരം–ശനിയാഴ്ച

### അപ്പസ്തോലന്മാർ വിശ്വാസത്തിൽ സ്ഥിരപ്പെട്ടിരിക്കണമെന്നു് ഈശോ ഉപദേശിക്കുന്നു.

"യേശു അരുൾചെയ്തു. തോമ്മാ നീ എന്നെക്കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ അനുഗൃഹീതരാകുന്നു." (യോഹ. 20:29) ലോകരത്തെ ദൈവപുത്രനു കീഴ്പെടുത്തിക്കൊടുത്ത പുണ്യമാണു് വിശ്വാസം. "നീതിമാന്മാർ വിശ്വാസംമൂലം രാജ്യങ്ങൾ പിടിച്ചടക്കി." (എബ്രാ. 11:33) വിശ്വാസം കൂടാതെ ദൈവത്തെ പ്രീതിപ്പെടുത്തുക സാദ്ധ്യമല്ല. ഈ ജീവിതത്തിൽതന്നെ സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തിക്കൊടുക്കുന്ന പുണ്യമാണു് വിശ്വാസം. സ്നേഹവും സന്തോഷവും വിശുദ്ധിയും ചൊരിഞ്ഞുതന്നുകൊണ്ടു് ഇതു് മഹത്വപ്രകാശത്തിനു നമ്മെ പങ്കാളരാക്കുന്നു. വിശ്വാസമുള്ളിടത്തു സമാധാനവും ശാന്തതയും എല്ലാ തിന്മകൾക്കും പ്രതിവിധിയുമുണ്ടു്. "നീതിമാൻ വിശ്വാസംവഴി ജീവിക്കുന്നു." (റോമ. 1:17) ദൃശ്യവസ്തുക്കൾ താല്ക്കാലികമാണെന്നും, അദൃശ്യവസ്തുക്കളാണു് നിലനില്ക്കുന്നതെന്നും, വിശ്വാസം പഠിപ്പിക്കുന്നു. മഹത്വദർശനത്തിൽ ദൈവത്തെ മുഖാഭിമുഖമായി കാണുന്നതുകൊണ്ടു് വിശ്വാസത്തിന്റെ ആവശ്യമില്ല. വിശ്വസിച്ചതു മുഖദാവിൽ കാണുന്നതിനാൽ സന്തോഷിക്കാനേ അവിടെ അവസരമുള്ളൂ. അതിനായി നോക്കിപ്പാർക്കുക.

## ധ്യാനം 134 ഉയിർപ്പിനുശേഷം നാലാം ഞായറാഴ്ച

### ഈശോ പരിശുദ്ധാത്മാവിനെ ശിഷ്യന്മാർക്കു വാഗ്ദാനം ചെയ്യുന്നു.

"ഞാൻ പോകുന്നതു നിങ്ങൾക്കു നല്ലതാണു്. ഞാൻ പോകാത്തപക്ഷം ആശ്വാസകൻ നിങ്ങളുടെ അടുക്കലേക്കു വരികയില്ല. ഞാൻ പോയാൽ അവിടുത്തെ നിങ്ങളുടെ അടുക്കലേയ്ക്കയയ്ക്കാം." (യോഹ. 16: 7) ഈശോയുടെ കുരിശുമരണത്തിന്റെ ഫലമാണു് പരിശുദ്ധാത്മദാനം. യേശുവിനോടുള്ള അപ്പസ്തോലന്മാരുടെ ബന്ധത്തിൽ മാനുഷീകവും സ്വയസ്നേഹത്തിനടുത്തതുമായ ഘടകങ്ങൾ സമ്മേളിച്ചിരുന്നു. പരിശുദ്ധാത്മാവിനെ പ്രാപിപ്പാൻ അതു് അവർക്കു പ്രതിബന്ധമായിരുന്നു. യേശുവിന്റെ ശാരീരികസാന്നിദ്ധ്യം അവരിൽ നിന്നെടുക്കപ്പെട്ടപ്പോൾ മാത്രമേ ആ ബന്ധം ശുദ്ധമായിത്തീരൂ. സ്വർഗ്ഗത്തിനും ഭൂമിയ്ക്കുമിടയിൽ അത്ഭുതകരമായ ഒരു ബന്ധം സ്ഥാപിക്കാൻ അവിടുന്നു് ആഗ്രഹിച്ചു. അതിനു് അവിടുന്നു് സ്വർഗ്ഗത്തിലേക്കു കരേറുകയും, അവിടുത്തെ ആത്മാവിനെ ഭൂമിയിലേക്കയയ്ക്കയും ചെയ്യുന്നു. "ഞാൻ ഭൂമിയിൽനിന്നുയർത്തപ്പെട്ടാൽ എല്ലാവരെയും എന്റെ പക്കലേക്കു് ആകർഷിക്കും." ക്രമരഹിതമായ ഏതു നിസ്സാരപക്ഷവും പുണ്യജീവിത

www.malankaralibrary.com

ത്തിനു തടസ്സമാകുന്നു. സദ്‌വിചാരങ്ങൾ നമ്മിലുദിക്കുമ്പോൾ. സദ് പ്രവൃത്തികൾക്കു നമ്മിൽ പ്രേരണയുണ്ടാകുമ്പോൾ പരിശുദ്ധാത്മാവു നമ്മെ സന്ദർശിക്കുകയാകുന്നു. നന്ദിപൂർവ്വം ആത്മാവിൻെറ പ്രവർത്തനത്തിനു നാം വഴിപ്പെടണം.

പരിശുദ്ധാത്മാവേ, എഴുന്നള്ളിവന്നു് വിശ്വാസികളുടെ ഹൃദയങ്ങളെ നിറയ്ക്കണമേ. അങ്ങേ സ്നേഹാഗ്നിയെ അവരിൽ ജ്വലിപ്പിക്കയും ചെയ്യണമേ.

## ധ്യാനം 135 ഉയിർപ്പിനുശേഷം അഞ്ചാംആഴ്ച—തിങ്കളാഴ്ച

## തിബേരിയസ്സ് കടൽക്കരയിൽവച്ച് ഈശോ ശിഷ്യന്മാർക്കു് കാണപ്പെടുന്നു.

"ആ രാത്രിയിൽ അവർക്കു് ഒന്നും കിട്ടിയില്ല." (യോഹ. 21:3) പാപാവസ്ഥയിലിരിക്കുന്നവൻ രാത്രിയിൽ അദ്ധ്വാനിക്കുന്നവനാകുന്നു. അനുസരണത്തിൽനിന്നു പിന്തിരിയുന്നവനും അങ്ങനെതന്നെ. അനുസരണമാകുന്ന പ്രകാശപന്ഥാവിൽ അദ്ധ്വാനിക്കാത്തവൻ ഇരുട്ടിൽ സഞ്ചരിക്കുന്നു. അവരെ നാം അനുകരിക്കരുതു്. ഈശോ ചോദിക്കുന്നു. "ചെങ്ങാതിമാരേ, മീൻ വല്ലതും കിട്ടിയോ"? (യോഹ. 21:5) ഇല്ല എന്നു മറുപടി പറഞ്ഞുകൊണ്ടു് ആവശ്യബോധത്തോടെ അവർ അവിടുത്തോടപേക്ഷിക്കാൻ വേണ്ടിയാണ് അവിടുത്തെ ഈ ചോദ്യം. "പടവിൻെറ വലതുവശത്തു വീശുവിൻ അപ്പോൾ നിങ്ങൾക്കു കിട്ടും." (യോഹ. 21:5, 6) അവർ അനുസരിച്ചു. അവിടുന്നു് അവരുടെ അനുസരണത്തെ വിജയിപ്പിച്ചു. വലതുവശം കൃപയുടെ വശമാകുന്നു. സ്വഭാവത്തിൻെറ (natureൻെറ) വശമല്ല; കുരിശിൻെറ വശമാകുന്നു. ഐന്ദ്രിയസന്തോഷങ്ങളുടെയോ ആത്മീയദാനങ്ങളുടെയോ വശമല്ല. ഈ വലതുവശത്തു് നീയും വീശണം. സ്വാർത്ഥത വെടിഞ്ഞു് ദൈവമഹത്വം മാത്രം അന്വേഷിക്കുക. സകല നന്മയും അങ്ങിൽ നാം കണ്ടെത്തും.

## ധ്യാനം 136 ഉയിർപ്പിനുശേഷം അഞ്ചാം വാരം—ചൊവ്വാഴ്ച

## ഈശോ കടൽക്കരയിൽ നിന്നുവെങ്കിലും ശിഷ്യന്മാർ അവിടുത്തെ തിരിച്ചറിഞ്ഞില്ല.

"ഉഷസ്സായപ്പോൾ ഈശോ കടൽതീരത്തു വന്നുനിന്നു. എന്നാൽ അതു് ഈശോയാണെന്നു് ശിഷ്യന്മാർക്കു് മനസ്സിലായില്ല." (യോഹ. 21:4) കർത്താവിൻെറ സാന്നിധ്യം തിരിച്ചറിയുന്നതിനു് ഒരു പ്രത്യേക പ്രകാശവും കൃപയും ആവശ്യമാണ്. ശിശുവായി പുൽ

www.malankaralibrary.com

കൂട്ടിൽ കാണപ്പെട്ടാലും യാഗപശുവായി ബലിപീഠത്തിൽ പ്രത്യക്ഷപ്പെട്ടാലും അവിടുത്തെ നാം ബഹുമാനിക്കയും സ്നേഹിക്കയും വേണം. ഏതു സ്ഥാനത്തുനിന്നു താഴ്ന്നാലും ക്ലേശങ്ങളുണ്ടായാലും അതിനെ ദൈവതൃക്കരങ്ങളിൽ നിന്നെന്നവണ്ണം സസന്തോഷം സ്വീകരിക്കണം. യോഹന്നാന്റെ സ്നേഹകണ്ണുകൾ അവിടുത്തെ തിരിച്ചറിഞ്ഞു. "അതു കർത്താവാണ്." (യോഹ. 21:7) എന്നു അവൻ പറഞ്ഞു. സ്നേഹാർഹനാകണമെങ്കിൽ വിശുദ്ധിയെ സ്നേഹിക്കണം. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും." (മത്താ. 5:8) വിശുദ്ധിയും സ്നേഹവുമാണ് ആത്മാവിന്റെ ഇരു നയനങ്ങൾ. കാൽവറിയിൽ യേശുവിനോടു ചേർന്നുനിന്നതിനു പ്രതിഫലമായിട്ടാണ് അവിടുത്തെ തിരിച്ചറിവാനുള്ള പ്രത്യേക ആത്മപ്രകാശം യോഹന്നാനുണ്ടായതു്. സൃഷ്ടവസ്തുക്കളുടെ നശ്വരതയെ ഒററനോട്ടത്തിനു ഗ്രഹിപ്പാനും ഈ പ്രകാശം നിന്നെ പ്രാപ്തനാക്കും.

## ധ്യാനം 137 ഉയിർപ്പിനുശേഷം അഞ്ചാം വാരം—ബുധനാഴ്ച

## വി. പത്രോസ് സ്വഗുരുവിനെ സമീപിക്കാനായി കടലിലേക്കു ചാടുന്നു.

"അതു കർത്താവാകുന്നു, എന്നു കേട്ടയുടനെ, പത്രോസ് മേൽവസ്ത്രമെടുത്തു ധരിച്ചുകൊണ്ടു് കടലിലേക്കു ചാടി." (യോ. 21:7) ദൈവസേവനത്തിനുള്ള അവസരം വരുമ്പോൾ ക്രിസ്തുശിഷ്യൻ പിന്മാറുകയോ ആപത്തിനെ ഭയപ്പെട്ടിരിക്കയോ ചെയ്യുന്നില്ല. സ്നേഹതീക്ഷ്ണതയോടെ എല്ലാ പ്രതിബന്ധങ്ങളെയും അവൻ അഭിമുഖീകരിക്കും. ഇതരശിഷ്യർ മത്സ്യം നിറഞ്ഞ വലയും വലിച്ചുകൊണ്ടു് പടവിൽ കരയ്ക്കടുത്തു.

പരിപൂർണ്ണതയ്ക്കായി ശ്രമിക്കുന്ന രണ്ടുതരം ആളുകളെ നാം ഇവിടെ കാണുന്നു. ഒന്നാമത്തെ കൂട്ടർ തീക്ഷ്ണമതികളും ധൈര്യശാലികളുമാകുന്നു. യേശുവിനോടു് ഐക്യപ്പെടുവാൻവേണ്ടി അവർ ക്ലേശസമുദ്രത്തിലേക്കു് എടുത്തുചാടുന്നു. മററവർ സൗമ്യരും സമാധാനപ്രിയരുമാകുന്നു. അവർ ദൈവഇഷ്ടത്തിനു കീഴ്പെട്ടു് ദിവ്യപരിപാലനയാകുന്ന പടവിൽ സ്ഥിതിചെയ്യുന്നു. തങ്ങളുടെ യജമാനൻ സന്നിഹിതനാകുമ്പോൾ അവർ അവിടുത്തെ അനുഗ്രഹം പ്രാപിക്കും.

## ധ്യാനം 138 ഉയിർപ്പിനുശേഷം അഞ്ചാംവാരം—വ്യാഴാഴ്ച

## ഭക്ഷണം കഴിക്കുന്നതിനു് ഈശോ ശിഷ്യരെ ക്ഷണിക്കുന്നു

"അവർ കരയ്ക്കിറങ്ങിയപ്പോൾ അവിടെ തീക്കനൽ കൂട്ടിയിരിക്കുന്നതും അതിന്മേൽ ഒരുമത്സ്യം വച്ചിരിക്കുന്നതും അപ്പം ഇരിക്കുന്നതും

www.malankaralibrary.com

കണ്ടു." (യോഹ. 21:9) തന്റെ സേവനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവിടുന്ന് ഒരുക്കുന്ന ആദ്ധ്യാത്മിക ഭോജനത്തിന്റെ ഒരു മാതൃകയാണിത്. ഭക്ഷണത്തിനു ക്ഷണിക്കുക മാത്രമല്ല, താൻതന്നെ അവർക്കു ഭക്ഷണം വിളമ്പികൊടുക്കുകയും ചെയ്യുന്നു. "വന്നു ഭക്ഷിപ്പിൻ" എന്നവിടുന്ന് അവരോടരുൾചെയ്തു. (യോഹ. 21:12) അതു കർത്താവാകുന്നു എന്നറിഞ്ഞിരുന്നതുകൊണ്ട് 'അവിടുന്ന് ആരാകുന്നു' എന്ന് ചോദിപ്പാൻ ആരും ധൈര്യപ്പെട്ടില്ല; അവിടുത്തെ ആരാധിക്ക മാത്രം ചെയ്തു. എത്രയധികമായി അവിത്തോടു നാം അടുക്കുന്നുവോ അത്രയധികം ബഹുമാനവും അവിടുത്തോടു നമുക്കുണ്ടാകണം. യേശു അരുളിചെയ്തു; "നിങ്ങൾ ഇപ്പോൾ പിടിച്ച മീൻ കുറച്ചു കൊണ്ടുവരുവിൻ. ശെമ്ഓൻ പത്രോസ് പോയി വല വലിച്ചുകയററി" (യോഹ. 21:10,11) നമ്മുടെ കർത്താവു തന്റെ സ്നേഹത്തിനു് ഒരു പ്രതിസ്നേഹം ആവശ്യപ്പെടുന്നു. ദൈവത്തെ അനുസരിക്കുന്നതിനും, കിട്ടിയ അനുഗ്രഹത്തോടു സഹകരിക്കുന്നതിനും, എന്തും സഹിക്കുന്നതിനും സ്നേഹം ഒരുക്കമാണു്. നിന്റെ സ്നേഹം ഈവിധമുള്ളതാണോ?

## ധ്യാനം 139 ഉയർപ്പിനുശേഷം അഞ്ചാംവാരം—വെള്ളിയാഴ്ച

### നീ എന്നെ സ്നേഹിക്കുന്നുവോ എന്നു് ഈശോ പത്രോസിനോടു് മൂന്നുപ്രാവശ്യം ചോദിക്കുന്നു.

പ്രാതൽ കഴിഞ്ഞപ്പോൾ യേശു ശെമ്ഓൻ പത്രോസിനോടു് ചോദിച്ചു. "യോനായുടെ പുത്രനായ ശെമ്ഓനേ, ഇവരെക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?" "ഉവ്വ്, കർത്താവേ ഞാൻ അങ്ങയെ സ്നേഹിക്കുന്നെന്നു് അങ്ങേയ്ക്കറിയാമല്ലോ" എന്നു് പത്രോസ് പ്രതിവചിച്ചു. (യോഹ. 21:15) അദ്ധ്യക്ഷസ്ഥാനത്തേക്കു വിളിക്കപ്പെടുന്നവരുടെ പ്രധാന ആഭരണം സ്നേഹമായിരിക്കണം. സ്നേഹം ക്ഷമയുള്ളതാകുന്നു. ദയാസമ്പന്നമാകുന്നു. അതിനു് അസൂയയില്ല. തിന്മ ചെയ്യുന്നില്ല അഹങ്കരിക്കുന്നുമില്ല. (1 കൊരി. 13:4) "ഇവരിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ" എന്നു് പത്രോസിനോടു് യേശു മൂന്നുപ്രാവശ്യം ചോദിക്കുന്നു. മൂന്നുപ്രാവശ്യം "സ്നേഹിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു്, മൂന്നുതവണ അവിടുത്തെ തള്ളിപ്പറഞ്ഞതിനു് അദ്ദേഹം പരിഹാരം ചെയ്യുന്നു. മനസ്താപതീവ്രതയാൽ ഭൂതകാലദുഷ്കൃതികൾക്കു പരിഹാരം ചെയ്യുന്നവർ, നിഷ്കളങ്കതയിൽ ജീവിക്കുന്നവരേക്കാൾ ശ്രേഷ്ഠമായ പദവിക്കു് അർഹരായേക്കാം.

യേശു പത്രോസിനെ തിരുസഭയുടെ തലവനായി നിയമിച്ചെങ്കിലും ധനമോ, മാനമോ, സന്തോഷമോ, ഒന്നും അദ്ദേഹത്തിനു് വാഗ്ദത്തം ചെയ്യുന്നില്ല. രക്തസാക്ഷിമരണം മാത്രം വാഗ്ദത്തം ചെയ്യുന്നു. "വൃദ്ധനാകുമ്പോൾ നീ കൈനീട്ടുകയും മറെറാരുത്തൻ നിന്റെ അരമുറുക്കി നിനക്കു് ഇഷ്ടമില്ലാത്തിടത്തേക്കു് നിന്നെ കൊണ്ടുപോകയും ചെയ്യും." (യോഹ. 21:18)

www.malankaralibrary.com

## ധ്യാനം 140 ഉയർപ്പിനുശേഷം അഞ്ചാംവാരം–ശനിയാഴ്ച

## ഈശോ പത്രോസിൻെറ ജിജ്ഞാസയെ ശാസിക്കുന്നു

ഞാൻ വരുന്നതുവരെ ഇവൻ കാത്തിരിക്കണമെന്നാണ് എൻെറ ഇഷ്ടമെങ്കിൽ നിനക്ക് അതിലെന്ത്? നീ എന്നെ അനുഗമിക്കുക." (യോഹ. 21:22) അയല്ക്കാരൻെറ കാര്യത്തിൽ ജിജ്ഞാസു ആകാതെ നിൻെറ കാര്യത്തിൽ ജാഗരൂകനായിരിക്കുക എന്ന് കർത്താവ് ഇവിടെ ഉപദേശിക്കുന്നു. ദൈവത്തിലും നിൻെറ ആത്മകാര്യത്തിലും മാത്രം വ്യാപൃതനായിരുന്നാൽ നിനക്കു മനസ്സമാധാനവും ദിവ്യഐക്യവുമുണ്ടാകും. ഞാൻ വരുന്നതുവരെ ഇവൻ നോക്കിപ്പാർക്കണമെന്ന് ഞാൻ ഇച്ഛിക്കുന്നെങ്കിൽ നിനക്കെന്ത്? എൻെറ ദിവ്യപരിപാലനയുടെ രഹസ്യത്തിലേക്കു കടക്കാൻ നീ ആഗ്രഹിക്കണ്ട. നിൻെറയും മററുള്ളവരുടെയും കാര്യങ്ങളെല്ലാം ക്രമപ്പെടുത്തുവാൻ എന്നെ അനുവദിക്കുക. "നീ എന്നെ അനുഗമിക്കുക". എത്ര നീതിയുക്തമെന്നു തോന്നിയാലും നിൻെറ ആകുലതകളെയും ആഗ്രഹങ്ങളെയും മിതപ്പെടുത്തണം. മററുള്ളവരുടെ സൽപ്രവൃത്തികളിൽ നീ സന്തോഷിക്കയും അവരുടെ ബലഹീനതകളെ മനസ്സാ നീതീകരിക്കയും ചെയ്യുക. എന്നാൽ അവരുടെ ക്രമക്കേടുകളിൽ നിൻെറ മനസ്സ് അസ്വസ്ഥമാകേണ്ടതില്ല.

## ധ്യാനം 141 ഉയർപ്പിനുശേഷം അഞ്ചാം വാരം–ഞായറാഴ്ച

## പ്രാർത്ഥനയുടെ ആവശ്യകതയെപ്പററി

"മടുപ്പുകൂടാതെ എപ്പോഴും പ്രാർത്ഥിക്കണമെന്നുള്ളതിനു് ഒരുപമ അവിടുന്നരുൾചെയ്തു. (ലൂ. 18:1) ഒരു ക്രിസ്ത്യാനിക്ക് മൂന്നുതരം പ്രാർത്ഥന ഉണ്ടായിരിക്കണം. 1) മാനസികപ്രാർത്ഥനയും വാചാപ്രാർത്ഥനയും. 2) എല്ലാ സൽപ്രവൃത്തികളും ദൈവത്തിൻെറ ബഹുമാനത്തിനായി അർപ്പിക്കപ്പെടുന്ന ഭോഗവും ദൈവീകനുകമ്പയോടുള്ള അഭ്യർത്ഥനയുമാക്കിത്തീർക്കുന്നതു്. 3) നിരന്തരമായ ദൈവസാന്നിദ്ധ്യബോധപരിശീലനം.

പ്രാർത്ഥിക്കേണ്ട അവസരങ്ങൾ: രാവിലെയും വൈകിട്ടും എന്തെങ്കിലും ആപത്തോ, പീഡയോ, പരീക്ഷയോ ഉണ്ടാകുമ്പോഴും, ജോലി എന്തെങ്കിലും തുടങ്ങുമ്പോഴും അവസാനിക്കുമ്പോഴും. ദൈവത്തെക്കൂടാതെ നമുക്കൊന്നും ചെയ്യാൻ സാദ്ധ്യമല്ല. പ്രാർത്ഥനയിൽ അലസത കാണിച്ചതിനാൽ പല ബുദ്ധിമാന്മാരും വിശുദ്ധരും വഞ്ചിക്കപ്പെട്ടിട്ടുണ്ട്. ആകാശത്തെയും ഭൂമിയെയും ബന്ധിക്കുന്ന ശൃംഖലയായി ദൈവം പ്രാർത്ഥനയെ നിയോഗിച്ചിരിക്കുന്നു. പ്രാർത്ഥനവഴി ദൈവത്തോടു നാം യോജിച്ചിരിക്കാത്തപക്ഷം പരിശുദ്ധാത്മനൽവരം നമുക്കു ലഭിക്കുകയില്ല. ചോദിക്കുന്നവർക്കു മാത്രമാണ് അവിടുന്ന് ഈ നൽവരം വാഗ്ദത്തം ചെയ്തിട്ടുള്ളതു്. നിങ്ങളുടെ ഹൃദയം ദൈവത്തിൽ മി

www.malankaralibrary.com

ശിഹാദയാട്ടക്കുടെ മറഞ്ഞിരിക്കട്ടെ. നമ്മുടെ കത്താവു് അപ്പോസ്തല ന്മാരിൽനിന്നു് വേപ്പെട്ടപ്പോൾ അവർ ലോകത്തിൽനിന്നു മറഞ്ഞു് പ്രാത്ഥനയിൽ ഒരുമപ്പെട്ടിരിക്കയും പരിശുദ്ധാത്മാവിനുവേണ്ടി നോക്കിപ്പാക്കയും ചെയ്തു. അതിനാലാണവർ പരിശുദ്ധാത്മ നൽവരത്തിനഹ്ഹരായതു്.

## ധ്യാനം 142 ഉയർപ്പിനുശേഷം ആറാം വാരം—തിങ്കളാഴ്ച

### നമ്മുടെ കത്താവു് ഗലീലയിൽവച്ചു് അപ്പസ്തോലന്മാക്കു് പ്രത്യക്ഷപ്പെടുന്നു.

ശിഷ്യന്മാർ പതിനൊന്നുപേരും നമ്മുടെ കത്താവിൻെറ നിദ്ദേശപ്രകാരം ഗ്ലീലായിലെത്തി. അവിടുന്നവരോടരുൾചെയ്തു. "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു." (മത്താ: 28:16–18) അവിടുത്തേക്കു് സ്വതസിദ്ധമായ ഈ അധികാരം അവിടുത്തെ കഷ്ടപ്പാടുകളുടെയും മരണത്തിൻെറയും ഫലമായി, മനുഷ്യസ്വഭാവത്തിനു് അവിടുന്നു് സമ്പാദിച്ചതന്നു. കുരിശുവഴിയായിട്ടല്ലാതെ തൻെറ ശത്രുക്കളെ ജയിപ്പാൻ അവിടുത്തേക്കു കഴിയുമായിരുന്നു. എന്നാൽ നിൻെറ ശക്തിയും ആശ്വാസവും കുരിശിൽ വയ്ക്കണമെന്നു നിന്നെ പഠിപ്പിക്കാൻ തിരുരക്തം മുഴുവൻ വിലയായി കൊടുത്തു് ഈ വിജയം കരസ്ഥമാക്കണമെന്നു് അവിടുന്നു തീരുമാനിക്കയാണുണ്ടായതു്. യേശുവിൻെറ ശക്തി പാപിക്കു ഭയങ്കരമാകുന്നു. അവിടുത്തെ പ്രതാപത്തോടു് എതിർത്തുനില്പാനോ, അങ്ങിൽനിന്നു് ഓടി ഒളിക്കാനോ അവനു് കഴിയുകയില്ല. നാം പാപികളാകകൊണ്ടു് അവിടുത്തെ ഭയപ്പെടുവാനും അവിടുത്തെപ്പോലെ വലിയവനായി ആരുമില്ല എന്നു പറയുവാനും ന്യായമായിരിക്കുന്നു. മനുഷ്യൻ ആരാകുന്നു എന്നു ചിന്തിക്കുമ്പോൾ അവിടുത്തെ ന്യായവിധിയെപ്പററി ഭയവിഹ്വലരാകാതിരിപ്പാൻ എങ്ങനെ കഴിയും? അവൻെറ മനസ്സാക്ഷി തന്നെ അവൻെറ പാപത്തിനു സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ? ശത്രുക്കളോടു പ്രതികാരം ചെയ്വാനല്ല; പിന്നയോ നിങ്ങൾ പോയി സകല ജാതികളേയും പഠിപ്പിക്കിൻ (മത്താ: 28:19) എന്നാണു് അവിടുന്നു കല്പിക്കുന്നതു്. താൻ സമ്പാദിച്ച രക്ഷ മനുഷ്യവർഗ്ഗത്തിനു പകർന്നുകൊടുപ്പിൻ എന്നു് അവിടുന്നു് ആജ്ഞാപിക്കുന്നു.

ഓ, കത്താവേ! എൻെറ ദുർബ്ബലസ്വഭാവം കുരിശിൽനിന്നകന്നുമാറുന്നു എന്നു നീ അറിയുന്നുവല്ലോ. ക്ഷമയും ധൈര്യവും കൊണ്ടു് എന്നെ പ്രചോദിപ്പിക്കണമെ.

www.malankaralibrary.com

## ധ്യാനം 143 ഉയർപ്പിനുശേഷം ആറാംവാരം—ചൊവ്വാഴ്ച

### തൻെറ സുവിശേഷം എല്ലാ ജാതികളോടും പ്രസംഗിപ്പാൻ ഈശോ അപ്പസ്തോലന്മാരെ നിയോഗിക്കുന്നു.

അനന്തരം ഈശോ അരുൾ ചെയ്തു. "നിങ്ങൾ പോയി ലോകമെങ്ങും സർവ്വസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും." (മർക്കോ. 16:16) ആരാദ്ധ്യമായ തിരുനാമം ലോകമെങ്ങും പ്രസിദ്ധപ്പെടുത്തുകയും അതിൻെറ മുമ്പിൽ എല്ലാ മുഴങ്കാലുകളും മടക്കിക്കയും സകല നാവുകളുംകൊണ്ടു് ഏറ്റുപറയിക്കയും ചെയ്യുന്നതിനുള്ള ദിവ്യാഹ്വാനം എത്ര ശ്രേഷ്ഠം.

യേശുവിൻെറ സാമ്രാജ്യമാകുന്ന തിരുസഭയിലേക്കു പ്രവേശിക്കാനുള്ള വാതിലാണു് മാമോദീസാ. വിശ്വാസികളുടെ ആത്മാക്കൾ പ. ത്രീത്വത്തിനു പ്രതിഷ്ഠിക്കപ്പെട്ടവരാകുന്നു എന്നു കാണിപ്പാൻ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ മാമോദീസാ മുക്കണമെന്നു് ഈശോ ആജ്ഞാപിക്കുന്നു. വി. ത്രീത്വത്തിൻെറ നാമത്തിൽ കുരിശുവരച്ചുകൊണ്ടു് ആദിമക്രിസ്ത്യാനികൾ ഓരോ വേലയും ആരംഭിക്കുക പതിവായിരുന്നു. നമ്മുടെ ജീവിതം നിരന്തരം പ. ത്രീത്വത്തിൻെറ സാന്നിദ്ധ്യത്തിനും, അംഗീകാരത്തിനും സ്നേഹത്തിനും ചേർന്നതായിരിക്കണം.

ആത്മരക്ഷയ്ക്കു മാമോദീസാ സ്വീകരിച്ചാൽ മാത്രം പോരാ ദൈവപ്രമാണങ്ങൾ അനുഷ്ഠിക്കയും വേണം. "ഒരുവൻ തനിക്കു് വിശ്വാസമുണ്ടെന്നു് ഉദ്ഘോഷിക്കയും എന്നാൽ തദനുസരണം പ്രവർത്തിക്കാതിരിക്കയും ചെയ്താൽ അവനെന്തു പ്രയോജനമാണുള്ളതു്?" (യാക്കോ. 2:14)

## ധ്യാനം 144 ഉയിർപ്പിനുശേഷം ആറാംവാരം—ബുധനാഴ്ച

### ലോകാവസാനംവരെ ശിഷ്യരോടുകൂടെ ഉണ്ടായിരിക്കുമെന്നു് ഈശോ വാഗ്ദാനം ചെയ്യുന്നു.

"ലോകാവസാനംവരെ എല്ലാ ദിവസവും ഞാൻ നിങ്ങളോടു കൂടെയുണ്ടായിരിക്കും." (മത്താ. 28:20) യേശു ക്രിസ്തുവിൻെറ സാന്നിദ്ധ്യം അവിടുത്തെ ദാസന്മാർക്കു് സൗഭാഗ്യവും ശക്തിയും പ്രദാനം ചെയ്യുന്നതാണു്. നിൻെറ ബലഹീനത നിന്നെ ഭയപ്പെടുത്താതിരിക്കട്ടെ. യേശുക്രിസ്തുവിൻെറ സാന്നിദ്ധ്യം ഇത്ര പ്രയോജനകരമായിരിക്കെ അവിടുത്തോടു് ഐക്യപ്പെട്ടിരിക്കേണ്ടതു് എത്ര ആവശ്യം?

www.malankaralibrary.com

മറിയം മഗ്ദലേനയെപ്പോലെ അവിട്ടത്തെ അസാന്നിദ്ധ്യത്തെ പ്പററി വിലപിക്കയും വി. പത്രോസിനെപ്പോലെ പാപത്തെപററിയഥാൎത്ഥ പശ്ചാത്താപമുള്ളവനായിരിക്കയും, യേശുവിൻെറ ഉയിൎപ്പിനെപ്പററി ശിഷ്യരോടറിയിച്ച ഭക്തസ്ത്രീകളെപ്പോലെ പരസ്നേഹം പാലിക്കയും സകല പ്രവൃത്തികളും ദൈവമഹത്വത്തിനായി നിൎവ്വഹിക്കയും ചെയ്താൽ യേശു എപ്പോഴും നിൻെറ കൂടെയുണ്ടെന്നു് ഉറപ്പാവുന്നതാണ്.

യേശു എപ്പോഴും നമ്മോടുകൂടെ ഉണ്ടായിരിക്കും. എന്നാൽ അവിടുത്തോടുകൂടെ ആയിരിക്കണമെന്നുള്ള നമ്മുടെ നിശ്ചയം പലപ്പോഴും നാം മറന്നുപോകുന്നു. ഉയിൎപ്പിനുശേഷം യേശു തൻെറ സ്നേഹിതന്മാരോടു് സ്വൎഗ്ഗരാജ്യത്തെപ്പററി മാത്രം സംസാരിച്ചു. "ഇനി ഞാനല്ല മിശിഹായത്രേ എന്നിൽ ജീവിക്കുന്നതു്" (ഗലാ. 2:20) എന്നു പറയാൻ നിനക്കും ഇടയാകട്ടെ.

www.malankaralibrary.com

# രണ്ടാംഭാഗം

## ധ്യാനം 145 സ്വർഗ്ഗാരോഹണ വ്യാഴാഴ്ച

### നമ്മുടെ കർത്താവിന്റെ വിജയശ്രീലാളിതമായ സ്വർഗ്ഗാരോഹണം.

"അവർ നോക്കിനില്ക്കുമ്പോൾ തന്നേ അവിടുന്നു് മേല്പോട്ടുയരുകയും, ഒരു മേഘം വന്നു് അവിടുത്തെ അവരുടെ ദൃഷ്ടിയിൽ നിന്നു് മറയ്ക്കുകയും ചെയ്തു." (നട. 1:9) നിത്യകാലം മുതൽ അവിടുത്തേക്കു് അവകാശപ്പെട്ടതും പീഡാനുഭവവും മരണവുംമൂലം അവിടുന്നു് വിലയ്ക്കു വാങ്ങിയതുമായ കിരീടം നമ്മുടെ പേരിൽ സ്വീകരിക്കുവാനായി അവിടുന്നു് സ്വർഗ്ഗത്തിലേക്കു കരേറുന്നു. ദുഃഖത്തോടുകൂടെയാണു് അവിടുന്നു നമ്മെ വിട്ടുപിരിയുന്നതെന്നു തോന്നുമാറു് സാവധാനത്തിലാണവിടുന്നു് മേലോട്ടുയരുന്നതു്. തൃക്കൈ നീട്ടി അവിടുന്നു് ശിഷ്യർക്കു് അന്ത്യവാഴ്വു് നല്കുന്നു. "നിങ്ങൾക്കു സ്ഥലം ഒരുക്കുവാനായി ഞാൻ പോകുന്നു." (യോഹ. 14:2) ഏററം ബലഹീനനായ ഒരു സൃഷ്ടിയെപ്പോലും അവിടുന്നു് വിസ്മരിക്കുന്നില്ല. സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി അവിടുന്നു് ഒരുക്കിയിരിക്കുന്ന അനുഗ്രഹങ്ങൾക്കു് അർഹരാകുവാൻവേണ്ടി അവിടുത്തെ പിന്നടികളിൽ നാമും നടക്കണം.

## ധ്യാനം 146 സ്വർഗ്ഗാരോഹണവാരത്തിലെ വെള്ളിയാഴ്ച

### സ്വർഗ്ഗത്തിലേക്കു് ഈശോയെ അനുഗമിക്കുന്നതിനു വേണ്ടി ഭൗമികവസ്തുക്കളിൽനിന്നു് നമ്മുടെ ആത്മാവിനെ നാം സ്വതന്ത്രമാക്കണം.

സ്വർഗ്ഗീയ സിംഹാസനത്തിലേയ്ക്കു് ആരോഹണം ചെയ്യുന്ന യേശു അങ്ങേ സർവ്വശക്തമായ സ്നേഹത്താൽ നമ്മെയും അവിടുത്തോടുകൂടെ സംവഹിക്കുന്നു. നമ്മുടെ ദുഷിച്ച സ്വഭാവത്തെ ജയിക്കുന്നതിനു് തന്റെ കൃപ നല്കിക്കൊണ്ടാണു് അവിടുന്നു് ഇതു സാധിക്കുന്നതു്. നീ യേശുവിനെ യഥാർത്ഥമായി സ്നേഹിക്കുന്നെങ്കിൽ പിന്നീടൊരിക്കലും വ്യർത്ഥസന്തോഷങ്ങൾക്കു് വഴിപ്പെടുകയില്ല.

ലോകത്തിൽ നമുക്കു് ആശാവഹമായി യാതൊന്നും ഇല്ലെന്നും നമ്മുടെ സർവ്വനന്മയും സ്വർഗ്ഗത്തിലാണു് സംഭരിക്കപ്പെട്ടിരിക്കുന്നതെന്നും നമ്മെ ഓർപ്പിക്കാനായി ലോകമാസകലം തന്റെ കുരിശു് അവിടുന്നു് നാട്ടിയിരിക്കുന്നു. ഒരു നിമിഷംപോലും സുരക്ഷിതബോധത്തിൽ ജീ

www.malankaralibrary.com

വിപ്പാൻ അവിടുന്നു് നമ്മെ അനുവദിക്കുന്നില്ല. "എന്നാൽ ഹൃദയം തകർന്നവൎക്കു് കൎത്താവു സമീപസ്ഥനാണു്, മനം നുറുങ്ങിയവൎക്ക അവിടുന്നാണു് രക്ഷകൻ." (സങ്കീ. 33:19)

മനസ്താപത്തിനും പശ്ചാത്താപത്തിനും മാത്രം കാരണമാകുന്ന ഈ ലോകസന്തോഷങ്ങൾക്കുവേണ്ടി യഥാൎത്ഥ നന്മയായ ദൈവത്തെ പരിത്യജിക്കുന്നവന്റെ അന്ധത എത്ര പരിതാപകരം. നിന്റെ നിക്ഷേപമായ ഈശോ സ്വൎഗ്ഗത്തിലേക്കു കരേറിയിരിക്കകൊണ്ടു് നിന്റെ ആഗ്രഹങ്ങളുടെയും സന്തോഷത്തിന്റെയും പ്രത്യാശയുടെയും കേന്ദ്രം സ്വൎഗ്ഗമായിരിക്കട്ടെ.

## ധ്യാനം 147 സ്വൎഗ്ഗാരോഹണവാരത്തിലെ ശനിയാഴ്ച

### ഈശോ ഒലിവുമലയിൽ തൃപ്പാദങ്ങളുടെ പാടു് പതിപ്പിക്കുന്നു.

"അവിടുന്നു് അവരെ അനുഗ്രഹിക്കയിൽതന്നേ അവരെ വിട്ടു് സ്വൎഗ്ഗത്തിലേക്കു് ആരോഹണം ചെയ്തു." (ലൂ. 24:51) തൃപ്പാദങ്ങളുടെ പാടു് ഒലിവുമലയിൽ പതിപ്പിച്ചിട്ടാണു് അവിടുന്നു് ഭൂമിയിൽ നിന്നു വേർപെട്ടു പോയതു്. അവിടുന്നു് സ്വന്തം രക്തംകൊണ്ടു വരച്ചുകാട്ടിയിട്ടുള്ള പന്ഥാവിനെ അനുഗമിക്കേണ്ടതു് നമ്മുടെ എത്ര വലിയ കടമയാണു്? പ്രാൎത്ഥനയാലും പീഡാനുഭവത്താലുമാണു് അവിടുന്നു് നമുക്കുവേണ്ടി സ്വൎഗ്ഗവാതിൽ തുറന്നുതന്നതു്. അതേ പന്ഥാവിൽക്കൂടെ നാമും അവിടുത്തെ അനുധാവനം ചെയ്യണം. പ്രാൎത്ഥനയിൽ സ്ഥിരപ്പെട്ടിരിക്കുന്നിടത്തോളം ദൈവം തന്റെ കരുണയെ നിന്നിൽനിന്നു് എടുത്തുകളകയില്ല.

"അല്ലയോ ഗലീലിയരേ, നിങ്ങളെന്തിനു്, ആകാശത്തിലേക്കു നോക്കിനില്ക്കുന്നു. നിങ്ങളുടെയിടയിൽനിന്നു് സ്വൎഗ്ഗത്തിലേക്കു് ആരോഹണംചെയ്ത ഈശോ സ്വൎഗ്ഗത്തിലേക്കു പോകുന്നതു നിങ്ങൾ കണ്ടല്ലോ. അതുപോലതന്നെ അവിടുന്നു് വീണ്ടും വരും." (നടപടി. 1:11) അപ്പോൾ തന്റെ തെരഞ്ഞെടുക്കപ്പെട്ടവർ സന്തോഷിക്കും. ശത്രുക്കൾ തന്റെ മുഖത്തെ കോപത്താൽ ചൂളിപ്പോകും. അവിടുത്തെ കഠിനമായ നീതിയെ നീ എങ്ങനെ അഭിമുഖീകരിക്കും? അവിടുന്നു് നിന്റെ സംരക്ഷകനല്ലെങ്കിൽ തീൎച്ചയായും വിധിയാളനായിരിക്കും.

## ധ്യാനം 148 സ്വൎഗ്ഗാരോഹണാനന്തര ഞായറാഴ്ച

### ഈശോ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു

"കൎത്താവായ യേശു ഇവ അരുളിച്ചെയ്തശേഷം സ്വൎഗ്ഗാരോഹണം ചെയ്തു. അവിടുന്നു് ദൈവത്തിന്റെ വലത്തുഭാഗത്തു് ഉപവി

www.malankaralibrary.com

ഷ്ടനായിരിക്കുന്നു." (മർക്കോ. 16:19) "ഇരിക്കുന്നു" എന്നതു് അവിടുത്തെ ജോലി പൂർത്തിയാക്കിയിരിക്കുന്നതിനെയും അവിടുത്തെ നിത്യരാജ്യം സുസ്ഥിരമായിരിക്കുന്നതിനെയും കുറിക്കുന്നു. ക്രിസ്തുവിനോടുകൂടെ നീ ഉയർത്തപ്പെട്ടിരിക്കുന്നുവെങ്കിൽ, ക്രിസ്തു ഇരിക്കുന്ന ഇടമായ ഉന്നതത്തിലുള്ളതു ചിന്തിക്കുക.

"ഞാൻ പിതാവിൽനിന്നു് അയക്കുന്നവനും പിതാവിൽനിന്നു പുറപ്പെടുന്ന സത്യാത്മാവുമായ ആശ്വാസകൻ ഞാൻ ആരാണെന്നു സാക്ഷിപ്പെടുത്തും" (യോഹ. 15:26) പരിശുദ്ധാത്മസ്വരം സശ്രദ്ധം ശ്രവിക്കുക. നിന്റെ ആത്മാവിലെ അന്ധകാരത്തെ തന്റെ പ്രഭാപൂരത്താൽ ആത്മാവു പ്രകാശിപ്പിക്കും. "ആദിമുതൽ എന്നോടുകൂടെയുണ്ടായിരുന്ന നിങ്ങളും എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തും." (യോഹ. 15:27) യേശുവിനെ ആദ്യം അനുഗമിച്ചവർ അറിവോ, പ്രതാപമോ ഇല്ലാത്ത പാവപ്പെട്ടവരായിരുന്നു. വിജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരെയത്രേ ദൈവം തെരഞ്ഞെടുത്തതു്. ദൈവതിരുസന്നിധിയിൽ ആരും അഹങ്കരിക്കാതിരിക്കാനാണു് അവിടുന്നു് ഇങ്ങനെ ചെയ്തതു്. (I Cor. 1:26-29) എളിമയുള്ളവർക്കു് ദൈവം തന്റെ ദാനങ്ങൾ നല്കുന്നു.

## ധ്യാനം 149 സ്വർഗ്ഗാരോഹണവാരത്തിലെ തിങ്കളാഴ്ച

## ഈശോ സ്വർഗ്ഗത്തിൽ നമ്മുടെ മധ്യസ്ഥൻ

"മനുഷ്യനിർമ്മിതമോ, യാഥാർത്ഥ്യത്തിന്റെ കേവലസാദൃശ്യമോ ആയ വിശുദ്ധമന്ദിരത്തിലേക്കല്ല, ദൈവസന്നിധിയിൽ നമുക്കുവേണ്ടി ഹാജരാകേണ്ടതിനു് നേരെ സ്വർഗ്ഗത്തിലേക്കത്രേ മിശിഹാ പ്രവേശിച്ചതു്. (എബ്രാ. 9:24) നമ്മുടെ രക്ഷയ്ക്കുവേണ്ടി അവിടുന്നു് ഏറ്റിട്ടുള്ള മുറിവുകളെ നിത്യപിതാവിനെ കാണിച്ചുകൊണ്ടു് കരുണയ്ക്കായി അവിടുന്നു് യാചിക്കുന്നു. അങ്ങയുടെ കൃപയിൽ വിശ്വാസവും ശരണവും അർപ്പിക്കയും സഹകരിക്കയും വേണം.

നമ്മുടെ പ്രായശ്ചിത്തങ്ങളും സൽപ്രവൃത്തികളും അവിടുത്തെ പുണ്യയോഗ്യതകളോടു സംയോജിപ്പിച്ചുകൊണ്ടു്, യേശു നിത്യപിതാവിന്റെ മുമ്പിൽ കാഴ്ചവയ്ക്കുന്നു. യേശു നിനക്കുവേണ്ടി അദ്ധ്വാനിക്കയും ഉറക്കിളക്കയും പ്രാർത്ഥിക്കയും ചെയ്യുന്ന സ്ഥിതിക്കു്, എത്ര തീക്ഷ്ണതയോടെ നീ നിന്നെത്തന്നെ നിത്യപിതാവിനു് കാഴ്ചയർപ്പിക്കേണ്ടിയിരിക്കുന്നു. നിന്റെ അദ്ധ്വാനവും ഉറക്കിളപ്പും പ്രാർത്ഥനയുമെല്ലാം സാദ്ധ്യമായ എല്ലാ ഭക്തിതീക്ഷ്ണതയോടുംകൂടെ നിർവ്വഹിക്കണം. സൗരഭ്യധൂപംപോലെ അവ സ്വർഗ്ഗത്തിലേക്കു കരേറട്ടെ. "എന്റെ പിതാവു് എനിക്കു രാജത്വം നല്കിയതുപോലെ ഞാൻ നിങ്ങൾക്കും നല്കുന്നു. നിങ്ങൾ എന്റെ രാജ്യത്തു എന്റെ മേശയിലിരുന്നു് ഭക്ഷിക്കയും പാനം ചെയ്കയും സിംഹാസനങ്ങളിലിരുന്നു് പന്ത്രണ്ടു് ഇസ്രായേൽ ഗോത്രങ്ങ

www.malankaralibrary.com

ളെയും വിധിക്കയും ചെയ്യും.'' (ലൂ. 22:29, 30) ഈശോ സ്വർഗ്ഗത്തിൽ തനിക്കുള്ള സകല അധികാരത്തെയും നമ്മെ മുഴവനായും നമുക്ക് ഒരു കീരീടം ഒരുക്കുവാനായി കൈ കാര്യം ചെയ്യുന്നു. ''നീ വിചാരിക്കാത്ത സമയത്ത് മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നീയും ഒരുങ്ങിയിരിക്കുക.'' (ലൂ. 12:40)

## ധ്യാനം 150 സ്വർഗ്ഗാരോഹണവാരത്തിലെ–ചൊവ്വാഴ്ച

## ലോകാവസാനത്തിലുള്ള യേശുക്രിസ്തുവിന്റെ വരവ്

അല്ലയോ ഗലീലയരേ, നിങ്ങളുടെ ഇടയിൽനിന്ന് സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത യേശു വീണ്ടും വരും. ''(നടപടി. 1:11) അവിടുന്ന് ഇനിയും വരുന്നത് നിത്യമഹത്വത്തിന്റെ പ്രഭാപൂരത്തിൽ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാനായിരിക്കും. ''എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ......നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തിക്കൊൾവിൻ'' (മത്താ. 25:34) എന്നുള്ള സ്നേഹാർദ്രമായ വചനം കേൾക്കുമ്പോൾ എത്ര വലിയ ആശ്വാസമായിരിക്കും വാഴ്ത്തപ്പെട്ടവർക്ക് അനുഭവമാകുക. നീതിമാന്മാരുടെ ഏററം ചെറിയ സൽപ്രവൃത്തിക്കുപോലും, പ്രതിഫലം ലഭിക്കാതിരിക്കയില്ല. രഹസ്യത്തിൽ ചെയ്യപ്പെട്ട ഓരോ ഇന്ദ്രിയനിഗ്രഹവും യേശുവിനോടുള്ള സ്നേഹത്തെപ്രതി സഹിച്ച ഓരോ ഉപദ്രവവും, ദൈവപുത്രനാൽപ്രതി സമ്മാനിക്കപ്പെടാതിരിക്കയില്ല. ഈശോയുടെ ശരീരം മഹത്വത്തോടെ ഉയിർത്തെഴുന്നേററതുപോലെ, പുണ്യവാന്മാരുടെ ശരീരവും കബറിൽനിന്ന് മഹത്വത്തോടെ എഴുന്നേററുവരും. ഈശോയുടെ മഹത്വീകൃത ശരീരത്തിന്റെ കാഴ്ച അവരുടെ ഭാഗ്യത്തെ പൂർത്തിയാക്കും.

കർത്താവേ! അങ്ങ് ആവശ്യപ്പെടുന്ന ഏതു ത്യാഗവും സന്തോഷത്തോടെ ഞാൻ സഹിച്ചുകൊള്ളാം. അവിടുത്തെപ്രതി പരിത്യജിക്കുന്ന എന്തിനും പതിന്മടങ്ങു പ്രതിഫലമായിരിക്കുമല്ലോ എനിക്കു ലഭിക്കുക.

## ധ്യാനം 151 സ്വർഗ്ഗാരോഹണവാരത്തിലെ ബുധനാഴ്ച

## യേശുവിന്റെ രണ്ടാമത്തെ വരവിൽ ശപിക്കപ്പെട്ടവർക്കുണ്ടാകുന്ന ഞെട്ടക്കം.

''അല്ലയോ ഗലീലിയരേ......സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത യേശു......വീണ്ടും വരും.'' (നട. 1:11) അവസാന വിധിതീർപ്പ് കേൾപ്പാൻ പാതാളക്കുഴിയിൽനിന്ന് വിളിക്കപ്പെട്ടപ്പോൾ ശപിക്കപ്പെട്ടവർക്കുണ്ടാകുന്ന ഭയം എന്തുമാത്രമായിരിക്കും? ആത്മാവും വിരൂ

www.malankaralibrary.com

പമായ ശരീരവുമായുള്ള പുനരൈക്യമായിരിക്കും അവരെ ഏററം വേദനപ്പെടുത്തുന്ന പീഡനം......ലോകരക്ഷിതാവേ; അങ്ങയുടെ ന്യായവിധിയേക്കുറിച്ചുള്ള ഭയംകൊണ്ടു് എൻെറ മാംസത്തെ കുത്തിതുളയ്ക്കണമെ. തൻെറ ജീവനെ സ്നേഹിക്കുന്നവൻ അതിനെ നശിപ്പിക്കുമെന്നും, അതിനെ നശിപ്പിക്കുന്നവൻ നിത്യതയിൽ അതിനെ രക്ഷിക്കുമെന്നുമുള്ള സത്യം എൻെറ ഹൃദയത്തിൽ ദൃഢമൂലമാക്കണമെ. ദൈവപുത്രൻെറ ന്യായാസനത്തിൻമുമ്പാകെ നില്ക്കുമ്പോൾ ഭയവും ലജ്ജയും മനക്കലക്കവും കൊണ്ടു് ദുഷ്ടന്മാർ മൂടപ്പെട്ടുപോകും. "ജീവനുള്ള ദൈവത്തിൻെറ കരങ്ങളിൽ വീഴുന്നതു് എത്രയോ ഭയങ്കരമാകുന്നു." (എബ്രാ. 10:31) ദുരുപയോഗിക്കപ്പെട്ട അവിടത്തെ നന്മയുടെയും കരുണയുടെയും മുമ്പിൽ പാപിക്കു് എങ്ങനെ നില്പാൻ കഴിയും?......പരമന്യായാധിപൻ തൻെറ തെരഞ്ഞെടുക്കപ്പെട്ടവരോടു്...'വരുവിൻ' എന്നും ശപിക്കപ്പെട്ടവരോടു് 'പോകുവിൻ' എന്നും പറയുന്നതു കേൾക്കുമ്പോൾ ദുഷ്ടന്മാക്കുണ്ടാകുന്ന അസൂയ, ലജ്ജ, മനക്കലക്കം ഇവ എത്ര ദുസ്സഹമായിരിക്കും? ദൈവം നഷ്ടപ്പെട്ടതിനെപ്പററിയുള്ള സ്മരണ മനസ്സിൽനിന്നു മായിച്ചുകളവാൻ അവക്കു സാധിക്കയില്ല. അനായാസേന പ്രാപിക്കാമായിരുന്ന എത്രയോ നന്മയെയാണു് കേവലം ശൂന്യതയ്ക്കുവേണ്ടി നഷ്ടപ്പെടുത്തിയതെന്നോർത്തു കണ്ണുനീരോടെ പരിതപിക്കുക.

## ധ്യാനം 152 സ്വർഗ്ഗാരോഹണവാരത്തിലെ വ്യാഴാഴ്ച

## അദ്ധ്യാത്മിക സ്വർഗ്ഗാരോഹണം

"അല്ലയോ ഗലീലയരേ...യേശു വീണ്ടും വരും." (നടപടി. 1:11) യേശുവിൻെറ ഉയർത്തെഴുന്നേല്പു കഴിഞ്ഞു് സ്വർഗ്ഗാരോഹണമുണ്ടായതുപോലെ നാമും ആത്മീയമായി ഉയർത്തു് ഈശോയുടെ പിന്നാലെ ആരോഹണം ചെയ്യേണ്ടതാകുന്നു. യേശു ആരോഹണം ചെയ്ത സ്വർഗ്ഗത്തിലേക്കു നമ്മുടെ ഹൃദയവികാരങ്ങളെ നാം ഉയർത്തണം. യേശു സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്തതു കുരിശുവഴിയാണു്. നാമും നമ്മുടെ സ്വാഭാവിക ചാച്ചില്യകളെയും സ്വയസ്നേഹത്തെയും ക്രൂശിച്ചുകൊണ്ടു് യേശുവിനോടു് ഐക്യപ്പെടണം.

"കർത്താവു തൻെറ ബലമായിട്ടുള്ളവൻ ഭാഗ്യവാനാണു്..... അവർ മേല്ക്കുമേൽ ബലം പ്രാപിക്കും. സിയോനിൽ ദേവന്മാരുടെ ദേവനെ അവർ കാണും." (സങ്കീ. 83:7-8) അരൂപിയിൽ യേശുവിനോടുകൂടെ ആരോഹണം ചെയ്തിരിക്കുന്ന നമ്മുടെ വിചാരങ്ങൾ നാം സ്വർഗ്ഗത്തിൽ സ്ഥാപിക്കണം. നമ്മുടെ ഹൃദയം ഭൗമികമായ സകലത്തിൽ നിന്നും സ്വതന്ത്രമായിരിക്കണം.

ഭൂമിയിലേക്കു് ഇറങ്ങിവരുന്ന മാലാഖമാരെ കണ്ടുപഠിക്കുക... സ്വർഗ്ഗീയനാഥൻെറ തിരുവിഷ്ടം നിവർത്തിക്കുന്നതാണു് അവരുടെ സന്തോഷം. ആന്തരികവും ബാഹ്യവുമായ നമ്മുടെ എല്ലാ പ്രവർത്തന

www.malankaralibrary.com

ങ്ങളിലും അവിടുത്തെ തിരുവിഷ്ടം മാത്രമായിരിക്കണം നമ്മുടെയും ലക്ഷ്യം. "കർത്താവിൻെറ സകല പ്രവൎത്തികളുമേ, അവനെ വാഴ്ത്തുവിൻ."

## ധ്യാനം 153 സ്വർഗ്ഗാരോഹണവാരത്തിലെ വെള്ളിയാഴ്ച

### അപ്പസ്തോലന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിപ്പാൻ ഒരുങ്ങുന്നു.

"എൻെറ പിതാവു വാഗ്ദാനം ചെയ്തിട്ടുള്ളവനെ ഞാൻ നിങ്ങളുടെമേൽ അയയ്ക്കും. ഉന്നതത്തിൽനിന്നു ശക്തി ലഭിക്കുന്നതുവരെ ഈ നഗരത്തിൽതന്നെ വസിക്കുവിൻ." (ലൂ. 24:49) പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവാനുള്ള അപ്പോസ്തലന്മാരുടെ ഒരുക്കത്തെ നാം കണ്ടു പഠിക്കണം. ലോകത്തിലെ സൎവ്വനിക്ഷേപങ്ങളെക്കാൾ വിലയേറിയ ഏഴു ദാനങ്ങൾ പരിശുദ്ധാത്മാവു അവൎക്കു നല്കി. പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവാൻ തക്കവണ്ണം നീയും നിൻെറ ഹൃദയത്തെ വികസിപ്പിക്കണം. ദൈവസ്നേഹമില്ലാത്ത ഇടുങ്ങിയ ഹൃദയത്തിൽ ആത്മാവു വസിക്കയില്ല. ദിവ്യഗുരുവിൻെറ അസാന്നിദ്ധ്യത്തിൽ അപ്പോസ്തലന്മാർ അനുഭവപ്പെട്ട ഏകാന്തതയും ശൂന്യതയും പരിശുദ്ധാത്മാവിനെ അവരിലേക്കു ആകൎഷിച്ചു. പരിശുദ്ധാത്മാവിൻെറ ദാനങ്ങളെ ആഗ്രഹിക്കുന്നെങ്കിൽ നീയും നിൻെറ ഹൃദയത്തെ അവിടുത്തേക്കായി ഒഴിഞ്ഞിടണം. ആത്മാവിൽനിന്നു ക്രമരഹിതമായ എല്ലാ അഭിലാഷങ്ങളെയും മോഹങ്ങളെയും ദൂരീകരിക്കണം. നമ്മുടെ കർത്താവിൻെറ ദൃശ്യസാന്നിധ്യത്തോടു പററിചേൎന്നിരുന്നിടത്തോളം അപ്പോസ്തലന്മാൎക്കുപോലും പരിശുദ്ധാത്മാദാനം ലഭിച്ചില്ല എന്നോൎക്കുക.

"പരിശുദ്ധാത്മാവിനെ സ്വീകരിപ്പാൻ ഒരുങ്ങിയപ്പോൾ അവർ ഒരു സ്ഥലത്തു കൂടിയിരുന്നു." (നടപടി 2:1) അവൎക്കു ഏകഹൃദയവും ഏകആത്മാവുമായിരുന്നു; അവർ അധികാരികൾക്കു കീഴ്പ്പെട്ടിരുന്നു; ഇടവിടാതെ പ്രാൎത്ഥിച്ചിരുന്നു. ഈ പുണ്യങ്ങളിൽ നീയും അവരെ അനുകരിക്കണം.

## ധ്യാനം 154 പെന്തിക്കുസ്തി തിരുനാളിൻെറ തലേദിവസം

### പരിശുദ്ധാത്മ വ്യാപാരം

പരിശുദ്ധാത്മദാനം യേശുവിൻെറ യോഗ്യതകളുടെ ഫലമാകുന്നു. ഈ വിലയേറിയ ദാനം നല്കപ്പെടുന്നതിനുമുമ്പു ദൈവത്തോടു മനുഷ്യവർഗ്ഗം നിരപ്പാകേണ്ടിയിരുന്നു. യേശുവിൻെറ കുരിശു മരണത്താൽ നാം ദൈവത്തോടു നിരപ്പാക്കപ്പെട്ടു.

www.malankaralibrary.com

പരിശുദ്ധാത്മദാനം യേശുവിൻെറ പ്രാത്ഥനയുടെ ഫലമാകുന്നു. "ഞാൻ പിതാവിനോട്ട് അഭ്യത്ഥിക്കയും അവൻ മററൊരു ആശ്വാസപ്രദനെ നിങ്ങൾക്ക് അയച്ചുതരികയും ചെയ്യും." (യോഹ. 14:16) ഇതിനുവേണ്ടി ഇഹലോകജീവിതകാലത്തു പ്രാത്ഥിച്ചതുപോലെ സ്വർഗ്ഗാരോഹണശേഷവും അവിട്ടന്നു പ്രാത്ഥിച്ചു. നാമും ഇതിനുവേണ്ടി പ്രാത്ഥിക്കണമെന്നു യേശു ആവശ്യപ്പെടുന്നു. "ദൈവത്തിൻെറ ദാനത്തെയും, കുടിപ്പാൻ തരിക എന്നു നിന്നോടു ചോദിക്കുന്നതാരാണെന്നും നീ അറിഞ്ഞിരുന്നെങ്കിൽ നീ അയാളോടു കുടിപ്പാൻ ചോദിക്കയും അയാൾ നിനക്കു ജീവജലം തരികയും ചെയ്യുമായിരുന്നു." (യോഹ. 4:10)

പരിശുദ്ധാത്മദാനം യേശുവിൻെറ സ്വർഗ്ഗാരോഹണത്തിൻെറ ഫലമായിരുന്നു. "അങ്ങു ഉന്നതങ്ങളിലേക്കു ആരോഹണം ചെയ്തു; ബന്ധിതരെ നയിച്ചുകൊണ്ടുപോയി." (സങ്കീ. 67:19) പരിശുദ്ധാത്മാവു നല്കപ്പെടുന്നതിനുമുമ്പ് യേശു ക്രൂശിക്കപ്പെടുകയും സ്വർഗ്ഗം പ്രാപിക്കയും ചെയ്യേണ്ടിയിരുന്നു. നാമും ലോകത്തിൽനിന്നും ലോകമയമായ സകലത്തിൽനിന്നും ഹൃദയത്തെ വിമുക്തമാക്കിയെങ്കിൽ മാത്രമേ പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ അഹരാകൂ.

# പെന്തിക്കൊസ്തികാലം

## ധ്യാനം 155 പെന്തിക്കൊസ്തി ഞായറാഴ്ച

### പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെമേൽ ഇറങ്ങി.

"അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി." (നടപടി. 2:4) പരിശുദ്ധാത്മാവ് ഇറങ്ങിവന്നു ദൈവപുത്രൻെറ സ്ഥാനം എടുക്കുന്നു. യേശുവിൻെറ വ്യാപാരങ്ങളെ സമ്പൂണ്ണമാക്കുകയാണ് പരിശുദ്ധാത്മാവിൻെറ ജോലി. നിങ്ങൾ പരിശുദ്ധാത്മാവിൻെറ ദാനം സ്വീകരിപ്പിൻ എന്നല്ല; പരിശുദ്ധാത്മാവിനെതന്നെ പ്രാപിപ്പാൻ എന്നാണ് യേശു അരുൾചെയ്തതു്.

യേശുവിൻെറ പ്രാത്ഥനയുടെയും കണ്ണുനീരിൻെറയും ഫലമാണ് പരിശുദ്ധാത്മാവ്. അതിരററ യോഗ്യത അതിരററ പ്രതിഫലം അഹിക്കുന്നു. പരിശുദ്ധാത്മാവ് അവരോഹണം ചെയ്യുന്നതു് യേശുക്രിസ്തുവിൻെറ മഹിമപ്രതാപവും വിജയത്തിൻെറ പ്രഭാപൂരവും വെളിപ്പെടുത്താനാണ്. ദൈവപുത്രൻ വിജയശ്രീലാളിതനായി സ്വർഗ്ഗാരോഹണം ചെയ്തഉടനെ നിത്യകാലം മുതൽ പിതാവിൽനിന്നും തന്നിൽനിന്നും പുറപ്പെടുന്ന അപരിമിത നന്മയായ പരിശുദ്ധാത്മാവിനെതന്നെ ലോകത്തിനു നല്കുന്നു. പരിശുദ്ധാത്മാവ് ഇറങ്ങിവരുന്നതു് നമ്മുടെ ആത്മാവിൽ ദൈവസ്നേഹത്തിൻെറ പ്രമാണം സ്ഥിരപ്പെടുത്തുന്നതിനുവേണ്ടിയാകുന്നു.

www.malankaralibrary.com

പരിശുദ്ധാത്മാവിൻെറ ആഗമനത്തോടെ ദൈവസ്നേഹം നമ്മിൽ ചിന്തപ്പെട്ടിരിക്കകൊണ്ടു് "ദൈവത്തിൻെറ ഹൃദയംകൊണ്ടു്" നമുക്കു സ്നേഹിക്കാമെന്നു് യഥാർത്ഥമായി പറയാം. ദൈവഹൃദയത്തിനു കൊടുക്കുന്നതിനും മനുഷ്യഹൃദയത്തിനു സ്വീകരിക്കുന്നതിനും അപാരമായ ഒരു ചായ്വുണ്ടു്. അതിരില്ലാത്ത നന്മകൊണ്ടുമാത്രമേ ഇവരണ്ടും തൃപ്തിയാകയുള്ളു. നിത്യപിതാവു് തൻെറ സ്വഭാവവും ദൈവികനന്മകളും പുത്രനു നല്കുന്നതുപോലെ പുത്രനും തൻെറ ദൈവിക അരൂപിയെ മനുഷ്യനു നല്കിക്കൊണ്ടു് അവനെ തൻെറ പൂർണ്ണതകൾക്കു് പങ്കുകാരനാക്കുന്നു.

## ധ്യാനം 156 പെന്തിക്കോസ്തിയാഴ്ചയിലെ തിങ്കളാഴ്ച

## പരിശുദ്ധാത്മദാനത്തെ, പുത്രൻ തമ്പുരാനിൽ നമുക്കു നൽകപ്പെടുന്ന ദൈവികദാനത്തോടു താരതമ്യപ്പെടുത്താം

നമ്മുടെ ആത്മാവും പരിശുദ്ധാത്മാവുമായുള്ള ഐക്യത്തെ യേശുവിൻെറ മനുഷ്യത്വവും ദൈവവുമായുള്ള ഐക്യത്തോടുസാമ്യപ്പെടുത്താവുന്നതാണു്. മനുഷ്യത്വവും ദൈവത്വവുമായുള്ള ഐക്യംമൂലം നാം ദൈവത്തിന്റെ ദത്തുപുത്രരായിതീർന്നിരിക്കുന്നു. ദൈവപുത്രരെങ്കിൽ അതിനടുത്ത മനോഭാവവും നമ്മിൽ ഉണ്ടായിരിക്കണം. ദൈവികമായതിനെ മാത്രം നാം മതിക്കണം. ദൈവത്വവും മനുഷ്യത്വവുമായുള്ള ഐക്യം യേശുവിൻെറ ആത്മാവിനെ സ്വർഗ്ഗീയ സമ്പത്തിൻെറയെല്ലാം ഉടമയാക്കിയതുപോലെ, പരിശുദ്ധാത്മവുമായുള്ള ഐക്യം നിൻെറ ആത്മാവിനെയും സകല ആത്മീയദാനങ്ങളാലും സമ്പന്നമാക്കിയിരിക്കുന്നു. "നിങ്ങൾ തൻെറ പുത്രരാകയാൽ ആബ്ബാ, പിതാവേ! എന്നു വിളിക്കുന്ന സ്വപുത്രൻെറ ആത്മാവിനെ ദൈവം നിങ്ങളുടെ ഹൃദയങ്ങളിലേക്കു് അയച്ചു." (ഗലാ. 4:6) "വേണ്ടതുപോലെ പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ; ആത്മാവുതന്നെ അവാച്യമായ വേദനയോടെ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു" (ഗലാ. 8:26)

ദൈവവചനത്തോടുള്ള ഐക്യത യേശുവിൻെറ മനുഷ്യത്വത്തെ അത്യുന്നതമഹാപുരോഹിതനും രാജാവുമെന്ന പദവികളിൽ സകലസൃഷ്ടികളുടെയും മേലുള്ള പരമമായ ആധിപത്യത്തിലേക്കു് ഉയർത്തുന്നു. യേശുവിൻെറ അരൂപിയ്ക്കു ചേർന്നവണ്ണം ജീവിക്കുന്ന ക്രിസ്ത്യാനികളെ വി. വേദം വിളിക്കുന്നതു് വിശുദ്ധജനം, രാജകീയ പുരോഹിതവർഗ്ഗം എന്നൊക്കെയാണു്. പെന്തിക്കോസ്തിയിൽ പ. റൂഹാ അപ്പോസ്തലന്മാരുടെ മേൽ ഇറങ്ങി ആവസിച്ചു് അവരെ ഭൃസ്വർഗ്ഗങ്ങളിലെ രാജകുമാരന്മാരായി അഭിഷേചിച്ചു. ഇതുതന്നെയാണു് നമ്മുടെ മേലുള്ള പരിശുദ്ധാത്മാവിൻെറ പ്രവർത്തനഫലവും. ഈ ഉന്നതപദവിയിൽനിന്നു് നാം അധഃപതിക്കാതിരിക്കട്ടെ!

www.malankaralibrary.com

## ധ്യാനം 157 പെന്തിക്കൊസ്തിവാരത്തിലെ ചൊവ്വാഴ്ച

### പരിശുദ്ധാത്മപ്രവത്തനം, ദൈവത്തിനു നമ്മുടെ നേരെയുള്ള സ്നേഹം എത്ര വലിയതെന്നു തെളിയിക്കുന്നു.

ദൈവത്തിൻെറ സ്നേഹത്തെപ്പററി ചിന്തിക്കുക. തൻെറ മക്കൾ എന്നതൊഴിച്ച് മററു യാതൊന്നും പരിഗണിക്കാതെ ഏററം നിസാരനായ അടിമയെയും ഏററം പ്രശസ്തനായ രാജാവിനെയും അവിടുന്ന് സ്വീകരിക്കുകയും അബ്ബാ, പിതാവേ എന്നു വിളിക്കുവാൻ എല്ലാവരെയും അനുവദിക്കുകയും ചെയ്യുന്നു. "കർത്താവേ, മനുഷ്യരെപ്പററി നീ ചിന്തിക്കുവാൻ അവനാരാകുന്നു? (സങ്കീ. 8:25) അവൻെറ ശരീരം വെറും ചെളിമണ്ണ്, ബുദ്ധി അന്ധകാരം, ഹൃദയം സ്വാർത്ഥത അവൻ മുഴുവൻ കൃതഘ്നത എന്നിട്ടും അവിടുന്ന് അവനെ ഓക്കുന്നു.

മനുഷ്യൻ രക്ഷപെടണമെന്ന് പിതാവും പുത്രനും പരിശുദ്ധാത്മാവും ആഗ്രഹിക്കുന്നു. നീ രക്ഷപെടാനുള്ള കൃപയും അതിനുള്ള സഹായവും പിതാവു നല്കുന്നു. പുത്രൻ, 'എല്ലാവരും എൻെറ അടുക്കലേക്കു വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം, പാപം നിൻേറതും പരിഹാരം എൻേറതും' എന്നു പറഞ്ഞു എല്ലാവരേയും ക്ഷണിക്കുന്നു. പരിശുദ്ധാത്മാവ് എല്ലാവരെയും ശുദ്ധീകരിപ്പാനായി വരുന്നു.

ദൈവത്തിൻെറ സ്നേഹം നിത്യമാകുന്നു. സ്വന്തതാല്പര്യം മനുഷ്യഹൃദയത്തിൽ വ്യതിയാനമുണ്ടാക്കുന്നു. ദൈവത്തിൻെറ സ്നേഹമാകട്ടെ, വ്യതിയാനങ്ങൾക്കു വിധേയനാകാതെ നിരന്തരം കർമ്മനിരതനായി നിലകൊള്ളുന്നു. അവിടുത്തെ സ്നേഹത്തിൻെറ ബന്ധമായ ശുദ്ധീകര വരപ്രസാദം നമ്മുടെ കററത്താൽ മാത്രമേ നഷ്ടപ്പെടുകയുള്ളു. ഇതിൽനിന്നു് നിൻെറ സ്നേഹം ഏതു വിധമുള്ളതായിരിക്കണമെന്ന് പഠിക്കുക. അതു് ഇഹത്തിൽ ആരംഭിച്ച് നിത്യതയിൽ തുടരട്ടെ!

## ധ്യാനം 158 പെന്തിക്കൊസ്തിവാരത്തിലെ ബുധനാഴ്ച

### പരിശുദ്ധാത്മ നിശ്വാസങ്ങളോടുള്ള നമ്മുടെ എതിർപ്പ്

ശരീരത്തിനു് ആത്മാവ് എങ്ങനെയോ അങ്ങനെയാണ് ഹൃദയത്തിന് സ്നേഹം. പരിശുദ്ധാത്മാവ് ഹൃദയത്തിൽ ജ്വലിപ്പിക്കുന്ന സ്നേഹത്തിൻെറ ഒരു സ്ഫുലിംഗം ഭൗമികപക്ഷങ്ങളുടെ തുരുമ്പിനെ മുഴുവനായി ദഹിപ്പിച്ചുകളയും. ദൈവത്തെ കണ്ടെത്തുന്നതിനു സൃഷ്ടികളിൽനിന്നു് നീ ഓടിയകലുകയും, സ്വയസ്നേഹത്തെ പരിത്യജിക്കയും വേണം. ദൈവസ്നേഹത്താൽ ജ്വലിപ്പിക്കപ്പെടുന്ന ആത്മാവ് ദൈവസാന്നിദ്ധ്യത്തെപ്പററി നിരന്തരസ്മരണ പുലത്തുകയും ദൈവതിരുവിഷ്ടം മാത്രം അന്വേഷിക്കയും ചെയ്യും. ക്ലേശങ്ങളിൽ ദ്വിതീയകാരണത്തെ പരിഗണിക്കാതെ അവയെ അയച്ചുകൊടുക്കുന്ന തൃക്കരങ്ങളെ സസ്നേഹം

www.malankaralibrary.com

ആശ്ലേഷിക്കുന്നു. കരുണാസാഗരമായ അങ്ങയുടെ തിരുമാറിൽ മാത്രം ശരണപ്പെടുകയും സകല മഹത്വവും അവിടുത്തേക്കു നല്കുകയും ചെയ്യുന്നു. അനേകരുടെ ഹൃദയത്തിൽ സ്നേഹം തണുത്തുപോയിരിക്കുന്നു. അവർ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും അവിടുത്തെ പ്രതിരൂപമായ സഹോദരങ്ങളെ വെറുക്കുകയും ചെയ്യുന്നു. എല്ലാ പരിഗണനയുംപ്രകൃതിക്കു നല്കുന്നു. കൃപയ്ക്കു് ഒന്നും നല്കുന്നില്ല. പരിശുദ്ധാത്മാവു് നിന്നിൽ ഭരണം നടത്തുമ്പോൾ, ലോകാരൂപി നിന്നിൽനിന്നു് ദൂരീകരിക്കപ്പെടുകയും, തൻെറ സ്നേഹമുദ്ര മാഞ്ഞുപോകാത്തവിധം നിൻെറ ആത്മാവിൽ പതിക്കുകയും ചെയ്യും. അവിടുത്തെ നൽവരങ്ങൾക്കായി അപേക്ഷിക്കുക.

## ധ്യാനം 159 പെന്തിക്കൊസ്തിവാരത്തിലെ വ്യാഴാഴ്ച

## പ. റൂഹാ നമ്മുടെ ആത്മാവിൻെറ അതിഥി

"ഞാൻ പിതാവിനോടു് അഭ്യർത്ഥിക്കയും അവൻ മററൊരു ആശ്വാസപ്രദനെ നിങ്ങൾക്കു് അയച്ചുതരികയും ചെയ്യും. അവൻ എന്നേക്കും നിങ്ങളോടുകൂടെയുണ്ടായിരിക്കും." (യോഹ. 14:16, 17). നമ്മുടെ ആത്മാവു് പ. റൂഹായുടെ ആലയമാകുന്നു. ചിലപ്പോൾ അവിടുത്തെ നന്മകളെക്കുറിച്ചുള്ള ഒരു സ്മരണകൊണ്ടു്, ചിലപ്പോൾ ബുദ്ധിയിലുള്ള ഒരു പുതിയ പ്രകാശംകൊണ്ടു്, മററുചിലപ്പോൾ മനസ്സിൽ ഉദിക്കുന്ന സ്നേഹവും സന്തോഷവുംകൊണ്ടു് അവിടുന്നു് നമ്മിൽ പ്രവേശിക്കുന്നു. അവിടുന്നു വരുന്നതു് വികാരങ്ങളുടെ വിപ്ലവത്തിലല്ല; പ്രത്യുത മധുരതരമായ സമാധാനം ഉച്ചരിച്ചുകൊണ്ടാണു്. പരിശുദ്ധാത്മാവു് നമ്മുടെ ഹൃദയകവാടത്തിൽ മുട്ടുമ്പോൾ, അതു് അടയ്ക്കപ്പെട്ടതായി കണ്ടാൽ അവിടുന്നു് അകത്തു പ്രവേശിക്കയില്ല. യേശുവിൻെറ ആത്മാവു് എപ്പോഴും നിന്നോടുകൂടെയുണ്ടായിരിക്കണമെന്നു് നീ ആഗ്രഹിക്കുന്നെങ്കിൽ അവിടുത്തെ നിശ്വാസങ്ങൾക്കു നീ കീഴ്വഴക്കമുള്ളവനായിരിക്കണം. ആത്മാവിനെ ദൈവത്തോടു് ഐക്യപ്പെടുത്തുന്നതു് ശുദ്ധീകരവരപ്രസാദമാകുന്നു. പാപം ഈ ബന്ധത്തെ ശിഥിലമാക്കും. അപ്പോൾ പരിശുദ്ധാത്മാവു് തൻെറ കൃപയേയും സ്നേഹത്തെയും ആത്മാവിൽനിന്നു് പിൻവലിക്കും. തൽഫലമായി ദൈവപുത്രന്മാരും സ്വർഗ്ഗത്തിനു് അവകാശികളുമെന്ന പദവി നമുക്കു് നഷ്ടപ്പെടുന്നു.

ഓ, സ്നേഹത്തിൻെറ ദൈവമേ! ഇന്നുമുതൽ അവിടുന്നായിരിക്കും എൻെറ രാഗമോഹങ്ങളുടെ എല്ലാം നായകൻ. ഈ പാവപ്പെട്ട അഗതിയിൽനിന്നു് അവിടുന്നു് മുഖം തിരിച്ചുകളയരുതേ. അങ്ങയെ ദർശിക്കുന്നതിനായി എനിക്കുതന്നെ ഞാൻ മരിക്കട്ടെ.

www.malankaralibrary.com

## ധ്യാനം 160 പെന്തിക്കോസ്തി വാരത്തിലെ വെള്ളിയാഴ്ച

### നമ്മുടെ ആത്മാവിൽ പരിശുദ്ധാത്മാവു വസിക്കുന്നു എന്നതിൻെറ അടയാളങ്ങൾ.

പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു എന്നതിൻെറ ഒന്നാമത്തെ അടയാളം ദൈവത്തിൻെറ മഹിമാ പ്രതാപത്തോടുള്ള പുത്രനിർവ്വിശേഷമായ ഭക്തിയും, അഗാധമായ ആദരവുമാണ്. ദൈവസ്നേഹത്തിൻെറ ഫലമായ ആദ്ധ്യാത്മികസന്തോഷം അതിനു് അനുഭവപ്പെടും. മറെറാരു അടയാളം വലിയ ധൈര്യം ആകുന്നു. ഈ ലോകത്തിലെ സർവ്വതിന്മകൾക്കും ഉപരിയായി, ആത്മാവിനെ ഉയർത്തുകയും ഭൗമികവസ്തുക്കളോടു പൊതുവേ ഉദാരമായ ഒരു അവജ്ഞ ആത്മാവിൽ ഉദിപ്പിക്കയും ചെയ്യും. മൂന്നാമത്തെ അടയാളം ആലോചന, അറിവ്, ഗ്രഹണശക്തി, ബോധജ്ഞാനം എന്നീ ദാനങ്ങളുടെ നിവേശനംവഴി മനസ്സിനു ലഭിക്കുന്ന ഒരു പ്രകാശമാണ്. ആലോചന അവൻെറ എല്ലാ പ്രവൃത്തികളെയും നിയന്ത്രിച്ചു നടത്തുന്നു. എല്ലാ കാര്യങ്ങളും നിത്യതയുടെ പ്രകാശത്താൽ വിലയിരുത്തുന്നതിനു് അറിവ് അവനെ പഠിപ്പിക്കുന്നു. ദൈവം അപരിമിതശക്തിയാകകൊണ്ടു് അവിടുത്തെ ഭയപ്പെടാതിരിക്കുന്നതു് കേവലം അന്ധതയാണെന്നും, പരമനന്മയാകകൊണ്ടു് എല്ലാ ഹൃദയങ്ങളുടെയും സ്നേഹം അവിടുന്നു് അർഹിക്കുന്നു എന്നു് ബോധജ്ഞാനം അവനു് വെളിവാക്കിക്കൊടുക്കുന്നു. പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാരാണെന്നും, നിന്ദാപമാനങ്ങൾ സഹിക്കുന്നതു് ബുദ്ധിമതിയാണെന്നും, ലോകസന്തോഷങ്ങൾ പരിത്യജിക്കുന്നതു് സുസ്ഥിര സന്തോഷത്തിനു നിദാനമാണെന്നും ഗ്രഹണശക്തി അവനെ ഗ്രഹിപ്പിക്കുന്നു.

## ധ്യാനം 161 പെന്തിക്കോസ്തി വാരത്തിലെ ശനിയാഴ്ച

### നമ്മുടെ ഹൃദയത്തിലുള്ള പരിശുദ്ധാത്മാവിൻെറ ഭരണം.

അങ്ങനെ അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി. പരിശുദ്ധാത്മാവു നല്കിയ വരംനിമിത്തം അവർ വിവിധഭാഷകൾ സംസാരിച്ചുതുടങ്ങി.'' (നടപടി. 2:4) പരിശുദ്ധാത്മാവ് ഹൃദയത്തിലാണ് വാഴുന്നതു്. അവിടുത്തേക്കു് ഏററം ഇഷ്ടപ്പെട്ട ഹൃദയം പരിശുദ്ധമാതാവിൻേറതാണ്. മനുഷ്യാവതാരത്തിനു മുമ്പ്, ദൈവപുത്രൻെറ മാതാവായിത്തീരുവാൻ പരിശുദ്ധാത്മാവ് അവളെ ഒരുക്കി. പെന്തിക്കോസ്തിയിൽ മണവാട്ടി എന്ന നിലയിൽ അവളിലേക്കു വരികയും, തൻെറ ദാനങ്ങളുടെയെല്ലാം വിതരണക്കാരിയായി അവളെ നിയമിക്കയും ചെയ്തു.

www.malankaralibrary.com

പരിശുദ്ധാത്മനൽവരം വഴിയായി അപ്പോസ്തലന്മാരുടെ ഗ്രഹണശക്തിക്കു ലഭിച്ച പ്രകാശം എത്ര പെട്ടന്നാണ് അവരിൽ പ്രശസ്തമായ വ്യതിയാനം വരുത്തിയത്. സുവിശേഷപ്രസംഗത്തിനുവേണ്ടി അവക്കു നല്കിയ ഭാഷാവരം, അവരിൽ ഉജ്വലിപ്പിച്ച ശക്തിയും ശുഷ്കാന്തിയും എത്ര അപ്രതിരോധ്യമായിരുന്നു. പരിശുദ്ധാത്മാവേ! അവിടുന്നു് എൻെറ ഹൃദയത്തെ എപ്പോൾ സ്പർശിക്കും? എൻെറ ബലഹീനതയെ ശക്തിയായും മന്ദഭക്തിയെ തീക്ഷ്ണതയായും അജ്ഞതയെ രക്ഷാപരിജ്ഞാനമായും എപ്പോൾ പകത്തും?

തൻെറ വത്സലസുതൻെറ ഭരണാരംഭത്തിൽതന്നേ ഇത്രയധികം ആത്മാക്കളെ നേടുവാൻ സാധിച്ചതിൽ വാഴ്ത്തപ്പെട്ട മാതാവു് എത്രമാത്രം സന്തോഷിച്ചിരിക്കും. കുരിശിൻെറയും പരിശുദ്ധാത്മാവിൻെറ ആവസിപ്പിൻെറയും ഫലമായ തിരുസഭയുടെ പ്രഥമസന്താനങ്ങളെ എത്ര മധുരതരവും ശക്തിമത്തുമായ വാക്കുകളിലായിരിക്കണം പരിശുദ്ധമാതാവു് ഉപദേശിക്കയും ധൈര്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതു്? ആദിമക്രിസ്ത്യാനികളുടെ പുണ്യങ്ങളെ അനുകരിക്കുന്നപക്ഷം, നിന്നോടും അതുപോലെയുള്ള വാത്സല്യം മാതാവു കാണിക്കും.

## ധ്യാനം 162 പരിശുദ്ധ ത്രീത്വത്തിൻെറ തിരുനാൾ

### പ. ത്രീത്വത്തിനു് നാം നൽകേണ്ട മഹത്വം

പ. ത്രീത്വം മഹത്വത്തിൻെറ കേന്ദ്രബിന്ദുവാണ്. സകല സൃഷ്ടികളും അവിടുത്തെ മഹത്വപ്പെടുത്തുവാൻ കടപ്പെട്ടവരത്രേ. സ്വർഗ്ഗത്തിലെ വാഴ്ത്തപ്പെട്ടവരുടെ നിത്യത്തൊഴിൽ, "സൈന്യങ്ങളുടെ ദൈവമായ കർത്താവു് പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന ഗീതം ആലപിക്കയാണ്. (ഏശ. 6:3) ഈ ആരാധ്യരഹസ്യത്തിനു പ്രതിഷ്ഠിക്കപ്പെട്ട ദേവാലയമാണ് ഭൂമി. ശുദ്ധീകരാത്മക്കൾക്കും പ. ത്രീത്വത്തിൻെറ നേരെ തീവ്രമായ ഭക്തിയുണ്ട്. സൃഷ്ടികളുടെ മകുടവും മൂന്നു ദൈവിക ആളുകളുടെ പ്രതിരൂപവുമായ മനുഷ്യനു്, വി. ത്രീത്വത്തെ മഹത്വപ്പെടുത്തുവാൻ പ്രത്യേക കടമയാണുള്ളതു്. വി. മാമോദീസായോടുകൂടെ ആത്മാവിൽ പതിക്കപ്പെട്ട മായാത്ത മുദ്രമൂലം അവൻ വി. ത്രീത്വത്തിനു പ്രതിഷ്ഠിക്കപ്പെടുന്നു. മാമോദീസായിലെ പ്രതിജ്ഞ ലംഘിക്കുന്നപക്ഷം വി. ത്രീത്വത്തിലെ മൂന്നാളുകളോടും നീ അവിശ്വസ്തതയാണു കാണിക്കുന്നതു്. സൃഷ്ടികളുടെ കൂട്ടത്തിൽ വി. ത്രീത്വത്തെ മഹത്വപ്പെടുത്തുവാനുള്ള കഴിവു് മനുഷ്യനു മാത്രമാണുള്ളതു്. സൃഷ്ടികളിൽനിന്നു ലഭിക്കണമെന്നു ദൈവം ഉദ്ദേശിക്കുന്ന മഹത്വം മുഴുവൻ മനുഷ്യനു ഭരമേല്പിച്ചിരിക്കയാണ്. വി. ത്രീത്വത്തോടുള്ള കടമ മനുഷ്യൻ ലംഘിക്കുന്നപക്ഷം സകല സൃഷ്ടികളുടെ നേരെയും അവൻ കുററക്കാരനായിതീരും.

www.malankaralibrary.com

ഹൃദയംകൊണ്ടും അധരങ്ങൾകൊണ്ടും ഞാൻ ആവർത്തിച്ചു പറയുന്നു; പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും എന്നന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ.

## ധ്യാനം 163 വി. ത്രീത്വത്തിൻെറ ആഴ്ചയിലെ തിങ്കളാഴ്ച

### വി. ത്രീത്വത്തിലെ മൂന്നു ദൈവിക ആളുകളോടും ഉണ്ടായിരിക്കേണ്ട സ്നേഹം.

സൃഷ്ടികർമ്മം വഴിയായും, ദിവ്യപരിപാലനവഴിയായും ദൈവം നമ്മുടെ പിതാവാകുന്നു. മാമോദീസായിലെ വീണ്ടുംജനനംവഴിയായും, ശുദ്ധീകരവരപ്രസാദത്തിൻെറ നിവേശനം വഴിയായും, മഹത്വത്തിലുള്ള പങ്കാളിത്വം വഴിയായും അവിടുന്നു പിതാവാകുന്നു. നമുക്കു അസ്തിത്വം നല്കിയ ആളിനെയല്ലാതെ മററാരെയാണ് നാം സ്നേഹിക്കേണ്ടതു്? ജീവിതനിമിഷങ്ങളുടെ എണ്ണത്തിനു തക്കവണ്ണം അവിടുത്തെ സ്നേഹിപ്പാൻ നാം ബാദ്ധ്യസ്ഥരാണ്.

ദൈവപുത്രൻ എന്ന നിലയിലായാലും, മനുഷ്യപുത്രൻ എന്ന നിലയിലായാലും പുത്രൻതമ്പുരാനെ എങ്ങനെയാണ് സ്നേഹിക്കേണ്ടതെന്നു് പ. ദൈവമാതാവിൽനിന്നു നമുക്കു പഠിക്കാം. ദൈവപുത്രൻ എന്ന നിലയിൽ നമ്മുടെ എല്ലാ പക്ഷങ്ങളും യേശുമിശിഹായിൽ ലയിക്കേണ്ടതാണ്. മനുഷ്യപുത്രൻ എന്ന നിലയിൽ അവിടുന്നു് തന്നെത്തന്നെ നമുക്കു നല്കി. നമ്മെ മുഴുവനായി അവിടുത്തേക്കു് നല്കാതിരിക്കുന്നതു് എത്ര വലിയ നന്ദികേടു്? എന്നോടുള്ള സ്നേഹത്തെപ്രതി മരിച്ച അവിടുത്തോടുള്ള സ്നേഹത്തെപ്രതി ഞാൻ മരിക്കട്ടെ.

പരിശുദ്ധാത്മാവു് പിതാവിൻെറയും പുത്രൻെറയും ആത്മാവാകകൊണ്ടു് അവർക്കു തുല്യമായ സ്നേഹം അവിടുത്തേക്കു നല്കുവാൻ നാം കടപ്പെട്ടവരാണ്. അവിടുന്നു മുഖാന്തിരമാണ് യേശു നമ്മിൽ വസിക്കുന്നതു്; പാപികളായ നമ്മെ പുണ്യവാന്മാരാക്കുന്ന ആത്മാവും അവിടുന്നുതന്നേ. നാം ആയിരിക്കുന്നതും നമുക്കുള്ളതുമായ സർവ്വവും ആരാധ്യത്രീത്വത്തിൽനിന്നു് നാം കൈക്കൊണ്ടിട്ടുള്ളതാകയാൽ കലവറ കൂടാതെ അവിടുത്തെ സേവനത്തിനു നമ്മെ ഒഴിഞ്ഞുകൊടുക്കുവാൻ നന്ദിയും നീതിബോധവും നമ്മെ കടപ്പെടുത്തുന്നു.

## ധ്യാനം 164 വി. ത്രീത്വത്തിൻെറ ആഴ്ചയിലെ ചൊവ്വാഴ്ച

### വി. ത്രീത്വത്തിലെ മൂന്നു ദൈവിക ആളുകളോടും നമുക്കുണ്ടായിരിക്കേണ്ട ആദരവു്.

നിത്യപിതാവിനു് സകല സൃഷ്ടികളുടെ മേലും പരമമായ അധികാരമുള്ളതുകൊണ്ടു് അവിടുത്തെ നാം ആദരിക്കണം. സകല സൃ

www.malankaralibrary.com

ഷ്ടികളുടെയും ക്രോധത്തിനു നാം പാത്രമാകുന്നതിനെക്കാൾ ഭയങ്കരമാണ് അവിടുത്തേക്ക് അസഹ്യതയുണ്ടാക്കുന്നതു്. "കൊന്നതിനുശേഷം നരകത്തിൽ തള്ളിക്കളയുവാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ." (ലൂ. 12:5) നിത്യവചനത്തിൻെറ ബോധജ്ഞാനംമൂലം അവിടുന്ന് നമ്മുടെ ആദരവിനു് അഹ്നനാകുന്നു. "എന്തിനെങ്കിലും അസ്തിത്വമുണ്ടാകുന്നതിനു മുമ്പ്തന്നെ അവിടുന്ന് അവയെല്ലാം അറിഞ്ഞിരുന്നു. സൃഷ്ടിച്ചശേഷം അവിടുന്ന് അവയെല്ലാം കാണുകയും ചെയ്യുന്നു." (പ്രഭാഷകൻ 23:29) മനുഷ്യരുടെ വിചാരങ്ങൾ വ്യത്ഥമാകുന്നുവെന്നു് ദൈവമായ കത്താവു് അറിയുന്നു. ദിവ്യവചനത്തിൻെറ മഹിമ പ്രതാപത്തെകുറിച്ചു് എത്ര വലിയ ആദരവാണു് നമുക്കുണ്ടാകേണ്ടതു്.

ദൈവാത്മാവു് എപ്പോഴും പാപത്തിനെതിരാണു്. ജീവിതകാലത്തു് പാപിയെ അനുതാപത്തിലേക്കു് അവിടുന്നു് വിളിക്കുന്നു. അനുതാപം അവൻെറ പാപത്തെ മായിച്ചുകളകയും ജീവൻ പ്രദാനം ചെയ്കയും ചെയ്യും. മരണാനന്തരമാകട്ടെ പാപി നീതിയ്ക്കു വിധേയനായിരിക്കും.

## ധ്യാനം 165 വി. ത്രീത്വത്തിൻെറ ആഴ്ചയിലെ ബുധനാഴ്ച

## വി. ത്രീത്വത്തോടുള്ള ഭക്തി.

വി. ത്രീത്വത്തിൻെറ ആരാധനയാണു് ക്രിസ്ത്യാനിയുടെ പ്രത്യേകലക്ഷണം. സ്നേഹത്താൽ പ്രേരിതരായി മൂന്നാളുകളിലുള്ള ഏകദൈവത്തെ നാം ആരാധിക്കണം. സ്നേഹം പകരംതന്നുകൊണ്ടു് നമ്മെ തന്നിലേക്കു് ആകഷിക്കുന്ന നിത്യപിതാവിൻെറ തിരുവിഷ്ടത്തിനു് നാം പൂണ്ണമായി കീഴ്പ്പെടണം. നിത്യപിതാവിൻെറ തിരുമാവ്വിൽ വിശ്രമിക്കുന്ന പുത്രൻതമ്പുരാനോടു് അനുരൂപരാകുവാൻ നാം ശ്രമിക്കണം. പിതാവിനോടും പുത്രനോടും പൂണ്ണമായി യോജിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്ന പരിശുദ്ധറൂഹായോടു സഹകരിച്ചു് വിശ്വസ്തതയും നിമ്മലസ്നേഹവും പാലിക്കയും വേണം.

പ. ത്രീത്വത്തോടുള്ള ഭക്തിയുടെ ഏററം സഹായിയായ അഭ്യസനം അനുകരണമാകുന്നു. നിൻെറ മനസ്സു ദൈവിക നന്മകളെകുറിച്ചുള്ള ധ്യാനത്തിൽ നിരന്തരം വ്യാപൃതമായിരിക്കയും, ദൈവത്തോടുള്ള തീവ്രമായ സ്നേഹവും സ്വയത്തോടുള്ള വെറുപ്പും അതിനെ അനുധാവനംചെയ്കയും വേണം. ദൈവത്തോടുള്ള സ്നേഹം നിൻെറ അയല്ക്കാരനിലേക്കു വ്യാപിച്ചു്, ആവശ്യങ്ങളിൽ അവനെ സഹായിക്കണം.

പ. ത്രീത്വത്തെ അനുകരിക്കുന്നതോടൊപ്പം മൂന്നു ദൈവിക ആളുകളുടെയും സഹായം നാം അഭ്യത്ഥിക്കയും വേണം. എല്ലാവേലകളുടെയും ആരംഭത്തിൽ "പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ" എന്നുപറഞ്ഞു കുരിശുവരയ്ക്കുന്ന ഒരു തഴക്കം

www.malankaralibrary.com

നിനക്കുണ്ടാകട്ടെ. വേല തുടൻകൊണ്ടിരിക്കുമ്പോൾ സൈന്യങ്ങളുടെ ദൈവമായ കർത്താവു് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു കൂടെക്കൂടെ പറഞ്ഞു് ഹൃദയം ദൈവത്തിലേക്കുയർത്തുക. അവസാനമായി പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്നുപറഞ്ഞു് ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു് ജോലി സമാപിക്കുക.

## ധ്യാനം 166 വി. കുർബാനയുടെ തിരുനാൾ

### ഏററം പരിശുദ്ധ കുർബാനയുടെ നേരെ ഉണ്ടായിരിക്കേണ്ട ഭക്തി.

ദൈവസാന്നിദ്ധ്യം ഒരു ദേവാലയത്തെ എന്നവണ്ണം അഖിലാണ്ഡത്തെ ശുദ്ധീകരിക്കുന്നു. ആ തിരുസാന്നിദ്ധ്യത്തോടു് സവ്വത്ര ഭക്തിയുണ്ടായിരിക്കണം. എന്നാൽ ഏററമധികം ഭക്തിയുണ്ടായിരിക്കേണ്ടതു് വി. കുർബാനയിലെ തിരുസാന്നിദ്ധ്യത്തോടാണു്. അവിടെ നാം അപ്പിക്കുന്ന വണക്കം ക്രൂശിൽ അവിടുന്നു സഹിച്ച നിന്ദാപമാനങ്ങൾക്കനുഗുണമായിരിക്കണം. സജീവ വിശ്വാസമുള്ളവക്കു് ഈ രഹസ്യം കാൽവരിയിലെ ബലിയോടൊപ്പം ഹൃദയസ്പൃക്കായിരിക്കും.

"ദൈവം മനുഷ്യരോടുകൂടെ ഭൂമിയിൽ വസിക്കുക എന്നതു് വിശ്വസനീയമോ? സ്വർഗ്ഗത്തിനും സ്വർഗ്ഗാധിസ്വർഗ്ഗത്തിനും അങ്ങയെ ഉൾക്കൊള്ളുവാൻ സാദ്ധ്യമല്ലല്ലൊ. പിന്നെങ്ങനെ ഞാൻ പണിതിരിക്കുന്ന ഈ ഭവനം അങ്ങയെ ഉൾക്കൊള്ളും." (II ദിനവൃത്താന്തം 6:18) ശലോമോൻ രാജാവിൻെറ ഈ വചനങ്ങൾ എത്രയോ ന്യായപൂവ്വം നാം ഉച്ചരിക്കേണ്ടതാണു്. തണുത്തു മരവിച്ച നമ്മുടെ ഹൃദയം അവിടുത്തെ വാസത്തിനു കേവലം അയോഗ്യമാണു്. പരിശുദ്ധന്മാർ എത്ര അഗാധമായ എളിമയോടെയാണു് ഈ രഹസ്യത്തിൽ ഈശോയെ സമീപിച്ചിട്ടുള്ളതു്? പുതിയ ലോകങ്ങളെ സൃഷ്ടിക്കുക, മരിച്ചവരെ ഉയപ്പിക്കുക മുതലായ ഈശോയുടെ ഏതെങ്കിലും അത്ഭുതകൃത്യത്തിനു് നിന്നെ ഉപകരണമാക്കിയിരുന്നെങ്കിൽ എത്ര ഭക്ത്യാദരവോടെ നീ അവിടുത്തോടു് ഐക്യപ്പെട്ടുമായിരുന്നു. വി. കുർബാനയിൽ ഇതിൽകവിഞ്ഞ ഒരു അത്ഭുതത്തിലാണോ നീ ഭാഗഭാക്കാകുന്നതു്? ഈ വിലയേറിയ നിക്ഷേപം വഹിക്കപ്പെടുന്ന നാവും അവിടുന്നു പുതുജീവിതം നയിക്കുന്ന ഹൃദയവും ഭയന്നു വിറക്കേണ്ടതല്ലേ?

## ധ്യാനം 167 വി. ത്രിത്വത്തിൻെറ ആഴ്ചയിലെ വെള്ളിയാഴ്ച

### വി. കുബ്ബാനാനുഭവത്തിനു് അണയുന്നതിനാവശ്യമായ ഹൃദയപരിവത്തനം.

ഈ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും ഈ കാസായിൽനിന്നു പാനം ചെയ്കയും ചെയ്യുമ്പോഴൊക്കെ, താൻ വരുന്നതുവരെ കത്താവി

www.malankaralibrary.com

ൻെറ മരണത്തെ നാം ഓക്കുകയത്രേ ചെയ്യുന്നതു്. അതിനാൽ ലോകത്തിനും സ്വയത്തിൻെറ ദുഷ്പ്രവണതകൾക്കും നാം മരിക്കേണ്ടതു് ആവശ്യമാകുന്നു. ''ഞാൻ ഇപ്പോൾ ജീവിക്കുന്നു; എങ്കിലും ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നതു്'' (ഗലാ. 2:20) എന്നു പറയുവാൻ കഴിയാത്തപക്ഷം, ഈ സ്വർഗ്ഗീയവിരുന്നിൽ നിന്നുജീവൻ പ്രാപിക്കാൻ നമുക്കു സാധ്യമല്ല.

''അയോഗ്യമായി ആരെങ്കിലും ഈ അപ്പം ഭക്ഷിക്കയും പാത്രത്തിൽനിന്നു പാനം ചെയ്കയും ചെയ്യുന്നപക്ഷം കത്താവിൻെറ ശരീരത്തിനും രക്തത്തിനുമെതിരായി തെററു ചെയ്യുന്നു.'' (1 കൊരി. 11:27) അല്ലയോ സന്യാസാത്മാവേ, നിന്നെത്തന്നെ പരിശോധിക്കുക. നീ ഒരു സ്നേഹിതനോ ശത്രുവോ? വി. കുബ്ബാനാനുഭവം നമ്മെ പുതിയ മനുഷ്യരായി രൂപാന്തരപ്പെടുത്തേണ്ടതാണു്. വി. കുബ്ബാനയിൽ ഈശോയോടു നാം സംയോജിച്ചിരിക്കകൊണ്ടു് അവിടുത്തെ അനുകരിപ്പാനും ''ക്രിസ്തു എന്നിൽ ജീവിക്കുന്നു'' എന്നു പറവാനും നമുക്കു് ഇടയാകണം. ആത്മാവിൽ അത്ഭുതകരമായ പരിവത്തനം വരുത്തിക്കൊണ്ടു് വി. കുബ്ബാന നമ്മുടെ മാനസാന്തരത്തെ പൂണ്ണമാക്കുന്നു. ആദ്ധ്യാത്മികപ്രകാശം വഴി ബുദ്ധിയിലും തിന്മയെ എതിക്കുന്ന പ്രതിരോധശക്തിയാൽ മനസ്സിലും; രാഗമോഹങ്ങളെ അമത്തുന്നതുവഴി ഹൃദയത്തിലും ഈ പരിവത്തനം അനുഭവവേദ്യമാകണം. ഇത്രയേറെ വി. കുബ്ബാനാനുഭവമുണ്ടായിട്ടും ഇത്ര കുറച്ചു മാനസാന്തരം മാത്രമുണ്ടാകുന്നതെന്തുകൊണ്ടു്? ഈശോയുടെ സ്നേഹത്തിനു കുറവൊന്നുമില്ല. അവിടുത്തെ ആകഷണത്തിനു നാം ചേതനയററവരായിരിക്കുന്നു എന്നതാണു് പ്രധാനകാരണം.

## ധ്യാനം 168 ത്രിത്വത്തിൻെറ ആഴ്ചയിലെ ശനിയാഴ്ച

## വി. കുബ്ബാന ബലവാന്മാരുടെ അപ്പം

''ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിൻെറ കൂടാരം. അവിടുന്നു് അവരോടുകൂടെ വസിക്കും. അവർ അവിടുത്തെ ജനതയായിരിക്കും. ദൈവം അവരോടുകൂടെ, അവരുടെ ദൈവമായി വത്തിക്കും'' (വെളി. 21:3) യേശു ഈ ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കു കരേറിയതു്, ഭൗമികസഞ്ചാരിയായി നമ്മുടെ ഹൃദയത്തെ തിരഞ്ഞെടുത്തശേഷമാണു്. കൂടെക്കൂടെ വി. കുബ്ബാന അനുഭവിക്കുന്നവർ ഔദാര്യമതികളും ശത്രുക്കളോടു് സമരം ചെയ്യാൻ സന്നദ്ധരുമായിരിക്കണം. വി. കുബ്ബാന ബലവാന്മാരുടെ അപ്പമാണു്. എൻെറ ശരീരം ഭക്ഷിക്കയും എൻെറ രക്തം പാനം ചെയ്കയും ചെയ്യുന്നവനു നിത്യജീവനുണ്ടു്. അവസാനദിവസം ഞാൻ അവരെ ഉയപ്പിക്കും.'' (യോഹ. 6:55) വി. അഗസ്തീനോസു പറയുന്നു. ഞാൻ ദൈവത്തിലാകുന്നു. അതിനെക്കാൾ ശക്തിമത്തായി എന്തുള്ളു. ദൈവം എന്നിൽ; അതിനെക്കാൾ മധുരമായി എന്തുള്ളു; ''മരണതാഴ്വരയിൽക്കൂടെ നടന്നാലും ഞാൻ ഒരന

www.malankaralibrary.com

ത്ഥവും ഭയപ്പെടുകയില്ല; എന്തെന്നാൽ നീ എന്നോടുകൂടെയുണ്ട്". വി. കുർബ്ബാന ജേതാക്കൾക്കു നല്ലുന്ന ജീവകിരീടമാകുന്നു. ആകയാൽ എല്ലാ പരീക്ഷകളോടും സധൈര്യം യുദ്ധം ചെയ്യു. നിന്റെ ഇന്ദ്രിയങ്ങളുടെ യജമാനനായി വർത്തിക്കുക; വികാരങ്ങളെ നിയന്ത്രിക്കുക. എങ്കിൽ മാത്രമേ വി. കുർബ്ബാനയുടെ ഫലങ്ങൾ രുചിച്ചറിവാൻ നിനക്കു സാധിക്കുകയുള്ളു. "ജയിക്കുന്നവനു് ഇതു് അവകാശമായി ലഭിക്കും. ഞാൻ അവനു ദൈവവും അവൻ എനിക്കു പുത്രനുമായിരിക്കും."(വെളി.21:7)

## ധ്യാനം 169

### വി. കുർബ്ബാനയുടെ പെരുനാൾ കഴിഞ്ഞുള്ള ഞായറാഴ്ച

### വി. കുർബ്ബാനയിലുള്ള സജീവ വിശ്വാസം

"ആകയാൽ പൂർണ്ണവിശ്വാസത്തോടും പരമാർത്ഥഹൃദയത്തോടും നമുക്കവിടുത്തെ സമീപിക്കാം." (എബ്രാ. 10:22) ഈ കൂദാശയിൽ പങ്കുകൊള്ളുന്നവർക്കു്, വിശ്വാസം ഒഴിച്ചുകൂടാത്തതാകുന്നു. നമ്മുടെ ആന്തരികനയനങ്ങൾ മഹത്വത്തിന്റെ രാജാവായ ദൈവപുത്രനിൽ പതിഞ്ഞിരിക്കണം. അവിടുത്തെ മഹിമപ്രതാപം കണ്ടു് നീ ഭയപ്പെട്ടു് പിന്മാറാതിരിക്കേണ്ടതിനു് അവിടുത്തെ പ്രഭാപൂരത്തെ അവിടുന്നു് മറച്ചിരിക്കയാണു്.

അഗാധമായ ദൈവചിന്തയാൽ ആത്മാവിന്റെ ശക്തികളെയെല്ലാം ഏകാഗ്രമാക്കികൊണ്ടു് അവിടുത്തോടു സൈ്വരസല്ലാപം ചെയ്യു. വിശ്വാസം ആത്മാവിന്റെ അത്യുൽകൃഷ്ടമായ ശക്തികളെ യേശുവിനു് അടിയറ വയ്ക്കുകയും, ഹൃദയവാതിൽ അവിടുത്തേക്കു തുറന്നുകൊടുക്കയും ചെയ്യുന്നതിനാൽ 'പുണ്യയോഗ്യതാപരമാകുന്നു. ദൈവികരഹസ്യങ്ങളിലേക്കു കടന്നുചെല്ലുന്നതിനും കൃപാധനത്തെ സ്വായത്തമാക്കുന്നതിനും ഉപകരിക്കുന്ന താക്കോലാണു് വിശ്വാസം. വിശ്വാസാഭിവൃദ്ധി പ്രാപിക്കുവാൻ നമുക്കു സതീക്ഷ്ണം ശ്രമിക്കാം. നിന്റെ ദിവ്യഅതിഥിക്കു് അനുയോജ്യമായ ഭക്ത്യാദരവോടെ നിന്റെ വിശ്വാസത്തെ ഉജ്ജീവിപ്പിക്കണം. അലസതകൊണ്ടോ അസ്ഥിരതകൊണ്ടോ അവിടുത്തെ തിരുസാന്നിദ്ധ്യത്തെ അവഗണിക്കാതിരിക്കുക.

## ധ്യാനം 170 പെന്തിക്കൊസ്തി രണ്ടാം ആഴ്ചയിലെ തിങ്കളാഴ്ച

### വി. കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോ സ്വയവർജ്ജനയുടെ മാതൃക.

ക്രൂശുമരണത്തിന്റെ സകല യോഗ്യതകളോടും കൂടെയാണു് യേശു വി. കുർബ്ബാനയിൽ എഴുന്നള്ളിയിരിക്കുന്നതു്. യേശുവിന്റെ

www.malankaralibrary.com

അത്രുപി നിന്നിലും നീ മുഖാന്തിരവും അവിടുത്തെ വ്യാപാരം തുടരണ മെന്നു നീ ആഗ്രഹിക്കുന്നപക്ഷം പ്രകൃതിയുടെ സകല ദൂഷ്യങ്ങളെയും ദൂരീകരിക്കയും തൽസ്ഥാനത്ത് കൃപയെ സ്ഥാപിക്കയും വേണം. ആത്മാക്കളുടെ രക്ഷ പ്രകൃതിയുടെ വേലയല്ല; പ്രത്യുത യേശുവിൻെറ ജോലിയത്രേ. യേശുവിൻെറ അത്രുപി നിന്നിൽ വ്യാപരിക്കുന്ന പക്ഷം സകല ഹൃദയങ്ങളെയും ദൈവസ്നേഹത്താൽ ജ്വലിപ്പിക്കുന്ന ഒരു അഗ്നിഗോളമായിതീരാൻ നിനക്കു കഴിയും. വി. കുബ്ബാനാനുഭവം, യേശുവിൻെറ മാതൃകയിൽ ഇന്ദ്രിയ നിഗ്രഹമുള്ളവനായി നിന്നെ ആക്കിത്തീർക്കേണ്ടതാണ്.

യേശു ഒരിക്കൽ മാത്രമേ മരിച്ചുള്ളുവെങ്കിലും അൾത്താരയിലെ രഹസ്യത്തിൽ അതിനെ ദിനംപ്രതി പുതുക്കുന്നു. വി. കുബ്ബാനയുടെ എട്ടാമിടകാലത്ത് തൻെറ നാഥൻെറ മരണത്തെ അസാധാരണഭക്തിയോടെ കൊണ്ടാടണമെന്നും, അത്രുപിയുടെ തീക്ഷ്ണതയെ പുതുക്കണമെന്നും തിരുസഭ തൻെറ മക്കളോട് ആവശ്യപ്പെടുന്നു. നിരന്തരം സ്വയ നിഗ്രഹം പാലിക്കാത്തപക്ഷം പ്രകൃതി (nature) വീണ്ടും മുളച്ചുവരികയും ജോലിയിൽ പരിശുദ്ധ നിർമ്മത പാലിക്കാൻ പ്രതിബന്ധമുണ്ടാക്കുകയും ചെയ്യും.

## ധ്യാനം 171 പെന്തിക്കൊസ്തിയുടെ രണ്ടാം ആഴ്ച–ചൊവ്വാഴ്ച

## വി. കുബ്ബാനയിൽ യേശു, സുവിശേഷാത്രുപിയുടെ മാതൃക.

സൃഷ്ടികളുടെ മദ്ധ്യത്തിലായിരുന്നാൽപോലും യേശുവിൻെറ പരിശുദ്ധ കുബ്ബാനിയിലെ ജീവിതം ആന്തരീകവും നിഗൂഢവുമാണ്. അവിടുത്തെ അത്രുപി പ്രാപിക്കണമെങ്കിൽ നിൻെറ ജീവിതവും അങ്ങനെയായിരിക്കണം. നിൻെറ ശക്തിമുഴുവൻ ദൈവസംസർഗ്ഗത്തിൽ നിന്നാണ് വലിച്ചെടുക്കുന്നത് എന്നു തോന്നത്തക്കവണ്ണം ദൈവത്തോട് ഐക്യപ്പെട്ടുവേണം മനുഷ്യരോടു സംസാരിക്കുവാൻ. നമ്മുടെ സ്വാഭാവിക കഴിവുകളുടെ ഫലദായകത്വം നിഗൂഢപ്രാൎത്ഥനയിൽ അടങ്ങിയിരിക്കുന്നു. വി. കുബ്ബാനയിലുള്ള യേശുവിൻെറ ജീവിതം മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാംവണ്ണം ദൈവികബോധജ്ഞാനത്താൽ നയിക്കപ്പെടുന്നു. ദൈവത്തിൻെറ നല്ല തിരുവിഷ്ടവും സുവിശേഷസത്യങ്ങളും മാത്രമായിരിക്കട്ടെ നിൻെറ ജീവിതത്തെയും നയിക്കുന്നത്. പ്രഭാതത്തിൽ, ഈശോയെ നിൻെറ കൎത്താവും മൎഗ്ഗദൎശിയുമായി ആരാധിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുന്ന നീ, അടുത്ത അവസരത്തിൽ പ്രകൃതിയുടെ ഉന്മാദത്തിനു കീഴ്പ്പെട്ടുപോകുന്നുവല്ലോ. നിൻെറ ഇന്ദ്രിയങ്ങളെയും പ്രകൃതിയുടെ പ്രവണതകളെയും നിയന്ത്രിച്ചുകൊള്ളണമേ എന്ന് അവിടുത്തോട് അഭ്യൎത്ഥിക്കുക. വി. കുബ്ബാനയിലുള്ള ഈശോയുടെ ജീവിതം ക്ഷമയുടെ ഒരു നിരന്തര അത്ഭുതമാകുന്നു. കഴിഞ്ഞ

www.malankaralibrary.com

ഇരുപതു നൂററാണ്ടുകളായി നന്ദികെട്ട മനുഷ്യരുടെ ആക്ഷേപങ്ങളെ ക്ഷമയോടെ അവിടുന്നു സഹിച്ചുകൊണ്ടിരിക്കുന്നു. നിൻെറ ജീവിതം ഈ വിധമായിരിക്കട്ടെ.

## ധ്യാനം 172 പെന്തിക്കൊസ്തിയുടെ രണ്ടാംആഴ്ച–ബുധനാഴ്ച

## വി. കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോ ശുഷ്ക്കാന്തിയുടെ മാതൃക.

ആത്മാക്കളെകുറിച്ചുള്ള ശുഷ്ക്കാന്തി ഒന്നു മാത്രമാണ് ദിനംപ്രതി അൾത്താരയിലേക്കു് ഇറങ്ങിവരുവാൻ അങ്ങയെ പ്രേരിപ്പിക്കുന്നതു്. സ്വാർത്ഥതാല്പര്യങ്ങളെ പരിത്യജിച്ചു്, ആത്മാക്കളുടെ രക്ഷയെ മാത്രം കരുതി നാമും ഈ സ്നേഹവിരുന്നിനു് അണയണം. "നിൻെറ കാര്യവിചാരത്തിൻെറ കണക്കു ബോധിപ്പിക്കുക" എന്നു് ഇപ്പോൾ നിന്നോടാവശ്യപ്പെട്ടാൽ, 'എൻെറ ഉപേക്ഷയോ അശ്രദ്ധയോകൊണ്ടു് ഒരു ആത്മാവും നഷ്ടപ്പെടാനിടയായില്ല' എന്നു പറയുവാൻ നിനക്കു സാധിക്കുമോ? ആത്മാക്കളുടെ രക്ഷയെപ്രതിയുള്ള തീവ്രമായ ശുഷ്ക്കാന്തി ഈശോയിൽ എരിഞ്ഞിരുന്നുവെങ്കിലും, സ്വർഗ്ഗസ്ഥപിതാവിനോടുള്ള അനുസരണം അതിനെ നിയന്ത്രിച്ചിരുന്നു. അൾത്താരയിലേക്കിറങ്ങി വന്നശേഷം, വൈദികൻെറ കരങ്ങളാൽ സംവഹിക്കപ്പെടുന്നതിനു് അവിടുന്നു് കീഴ്വഴങ്ങിക്കൊടുക്കുന്നു.

ഇങ്ങനെ എല്ലാകാര്യങ്ങളിലും അനുസരണം നിൻെറ ശുഷ്ക്കാന്തിയെയും നിയന്ത്രിക്കട്ടെ. ധനവാനെന്നോ ദരിദ്രനെന്നോ പണ്ഡിതനെന്നോ പാമരനെന്നോ ഉള്ള തരംതിരിവുകൂടാതെ ഈശോ എല്ലാവർക്കും എല്ലാമായിതീരുന്നു. സുവിശേഷവേലയിൽ ഏർപ്പെട്ടിരിക്കുന്നവർ എല്ലാവരിലും ഈശോയെ മാത്രം ദർശിക്കണം. വല്ല ചാച്ചിലും തോന്നുന്നെങ്കിൽ അതു പാവപ്പെട്ടവൻെറ നേരെ ആയിരിക്കട്ടെ. അവരത്രേ സ്വർഗ്ഗീയരാജാവിൻെറ അന്തഃപുരവാസികൾ.

## ധ്യാനം 173

## പെന്തിക്കൊസ്തി കഴിഞ്ഞുള്ള രണ്ടാം വാരം–വ്യാഴാഴ്ച

## കൂടെക്കൂടെയുള്ള വി. കുർബ്ബാനാനുഭവത്തിൻെറ ഫലങ്ങൾ.

ദൈവപുത്രനെ കൂടെക്കൂടെ സ്വീകരിക്കുന്ന നാവു് പരിശുദ്ധാത്മാവിനാൽ മുദ്രിതവും പവിത്രീകൃതവുമാണു്. പരസ്നേഹത്തെ മുറിപ്പെടുത്തുന്നതോ മായാസ്തുതിക്കു് ചേർന്നതോ ആയ ഒരു വാക്കുപോലും അവിടെനിന്നു ബഹിർഗ്ഗമിക്കരുതു്. നിരന്തരം ദൈവത്തെ പുകഴ്ത്തിപ്പാ

www.malankaralibrary.com

ടുന്ന കെറുബുകളും സ്രാപ്പികളുമാണ് തങ്ങളെ വലയം ചെയ്യുന്നതെന്ന് അവർ ഓർക്കണം. അവരുടെ സ്തോത്രഗീതത്തിൽ നാമും പങ്കുചേരണം. തന്റെ ദിവ്യസാന്നിദ്ധ്യത്താൽ എത്രയോ പ്രാവശ്യമാണ് ഈശോ നിന്നെ ബഹുമാനിച്ചിട്ടുള്ളത്. വി. ക്രിസോസ്റ്റോം പറയുന്നു. "തന്റെ ആലയത്തിലെന്നവണ്ണം ദൈവം നിന്റെ ആത്മാവിൽ പ്രവേശിക്കുമ്പോൾ, ഭൗമികമായ സകലത്തെയും അതിൽനിന്നു ബഹിഷ്കരിക്കണം. ഇപ്രകാരമുള്ള ഒരു അതിഥിയുടെ സാന്നിദ്ധ്യത്തിൽ ദൈവികകാര്യങ്ങളെപ്പററി മാത്രമേ സംസാരിക്കാവൂ. ഈശോ സ്വർഗ്ഗീയവിരുന്നിലേക്കു നമ്മേ ക്ഷണിക്കുന്നു. നാമും സ്നേഹം, സമാധാനം, ഔദാര്യം ആദിയായ രുചികരമായ വിഭവങ്ങൾ ഒരുക്കിവച്ചുകൊണ്ട് ഈശോയെ ക്ഷണിക്കണം.

യോഗ്യതാപൂർവ്വം വി. കുർബ്ബാന അനുഭവിക്കുന്നതിന്റെ ഫലം, ശാരീരികനിഗ്രഹവും ഇന്ദ്രിയനിയന്ത്രണത്തിലുള്ള ജാഗരൂകതയും കൊണ്ടു് നാം വെളിപ്പെടുത്തണം. ഈശോയെ ദർശിക്കാൻ ഭാഗ്യമുണ്ടായ നയനങ്ങൾ വ്യർത്ഥകാര്യങ്ങൾക്കു വേണ്ടി തുറന്നുകൂടാ. ഈശോയ്ക്കു് പ്രവേശനം നല്കിയ ആധരങ്ങൾ ദൈവസ്തുതി പാടുവാനും, അയല്ക്കാരന് ആത്മീയ വർദ്ധനവിന് ഉതകുന്ന വാക്കുകൾ ഉച്ചരിക്കാനും മാത്രമേ ഉപയോഗിക്കാവൂ. "സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന അപ്പം ഞാനാകുന്നു. ഈ അപ്പത്തിൽനിന്നു ഭക്ഷിക്കുന്നവൻ എന്നെന്നേക്കും ജീവിക്കും." (യോഹ. 6:51,52) എന്റെ പിതാവു് അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെയടുക്കൽ വരികയും അവനോടുകൂടെ വസിക്കയും ചെയ്യും. (യോഹ. 14:23)

## ധ്യാനം 174

### പെന്തക്കൊസ്തിക്കു ശേഷമുള്ള രണ്ടാം വാരം—വെള്ളിയാഴ്ച

### കണ്ടാലും, മനുഷ്യരെ ഇത്രയധികം സ്നേഹിച്ച എന്റെ ഹൃദയം.

ഈശോയുടെ തിരുഹൃദയം അവിടുത്തെ അനിതരസാധാരണമായ ധൈര്യത്തിന്റേയും ശക്തിയുടേയും സ്നേഹത്തിന്റെയും ചിഹ്നമാണ്. ഈശോ ഭൂമിയിൽ തനിക്കുള്ളവരെ സ്നേഹിച്ചു. അവസാനത്തോളം അവരെ സ്നേഹിച്ചു. സ്നേഹത്തിന്റെ ഇത്ര ശ്രേഷ്ഠമായ ഒരു സാക്ഷ്യം നല്കാൻ ഈശോയ്ക്കു മാത്രമേ കഴിയൂ. മനുഷ്യൻ ഈശോയുടെ സ്നേഹത്തെ സംശയിക്കാൻ തുടങ്ങിയ ഒരു കാലത്താണ് തിരുഹൃദയത്തിന്റെ വെളിപാടുണ്ടായതു്. ഈശോയുടെ പൈതൽപ്രായം, നിഗൂഢജീവിതം, പരസ്യജീവിതം, ഭയാനകമായ അന്ത്യം ഇവയെല്ലാം തിരുഹൃദയഭക്തിയിൽ അടങ്ങിയിരിക്കുന്നു,' യേശുവിനെപ്പോലെ എനിക്കും സ്നേഹിക്കുന്നതിനും ക്ഷമിക്കുന്നതിനും സഹിക്കുന്നതിനും ഉള്ള ഒരു വലിയ ഹൃദയം ഉണ്ടായിരുന്നെങ്കിൽ അതു് എന്റെ ജീവിതത്തിനു പൂർണ്ണതയും

www.malankaralibrary.com

അത്ഥവും നല്ലമായിരുന്നു. മനുഷ്യരുടെ നന്ദികേട് വിസ്മൃതി, അശ്രദ്ധ എന്നിവയെ അവഗണിച്ച് ഈശോയുടെ തിരുഹൃദയം സ്നേഹത്താൽ തുടിച്ചുകൊണ്ടിരുന്നു. ഈശോയുടെ തിരുഹൃദയം സകല മനുഷ്യരെയും സമാശ്ലേഷിക്കുവാൻ തക്കവണ്ണം വിസ്തൃതമായിരുന്നു. നിന്റെ സ്വന്ത താല്പര്യങ്ങളെയും ആശങ്കകളെയും വേദനകളെയും മുഴുവനായി വിസ്മരിച്ച്, ഈശോയുടെ രാജ്യം മാത്രം അന്വേഷിക്കയും അയല്ക്കാരനിൽ ഈശോയുടെ മറെറാരു അവയവത്തെ മാത്രം കാണുകയും, അവിടുത്തെ സ്നേഹത്തിൽ അവനെയും ബന്ധിക്കുകയും ചെയ്യുക.

## ധ്യാനം 175

### പെന്തിക്കൊസ്തിക്കു ശേഷമുള്ള രണ്ടാം വാരം–ശനിയാഴ്ച

### വി. കുർബാനയിൽ യേശു നല്കുന്ന ഹൃദയത്തിനു പകരമായി അവിടുന്നു നമ്മുടെ ഹൃദയം ആവശ്യപ്പെടുന്നു.

"മകനേ നിന്റെ ഹൃദയം എനിക്കു തരിക" (സുഭാ. 23:26) സന്തോഷഹൃദയത്തോടെ നല്കുന്നില്ലെങ്കിൽ നമ്മുടെ സേവനത്തെ ദൈവം ഒരിക്കലും സ്വീകരിക്കയില്ല. ഹൃദയാപ്പണത്തോടുകൂടെ നടത്തപ്പെടുന്നില്ലെങ്കിൽ നമ്മുടെ ദാനധമ്മങ്ങൾക്കു യാതൊരു വിലയുമില്ല. സേവനവും ദാനധമ്മങ്ങളും അവിടുത്തേക്ക് ആവശ്യമില്ല. എന്നാൽ ഹൃദയം ലഭിച്ചേ മതിയാവൂ. നമ്മുടെ ഹൃദയം സ്വതന്ത്രമെങ്കിലും അതു് അവിടുത്തെ വകയാണ്. അതിനെ ദൈവം നമുക്കു നല്കിയതു് അവിടുത്തേക്ക് അപ്പിക്കാൻ വേണ്ടിയാണ്.

സ്നേഹം മാത്രമല്ല, നീതിബോധവും, നമ്മുടെ ഹൃദയം അവിടുത്തേക്ക് നല്കുവാൻ നമ്മെ നിബ്ബന്ധിക്കുന്നു. നമ്മുടെ ഹൃദയത്തിന്മേലുള്ള അവിടുത്തെ ഉടമസ്ഥാവകാശം ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തതാണ് എന്നതിനു രണ്ടു് അടയാളങ്ങൾ ദൈവം തന്നെ സ്ഥാപിച്ചിട്ടുണ്ട്.

1. ദൈവത്തിനു മാത്രം തൃപ്തിപ്പെടുത്താൻ കഴിയുന്ന അളവില്ലാത്ത സ്നേഹപ്രാപ്തി. 2. സകലത്തിലും മേലായി അതിനെ സ്നേഹിപ്പാൻ ദൈവത്തെ പ്രേരിപ്പിക്കുന്ന അതിന്റെ സൗന്ദര്യവായ്പ്. "ഇനിമേൽ നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല; വലിയ വിലകൊടുത്തു വാങ്ങപ്പെട്ടവരാണ്." തണുത്തു മരവിച്ചിരിക്കുന്ന നിന്റെ ഹൃദയത്തിൽ സ്നേഹത്തിന്റെ ഒരു ചെറിയ ചലനമെങ്കിലും സൃഷ്ടിക്കുവാൻ നിനക്കു കഴികയില്ലേ? ഈശോ നിരന്തരം നമ്മുടെ ഹൃദയകവാടത്തിങ്കൽ മുട്ടിക്കൊണ്ടിരിക്കയാണ്. പുൽക്കൂട്ടിലെ ജനനവും, കഠിനാദ്ധ്വാനങ്ങളും, സാഹസികയാത്രകളുമെല്ലാം അതിനുവേണ്ടിയാണ്. കാൽവരിയിലെ ബലിസമയത്തും വി. കുബ്ബാനയിലും അവിടുന്നു് ചോദിക്കുന്നതു് നമ്മുടെ ഹൃദയത്തെയാണ്.

www.malankaralibrary.com

ഓ, കർത്താവേ! എന്റെ മനസ്സിൽ അങ്ങു ഭരണം നടത്തുക; അങ്ങയെ സ്നേഹിപ്പാനല്ലാതെ മററു യാതൊന്നിനും അതു ചലിക്കാതിരിക്കട്ടെ.

## ധ്യാനം 176 പെന്തിക്കോസ്തിക്കുശേഷം മൂന്നാംഞായറാഴ്ച

### ഈശോ തന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തുവാൻ തീരുമാനിക്കുന്നു.

ഈശോയുടെ മുപ്പതുവർഷത്തെ നിഗൂഢജീവിതത്തെപ്പററി ധ്യാനിക്കുക. ദൈവത്തിന്റെ പുണ്യവും ബോധജ്ഞാനവുമായ അവിടുന്ന് കേവലം അജ്ഞനും ദുർബ്ബലനുമായ മനുഷ്യനെപ്പോലെ മനുഷ്യരുടെയിടയിൽ ജീവിച്ചതെന്തിന്? കേവലം അജ്ഞത തന്നെയായ നാം മററുള്ളവരാൽ അറിയപ്പെടാൻ വെമ്പുകയാണ്. ഈശോയുടെ എളിമ നമ്മെ ലജ്ജിപ്പിക്കേണ്ടതല്ലേ? സുവിശേഷപ്രസംഗത്തിന് ഇറങ്ങാനുള്ള സമയമായപ്പോൾ ഈശോ അമ്മയെ സമീപിച്ച് തനിക്ക് അമ്മയിൽനിന്ന് വേർപെടേണ്ട സമയമായി എന്നറിയിച്ചു. സ്വർഗ്ഗസ്ഥപിതാവിന്റെ ഇഷ്ടം നിവർത്തിക്കാൻവേണ്ടി മാതൃസമ്പർക്കത്തിലുള്ള സന്തോഷം അവിടുന്ന് ഉപേക്ഷിക്കുന്നു. സൃഷ്ടികളോടുള്ള സ്നേഹത്തെപ്രതി ദൈവത്തെ ധിക്കരിക്കുന്ന നിന്റെ സ്വഭാവത്തിന് എത്ര വലിയ താക്കീത്? ഈശോ എളിമയുടെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയിൽ അനുതാപികളോടുകൂടെ സമ്മിശ്രപ്പെടുകയും തന്റെ മുന്നോടിയിൽനിന്ന് മാമോദീസാ സ്വീകരിക്കയും ചെയ്തു. ലോകത്തെ സ്വന്തരക്തത്താൽ സ്നാനപ്പെടുത്തുവാനുള്ളവൻ സാധാരണ മനുഷ്യനെപ്പോലെ വെള്ളത്തിലുള്ള സ്നാനം ആവശ്യപ്പെടുന്നു. എത്ര വലിയ എളിമ. അഹങ്കാരിയെപോലെ ദുർബ്ബലനായി ആരുമില്ല. ഒരു നിസ്സാരശാപസത്താൽ അവൻ നിലംപരിചാകും. വിജയത്തിന് എളിമ കൂടിയേ മതിയാവൂ.

## ധ്യാനം 177

### പെന്തിക്കോസ്തിക്കുശേഷമുള്ള മൂന്നാംവാരം—തിങ്കളാഴ്ച

### ഈശോയുടെ മാമോദീസാ

"അപ്പോൾ യോഹന്നാനിൽനിന്നു ജ്ഞാനസ്നാനം സ്വീകരിക്കാൻ ഈശോ ഗലീലയിൽനിന്ന് യോർദ്ദാനിൽ യോഹന്നാന്റെ മുമ്പിലെത്തി. യോഹന്നാനാകട്ടെ, അങ്ങിൽനിന്നു ഞാൻ ജ്ഞാനസ്നാനം സ്വീകരിക്കേണ്ടിയിരിക്കെ, അങ്ങ് എന്നോടതു് ആവശ്യപ്പെടുകയോ എന്നു ചോദിച്ചുകൊണ്ട് അവിടുത്തെ തടഞ്ഞു. ഈശോ ഉത്തരമരുളി. ഇപ്പോൾ ഇങ്ങനെ നടക്കട്ടെ. സകല നീതിയും പൂർത്തിയാക്കു

www.malankaralibrary.com

ന്നതു് ഉചിതമാണല്ലോ.'' അപ്പോൾ യോഹന്നാൻ അതിനു സമ്മതിച്ചു. (മത്താ. 3:13–15) എത്ര ആദരവോടെയായിരിക്കണം യോഹന്നാൻ അവിടുത്തെ ശിരസിൽ കൈ ആവസിപ്പിച്ചതു്. ഭയവിഹ്വലനായിത്തീന്ന മുന്നോടിയെ ഈശോ സ്വാന്തനപ്പെടുത്തുകയാണ്. ''ഇപ്പോൾ ഇങ്ങനെ നടക്കട്ടെ.'' മററുള്ളവരെ ഉപദേശിപ്പാൻ കടപ്പെട്ടിരിക്കുന്നവർ, എല്ലാ പുണ്യങ്ങളും സ്വയം അനുഷ്ഠിക്കണം. എളിമയുടെ പ്രഥമപാഠം അധികാരികൾക്കു് കീഴ്പ്പെടുന്നതും, സമന്മാരുടെ അടുക്കൽ മുമ്പത്വം കാണിക്കാതിരിക്കുന്നതുമാകുന്നു. രണ്ടാമത്തെ പാഠം സമന്മാക്കു കീഴ്പ്പെടുന്നതും കീഴുള്ളവരുടെ അടുക്കൽ മുമ്പത്വം കാണിക്കാതിരിക്കുന്നതുമാകുന്നു. മൂന്നാമത്തതു് വിധേയരുടെ പാദത്തിങ്കൽ തന്നെത്തന്നെ വയ്ക്കുന്നതാകുന്നു. നിന്റെ സ്ഥിതി എങ്ങനെ?

ജ്ഞാനസ്നാനം കഴിഞ്ഞയുടനെ ഈശോ വെള്ളത്തിൽനിന്നു കരേറി. (മത്താ. 3:16) ''ഈശോ പ്രാത്ഥിച്ചുകൊണ്ടിരുന്നപ്പോൾ സ്വഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവു് പ്രാവിന്റെ രൂപത്തിൽ അവിടുത്തെമേൽ എഴുന്നെള്ളിവന്നു. നീ എന്റെ പ്രിയപുത്രനാകുന്നു. നിന്നിൽ ഞാൻ സംപ്രീതനായിരിക്കുന്നു. എന്നൊരു സ്വരം ആകാശത്തിൽ നിന്നു മുഴങ്ങി.'' (ലൂ. 3:21–22) നമ്മുടെ മാമോദീസായിലും ഇതുതന്നെ സംഭവിക്കുന്നു. വി. മാമോദീസായിൽ ഒരുവനു ദൈവപുത്രാവകാശവും, പരിശുദ്ധാത്മദാനങ്ങളും സ്വഗ്ഗരാജ്യത്തിനുള്ള അഹ്തയും ലഭിക്കുന്നു. വി. ജീവിതംവഴി ഈ ദാനങ്ങളോടു നാം സഹകരിക്കണം.

## ധ്യാനം 178

### പെന്തിക്കൊസ്തിക്കുശേഷം മൂന്നാംവാരം–ചൊവ്വാഴ്ച

### ഈശോയുടെ മരുഭൂമിയിലെ ഏകാന്തവാസം

''അനന്തരം പരിശുദ്ധാത്മാവു് അവിടുത്തെ ഒരു മരുപ്രദേശത്തേക്കു് നയിച്ചു.'' (മക്കോ. 1:12) സ്വഗ്ഗത്തിൽനിന്നുള്ള സാക്ഷ്യം ലഭിച്ചുകഴിഞ്ഞപ്പോൾ ഈശോ ജനസ്തുതിയിൽനിന്നു് ഓടിയകലുകയാണ്. ദൈവം ഒരാത്മാവിനെ തന്റെ ദിവ്യസാന്നിദ്ധ്യത്താൽ ആശീവ്വദിച്ചാലുടനെ, തീവ്രമായ അദ്ധ്വാനത്തിനു് അതിനെ പ്രേരിപ്പിക്കുകയാണു് പതിവു്. ശുഷ്കാന്തിയുടെ അരൂപിയാൽ അതു പ്രേരിപ്പിക്കപ്പെടുന്നില്ലെങ്കിൽ അതിന്റെ അത്ഥം പരിശുദ്ധാത്മാവു് അതിനെ നിറച്ചിട്ടില്ല എന്നാണ്. അസാധാരണ അനുഗ്രഹങ്ങൾക്കുശേഷം പരിശുദ്ധാത്മാവു് ഈശോയെ ഏകാന്തതയിലേക്കു നയിക്കുന്നു. മൗനവും ഏകാന്തതയും ഇഷ്ടപ്പെടാത്ത ആത്മാവു് ലഭിച്ച അനുഗ്രഹം വേഗം നഷ്ടപ്പെടുത്തിക്കളയും. ഈശോ മരുഭൂമിയിലേക്കു പോയതു് മനുഷ്യാവതാരത്തിന്റെ ലക്ഷ്യത്തെപ്പററി സ്വഗ്ഗസ്ഥപിതാവുമായി ആലോചിക്കാനായിരുന്നു. ഇതുവഴി കമ്മോദ്യുക്തവും ധ്യാനപരവുമായ ജീവിതത്തിനു് അവിടുന്നു് അടിസ്ഥാനമിട്ടു. തിരുസഭയിൽ ഉപവാ

www.malankaralibrary.com

സവും പ്രായശ്ചിത്തവും നടപ്പാക്കുന്നതിനും ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി പ്രവർത്തിക്കേണ്ടതെങ്ങനെയെന്ന് സുവിശേഷവേലക്കാരെ പഠിപ്പിക്കുന്നതിനുമാണ് ഈശോ ഇങ്ങനെ ചെയ്തത്. നിത്യരക്ഷയുടെ കാര്യമാണ് പ്രധാനമായി ചിന്തിക്കേണ്ടതെന്ന് ഇതുവഴി അവിടുന്ന് എല്ലാവരെയും ഉപദേശിക്കുന്നു. മരുഭൂമിയിൽ ഈശോ നിനക്കുവേണ്ടി പ്രായശ്ചിത്തബലിയർപ്പിക്കുന്നു. ആത്മാക്കളെപ്പററി ചുമതലപ്പെട്ടവർ ദൈവനാമത്തിൽ എന്തെല്ലാമാണ് പറയേണ്ടതെന്നും, പ്രവർത്തിക്കേണ്ടതെന്നും ദൈവവുമായി കൂടെക്കൂടെ ചർച്ച് ചെയ്യുകയും ധ്യാനിക്കയും വേണം.

## ധ്യാനം 179

### പെന്തിക്കോസ്തിക്കുശേഷം മൂന്നാംവാരം—ബുധനാഴ്ച

### യേശുതമ്പുരാന്റെ മരുഭൂമിയിലെ പരീക്ഷ

"നാല്പതു രാവും നാല്പതു പകലും അവിടുന്ന് ഉപവസിച്ചു. ഒടുവിൽ അവിടുത്തേക്കു വിശന്നു." (മത്താ. 4:2) പിശാചിന്റെ പരീക്ഷകൾക്കെതിരായി സമരംചെയ്യാൻ സദാ ഒരുങ്ങിയിരിക്കണമെന്നു നിന്നെ പഠിപ്പിക്കുവാൻവേണ്ടി പരീക്ഷിക്കപ്പെട്ടവാൻ ഈശോ തന്നെത്തന്നെ അനുവദിക്കുന്നു. നിന്റെ ശത്രു ഒരിക്കലും ഉറങ്ങാത്തവനും നിന്റെ ബലഹീനവശം കാണ്മാൻ സദാ ജാഗരൂകനുമാണ്. എന്നാൽ നിന്റെ സമ്മതംകൂടാതെ നിന്നെ വീഴിക്കുവാൻ അവനു കഴികയില്ല. ഹേമദണ്ഡത്തെക്കാൾ ഭയങ്കരമായ നിർബ്ബന്ധംകൊണ്ട് നിന്നെ ക്ഷീണിപ്പിക്കുവാൻ അവൻ നോക്കും. പരീക്ഷകൻ അടുത്തുവന്നു പറഞ്ഞു. "നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകൾ അപ്പങ്ങളായി തീരുവാൻ കല്പിക്കുക" (മത്താ. 4:3) ആവശ്യത്തിനെന്ന നാട്യത്തിൽ ഭക്ഷണപ്രിയത്തിനു് ഈശോയെ പരീക്ഷിക്കയാണ്. "നീ ദൈവപുത്രനെങ്കിൽ താഴേക്കു ചാടുക; മാലാഖമാർ നിന്നെ താങ്ങിക്കൊള്ളും" എന്നു പറഞ്ഞു് അവിവേകത്തിനു് അവിടുത്തെ പ്രേരിപ്പിക്കുന്നു. വീണ്ടും ഒരു ഉയർന്ന മലയിലേക്ക് അവിടുത്തെ കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ സർവ്വ സാമ്രാജ്യങ്ങളെയും കാണിച്ചുകൊണ്ട് "എന്നെ കുമ്പിട്ട് ആരാധിക്കാമെങ്കിൽ ഇവയെല്ലാം നിനക്കു തരാം എന്നു പറഞ്ഞു് ദ്രവ്യാഗ്രഹത്തിലേക്കു അവിടുത്തെ പരീക്ഷിക്കുന്നു. ഏതാദൃശപരീക്ഷകളിൽ എത്രയോ പ്രാവശ്യം നീ വീണിരിക്കുന്നു! എല്ലാ പരീക്ഷകൾക്കുംശേഷം തല്ക്കാലത്തേക്ക് പിശാചു് അവിടുത്തെ വിട്ടുപോയി." (ലൂ. 4:13) ഈശോ ചെയ്തതുപോലെ പിശാചിന്റെ പരീക്ഷകളെ ഉടനടി എതിർക്കുകയും, വെറുപ്പോടെ അവനെ ആട്ടിപ്പായിക്കയും വേണം. നിന്റെ ദൈവമായ കർത്താവിനെ മാത്രമേ ആരാധിക്കാവൂ എന്നതായിരിക്കട്ടെ നിന്റെയും മുദ്രാവാക്യം.

www.malankaralibrary.com

## ധ്യാനം 180

### പെന്തിക്കോസ്തിക്കശേഷം മൂന്നാംവാരം—വ്യാഴാഴ്ച

### വി. യോഹന്നാൻ മാംദാന ജനത്തോടു പറയുന്നു: ഇതാ ദൈവത്തിൻെറ കുഞ്ഞാടു്.

ഈശോയുടെ ആഗമനവാർത്ത പരസ്യപ്പെടുത്താൻ നിത്യപിതാവു് വി. യോഹന്നാൻ മാംദാനയെ നിയോഗിച്ചിരിക്കയാണു്. നിഷ്കളങ്കത സൗമ്യത ആദിയായ പുണ്യങ്ങളാൽ സമാദരണീയനായ കുഞ്ഞാടാണു് ഈശോ. നിത്യപിതാവിൻെറ നീതിക്കു് പരിഹാരബലിയായി അർപ്പിച്ചിരിക്കകൊണ്ടു് അവിടുന്നു് ദൈവത്തിൻെറ കുഞ്ഞാടാണു്. ദൈവസുതനാകകൊണ്ടും അവിടുന്നു് ദൈവത്തിൻെറ കുഞ്ഞാടാണു്.

പിറേറദിവസം യോഹന്നാൻ സ്വശിഷ്യരോടുകൂടെ നില്ക്കുമ്പോൾ ഈശോ അതുവഴി കടന്നുവരുന്നതുകണ്ടു് "ഇതാ! ദൈവത്തിൻെറ കുഞ്ഞാടു്" എന്നു പറകയും ശിഷ്യന്മാർ അവിടുത്തെ അനുഗമിക്കയും ചെയ്തു. കേവലം ജിജ്ഞാസയാൽ പ്രേരിതരായിട്ടല്ല യോഹന്നാൻെറ ശിഷ്യന്മാർ ഈശോയെ അനുഗമിച്ചതു്. അവിടുത്തെ കൂടുതൽ അടുത്തറിവാനും അവിടുത്തെ ശിഷ്യരാകുവാനും അവിടുന്നു് അവരെ ആകർഷിക്കയായിരുന്നു. 'ദൈവത്തിൻെറ കുഞ്ഞാടു്' എന്നുള്ള വാക്കുകൾ അവരുടെ ഹൃദയങ്ങളെ വശീകരിച്ചിരുന്നു. അവർ പിന്നാലെ വരുന്നതുകണ്ടു് "നിങ്ങൾ എന്തന്വേഷിക്കുന്നു എന്നു യേശു ചോദിച്ചു". "ഗുരോ അവിടുന്നു് എവിടെയാകുന്നു താമസിക്കുന്നതു്" എന്നവർ ആരാഞ്ഞു. 'വന്നു കാണ്മിൻ' എന്നായിരുന്നു ഈശോയുടെ മറുപടി. (യോഹ. 1:38,39)

ഈശോയെ അനുഗമിപ്പാൻ ആഗ്രഹിക്കുന്ന ഏവരോടും, ഇതുതന്നേ അവിടുന്നു് അരുളിച്ചെയ്യും. "വന്നു കാണുവിൻ". ബത്ലഹേം പുൽക്കൂട്ടിലേക്കും കാൽവരിയിലേക്കും വരിക. നിൻെറ രക്ഷയ്ക്കുവേണ്ടി അവിടുന്നു് എന്തുസഹിച്ചു എന്നു് നിനക്കു കാണാം. വി. കുർബാനയ്ക്കു് അണയുക. അവിടുത്തെ സ്നേഹാഗ്നി അവിടെ ദൃശ്യമാകും.

## ധ്യാനം 181

### പെന്തിക്കോസ്തിയ്ക്ക ശേഷമുള്ള മൂന്നാം വാരം—വെള്ളിയാഴ്ച

### വി. അന്ത്രയോസു് ശെമഒാനെ യേശുവിൻെറ അടുക്കലേക്കു കൊണ്ടുപോകുന്നു.

യോഹന്നാൻെറ വാക്കുകേട്ടു് ഈശോയെ അനുഗമിച്ചവരിൽ ഒരാൾ ശെമഒാൻ പത്രോസിൻെറ സഹോദരൻ അന്ത്രയോസാണു്.

www.malankaralibrary.com

അദ്ദേഹം ആദ്യമായി തന്റെ സഹോദരനായ ശെമഓനെ കണ്ടപ്പോൾ, "ഞങ്ങൾ മ്ശിഹായെകണ്ടു" എന്നു പറഞ്ഞു (യോഹ. 1:40, 41) മ്ശിഹായെ കണ്ടെത്തിയവൻ എല്ലാ നിക്ഷേപങ്ങളെക്കാൾ ഉപരിയായ ഒരു നിക്ഷേപത്തെ കണ്ടെത്തിയിരിക്കുന്നു. (ക്രിസ്തോ. II:8) പരമനന്മയായ യേശുവിനെ പ്രാപിക്കുന്നതിനു വേണ്ടിവരുന്ന ഏതു ത്യാഗത്തെയും സസന്തോഷം കൈവരിക്കണം.

അന്ത്രയോസ് ശെമഓനെ അവിടുത്തെ അടുക്കൽ കൊണ്ടുവന്നു. താൻ കണ്ട നിക്ഷേപത്തെ അദ്ദേഹം മററുള്ളവർക്കു കാണിച്ചുകൊടുക്കുകയാണ്. പ്രസംഗമൊന്നും ചെയ്യുന്നില്ല. യേശുവിനെ കണ്ടെത്തിയവനു് അവിടുത്തെ ലോകത്തിനു മുഴുവൻ കാണിച്ചു കൊടുക്കണമെന്ന ഒററ ആഗ്രഹമെ ഉണ്ടാകയുള്ളു. നീ എത്രപേരെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നിട്ടുണ്ടു്?

യേശു ശെമഓനെ നോക്കിക്കൊണ്ടു് അരുൾചെയ്തു. "നീ യോനായുടെ പുത്രനായ ശെമഓൻ ആണല്ലോ. ഇനിമേൽ നീ കേപ്പാ എന്നു വിളിക്കപ്പെടും" (യോഹ. 1:42) യേശു വാഗ്ദത്തം ചെയ്യപ്പെട്ട മ്ശിഹാ ആകുന്നു എന്നറിഞ്ഞയുടനെ ശെമഓൻ തന്നെ മുഴുവനായി അദ്ദേഹത്തിന്റെ സേവനത്തിനായി പ്രതിഷ്ഠിച്ചു. തിരുസഭയുടെ പരമാദ്ധ്യക്ഷനായി യേശു അദ്ദേഹത്തെ തെരഞ്ഞെടുത്തു. മഹത്തായ ജോലി ലഭിച്ചവരെപ്പററി അസൂയപ്പെടാതെ സുപ്പീരിയേഴ്സ് ഏല്പിച്ചുതരുന്ന ജോലികൾ സസന്തോഷം സ്വീകരിക്കണം.

## ധ്യാനം 182

### പെന്തിക്കൊസ്തിക്കു ശേഷമുള്ള മൂന്നാം വാരം—ശനിയാഴ്ച

### പീലിപ്പോസിന്റെയും നഥാനിയേലിന്റെയും ദൈവവിളി.

അടുത്ത ദിവസം യേശു ഗലീലയിലേക്കു പോകാൻ ഒരുങ്ങിയപ്പോൾ പീലിപ്പോസിനെ കണ്ടു്. "എന്നെ അനുഗമിക്കുക" എന്നരുൾചെയ്തു. (യോഹ. 1:43) ദൈവസേവനത്തിനായി നിന്നെ ആകർഷിച്ച നിന്റെ ദൈവവിളിയെപ്പററി ചിന്തിക്കുക. ദൈവമഹത്വത്തിനായി പ്രയാസമുള്ള ജോലി ഏറെറടുക്കേണ്ടിവരുമ്പോൾ 'എന്നെ അനുഗമിക്കുക' എന്നുള്ള വാക്കുകൾ നിനക്കു ധൈര്യം പകരാതിരിക്കയില്ല. വഴിയും സത്യവും ജീവനുമാകുന്ന അവിടുന്നാകുന്നു നിന്നെ വിളിക്കുന്നതു്.

പീലിപ്പോസ് നഥാനിയേലിനോടു പറഞ്ഞു 'മൂശയും പ്രവാചകന്മാരും വിശുദ്ധ ഗ്രന്ഥത്തിൽ ആരെപ്പററി എഴുതിയിരിക്കുന്നുവോ അവിടുത്തെ, നസ്രത്തുകാരനായ യൗസേപ്പിന്റെ പുത്രൻ യേശുവിനെ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. നസ്രേത്തിൽനിന്നു് വല്ല ന

www.malankaralibrary.com

ന്മയും ഉണ്ടാകുമോ എന്നു് നഥാനിയേൽ ചോദിച്ചു. 'വന്നു കാണുക' എന്നു് പീലിപ്പോസിന്റെ മറുപടി (യോഹ. 1:45) ദൈവവിളി ലഭിച്ചയുടനെ അതു് കൂട്ടുകാരനു പകർന്നുകൊടുക്കുവാൻ പീലിപ്പോസ് ബദ്ധപ്പെടുന്നു. പീലിപ്പോസിന്റെ ശുഷ്കാന്തി വിവേകപൂർവ്വകമാണു്. നഥാനിയേലിനോടു വാദപ്രതിവാദത്തിനു നില്ക്കാതെ, ഈശോയുടെ ദർശനം അവനെ നേടിക്കൊള്ളുമെന്നു കരുതി 'വന്നു കാണുക' എന്നു പറയുന്നു. നാഥാനിയേൽ തന്റെ അടുക്കലേക്കു വരുന്നതു കണ്ടിട്ട് യേശു അരുൾചെയ്തു. 'ഇതാ സാക്ഷാൽ ഇസ്രായേല്യൻ. ഇവനിൽ യാതൊരു കളങ്കവുമില്ല' (യോഹ. 1:47) നിഷ്കളങ്കതയും ലാളിത്യവും ദൈവതൃക്കണ്ണുകളിൽ എത്രയോ ആദരണീയം! നഥാനിയേൽ അവിടുത്തോടു ചോദിക്കുന്നു "അവിടുന്നു് എന്നെ എങ്ങിനെ അറിഞ്ഞു". പീലിപ്പോസ് നിന്നെ വിളിക്കുന്നതിനുമുമ്പ് നീ അത്തിവൃക്ഷത്തിന്റെ ചുവട്ടിലായിരുന്നപ്പോൾ ഞാൻ നിന്നെ കണ്ടു എന്നു് യേശു പറഞ്ഞു. അവൻ അവിടുത്തോടു പറഞ്ഞു 'ഗുരോ അവിടുന്നു ദൈവപുത്രനാകുന്നു. അങ്ങ് ഇസ്രായേലിന്റെ രാജാവാകുന്നു'. (യോഹ. 1:49) പ്രഥമ വരപ്രസാദത്തോടുള്ള സഹകരണം എത്ര പ്രധാനപ്പെട്ടതു്.

## ധ്യാനം 183

### പെന്തിക്കോസ്തിക്കു ശേഷമുള്ള നാലാം ഞായറാഴ്ച

### കാനായിലെ കല്യാണവിരുന്നു്

മൂന്നാം ദിവസം ഗലീലയിലെ കാനായിൽ ഒരു കല്യാണവിരുന്നു നടന്നു. ഈശോയുടെ അമ്മയും അവിടെ ഉണ്ടായിരുന്നു. വിവാഹത്തിനു് യേശുവും ശിഷ്യന്മാരും ക്ഷണിക്കപ്പെട്ടിരുന്നു. (യോഹ.2:1) അവർക്കു് വീഞ്ഞു തികയാതെ വരികയാൽ, "അവർക്കു വീഞ്ഞില്ല" എന്നു് യേശുവിന്റെ അമ്മ അവിടുത്തോടു പറഞ്ഞു. (യോഹ. 2:3) നമ്മെ സൃഷ്ടികളിൽനിന്നകററുന്നതിനായി, ചിലപ്പോൾ മാനുഷിക ആശ്വാസമെന്ന വീഞ്ഞു പോരാതെ വരുന്നതിനു് യേശു ഇടയാക്കിയേക്കാം. അങ്ങനെയുള്ള അവസരങ്ങളിൽ വിഷമിക്കേണ്ടതില്ല. കാരണം ചിലപ്പോൾ മാനുഷികാശ്വാസത്തെക്കാൾ നമുക്കു പ്രയോജനകരം അതായിരുന്നേക്കാം. മറിച്ചു് പുണ്യത്തിന്റെ അഭാവം നിമിത്തം ദൈവസ്നേഹമെന്ന വീഞ്ഞു നഷ്ടപ്പെടുകയാണെങ്കിൽ അതേപ്പററി നാം ദുഃഖിക്കുകയും പരിഹാരം അനുഷ്ഠിക്കുകയും വേണം.

അവർക്കു വീഞ്ഞില്ല എന്നു പറഞ്ഞപ്പോൾ യേശു മാതാവിനെ ആദരിക്കയും ശിഷ്യന്മാരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുകയും ചെയ്തു. കാനായിലെ കല്യാണത്തിൽ വീഞ്ഞു തീർന്നുപോയതുപോലെ വി. കുർബ്ബാന എന്ന വിരുന്നിൽ ഇന്ദ്രിയഗോചരമായ ഭക്തി ചിലപ്പോൾ പിൻവലിക്കപ്പെട്ടു എന്നു വരാം. സജീവ വിശ്വസത്തോടും നിർമ്മലസ്നേഹത്തോടും അവിടുത്തോടു് ഐക്യപ്പെടുന്നതിനാണു് അവിടുന്നു് ഇത

www.malankaralibrary.com

നവദിക്കുന്നത്. അങ്ങനെയുള്ള അവസരങ്ങളിൽ നമ്മെത്തന്നെ താഴ്ത്തുകയും ദൈവികബുദ്ധിയാൽ എല്ലാം നടത്തപ്പെടുന്നതിനുവേണ്ടി അവിടുത്തെ തൃക്കരങ്ങളിൽ നമ്മെ കയ്യാളിക്കയും വേണം.

## ധ്യാനം 184

### പെന്തിക്കൊസ്തിക്കു ശേഷമുള്ള നാലാംവാരം–തിങ്കളാഴ്ച

### കാനായിലെ കല്യാണവിരുന്നു് (തുടച്ച്)

അപ്പോൾ യേശു അരുൾചെയ്തു 'അമ്മേ എനിക്കും നിനക്കുമെന്തു്, എന്റെ സമയം ഇനിയും സമാഗതമായിട്ടില്ലല്ലോ (യോ. 2:4) അവിടുത്തെ മണിക്കൂറുകളും നിമിഷങ്ങളും എങ്ങനെ ചിലവിടണമെന്നു് ദിവ്യപരിപാലനയാണ് നിർണ്ണയിച്ചിട്ടുള്ളത്. പരിശുദ്ധമാതാവിന്റെ അപേക്ഷകൊണ്ടു മാത്രമാണ് അവിടുന്നു് ഈ അത്ഭുതം പ്രവർത്തിക്കുന്നതു്. നമുക്കു് ചെയ്യാവുന്നതു്, അവിടുത്തെ സമയത്തിനുവേണ്ടി ക്ഷമാപൂർവ്വം കാത്തിരിക്കുകയും വിശ്വസ്തതാപൂർവ്വം അവിടുത്തോടു സഹകരിക്കയും മാത്രമാണ്. പിതാവു തന്റെ അധികാരത്തിൽ വച്ചിട്ടുള്ള സമയങ്ങളെയും കാലങ്ങളെയും നിങ്ങൾ മനസ്സിലാക്കേണ്ടതില്ല (നട.1:7) ദൈവപരിപാലനയ്ക്കു നിന്നെ മുഴുവനായി ഒഴിഞ്ഞുകൊടുക്കുക.

നമ്മെ സംബന്ധിച്ചിടത്തോളം ദൈവപരിപാലനയുടെ സമയവും കാലവും വ്യത്യാസപ്പെട്ടിരിക്കും. സമാധാനത്തിനു് ഒരു കാലവും യുദ്ധത്തിനു് ഒരു കാലവുമുണ്ടു്. (സഭാപ്രസംഗി. 3:8) അന്ധകാരത്തിന്റെയും അസ്വസ്ഥതയുടെയും ഒരു കാലവും, പ്രകാശത്തിന്റെയും ആശ്വാസത്തിന്റെയും ഒരു കാലവുമുണ്ടു്. രണ്ടിനെയും നിഷ്പക്ഷബുദ്ധ്യാ സ്വീകരിക്കുക. ദൈവപുത്രൻ നിനക്കു ക്ലേശങ്ങൾ അയച്ചുതരുമ്പോൾ അവയെ കോപത്തിന്റെ ലക്ഷ്യങ്ങളായി കരുതരുത്. പരിശുദ്ധ ദൈവമാതാവിനു വീരോചിതപുണ്യങ്ങൾ അഭ്യസിക്കുവാൻവേണ്ടി അവളുടെ നേരെയും അവിടുന്നു കർശനമായി പെരുമാറിയിട്ടുണ്ടു്. എന്റെ ദൈവമെ, എന്റെ ദൈവമെ, എന്നെ കൈവിട്ടതെന്തു് എന്നു് ക്രൂശിൽ കിടന്നുകൊണ്ടു ചോദിക്കത്തക്കവണ്ണം നിത്യപിതാവ് സ്വപുത്രനോടു നിർദ്ദാക്ഷിണ്യം പെരുമാറുകയുണ്ടായല്ലോ. വല്ലപ്പോഴും ദൈവം നമ്മുടെ നേരെ മരവിപ്പിക്കുന്ന മൗനം പാലിക്കയോ, രൂക്ഷമായ ഒരു ശാസന മന്ത്രിക്കയോ ചെയ്താലും നിരാശപ്പെടരുത്. വി. പത്രോസിനെപ്പോലെ നമുക്കും പറയാം 'കർത്താവെ ഞങ്ങൾ ആരുടെ പക്കൽ പോകും. നിത്യജീവന്റെ വചനങ്ങൾ അങ്ങേയ്ക്കുണ്ടല്ലോ' (യോഹ. 6:69)

www.malankaralibrary.com

## ധ്യാനം 185

### പെന്തിക്കൊസ്തിക്കു ശേഷമുള്ള നാലാംവാരം–ചൊവ്വാഴ്ച

### കല്യാണവിരുന്നു (തുടർച്ച)

പരിശുദ്ധമാതാവു പരിചാരകന്മാരോടു പറഞ്ഞു "അവിടുന്നു പറയുന്നതുപോലെ ചെയ്യിൻ" (യോഹ. 2:5) സ്വർഗ്ഗസ്ഥപിതാവിന്റെ തിരുവിഷ്ടം നിവർത്തിക്കുന്നതിനായി യേശു ലോകത്തിലേക്കു വന്നു. നിന്റെ ഹൃദയത്തിൽ അധികാരിയായി വാഴുന്നതിനും അവിടെ തന്റെ രാജ്യം സ്ഥാപിക്കുന്നതിനും യേശു ആഗ്രഹിക്കുന്നു. അവിടുത്തോടുകൂടെ വാഴണമെങ്കിൽ അവിടുത്തെ അനുസരിക്കയും വേണം. അങ്ങ് എന്റെ ദൈവമാകയാൽ അങ്ങയുടെ ഇഷ്ടം നിറവേറുന്നതിന് എന്നെ അഭ്യസിപ്പിക്കണമെ.

അനന്തരം പരിചാരകരോട് അവിടുന്നു കല്പിച്ചു. ഇനി പകർന്നെടുത്തു കലവറപ്രമാണിയുടെ അടുക്കൽ കൊണ്ടുചെല്ലുവിൻ. (യോഹ. 2:8) നിന്റെ അടിമസ്ഥമായ ഭയത്തെ പുത്രസഹജമായ സ്നേഹമായി പകർത്തുമ്പോൾ കല്യാണശാലയിലെ ഈ അത്ഭുതം നിന്നിലും അവിടുന്നു പ്രവർത്തിക്കും. പാപത്തിൽനിന്നു ദൈവാനുഗ്രഹത്തിലേക്കും മന്ദതയിൽനിന്നു തീക്ഷ്ണതയിലേക്കുമുള്ള ഈ പരിവർത്തനം വരുത്താൻ ദൈവത്തിനു മാത്രമേ കഴിയൂ. മാനുഷികമായ യാതൊന്നിനും അതിനെ തടയുവാനും സാദ്ധ്യമല്ല.

വീഞ്ഞിനെ തന്റെ വിലയേറിയ രക്തമാക്കിക്കൊണ്ട് യേശു ദിനംപ്രതി മററൊരു അത്ഭുതവും പ്രവർത്തിക്കുന്നുണ്ട്. ദൈവീക സ്നേഹത്തിന്റെ ഫലമായി നിന്റെ ആത്മാവ് യേശുവിന്റെ ജീവിതം നയിക്കുമ്പോൾ ഈ അത്ഭുതം നടക്കുന്നു. "എന്റെ രക്തം പാനംചെയ്യുന്നവൻ എന്നിൽ വസിക്കുന്നു" (യോഹ. 6:57) യേശുവിന്റെ മൗതികശരീരത്തിൽനിന്ന് നിന്നെയോ മററുള്ളവരെയോ വേർപെടുത്തുമ്പോൾ നീ യേശുവിന്റെ രക്തം ചിന്തുകയാണു ചെയ്യുന്നത്. പരിശുദ്ധാത്മാവേ, എന്റെ ജീവിതം യേശുവിന്റെ ജീവിതത്തിന്റെ തുടർച്ചയായിരിപ്പാൻ എനിക്കനുഗ്രഹം നല്കണമെ. അങ്ങനെ ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് എന്നു പറയുവാൻ ഇടയാകട്ടെ. (ഗലാ. 2:20)

## ധ്യാനം 186

### പെന്തിക്കൊസ്തിക്കു ശേഷമുള്ള നാലാം വാരം–ബുധനാഴ്ച

### കാനായിലെ കല്യാണവിരുന്ന് (തുടർച്ച)

"വീഞ്ഞായിതീർന്ന വെള്ളം കലവറപ്രമാണി രുചിച്ചുനോക്കി. അതെവിടെനിന്നു കിട്ടി എന്നയാൾക്കു മനസ്സിലായില്ല. അയാൾ

www.malankaralibrary.com

മണവാളനെ വിളിച്ചുപറഞ്ഞു. എല്ലാവരും ആദ്യം നല്ല വീഞ്ഞു വിളമ്പുന്നു. ലഹരി പിടിച്ചശേഷം മോശമായതു കൊണ്ടുവരുന്നു. എന്നാൽ നീ ഈ നല്ല വീഞ്ഞു ഇതുവരെ സൂക്ഷിച്ചു വച്ചിരുന്നുവല്ലോ.'' (യോഹ. 2:9,10) ലോകത്തിന്റെ അരുചി യേശുവിന്റേതിനു നേരെ വിപരീതമാണ്. യേശുവിന്റെ അരുചിക്കു ഏററം വിരുദ്ധമായത് തല്ക്കാല ജീവിതത്തിലെ സന്തോഷങ്ങളോട് മനുഷ്യർ കാട്ടുന്ന അത്യാർത്തിയാണ്. നിമിഷനേരത്തെ, കടന്നുപോകുന്ന സന്തോഷത്തിനുവേണ്ടി നിത്യശിക്ഷാവിധിയിൽ അകപ്പെടുന്നതും സുവിശേഷത്തിലെ ധനവാനെപ്പോലെ ഞാൻ ഈ ജ്വാലയിൽ പീഡിപ്പിക്കപ്പെടുന്നു എന്നു പറയാനിടയാകുന്നതും എത്ര വലിയ മൂഢത. ജ്ഞാനി ഉപദേശിക്കുന്നു, ''ചുവന്ന വീഞ്ഞു സ്ഫടികപാത്രത്തിൽ തിളങ്ങുമ്പോൾ നീ അതു നോക്കരുത്. അപ്പോൾ അതു് രസാവഹമായി ഉള്ളിലേക്കു പോകുന്നു. ഒടുവിൽ അതു് സർപ്പത്തെപ്പോലെ കടിക്കും. അണലിയെപ്പോലെ കൊത്തും'' (സുഭാ. 23:31,32) ഈശോ വി. കുർബ്ബാനയിൽ തന്റെ രക്തമാക്കി പകർത്തുന്ന വീഞ്ഞിനെപ്പററിയത്രെ മനുഷ്യഹൃദയത്തെ ആനന്ദിപ്പിക്കുന്നതു് എന്നു പറഞ്ഞിരിക്കുന്നതു്. വി. കുർബ്ബാന അനുഭവിക്കുമ്പോൾ രക്ഷിതാവിന്റെ ഉറവയിൽനിന്നു് സന്തോഷത്തോടെ നാം പകർത്തുകയാകുന്നു ചെയ്യുന്നതു്. ലോകത്തിന്റെ സകല ദുഷ്പ്രവണതകളെയും മായിച്ചുകളയത്തക്കവണ്ണം അത്രമാത്രം ആത്മാവിനെ അതു് ഉന്മത്തമാക്കും. ''എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തിൽ ആനന്ദിച്ചു'' (സങ്കീ. 83:3) എന്നു് അതീവ ഭക്തിയോടെ ഉരുവിടുന്നതിനു് അതിടയാക്കും.

## ധ്യാനം 187

### പെന്തിക്കോസ്തിക്കുശേഷമുള്ള നാലാംവാരം—വ്യാഴാഴ്ച

### ഈശോ ദൈവാലയത്തിൽനിന്നു് വില്ക്കുന്നവരെയും വാങ്ങുന്നവരെയും പുറത്താക്കുന്നു.

''നിന്റെ ആലയത്തെകുറിച്ചുള്ള എരിവു് എന്നെ തിന്നുകളഞ്ഞു'' (യോഹ. 2:17) നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണെന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങളറിയുന്നില്ലേ? (1 കോറി. 3:16) ''ഞാൻ അവരിൽ വസിക്കും. അവരുടെ ഇടയിൽ സഞ്ചരിക്കും. ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനതയുമായിരിക്കും'' (2 കൊരി. 6:16) വി. മാമോദീസായിൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടതും ദിവ്യസാന്നിദ്ധ്യത്താൽ ബഹുമാനിതവുമായ നിന്റെ ആത്മശരീരങ്ങളെ നീ പരിശുദ്ധമായി കാക്കണം. യേശുവിനെ ജനനംവഴി ലോകത്തിനു നല്കി എന്നതിനേക്കാൾ, വിശ്വാസത്താലും സ്നേഹത്താലും അവിടുത്തെ ആലയമായിതീർന്നു, എന്നതാണ് പരിശുദ്ധമാതാവിനെ കൂടുതൽ സൗഭാഗ്യവതിയാക്കി തീർത്തതു്.

www.malankaralibrary.com

എന്നു വി. പിതാക്കന്മാർ പ്രകീർത്തിക്കുന്നു. തന്റെ വി. ആലയമായ നിന്റെ ഹൃദയത്തിന്റെ വിശുദ്ധിയെപററി യേശു ഏററം വൈരാഗ്യവാനാണ്. പൂർണ്ണ അനുസരണവും ശുഷ്ക്കാന്തിയും ക്ഷമയും സ്നേഹവുംവഴി ഈ വിശുദ്ധാലയത്തിൽ അവിടുത്തേക്കു നീ ആരാധന സമർപ്പിക്കണം. ഈ സുകൃതങ്ങളാണ് നിന്നെ ഭരിക്കുന്നതെങ്കിൽ ദൈവം നിന്നിൽ വസിക്കുന്നു എന്നു തീർച്ചയാക്കാം.

ഈ വിശുദ്ധ സ്ഥലത്തെ അശുദ്ധമാക്കുന്നവരോട് അവിടുത്തേക്കു യാതൊരു കരുണയും ഉണ്ടായിരിക്കയില്ല. "ദൈവത്തിന്റെ ആലയം അശുദ്ധമാക്കുന്നവനെ ദൈവം നശിപ്പിക്കും" (2 കൊരി. 3:17) "ഇവ ഇവിടെനിന്ന് എടുത്തുമാററുവീൻ" (യോഹ. 2:16) എന്ന് ജറുസലേം ദേവാലയം അശുദ്ധമാക്കിയവരോട് അരുളിചെയ്ത വാക്കുകൾ നിന്നോടും അവിടുന്നു കല്പിക്കും. സ്വയസ്നേഹത്തെ നിന്റെ ഹൃദയത്തിൽനിന്നു ബഹിഷ്ക്കരിക്കുക. ദൈവത്തിന്റെ ആലയത്തെ കള്ളന്മാരുടെ ഗുഹയാക്കി തീർക്കരുത് (യോഹ. 2:16) ഈ ഗുഹയിലിരുന്നുകൊണ്ടാണ് ലോകം, ജഡം, പിശാച് എന്നീ ദൈവശത്രുക്കൾ കരിഞ്ചന്ത നടത്തുന്നത്. "കർത്താവെ നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതെ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കുകയുമരുതേ" (സങ്കീ. 50:13)

## ധ്യാനം 188

### പെന്തിക്കോസ്തിക്കു ശേഷമുള്ള നാലാംവാരം—വെള്ളിയാഴ്ച

### യൂദന്മാർ ഈശോയിൽനിന്ന് ഒരടയാളം ആവശ്യപ്പെടുന്നു.

'ഇവയൊക്കെ ചെയ്യാൻ താങ്കൾക്ക് അധികാരമുണ്ടെന്നതിന് എന്തടയാളമാണ് ഞങ്ങൾക്കു കാണിച്ചു തരിക' (യോഹ. 2:18) ദൈവത്തിൽനിന്നു ശിക്ഷയുണ്ടാകുമ്പോൾ കുററക്കാരിൽനിന്നുണ്ടാകുന്ന സാധാരണ പിറുപിറുപ്പാണിത്. ദൈവവിധിയെ മനസ്സിലാക്കാനുള്ള ആത്മപ്രകാശത്തിന്റെ കുറവുകൊണ്ടാണ് ഇങ്ങനെ ചോദിക്കുന്നത്. ദൈവമാകട്ടെ എപ്പോഴും ന്യായത്തോടുകൂടെ മാത്രമേ പ്രവർത്തിക്കയുള്ളു. എതിർപ്പ് എന്തുകാരണത്താലുണ്ടായാലും ഉടനടി അതിനെ നേരിടുക. യേശുവിനെപ്പോലെ 'എന്റെ പിതാവ് എനിക്കു തന്ന കാസ ഞാൻ കുടിക്കേണ്ടതല്ലയോ' (യോഹ. 18:11) എന്നു തന്നത്താൻ ചോദിക്കുക. ഈശോ ഉത്തരമായി യഹൂദരോടരുൾചെയ്തു 'ഈ ആലയം നശിപ്പിക്കുവിൻ. മൂന്നു ദിവസംകൊണ്ടു് ഞാനതിനെ പുനരുദ്ധരിക്കും' (യോഹ. 2:19, 20) ചിലയാളുകൾ ദിവ്യഗുരുവിനെ അനുകരിച്ച് അല്പസമയംകൊണ്ടു് ദൈവഭവനത്തെ പണിതുതീർക്കുന്നു. മററു ചിലക്ക് അലസതനിമിത്തം അനേകവർഷം പണിതാലും പുണ്യസൗധത്തിന്റെ അടിസ്ഥാനമിടാൻപോലും കഴിയുന്നില്ല. നിന്റെ ആത്മീയ അഭിവൃദ്ധിക്കായി

www.malankaralibrary.com

തീക്ഷ്ണതയോടെ പരിശ്രമിക്കണം. പെസഹാ പെരുനാളിൽ അവിടുന്നു് ജറുസലേമിൽ പ്രവർത്തിച്ച അത്ഭുതങ്ങൾകണ്ടു് അനേകർ അങ്ങിൽ വിശ്വസിച്ചു. എന്നാൽ യേശു അവരെയെല്ലാം അറിഞ്ഞിരുന്നതിനാൽ അവരിൽ വിശ്വാസം അർപ്പിച്ചില്ല (യോഹ. 2:23) നീയും നിന്നെത്തന്നെ വിശ്വസിക്കരുതു്. നിൻെറ മനസ്സ് എത്ര ദുർബ്ബലം? നിശ്ചയങ്ങളിൽ എത്ര അവിശ്വസ്തത? എല്ലാവരുടെയും അന്തർഗ്ഗതം അവിടുത്തേക്കു് അറിയാമായിരുന്നതുകൊണ്ടാണു് യേശു ഒരുവനെയും വിശ്വസിക്കാതിരുന്നതു്. നിൻെറ ഏററം രഹസ്യമായ മനോവിചാരംപോലും അവിടുന്നറിയുന്നു.

## ധ്യാനം 189

### പെന്തിക്കോസ്തിക്കു ശേഷമുള്ള നാലാംവാരം—ശനിയാഴ്ച

### നിക്കോദേമൂസ് യേശുവിൻെറ അടുക്കൽ വരുന്നു

പരീശരുടെ കൂട്ടത്തിൽ നിക്കോദേമൂസ് എന്നു പേരുള്ള ഒരു യഹൂദപ്രമാണി ഉണ്ടായിരുന്നു. ഒരുരാത്രി അദ്ദേഹം യേശുവിൻെറ അടുക്കൽചെന്നു് അവിടുത്തോടു പറഞ്ഞു "ഗുരോ അങ്ങു് ദൈവത്തിൽ നിന്നുവന്ന ഉപദേഷ്ടാവാണെന്നു ഞങ്ങൾ അറിയുന്നു. എന്തെന്നാൽ ദൈവം തന്നോടുകൂടെയില്ലെങ്കിൽ അങ്ങുചെയ്യുന്ന ഈ അത്ഭുതങ്ങൾ ചെയ്യുവാൻ ഒരുവനും സാദ്ധ്യമല്ല. (യോഹ. 3:1) നിക്കോദേമൂസ് വരപ്രസാദത്താൽ പ്രകാശിപ്പിക്കപ്പെട്ടിരുന്നു. മററുള്ളവർ അന്ധകാരത്തിൽ വസിക്കുന്നു. "കാററ് അതിനിഷ്ടമുള്ളിടത്ത് ഊതുന്നു. അതിൻെറ ശബ്ദം നീ കേൾക്കയും ചെയ്യുന്നു." (യോഹ. 3:8) ദിവ്യഗുരുവിൻെറ ഉപദേശത്തെ നീ എത്രത്തോളം പ്രയോജനപ്പെടുത്തുന്നു. സ്വർഗ്ഗീയ പ്രകാശം സ്വീകരിക്കുന്നതിനും അതേപ്പററി ചർച്ചചെയ്യുന്നതിനും പററിയ അവസരമായ മൗനത്തിൻെറയും പ്രശാന്തതയുടെയും രാത്രിയെ നിക്കോദേമൂസ് തെരഞ്ഞെടുക്കുന്നു. യഹൂദന്മാരുടെ വിദ്വേഷത്തെ ഭയന്നാണ് അദ്ദേഹം രാത്രിയിൽ വന്നതു്. ആദ്യമായി യേശുവിനെ സന്ദർശിക്കാൻ വന്ന മനുഷ്യനിൽ ഇതു ക്ഷന്തവ്യമാണ്. എന്നാൽ യേശുവിൻെറ ശിഷ്യനായ നീ മനുഷ്യരെ ഭയന്നു് നിൻെറ ഭക്തകൃത്യങ്ങളെപ്പററി ലജ്ജിക്കയും കടമകളിൽനിന്നു് പിന്മാറുകയും ചെയ്യുന്നതു് അക്ഷന്തവ്യമാണ്. ഈശോ അരുൾചെയ്തു. "ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കാത്തവനു് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാദ്ധ്യമല്ലെന്നു് സത്യമായി ഞാൻ നിന്നോടു പറയുന്നു" (യോഹ. 3:2) രക്ഷപെടാനുള്ള ആത്മാർത്ഥമായ ആഗ്രഹം നിക്കോദേമൂസിൽ കണ്ടപ്പോൾ യേശു തൻെറ വേലയെപ്പററിയും മനുഷ്യവതാര രഹസ്യത്തെപ്പററിയും അദ്ദേഹത്തോടു വിവരിച്ചു പറയുന്നു. "തൻെറ ഏകജാതനായ പുത്രനെ നല്കുവാൻ തക്കവണ്ണം അത്രയധികം ദൈവം ലോകത്തെ സ്നേഹിച്ചു. തന്നിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകയില്ല" എന്നരുൾചെയ്തുകൊണ്ടു് വിശ്വാസത്തിൻെറ ആവശ്യത്തെപ്പററിയും അവിടുന്നു വെളിപ്പെടുത്തികൊടുക്കുന്നു.

www.malankaralibrary.com

## ധ്യാനം 190

### പെന്തിക്കോസ്തിക്കു ശേഷമുള്ള അഞ്ചാം ഞായറാഴ്ച

### ജറുസലേമിൽനിന്നു മടങ്ങിവന്നപ്പോൾ യോഹന്നാൻ മാംദാന അവിടുത്തെപ്പററി സാക്ഷിക്കുന്നു.

യോഹന്നാൻ ശാലേമിനടുത്ത് ഐനോനിൽ സ്നാനപ്പെടുത്തി കൊണ്ടിരുന്നു. യേശുതമ്പുരാൻ വന്നപ്പോൾ യോഹന്നാൻ എളിമയോടുകൂടി പിൻവാങ്ങി. ഇതിൽനിന്നും സന്തോഷത്തോടെ മററുള്ളവക്കു കീഴ്പ്പെടാനും നമ്മെക്കാൾ കൂടുതൽ അവരെ മതിക്കാനും അവനവൻെറ ഉദ്യോഗത്തിനടുത്ത ആദരവും ബഹുമാനവും കൊടുക്കാനും നമുക്കു പഠിക്കാം. സകല അസ്വസ്ഥതകളുടെയും മൂലകാരണമായി അഹങ്കാരത്തെ നിർമ്മൂലനം ചെയ്യേങ്കിലേ മനസ്സമാധാനം ലഭിക്കൂ. യോഹന്നാൻെറ ശിഷ്യന്മാർ അവരുടെ ഗുരുവിൻെറ അടുക്കൽവന്നു പറയുന്നു "ഗുരോ അങ്ങയോടു കൂടെ യോർദ്ദാൻെറ അക്കരെ ഉണ്ടായിരുന്ന ആൾ ഇപ്പോളിതാ ജ്ഞാനസ്നാനം നല്കുന്നു. എല്ലാവരും അവൻെറ അടുക്കൽ ഓടി എത്തുന്നു. (യോഹ. 3:25,26) ഈ ശിഷ്യന്മാർ അസൂയനിമിത്തം യേശുവിനെ കുററപ്പെടുത്തുകയാണ്. "സ്നേഹം അസൂയപ്പെടുന്നില്ല". (1 കോരി. 13:4) അസൂയ ഭിന്നിപ്പിക്കുന്നു. സ്നേഹമോ എല്ലാവരെയും യോജിപ്പിക്കുന്നു. യോഹന്നാൻ അവരോടു മറുപടിയായി പറഞ്ഞു സ്വർഗ്ഗത്തിൽനിന്നു നല്കപ്പെടാതെ ആക്കും ഒന്നും ലഭിക്കുന്നില്ല. ഞാൻ മിശിഹായല്ലെന്നും അവിടുത്തെ മുമ്പാകെ അയപ്പെട്ടവൻ മാത്രമാണെന്നും പറഞ്ഞിട്ടുള്ളതിനു നിങ്ങൾതന്നെ സാക്ഷികളാണല്ലോ. മണവാട്ടിയുള്ളവൻ മണവാളനാകുന്നു. മണവാളൻെറ സ്നേഹിതർ അടുത്തുനിന്ന് അവൻെറ സ്വരം കേൾക്കുന്നതിൽ സന്തോഷിക്കുന്നു. ഇതാ എൻെറ സന്തോഷം പൂർണ്ണമായിരിക്കുന്നു. അവൻ വലിയവനാകണം. ഞാനോ ചെറിയവനും (യോഹ. 3:27–30) യേശു നിന്നിൽ വളരുന്നതിനനുസരിച്ച് മാനുഷികമായ സകലത്തിൻെറയും നിസ്സാരത നിനക്കു വ്യക്തമാകും.

## ധ്യാനം 191

### പെന്തിക്കോസ്തിക്കു ശേഷമുള്ള അഞ്ചാംവാരം–തിങ്കളാഴ്ച

### യോഹന്നാൻ മാംദാന ജയിലിലടയ്ക്കപ്പെടുന്നു

ഹേറോദേസ് യോഹന്നാനെ പിടിച്ച് ജയിലിലടച്ചിരുന്നു. (മത്താ. 14:3) ഹേറോദേസിനു യോഹന്നാനെ ഭയമാണ്. എന്നാൽ യോഹന്നാൻ അവനെ നിർഭയം ശാസിക്കുന്നു. ഹേറോദേസ് ഒരു രാജാവ്. യോഹന്നാനോ വെറും പാവപ്പെട്ടവൻ. പക്ഷേ അദ്ദേഹം ഒരു വിശുദ്ധനാണ്. വിശുദ്ധൻ എന്ന പദവി എല്ലാ രാജകീയ

www.malankaralibrary.com

പദവിയേക്കാളും ഉന്നതമാണ്. യോഹന്നാന്റെ ഏക കരുതൽ യേശുവിങ്കലേക്ക് എല്ലാ ഹൃദയങ്ങളെയും അടുപ്പിക്കണമെന്ന മാത്രം. യേശു യോഹന്നാനെ സകലക്കും ആദരണീയനാക്കിതീക്കുന്നു. യോഹന്നാൻ സധൈര്യം കാരാഗ്രഹത്തെയും ചങ്ങലകളെയും സ്വീകരിക്കുന്നു. കാരാഗ്രഹത്തെ അദ്ദേഹം പ്രാത്ഥനാലയമാക്കി തീത്തു. ഒരു നിമിഷത്തേക്കുപോലും അദ്ദേഹത്തിന്റെ മനഃസമാധാനം നഷ്ടപ്പെടുന്നില്ല. താൻ, സകലവും തന്റെ മഹത്വത്തിനായി ക്രമപ്പെടുത്തുന്ന ദൈവത്തിന്റെ തൃക്കരങ്ങളിലാണെന്ന് അദ്ദേഹത്തിന് വിശ്വാസമുണ്ടായിരുന്നു. ഹേറോദേസ് ആളയച്ച് കാരാഗൃഹത്തിൽവച്ച് യോഹന്നാന്റെ ശിരസ്സ് ഛേദിച്ചു. യോഹന്നാന്റെ ശിഷ്യന്മാർ അദ്ദേഹത്തിന്റെ ശരീരംഎടുത്തു സംസ്കരിച്ചു. പിന്നീടു വന്നു് യേശുവിനെ അവർ വിവരമറിയിച്ചു. യേശു അവിടെനിന്നും പോയി. (മത്താ. 14:10-13) മററുള്ളവർ നീതിരഹിതമായി നമ്മുടെ സദ്ഗുണങ്ങളെ തകത്തുകളയുമ്പോഴും കോപിക്കാതെ അവരെ രക്ഷിപ്പാൻവേണ്ടി സൗമ്യമായി അവക്കു കീഴ്വഴങ്ങുക. "ഞാൻ സൗമ്യനും ഹൃദയഎളിമയുള്ളവനുമാകകൊണ്ടു് എന്നെ കണ്ടുപഠിക്കുക." (മത്താ. 11:29) ഈശോ താനായിരിക്കുന്നതുമാത്രം ശിഷ്യന്മാരെ പഠിപ്പിക്കുന്നു. ഏററം നിസ്സാരമായ എതിപ്പുപോലും നിന്നെ ശുണ്ഠിപിടിപ്പിക്കുന്നില്ലേ?

## ധ്യാനം 192

### പെന്തിക്കൊസ്തിക്കു ശേഷമുള്ള അഞ്ചാംവാരം—ചൊവ്വാഴ്ച

### ശമറിയാക്കാരി സ്ത്രീയുടെ മാനസാന്തരം

യേശു യാത്രാക്ഷീണം നിമിത്തം ഒരു കിണററിന്നരികെ ഇരുന്നു (യോഹ. 4:6) ഒരു പാപിയെ മാനസാന്തരപ്പെടുത്തുവാൻവേണ്ടി മാത്രമാണ് യേശു കിണററിന്നരികെ ഇരുന്നതു്. വെള്ളം കോരുവാൻ വരുന്ന സ്ത്രീയെ അവിടുന്നു പ്രതീക്ഷിച്ചിരിക്കയും കരുണാപൂവ്വം തന്റെ കൃപാദാനങ്ങളാൽ അവളെ സഹായിക്കുകയും ചെയ്യുന്നു. എത്ര ക്ഷീണിതനാണെങ്കിലും പാപിയെ അന്വേഷിക്കുന്നതിൽനിന്ന് അവിടുന്നു് വിരമിക്കുന്നില്ല. ആർദ്രമായ സ്നേഹത്താൽ അവിടുത്തെ ശുഷ്കാന്തി അവരെ ആശ്ലേഷിക്കുന്നു. ആ കൃപ നിനക്കും അയച്ചു തരുവാൻ അപേക്ഷിക്കുക.

യേശു ശമരിയാക്കാരിയോട് "എനിക്കു കുടിപ്പാൻ തരിക" എന്നരുൾ ചെയ്തു. (യോഹ. 4:7) അധികം കൊടുക്കേണ്ടതിന്ന് അവിടുന്നു അല്പം ചോദിക്കുന്നു. നിന്നിൽനിന്നു് അവിടുന്നു് എന്താണാവശ്യപ്പെടുന്നതെന്നു് പരിശോധിക്കുക. എനിക്കു കുടിപ്പാൻ തരിക എന്നു നിന്നോടു ചോദിക്കുന്നതാരെന്നു് നീ അറിഞ്ഞിരുന്നുവെങ്കിൽ നീ അയാളോടു ചോദിക്കയും അയാൾ നിനക്കു ജീവജലം തരികയും ചെയ്യുമായിരുന്നു. (യോഹ. 4:10) ആ സ്ത്രീ അവിടുത്തോടു പറ

www.malankaralibrary.com

യുന്നു "പ്രഭോ ആ ജലം എനിക്കു നല്കിയാലും. പിന്നെ എനിക്കു ദാഹിക്കയില്ലല്ലോ. വെള്ളം കോരുവാൻ വരികയും വേണ്ടല്ലോ (യോഹ. 4:15).

ദൈവകൃപയ്ക്കുള്ള ആഗ്രഹം അവളിൽ കണ്ടതുകൊണ്ടു് ദൈവപുത്രൻ അവളുടെ ജീവിതത്തിലെ ക്രമക്കേടുകളെ വെളിപ്പെടുത്തിക്കൊടുക്കയും ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിപ്പാൻ അവളെ പഠിപ്പിക്കയും ചെയ്യുന്നു. വെള്ളത്തിനുള്ള പാത്രം കിണററുകരയിൽ ഇട്ടിട്ടു് പട്ടണത്തിൽ പോയി മ്ശിഹായുടെ ആഗമനവാർത്ത പരസ്യപ്പെടുത്തുവാൻ തക്കവണ്ണം ദിവ്യപ്രകാശവും തീക്ഷ്ണതയും അവിടുന്നു് അവളുടെ ഹൃദയത്തിൽ നിവേശിപ്പിച്ചു. നിമിഷനേരം കൊണ്ടു് ഒരു പരിത്യക്തയെ അപ്പസ്തോലികയായി അവിടുന്നു പകർത്തി. ആദ്ധ്യാത്മിക ജീവിതത്തിൻെറ ത്രിവിധ ഘട്ടങ്ങളായ ശുദ്ധികരണം, പ്രകാശം, ഐക്യം എന്നിവയിൽക്കൂടി അവളെ കടത്തിക്കൊണ്ടുപോകയും ചെയ്തു.

## ധ്യാനം 193

### പെന്തിക്കോസ്തിക്കു ശേഷമുള്ള അഞ്ചാംവാരം–ബുധനാഴ്ച

### ദൈവനിവേശനങ്ങളുടെ ഫലപ്രാപ്തി

യേശു അവളോടു് അരുൾചെയ്തു. ദൈവത്തിൻെറ ദാനം എന്താകുന്നുവെന്നും, എനിക്കു കുടിപ്പാൻ തരിക എന്നു നിന്നോടു ചോദിക്കുന്നതു് ആരാണെന്നും നീ അറിഞ്ഞിരുന്നെങ്കിൽ നീ അയാളോടു കുടിപ്പാൻ ചോദിക്കയും അയാൾ നിനക്കു ജീവൻെറ ജലം തരികയും ചെയ്യുമായിരുന്നു (യോഹ. 4:10) നിൻെറ ഹൃദയത്തിൽ ഉദിച്ചുയരുന്ന സദ്വിചാരം എവിടെനിന്നു് എന്നു നീ അറിഞ്ഞിരുന്നുവെങ്കിൽ നീ ഇപ്പോഴത്തെക്കാൾ കൂടുതലായി അതിനെ മതിക്കുമായിരുന്നു "പരിശുദ്ധാത്മാവിനാൽ അല്ലാതെ യേശു കർത്താവാകുന്നു എന്നു പറയുവാൻ ആർക്കും കഴിയുകയില്ല" (1 കോറി. 12:3) യേശുവിൻെറ തിരുരക്തമാണു് ഈ ദാനം നിനക്കു സമ്പാദിച്ചുതന്നതു്. സൗജന്യമായി അവിടുന്നു നിനക്കു് അതു നല്കി. ലോകം മുഴുവൻ കൊടുത്താലും അതു വിലക്കു വാങ്ങാനുള്ള തുകയാവുകയില്ല. നന്ദിപൂർവ്വം അതിനെ നീ സ്വീകരിക്കണം. പരിശുദ്ധാത്മദാനങ്ങൾ അവയുടെ വില മനസ്സിലാക്കുന്ന ഹൃദയങ്ങളിലേക്കു് ഇറങ്ങിച്ചെന്നെങ്കിലേ ഫലം പുറപ്പെടുവിക്കയുള്ളൂ. ഒരു പാപിനിയുടെ മേൽ പതിച്ച പരിശുദ്ധാത്മദാനം അവളെ ശമറിയപ്പട്ടണത്തിനു മുഴുവൻ രക്ഷ സമ്പാദിച്ചുകൊടുത്ത ദൂതയാക്കി മാററി. ഇങ്ങനെ ദൈവദാനത്തെ ഫലപ്രാപ്തിയിൽ വരുത്തിയ ഒരു ശമറിയാക്കാരിക്കു പകരം കല്ലുപോലെ കട്ടത്ത എത്രയായിരം ഹൃദയങ്ങൾ! ഇങ്ങനെ ഫലശൂന്യമായി ഭവിക്കുന്നതു് യേശുവിൻെറ തിരുരക്തമാണെന്ന കാര്യം നാം വിസ്മരിക്കരുതു്.

www.malankaralibrary.com

## ധ്യാനം 194

### പെന്തിക്കൊസ്തിക്കു ശേഷമുള്ള അഞ്ചാംവാരം–വ്യാഴാഴ്ച

### ദിവ്യനിവേശനങ്ങളുടെ ഫലപ്രാപ്തി

'ദൈവത്തിൻെറ ദാനത്തെപ്പററി നീ അറിഞ്ഞിരുന്നെങ്കിൽ' (യോഹ. 4:10) എത്രവലിയ സൗഭാഗ്യത്തിലേക്കാണ് അതു നിന്നെ നയിക്കുന്നതെന്നു നീ അറിഞ്ഞിരുന്നെങ്കിൽ കൂടുതൽ തീഷ്ണതയോടുകൂടി അതിനെ അനുധാവനം ചെയ്യുമായിരുന്നു. ദൈവപുത്രൻെറ ആഗമനോദ്ദേശ്യം സ്വർഗ്ഗസ്ഥപിതാവിൻെറ മഹത്വം വദ്ധിപ്പിക്കണമെന്നും ആത്മാവിലും സത്യത്തിലുമുള്ള ദൈവാരാധന മനുഷ്യരെ പഠിപ്പിക്കണമെന്നുമുള്ളതായിരുന്നു. കൃപയുടെ ഒരു കിരണം നിൻെറ ആത്മാവിലേക്കു് അയച്ചു തന്നുകൊണ്ടു് അവിടുത്തെ ഭരണം നിൻെറ ഹൃദയത്തിൽ ആരംഭിക്കുന്നു. നിൻെറ മനസ്സിൽ സദ്‌വിചാരം ഉരുവാക്കിക്കൊണ്ടു് നിന്നെക്കുറിച്ചു തന്നെയുള്ള ഒരു ജ്ഞാനപ്രകാശം നിനക്കു പകന്നുതരികയും ചെയ്യുന്നു. ദൈവനിവേശനങ്ങളെ ആദരവോടു സ്വീകരിക്കയും വിശ്വസ്തയോടെ അനുസരിക്കയും വേണം. പരിശുദ്ധ ജീവിതം സൽപ്രവൃത്തികളെയും, സൽപ്രവൃത്തി നല്ല ആഗ്രഹങ്ങളെയും, നല്ല ആഗ്രഹം സദ്‌വിചാരങ്ങളെയും ആശ്രയിച്ചിരിക്കുന്നു. നിന്നിൽ പ്രായശ്ചിത്താരൂപി നിവേശിപ്പിക്കുന്നതിനും മററെല്ലാ പുണ്യങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുമായി നിൻെറ ആത്മാവിൽ ദൈവം ചിന്തുന്ന പ്രകാശക്കതിർ പ്രവൃത്തിയിൽ വരുത്താൻ നീ ശ്രമിക്കണം.

## ധ്യാനം 195

### പെന്തിക്കൊസ്തിക്കു ശേഷമുള്ള അഞ്ചാംവാരം–വെള്ളിയാഴ്ച

### ഒരു പ്രഭു അയാളുടെ പുത്രനെ സുഖപ്പെടുത്തുവാൻ ഈശോയോടു് അഭ്യത്ഥിക്കുന്നു.

കപ്പർന്നഹോമിൽ ഒരു പ്രഭുവിൻെറ പുത്രൻ രോഗിയായി കിടന്നിരുന്നു. യേശു ഗലീലയിൽ വന്നിട്ടുണ്ടെന്നു കേട്ടു്, അവിടുത്തെ അടുക്കൽ ആളയച്ചു് തൻെറ പുത്രനെ സുഖപ്പെടുത്തണമെന്നു് പ്രഭു അവിടുത്തോടപേക്ഷിച്ചു. നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടല്ലാതെ വിശ്വസിക്കയില്ലല്ലോ എന്നു് അവിടുന്നു് അരുൾചെയ്തു. അതിനെ വകവയ്ക്കാതെ "കർത്താവെ എൻെറ കുഞ്ഞു മരിക്കുന്നതിനു മുൻപു് വരണമേ" എന്നു് പ്രഭു വീണ്ടും അപേക്ഷിച്ചു. (യോഹ. 4:46–49) ദുർമോഹം പനിപോലെയാണു്. ഉടനെ പ്രതിവിധി നോക്കിയില്ലെങ്കിൽ അതു് അവനെ നശിപ്പിക്കും. യേശുവിൻെറ കല്പനപ്രകാരം പനി രോഗിയെ നിശേഷം വിട്ടുമാറി. (യോഹ. 4:52) നീന്നോടുതന്നെ ബലബന്ധം ചെയ്തുകൊണ്ടു് സ്വയസ്നേഹത്തെ നിന്നിൽനിന്നു് വേരോടെ പിഴുതുകളയണം. യേശു നിൻെറ അപേക്ഷയെ ശ്രവിക്കുന്നില്ല

www.malankaralibrary.com

എന്നു തോന്നിയാലും നിരാശപ്പെടാതെ അപേക്ഷയിൽ സ്ഥിരമായി നില്ക്കണം. നിന്റെ ദുഷ്ടതകളുടെ പ്രത്യൗഷധം യേശുവിൽനിന്നും മാത്രമേ ലഭിക്കൂ. നിന്റെ എല്ലാ ആവശ്യങ്ങളിലും യേശുവിൽ ശരണം പ്രാപിക്കുക.

## ധ്യാനം 196

### പെന്തിക്കൊസ്തിക്കു ശേഷമുള്ള അഞ്ചാംവാരം–ശനിയാഴ്ച

### മനസ്താപം താമസിപ്പിക്കുന്നതിനെക്കുറിച്ച്

നിന്റെ മനസ്താപം എത്രത്തോളം താമസിപ്പിക്കുന്നുവോ അത്രത്തോളം അതു പ്രയാസമായിരിക്കും. കർത്താവേ, അങ്ങിലേക്കു മടങ്ങിവരുന്നതിനു സമയം അനുവദിക്കുന്നതോടുകൂടി മനസ്താപത്തിന്റെ അത്യപ്തിയും തരണമെ. മനസ്താപത്തിന്റെ ദാനം ലഭിക്കാത്ത പക്ഷം കുററം പരിഹരിക്കാൻ സമയം അനുവദിച്ചതുകൊണ്ട് എന്തു പ്രയോജനം. മനസ്സാക്ഷിയുടെ ശാസനയെയും ദിവ്യനിവേശനങ്ങളെയും ധിക്കരിച്ചു മാനസാന്തരം നീട്ടിക്കൊണ്ടുപോയാൽ ദൈവകരുണ ലഭിക്കുമെന്നു പ്രതീക്ഷിക്കാമോ? ഒരു പക്ഷേ ഇതു നിന്റെ അവസാന ദിവസമായിരുന്നേക്കാം. മാനസാന്തരം എത്രത്തോളം നീട്ടിവയ്ക്കുന്നുവോ, ദൈവകൃപ പ്രാപിക്കാനുള്ള ഹൃദയത്തിന്റെ അപ്രാപ്തിയും അത്രയധികമായിരിക്കും. ദുസ്സ്വഭാവം ദൈനംദിനം ശക്തിപ്പെടുകയും അവയെ ജയിച്ചടക്കുക കൂടുതൽ ദുഷ്കരമാവുകയും ചെയ്യും. ദുസ്സ്വഭാവത്തിന്റെ ശക്തിക്കനുസരണമായി ആത്മാവിലുള്ള അന്ധകാരവും വർദ്ധിക്കും. ദുഷ്ടാത്യപ്തിയുടെ പ്രേരണയ്ക്കു വഴിപ്പെട്ടു മാനസാന്തരം നീട്ടിക്കൊണ്ടുപോയാൽ ആത്മാവ് എന്നെന്നേക്കും നഷ്ടപ്പെട്ടെന്നു വരും. നിനച്ചിരിയാത്ത എത്രയെത്ര സംഭവങ്ങളാണ് നിന്നെ തിന്മയിലേക്ക് വലിച്ചിഴച്ചു കൊണ്ടിരിക്കുന്നത്. പരിശുദ്ധാത്മദാനങ്ങളാൽ നീ ആയുധധാരിയായിരിക്കെ പിശാചിനെ ജയിക്കാൻ നിനക്കു കഴിയുന്നില്ലെങ്കിൽ മുറിവുകളാൽ ആവൃതനായിരിക്കുമ്പോൾ അതിനെങ്ങനെ സാധിക്കും? നിനച്ചിരിയാത്ത സമയത്തു ആപത്തു നിന്നെ കടന്നു പിടിക്കാതിരിക്കാൻവേണ്ടി എപ്പോഴും ഒരുങ്ങിയിരിക്കുക.

## ധ്യാനം 197

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ആറാം ഞായറാഴ്ച

### മാനസാന്തരം മരണസമയത്തേക്കു് നീട്ടിവയ്ക്കുന്നതിനെപ്പററി

'കർത്താവെ, എന്റെ കുഞ്ഞു മരിക്കുന്നതിനു മുമ്പു വരണമെ' (യോഹ. 4:49) ദൈവത്തിനിഷ്ടമുള്ളപ്പോൾ മാനസാന്തരത്തിനുള്ള കൃ

www.malankaralibrary.com

പനല്ലാം. എന്നാലും മരണസമയത്തെ മാനസാന്തരത്തെക്കാൾ അനിശ്ചിതമായി മറെറാന്നുമില്ല. വി. അഗസ്റ്റിനോസ് പറയുന്ന 'മരണാസന്നനായ പാപി പാപമോചനം ആവശ്യപ്പെട്ടാൽ നാം നിഷേധിച്ചുകൂടാ. എന്നാലും ഞാൻ സത്യം പറയണമല്ലോ. മരണാസന്നൻെറ നില ഭദ്രമായി എന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നില്ല. ആരോഗ്യമുള്ളപ്പോൾ പ്രായശ്ചിത്തംചെയ്യു. പാപം ചെയ്യാൻ ശക്തിയില്ലാത്ത സമയംവരെ മാനസാന്തരം നീട്ടിവയ്ക്കുയാണെങ്കിൽ നീ പാപത്തെ വജ്ജിക്കയല്ല. അതു ചെയ്യാൻ നിനക്കു ശക്തിയില്ലാതിരിക്കുക മാത്രമാണു്. മരണവിനാഴികയിൽ ശരീരത്തെയും മനസ്സിനെയും കടന്നാക്രമിക്കുന്ന രോഗത്തിൻെറ മൂച്ഛമൂലം ഹൃദയത്തെ ദൈവത്തിങ്കലേക്കുയത്തുക പ്രയാസമായിരിക്കും. നൈരാശ്യവും ഭയവും രോഗിയെ ബാധിച്ചേക്കും. ജീവിതത്തിലെ ഏററം പ്രധാനപ്പെട്ട കാര്യം ഗൗരവമായി ചിന്തിക്കുവാൻപോലും കഴിവില്ലാത്ത സമയത്തേക്കു നീട്ടിവയ്ക്കുന്നതു് എത്ര ദോഷകരമാണു്. പ്രായശ്ചിത്തം വിധികത്താവിനെ കുറിച്ചുള്ള ഭയത്തിൽനിന്നല്ല, പിന്നയോ സ്നേഹത്തിൽനിന്നു പുറപ്പെടുന്നതായിരിക്കണം. സ്വന്ത രക്ഷയെപ്പററി ചിന്തിക്കുവാൻപോലും കഴിവില്ലാത്തവനു് ഇതു സാദ്ധ്യമല്ലല്ലോ. ആകയാൽ അവസരമുള്ളപ്പോൾ നീ കടന്നുപോകേണ്ട മരണത്തെപ്പററി ചിന്തിക്കണം. ജീവിതം നിമിഷം നിമിഷമായി കടന്നുപോകുന്നു. അവസാനത്തേതും വേഗം വന്നുചേരും. ഭാഗ്യകരമോ നിർഭാഗ്യകരമോ ആയ ഒരു വിധിതീപ്പു് നിനക്കുണ്ടാകും. അതു നിൻെറ നിത്യതയെ നിണ്ണയിക്കയും ചെയ്യും. ആകയാൽ ദീഘദശിയുടെ ഈ ഉപദേശത്തെ പിൻചെല്ലുക. "കണ്ടെത്താവുന്ന സമയത്തു് കത്താവിനെ അന്വേഷിക്കുക. അദ്ദേഹം അടുത്തിരിക്കുമ്പോൾ അവിടുത്തെ വിളിച്ചപേക്ഷിക്കുക."

## ധ്യാനം 198

## പെന്തിക്കൊസ്തിക്കു ശേഷമുള്ള ആറാംവാരം—തിങ്കളാഴ്ച

## പ്രഭുവിൻെറ മകനെ സുഖപ്പെടുത്തുന്നതിനെപ്പററി

യേശു അവനോടു പറഞ്ഞു "അടയാളങ്ങളും അത്ഭുതങ്ങളും കൊണ്ടല്ലാതെ നിങ്ങൾ വിശ്വസിക്കുകയില്ലല്ലോ." (യോഹ. 4:48) പ്രഭുവിനു നല്കിയ ഈ ഉപദേശം നിനക്കും മുന്നറിയിപ്പാകുന്നു. പൂണ്ണ മാനസാന്തരത്തിനു തടസ്സമായി നില്ക്കുന്നതു് വിശ്വാസത്തിൻെറയും ശരണത്തിൻെറയും ശുദ്ധനിയോഗത്തിൻെറയും കുറവാകുന്നു. എല്ലാം കാണുകയും കേൾക്കുകയും രുചിച്ചുനോക്കുകയും ചെയ്യണമെന്നാണു് നിൻെറ മോഹം. പദാത്ഥങ്ങൾക്കു മീതെ മനസ്സിനെ ഒന്നുയത്തുവാൻ നിനക്കു കഴിയുന്നില്ല. 'നീതിമാൻ വിശ്വാസത്താൽ ജീവിക്കുന്നു.' ദൈവത്തെ, ദൈവത്തെപ്രതി മാത്രം അന്വേഷിക്കുക.

www.malankaralibrary.com

യേശുപ്രഭുവിനോടരുൾ ചെയ്തു "പോകുക. നിന്റെ മകൻ ജീവിച്ചിരിക്കുന്നു." യേശുവിന്റെ വാക്കു വിശ്വസിച്ച് അയാൾ മടങ്ങിപ്പോയി. വഴിമദ്ധ്യേ ഭൃത്യന്മാർ വന്ന് 'അങ്ങയുടെ പുത്രൻ ജീവിച്ചിരിക്കുന്നു' എന്നു പറഞ്ഞു (യോഹ. 4:50, 51) ദൈവപുത്രന്റെ ശക്തി എല്ലാ സ്ഥലത്തും വ്യാപിച്ചിരിക്കുന്നു. അവിട്ടത്തെ ഒരു വാക്കു മാത്രംമതി എല്ലാ രോഗവും ശമിപ്പിക്കാൻ. ഓ! കർത്താവെ എന്റെ മന്ദഭക്തിയോട്, വ്യർത്ഥസ്തുതിഭ്രമത്തോട്, മറെറല്ലാ വികാരങ്ങളോടും ഒരു വാക്കു കല്പിക്കണമെ. അവ എന്നെ വിട്ടുപൊയ്ക്കൊള്ളും. "അവനും അവന്റെ കുടുംബം മുഴുവനും വിശ്വസിച്ചു" (യോഹ. 4:53) പ്രഭു തന്റെ ഭവനത്തിൽ യേശുവിന്റെ ഭരണം സ്ഥാപിക്കുന്നു. നിന്നെയും നിന്നിലുള്ള സകലത്തെയും ദൈവപുത്രനു കീഴ്പ്പെടുത്തുക. നിന്റെ മനസ്സ് അങ്ങയെ വിശ്വസിക്കുന്നതിലും, ഹൃദയം അങ്ങയെ സ്നേഹിക്കുന്നതിലും, നാവ് അങ്ങയെ സ്തുതിക്കുന്നതിലും എല്ലാ ശക്തികളും സൽകൃത്യങ്ങൾവഴി നിന്റെ വിശ്വാസത്തെ പ്രഖ്യാപിക്കുന്നതിലും ഏർപ്പെട്ടിരിക്കട്ടെ.

## ധ്യാനം 199

### പെന്തിക്കോസ്തിക്കു ശേഷമുള്ള ആറാംവാരം–ചൊവ്വാഴ്ച

### ഈശോയുടെ സുവിശേഷപ്രസംഗം ആരംഭിക്കുന്നു

"ആ സമയംമുതൽ യേശു പശ്ചാത്തപിക്കുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രസംഗിക്കുവാൻ തുടങ്ങി" (മത്താ. 4:17) ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശു പാപാന്ധകാരത്തിലും മരണനിഴലിലുമിരിക്കുന്ന ഈ ലോകത്തിൽ തന്റെ പ്രകാശക്കതിരുകൾ പതിക്കുവാൻ വൈമനസ്യം കാണിക്കുന്നില്ല. അവിട്ടുന്നരുൾ ചെയ്യുകയാണ്. മനുഷ്യമക്കളെ രക്ഷാമാർഗ്ഗം പഠിപ്പിക്കുവാൻ ഞാൻ വന്നിരിക്കുന്നു എന്റെ അദ്ധ്വാനങ്ങളെല്ലാം നിത്യപിതാവിന്റെ മഹത്വത്തിനും നിങ്ങളുടെ താല്പര്യങ്ങൾക്കുംവേണ്ടി മാത്രം. ഇത്ര വലിയ വിലകൊടുത്തു ഞാൻ സമ്പാദിച്ച നിത്യഭാഗ്യം നഷ്ടപ്പെടുത്താതിരിപ്പിൻ. ഈശോയുടെ ഉപദേശം രക്ഷയുടെ ശാസ്ത്രമാണ്. സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷവും ആത്മാവിന്റെ പോഷണവുമായ ഈ ഭക്ഷണത്തെക്കുറിച്ചുള്ള അശ്രദ്ധ ആദ്ധ്യാത്മിക മരണത്തിന്റെ ചിഹ്നമാണ്. "എന്നെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തുന്നു. കർത്താവിൽനിന്ന് അവനു രക്ഷ ലഭിക്കയും ചെയ്യും." (സദൃ:വാക്യം 8:35) അതിനെ സ്വീകരിക്കുവാൻ തക്ക മനോഭാവം പാലിക്കുക. "ഇങ്ങനെ പരിശുദ്ധത്മാവിനാൽ പൂരിതനായി അവിട്ടുന്നു ഗലീലയിലേക്കു മടങ്ങി. അവിട്ടത്തെ കീർത്തി നാട്ടിലുടനീളം വ്യാപിച്ചു. അവിട്ടുന്ന് അവരുടെ ജപാലയങ്ങളിൽ പഠിപ്പിച്ചുകൊണ്ടിരുന്നു". (ലൂക്ക. 4:14,15) പരിശുദ്ധാത്മാവിനാൽ പ്രേരിതനായി മാത്രം അവിട്ടുന്ന് എല്ലാം പ്രവർത്തിച്ചു. അവിട്ടുന്ന് അരുൾ ചെയ്യുന്നു. "ഭൂമിയിൽ തീ ഇടുവാനായി

www.malankaralibrary.com

ഞാൻ വന്നിരിക്കുന്നു. അതു കത്തിജ്വലിക്കണമെന്നല്ലാതെ മറെറന്താണ് ഞാൻ ആഗ്രഹിക്കുക." (ലൂ. 12:49) "ഈ മനുഷ്യനെപ്പോലെ ആരും സംസാരിച്ചിട്ടില്ല." എന്നു ശത്രുക്കൾപോലും പറയുവാൻ തക്കവണ്ണം പരിശുദ്ധാത്മാവ് അവിടുത്തെ വാക്കുകൾക്ക് അത്രയേറെ വശ്യത നല്കി.

## ധ്യാനം 200

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ആറാംവാരം—ബുധനാഴ്ച

### അത്ഭുതകരമായ മീൻപിടുത്തം

ജനക്കൂട്ടം തിരുവചനം കേൾക്കുവാനായി തൻെറ ചുററും തിങ്ങിക്കൂടിയപ്പോൾ യേശു ഗനാസരേത്തു തടാകത്തിൻെറ കരയിൽ നില്ക്കുകയായിരുന്നു. (ലൂ. 5:1) യേശുവിൻെറ എളിമയെപ്പററി ധ്യാനിക്കുക. ജനം അവിടുത്തെ ചുററും തിങ്ങിക്കൂടിയപ്പോൾ അവരുടെ അനാദരവിനെപ്പററി യേശു പരാതിപ്പെട്ടില്ല. അവിടുത്തെ പ്രസംഗം കേൾക്കാൻ ഓടിക്കൂടിയത് രോഗികളും, ക്ലേശമനുഭവിക്കുന്നവരും പാവപ്പെട്ടവരുമായിരുന്നു. അവർക്ക് അവിടുത്തെ വലിപ്പത്തെക്കാൾ കൂടുതൽ ആദരവ് അവിടുത്തെ നന്മയോടായിരുന്നു. രക്ഷിതാവിൻെറ എളിമ നിൻെറ അഹങ്കാരത്തെ എത്രമാത്രം ലജ്ജിപ്പിക്കുന്നു.

ശെമഒാൻ പത്രോസിൻെറതായ ഒരു പടവിൽ യേശു കയറി... അതിൽ ഇരുന്നുകൊണ്ട് അവിടുന്നു ജനത്തെ പഠിപ്പിച്ചു. മനുഷ്യഹൃദയം ശക്തിയിലെന്നതിനേക്കാൾ മാധുര്യത്തിലാണ് ആകർഷിക്കപ്പെടുന്നത് എന്നു പുണ്യവാന്മാർ അറിയുന്നു. യേശുവിനെ ഈ കാര്യത്തിൽ അവർ അനുകരിക്കയാണ്. എന്നാൽ പാപികൾ മററുള്ളവരുടെ മേൽ അധികാരം നടത്താൻ നോക്കുന്നു. അവർ കീഴുള്ളവരോടു നിന്ദയായും സമന്മാരോട് ഔദ്ധത്യപൂർവ്വവും മേലുള്ളവരോട് അനാദരവായും ദൈവത്തോട് അഭക്തിയായും പെരുമാറുന്നു. അയല്ക്കാരെ ശുശ്രൂഷിക്കുന്നതിൽ ദൈവമഹത്വം മാത്രമേ അന്വേഷിക്കാവൂ. വിജയത്തിൽ അഹങ്കരിക്കുകയോ നിന്ദാപമാനങ്ങളിൽ വെറുപ്പു തേന്നുകയോ അരുത്. ജനക്കൂട്ടത്തിൻെറ മാതൃകയിൽനിന്ന് നിത്യപിതാവിൻെറ വചനത്തെ സ്നേഹിക്കുന്നതിനും സന്തോഷത്തോടെ കൈക്കൊള്ളുന്നതിനും പഠിക്കുക. എത്ര അധികമായി അവിടുന്ന് നിൻെറ അടുക്കലേക്കിറങ്ങുന്നുവോ അത്ര അധികം നീ അവിടുത്തെ ആരാധിക്കണം. പ്രസംഗമാധുര്യം ആസ്വദിക്കാനല്ല, പിന്നെയോ അതിൽനിന്നും ഫലമെടുക്കാനാണു നോക്കേണ്ടത്.

www.malankaralibrary.com

## ധ്യാനം 201

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ആറാംവാരം—വ്യാഴാഴ്ച

### വി. പത്രോസിൻെറ എളിമ

പ്രസാഗം അവസാനിപ്പിച്ചപ്പോൾ മീൻ പിടിക്കാനായി ആഴമുള്ളിടത്തേക്കു വലയിടുക എന്നു് ഈശോ ശെമഓനോടു കല്പിച്ചു. (ലൂ. 5:4) വി. പത്രോസ് പൂർണ്ണമായി അനുസരിച്ചു. പടവു് കരയിൽനിന്നും അല്പം നീക്കി (ലൂ. 5:3) ലോകത്തിൽനിന്നും സൃഷ്ടികളിൽനിന്നും ഹൃദയത്തെ അകററിയെങ്കിലേ യേശു അവിടെ വസിക്കയുള്ളൂ. പരിപൂർണ്ണതക്കായി ശ്രമിക്കുന്ന ആത്മാക്കളോടു് യേശു കല്പിക്കും 'ആഴത്തിലേക്കു വല വീശുക.' അതായതു് സാധാരണ പുണ്യംകൊണ്ടു് തൃപ്തിപ്പെടരുതു്. വീരോചിത പുണ്യം സമ്പാദിക്കാൻ ശ്രമിക്കുക, എന്നു ശെമഓൻ ഉത്തരമായി പറഞ്ഞു 'ഗുരോ രാത്രി മുഴുവൻ അദ്ധ്വാനിച്ചെങ്കിലും ഒന്നും കിട്ടിയില്ല.' (ലൂ. 5:5) രാത്രിയിൽ അതായതു് യേശുവിൻെറ അസാന്നിദ്ധ്യത്തിൽ അദ്ധ്വാനിച്ചതുകൊണ്ടാണു് പ്രയത്നം ഫലരഹിതമായിപ്പോയതു്. ശെമഓനെ സംബന്ധിച്ചിടത്തോളം സ്വന്തബലഹീനത മനസ്സിലാക്കുന്നതിനു് അതു് അദ്ദേഹത്തിനവസരം നല്കി. യേശുവിനെ കൂടാതെ ഒന്നും സാദ്ധ്യമല്ല എന്നു നാം മനസ്സിലാക്കണം. "എങ്കിലും നിൻെറ വാക്കനുസരിച്ചു് ഞാൻ വലയിറക്കാം" (ലൂ. 5:5) പത്രോസു തൻെറ ക്ഷീണത്തെപ്പററിയോ മീൻ പിടിത്തത്തിനു് പററിയസമയം രാത്രിയാണെന്നുള്ള വസ്തുതയെപ്പററിയോ ഒന്നും പറയുന്നില്ല. സ്വന്തഇഷ്ടത്തെ യേശുവിനു കീഴ്പ്പെടുത്തിക്കൊണ്ടു് പരിശുദ്ധമായ ശരണത്തോടെ ഉടനെ തന്നെ വലയിറക്കുന്നു. എളിമയുള്ള ആത്മാവു് എല്ലാം ദൈവത്തിൽനിന്നു പ്രതീക്ഷിച്ചുകൊണ്ടു് ഉടനടിയും ഉദാരമായും അനുസരിക്കുന്നു. 'കർത്താവേ, ഞാൻ വിജയം പ്രതീക്ഷിക്കുന്നതു് എൻെറ അദ്ധ്വാനത്തിലല്ല പിന്നയോ അവിടുത്തെ വചനത്തിൻെറ ശക്തിയിലാണു്'; എന്നു നീയും പറയുക.

## ധ്യാനം 202

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ആറാം വാരം—വെള്ളിയാഴ്ച

### വി. പത്രോസിൻെറ താഴ്മയും സ്നേഹവും

ഇതുകണ്ടു് ശെമഓൻ യേശുവിൻെറ പാദത്തിങ്കൽ വീണു് "നാഥാ ഞാൻ പാപിയാകുന്നു; എന്നെ വിട്ടു പോകണമെ" എന്നപേക്ഷിച്ചു (ലൂ. 5:8) അദ്ദേഹത്തിൻെറ വചനത്തിലും പ്രവർത്തിയിലും കാണുന്ന വൈരുദ്ധ്യം ഉന്നതമായ എളിമയുടെയും സ്നേഹത്തിൻെറയും ഫലമാണു്. സ്നേഹത്താൽ മതിമറന്നു് പത്രോസ് യേശുവിൻെറ പരിശുദ്ധ ശരീരത്തോടു പററിച്ചേരുന്നു. അതേസമയം അവിടുത്തെ മഹിമ പ്രതാപത്തെ ഓർത്തു തന്നത്താൻ താഴ്ത്തി ഭയവിഹ്വലനായി 'എ

www.malankaralibrary.com

ന്നെ വിട്ടുപോകണമെ' എന്നപേക്ഷിക്കയും ചെയ്യുന്നു. എന്തെന്നാൽ അദ്ദേഹവും കൂട്ടുകാരും തങ്ങൾ പിടിച്ച മീൻ കണ്ടു് വിസ്മയഭരിതരായിരുന്നു. യേശു പത്രോസിനോടു പറഞ്ഞു "ഭയപ്പെടേണ്ട. ഇപ്പോൾമുതൽ നീ മനുഷ്യനെ പിടിക്കുന്നവനാകും (ലൂ. 5:10) യഥാർത്ഥ എളിമയും ദൈവസ്നേഹവും ഉള്ളവൻ തിന്മയെ മാത്രമേ ഭയപ്പെടുകയുള്ളു. ഈ ഭയം അവന്റെ മനശാന്തതയെ ഭഞ്ജിക്കയുമില്ല. എന്തെന്നാൽ സ്നേഹത്താൽ ദൈവം അവന്റെ ഹൃദയത്തെ ജ്വലിപ്പിക്കയും 'ഭയപ്പെടേണ്ട' എന്നു പറഞ്ഞു് അവന്റെ വിശ്വാസത്തെ ഉദ്ദീപിപ്പിക്കയും ചെയ്യും. "ഞാൻ പാപിയാകുന്നു" മനുഷ്യനു് ഏററവും യോജിച്ച പദവി "പാപി" എന്നുള്ളതാകുന്നു. സുകൃതി, ബുദ്ധിമാൻ, ക്ഷമയുള്ളവൻ എന്നീ പദവികളൊന്നും മനുഷ്യനു സ്വന്തമായിട്ടുള്ളതല്ല. ന്യായമായി അവൻ അർഹിക്കുന്നത് 'പാപി' എന്നുള്ള പേരു മാത്രം. നീ എന്തായിരുന്നു, എന്താകുന്നു, എന്താകും? എന്നുള്ള ചിന്ത നിന്നെ എളിമപ്പെടുത്തുകയും ദൈവസന്നിധിയിൽ ലജ്ജിപ്പിക്കയും ചെയ്യട്ടെ! എളിമയുള്ളവൻ യേശുവിനു ഏററം പ്രിയങ്കരനാകുന്നു. എന്തെന്നാൽ അവൻ ദൈവാത്മാവിനോടു ചേന്നു പ്രവത്തിക്കുന്നു. അവന്റെ പ്രാത്ഥന ഫലദായകവും വാക്കുകൾ സ്വാധീനം ചെയ്യുന്നതും മാതൃക ശക്തിമത്തുമാകുന്നു.

## ധ്യാനം 203

## പെന്തക്കൊസ്തിക്കു ശേഷമുള്ള ആറാംവാരം—ശനിയാഴ്ച

## അപ്പൊസ്തലന്മാരുടെ ദൈവവിളി

അവിടുന്നവരോടരുൾചെയ്തു "എന്റെ പിന്നാലെ വരിക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം." (ലൂ. 4:19) ദൈവപുത്രൻ ലോകത്തെ കീഴടക്കുവാനായി പാവപ്പെട്ട മുക്കവരെ വിളിക്കുന്നു. ലോകത്തിന്റെ വീക്ഷണം എത്ര പരിമിതം. മനുഷ്യൻ ഉപരിഭാഗത്തെ മാത്രം കാണുന്നു. ദൈവമോ ഹൃദയരഹസ്യങ്ങളിലേക്കു കടക്കുന്നു. യേശു പാവപ്പെട്ട മുക്കവരെ തന്റെ സഹകാരികളായി തെരഞ്ഞെടുക്കുകയും അവരിൽകൂടെ തന്റെ കുരിശിന്റെ ഫലങ്ങൾ ശേഖരിക്കയും ചെയ്യുന്നു. 'എന്റെ പിന്നാലെ വരിക' എന്നു പറഞ്ഞുകൊണ്ടു് അവിടുന്നു നിന്നെ വിളിക്കുന്നു. അപ്പോസ്തലന്മാക്കു ലഭിച്ച ഈ ക്ഷണമാണു് കാൽവരിയിലേക്കും രക്തസാക്ഷിത്വത്തിലേക്കും അവരെ ആനയിച്ചതു്. എളിമയുടേയും ദാരിദ്ര്യത്തിന്റേയും പന്ഥാവിൽ അവിടുത്തെ അനുകരിച്ചുകൊണ്ടു് അവിടുത്തെ സാമ്രാജ്യസ്ഥാപനത്തിനു് ആവശ്യമുള്ളതെല്ലാം അവിടുന്നവക്കു നല്കി. "സ്വർഗ്ഗരാജ്യം അന്വേഷിക്കുക; അതോടെ എല്ലാം നിങ്ങൾക്കു നല്കപ്പെടും." എന്നു് അവിടുന്നു് അവരോടു് അരുൾചെയ്തിട്ടുണ്ടു. ദുഷ്ടന്മാരുടെ പീഡനങ്ങളെ ഭയപ്പെടേണ്ട. യജമാനനെ അവർ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളേയും പീഡിപ്പിക്കാതിരിക്കുമോ? ആകാശപ്പറവകളെ തീററിപ്പോററുന്ന ദൈവം നിങ്ങ

www.malankaralibrary.com

ളെയും പരിപാലിക്കും എന്നിങ്ങനെയുള്ള വാക്കുകളിൽ അവിടുന്ന് അവരെ ആശ്വസിപ്പിച്ചു. അവർ ഉടനെ അവരുടെ വലകൾ വിട്ട് അവിടുത്തെ അനുഗമിച്ചു (മത്താ. 4:20) ഈശോയെ അനുഗമിക്കുന്നതിന്ന് ഈ ജീവിതസൗകര്യങ്ങൾ, സന്തോഷങ്ങൾ എന്നിവയോടു വിരക്തി പാലിച്ചെങ്കിലേ മതിയാവൂ. മനുഷ്യൻെറ സമ്പാദ്യങ്ങൾ എത്രയധികമോ അത്രഅധികം അവൻ അവയ്ക്കു അടിമപ്പെടുന്നു എന്നു് വി: ക്രിസോസ്തോം പറയുന്നു. യേശുവിനോട് പററിച്ചേരുന്നവർക്കോ എന്നാൽ യഥാർത്ഥ സ്വാതന്ത്ര്യമുണ്ട്. ഇനിയും നീ നിൻെറ പടവിൽതന്നെയിരിക്കയും നിൻെറ വലയോടു പററിച്ചേരുകയും അടിമത്തചങ്ങലകളെ സ്നേഹിക്കയും ചെയ്യുന്നുവോ?

## ധ്യാനം 204

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഏഴാം ഞായറാഴ്ച

### ഈശോ പിശാചുബാധിതനെ സുഖപ്പെടുത്തുന്നു

ആ ജപാലയത്തിൽ ഒരു പിശാചുബാധിതനുണ്ടായിരുന്നു. അവൻ ഉച്ചത്തിൽവിളിച്ചു പറഞ്ഞു "നസ്രായനായ യേശുവേ ഞങ്ങളെ വിട്ടേക്കൂ. എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു. അങ്ങു ഞങ്ങളെ നശിപ്പിക്കാൻ വന്നിരിക്കയാണോ? അങ്ങ് ദൈവത്തിൻെറ പരിശുദ്ധനാകുന്നു എന്നു ഞങ്ങൾക്കറിയാം". (ലൂ. 4:33, 34) അഹങ്കാരിയായ അശുദ്ധരൂപിയുടെ ഔദ്ധത്യപൂർവ്വമായ പ്രസ്താവനക്ക് ശിക്ഷയല്ലാതെ മററൊന്നും അവൻ അർഹിക്കുന്നില്ല. അശുദ്ധാത്മാവും അവൻെറ കൂട്ടുകാരും അവർ ആരാധിക്കപ്പെടുന്ന ആലയങ്ങളിൽ നിന്നെല്ലാം ബഹിഷ്കരിക്കപ്പെടുമെന്ന് ഭയപ്പെടുന്നു. എന്നിട്ടും നീ അവൻെറ കെണിയിൽ ചെന്ന് അകപ്പെടുന്നു. ക്രിസ്തു വന്നിരിക്കുന്നത് പിശാചുക്കളുടെ പിടിയിൽനിന്നു പാപികളെ രക്ഷിക്കുന്നതിനും ദൈവമക്കളെ യഥാർത്ഥസ്വാതന്ത്ര്യത്തിൽ പുനസ്ഥാപിക്കുന്നതിനും വേണ്ടിയത്രെ. പിശാചുക്കളെ നിർമ്മൂലമാക്കുവാനോ രക്ഷിപ്പാനോ അല്ല. അവിടുന്നു ദൈവത്തിൻെറ പരിശുദ്ധനാകുന്നു എന്നു ഞാനറിയുന്നു. ഈ അറിവ് അവനെ കൂടുതൽ അരിഷ്ടനാക്കുവാനേ ഉതകുന്നുള്ളു. കാരണം അവൻെറ അറിവ് ഒരിക്കലും രമ്യപ്പെടാത്ത ശത്രുവും പ്രതികാരത്തിൻെറ ദൈവവും എന്ന നിലയിലാണ്. അവനു് സ്നേഹിപ്പാൻ കഴിവില്ല. "നിന്നെ ഞാൻ സ്നേഹിക്കുന്നു. നിൻെറ തിരുവിഷ്ടത്തിന് എന്നെ പൂർണ്ണമായി കീഴ്പ്പെടുത്തുന്നു" എന്നുകൂടെ പറയാൻ കഴിയാത്തപക്ഷം അറിയുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല.

www.malankaralibrary.com

## ധ്യാനം 205

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഏഴാംവാരം—തിങ്കളാഴ്ച

### ഈശോ അശുദ്ധാത്മാവിനെ പുറത്താക്കുന്നു

''യേശു അശുദ്ധാത്മാവിനെ ശാസിച്ചുകൊണ്ടു് ഇയാളെ വിട്ടു പോകുക എന്നരുളിച്ചെയ്തു'' (ലൂ. 4:35) പിശാചു് രക്ഷാകരമായ സത്യങ്ങളിലേക്കു് അവൻെറ ദൃഷ്ടി ഉപദേശങ്ങളെ കടത്തിവിടുന്നു. നിന്റെ നാശത്തിനുള്ള കെണിയായിട്ടല്ലാതെ അവൻ ഒരിക്കലും സത്യം പറയുകയില്ല. സ്തുതിയാകുന്ന വിഷം കൗശലപൂർവ്വം നിന്നിൽ കുത്തിവയ്ക്കുന്നവർ നിന്നെ വഞ്ചിക്കാൻ മാത്രമാണ് അങ്ങനെ ചെയ്യുന്നതു്. സൃഷ്ടികളിൽനിന്നുള്ള വ്യർത്ഥമായ കൈയടികളെ വെറുത്തുപേക്ഷിക്കുക. പിശാചു് അയാളെ അവരുടെ മദ്ധ്യത്തിൽ തള്ളിയിട്ടശേഷം അയാളെ വിട്ടുപോയി. അയാൾക്കു് ഉപദ്രവമൊന്നും വരുത്തിയതുമില്ല (ലൂ.4:35) ഒററ വാക്കുകൊണ്ടു് പിശാചിനെ ബഹിഷ്കരിക്കുന്ന യേശുവിൻെറ ശക്തിയെപ്പററി ചിന്തിക്കുക. എത്രയോ പ്രാവശ്യം അവിടുന്നു് നിൻെറ ഹൃദയകവാടത്തിൽ മുട്ടിയിട്ടും നീ നിൻെറ മാത്സര്യത്തിൽ നിലനില്ക്കുന്നുവല്ലോ. പുറപ്പെട്ടു പോകുവാൻ നിർബ്ബന്ധിതനായപ്പോൾ അശുദ്ധാരൂപി അയാളോടു കൂടുതൽ കോപം കാണിക്കുന്നുവെങ്കിലും അയാൾക്കു് യാതൊരു ഉപദ്രവവും ചെയ്യാൻ അവനെ അവിടുന്നു് അനുവദിക്കുന്നില്ല. എതിർപ്പൊന്നും കൂടാതെ പിശാചിൻെറ പ്രേരണയ്ക്കു വഴിപ്പെട്ടു പോകുന്ന മന്ദഭക്തരെ മാത്രമേ ഉപദ്രവിക്കുവാൻ അവനു കഴിയൂ. എല്ലാവരും വിസ്മയഭരിതരായി പറഞ്ഞു 'എന്തൊരു കല്പന' അധികാരത്തോടെ അശുദ്ധാത്മാക്കളോടു അവൻ കല്പിക്കയും അവ അനുസരിക്കയും ചെയ്യുന്നുവല്ലോ (ലൂ. 4:36) എല്ലാവരും അനുസരിക്കുന്ന ഈ വചനം ദൈവത്തിൻെറ നിത്യവചനം തന്നെയാകുന്നു. പരിശുദ്ധ മാതാവിൻെറ ഉദരത്തിൽ അവതരിച്ചതും, ദൈവത്തോടു സംസാരിക്കുന്നതിനു നമുക്കു കഴിവുണ്ടാകുവാൻവേണ്ടി നമ്മോടു സംസാരിച്ചതുമായ സ്നേഹത്തിൻെറ വചനം തന്നെയാണിതു്.

## ധ്യാനം 206

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഏഴാംവാരം—ചൊവ്വാഴ്ച

### ഈശോ പത്രോസിൻെറ അമ്മായിയമ്മയെ സുഖപ്പെടുത്തുന്നു.

യേശു പ്രാർത്ഥനാലയത്തിൽനിന്നിറങ്ങി ശെമഓൻെറ ഭവനത്തിലേയ്ക്കു വന്നു. ശെമഓൻെറ അമ്മായിയമ്മ പനിപിടിച്ചു കിടപ്പിലായിരുന്നു. അവർ അവൾക്കുവേണ്ടി അവിടുത്തോടു പ്രാർത്ഥിച്ചു. (ലൂ 4:38) ഈ സ്ത്രീയുടെ പനി നിൻെറ ആത്മരോഗത്തിൻെറ പ്ര

www.malankaralibrary.com

തിഠരായ ആകുന്നു. ആത്മീയ വസ്തുക്കളെക്കുറിച്ചുള്ള ദാഹത്തിൽ നിന്നുളവാകുന്ന പനി ലോകം മുഴുവൻ കൂടിയാലും കെട്ടടങ്ങുകയില്ല. സ്വർഗ്ഗീയ കാര്യങ്ങളെക്കുറിച്ചുള്ള അഭിരുചിയെ ഇതു കെടുത്തിക്കളയുകയും ഭക്താഭ്യാസങ്ങളെക്കുറിച്ച് ഒരു വക വെറുപ്പ് ഉളവാക്കുകയും ചെയ്യും. ഈ പനി നിന്നെ എത്രത്തോളം ബാധിച്ചിട്ടുണ്ട്. യേശു അവളുടെ മേൽ കുനിഞ്ഞു് പനിയെ ശാസിച്ചു. ഉടനെ പനി അവളെ വിട്ടുമാറി (ലൂ 4:39) യേശു വി. കുർബ്ബാനവഴി ആത്മാവിലേയ്ക്കു പ്രവേശിക്കുമ്പോഴുണ്ടാകുന്ന രോഗശാന്തിയുടെ പ്രതിരൂപമാണിതു്. അതു നിൻെറ രാഗമോഹങ്ങളെ ക്രമപ്പെടുത്തുകയും ആത്മീയാരോഗ്യത്തെ പുനഃസ്ഥാപിക്കയും ചെയ്യും. യേശു പനിയോടാജ്ഞാപിച്ച ഉടനെ അതു് അവിടുത്തെ അനുസരിച്ചു. നീ എത്രയോ പ്രാവശ്യം ഈ പരമകർത്താവിനെ ധിക്കരിക്കയും അവിടുത്തെ പ്രമാണങ്ങളുടെ മധുരനുകത്തെ വലിച്ചെറിയുകയും ചെയ്തിട്ടുണ്ട്.

അവൾ ഉടനെ എഴുന്നേററു് അവർക്കു ശുശ്രൂഷ ചെയ്തു (ലൂ 4:39) ഈ ഭക്തയായ സ്ത്രീ അവൾക്കു കിട്ടിയ അനുഗ്രഹത്തെ നന്നായി പ്രയോജനപ്പെടുത്തി. ശരീരാരോഗ്യത്തോടുകൂടെ യേശു അവളുടെ ആത്മാവിൽ എളിമയും ഭക്തി തീഷ്ണതയും ഉളവാക്കി. എന്തെങ്കിലും ഒരു പുണ്യകൃത്യം ചെയ്യുന്നതിനു ഉത്തേജനം നല്കുമ്പോൾ അതു് ഉത്സാഹത്തോടെ ചെയ്യുന്നതിനായിരിക്കും പരിശുദ്ധാത്മാവു പ്രേരിപ്പിക്കുന്നതു്. തിടുക്കത്തോടെ ചെയ്യുന്നതിനായിരിക്കയില്ല. ഈ സ്ത്രീയുടെ മാതൃകയിൽനിന്നു് ദൈവസേവനത്തിൽ ഒരിക്കലും മടുത്തുപോകാതിരിപ്പാൻ പഠിക്കുക.

## ധ്യാനം 207

### പെന്തിക്കോസ്തിക്കുശേഷമുള്ള ഏഴാംവാരം—ബുധനാഴ്ച

### ഈശോ രോഗികളെ സുഖപ്പെടുത്തുന്നു

സൂര്യാസ്തമയമായപ്പോൾ അവർ നാനാവിധത്തിലുള്ള രോഗികളെ യേശുവിൻെറ അടുക്കൽ കൊണ്ടുവന്നു. അവിടുന്നു് ഓരോരുത്തരുടെ മേൽ കൈവച്ചു് അവരെയെല്ലാം സുഖപ്പെടുത്തി (ലൂ. 4:40) സർവ്വശക്തനായ ദൈവം ശാരീരികരോഗം അയച്ചുകൊടുക്കുന്നതു് ആത്മാവിൻെറ ആരോഗ്യത്തെ കരുതിയാണു്. വേദനയും രോഗവും നിമിത്തം പുളയുമ്പോൾ രോഗി കൂടുതൽ എളിമയും കീഴ്വഴക്കവും പഠിക്കയും സ്വർഗ്ഗീയ പ്രകാശവും അധികാരികളുടെ തിരുത്തലുകളും സ്വീകരിപ്പാൻ സന്നദ്ധത പ്രകടിപ്പിക്കയും ചെയ്യും. ആരോഗ്യമുള്ളപ്പോൾ ദീർഘകാലം ജീവിക്കാമെന്നുള്ള പ്രതീക്ഷയിൽ മരണത്തെക്കുറിച്ചു ചിന്തപോലുമില്ലാതെ അവൻ കഴിച്ചുകൂട്ടുന്നു. എന്നാൽ രോഗക്കിടക്കയിൽ അവശനായി വേദന കടിച്ചിറക്കിക്കൊണ്ടിരിക്കുമ്പോൾ താൻ മരണമുള്ളവനാണെന്നു് ഓർക്കുകയും നിത്യതയിലേക്കുള്ള ഭയാനക പ

www.malankaralibrary.com

നഥാവിനെ ദർശിച്ച് ഭയവിഹ്വലനാവുകയും ചെയ്യുന്നു. ശാരീരിക വേദനകളെ വേണ്ടപോലെ പ്രയോജനപ്പെടുത്തിയിരുന്നെങ്കിൽ എത്രയോപേർ നിത്യനാശത്തിൽനിന്നു രക്ഷപെട്ടമായിരുന്നു. ആത്മാക്കളുടെ വൈദ്യനായ ദൈവപുത്രൻ ആത്മാവിനെ സുഖപ്പെടുത്തുന്നതിനായി ശരീരത്തെ അടിക്കുന്നു. അവിടുത്തെ പ്രഹരം കോപത്തിൻെറ ഫലമല്ല, പിന്നയോ സ്നേഹത്തിൻെറ അടയാളമാണ്. അവിടുന്ന് അങ്ങനെ ചെയ്യുന്നതു് ഒരു പുതിയ ജീവിതത്തിലേക്ക്–പുണ്യത്തിൻെറയും പൂർണ്ണതയുടെയും പന്ഥാവിലേക്കു–നിന്നെ ആനയിക്കുന്നതിനു വേണ്ടിയാണ്. ഒ! ദൈവമേ, പാപിയായ എൻെറ മേൽ കരുണയുണ്ടാകണമെ.

## ധ്യാനം 208

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഏഴാംവാരം–വ്യാഴാഴ്ച

### ഈശോ രോഗികളെ സുഖപ്പെടുത്തുന്നു

അവിടുന്ന് എല്ലാ രോഗികളെയും സുഖപ്പെടുത്തി. (മത്താ. 8:16) രോഗം ക്രിസ്തീയ ബോധജ്ഞാനത്തിൻെറ അദ്ധ്യയനശാലയാകുന്നു. ഇവിടെ ആത്മാവു പുതിയ ഉന്മേഷം പ്രാപിക്കുന്നു. യേശുക്രിസ്തുവിൻെറ കുരിശ് രോഗത്തിൽ നമുക്കു ദർശിക്കാം. അതിനാൽ ആരോഗ്യത്തെക്കാൾ ഒട്ടും മോശമല്ലാത്ത ഒരു ദാനമായി അവശതയെ നാം കരുതണം. വേദനകളെപ്പററി പിറുപിറുക്കരുതു്. എന്തെന്നാൽ സുദൃഢമായ പുണ്യപുരോഗതിക്ക് അതാവശ്യമാണ്. ദീർഘകാലമായി നിലനില്ക്കുന്ന അവശത, പ്രാർത്ഥന, മനസ്താപം ആദിയായവയ്ക്കു് നമ്മെ പ്രേരിപ്പിക്കുന്ന ഒരു ദാനമാണെന്നു് അനുഭവം തെളിയിക്കുന്നു. ആരോഗ്യമുള്ളപ്പോൾ എളിമയുടെ അഭ്യസനം പ്രയാസമാണ്. രോഗാവസ്ഥയിലാകട്ടെ നാം മനസ്സായാലും ഇല്ലെങ്കിലും മററുള്ളവരെ ആശ്രയിച്ചേ മതിയാവൂ. വൈദ്യവിധിക്കു കീഴ്പ്പെടാതെ നിവൃത്തിയില്ല. മനുഷ്യൻ കേവലം പൊടിയാണെന്ന് ഇവയെല്ലാം നമ്മെ ഓർപ്പിക്കുന്നു. നഷ്ടപ്പെട്ട സമയം വീണ്ടെടുക്കുവാൻ നമ്മെ ഉൽബോധിപ്പിക്കുന്ന സ്വർഗ്ഗീയ ദൂതനത്രെ രോഗം.

കാര്യമായ യാതൊരു അദ്ധ്വാനത്തിനും നമ്മെ അപ്രാപ്തരാക്കുന്ന ഒന്നാണ് രോഗമെന്നു പറയുന്നതു് ശുദ്ധമേ അബദ്ധമാണ്. തൻെറ അത്ഭുതപ്രവൃത്തികളാൽ ലോകത്തെ വിസ്മയിപ്പിക്കയും അനേകായിരങ്ങളെ നേടിക്കൊടുത്ത് ദൈവരാജ്യത്തെ പരിപുഷ്ടമാക്കുകയും ചെയ്ത വി. ബർണ്ണാർഡു നിരന്തരം ശാരീരിക അവശതയനുഭവിച്ചിരുന്നു. വി. ഫ്രാൻസിസിനെപ്പോലെ കക്കശമായ ഇന്ദ്രിയനിഗ്രഹവും പ്രായശ്ചിത്തവും അനുഷ്ഠിച്ചിട്ടുള്ളവർ ആരുള്ളു. രോഗം അദ്ദേഹത്തിൻെറ സന്തതസഹചാരിയായിരുന്നു. രോഗങ്ങളെ തൻെറ കൂട്ടുകാർ എന്നാണ് അദ്ദേഹം വിളിച്ചിരുന്നതു്. ക്ലേശങ്ങളിൽനിന്നു സ്വാത

www.malankaralibrary.com

ന്ത്ര്യം കൊടുത്തിട്ടുള്ളപ്പോൾ അദ്ദേഹം ദൈവത്തോടു പരാതിപ്പെട്ടിരുന്നു. അത്രയേറെ അദ്ദേഹം അവയെ സ്നേഹിച്ചിരുന്നു. വി. സെർവീലൂസ് സർവ്വാംഗം പക്ഷവാതബാധിതനായിരുന്നു. ദൈവത്തെ സ്നേഹിക്കുന്നതിനു ഹൃദയവും അവിടുത്തെ പുകഴ്ത്തുന്നതിനു നാവും മാത്രം ചലിച്ചിരുന്നു. എന്നിട്ടും അദ്ദേഹം മാലാഖാമാരുടേതുപോലുള്ള ജീവിതം നയിക്കയും പുണ്യവാനായി മരിക്കയും ചെയ്തു.

## ധ്യാനം 209

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഏഴാംവാരം–വെള്ളിയാഴ്ച

### ഈശോ മരുഭൂമിയിലേക്കു മടങ്ങിപ്പോകുന്നു

"യേശു അതിരാവിലെ എഴുന്നേററു വിജനസ്ഥലത്തുപോയി പ്രാത്ഥനയിൽ മുഴുകി." (മക്കോ. 1:35) സദാ ദൈവദർശനം അനുഭവിച്ചിരുന്ന അവിടുത്തേക്കു മനഃപ്പതർച്ച അസാദ്ധ്യമായിരുന്നെങ്കിലും അവിടുന്നു പ്രാത്ഥനക്കായി വിജനസ്ഥലത്തേക്കു പോകുന്നു. നീയാകട്ടെ മനസ്സിനു കൂടുതൽ സ്വാതന്ത്ര്യം ലഭിക്കാനുള്ള അവസരങ്ങൾ അന്വേഷിച്ചുപോകയാണ്. യേശു അതിരാവിലെ എഴുന്നേല്ക്കുകയും ദിവസത്തിന്റെ ആദ്യഫലങ്ങൾ ദൈവത്തിനു് അപ്പിക്കയും ചെയ്യുന്നു. അവിടുത്തെ എല്ലാ പ്രവൃത്തികളെയും രുചിപ്പെടുത്തുന്ന ഉപ്പായിരുന്നു പ്രാത്ഥന. നിന്റെ എല്ലാപ്രവൃത്തികളെയും പ്രാത്ഥന അനുഗമിക്കട്ടെ. "ശെമഓനും കൂട്ടുകാരും അവിടുത്തെ അനുഗമിച്ചു. അവിടുത്തെ കണ്ടയുടനെ എല്ലാമനുഷ്യരും അങ്ങയെ അന്വേഷിക്കുന്നു എന്നു് അവർ പറഞ്ഞു" (മക്കോ. 1:36,37) ദൈവത്തെപ്രതി മാത്രം അവിടുത്തെ അന്വേഷിക്കുന്നതു് എത്ര വലിയ ഭാഗ്യം.

അവിടുത്തെ അന്വേഷിച്ചു പുറപ്പെട്ട ജനക്കൂട്ടം അവിടുത്തെ കണ്ടെത്തി. യേശു അവരുടെ അടുക്കൽനിന്നു വേർപിരിഞ്ഞു പോകാതിരിപ്പാൻ അവർ പരിശ്രമിച്ചു (ലൂ. 4:42) എന്റെ ദൈവമേ, എന്നിൽനിന്നകന്നു പോകരുതേ എന്നതായിരിക്കട്ടെ നിന്റെയും നിരന്തര പ്രാത്ഥന. "ഞാൻ വൃദ്ധനാകുന്നതുവരെ, എന്റെ തലമുടികൾ നരയ്ക്കുന്നതുവരെ, നീ എന്നെ ഉപേക്ഷിക്കരുതേ" (സങ്കീ. 70:18) അവിടുന്നു നിന്നിൽനിന്നു് അകന്നുപോകുന്നു എന്നുതോന്നിയാലും അവിടുന്നു നിന്റെ പുണ്യത്തെയും വിശ്വസ്തതയെയും ശോധനചെയ്യുകയാകുന്നു എന്നു മനസ്സിലാക്കിക്കൊണ്ടു് നിന്റെ അന്വേഷണത്തിൽ സ്ഥിരപ്പെട്ടു നില്ക്കണം.

www.malankaralibrary.com

## ധ്യാനം 210

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഏഴാംവാരം–ശനിയാഴ്ച

### യേശുവിനെ അനുഗമിക്കുന്നതിനു തങ്ങളെത്തന്നെ സമർപ്പിച്ച മൂന്നുപേർ.

തനിക്കു ചുററും വലിയൊരു ജനക്കൂട്ടത്തെ കണ്ടപ്പോൾ കടലിനക്കരെ കടക്കുവാൻ യേശു കല്പന നല്കി. തത്സമയം ഒരു നിയമജ്ഞൻ അവിടുത്തെ സമീപിച്ച്, "ഗുരോ അങ്ങു പോകുന്നിടത്തെല്ലാം അങ്ങയെ ഞാനും അനുഗമിക്കാമെന്നുപറഞ്ഞു (മത്താ. 8:18,19) ഈശോ അവനോടു മറുപടിയായി പറഞ്ഞു "കുറുനരികൾക്കു കുഴികളും ആകാശപക്ഷികൾക്കു കൂടുകളുമുണ്ട്. എന്നാൽ മനുഷ്യപുത്രനു തലചായ്ക്കാൻ സ്ഥലമില്ല" (മത്താ. 8:20) ആ നിയമജ്ഞൻ ധനത്തെയും ബഹുമാനത്തെയും സ്നേഹിച്ചിരുന്നതുകൊണ്ട് യേശുവിൻെറ മറുപടി അവനു് ഇഷ്ടപ്പെട്ടില്ല. തൻെറ ദാസന്മാരുടെ ഏക സമ്പാദ്യം യേശു മാത്രമാകുന്നു.

അവിടുന്നു മറെറാരുവനോട് എന്നെ അനുഗമിക്കുക എന്നരുൾ ചെയ്തു. അവൻ അവിടുത്തോടുപറഞ്ഞു. ഞാൻ ആദ്യമേപോയി എൻെറ മാതാപിതാക്കന്മാരെ സംസ്കരിക്കുവാൻ അനുവദിക്കണമെ. (ലൂ. 9:59) മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ. നീ പോയി സ്വർഗ്ഗരാജ്യം പ്രസംഗിക്കുക എന്നാണ് യേശുവിൻെറ മറുപടി. മനുഷ്യബുദ്ധിക്ക് അയാളുടെ അപേക്ഷ ന്യായമാണെന്നു തോന്നാം. എന്നാൽ സുവിശേഷപ്രമാണങ്ങൾക്ക് അത് യോജ്യമല്ല. നിൻെറ പ്രവൃത്തി നല്ലതാണോ എന്നു മാത്രം ചിന്തിച്ചാൽ പോരാ, ദൈവേഷ്ടമാണോ എന്നും ചിന്തിക്കണം.

വേറൊരുവൻ പറഞ്ഞു "കർത്താവേ ഞാൻ അങ്ങയെ അനുഗമിക്കാം. എങ്കിലും ആദ്യം പോയി വീട്ടുകാരോടു യാത്രപറഞ്ഞു വരട്ടെ" (ലൂ. 9:61) ഈ മനുഷ്യൻ ദൈവസേവനത്തിനുള്ള ആകർഷണത്തെ അനുഗമിക്കുന്നവനാണ്. എങ്കിലും യേശുവിൻെറ തിരുവിഷ്ടം അറിയുവാൻ നോക്കിപ്പാർക്കുന്നില്ല. അതിനാൽ 'കലപ്പയ്ക്കു കൈവച്ചശേഷം പുറകോട്ടു നോക്കുന്നവൻ ദൈവരാജ്യത്തിനു കൊള്ളുന്നവനല്ല' എന്ന് അവിടുന്നു അരുൾചെയ്യുന്നു (ലൂ. 9:62) അവൻെറ നല്ല ആഗ്രഹത്തിൻെറ ഫലം അധൈര്യംമൂലം അവൻ നഷ്ടമാക്കി. പരിശുദ്ധാത്മാവ് ന്യായവാദങ്ങളുടെയും കാലവിളംബത്തിൻെറയും ശത്രുവാണ് എന്നറിയുക.

www.malankaralibrary.com

## ധ്യാനം 211

### പെന്തിക്കോസ്തിക്കു ശേഷമുള്ള എട്ടാം ഞായറാഴ്ച

### ഈശോ കടൽക്ഷോഭത്തെ ശമിപ്പിക്കുന്നു

തത്സമയം ഒരു കൊടുങ്കാററുണ്ടായി. നൗക നിറയുമാറ് തിരമാല അടിച്ചുകയറി. (മർക്കോ. 4:37) യേശുക്രിസ്തു നിന്റെ ഹൃദയത്തിലുണ്ടെന്ന് ഉറപ്പായാൽപോലും കൊടുങ്കാററിനാൽ അലട്ടപ്പെടുന്ന ഈ ലോകസമുദ്രത്തിൽ ആയിരിക്കുന്നിടത്തോളം ആപത്തിൽനിന്നു നീ വിമുക്തനല്ല. നിനച്ചിരിയാത്ത സമയത്ത് വ്യർത്ഥസംശയങ്ങൾ, പരീക്ഷകൾ, ആന്തരിയക്ഷോഭങ്ങൾ ആദിയായവ നിന്റെ ഹൃദയത്തിൽ ഉയരുന്നേക്കാം. യേശു നിന്നോടു കൂടെയുള്ളതുകൊണ്ട് അവയെ നീ ഭയപ്പെടേണ്ടതില്ല. അപ്പോൾ യേശു അമരത്ത് തലയിണവച്ച് ഉറങ്ങുകയായിരുന്നു. (മർക്കോ. 4:38) പിശാചിന്റെ പരീക്ഷയാലും മനുഷ്യന്റെ പീഡനത്താലും സ്വന്ത അരിഷ്ടതകളാലും മാത്രമല്ല നാം ക്ലേശങ്ങൾ സഹിക്കേണ്ടിവരിക. ദൈവവും നമ്മുടെ ശുദ്ധീകരണത്തിനായി ക്ലേശങ്ങൾ അയച്ചുതരാറുണ്ട്. അങ്ങനെ നാം പൂർണ്ണമായി ശുദ്ധീകരിക്കപ്പെട്ടിട്ട് നമുക്കായി ഒരുക്കിയിരിക്കുന്ന മഹത്വ കിരീടത്തിനു അർഹരായിത്തീരണമെന്നാണ് അവിടുത്തെ ആഗ്രഹം. ശിഷ്യന്മാർ അവിടുത്തെ ഉണർത്തിക്കൊണ്ടു പറയുന്നു "ഗുരോ ഞങ്ങൾ നശിച്ചുപോകുന്നതിൽ അങ്ങേയ്ക്കു യാതൊരു ഉൽക്കണ്ഠയുമില്ലേ." താൻതന്നേ ഉയർത്തിയ കൊടുങ്കാററു ശമിപ്പിക്കാൻ യേശു കാലവിളംബം വരുത്തുന്നതു് അങ്ങയുടെ ശക്തി വെളിപ്പെടുത്തുവാൻ വേണ്ടിയാണ്. യേശുവിന്റെ ഭൃത്യന്മാരുടെ ജീവിതം നിരന്തരമായ ക്ഷമയുടെ അഭ്യസനമാകുന്നു. ലോകത്തിലെ ഏതൊരു കൊടുങ്കാററിന്റെ മദ്ധ്യേയും അവർ അക്ഷോഭ്യരായി നില്ക്കേണ്ടതാണ്. അതിനു അവരെ ഒരുക്കുവാൻ വേണ്ടിയാണ് സമുദ്രത്തിലെ കൊടുങ്കാററിനെ ശമിപ്പിക്കാൻ അവിടുന്നു കാലവിളംബം വരുത്തുന്നതു്.

## ധ്യാനം 212

### പെന്തിക്കോസ്തിക്കു ശേഷമുള്ള എട്ടാംവാരം–തിങ്കളാഴ്ച

### ആത്മാവിൽ ഉയരുന്നവരുന്ന കൊടുങ്കാററുകൾക്കെതിരായ പ്രതിവിധികൾ

ശിഷ്യന്മാർ അടുത്തുവന്നു് അവിടുത്തെ ഉണർത്തിക്കൊണ്ടു പറഞ്ഞു "നാഥാ രക്ഷിക്കണമെ, ഇതാ ഞങ്ങൾ നശിക്കുന്നു." (മത്താ. 8:25) ആത്മാവിലെ കൊടുങ്കാററുകൾക്കെതിരായ പ്രധാന പ്രതിവിധി അപകടം മനസ്സിലാക്കയും അതിനെ ഭയപ്പെടാതിരിക്കയും ചെയ്യുന്നതാണ്. ലൗകികമായ വിപത്തിനെപ്പററി മാത്രം നീ ചിന്തിക്കുന്നു. ആ

www.malankaralibrary.com

ത്മീയനന്മ അപകടത്തിലാക്കുന്നതിനെപ്പററി ചിന്തിക്കുന്നതേയില്ല. കാററു് നിൻെറ യാനപാത്രത്തെ പാറമേൽ അടിച്ചുകയററുമ്പോഴം നീ അതിൽകിടന്നു് ഉറങ്ങുകയാണു്. ആപല്ക്കരമായ കൊട്ടങ്കാററിനെ അനുകൂല സമീരണനായി ഗണിച്ച് സ്വാഗതം ചെയ്യാനും നിനക്കു മടിയില്ല. ഈ സന്തോഷം വേണ്ടതാണു്, ഈ വികാരം ന്യായമാണു്, എന്നൊക്കെ കരുതി ആപത്തിനെ നീ താലോലിക്കുന്നു. നാശത്തിൻെറ വക്കിലാണു നില്ക്കുന്നതെന്നു മനസ്സിലാക്കി ഉടനടി പ്രതിവിധി നോക്കാതിരുന്നാൽ നീ നശിച്ചതുതന്നെ.

'കത്താവെ, രക്ഷിക്കണമെ ഞങ്ങൾ നശിക്കുന്നു.' പാപത്തോടുള്ള മനപ്പൂർവ്വമായ വെറുപ്പോടും ജീവിതനവീകരണത്തിനുള്ള ദൃഢനിശ്ചയത്തോടുംകൂടെ, യേശുവിനെ സമീപിക്കുക. യേശുവിൻെറ പങ്കപ്പാടുകളെയും അദ്ധ്വാനങ്ങളെയും ഓപ്പിച്ചുകൊണ്ടു് അവിടുത്തെ ഉണത്താതിരുന്നാൽ നിൻെറ കാര്യത്തിൽ അവിടുന്നു ഉറങ്ങും. ഈ ലോകക്ലേശങ്ങൾ ക്ഷമയോടെ സഹിക്കുന്നതിനും പാപത്തോടെതിരിടുന്നതിനുമുള്ള ആഗ്രഹം തിരുഹൃദയത്തിൽനിന്നു് നമ്മുടെ ആത്മാക്കളിലേക്കു ഒഴക്കിതരുന്നതിനാണു് യേശു ക്രൂശിങ്കൽ തൃക്കരങ്ങൾ നീട്ടിയിക്കുന്നതു്.

ഈശോഅവരോടു ചോദിച്ചു; "അല്പവിശ്വാസികളെ നിങ്ങൾ എന്തിനു ഭയപ്പെടുന്നു" (മത്താ. 8:26) അപേക്ഷ സാധിച്ചുകിട്ടാനുള്ള സവ്വശക്തമായ ഉപാധികളാണു് വിശ്വാസവും ശരണവും. യേശുതമ്പുരാൻ കൂടെയുള്ളപ്പോൾ അവർ ഭയപ്പെടുന്നതു്, രക്ഷിപ്പാൻ അവിടുത്തേക്കു ശക്തിയില്ല എന്നു കരുതുന്നതിനു തുല്യമാണു്.

ദൈവം എല്ലാ സ്ഥലത്തുമുണ്ടെന്നും എല്ലാം കാണുന്നു എന്നും അറിയുന്നുണ്ടെങ്കിലും അവിവേകമായി പരീക്ഷകളോടു നീ ചെണ്ടാത്തതിനു പോകുന്നു. ഏററം നിബിഡമായ അന്ധകാരത്തിലും വിശ്വാസാരൂപിയിൽ ജീവിച്ചുകൊള്ളാമെന്നുറയ്ക്കുക.

## ധ്യാനം 213

### പെന്തിക്കൊസ്തിക്കു ശേഷമുള്ള എട്ടാംവാരം–ചൊവ്വാഴ്ച

### കൊട്ടങ്കാററിൻെറ പിന്നാലെയുള്ള ശാന്തത

"അവിടുന്നെഴുന്നേററു കാററിനെ ശാസിക്കയും ശാന്തമായിരിക്കുക എന്നു് കടലിനോടു കല്പിക്കയും ചെയ്തു. തൽക്ഷണം കാററു ശമിച്ചു". (മക്കോ. 4:39) യജമാനൻ ഭൃത്യനോടും സ്രഷ്ടാവു് സൃഷ്ടിയോടും എന്നവണ്ണം ദൈവപുത്രൻ കാററിനോടും കടലിനോടും കല്പിക്കയും അവ അനുസരിക്കയും ചെയ്യുന്നു. എങ്കിലും നിൻെറ ആത്മാവിലെ വികാരങ്ങളാകുന്ന കൊട്ടങ്കാററിനെ ശമിപ്പിക്കാൻ നൂറുനൂറു ദൈവികനിശ്വാസങ്ങൾക്കും കഴിയുന്നില്ല. വിശ്വാസക്കുറവാണു് ഇതിനു കാരണം. യേശുവിനെ ഉണത്തിക്കൊണ്ടു് "കത്താവേ, രക്ഷിക്കണമെ; ഞങ്ങൾ നശിച്ചുപോകുന്നു" എന്നു നീയും പറയുക (മത്താ.8:25)

www.malankaralibrary.com

"തൽക്ഷണം കാററു് അടങ്ങുകയും ഒരു വലിയ ശാന്തതയുണ്ടാവുകയും ചെയ്തു." കൊടുങ്കാററിനുശേഷം യേശു നീതിമാന്മാരുടെ ഹൃദയത്തിൽ ശാന്തതയും സമാധാനവും പുനസ്ഥാപിക്കുന്നു. അവിടുന്നു ജഡത്തെ ആത്മാവിനും, വികാരങ്ങളെ ബുദ്ധിക്കും, വരപ്രസാദത്തിനും കീഴ്പ്പെടുത്തികൊടുക്കുന്നു. വികാരങ്ങളെ അടക്കുകയും ആത്മാവിൻെറ ശക്തികളെ ശാന്തമാക്കുകയും ചെയ്യു.

ദൈവപുത്രൻ ആത്മാവിൽ വരുത്തുന്ന ശാന്തത കൊടുങ്കാററിനെ എന്നേക്കുമായി ശമിപ്പിക്കുന്നില്ല. താല്ക്കാലികമായ ഒരു ശാന്തത നല്കുന്നു എന്നേയുള്ളു. യേശുവിൻെറ ശിഷ്യന്മാർ തിരമാലകളെ ചിതറിച്ചുകളയുന്ന പാറപോലെ ഉറച്ചുനില്ക്കും. അപൂർണ്ണാത്മാക്കൾ തിരമാലകളിട്ടു പന്താടുന്ന ചിപ്പികൾ പോലെയാകുന്നു. ഇതിൻെറ കാരണം മനസ്സാക്ഷിയുടെ നന്മയോ തിന്മയോ ആണു്. കുററക്കാരൻ അവൻെറ കുററങ്ങളെ ചൂഴുന്ന ഇരുട്ടിനെപ്പോലും ഭയപ്പെടുന്നു. നീതിമാനോ ഒരിക്കലും അസ്വസ്ഥനാകുന്നില്ല. കാരണം അവൻ ആശ്രയിക്കുന്നതു തന്നിൽത്തന്നെയല്ല, പിന്നയോ സർവ്വശക്തനായ ദൈവത്തിലാകുന്നു.

## ധ്യാനം 214

### പെന്തിക്കോസ്തിക്കു ശേഷമുള്ള എട്ടാംവാരം—ബുധനാഴ്ച

### ഈശോ ഗരേസനരുടെ നാട്ടിൽവച്ചു് പിശാചുബാധിതരെ സുഖപ്പെടുത്തുന്നു.

യേശു നൗകയിൽനിന്നു് ഇറങ്ങിയ ഉടനെ ശ്മശാനസ്ഥലത്തുനിന്നു് ഒരു പിശാചുബാധിതൻ എതിരേവന്നു. അവൻെറ വാസം ശ്മശാന ഗർത്തങ്ങളിലായിരുന്നു. ചങ്ങലകളാൽപോലും അവനെ ബന്ധിക്കുവാൻ ആർക്കും കഴിയുമായിരുന്നില്ല. (മക്കോ. 5:2,3) പിശാചിൻെറ നിഷ്ഠൂര അടിമത്തത്തിൽ കഴിയുന്ന ഒരു ആത്മാവിൻെറ പ്രതീകമാണ് ഇതു്. തൻെറ ഭാഗ്യകേന്ദ്രമായ ദൈവത്തിൽനിന്നു് തെററി അലയുന്ന ആത്മാവു് തന്നിലോ സൃഷ്ടികളിലോ ആശ്വാസം കണ്ടെത്തുന്നില്ല. അവൻ തന്നോടുതന്നെ കോപിച്ചിരിക്കയാണു്. ഏതു പാപവും സ്വന്ത ആത്മാവിന്മേൽ ഏല്പിക്കപ്പെട്ടിരിക്കുന്ന മരണകരമായ അടിയത്രെ. രക്ഷിതാവിൻെറ തൃപ്പാദത്തിൽവീണു് ഈ തിന്മപെട്ടവൻെറ പിടിയിൽനിന്നു രക്ഷിക്കണമെ എന്നു് അവിടുത്തോടു് അപേക്ഷിക്കുക. യേശുവിനെ ദൂരെ കണ്ടയുടനെ അവൻ ഓടിവന്നു് അവിടുത്തെ ആരാധിച്ചു. (മക്കോ. 5:6) ഈ പാവപ്പെട്ട പിശാചു ബാധിതൻ നിമിഷത്തിനിടയിൽ ആരോഗ്യവും മനശ്ശാന്തതയും പ്രാപിച്ചു. അടിമത്തത്തിൽനിന്നു് സ്വർഗ്ഗീയ സ്വാതന്ത്ര്യത്തിലേക്കു അവൻ കടന്നിരിക്കുന്നു. തൻെറ വിമോചകൻെറ ഒരു വിശ്വസ്ത അനുഗാമിയായി അവൻ പകന്നു. "ഗരേസർ നിവാസികൾ അവിടുന്നു തങ്ങളുടെ ഇടയിൽനിന്നു പോകണമെന്നു് അപേക്ഷിച്ചു. എന്തെന്നാൽ അവർ

www.malankaralibrary.com

അത്യന്തം ഭയാക്രാന്തരായിരുന്നു. അവിടുന്നു പടവിൽ കയറി തിരികെ പോന്നു.'' (ലൂ. 8:37) പിശാചുബാധയിൽ നിന്നു വിമുക്തനായ മനുഷ്യൻ അവിട്ടത്തെ അനുഗമിപ്പാൻ അനുമതി യാചിച്ചുവെങ്കിലും അവിടുന്നു് അനുവദിക്കാതെ നീ വീട്ടിൽ പോയി ദൈവം നിനക്കു ചെയ്ത കാര്യങ്ങളെല്ലാം അറിയിക്കുക എന്നു പറഞ്ഞു് അവനെ അയക്കുകയാണുണ്ടായതു്. യേശു അവനെ അവൻെറ ദേശത്തിലെ അപ്പോസ്തലനാക്കി തീർത്തു. നീ എത്ര പ്രാവശ്യം യേശുവിൻെറ സന്ദർശനത്തെ നിഷേധിച്ചാലും അവിടുന്നു നിൻെറ ഹൃദയത്തിൽ പ്രവേശിക്കുന്നതിനുള്ള ശ്രമത്തിൽനിന്നു് പിന്തിരിയുകയില്ല. യേശുവിൻെറ വാക്കിനു് അനുസരണപ്പെട്ട തനിക്കു ലഭിച്ച ദൈവവിളിയെ ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി വിനിയോഗിപ്പാൻ തയ്യാറായ ആഗരേസേന്യൻെറ മാതൃകയെ അനുകരിക്കുക.

## ധ്യാനം 215

### പെന്തിക്കോസ്തിക്കുശേഷം എട്ടാംവാരം—വ്യാഴാഴ്ച

### ഈശോ പക്ഷവാതരോഗിയെ സുഖപ്പെടുത്തുന്നു.

''ഏതാനും ദിവസങ്ങൾക്കുശേഷം യേശു വീണ്ടും കപ്പർന്നഹോമിലെത്തി. അവിടുന്നു് അവിടെ വീട്ടിലുണ്ടെന്നു് കേട്ടു് വളരെ പേർ വന്നു കൂടി. വാതിൽക്കൽ പോലും നില്ലാൻ ഇടയില്ലാത്തവിധം അത്രവലിയ ജനക്കൂട്ടമത്രേ അവിടെ വന്നുകൂടിയതു്. അവിടുന്നു് അവരോടു സുവിശേഷം അറിയിച്ചു കൊണ്ടിരുന്നു.'' (മർക്കോ. 2:1,2) തൻെറ ശക്തിയും ജ്ഞാനവും മുഴുവനായി താൻ പ്രവേശം ആഗ്രഹിക്കുന്ന ഹൃദയങ്ങളെ ആകർഷിക്കുന്നതിനായി അവിടുന്നു് വിനിയോഗിക്കുന്നു.

നാലുപേർ കൂടി വഹിച്ചു് ഒരു തളർവാതരോഗിയെ അവിടുത്തെ അടുക്കൽ കൊണ്ടുവന്നു. (മർക്കോ. 2:3) ഈ തളർവാതരോഗിയുടെ പരിതാപകരമായ അവസ്ഥയിൽ നിൻെറ സ്വന്തം ആത്മീയാരിഷ്ടതകളെ ദർശിക്കുക. നിനക്കു പരീക്ഷയെ എതിരിടുന്നതിനു ശക്തിയോ ധൈര്യമോ ഇല്ല. നിൻെറ ആത്മീയചൈതന്യം മരിച്ചിരിക്കകൊണ്ടു് അനുനിമിഷം നീ വീണുപോകുന്നു. ആത്മീയശക്തിയുടെ ഉറവയും സ്നേഹത്തിൻെറ അഗ്നികുണ്ഡവുമായ വി: കുർബ്ബാനയിൽ അതിനു പ്രതിവിധി തേടുക.

''ജനബാഹുല്യം നിമിത്തം രോഗിയെ അകത്തു് പ്രവേശിപ്പിക്കുവാൻ മാർഗ്ഗം കാണാതെ വരികയാൽ അവർ പുരമുകളിൽ കയറി മേച്ചിൽ പൊളിച്ചു് ആ വിടവിലൂടെ അവനെ കട്ടിലിൽ അവരുടെ മദ്ധ്യത്തിൽ യേശുവിൻെറ മുൻമ്പിലായി ഇറക്കിവച്ചു. (ലൂ. 5:19) പരിപൂർണ്ണ സ്നേഹം ദയയുള്ളതും എല്ലാവർക്കും നന്മചെയ്യുന്നതുമാകുന്നു. കൂടുതൽ ആവശ്യമുള്ളിടത്തു പ്രത്യേക താല്പര്യത്തോടെ അതു സഹായം എത്തിക്കുന്നു. എന്നെ ശക്തിപ്പെടുത്തുന്നവനിൽ എനിക്കു് എല്ലാം ചെയ്യുവാൻ കഴിയും (ഫിലി. 4:13)

www.malankaralibrary.com

## ധ്യാനം 216

### പെന്തിക്കോസ്തിക്കു ശേഷം എട്ടാംവാരം—വെള്ളിയാഴ്ച

### പക്ഷവാതരോഗിയെ സുഖപ്പെടുത്തിയതിൽ ഈശോ തൻെറ മഹത്വം വെളിപ്പെടുത്തുന്നു.

അവരുടെ വിശ്വാസം കണ്ടു് ഈശോ ആ തളർവാതരോഗിയോടു് "മകനെ ധൈര്യമായിരിക്കുക. നിൻെറ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്നരുൾചെയ്തു. (മത്താ. 9:2) ഈശോ തളർവാതരോഗിയുടെ പാപങ്ങൾ മോചിച്ചുകൊണ്ടു് അവിടുത്തെ ദൈവത്വത്തെ തെളിയിക്കുന്നു. ദൈവത്തിനല്ലാതെ പാപങ്ങൾ മോചിക്കുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു പ്രീശർ പിറുപിറുത്തു. ഒരത്ഭുതം ചെയ്തു് ഈശോ തൻെറ ദൈവത്വം തെളിയിക്കുകയാണു്. 'നിൻെറ കിടക്ക എടുത്തുകൊണ്ടു് വീട്ടിലേക്കു പോകുക' എന്നു് അവിടുന്നു രോഗിയോടു കല്പിച്ചു. അവൻ കിടക്ക എടുത്തു നടക്കുകയും ചെയ്തു. പുരോഹിതവൃന്ദം സ്പർശിക്കുവാൻപോലും ഇഷ്ടപ്പെടാത്ത ഈ അരിഷ്ടരോഗിയെ മകനേ എന്നു് അവിടുന്നു വിളിക്കുന്നു.

നിയമജ്ഞന്മാരിൽ ചിലർ ഇതുകേട്ടു് അവിടുന്നു ദൈവദൂഷണം പറയുന്നു എന്നു വിചാരിച്ചു. അവരുടെ ഹൃദയവിചാരങ്ങൾ മനസ്സിലാക്കിക്കൊണ്ടു് അവിടുന്നു ചോദിക്കുന്നു. എന്തിനു് നിങ്ങൾ ദുഷ്ടവിചാരങ്ങൾ വച്ചുപുലർത്തുന്നു. നിൻെറ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതോ എഴുന്നേററു കിടക്ക എടുത്തു നടക്കുക എന്നു പറയുന്നതോ എതാണു് എളുപ്പം. ഹൃദയരഹസ്യങ്ങളിലേക്കു് ചുഴിഞ്ഞിറങ്ങിക്കൊണ്ടു യേശു തൻെറ ദൈവത്വത്തെ തെളിയിക്കുന്നു. അവിടുത്തെ മുമ്പിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന നിൻെറ പാപങ്ങൾ മനുഷ്യരുടെ മുമ്പിൽ മറയ്ക്കുന്നതുകൊണ്ടെന്തു പ്രയോജനം. ഞാൻ ഹൃദയത്തെ പരിശോധിക്കുന്നവനും അന്തരംഗത്തെ പരീക്ഷിക്കുന്നവനുമാകുന്നു (യറമിയ. 17:10)

തളർവാതരോഗിയുടെ പാപങ്ങൾ മോചിച്ചശേഷം മാത്രമാണു് അവനു ശരീരാരോഗ്യം നല്കിയതു് ദൈവത്തിൻെറ പദ്ധതിയിൽ ശരീരാവശതകൾ ആത്മീയാവശതകൾക്കു പ്രതിവിധിയാകുന്നു.

## ധ്യാനം 217

### പെന്തിക്കോസ്തിക്കു ശേഷമുള്ള എട്ടാംവാരം—ശനിയാഴ്ച

### വി. മത്തായിയുടെ ദൈവവിളി

അവിടുന്നു പന്നീടു യാത്ര തുടന്നപ്പോൾ അൽപേയുടെ മകനായ ലേവി ചുങ്കം പിരിച്ചുകൊണ്ടിരിക്കുന്നതു കണ്ടു. അവിടുന്നു് അവനോട

www.malankaralibrary.com

രുൾചെയ്തു "എന്നെ അനുഗമിക്കുക." അവൻ എഴുന്നേററു് അവിടുത്തെ അനുഗമിച്ചു. (മർക്കോ. 2:14) യേശുവിൻെറ ഒരു വാക്കു് ഒരു ചുങ്കക്കാരനെ അപ്പോസ്തലനാക്കി മാററുന്നു. നിൻെറ പാപത്തെപ്പററി നിനക്കു മനസ്താപമുണ്ടാകുന്നതിനും ആത്മാവിൻെറ കറ കഴുകി കളയുന്നതിനുംവേണ്ടി നിന്നിലേക്കൊന്നു നോക്കുവാനും നിന്നെ പ്രകാശിപ്പിക്കുവാനും അപേക്ഷിക്കുക. ലേവി തൻെറ വീട്ടിൽ അവിടുത്തേക്കുവേണ്ടി ഒരു വലിയ വിരുന്നു നടത്തി. ചുങ്കക്കാരുൾപ്പെടെ വലിയൊരു ജനക്കൂട്ടം അവിടുത്തോടുകൂടി ഭക്ഷണത്തിനിരുന്നു. ഫരിസേയരും നിയമജ്ഞരും ഇതുകണ്ടു് പിറുപിറുത്തു. "നിങ്ങൾ ചുങ്കക്കാരോടും പാപികളോടുംകൂടി ഭക്ഷിക്കയും പാനം ചെയ്യുകയും ചെയ്യുന്നതു് എന്താണു്." അവർ അവിടുത്തെ ശിഷ്യന്മാരോടു ചോദിച്ചു. യേശു അവരോടരുൾചെയ്തു 'ആരോഗ്യവാന്മാർക്കല്ല, രോഗികൾക്കാണു് വൈദ്യനെക്കൊണ്ടാവശ്യം. നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ അനുതാപത്തിനു ക്ഷണിക്കാനാണു് ഞാൻ വന്നിരിക്കുന്നതു്' (ലൂ. 5:29-32)

'എന്നെ അനുഗമിക്കുക' യേശുവിനെ അനുഗമിക്കുമ്പോൾ ഈ ലോകത്തിലെ ഐശ്വര്യങ്ങൾ അനുഭവിക്കാമെന്നു നിനക്കരുതു്. അവിടുത്തെ വഴി ഇടുങ്ങിയതും മുള്ളുകൾ നിറഞ്ഞതുമാകുന്നു. എന്നാൽ അവിടുത്തെ സ്ഥിരമായി അനുഗമിച്ചാൽ യാത്രയുടെ അന്ത്യത്തിൽ ആത്മസമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും സ്വർഗ്ഗീയ നിക്ഷേപങ്ങളും നീ കണ്ടെത്തും. നിങ്ങൾ ചുങ്കക്കാരോടും പാപികളോടുംകൂടി തിന്നുകയും കുടിക്കയും ചെയ്യുന്നതു് എന്തുകൊണ്ടാണു് എന്നു പ്രീശരും സദൃക്കായരും ചോദിക്കുന്നതു് അവിടുത്തെക്കുറിച്ചു് അനാദരവു് ഉണ്ടാക്കാൻ വേണ്ടിയാണു്. പുകഴ്ത്തേണ്ടതിനെ അവർ കുററപ്പെടുത്തുന്നു. അളവില്ലാത്ത നന്മയായ താൻ പാപികളെ ഉപേക്ഷിച്ചാൽ അവർ പിന്നീടു് ആരുടെ അടുക്കൽ പോകും. ഈശോ പാപികളോടുകൂടെ ഭക്ഷിക്കുക മാത്രമല്ല, അവരുടെ ഭക്ഷണമായി തീരുകയും ചെയ്യുന്നു. നന്മസ്വരൂപിയായ അവിടുത്തോടു നന്ദിപറയുക.

## ധ്യാനം 218

### പെന്തിക്കൊസ്തിയ്ക്കു ശേഷമുള്ള ഒൻപതാം ഞായറാഴ്ച

### ഈശോ സ്വശിഷ്യന്മാർക്കുവേണ്ടി ന്യായവാദം ചെയ്യുന്നു

യോഹന്നാൻെറ ശിഷ്യരും പ്രീശരും ഉപവസിക്കുക പതിവായിരുന്നു. അവർ ഈശോയോടു ചോദിക്കുകയാണു് "നിൻെറ ശിഷ്യന്മാർ ഉപവസിക്കാത്തതെന്താണു്. യേശു അരുൾചെയ്തു "മണവാളൻ കൂടെയുള്ളപ്പോൾ വിവാഹാതിഥികൾ ഉപവസിക്കുമോ" (മർക്കോ.2:18, 19) കുരിശിൽ താൻ അനുഭവിക്കാനിരിക്കുന്ന ഉപദ്രവങ്ങളെക്കൂട്ടാക്കാതെ അവിടുന്നു് ആത്മസംയമനത്തോടെ സംസാരിക്കുന്നു. ആക്ഷേപവും നിന്ദയും സഹിക്കേണ്ടിവരുമ്പോൾ നീയും ഹൃദയശാന്തതയും വാ

www.malankaralibrary.com

ക്കകളിൽ സംയമനവും പാലിക്കുക. എന്നാൽ മണവാളൻ അവരിൽ നിന്നു് എടുക്കപ്പെടുന്ന ദിവസങ്ങൾ വരും. ആ നാളുകളിൽ അവർ ഉപവസിക്കും. (മർക്കോ. 2:20) ക്രിസ്തുശിഷ്യന്മാർ എല്ലാററിനും ഒരുങ്ങിയിരിക്കണം. സുഖമോ ദുഃഖമോ തെരഞ്ഞെടുക്കാൻ അവക്കു് സ്വാതന്ത്ര്യമുണ്ടെങ്കിലും അവരുടെ ചായ്വു് കുരിശിലേക്കായിരിക്കണം. കാരണം അവിടെ അവിടുന്നു കാണുമെന്നുള്ളതിനു് കൂടുതൽ ഉറപ്പുണ്ടു്. വി. പൗലോസ് പറയുന്നു "ഏതവസ്ഥയിലും സംതൃപ്തനായിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ടു്. തൃപ്തിയിലും വിശപ്പിലും സമൃദ്ധിയിലും ഇല്ലായ്മയിലും കഴിയാൻ പഠിച്ചിട്ടുണ്ടു്." (ഫിലിപ്പി. 4:11, 12) ഒരുപമ കൂടി അവിടുന്നു് അരുൾചെയ്തു. കോടിതുണിക്കണ്ടം പഴയതിനോടു ചേർത്തു് തുന്നാറില്ല. അങ്ങനെ ചെയ്താൽ അയാൾ പഴയതു കീറിക്കളയുമെന്നു മാത്രമല്ല പുതിയതു് പഴയതിനോടു ചേരാതെയുമിരിക്കും. അതുപോലെ പുതുവീഞ്ഞു് പഴയ തുരുത്തിയിൽ ഒഴിച്ചുവയ്ക്കാറുമില്ല. (ലൂ. 5:36, 37) ആത്മാക്കളെ സംരക്ഷിക്കുന്ന വേലയിൽ വിവേകപൂർവ്വം വർത്തിക്കണമെന്നാണു് അവിടുന്നു പഠിപ്പിക്കുന്നതു്. പുണ്യത്തിൽ ദുർബ്ബലരായവരുടെമേൽ വലിയ ഭാരം ചുമത്തരുതു്.

## ധ്യാനം 219

### പെന്തിക്കോസ്തിക്കുശേഷം ഒൻപതാംവാരം—തിങ്കളാഴ്ച

### യേശു യായിറോസിൻെറ പുത്രിയെ ഉയപ്പിക്കുന്നു

ഒരു ഭരണാധിപൻ വന്നു് അവിടുത്തെ വന്ദിച്ചശേഷം പറഞ്ഞു "ഇതാ ഇപ്പോൾത്തന്നെ എൻെറ മകൾ മരിച്ചുപോയി. അങ്ങു വന്നു് അങ്ങയുടെ കരം അവളുടെമേൽ വയ്ക്കണമേ. എന്നാൽ അവൾ പുനർജീവിക്കും." എത്ര തീവ്രമായ ആശയോടെയാണു് മനുഷ്യൻ കടന്നുപോകുന്ന ഈ ലോകത്തോടു് പററിച്ചേർന്നിരിക്കുന്നതു്. എന്നാൽ കഷ്ടം! നിത്യജീവിതത്തെപ്പററി അവർ ചിന്തിക്കുന്നതേയില്ല. ദിനംപ്രതി തനിക്കുതന്നെ മരിക്കാൻ പഠിച്ചവൻ ഭാഗ്യവാൻ. ഈ ജീവിതത്തിൽ സ്നേഹിക്കത്തക്കതായി എന്തുള്ളു. മായകളുടെ മായ എല്ലാം മായ (സഭാ:പ്രസം. 1:2)

'കണ്ടാലും ഒരു ഭരണാധിപൻ അവിടുത്തെ വന്ദിച്ചു.' (മത്താ. 9:18) സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരങ്ങളും അവിടുത്തെ ആരാധിക്കേണ്ടതാകുന്നു. യേശുമിശിഹാ കർത്താവാകുന്നുവെന്നു് സകല നാവുകളും ഏററുപറയണം. (ഫിലിപ്പി. 2:8-11) താൻ മാത്രം അത്ഭുതങ്ങളെ പ്രവർത്തിക്കുന്ന ഇസ്രായേലിൻെറ ദൈവമായ കർത്താവു് അനുഗ്രഹീതനാകുന്നു (സങ്കീ. 71:18)

കർത്താവെ ഇതാ എൻെറ മകൾ ഇപ്പോൾത്തന്നെ മരിച്ചുപോയി. നിർഭാഗ്യവാനായ ആ പിതാവു് എളിമയോടും തീക്ഷ്ണതയോടുംകൂടെ പ്രാർത്ഥിക്കുന്നു. അയാളുടെ പ്രാർത്ഥന കേൾക്കപ്പെടുകയും ചെ

www.malankaralibrary.com

ള്ളൂ. എളിമയുള്ളവക്ക് കർത്താവ് യാതൊന്നും നിഷേധിക്കയില്ല. കർത്താവേ, ഈ ലോകത്തിലെ എല്ലാ ആകുലതകളുടെയും അരിഷ്ടതകളുടെയും മദ്ധ്യേ സ്വാഭാവികമായിത്തന്നെ എന്റെ ഹൃദയം നിങ്കലേക്കു തിരിയുവാൻ കൃപചെയ്യണമെ.

## ധ്യാനം 220

### പെന്തിക്കൊസ്തിക്കു ശേഷം ഒൻപതാംവാരം–ചൊവ്വാഴ്ച

### യേശു ഭരണാധിപന്റെ ഭവനത്തിലേക്കു പോകുന്നു

യേശു എഴുന്നേററു് യായിറോസിനെ പിന്തുടന്നു (മത്താ. 9: 19) യേശു യായിറോസിന്റെ സ്വരം കേട്ടു് എഴുന്നേററു് അവനെ അനുഗമിക്കുന്നു. എന്നിട്ടും ദൈവത്തിന്റെ ആഹ്വാനം അനുസരിപ്പാൻ മനുഷ്യനു മടിയാണ്. യേശുവിന്റെ വിളിയെ പിഞ്ചെല്ലാൻ ധൃതിപ്പെടുക. സാവധാനത്തിൽ നടന്നാൽ സ്വയത്തെ പിന്നിടുവാൻ സാധിക്കയില്ല. വഴി ദീഘവും ജീവിതം ഹ്രസ്വവുമാകയാൽ ധൃതിയിൽ മുന്നോട്ടു പോവുക. 'യേശു അവനോടുകൂടെ പോയി' (മക്കോ. 5:24) യേശു നമ്മോടുകൂടെ നടന്നു് തന്റെ കൃപയുടെ മാധുര്യവും ശക്തിയും കൊണ്ടു് നമ്മുടെ തിക്താടനത്തെ സുഗമമാക്കുന്നു. നമ്മുടെ ഹൃദയത്തെ സ്വാധീനപ്പെടുത്താൻ വേണ്ടി നമ്മുടെ മനസ്ഥിതിയോടു് അവിടുന്നു സാധർമ്യം പ്രാപിക്കുന്നു. അവിടുത്തെ അരൂപിയോടിണങ്ങി ചേരുവാൻവേണ്ടി സ്നേഹപൂവ്വം നാമും ശ്രമിക്കണം. നിന്റെ പ്രകാശവും സൂര്യനുമായ അവിടുത്തെ മേൽ നിന്റെ ദൃഷ്ടി പതിഞ്ഞിരിക്കട്ടെ. അവിടുത്തെ കൺമുമ്പിൽ ഇതരസൃഷ്ടികളെല്ലാം നിഴൽപോലെ മാഞ്ഞുപോകും. യായിറോസിന്റെ ഭവനത്തിലേക്കു തന്നെ അനുഗമിപ്പാൻ പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയുമല്ലാതെ മററാരെയും യേശു അനുവദിച്ചില്ല. കുരിശിങ്കലേക്കും കഷ്ടപ്പാടുകളിലേക്കും പുണ്യാഭ്യസനത്തിലേക്കും തന്നെ അനുഗമിക്കാൻ യേശു എല്ലാവരെയും അനുവദിക്കുന്നു. എന്നാൽ അവിടുത്തെ രഹസ്യമായ അത്ഭുതങ്ങളെ അറിവാൻ ചുരുക്കംപേരെ മാത്രമേ അനുവദിക്കുന്നുള്ളു. അസാധാരണ ആനുകൂല്യങ്ങൾ മോഹിക്കണ്ടാ. അവയിലല്ല പുണ്യപൂണ്ണത അടങ്ങിയിരിക്കുന്നതു്: പിന്നയോ അവിടുത്തെ നിർദ്ദേശങ്ങളും തിരുവിഷ്ടവും അനുസരിക്കുന്നതിലാണ്.

## ധ്യാനം 221

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഒൻപതാം വാരം–ബുധനാഴ്ച

### യേശു യായിറോസിന്റെ ഭവനത്തിൽ പ്രവേശിക്കുന്നു

അവർ സംഘപ്രമാണികളുടെ ഭവനത്തിലെത്തിയപ്പോൾ അവിടെ വലിയ ബഹളവും കരച്ചിലും മുറവിളിയും കേട്ടു. യായിറോ

www.malankaralibrary.com

സിൻെറ ഭവനത്തിലെ ജനക്കൂട്ടം ലോകത്തിൻെറ ഒരു പ്രതീകമാകുന്നു. ലോകത്തിൽ ചിലർ സുഖവും ചിലർ ദുഃഖവും അനുഭവിക്കുന്നു എങ്കിലും എല്ലാവരും കടന്നുപോകുന്നു. യേശു വി. കുർബ്ബാനാനുഭവത്തിൽ ആത്മാക്കളെ സന്ദർശിക്കുമ്പോഴും പ്രാർത്ഥനാവസരങ്ങളിൽ ആത്മീയ നിശ്വാസങ്ങൾ നല്കുമ്പോഴും കാണുന്ന ഒരവസ്ഥയുടെ പ്രതീകമാണിത്. മനുഷ്യരുടെ അന്തരംഗം വികാരങ്ങളാൽ പ്രക്ഷുബ്ധമായിരിക്കുന്നു. ദൈവസ്വരം കേൾക്കാൻ അതു തടസ്സമാണ്. ശുദ്ധനിയോഗത്തോടെ ഈശോയെ അനുഗമിപ്പാനും അവിടുത്തെ കാസായും കൈപ്പുനീരും അവമാനവും സഹിപ്പാനും ഒരുക്കമുള്ളവർ എത്ര ചുരുക്കം.

യേശു അരുളിചെയ്തു. മാറിപ്പോകുവിൻ, ബാലിക മരിച്ചിട്ടില്ല; ഉറങ്ങുകയത്രെ. (മത്താ. 9:24) നിൻെറ ആശ്വാസത്തിനായി അവിടുന്നു അരുളിചെയ്യുന്നതു ശ്രദ്ധിക്കുക. "ബാലിക മരിച്ചിട്ടില്ല, ഉറങ്ങുകയത്രെ. സകലവും അവിടുത്തെ തിരുമാർവ്വിലാകുന്നു. ഇഷ്ടമുള്ളപ്പോൾ അവയെ ഉജ്ജീവിപ്പിക്കുവാൻ അവിടുത്തേക്കു കഴിയും. അവിടുത്തെ ദിവ്യപരിപാലനക്കു നിന്നെ ഭരമേല്പിക്കുക. ആളുകളെയെല്ലാം പുറത്താക്കിയശേഷം ഈശോ അകത്തു കടന്ന് ബാലികയുടെ കൈയിൽ സ്പർശിച്ചു. ഉടനെ അവൾ എഴുന്നേററു (മത്താ. 9:25) മനുഷ്യരുടെ ഏകോപിച്ചുള്ള ശക്തികൾക്കുപോലും ഒരു മനുഷ്യനെ ഉയർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഈശോയുടെ വാക്ക് കബറിൽനിന്ന് ഏവരേയും ഉയർപ്പിക്കും. യേശു അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതു് പ്രകടനമൊന്നും കൂടാതെയാണ്. ലോകത്തിൻെറ അഭിനന്ദനവും വ്യർത്ഥസ്തുതിയും നേടുവാനുള്ള മനുഷ്യൻെറ വ്യഗ്രതയെ ഇതു ലജ്ജിപ്പിക്കുന്നു. നിനക്കു ലഭിക്കുന്ന ദൈവികാനുഗ്രഹങ്ങളെ മനുഷ്യരിൽനിന്നു മറച്ചുവയ്ക്കുകയും ദൈവമഹത്വത്തിനായി മാത്രം അവയെ ഉപയോഗിക്കുകയും ചെയ്യു.

## ധ്യാനം 222

### പെന്തിക്കൊസ്തിക്കു ശേഷം ഒൻപതാംവാരം—വ്യാഴാഴ്ച

### രക്തസ്രാവക്കാരി സ്ത്രീയെ ഈശോ സുഖപ്പെടുത്തുന്നു

തത്സമയം പന്ത്രണ്ടു സംവത്സരമായി രക്തസ്രാവരോഗം ബാധിച്ചു കഷ്ടപ്പെട്ടിരുന്ന ഒരു സ്ത്രീ പിറകിൽക്കൂടി വന്ന് അവൻെറ വസ്ത്രത്തിലെങ്കിലും സ്പർശിച്ചാൽ താൻ സുഖം പ്രാപിക്കുമെന്നു പറഞ്ഞു് അവൻെറ വസ്ത്രത്തിൽ സ്പർശിച്ചു. (മത്താ. 9:20,21) സ്നേഹവും വിശ്വാസവും അവളെ ക്രിസ്തുവിങ്കലേക്കാകർഷിച്ചു. അവിടുത്തെ പററിയുള്ള ബഹുമാനവും തൻെറ നിസ്സാരതയെക്കുറിച്ചുള്ള ബോധവും പിറകിൽക്കൂടെ വരുന്നതിന് അവളെ പ്രേരിപ്പിച്ചു. ദൈവപുത്രൻെറ സ്വന്തമായതെന്തും ഭക്ത്യാദരവിന് അർഹമാണ്. ഈ വസ്ത്രം അവിടുത്തെ മനുഷ്യത്വത്തിൻെറ പ്രതീകമാണ്. കൂദാശ സാധനങ്ങളും വ

www.malankaralibrary.com

സ്ലത്തിൻെറ സാദൃശ്യമാകുന്നു. അഗാധ എളിമയോടുകൂടെ അവയെ നാം സമീപിക്കണം.

'എൻെറ വസ്ത്രത്തിൽ തൊട്ടതാര്.' (മക്കോ. 5:30) തന്നെ സ്പർശിച്ച ആളിനെ കാണാൻ യേശു ചുററും നോക്കി. രക്തസ്രാവത്തിൽനിന്നും സുഖമാക്കപ്പെട്ട സ്ത്രീ ഭയത്തോടും വിറയലോടുംകൂടെ അവിടുത്തെ മുൻപിൽ സാഷ്ടാംഗം വീണ് സത്യമെല്ലാം ബോധിപ്പിച്ചു. അവിടുന്ന് അരുൾ ചെയ്തു. "നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പൊയ്ക്കൊള്ളുക. നിൻെറ രോഗം നീങ്ങി നീ സ്വസ്ഥയായിരിക്കുന്നു." സ്ത്രീ അവിടുത്തെ വസ്ത്രത്തെ സ്പർശിച്ചപ്പോൾ അവളുടെ താഴ്മയും വിശ്വാസവുംകൊണ്ട് അവിടുത്തെ ഹൃദയത്തെയും സ്പർശിച്ചു. മാനസാന്തരത്തിനായി നിൻെറ ഹൃദയത്തെയും സ്പർശിക്കണമെന്ന് അവിടുത്തോടപേക്ഷിക്കുക.

"ഗുരോ, പുരുഷാരം അങ്ങയെ തിക്കിത്തിരക്കിക്കൊണ്ടിരിക്കെ എന്നെ സ്പർശിച്ചതാര് എന്നു ചോദിക്കുന്നതെന്ത്"' (ലൂ. 8:45) അനേകർ വി: കുർബ്ബാനയെ സ്പർശിക്കുന്നുണ്ട്. എന്നാൽ ചുരുക്കം പേരോടു മാത്രമേ എന്നെ സ്പർശിച്ചതാര് എന്നു ചോദിക്കുവാൻ ദൈവപുത്രനു സാധിക്കുന്നുള്ളു. ആത്മാവിലുള്ള ദൈവകൃപയുടെ വ്യാപാരം ഈവിധമാണ്. നിത്യസത്യങ്ങളെക്കുറിച്ചുള്ള വിജ്ഞാനംകൊണ്ട് അത് ആത്മാവിനെ പ്രകാശിപ്പിക്കയും ഭക്ത്യാദരവുകൊണ്ട് അതിനെ നിറക്കുകയും ചെയ്യുന്നു. അതേസമയം സ്വന്തഹീനതയെയും ദൈവത്തിൻെറ കരുണയെയും അത് ഏററുപറയുകയും ചെയ്യുന്നു. ദൈവമഹത്വത്തെക്കുറിച്ചുള്ള വാഞ്ഛയാൽ ഒരാത്മാവ് സ്വന്തതാല്പര്യത്തെ മറക്കുമ്പോൾ ആഴമായ സമാധാനം പ്രതിസമ്മാനമായി നല്കിക്കൊണ്ട് അവിടുന്നതിനെ സംതൃപ്തമാക്കും.

## ധ്യാനം 223

### പെന്തിക്കോസ്തിക്കു ശേഷം ഒൻപതാംവാരം—വെള്ളിയാഴ്ച

### രണ്ടു കുരുടന്മാർക്കു കാഴ്ച നൽകുന്നു

യേശു അവിടെനിന്നു പോകുംവഴി രണ്ടു കുരുടന്മാർ കരഞ്ഞുകൊണ്ട് പിന്നാലെ ചെന്ന് ഉറക്കെ വിളിച്ചപേക്ഷിച്ചു. 'ദാവീദിൻെറ പുത്രാ ഞങ്ങളുടെമേൽ കനിയണമെ' (മത്താ 9:27) ഈ കുരുടന്മാർ കണ്ണിനു കാഴ്ചയില്ലാത്തവർ ആണെങ്കിലും അരൂപിക്കടുത്ത പ്രകാരം നല്ല കാഴ്ചയുള്ളവരായിരുന്നു. അതിനാൽ ലോകത്തിലേക്കു വരുന്ന സകലരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായ യേശുവിനെ അവർ കാണുകയും അനുഗമിക്കുകയും ചെയ്തു. എന്നിൽ വസിക്കുന്നവർ ഇരുളിൽ നടക്കാതിരിക്കേണ്ടതിന് പ്രകാശമായി ഞാൻ ലോകത്തിലേക്കു വന്നിരിക്കുന്നു. സൃഷ്ടികളോടുള്ള അമിതസ്നേഹം സ്രഷ്ടാവിനെ കാണാതിരിപ്പാൻ എത്രയോ പ്രാവശ്യം നിനക്കിടയാക്കിയിരിക്കുന്നു.

www.malankaralibrary.com

അവിടുന്ന വീട്ടിലെത്തിയപ്പോൾ ആ കുരുടന്മാർ അടുത്തുചെന്നു. അപ്പോൾ ഇതു ചെയ്വാൻ എനിക്കു കഴിയുമെന്നു നിങ്ങൾ വിശ്വസിക്കുന്നുവോ? എന്ന് അവിടുന്ന് അവരോടു ചോദിച്ചതിനു് ഉവ്വ് എന്ന് അവർ പ്രതിവചിച്ചു. ഉടനെ നിങ്ങളുടെ വിശ്വാസംപോലെ ഭവിക്കട്ടെ എന്നു പറഞ്ഞു് അവിടുന്ന് അവരുടെ നയനങ്ങളെ സ്പർശിച്ചു. (മത്താ 9:28,29) വീട്ടിൽ പ്രവേശിച്ചശേഷം മാത്രമാണ് അവിടുന്ന് അവർക്ക് ഈ ആനുകൂല്യം നല്കിയതു്. സ്വർഗ്ഗമാണ് ദൈവത്തിന്റെ ഭവനം. അവിടെ ദൈവത്തിന്റെ പരമസൗന്ദര്യത്തെ ധ്യാനിക്കുന്നതിനായി കുരുടന്റെ കണ്ണുകളെ അവിടുന്നു പ്രകാശിപ്പിക്കുന്നു. ഈ ലോകജീവിതകാലത്തു് ആത്മാവിന്റെ പ്രകാശം വിശ്വാസമാകുന്നു, വിശ്വാസത്തിന്റെ അളവനുസരിച്ചു് അവിടുന്നു നമ്മോടു പ്രവർത്തിക്കും. ഇതാരും അറിയരുതെന്ന് അവിടുന്നു നിഷ്കർഷിച്ചു. (മത്താ.9:30) മാനുഷിക സ്തുതിയേ അവിടുന്ന് എത്ര അവജ്ഞയോടെ വീക്ഷിക്കുന്നു എന്നാൽ കാഴ്ച ലഭിച്ച കുരുടന്മാർ അവിടുത്തോടുള്ള നന്ദി നിമിത്തം പുറത്തിറങ്ങിയ ക്ഷണം മുതൽ അവിടുത്തെ കീർത്തി ധാവള്യത്തെ ആ ദിക്കിലെങ്ങും പരത്തുകയത്രെ ചെയ്തതു്.

## ധ്യാനം 224

### പെന്തിക്കോസ്തിക്കുശേഷം ഒൻപതാംവാരം–ശനിയാഴ്ച

### ഈശോ ഊമനായ പിശാചുബാധിതനെ സുഖപ്പെടുത്തുന്നു.

അവർ പുറപ്പെട്ടപ്പോൾ പിശാചുബാധിതനായ ഒരു ഊമനെ ജനങ്ങൾ അവിടുത്തെ അടുക്കൽ കൊണ്ടുവന്നു. നിത്യവചനത്തിനല്ലാതെ മററാർക്ക് ഊമന്റെ നാവിന്റെ കെട്ടഴിക്കുവാൻ കഴിയും! ഈശോയുടെ ശക്തി മനുഷ്യർക്ക് പ്രയോജനകരവും പിശാചിനു വിനാശകരവുമാണ്. പിശാചിന്റെ തന്ത്രങ്ങളോടു ചെറുത്തുനില്ക്കുവാൻ ദൈവത്തിന്റെ പോർച്ചട്ട അണിഞ്ഞുകൊൾക. പിശാചിനെ ബഹിഷ്കരിച്ചു കഴിഞ്ഞപ്പോൾ ആ മൂകൻ സംസാരിച്ചുതുടങ്ങി. ജനം വിസ്മയഭരിതരായി. ഇസ്രായേലിൽ ഇങ്ങനെയൊന്ന് ഒരിക്കലും കണ്ടിട്ടില്ല എന്നു പറഞ്ഞു. എന്നാൽപിശാചുക്കളുടെ തലവനായ ബെയിൽസബൂബിനെക്കൊണ്ടു് ഇവൻ പിശാചുക്കളെ പുറത്താക്കുന്നു എന്നാത്രെ ഫ്രീശർ പറഞ്ഞതു്. ഇങ്ങനെ പറയുവാൻ അവരെ പ്രേരിപ്പിച്ചത് അസൂയയാണ്. അതിനു കാരണക്കാരൻ പിശാചും, പിശാചിന്റെ ആദ്യപാപം അഹങ്കാരവും രണ്ടാമത്തേത് അസൂയയുമാണ്. അവയെ വിട്ടൊഴിയുവാൻ ശ്രമിക്കുക.

"യേശു സകല നഗരങ്ങളിലും ഗ്രാമങ്ങളിലും ചുററിസഞ്ചരിച്ച് അവരുടെ ജപാലയങ്ങളിൽ പഠിപ്പിക്കയും സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും എല്ലാവിധ രോഗങ്ങളും വൈകല്യങ്ങളും

www.malankaralibrary.com

സുഖപ്പെടുത്തുകയും ചെയ്തിരുന്നു.'' (മത്താ. 9:35) ഉപദ്രവങ്ങൾക്ക് നന്മകളാൽ പകരം വീട്ടുകയത്രെ ചെയ്തത്. മററുള്ളവരിൽനിന്ന് എന്തെങ്കിലും ഉപദ്രവം നേരിട്ടപ്പോൾ നിൻെറ അധരങ്ങൾക്ക് നീ മൗനമുദ്ര പതിപ്പിക്കയും മത്സരത്തിൻെറ അരൂപിക്ക് ഹൃദയത്തെ അടച്ചുകളയുകയും ചെയ്യുക. ഉപദ്രവങ്ങൾക്കു നീ പകരം വീട്ടുന്നപക്ഷം പിശാചിനു വാതിൽ തുറന്നു കൊടുക്കയായിരിക്കും. നന്മയാൽ തിന്മയ്ക്കു പകരം വീട്ടുക.

## ധ്യാനം 225

### പെന്തിക്കോസ്തിക്കു ശേഷം പത്താം ഞായറാഴ്ച

### ബത്സൈദാക്കുളത്തിലെ പക്ഷവാതരോഗിയെ ഈശോ സുഖപ്പെടുത്തുന്നു.

ജറുസലേമിൽ ബത്സൈദാ എന്നു വിളിക്കുന്ന അഞ്ചു മണ്ഡപങ്ങളോടുകൂടിയ ഒരു കുളമുണ്ടായിരുന്നു. ഈ കുളം മാമോദീസായ്ക്കു സദൃശമാകുന്നു. 38 സംവത്സരം രോഗിയായികിടന്ന പക്ഷവാതരോഗിയോട് യേശു അരുൾചെയ്തു. കണ്ടാലും നീ സുഖമാക്കപ്പെട്ടിരിക്കുന്നു. കൂടുതൽ മോശമായതു ഭവിക്കാതിരിപ്പാൻ മേലിൽ പാപംചെയ്യരുത്. മാമോദിസായിലെ കൃപയെ നീ നഷ്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ താമസംവിനാ മനസ്താപമെന്ന രണ്ടാമത്തെ കുളത്തിലേക്ക് ഇറങ്ങുക. അവിടെ നിൻെറ ആദ്ധ്യാത്മിക ജീവനെ പുനരുദ്ധരിക്കുന്നതിനായി യേശു നോക്കിപ്പാർത്തിരിക്കുന്നു.

കുരുടർ, മുടന്തർ, ശുഷ്കർ തുടങ്ങി രോഗികളുടെ ഒരു വലിയ കൂട്ടം ജലത്തിൻെറ ചലനം പ്രതീക്ഷിച്ച് അവിടെ കിടന്നിരുന്നു. (യോ. 5:3) ക്രിസ്ത്യാനികളിൽ പലരും ഇങ്ങനെയുള്ള ആദ്ധ്യാത്മിക രോഗങ്ങളാൽ ബാധിക്കപ്പെട്ടവരാകുന്നു. നീ ഏതിനത്തിൽപെടുന്നു. സ്വന്തകുററങ്ങളെക്കുറിച്ച് പശ്ചാത്താപം തോന്നിയാലുടനെ കുമ്പസാരമെന്ന കുളത്തിങ്കലേക്ക് അണയണം. ഉത്സാഹം അപരിത്യാജ്യമാണ്.

ബത്സൈദാകുളം ലോകത്തിൻെറ പാപത്തെ നീക്കിക്കളയുന്ന കുഞ്ഞാടിൻെറ രക്തത്തിൻെറ പ്രതിരൂപമാകുന്നു. അവിടുത്തെ അഞ്ചു തിരുമുറിവുകളാകുന്ന പഞ്ചമണ്ഡപങ്ങളിലാകുന്നു പാപികൾക്കു കരുണ ലഭിക്കുന്നതു്. അവിടുത്തെ തിരുഹൃദയത്തിൽനിന്ന് സകല രോഗങ്ങളെയും സൗഖ്യമാക്കുന്ന ആസ്വാദ്യകരമായ രക്തവും വെള്ളവും ഒഴുകുന്നു. രക്തസാക്ഷികളെപ്പോലെ രക്തത്തിനു പകരം രക്തം കൊടുക്കാൻ നിനക്കു കഴിവില്ലെങ്കിൽ സ്നേഹത്തിനു പകരം സ്നേഹവും അനുതാപകണ്ണുനീരുമെങ്കിലും അർപ്പിക്കുക.

www.malankaralibrary.com

## ധ്യാനം 226

### പെന്തിക്കോസ്തിക്കു ശേഷമുള്ള പത്താംവാരം—തിങ്കളാഴ്ച

### പക്ഷവാതരോഗിയുടെ പരാതി

രോഗി പ്രതിവചിച്ചു, പ്രഭോ വെള്ളം ചലിച്ചു തുടങ്ങുമ്പോൾ എന്നെ കുളത്തിലാക്കുവാൻ എനിക്കാരുമില്ല. (യോഹ. 5:7) മുപ്പത്തിയെട്ടു വർഷമായി പരസഹായം ആവശ്യപ്പെട്ടിട്ടും അവനെ സഹായിക്കുവാൻ ആരും ഉണ്ടായില്ല. സൃഷ്ടികളിൽനിന്ന് ഇതിൽ കൂടുതലൊന്നും ആശിക്കേണ്ടതില്ല. മനുഷ്യസഹായത്തിൽ ആശ്രയിക്കുന്നവർ ബലഹീനമായ ഒരു ഞാങ്ങണയിലത്രെ ചാരുന്നതു്. അതു് ഒടിഞ്ഞുപോകയും അവൻ താങ്ങില്ലാത്തവനായിത്തീരുകയും ചെയ്യും. സർവ്വശക്തനായ ദൈവത്തിൽ ആശ്രയിക്കുന്നവൻ എല്ലാ ആവശ്യങ്ങളിലും ശക്തിയും തുണയും പ്രതിവിധിയും കണ്ടെത്തും.

സൃഷ്ടികളാൽ പരിത്യജിക്കപ്പെട്ടവാൻ ദൈവം ഒരുവനെ അനുവദിക്കുന്നതു് അവൻ ദൈവത്തിങ്കലേക്കു തിരിയുന്നതിനാണു്. അവിടുന്നു് അവരുടെ വഴിയും താങ്ങലുമാകുന്നു. അവിടുന്നു സദാ നമ്മോടുകൂടിയുണ്ടു്. ഞാൻ ഉഷസിൻെറ ചിറകു ധരിച്ചു് സമുദ്രാതിർത്തിയിൽചെന്നു വസിച്ചാൽ അവിടെയും അവിടുത്തെ കരം എന്നെ നയിക്കും. അങ്ങയുടെ വലങ്കൈ എന്നെ മുറുകെ പിടിക്കും. (സങ്കീ 138: 7–10) എൻെറ സഹായത്തിനു് അവിടുന്നു മാത്രം മതിയാകും. യാതൊരു സൃഷ്ടിയുടെയും ഹൃദയത്തിലായിരിപ്പാൻ ഞാനാഗ്രഹിക്കുന്നില്ല. അവിടുത്തെ ഹൃദയത്തിൽ ഒരു സ്ഥാനം കിട്ടിയിരുന്നെങ്കിൽ എന്നുമാത്രം ഞാനാഗ്രഹിക്കുന്നു.

## ധ്യാനം 227

### പെന്തിക്കോസ്തിക്കു ശേഷം പത്താംവാരം—ചൊവ്വാഴ്ച

### പക്ഷവാതരോഗിയോടുള്ള കർത്താവിൻെറ മുന്നറിയിപ്പു്

പിന്നീടു് അവനെ ദേവാലയത്തിൽവച്ചു കണ്ടുമുട്ടിയപ്പോൾ യേശു അരുൾചെയ്തു 'ഇതാ നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ അനർത്ഥങ്ങൾ നിനക്കുണ്ടാകാതിരിക്കേണ്ടതിനു് മേലിൽ പാപം ചെയ്യരുതു്' (യോഹ. 5:14) വീണ്ടും പാപം ചെയ്യാതിരിക്കാനുള്ള ഒന്നാമത്തെ ന്യായം കഴിഞ്ഞ പാപം ക്ഷമിച്ചു കിട്ടിയതിലുള്ള നന്ദിയാണു്. ഒരു പാപി എത്ര അയോഗ്യനാണെങ്കിലും അവൻെറ പാപം ക്ഷമിക്കപ്പെടും. എന്നാൽ നന്ദിയില്ലാത്തവൻെറ പാപം എളുപ്പം മോചിക്കപ്പെടുകയില്ല. നിനക്കുള്ള എല്ലാ നന്മകളും ദൈവതൃക്കരങ്ങളിൽനിന്നു വന്നിട്ടുള്ള കൃപാദാനങ്ങളാകുന്നു. എല്ലാററിനെപ്രതിയും ദൈവത്തോടു നന്ദിയുള്ളവരായിരിക്കണം. നിനക്കു ലഭിച്ച പാപമോചനം

www.malankaralibrary.com

മേലാൽ പാപം ചെയ്യാതിരിക്കാനുള്ള ഗൗരവതരമായ ഒരു ബാദ്ധ്യത നിൻെറ മേൽ ചുമത്തുന്നുണ്ട്. ക്ഷമിക്കപ്പെട്ട പാപത്തെപററി നിന്നെ ശിക്ഷിക്കയില്ലെങ്കിലും ലഭിച്ച മോചനം ദുരുപയോഗപ്പെടുത്തുന്ന പക്ഷം നീ കൂടുതൽ കുററക്കാരനാകും. കഴിഞ്ഞകാലത്തു ലഭിച്ച പാപമോചനം പിന്നത്തെ പാപങ്ങൾക്കു പ്രയോജനപ്പെടുകയില്ല എന്നുള്ള വി. ബസേലിയോസിൻെറ വചനം ചിന്താർഹമാണ്. "നീതിയിൽ വീഴുന്നവന് ദൈവം ശിക്ഷാഖഡ്ഗം തയ്യാറാക്കി വച്ചിരിക്കുന്നു" (പ്രഭാ. 26:27) ഇപ്പോൾ നരകത്തിലേക്ക് ഇറങ്ങാൻ ഭയപ്പെടേണ്ട. അതു പരേതക്കുള്ള പീഡസ്ഥലമാണ്. ജീവനോടിരിക്കുന്നവക്ക് നിത്യദുരിതത്തിൽനിന്ന് രക്ഷപെടാനുള്ള അഭയസ്ഥാനവും. ഓ! കത്താവെ, അവിടുത്തെ കോപം ശമിക്കുന്നതുവരെ എന്നെ ഒളിവിലിരുത്തുകയും എന്നെ സ്മരിക്കുന്നതിനുള്ള സമയം അങ്ങു നിശ്ചയിക്കുകയും ചെയ്തിരുന്നെങ്കിൽ! അങ്ങ് എന്നെ വിളിക്കും, ഞാൻ വിളി കേൾക്കും. എൻെറ പാപങ്ങൾ ക്ഷമിക്കണമെ. (യോബ്. 14:15-16)

## ധ്യാനം 228

### പെന്തിക്കോസ്തിക്കുശേഷം പത്താംവാരം—ബുധനാഴ്ച

### ശാബതു ദിവസത്തിൽ ശിഷ്യന്മാർ കതിർ പറിച്ചു തിന്നുന്നത്.

ഒരു ശാബതു ദിവസം വിളഭൂമിയിലൂടെ കടന്നു പോകയായിരുന്നു. അപ്പോൾ ശിഷ്യന്മാർ കതിരുകൾ പറിച്ച് കയ്യിലിട്ടു തിരുമ്മി ഭക്ഷിച്ചിരുന്നു. (ലൂ. 6:1) ദിവ്യഗുരുവിനോടുകൂടി ആയിരിക്കുന്നതിലുള്ള സന്തോഷംനിമിത്തം ശിഷ്യർ വിശപ്പുമറന്നു പോയിരുന്നു. ഏററം താണതരം ഭക്ഷണംകൊണ്ടു് അവർ തൃപ്തരായിരുന്നു. വല്ലപ്പോഴും നിൻെറ രസനേന്ദ്രിയത്തിന് നിഗ്രഹത്തിന് അവസരം വരുമ്പോൾ നീ പിറുപിറുക്കാറില്ലേ?

ശാബതു ദിവസം നിഷിദ്ധമായ പ്രവൃത്തി ചെയ്യുന്നതെന്ത്, എന്ന് പ്രിശരിൽ ചിലർ അവനോടു ചോദിച്ചു. അതിന് യേശു ഉത്തരമരുളി. ദാവീദ് തനിക്കും അനുചരന്മാക്കും വിശന്നപ്പോൾ ചെയ്തതെന്ത് എന്നു നിങ്ങൾ വായിച്ചിട്ടില്ലേ. (ലൂ. 6:23) മനുഷ്യപുത്രൻ ശാബതിൻെറയും കത്താവാകുന്നു (മത്താ. 12:8) ന്യായപ്രമാണ ദാതാവും മനുഷ്യരുടെ എല്ലാ പ്രവൃത്തികളുടെയും വിധികത്താവുമായ ദൈവത്താൽ നാം അംഗീകരിക്കപ്പെട്ടവരാണെങ്കിൽ മനുഷ്യവിധിയെ നാം എന്തിനു ശ്രദ്ധിക്കണം. സൃഷ്ടികളിൽനിന്നുള്ള അഭിനന്ദനവും കുററാരോപണവും ഒരുപോലെ അത്ഥശൂന്യമത്രെ. ശിഷ്യന്മാർ കതിരുകൾ പറിച്ച് കയ്യിലിട്ടു തിരുമ്മി ഭക്ഷിച്ചതുപോലെ ഹൃദയസ്പശിയായ ഏതാനും വാക്യങ്ങൾ തെരഞ്ഞെടുത്ത് അവയെപ്പററി കൂടെക്കൂടെ വിചിന്തനം ചെയ്യുന്നത് ഉപകാരപ്രദമായിരിക്കും. നീതിക്കായി വിശ

www.malankaralibrary.com

കുന്നവർ വിശപ്പു ശമിക്കുന്നതിനായി ജീവൻെറ അപ്പം ഭക്ഷിക്കുന്നു. അത് അവരുടെ വിശപ്പിനെ വദ്ധമാനമാക്കുകയും ചെയ്യുന്നു. 'കത്താവ് എത്ര നല്ലവനാണെന്നു രുചിച്ചറിയുവിൻ.' രുചിച്ചറിയുന്നതോടെ അപ്പത്തിനുള്ള വിശപ്പും അധികരിക്കുന്നു.

## ധ്യാനം 229

### പെന്തിക്കൊസ്തിക്കു ശേഷം പത്താംവാരം–വ്യാഴാഴ്ച

### കൈ ശോഷിച്ചവനെ ഈശോ സുഖപ്പെടുത്തുന്നു

മറെറാരു ശാബത്തിൽ ഈശോ ദേവാലയത്തിൽ പഠിപ്പിച്ചു കൊണ്ടിരിക്കയായിരുന്നു. വലതുകൈ ശോഷിച്ചുപോയ ഒരാൾ അപ്പോൾ അവിടെ ഉണ്ടായിരുന്നു. (ലൂ. 6:6) വലതുകൈ ശോഷിച്ച മനുഷ്യൻ ദുഷ്ടനായ ധനവാൻെറ പ്രതീകമാണ്. നീ കഠിന ചിത്തനാകയോ നിൻെറ കൈ പിൻവലിക്കയോ ചെയ്യരുത്. ദരിദ്രനുവേണ്ടി അതു നീ തുറക്കണം. ഇന്ദ്രിയനിഗ്രഹം പാലിക്കാത്ത അലസനും മന്ദഭക്തനുമായ ആളിനെയും ഇതു ദൃഷ്ടാന്തീകരിക്കുന്നു. അവരുടെ ഇടത്തുകൈ ഉത്സാഹഭരിതമാണ്. വലത്തുകൈ ശോഷിച്ചിരിക്കുന്നു. അതായതു് ലൗകികകാര്യങ്ങളിൽ ഉത്സാഹഭരിതനും ആത്മീയ കാര്യങ്ങളിൽ നിരുത്സാഹിയുമാണ്. നിൻെറ കരത്തിന് ചെയ്യാൻ കഴിയുന്നത് ഉത്സാഹപൂവ്വം ചെയ്യുക. അസൂയാലുക്കളായ യഹൂദ പുരോഹിതന്മാർ ഈശോയുടെ പേരിൽ കുററം കണ്ടുപിടിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. എങ്കിലും അവിടുന്നു നന്മ പ്രവത്തിച്ചുകൊണ്ടിരുന്നു. നീയും യേശുവിനെ അനുകരിച്ച്, ദൈവവും നിൻെറ ജീവിതാവസ്ഥയും ആവശ്യപ്പെടുന്ന സൽപ്രവത്തികൾ മനുഷ്യരുടെ പരിഹാസത്തെയോ തെററിധാരണയേയോ പരിഗണിച്ച് മുടക്കിക്കളയാതിരിക്കണം. എന്നാൽ സൗമ്യതയും വിവേകവും എപ്പോഴും പാലിക്കണം. യേശുതമ്പുരാൻ ആ മനുഷ്യനോട് ശോഷിച്ച കൈ നീട്ടുക എന്നരുൾചെയ്തു. അവൻ കൈ നീട്ടുകയും തൽക്ഷണം സുഖം പ്രാപിക്കയും ചെയ്തു. ആ മനുഷ്യനോടെന്നവണ്ണം നിന്നോടും കത്താവു് അരുളിചെയ്യുന്നു. എഴുന്നേററു മദ്ധ്യത്തിൽനിന്നു് കൈ നീട്ടുക എന്നു്. വെറും ദുബ്ബലമായ ആഗ്രഹം കൊണ്ടു് തൃപ്തിയടയാതെ ഉടനെതന്നെ കല്പന പാലിച്ചുകൊള്ളണം. വലിയ കാര്യങ്ങൾ നിന്നോടാവശ്യപ്പെടുന്നില്ല. നീ അറിയുന്ന കാര്യങ്ങൾ തന്നെത്താൻ അനുഷ്ഠിക്കയും മററുള്ളവക്ക് ഉപദേശിച്ചു കൊടുക്കയും ചെയ്യുക. എന്നെ കത്താവെ, കത്താവെ എന്നു വിളിക്കുന്നവരെല്ലാവരുമല്ല, പിന്നെയോ സ്വഗ്ഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം നിറവേററുന്നവനത്രെ സ്വഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്.

www.malankaralibrary.com

## ധ്യാനം 230

### പെന്തിക്കോസ്തിക്കുശേഷം പത്താം വാരം—വെള്ളിയാഴ്ച

### യേശു ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നു

"ആ ദിവസങ്ങളിൽ അവിടുന്നു പ്രാർത്ഥിക്കുവാനായി മലയിലേക്കു പോയി. പ്രാർത്ഥനയിൽ രാത്രി മുഴുവൻ അവിടുന്നു ചിലവഴിച്ചു. പ്രഭാതമായപ്പോൾ അവിടുന്നു തൻെറ ശിഷ്യന്മാരെ വിളിച്ചു വരുത്തി അവരിൽനിന്നു പന്ത്രണ്ടുപേരെ തെരഞ്ഞെടുത്തു. അപ്പോസ്തലന്മാർ എന്ന് അവരെ പേർ വിളിച്ചു." (ലൂ. 6:12,13) അവിടുത്തെ പ്രാർത്ഥന ദീർഘമാകുന്നു, തീഷ്ണമാകുന്നു, എന്തുകൊണ്ടെന്നാൽ വിഷയം വളരെ പ്രാധാന്യമുള്ളതാണ്. ഉയന്ന പർവ്വതത്തിൽനിന്നു പ്രാർത്ഥിക്കുന്ന അവിടുന്നു നമ്മുടെ മനസ്സിനെ ദൈവത്തിങ്കലേക്കുയുർത്തണമെന്നും നിവൃത്തിയുള്ളിടത്തോളം സൃഷ്ടികളിൽ നിന്നകന്നിരിക്കണമെന്നും പഠിപ്പിക്കുന്നു. യേശു നിനക്കുവേണ്ടി രാത്രിമുഴുവൻ പ്രാർത്ഥിക്കുന്ന സ്ഥിതിക്ക്, നിൻെറ രക്ഷക്കുവേണ്ടി നീ എന്തുതന്നേ ചെയ്യേണ്ടിയിരിക്കുന്നു.

അപ്പൊസ്തലന്മാർ കേവലം പാവപ്പെട്ടവരും അവക്കു ഭരമേല്പിക്കപ്പെട്ട ജോലി അത്യുൽകൃഷ്ടവുമാകുന്നു. ലോകത്തിലെ ജ്ഞാനികളെ ലജ്ജിപ്പിക്കുവാനായി പരമാത്ഥികളും അക്ഷരജ്ഞാനമില്ലാത്തവരുമായ ആളുകളെ തെരഞ്ഞെടുക്കുന്നു. ധനവാന്മാരെ ലജ്ജിപ്പിക്കുന്നതിനായി ദരിദ്രരെ തെരഞ്ഞെടുക്കുന്നു. അവിടുന്ന് ഇങ്ങനെ ചെയ്യുന്നത് അവിടുത്തെ ഉന്നതമായ അധികാരത്തെ കാണിപ്പാനാണ്. ആത്യുന്നതനായ കർത്താവ് ഭയപ്രഭനാണ്. അവിടുന്നു ഭൂമി മുഴുവൻെറയും രാജാവാണ്. അവിടുന്നു ജാതികളെ നമ്മുടെ അധീനതയിലും രാജ്യങ്ങളെ നമ്മുടെ പാദങ്ങൾക്കു കീഴിലുമാകുന്നു. (സങ്കീ. 46:2) ദൈവപുത്രൻ യൂദാസ്കറിയോത്തായെ അപ്പൊസ്തലപദവിയിലേക്കു ക്ഷണിക്കുന്നു. കൃപയെ ദുരുപയോഗിച്ചതിനാൽ അയാൾ ശിക്ഷാർഹനായി. മനുഷ്യൻെറ നാശകാരണം അവൻെറ സ്വഭാവമല്ല, പിന്നയോ സ്വതന്ത്രമായ മനസ്സിൻെറ ദുരുപയോഗമാകുന്നു. നിന്നെത്തന്നെ അവിശ്വസിക്കുക. എത്രയധികം അനുഗ്രഹം പ്രാപിച്ചിരിക്കുന്നുവോ അത്രയധികമായിരിക്കണം ദുരുപയോഗപ്പെടുത്തിപ്പോയേക്കുമോ എന്നുള്ള ഭയവും.

## ധ്യാനം 231

### പെന്തിക്കോസ്തിക്കു ശേഷം പത്താംവാരം—ശനിയാഴ്ച

### ഈശോ ജനത്തെ ഉപദേശിക്കുന്നു

യേശു ജനക്കൂട്ടത്തെ കണ്ടപ്പോൾ ഒരു മലയിൽ കയറി. അവിടുന്നു ഇരുന്നപ്പോഴേക്ക് ശിഷ്യന്മാരും അടുത്തെത്തി. അനന്തരം അവിടുന്ന് തിരുവധരങ്ങൾ തുറന്ന് ഉപദേശരൂപേണ അരുൾചെയ്തു.

www.malankaralibrary.com

സ്വർഗ്ഗീയ ജീവിതത്തിൻെറ പ്രമാണങ്ങളും ഉപദേശങ്ങളും സ്ഥിരപ്പെടുത്തുവാനായി ഒരു സിംഹാസനത്തിലെന്നവണ്ണം അവിടുന്നു മലയിൽ ഉപവിഷ്ടനായിരിക്കുന്നു. സൗഭാഗ്യത്തിലേക്കുള്ള വഴി ദാരിദ്ര്യം, കണ്ണുനീർ, കഷ്ടതകൾ എന്നിവയാണെന്ന് അവിടുന്നു പഠിപ്പിക്കുന്നു. ദൈവപുത്രസഹവാസത്തിലേക്കും സുവിശേഷപ്രകാശത്തിലേക്കും വിളിക്കപ്പെട്ടുന്നവൻ ഭാഗ്യവാനാണ്. കർത്താവെ കല്പിക്കണമെ. അടിയൻ കേൾക്കുന്നു. (1 രാജാ. 3:9).

യേശു തൻെറ ജീവിതമാതൃകയാൽ സൗഭാഗ്യത്തിലേക്കുള്ള മാർഗ്ഗം കാണിച്ചുതരുന്നു. എളിമ കൈവരിക്കാനായി അവിടുന്നു സമ്പൽസമൃദ്ധമായ ഓഹരി കൈവെടിഞ്ഞു. മർദ്ദനം, അവമാനം, പീഡനം എന്നിവയെല്ലാം അവിടുന്നു ക്ഷമയോടെ സഹിച്ചു. അവിടുത്തെ പിന്നടികളിൽ നടപ്പാൻവേണ്ടി അങ്ങയുടെ ബോധജ്ഞാനത്തിൻെറ പ്രകാശം നിൻെറമേൽ ഉദിപ്പിക്കണമെ എന്നു പ്രാർത്ഥിക്കുക. അങ്ങയുടെ നിയമങ്ങളുടെ മാർഗ്ഗം എന്നെ പഠിപ്പിക്കണമെ. അങ്ങയുടെ അത്ഭുതങ്ങളെപ്പററി ഞാൻ ധ്യാനിക്കും (സങ്കീ. 118:27) യേശു ഭാഗ്യത്തിലേക്കുള്ള വഴി നമുക്ക് എളുപ്പമാക്കിത്തരുന്നു. ഐന്ദ്രീകമായി വിധിക്കുന്നവർക്ക് അവിടുത്തെ സുവിശേഷ പാമ്പാവ് ഇടുങ്ങിയതും വേദനാകരവുമാണെങ്കിലും അത്രുപിക്കുട്ടത്ത പ്രകാരം ജീവിക്കുന്നവർക്ക് അത് വിസ്തൃതവും സന്തോഷകരവുമാകുന്നു. സ്നേഹമാർഗ്ഗത്തിൽക്കൂടെ ദൈവരാജ്യത്തിലേക്ക് അവിടുന്നു നമ്മെ ക്ഷണിക്കുന്നു. സ്നേഹിക്കുന്നവനു് ഒന്നും പ്രയാസമുള്ളതല്ലല്ലോ. ആകയാൽ സ്നേഹപൂർവ്വം അങ്ങയോട് അപേക്ഷിക്കുക. "എന്നെ അങ്ങു കൂട്ടിക്കൊണ്ടു പോയാലും അങ്ങയെ ഞങ്ങൾ ഉത്സാഹപൂർവ്വം പിന്തുടരും." (മത്താ. 1:4)

## ധ്യാനം 232

## പെന്തിക്കോസ്തിക്കു ശേഷമുള്ള പതിനൊന്നാം ഞായറാഴ്ച

### ഒന്നാമത്തെ ഭാഗ്യം

ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. (മത്താ. 5:3) സ്വർഗ്ഗരാജ്യപ്രാപ്തിക്കുള്ള ഒന്നാമത്തെ യോഗ്യത ഭൗമികമായ എല്ലാ ബന്ധനങ്ങളിൽനിന്നും സ്വതന്ത്രനായിരിക്കുക എന്നതാണ്. ദരിദ്രൻ, ഉള്ളതുകൊണ്ടു തൃപ്തനായി, സമാധാനത്തിൽ വസിക്കുന്നപക്ഷം അവൻ ഭാഗ്യവാനാണ്. ധനവാനു് ഒരിക്കലും തൃപ്തിയുണ്ടാകയില്ല. ദരിദ്രനാകട്ടെ അവൻ എപ്പോഴും ആഗ്രഹിക്കുന്നതിൽ കൂടുതൽ കിട്ടിക്കൊണ്ടിരിക്കും. വി. ഇഗ്നേഷ്യസ് പറയുന്നു "ദാരിദ്ര്യത്തെ ഒരു അമ്മയെപ്പോലെ നാം സ്നേഹിക്കണം. അമ്മയില്ലെങ്കിൽ ഭവനം അനാഥമായിരിക്കും. എല്ലാ അനർത്ഥങ്ങൾക്കും ക്ഷമ പ്രത്യൗഷധമായിരിക്കുന്നതുപോലെ എല്ലാ ആവശ്യങ്ങൾക്കും ദാരിദ്ര്യം പ്രത്യൗഷധമാണ്. യാതൊന്നിനും ആ

www.malankaralibrary.com

വശ്യക്കാരനല്ലാത്ത ദരിദ്രൻെറ സൗഭാഗ്യം ദൈവത്തിൻെറ സൗഭാഗ്യത്തോടു സാധർമ്മ്യം വഹിക്കുന്നു. സ്വർഗ്ഗത്തിൻെറ വിശേഷത ആദ്ധ്യാത്മികവും നിത്യവുമായ സകല നന്മകളും അവിടെ ഉണ്ടെന്നുള്ളതായിരിക്കണമല്ലോ. വി: ദാരിദ്ര്യത്തിൻെറ സ്ഥിതിയും അതുതന്നെ. ദാരിദ്ര്യത്തിൽ എല്ലാ സുകൃതങ്ങളുമുണ്ടു്. ദരിദ്രനു് പരിപൂർണ്ണത എളുപ്പമാകുന്നു. ലോകപ്രകാരം സമ്പന്നനായിരിക്കുന്ന ഒരുവൻെറ ഹൃദയം അനേകായിരം ആകുലചിന്തകളാൽ കുത്തിതുളയ്ക്കപ്പെട്ടിരിക്കും. ലൗകികവസ്തുക്കളോടുള്ള സ്നേഹത്തിൽനിന്നു് സ്വതന്ത്രമായിരിക്കുന്ന ആത്മാവോ കൃപ, സമാധാനം ആദിയായ സ്വർഗ്ഗീയ ആശ്വാസങ്ങൾ കൊണ്ടു നിറഞ്ഞിരിക്കും. ദൈവത്തെപ്രതി എല്ലാം ത്യജിക്കുന്നവനു് ദൈവത്തെത്തന്നെ പ്രതിഫലമായി ലഭിക്കുന്നു. "നിന്നെ കൂടാതെ സ്വർഗ്ഗത്തിൽ എനിക്കാരുള്ളു, ഭൂമിയിലും നിന്നെ അല്ലാതെ മററൊന്നും ഞാനാഗ്രഹിക്കുന്നില്ല. നീ എൻെറ ഹൃദയത്തിൻെറ ദൈവവും എന്നേക്കും എൻെറ അവകാശവുമാകുന്നു. (സങ്കീ. 72:26) സ്വർഗ്ഗത്തിലോ ഭൂമിയിലോ എന്തെങ്കിലും തനിക്കായി വേർതിരിച്ചിട്ടുള്ളവനു് ദൈവത്തെ തൻെറ അവകാശമായി ലഭിക്കുകയില്ല. ഭൗമിക സമ്പാദ്യംകൊണ്ടു് ദൈവത്തെ വിലയ്ക്കു വാങ്ങുവാൻ കഴിയുന്നവൻ ഭാഗ്യവാൻ. എൻെറ ദൈവമേ, വി. ദാരിദ്ര്യം എത്ര വിലയേറിയതാകുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു. ഈ വിലകൊണ്ടു് ദൈവത്തെ എനിക്കു വാങ്ങാം. അവിടുന്നു് എൻെറ സ്വന്തമായി തീരുകയും ചെയ്യും.

## ധ്യാനം 233

## പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനൊന്നാം വാരം—തിങ്കളാഴ്ച

### രണ്ടാമത്തെ ഭാഗ്യം

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ഭൂമിയെ അവകാശമാക്കും. (മത്താ:5:4)ദൈവരാജ്യം നിങ്ങളിൽ തന്നെ ആകുന്നു. (ലൂ.17:21) പക്ഷേ സൗമ്യതയുള്ളവർക്കു മാത്രമേ ആ അവകാശം അനുഭവിക്കാൻ കഴിയൂ. സഹനംകൊണ്ടു നിങ്ങളുടെ ആത്മാക്കളെ നിങ്ങൾ സുരക്ഷിതമാക്കും. (ലൂ.21:19) എന്നു ദിവ്യനാഥൻ അരുളിചെയ്തിരിക്കുന്നു. യാതൊരു ഉപദ്രവവും സഹിക്കാൻ മനസ്സില്ലാത്തവൻ തനിക്കുതന്നേ സ്വന്തമല്ല. നിൻെറ ആത്മാവിനെ രക്ഷിപ്പാൻ നീ ആഗ്രഹിക്കുന്നെങ്കിൽ കോപം വെടിയുക. "സൗമ്യതയുള്ളവർ ഭൂമി കൈവശമാക്കും. സമാധാനസമൃദ്ധിയിൽ അവർ സന്തോഷിക്കും" (സങ്കീ.36:8-11)

സൗമ്യതയുള്ളവർ ഭൂമിയെ അവകാശിക്കും. അതായതു് അവർ മനുഷ്യരുടെ ഹൃദയങ്ങളെയും വികാരങ്ങളെയും ഭരിക്കും. പരസ്നേഹം പരിരക്ഷിക്കപ്പെടുന്നതിനും ആത്മാക്കളെ മാനസാന്തരപ്പെടുത്തുന്നതിനും ഈ പുണ്യം കൂടിയേ മതിയാവൂ. എളിമയും സൗമ്യതയുമുള്ളവരുടെ പ്രാർത്ഥന എപ്പോഴും നിന്നെ പ്രീതിപ്പെടുത്തിയിട്ടുണ്ടു്. (ജൂഡിത്തു് : 6)

www.malankaralibrary.com

സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കും, അതായത് അവർ ദൈവത്തിൻെറ സംരക്ഷണയിലാകുന്നു. സൗമ്യതയുള്ളവർക്ക് അവിട്ടുന്നു ദാനങ്ങൾ നല്കുന്നു. പുണ്യവാന്മാരുടെ പ്രധാന സൗഭാഗ്യം അവർ ഏതു സാഹചര്യത്തിലും സമാധാനവുംശാന്തിയും പാലിക്കുന്നു എന്നതാണ്. ക്രൂശിതനായ യേശുവിനോടുള്ള അവരുടെ ഐക്യത വ്യതിചലനാതീതമായ ഒരു സ്ഥിരത അവർക്കു പ്രദാനം ചെയ്യുന്നു. യേശുവിനോടുകൂടെ ഈ ജീവിതക്ലേശങ്ങൾ നീയും സൗമ്യതയോടെ സഹിക്കുക.

## ധ്യാനം 234

### പെന്തിക്കോസ്തിക്കുശേഷം പതിനൊന്നാംവാരം—ചൊവ്വാഴ്ച

### മൂന്നാമത്തെ ഭാഗ്യം

"ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർആശ്വസിപ്പിക്കപ്പെടും." (മത്താ. 5:5) തങ്ങളുടെ സ്വന്തപാപങ്ങളെപ്പററിയും ലോകത്തിൻെറ പാപങ്ങളെപ്പററിയും കരയുന്നവർ ഭാഗ്യവാന്മാർ. എന്തെന്നാൽ അവർ ഒരു വലിയ തിന്മക്ക് എളുപ്പ പ്രതിവിധി പ്രയോഗിക്കയാണ്. മാമോദീസായിൽ വെള്ളത്താലും ആത്മാവാലും നാം ശുദ്ധീകരിക്കപ്പെട്ടുന്നതുപോലെ ഹൃദയനുറുക്കത്തോടുകൂടിയ കുമ്പസാരത്താലും കണ്ണുനീരാലും നാം പവിത്രീകരിക്കപ്പെട്ടും. കുരിശിൻെറ ചുവട്ടിൽ തൻെറ പാപങ്ങളെ ഓർത്തു കരഞ്ഞുകൊണ്ടിരിക്കുന്നിടത്തോളം ആശ്വാസകരമായി അനുതാപിക്കു മറെറാന്നില്ല. ദൈവത്തിൻെറ ന്യായവിധിയെക്കുറിച്ചുള്ള ഭയത്താൽ കരയുന്നവരും ഭാഗ്യവാന്മാർ. "ബുദ്ധിമാൻെറ ഹൃദയം കരയുന്നിടത്തും ഭോഷൻെറ ഹൃദയം സന്തോഷിക്കുന്നിടത്തും ആകുന്നു." (സഭാ:പ്രേ. 7:5) പുണ്യവാന്മാർ ആയുഷ്കാലത്തു പലപ്പോഴും അരൂപിയിൽ നരകത്തിലേക്കു ഇറങ്ങിയിരുന്നു. നിത്യകാലം അവിടേക്കു വിധിക്കപ്പെടാതിരിപ്പാനായി അല്പകാലത്തേക്കു അവിടേക്കു യാത്രചെയ്യു. ഇഹലോകത്തിലെ കണ്ണുനീർ ദൈവം സ്വീകരിക്കും. പരലോകത്തിലേത് പ്രയോജന രഹിതമാകുന്നു. ക്രൂശിതനായ യേശുവിനെ കുറിച്ചുള്ള സഹതാപവും സ്നേഹവും നിമിത്തം വിലപിക്കുന്നവരും ഭാഗ്യവാന്മാർ. നിൻെറ കണ്ണുനീരുകളെ അവിടുത്തെ വിലയേറിയ രക്തത്തോടു കലർത്തിയാൽ അവയുടെ വില അതുല്യമായിരിക്കും. മനുഷ്യർ താല്ക്കാലികാരിഷ്ടതകളെപ്പററി അസ്വസ്ഥരാകുന്നു. സ്വർഗ്ഗീയ ദാനങ്ങളുടെ നഷ്ടത്തെപ്പററി വിചാരശൂന്യരും. ലോകാരൂപി വ്യർത്ഥസന്തോഷത്തെ ഉദ്ദീപിപ്പിക്കുന്നു. യേശുവിൻെറ അരൂപി ഹൃദയതാപത്തെ ഉളവാക്കുന്നു.

www.malankaralibrary.com

## ധ്യാനം 235

### പെന്തിക്കോസ്തിക്കുശേഷം പതിനൊന്നാം വാരം–ബുധനാഴ്ച

### നാലാമത്തെ ഭാഗ്യം

നീതിക്കായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ. എന്തെന്നാൽ അവർ തൃപ്തരാകും. ആത്മീയ പുരോഗമനത്തിന്റെയും പരിശുദ്ധാത്മ സാന്നിദ്ധ്യത്തിന്റെയും ഒന്നാമത്തെ അടയാളം വിശുദ്ധിക്കായുള്ള വാഞ്ഛയാണ്. ബുദ്ധിമാൻ ഈ വിശപ്പിനെയും ദാഹത്തെയും സ്നേഹിക്കും. ജ്ഞാനത്തിന്റെ ആരംഭം അതിനായുള്ള യഥാർത്ഥ ആഗ്രഹമത്രെ. അതിന്റെ കാവല്ക്കാരൻ സ്നേഹമാകുന്നു. മനുഷ്യാവതാരംചെയ്ത സാക്ഷാൽ ബോധജ്ഞാനം പറയുന്ന 'എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പന പാലിക്കും.' യഥാർത്ഥ ജ്ഞാനമാകുന്ന പൂർണ്ണതപ്രാപിക്കാൻ നീയും ഇപ്രകാരം ചെയ്യണം. വിശുദ്ധിയ്ക്കായുള്ള ശുഷ്കാന്തി കൈപ്പിനെ മധുരതരമാക്കുകയും എതിരിടുന്ന പ്രതിബന്ധങ്ങളെ അകറ്റുകയും ചെയ്യും. അതിനുവേണ്ടി എന്തു വേദനയും അദ്ധ്വാനവും എടുപ്പാൻ അവൻ തയ്യാറാകും. ആത്മാർത്ഥമായ ആഗ്രഹം ധൈര്യത്തെ ഉദ്ദീപിപ്പിക്കയും ജീവിതക്ലേശങ്ങൾ വഹിപ്പാനുള്ള ശക്തി നല്കുകയും ചെയ്യും. അത് ആത്മാവിനെ സന്തോഷപൂരിതമാക്കുകയും ദൈവസേവനത്തിലും സഹോദരസേവനത്തിലും ഉത്സാഹത്തോടെ ഓടുവാൻ പ്രേരിപ്പിക്കയും ചെയ്യും.

വിശുദ്ധിക്കായുള്ള തീഷ്ണമായ വാഞ്ഛ, ദാരിദ്ര്യം, മനസ്താപം, കാരുണ്യപ്രവൃത്തികൾ ക്ലേശസഹനം എന്നിവയോടു ഒരു പ്രത്യേക സ്നേഹം നമ്മിൽ ഉളവാക്കും. ചിലർ നീതിനിമിത്തം വിശപ്പും ദാഹവും സഹിക്കുന്നു. മറ്റുചിലർ നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കയും ചെയ്യുന്നു. ഇരുകൂട്ടരും ഭാഗ്യവാന്മാരാണ്. ലോകസുഖങ്ങളോടും ഐന്ദ്രികസന്തോഷങ്ങളോടും പറ്റിച്ചേരുന്നവർ എത്ര നിർഭാഗ്യവാന്മാർ. "അവർ ഇഹത്തിൽ സുഖമായി നാളുകൾ കഴിക്കുന്നു. നിമിഷനേരം കൊണ്ട് അവർ പാതാളത്തിൽ പതിക്കുന്നു." (യോബ്. 21:13) ദൈവത്തിനു മാത്രം തൃപ്തിപ്പെടുത്തുകയും നിറയ്ക്കുകയുംചെയ്യാൻ കഴിയത്തക്കവണ്ണം അത്ര വിശാലമാണ് മനുഷ്യഹൃദയം.

## ധ്യാനം 236

### പെന്തിക്കോസ്തിക്കു ശേഷം പതിനൊന്നാംവാരം–വ്യാഴാഴ്ച

### അഞ്ചാമത്തെ ഭാഗ്യം

കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടന്നാൽ അവർക്കു കരുണ ലഭിക്കും (മത്താ. 5:7) അയൽക്കാരന്റെ നേരെ കാണിക്കുന്ന കരുണയും സഹതാപവുംവഴി നിന്റെ നേരെയുള്ള ദൈവത്തിന്റെ കരു

www.malankaralibrary.com

ണയോട്ടം സഹതാപത്തോട്ടം നീ സഹകരിക്കയും അവിട്ടത്തോട്ടുള്ള നിൻെറ കടപ്പാട്ട് നിവൎത്തിക്കയുമാത്രം ചെയ്യുന്നതു്. ദൈവികകാരുണ്യത്തോട്ട നാം എത്രമാത്രം കടപ്പെട്ടിരിക്കുന്നു. അവിട്ടന്നു നമ്മുടെ പാപങ്ങൾക്കു തക്കവണ്ണം നമ്മോട്ട വൎത്തിച്ചില്ല, നമ്മുടെ അക്രമങ്ങൾക്കു തക്കവണ്ണം നമ്മോട്ട പകരം വീട്ടിയുമില്ല. (സങ്കീ. 102:10) അവിട്ടന്നു നല്കിയ അനുഗ്രഹങ്ങൾക്കു പകരമായി നിൻെറ അയല്ക്കാരനോട്ട കരുണ കാണിക്കയല്ലാതെ മറെറാന്നു നിനക്കു ചെയ്യുവാൻ കഴിയും. അവരുടെ ആവശ്യങ്ങളിൽ നീ കാണിക്കുന്ന സഹതാപം അവിട്ടത്തോട്ട തന്നേ കാണിക്കുന്നതായി അവിട്ടന്നു പരിഗണിച്ചുകൊള്ളും.

സഹോദരൻെറ നേരെയുള്ള കരുണയും സ്നേഹവുംവഴി സ്വൎഗ്ഗസ്ഥപിതാവിൻെറ കരുണയെയും സ്നേഹത്തെയും നീ അനുകരിക്കയാണു്. നിൻെറ പ്രധാനമായ ജീവിതലക്ഷ്യം ദൈവീകനന്മയുടെ ഒരു പ്രതിഛായ തെളിയിച്ചു കാണിക്കണമെന്നതായിരിക്കട്ടെ. ആകയാൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധരും അവിട്ടത്തെ വത്സലരും എന്നപോലെ കാരുണ്യം, ദയ, എളിമ, സൗമ്യത, ക്ഷമ എന്നിവ അണിയുവിൻ. പരസ്പരം ക്ഷമിക്കയും സഹിക്കയും ചെയ്യുവിൻ. അന്യോന്യം ശണ്ഠയുണ്ടായാൽ മ്ശിഹാ നിങ്ങളോട്ടു ക്ഷമിച്ചതുപോലെ നിങ്ങളും ക്ഷമിക്കുവിൻ (കോലോ. 3:12,13) ദൈവീകവും മാനുഷികവുമായ ഒരു ഹൃദയമാണ് യേശുവിനുള്ളതു്. ക്ലേശമനുഭവിക്കുന്നവരോട്ട സഹതപിക്കുന്ന ആദ്രസ്നേഹവും അവരുടെ തെററുകളെ പരിഹരിക്കാനുള്ള ശക്തിയും അവിട്ടത്തേക്കുണ്ടു്.

സഹോദരന്മാരോട്ടുള്ള നിൻെറ കരുണക്കും സ്നേഹത്തിനും ദൈവിക കരുണയെ നിങ്കലേക്ക് ആകൎഷിക്കാൻ കഴിയും. ദൈവത്തിൽ നിന്നു മാത്രം നിനക്കു ലഭിക്കാവുന്ന അനേക വസ്തുക്കളുണ്ടു്. നിനക്കു ന്യായമായി ലഭിക്കാനുള്ളതു് പാപങ്ങൾക്കുള്ള ശിക്ഷ മാത്രമാണു്. ആകയാൽ പാപമോചനത്തിനും പരീക്ഷകളെ ജയിപ്പാനുമുള്ള ശക്തിക്കും അന്ത്യംവരെയുള്ള നിലനില്പിനുംവേണ്ടി ദൈവകരുണയിൽ ആശ്രയിച്ചേ മതിയാവൂ. നിൻെറ കരുണയും സ്നേഹവും നന്മ ചെയ്യാനുള്ള നിൻെറ പ്രയത്നവും ആയിരിക്കട്ടെ നീ ആശിക്കുന്ന സ്വൎഗ്ഗീയ ദാനങ്ങളുടെ മറുവില. തൻെറ ചെറിയവരിൽ ഒരുത്തനു നല്കുന്ന ഒരുപാത്രം പച്ചവെള്ളംപോലും പ്രതിഫലമില്ലാതെ പോകയില്ല. നിസ്സാര ദാനംകൊണ്ടു് ഒരു സ്വൎഗ്ഗീയസിംഹാസനം നിനക്കു നേടാം.

## ധ്യാനം 237

### പെന്തിക്കോസ്തിക്കു ശേഷം പതിനൊന്നാംവാരം–വെള്ളിയാഴ്ച

### ആറാമത്തെ ഭാഗ്യം

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും. (മത്താ. 5:8) ഈ ജീവിതത്തിലെ സൗഭാ

www.malankaralibrary.com

ഗ്യം സ്നേഹത്താൽ ദൈവത്തോട്ട ഐക്യപ്പെട്ടിരിക്കുന്നതാണല്ലോ. ഹൃദയശുദ്ധിയാണ് ഈ ഭാഗ്യത്തിനു നമ്മെ അർഹരാക്കുന്നത്. ലോകത്തിലെ ഏററം നികൃഷ്ടമായ തിന്മ ദുഷിച്ച മനസ്ഥിതിയാകുന്നു. ദൈവിക സ്നേഹത്തിൻെറ നിവേശനം ഹൃദയത്തെ ശുദ്ധീകരിക്കയും സൃഷ്ടവസ്തുക്കളോട്ടുള്ള സ്നേഹം അതിനെ ദുഷിപ്പിക്കയും ചെയ്യുന്നു. സജീവ വിശ്വാസവും സ്നേഹവും വഴി നിൻെറ ഹൃദയത്തെ യേശുവിന്നു വസിപ്പാൻ തക്ക ഒരു സ്വർഗ്ഗമാക്കി തീക്കുവാൻ ശ്രമിക്കുക.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ സൗഭാഗ്യത്തിലും മഹത്വത്തിലും ദൈവത്തെ കാണും. വിശ്വാസപ്രകാശത്താൽ ഈ ജീവിതത്തിൽതന്നെ അവർ ദൈവത്തെ കാണുന്നുണ്ട്. ഒരു ചെറിയ പാപക്കറ മതി ഈ ദർശനത്തെ നഷ്ടപ്പെടുത്തുവാൻ. അനുതാപക്കണ്ണുനീർകൊണ്ട് ആ കറ തുടച്ചുമാററുന്നതുവരെ ആ ദർശനം നഷ്ടപ്പെട്ട സ്ഥിതിയിൽ തന്നേയിരിക്കും. ദൈവദർശനത്തിനായുള്ള തീവ്രമായ ആഗ്രഹം നിന്നിൽ എരിഞ്ഞു കൊണ്ടിരിക്കണം. ഞാൻ ലജ്ജിതനാകാതിരിക്കേണ്ടതിന് എൻെറ ഹൃദയം അങ്ങയുടെ കല്പനകൾ അനുസരിക്കട്ടെ. ഈ ലോകത്തിലെയും വരുവാനിരിക്കുന്ന ലോകത്തിലെയും പരമ സൗഭാഗ്യം ദൈവത്തെപ്പോലെ ആയിരിക്കുന്നതാണ്. ഹൃദയവിശുദ്ധി പാലിപ്പാൻ നീ ഉത്സാഹപൂർവ്വം ശ്രമിക്കുന്ന പക്ഷം ദൈവിക സൗന്ദര്യത്തിൻെറ പ്രഭാപൂരം നിൻെറ ആത്മാവിൽ ഓളം വെട്ടും. ഹൃദയനൈർമ്മല്യം ദൈവികസൗന്ദര്യത്തെ പ്രതിബിംബിക്കുന്ന കണ്ണാടിയാണ്. നിന്നെത്തന്നെ പരിശോധിക്കുക. ക്രമരഹിതമായ വികാരങ്ങൾ, ആകുലചിന്തകൾ, കടിഞ്ഞാണിടാത്ത വിചാരങ്ങൾ, ആസക്തികൾ ഇവയല്ലേ, ദൈവിക പ്രതിഛായയെക്കാൾ കൂടുതലായി നിന്നിൽ പതിഞ്ഞിരിക്കുന്നത്.

## ധ്യാനം 238

### പെന്തിക്കൊസ്തിക്കു ശേഷം പതിനൊന്നാംവാരം–ശനിയാഴ്ച

### ഏഴാമത്തെ ഭാഗ്യം

സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിൻെറ പുത്രന്മാരെന്നു വിളിക്കപ്പെടും. (മത്താ. 5:9) സമാധാനം ദൈവത്തിൻെറ അനുഗ്രഹമാകുന്നു. അത് ദൈവസ്വഭാവത്തിൽ നമ്മെ പങ്കുകാരാക്കുന്നു. നിനക്കു സമാധാനം ലഭിക്കണമെങ്കിൽ ദൈവത്തിനും നിനക്കും മദ്ധ്യേ നീ വരുത്തിയ വൈരക്കേട് നിർമാജ്ജനം ചെയ്യണം. അതായത് പാപത്തെ നീക്കിക്കളയുകയും വരപ്രസാദദാനം പുനസ്ഥാപിക്കയും ചെയ്യണം. സമാധാന സംരക്ഷണത്തിനു് ആവശ്യമായ സ്നേഹം, എളിമ, സൗമ്യത, മുതലായവ പാലിക്കാൻ ശ്രമിക്കുക. ഭക്ഷണത്തിലും പാനീയങ്ങളിലും അല്ല പ്രത്യുത നീതിയിലും സമാധാനത്തിലും പരിശുദ്ധാത്മാവിൻെറ സന്തോ

www.malankaralibrary.com

ഷത്തിലുമത്രെ ദൈവരാജ്യം സ്ഥിതിചെയ്യുന്നത്. ഇപ്രകാരം മ്ശിഹായെ സ്നേഹിക്കുന്നവർ ദൈവത്തിനു് ഇഷ്ടപ്പെട്ടുന്നു. മനുഷ്യർക്കു സ്വീകാര്യനുമാണു്. (റോമ 14:17,18)

സമാധാനം നടത്തുന്നവർ......ദൈവത്തിൻെറ പുത്രന്മാരെന്നു വിളിക്കപ്പെട്ടും. ദൈവാത്മാവിനാൽ നയിക്കപ്പെട്ടുന്നവരാകുന്നു ദൈവത്തിൻെറ മക്കൾ. അവർ നിരന്തരം അഭ്യസിക്കുന്ന സ്നേഹം അവരിലുള്ള പരിശുദ്ധാത്മാവിൻെറ അടയാളമാകുന്നു. യേശുമ്ശിഹാ തൻെറ വിലയേറിയ രക്തം നല്കി നമുക്കു സമാധാനം സമ്പാദിച്ചുതന്നു. അങ്ങിൽകൂടെ പിതാവിങ്കലേക്കു നമുക്കു പ്രവേശനം ഉണ്ടു്. യേശു സൗജന്യമായി നമുക്കു നല്കിയ സമാധാനം കാത്തുകൊള്ളുവാൻ നമുക്കു കടമയുണ്ടു്. സഹോദരന്മാരുടെ ഇടയിൽ അതിനെ സിമിന്റിട്ടുറപ്പിക്കുന്നതിനു് സകല ശ്രമവും നാം ചെയ്യണം. സമാധാനം നടത്തുന്നവർ ദൈവത്തിൻെറ പുത്രന്മാരെന്നു വിളിക്കപ്പെട്ടും. കാരണം അവരാകുന്നു അവിട്ടത്തെ അവകാശികൾ. ദൈവാനുഗ്രഹം കഴിഞ്ഞാൽ ഏററം കൂട്ടതൽ എല്ലാവരും ആഗ്രഹിക്കുന്നത് സമാധാനമാണു്. സർവ്വഥാ ഭാവനാതീതമായ ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സിനെയും യേശുമിശിഹായിൽ സംരക്ഷിച്ചുകൊള്ളും. ദൈവത്തോടു സമാധാനപ്പെട്ടിരിക്കുന്ന ഒരുവനു് മനുഷ്യരിൽനിന്നുള്ള യാതൊരു തിന്മയും ഭയപ്പെട്ടവാനില്ല. അതിനെ സംരക്ഷിക്കാൻ സകലവും പരിത്യജിക്കാൻ സന്നദ്ധനായിരിക്കുക. അത് ഇപ്പോഴും നിത്യകാലത്തേക്കും നിന്നെ സൗഭാഗ്യവാനാക്കും.

## ധ്യാനം 239

### പെന്തിക്കൊസ്തിക്കു ശേഷം പന്ത്രണ്ടാം ഞായറാഴ്ച

### എട്ടാമത്തെ സൗഭാഗ്യം

നീതിനിമിത്തം പീഡിപ്പിക്കപ്പെട്ടുന്നവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. (മത്താ. 5:10) എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കയും മർദ്ദിക്കയും വ്യാജമായി എല്ലാ തിന്മകളും നിങ്ങളുടെ മേൽ ആരോപിക്കയും ചെയ്യുമ്പോൾ നിങ്ങൾ അനുഗ്രഹീതരാകുന്നു. അപ്പോൾ നിങ്ങൾ ആഹ്ലാദിച്ചുകൊള്ളുവിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾ നന്മ ചെയ്തിട്ടു് കഷ്ടതയനുഭവിക്കയാണെങ്കിൽ അത് ദൈവത്തിനു പ്രസാദകരമായിരിക്കും. അതിനായിട്ടാണല്ലോ ദൈവം നിങ്ങളെ വിളിച്ചിരിക്കുന്നത്. (1 പത്രോ. 2:20,21) യേശുവിനെ യഥാർത്ഥമായി സ്നേഹിക്കുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനേക്കാൾ കൂട്ടതലായി അവിട്ടത്തെപ്രതി കഷ്ടതയനുഭവിക്കാൻ ഇഷ്ടപ്പെട്ടും. യേശുവിൻെറ നാമത്തെപ്രതി അവമാനം സഹിക്കാൻ യോഗ്യനായതിനെപ്പററി അപ്പസ്തലന്മാർ സന്തോഷിക്കയാണല്ലോ ചെയ്തത്.

www.malankaralibrary.com

യേശുവിനെ അനുകരിച്ച് പീഡകൾ സഹിക്കുന്നതും അവിട്ടത്തെ കുരിശിൽ പങ്കാളികളാകുന്നതും വലിയ ഭാഗ്യമാണ്. ക്രിസ്തുവിൻെറ പീഡകളിൽ നീ പങ്കാളിയാകുന്നെങ്കിൽ സന്തോഷിക്കുക. (1 പത്രോ. 4:13) യേശുമിശിഹായുടെ അടയാളങ്ങൾ ഞാൻ എൻെറ ശരീരത്തിൽ വഹിക്കുന്നു. (ഗലാ. 6:17) എന്നു് വി. പൗലോസിനോടുകൂടെ നമുക്കും പറയാം. യേശുമിശിഹായുടെ കുരിശിനെ അനുഗമിക്കുമ്പോൾ അവിട്ടത്തെ മാത്രമല്ല പിന്നെയോ രക്തസാക്ഷികളോടൊരു വലിയ സൈന്യത്തെയാണ് നാം അനുഗമിക്കുന്നത്. നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ അനുഗമിക്കും. (ലൂ. 6:57) എന്നതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം.

ദൈവം നിന്നെ കഷ്ടതയുടെ തീച്ചൂളയിൽ ശോധന ചെയ്യുന്നുവെങ്കിൽ നീ അധൈര്യപ്പെടേണ്ട. മ്ശിഹായുടെ കഷ്ടതകളിൽ പങ്കുകാരനാകുന്നതിൽ സന്തോഷിക്കുക. അവിട്ടത്തെ മഹത്വം പ്രത്യക്ഷപ്പെടുമ്പോൾ നിങ്ങൾ കൂടുതൽ ആനന്ദിക്കും. (1 പത്രോ. 4:13) കഠിനമായി എന്തെങ്കിലും സഹിക്കേണ്ടിവരുമ്പോൾ യേശുവിനെ പ്രതിയാണു സഹിക്കുന്നതെന്നും തൻെറ പരിശുദ്ധ രക്തത്താൽ അവിട്ടന്നു കുരിശിനെ ബഹുമാനപാത്രമാക്കിയെന്നും സ്മരിക്കുക. കുരിശിൻെറ ഭാരം നിന്നെ ഞെരുക്കുന്നു എങ്കിൽ പറയുക. എൻെറ ഗുരുവിൻെറ കഷ്ടപ്പാടുകളാൽ പവിത്രീകൃതമാക്കപ്പെട്ട നല്ല കുരിശേ, നീ എനിക്ക് എത്രയോ പ്രിയപ്പെട്ടതും വിലയുള്ളതുമാകുന്നു. എത്ര അധികം നീ സഹിക്കുന്നുവോ അത്ര അധികമായിരിക്കും അതിനു ലഭിക്കുന്ന പ്രതിഫലവും.

## ധ്യാനം 240

### പെന്തിക്കോസ്തിക്കു ശേഷമുള്ള പന്ത്രണ്ടാം വാരം—തിങ്കളാഴ്ച

### ലോകപ്രകാരം ഭാഗ്യവാന്മാരായിരിക്കുന്നവരോട് യേശു ഉച്ചരിക്കുന്ന ശാപവും.

ധനവാന്മാരേ, നിങ്ങൾക്ക് ഹാ! കഷ്ടം എന്തെന്നാൽ നിങ്ങളുടെ ആശ്വാസം നിങ്ങൾ പ്രാപിച്ചുകഴിഞ്ഞു. (മത്താ. 6:24) യേശുവിൽ ദരിദ്രരായവർ ലോകത്തിലെ ധനവാന്മാരെപ്പററി അസൂയപ്പെടാതെ സ്വത്തുക്കളുടെ അപകടത്തിൽനിന്നു തങ്ങളെ രക്ഷിച്ചതിൽ ദൈവം കാണിച്ച കരുണയെ വാഴ്ത്തുകയത്രെ വേണ്ടത്. ധനം അതിൽതന്നേ തിന്മയല്ല. നമ്മുടെ കർത്താവു് ശപിക്കുന്നത് അതിൻെറ ദുരുപയോഗത്തെ ആണ്. ധനത്തിൻെറ കെണിയിൽനിന്നു നാം രക്ഷപെടണം.

ഇപ്പോൾ ചിരിക്കുന്നവരായ നിങ്ങൾക്കു ദുരിതം. എന്തെന്നാൽ നിങ്ങൾ ദുഃഖിച്ചു കരയും, (ലൂ. 6:25) ലോകസന്തോഷം ഭൗമികാനന്ദങ്ങളിൽ നിന്നാണുണ്ടാകുന്നത്. ക്രിസ്ത്യാനിയുടെ സന്തോഷമോ മനസ്സാക്ഷിയുടെ സാക്ഷ്യത്തിൽ നിന്നായിരിക്കണം. യഥാർത്ഥത്തിൽ ദുഃഖം കാരണമായിരിക്കുന്നതിനെപ്പററി സന്തോഷിക്കുന്നവർ

www.malankaralibrary.com

മുള്ളുകളെ സന്തോഷങ്ങളായി തെററിധരിക്കയാണ്. യാഥാത്ഥ്യം വെളിപ്പെട്ടപ്പോൾ അവർ കൂടുതൽ ദുഃഖിക്കും. ദൈവത്തെ നിരന്തരം ദ്രോഹിക്കുന്ന പാപങ്ങളുടെ മദ്ധ്യേ ജീവിക്കുന്നിടത്തോളം വിശ്വാസികൾക്കു യഥാത്ഥ സന്തോഷം സാദ്ധ്യമല്ല. കത്താവിൽ സന്തോഷിക്കുക, എപ്പോഴും സന്തോഷിക്കുക (ഫിലിപ്പി. 4:4) എന്നുള്ള അപ്പോസ്തലൻെറ ഉപദേശത്തിൽ അടങ്ങിയിരിക്കുന്ന സന്തോഷം മാത്രമാണ് ഒരു ക്രിസ്ത്യാനിക്ക് ആശിക്കാവുന്നത്.

മനുഷ്യർ നിങ്ങളെ പുകഴ്ത്തി പറയുമ്പോൾ നിങ്ങൾക്കു ദുരിതം. എന്തുകൊണ്ടെന്നാൽ അവരുടെ പിതാക്കന്മാർ വ്യാജപ്രവാചകന്മാരെയും പ്രശംസിച്ചിട്ടുണ്ടല്ലോ (ലൂ. 6:26) സ്തുതിയേ ആഗ്രഹിക്കരുത്. സ്തുതി ദൈവത്തിനു മാത്രമുള്ളതാകുന്നു. സന്നിഹിതരല്ലാത്തവക്കുവേണ്ടി വാദിക്കാൻ പരസ്നേഹം നിബ്ബന്ധിക്കുമ്പോഴും മററുള്ളവരുടെ സൽപ്പേര് മതത്തിൻെറ പുരോഗതിക്കു നിദാനമാകുമ്പോഴും നീ ജീവിതം നന്നാക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരുടെ തെററുകൾ തിരുത്തുന്നതിന് കൂടുതൽ ഫലപ്രദമാകുമെന്നു കാണുമ്പോഴും മാത്രം അഹിക്കുന്നവരെ ആപൽശങ്ക കൂടാതെ പ്രശംസിക്കാം. അതുതന്നെയും വേണ്ടപോലെ നിവ്വഹിക്കുവാൻ പരിശുദ്ധാത്മസഹായം അഭ്യത്ഥിക്കണം. രാജകീയ ദീഘദശിയെപ്പോലെ "വാക്കുകളിൽ തെററിപ്പോകാതിരിക്കേണ്ടതിനു വായ്ക്ക് ഒരു കാവല്ക്കാരനെ നിയമിക്കണമെന്നു" പ്രാത്ഥിക്കുക.

## ധ്യാനം 241

### പെന്തിക്കൊസ്തിക്കു ശേഷം പന്ത്രണ്ടാംവാരം—ചൊവ്വാഴ്ച

### നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു

നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. (മത്താ. 5:13) ഉപ്പു നല്ലതാകുന്നു (മക്കോ. 9:49) മനുഷ്യസ്വഭാവം പുണ്യത്തിൻെറ മാധുര്യം നഷ്ടപ്പെടുത്തിക്കളഞ്ഞു. സുവിശേഷോപദേശങ്ങളുടെ ഉപ്പ് അതിനെ മധുരതരവും ആസ്വാദ്യകരവും ആക്കിതീക്കുന്നു. മനുഷ്യപുത്രൻ അപ്പസ്തോലന്മാർവഴി കുരിശിൻെറ ജ്ഞാനം മനുഷ്യവഗ്ഗത്തെ പഠിപ്പിച്ചു. മനുഷ്യഹൃദയത്തെ മലീമസമാക്കുന്ന എല്ലാററിൽനിന്നും മനുഷ്യരെ ശുദ്ധീകരിക്കുന്നതു് അപ്പസ്തലന്മാരുടെ ഉപദേശമത്രേ. അവരുടെ ജോലി തുടരാനാണ് നിന്നെ വിളിച്ചിരിക്കുന്നതു്.

ഉപ്പിൻെറ ഉറ കെട്ടുപോയാൽ എന്തുകൊണ്ടു് അതിനു് ഉറ കൂട്ടും. പുറത്തേക്കു് എറിയപ്പെട്ടു് മനുഷ്യരാൽ ചവിട്ടപ്പെടുവാനല്ലാതെ മറെറാന്നിനും അതുപകരിക്കയില്ല. (മത്താ. 5:13) ആത്മാക്കളെ മാനസാന്തരപ്പെടുത്തുവാൻ വിളിക്കപ്പെട്ടവർ വിശ്വാസാത്രുപി നഷ്ടമാക്കി, സ്നേഹതീഷ്ണതയിൽനിന്നു വീണുപോയാൽ അവർ കേവലം പ്രയോജനരഹിതരാണ്. ദൈവമഹത്വത്തെ പററിയുള്ള ശുഷ്ക്കാന്തിയാൽ

www.malankaralibrary.com

ഏരിയുന്ന ഒരു ദൈവദാസൻ അനേകായിരത്തെ മാനസാന്തരപ്പെടുത്തുവാൻ കഴിവുററവനാണ്. അയല്ക്കാരനു നീ പ്രയോജനപ്പെടണമെങ്കിൽ നിൻെറ ശുദ്ധീകരണത്തിനു സവ്വാത്മനാ പരിശ്രമിക്കണം. മററുള്ളവരുടെ ആത്മരക്ഷയ്ക്കുവേണ്ടി അദ്ധ്വാനിക്കുമ്പോൾ നീതന്നെ ബഹിഷ്കൃതനാകാതിരിക്കാൻവേണ്ടി പ്രാത്ഥിക്കുക.

നിങ്ങളിൽ ഉപ്പുണ്ടായിരിക്കട്ടെ. പരസ്പരം സമാധാനത്തോടെ വത്തിപ്പിൻ. അതായതു് മററുള്ളവരെ ദൈവത്തിങ്കലേക്കു നയിക്കുന്നതിനു മുമ്പായി നിങ്ങളിൽ സ്നേഹത്തിൻെറ അരുപി ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ നിൻെറ ത്യാഗങ്ങൾ ദൈവസന്നിധിയിൽ പ്രീതികരമാകൂ. നിങ്ങളുടെ സംഭാഷണം ആകഷകമായിരിക്കണം. ഉപ്പുചേത്തു രുചികരമാക്കണം. എല്ലാവരോടും യുക്തംപോലെ മറുപടി പറയാൻ അറിഞ്ഞിരിക്കയും വേണം. (കോലേ. 4:6)

## ധ്യാനം 242

### പെന്തിക്കോസ്തിക്കുശേഷം പന്ത്രണ്ടാം വാരം–ബുധനാഴ്ച

### നിങ്ങൾ ലോകത്തിൻെറ വെളിച്ചമാകുന്നു

നിങ്ങൾ ലോകത്തിൻെറ വെളിച്ചമാകുന്നു (മത്താ.5:14)ദൈവികകാര്യങ്ങളെപററി സംസാരിച്ചതുകൊണ്ടായില്ല. അതിനേക്കാൾ ആവശ്യം സന്മാതൃകയുടെ വെളിച്ചമാണ്. ആത്മാക്കളെ രക്ഷിപ്പാൻവേണ്ടി അവക്കു സ്വഗ്ഗത്തിലേക്കുള്ള വഴി കാണിച്ചു കൊടുത്താൽ പോരാ. നല്ല ഇടയനെപ്പോലെ അന്വേഷിച്ചുപോകയും അവരെ തോളിൽ വഹിച്ചു കൊണ്ടുപോകയും വേണം. നീതിമാന്മാർ തെരഞ്ഞെടുക്കപ്പെട്ട ഒരു ലോകമാകുന്നു. നീതിമാന്മാരുടെ പുണ്യങ്ങൾ സ്നേഹാഗ്നിയാൽ കത്തിക്കപ്പെട്ട കനൽകണക്കെ മന്ദഭക്തരെ ജ്വലിപ്പിക്കും. നിന്നെപ്പോലെ ബലഹീനരായ മററനേകർ ചെയ്തതു് എന്തുകൊണ്ടു നിനക്കു ചെയ്തുകൂടാ. അന്ത്യനാളുകളിൽ നിൻെറ അപരാധങ്ങൾക്കു ഒരു നീതീകരണവും കാണുകയില്ല. പുണ്യാഭ്യാസനത്തിലുള്ള നിൻെറ മാതൃകയാകട്ടെ മററനേകരെ ദൈവസേവനത്തിനു പ്രേരിപ്പിക്കും.

ബോധജ്ഞാനമായ ദൈവമഹത്വത്തെയും സ്നേഹാരൂപിയായ പരിശുദ്ധാത്മാവിനെയും ദൈവം നമുക്കായി അയച്ചുതന്നു. ദൈവപുത്രൻ പുണ്യപൂണ്ണതയെകുറിച്ചുള്ള ജ്ഞാനവും, പരിശുദ്ധാത്മാവ് അതു് അഭ്യസിക്കുന്നതിനുള്ള സൗകര്യവും പ്രദാനം ചെയ്തു. പ്രസിദ്ധവാഗ്മികളുടെ വാഗ്‌വിലാസമോ വേദശാസ്ത്രികളുടെ ജ്ഞാനമോ ഒന്നും ഒരൊററ സൽപ്രവൃത്തിക്കൊപ്പം ഫലപ്രദമാകയില്ല. ആകയാൽ മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികളെ കണ്ടു് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്താ. 5:16) ആകയാൽ വാക്കിലും പ്രവൃത്തിയിലും സ്നേഹത്തിലും വിശ്വാസത്തിലും ശുദ്ധതയിലും താങ്കൾ വിശ്വാസികൾക്കു മാതൃകയായിരിക്കണം. (1. തിമോ. 4:12)

www.malankaralibrary.com

## ധ്യാനം 243

### പെന്തിക്കൊസ്തിക്കു ശേഷം പന്ത്രണ്ടാം വാരം–വ്യാഴാഴ്ച

### ന്യായപ്രമാണം നിവർത്തിക്കാനാണ് ഞാൻ വന്നിരിക്കുന്നത്.

നിയമങ്ങളെയോ പ്രവാചകന്മാരെയോ ഇല്ലാതാക്കാനാണ് ഞാൻ വന്നിരിക്കുന്നത് എന്നു വിചാരിക്കേണ്ട. ഇല്ലാതാക്കാനല്ല, പൂർണ്ണമാക്കാനാണ് ഞാൻ വന്നിരിക്കുന്നത്. (മത്താ. 5:17) പഴയനിയമ ബലികളെല്ലാം കുരിശിലെ ബലിയുടെ മുൻകുറികളായിരുന്നു. കുരിശിലെ ബലിയിൽ മറ്റെല്ലാ ബലികളും നിറവേറി. നിന്നെപ്രതി കുരിശിലെ മരണത്തോളം തന്നത്താൻ താഴ്ത്തിയ യേശുവിനുവേണ്ടി നിന്നെത്തന്നെ ദഹനബലിയായി അർപ്പിക്കാൻ തയ്യാറാണോ?

ന്യായപ്രമാണപ്രകാരമുള്ള കർമ്മാനുഷ്ഠാനങ്ങൾ ഈശോയുടെ പുണ്യയോഗ്യതകളോടു യോജിപ്പിച്ചെങ്കിൽ മാത്രമേ "പഴയ ആദം" നഷ്ടപ്പെടുത്തിയ ദൈവികജീവൻ പുനഃസ്ഥാപിക്കാൻ സാദ്ധ്യമാകയുള്ളൂ. കൃപാവരത്തിന്റെ സജീവ ഉറവകളായ കൂദാശകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് യേശുവിനുള്ളവനായി ജീവിക്കണം.

ഏററം കർക്കശമായ കല്പനകളും നിറവേററിക്കൊണ്ടു ന്യായപ്രമാണം നിറവേററുവാനാണ് യേശു വന്നത്. ആവശ്യപ്പെടുന്നതിൽ കൂടുതൽ നിർവ്വഹിച്ചുകൊണ്ട് പരിപൂർണ്ണ അനുസരണമാതൃക അവിടുന്നു കാണിച്ചുകൊടുക്കുന്നു. അപ്പോൾ ഞാൻ പറഞ്ഞു ഇതാ ഞാൻ വരുന്നു. പുസ്തകച്ചുരുളുകളിൽ എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നു. ദൈവമേ അങ്ങയുടെ ഇഷ്ടം നിറവേററുന്നതാണ് എന്റെ സന്തോഷം. അങ്ങയുടെ നിയമം എന്റെ ഹൃദയാന്തർഭാഗങ്ങളിലുണ്ട്. (സങ്കീ. 39:8,9) അവിടുത്തെ പിന്നടികളിലാണോ നീ നടക്കുന്നത്. എങ്കിൽ അവിടുന്നു തന്നെയായിരിക്കും നിന്റെ നിത്യപ്രതിഫലം.

## ധ്യാനം 244

### പെന്തിക്കൊസ്തിക്കുശേഷം പന്ത്രണ്ടാംവാരം–വെള്ളിയാഴ്ച

### ചെറിയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിലുള്ള വിശ്വസ്തത

"ആകയാൽ ഈ കല്പനകളിലൊന്നിനെ, അതെത്ര ചെറുതായാലും ലംഘിക്കയോ ലംഘിക്കാൻ മററുള്ളവരെ പഠിപ്പിക്കയോ ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്ത് ഏററം താഴ്ന്നവനായി ഗണിക്കപ്പെടും. (മത്താ. 5:19) ദൈവസേവനത്തിൽ നിസ്സാരമായി യാതൊന്നുമില്ല. ചെറിയ കാര്യങ്ങളെ നിന്ദിക്കുന്നവൻ അല്പാല്പമായി അധഃപതിക്കും. ചെറിയ കുററങ്ങളെ അവഗണിക്കുന്നവൻ അറിയാതെ വലിയ കുററ

www.malankaralibrary.com

ങ്ങളിൽ വീണുപോയേക്കും. ഈ കുററങ്ങൾ നമ്മുടെ വികാരങ്ങളെ ശക്തിപ്പെടുത്തുകയും മനസ്സിൻെറ ചൈതന്യത്തെ ദുർബ്ബലമാക്കുകയും ദൈവകൃപയുടെ വ്യാപാരത്തെ തടസ്സപ്പെടുത്തുകയും ചെയ്യും. ആരും നിമിഷംകൊണ്ടു പുണ്യപൂർണ്ണത പ്രാപിക്കുന്നില്ല. ചെറിയ പുണ്യങ്ങളുടെ അഭ്യസനംകൊണ്ട് വീരോചിതമായതിലേക്കു കടക്കുകയാണ്. ചെറിയ കാര്യങ്ങളിൽ തന്നത്താൻ ജയിക്കാത്തവന് വലിയ കാര്യങ്ങളിൽ അതിന് എങ്ങനെ ശക്തിയുണ്ടാകും.

എത്ര പ്രധാന പ്രവൃത്തിയായാലും ദൈവമഹത്വത്തിനായി ചെയ്യുമ്പോൾ ദൈവം അതിനെ അംഗീകരിക്കയും ഉദാരപൂർവ്വംപ്രതി സമ്മാനിക്കുകയും ചെയ്യും. അവിടുത്തെ അതിരററ സ്നേഹം ദാനത്തിൻെറ വില കണക്കാക്കാതെ അപ്പകൻെറ ഹൃദയത്തെ മാത്രം പരിഗണിക്കുന്നു. ഒരു ദീർഘവിശ്വാസം ഒരു നല്ല വിചാരം, ഒരു ചെറിയ ഇന്ദ്രിയനിഗ്രഹം ഇവ അപ്പകൻെറ ഹൃദയത്തിൽനിന്നു വരുന്നതാണെങ്കിൽ ധാരാളം മതി യേശുവിനെ തൃപ്തിപ്പെടുത്തുവാൻ.

ആകാശവും ഭൂമിയും ഉള്ളിടത്തോളം കാലം സകലവും നിവൃത്തിയാകുവോളം നിയമത്തിൽനിന്നു വള്ളിപുള്ളി വ്യത്യാസം വരികയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു (മത്താ. 5:18) പ്രമാണങ്ങൾ ഏററം ചെറിയ വാക്കോ സാഹചര്യമോ വിടാതെ കൃത്യമായി പാലിക്കുന്നതിനുള്ള കൃപ നിനക്കുവേണ്ടി അവിടുന്നു സമ്പാദിച്ചുതന്നു. അങ്ങയുടെ ചട്ടങ്ങൾ അനുസരിക്കുവാൻ എൻെറ മാർഗ്ഗം ബലിഷ്ഠമായിരുന്നെങ്കിൽ.

## ധ്യാനം 245

### പെന്തിക്കൊസ്തിക്കു ശേഷം പന്ത്രണ്ടാംവാരം–ശനിയാഴ്ച

### പുണ്യപൂർണ്ണതക്കായി ശ്രമിക്കണം

സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പൂർണ്ണനായിരിക്കുന്ന പ്രകാരം നിങ്ങളും പൂർണ്ണരായിരിപ്പിൻ (മത്താ. 5:48) മരണകരമായ എല്ലാ പാപങ്ങളും കഴിയുന്നത്ര ലഘുപാപങ്ങളും വർജിച്ച് ദൈവത്തെ അനുകരിപ്പാൻ ക്രിസ്ത്യാനി കടപ്പെട്ടിരിക്കുന്നു. ആകയാൽ ദുർദ്ദിവസത്തിൽ ചെറുത്തുനില്പാനും സകല കാര്യങ്ങളിലും പൂർണ്ണ ഒരുക്കത്തോടിരിപ്പാനും വേണ്ടി ദൈവത്തിൻെറ പോർച്ചട്ട ധരിച്ചു കൊള്ളുവിൻ. ഒരു ക്രിസ്ത്യാനി പ്രവൃത്തിയിലും പരിജ്ഞാനത്തിലും സ്നേഹത്തിലും അവൻെറ ആശാകേന്ദ്രമായ ദൈവത്തോടു സംയോജിച്ചിരിക്കണം. ഈ ദൈവവിളിയോടും നീ എത്രമാത്രം സഹകരിക്കുന്നു.

വി. മാമോദീസായാൽതന്നെ ഒരു ക്രിസ്ത്യാനി പുണ്യപൂർണ്ണതക്കായി ശ്രമിക്കാൻ ബാധ്യസ്ഥനാണ്. ആ കൂദാശ അവനെ യേശുവിൻെറ മൗതികശരീരത്തിലെ ഒരംഗം–അവിടുത്തെ അരൂപിയാൽ ഉ

www.malankaralibrary.com

ത്തേജിക്കപ്പെടുന്ന ഒരംഗം-ആക്കിതീർത്ത് അവിടുത്തോടു ഐക്യപ്പെടുത്തുന്നു. ഈശോയുടെ അരൂപി നിരന്തരം പൂർണ്ണതക്കായി ശ്രമിക്കാൻ അവനെ പ്രേരിപ്പിക്കുന്നു. വി. മാമോദീസായാൽ ആദ്ധ്യാത്മിക ജീവനിലേക്ക് അവനെ പുനർജീവിപ്പിക്കുന്നു. വി. മൂറോൻ അവനെ ക്രിസ്തുവിൻെറ ഒരു പടയാളിയാക്കുന്നു. ക്രൂശിതനായ യേശുവിൻെറ ദാസനായി പ്രത്യക്ഷപ്പെടുന്നതിനുള്ള ഭയത്തെയും ലജ്ജയെയും എതിരിട്ടു ജയിപ്പാനുള്ള ശക്തി ഇതിൽനിന്നും അവൻ പ്രാപിക്കുന്നു. അൾത്താരയിലെ പരിശുദ്ധ കുർബ്ബാനയും പൂർണ്ണതക്കായി ശ്രമിക്കാൻ ക്രിസ്ത്യാനിയെ കടപ്പെടുത്തുന്നു. സ്നേഹപീഠത്തിൽ നിന്നുകൊണ്ടു് യേശു എല്ലാ ക്രിസ്ത്യാനികളോടും പറയുന്നു നീ എന്നെ നിന്നിലേക്കു പരിവർത്തിക്കയല്ല, പിന്നെയോ ഞാൻ നിന്നെ എന്നിലേക്കു പരിവർത്തിക്കും. എളിമ, ശുഷ്കാന്തി, സ്നേഹം എന്നിവയിലെല്ലാം നീ വളർന്നുവരിക. എന്തെന്നാൽ ഞാൻ പരമ പരിശുദ്ധനാകുന്നു.

## ധ്യാനം 246

### പെന്തിക്കൊസ്തിക്കു ശേഷം പതിമൂന്നാം ഞായറാഴ്ച
### പരസ്നേഹത്തിനെതിരായ ചെറിയ പാപത്തെയും വിട്ടകലണം.

ഞാൻ നിങ്ങളോടു പറയുന്നു "സഹോദരനോടു കോപിക്കുന്ന ഏവനും ന്യായവിധിക്കു വിധേയനാകും. (മത്താ 5:22) കോപം ശരിയായി ചിന്തിപ്പാൻ അവനു് അപ്രാപ്തനാകുന്നു. അതു മനസ്സിനെ അസ്വസ്ഥമാക്കുയും ബുദ്ധിയെ അന്ധതപ്പെടുത്തുകയും ചെയ്യും. എല്ലാ മനുഷ്യരും കേൾപ്പാൻ ഉത്സുകരും സംസാരിക്കുന്നതിലും കോപിക്കുന്നതിലും മന്ദമായിരിക്കട്ടെ. മനുഷ്യൻെറ കോപം ദൈവത്തിൻെറ നീതി നടപ്പിൽ വരുത്തുകയില്ല. (യാക്കോ. 1:19,20) യേശുവിൻെറ തിരു ഹൃദയത്തിൽനിന്നു സൗമ്യതയും ശാന്തതയും പ്രാപിക്കണം.

സഹോദരനെ റാക്കാ എന്നു വിളിക്കുന്നവൻ യഹൂദസംഘത്തിൻെറ വിധിക്കു വിധേയനാകും (മത്താ.5:22) പരസ്നേഹത്തെ മുറിപ്പെടുത്തുന്നവൻ തൻെറ ഹൃദയത്തിൽനിന്നു് ദൈവത്തെ ബഹിഷ്കരിക്കുന്നു. അഥവാ തൻെറ പ്രതിഛായയിൽ അവിടുത്തെ അപമാനിക്കുന്നു. അതുമല്ലങ്കിൽ ജീവനെക്കാൾ താൻ സ്നേഹിക്കുന്ന ഭൗതിക ശരീരത്തിലെ ഒരവയവത്തെ ക്രൂരമായി തന്നിൽനിന്നും വലിച്ചു മാററിക്കളയുന്നു. ആകയാൽ നീ ബലിയർപ്പിക്കാനായി ബലിപീഠത്തിങ്കലേക്കു ചെല്ലുമ്പോൾ നിൻെറ ഒരു സഹോദരനു് നിന്നോടല്പം വെറുപ്പുണ്ടെന്നോർമ്മിക്കുന്ന പക്ഷം നിൻെറ കാഴ്ച ബലിപീഠത്തിങ്കൽ വച്ചിട്ടുപോയി നിൻെറ സഹോദരനോടു രമ്യപ്പെടുക. അതിൻെറ ശേഷം വന്നു് നിൻെറ കാഴ്ച അർപ്പിക്കുക. (മത്ത. 5:24,25) സഹോദരനെ ദ്വേഷിക്കുന്നവൻ തനിക്കുതന്നേ നാശം വരുത്തിവയ്ക്കുന്നു. അതിനാൽ തിന്മക്കുപകരം തിന്മ ചെയ്യാതിരിക്കുക. നിങ്ങളെ പീഡിപ്പിക്കുന്നവരെ ആശീർവ്വദിക്കുവിൻ. അവരെ ശപിക്കരുത്.

www.malankaralibrary.com

## ധ്യാനം 247

### പെന്തിക്കോസ്തിക്കു ശേഷം പതിമൂന്നാംവാരം—തിങ്കളാഴ്ച

### ശത്രുക്കളെ സ്നേഹിക്കുവിൻ

അയല്ക്കാരെ സ്നേഹിക്കുകയും ശത്രുക്കളെ വെറുക്കുകയും ചെയ്യു എന്നു പറയപ്പെട്ടിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു "നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ വെറുക്കുന്നവക്കു നന്മ ചെയ്യുവിൻ, നിങ്ങളെ പീഡിപ്പിക്കയും അധിക്ഷേപിക്കയും ചെയ്യുന്നവക്കുവേണ്ടി പ്രാത്ഥിക്കുവിൻ." (മത്താ. 5:43, 44) നാമെല്ലാവരും ഏററം സൗമ്യനും സ്നേഹനിധിയുമായ ഒരു പിതാവിന്റെ മക്കളാണല്ലോ. യേശുവിന്റെ സഹോദരർ എന്നും നാം വിളിക്കപ്പെടുന്നു. അവിടുത്തെ ദൈവിക സത്ത സ്നേഹിമാകുന്നു. ദൈവമക്കൾ ഒരിക്കല്യം വിദ്വേഷം വച്ചുകൊണ്ടിരിക്കരുത്. ശത്രുക്കളെ സ്നേഹിക്കണമെന്നു കല്പിക്കുന്ന യേശു നാം തന്റെ ശത്രുക്കളായിരിക്കവേ നമുക്കുവേണ്ടി മരിച്ച നമ്മുടെ കത്താവും ദൈവവുമാകുന്നു. നമ്മുടെ രക്ഷയെ അപകടത്തിലാക്കുന്ന പിശാചു കല്പിക്കുന്നു. നാം അനുസരിക്കുന്നു. സ്രഷ്ടാവും ശത്രുക്കളെ സ്നേഹിക്കണമെന്നു കല്പിക്കുമ്പോഴാകട്ടെ നാം അവഗണിക്കുന്നു. ശത്രുക്കളെ സ്നേഹിക്കണമെന്നു അവിടുന്നു കല്പിക്കുമ്പോൾതന്നെ അതു നിവ്വഹിക്കുന്നതിനുള്ള കൃപയും സമൃദ്ധിയായി അവിടുന്നു നല്കുന്നു. ഈ കൃപ ഫലരഹിതമായി തീരുന്നെങ്കിൽ അതു നിന്റെ ഹൃദയമൂർഖത ഒന്നുകൊണ്ടുമാത്രമാണ്. യേശു നമുക്കു കാണിച്ചുതന്നിട്ടുള്ള ജീവിതമാതൃകയെ നാം അനുകരിക്കണം. പിതാവെ ഇവർ ചെയ്യുന്നതെന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കണമെ. (ലൂ. 23:34) എന്നുള്ള അവിടുത്തെ പ്രാത്ഥനയെപ്പററി ചിന്തിക്കുക. യേശുവിന്റെ തിരുമുറിവിൽനിന്നുള്ള സ്വരം കേൾക്കുക. നിന്റെ സഹോദരനോടു ക്ഷമിക്കുക. എന്നെപ്രതി ഉപദ്രവം പൊറുക്കുക. അല്ല, പ്രതികാരം ചെയ്യണമെന്നാണു നീ ഉറച്ചിരിക്കുന്നതെങ്കിൽ നിന്നോടുള്ള സ്നേഹത്തെപ്രതി കുത്തിതുളയ്ക്കപ്പെട്ട ആ കൈകളെ അടിക്കുക. ആണികൾ എന്റെ മാംസത്തിൽ കൂടുതൽ ആഴത്തിൽ അടിച്ചു കയററുക. എന്റെ ജീവനെതന്നെയും എടുത്തുകളയുക. എന്നാലും നിന്റെ സഹോദരനോടു ക്ഷമിക്കുക.

## ധ്യാനം 248

### പെന്തിക്കോസ്തിക്കുശേഷം പതിമൂന്നാം വാരം—ചൊവ്വാഴ്ച

### സൽകൃത്യങ്ങളിൽ ശുദ്ധ നിയോഗമുണ്ടായിരിക്കണമെന്ന് ഈശോ പഠിപ്പിക്കുന്നു.

മനുഷ്യർ കാണുന്നതിനുവേണ്ടി അവരുടെ മുമ്പിൽ നന്മ ചെയ്യാതിരിപ്പാൻ ശ്രദ്ധിച്ചുകൊള്ളുവിൻ. അല്ലാത്തപക്ഷം സ്വർഗ്ഗസ്ഥപിതാ

www.malankaralibrary.com

വിൽനിന്നു് നിങ്ങൾക്കു പ്രതിഫലം ലഭിക്കയില്ല. (മത്താ. 6:1) പൂൎണ്ണതക്കായി ശ്രമിക്കുന്ന ആളുകളിൽപോലും ശുദ്ധനിയോഗം വിരളമാണ്. ശ്രേഷ്ഠാത്മാക്കളിൽ മാത്രമേ അതു കാണുകയുള്ളൂ. ശുദ്ധനിയോഗത്താൽ ദൈവത്തിങ്കലേക്കു തിരിഞ്ഞിരിക്കുന്ന ആൾ ദുരാശയാലോ പെട്ടെന്നുള്ള തോന്നലാലോ യാതൊന്നും ചെയ്യുകയില്ല. ദൈവമഹത്വം ഒഴിച്ചുള്ള എല്ലാ കാര്യങ്ങളിലും അയാൾ നിഷ്കാമനാണ്. സന്തോഷം, സന്താപം മുതലായവ ഹൃദയത്തിൽ ചലനം സൃഷ്ടിക്കാമെങ്കിലും ആത്മാവ് ദൈവത്തിൽ സ്ഥിരമായിരിക്കും. ഉൽകൃഷ്ടവിശുദ്ധന്മാരെ ഉളവാക്കുന്ന പുണ്യമാണ് നിയോഗശുദ്ധത. സകല സൃഷ്ടികൾക്കും ഉപരിയായി ദൈവത്തിൽ മാത്രം സ്ഥിരപ്പെട്ടിരിക്കുമ്പോഴാണ് ആത്മാവ് ഔൽകൃഷ്ട്യം പ്രാപിക്കുന്നതു്. ലോകത്തിലെ ഉന്നതസ്ഥാനങ്ങളിലേക്കു ഞാൻ നിങ്ങളെ ഉയൎത്തും (യേശു. 58:14) ദൈവപുത്രൻ നിയോഗശുദ്ധതയെ കണ്ണിനോടുപമിച്ചിരിക്കുന്നു. കണ്ണാണ് ശരീരത്തിന്റെ വിളക്ക്. നിന്റെ കണ്ണ് അന്യൂനമെങ്കിൽ ശരീരത്തിനു മുഴുവൻ പ്രകാശം ലഭിക്കും. (മത്താ. 6:22) ഉദ്ദേശ്യം ശുദ്ധമായിരിക്കയും പ്രവൃത്തി ഔദാര്യപൂൎവ്വം നിവൎത്തിക്കപ്പെടുകയും ചെയ്യുമ്പോൾ ആത്മാവ് സാക്ഷാത്തായ മഹിമ പ്രാപിക്കുന്നു. ദൈവത്തെ പ്രീതിപ്പെടുത്തുക എന്നതിനേക്കാൾ ശ്രേഷ്ഠമായ ഒരുദ്ദേശവും ഉണ്ടാകാനില്ല. മനസ്സിന്റെ ഒരുയൎത്തൽമൂലം ഏററം നിസ്സാരമായ പ്രവൃത്തിയെയും വിലയുള്ളതാക്കിതീൎക്കാം. നിന്റെ പ്രഥമവിചാരം ദൈവത്തിനൎപ്പിക്കുന്നത്, അതായത് ഉണൎന്നാലുടനെ ഹൃദയകവാടം ദൈവത്തിനു തുറന്നു കൊടുക്കുന്നത് അത്ര പ്രയാസമുള്ള കാര്യമല്ലല്ലോ. ഓരോ പ്രവൃത്തിയുടെയും ആരംഭത്തിൽ മനസ്സിനെ ഒന്നേകാഗ്രപ്പെടുത്തി യേശുവിന്റെ തിരുഹൃദയത്തോടു യോജിപ്പിക്കുക. ഓ! കൎത്താവേ അങ്ങേയ്ക്കുവേണ്ടി സമൎപ്പിക്കാൻ എനിക്ക് ഒരായിരം ജീവിതങ്ങളുണ്ടായിരുന്നെങ്കിൽ.

## ധ്യാനം 249

### പെന്തിക്കൊസ്തിക്കു ശേഷം പതിമൂന്നാംവാരം—ബുധനാഴ്ച ഈശോ പ്രാൎത്ഥനാരീതി പഠിപ്പിക്കുന്നു

ആകയാൽ നിങ്ങൾ ഇപ്രകാരം പ്രാൎത്ഥിക്കുവിൻ. (മത്താ. 6:9) നിനക്കു ജീവൻ പ്രദാനംചെയ്ത നിന്റെ സ്രഷ്ടാവു തന്നെയാണ് നിന്നെ പ്രാൎത്ഥിക്കാൻ പഠിപ്പിക്കുന്നത്. യേശുവിന്റെ തിരുവധരങ്ങളിൽനിന്നു് നിൎഗ്ഗളിച്ചിട്ടുള്ള സ്വൎഗ്ഗസ്ഥനായ പിതാവേ എന്നുള്ള പ്രാൎത്ഥനയേക്കാൾ ശ്രേഷ്ഠമായി മററൊരു പ്രാൎത്ഥനയാണുള്ളത്. കൂടുതൽ ഭയഭക്തിയോടെ ഈ പ്രാൎത്ഥന ചൊല്ലിക്കൊള്ളാമെന്നു നിശ്ചയിക്കുക. ദൈവത്തിൽനിന്നു നമുക്കു ലഭിക്കാവുന്ന എല്ലാ അനുഗ്രഹങ്ങളും ഈ പ്രാൎത്ഥനയിൽ അടങ്ങിയിട്ടുണ്ട്. ആദ്യത്തെ മൂന്നപേക്ഷകൾ നിത്യഭാഗ്യത്തിൽ ആഗ്രഹിക്കാവുന്നവയെല്ലാം അടക്കിക്കൊള്ളുന്നു. ഒടുവിലത്തെ നാലപേക്ഷകൾ നിത്യഭാഗ്യത്തെ സുനിശ്ചിതമാക്കാനുള്ള ഉപാ

www.malankaralibrary.com

ധികളാകുന്നു. എളിമ, ദാരിദ്ര്യം, അനുസരണം മൂലപാപങ്ങൾക്കെതിരായ മററു പുണ്യങ്ങൾ ഇവയുടെ മനോഭാവത്തോടെ വേണം ഈ പ്രാത്ഥന ചൊല്ലുന്നത്. അല്ലാത്തപക്ഷം കിട്ടിപ്പോയേക്കുമോ എന്നു ഭയപ്പെട്ടാണ് നീ ചോദിക്കുന്നത് എന്നു തോന്നിപ്പോകും. ഈ പ്രാത്ഥന ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ സംഗ്രഹമാണ്. നിന്റെ ആവശ്യങ്ങളെല്ലാം അറിയുന്ന ദൈവംതന്നെയാണ് നീ അവിടത്തോടു പ്രാത്ഥിക്കണമെന്ന് ആവശ്യപ്പെടുന്നത്. നീ നിന്നെത്തന്നെ താഴ്ത്തി അവിടുത്തോടു വിധേയത്വം പാലിക്കണമെന്നും അവിടുത്തെ കൂടെക്കൂടെ സ്മരിക്കണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു. പ്രാത്ഥനയിൽ നാവിനേക്കാൾ കൂടുതൽ സംസാരിക്കേണ്ടത് ഹൃദയമാണ്. ബുദ്ധിയുടെ ഏററം വിശിഷ്ടമായ ചിന്തനത്തെക്കാൾ ഫലപ്രദം തീഷ്ണമായ ആഗ്രഹവുമാകുന്നു.

## ധ്യാനം 250

### പെന്തിക്കൊസ്തിക്കുശേഷം പതിമൂന്നാം വാരം—വ്യാഴാഴ്ച

### കർതൃപ്രാർത്ഥനയുടെ മുഖവുര

ദൈവത്തെ സ്രഷ്ടാവെന്നോ കർത്താവെന്നോ വിളിക്കാതെ പിതാവേ, എന്നു വിളിക്കുന്നതിനു് യേശു നമ്മെ പഠിപ്പിക്കുന്നു. പിതാവ് എന്ന നാമം സ്നേഹത്തെ ദ്യോതിപ്പിക്കുന്നു. പിതാവിന് നമ്മോട് എത്രമാത്രം സ്നേഹമുണ്ടെന്നു നോക്കുവിൻ. അവിടുന്നു നമ്മെ മക്കളെന്നു വിളിച്ചു. നാം മക്കൾതന്നെ (I യോഹ. 3:1) ഈ ബഹുമതിക്ക് അനഹ്രരാകാതിരിപ്പാൻ കരുതി നാം ജീവിക്കണം. എന്റെ പിതാവേ, എന്നല്ല, ഞങ്ങളുടെ പിതാവേ എന്നാണ വിളിക്കുന്നതു. ഇതുവഴി എല്ലാവരെയും നമ്മുടെ പ്രാത്ഥനയിൽ ഉൾപ്പെടുത്തിക്കൊണ്ടു് പരസ്നേഹം പാലിപ്പാൻ യേശു നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ പ്രാത്ഥന പരസ്യവും എല്ലാവക്കും പൊതുവുമാകണമെന്ന് വി. സിപ്രിയാൻ പറയുന്നു. ഒരു പിതാവിന്റെ മക്കൾ എന്ന നിലയിൽ അന്യോന്യമുണ്ടായിരിക്കേണ്ട സമത്വത്തെയും ഇതു സൂചിപ്പിക്കുന്നു. ഈ പ്രാത്ഥന ചൊല്ലുമ്പോൾ നിത്യപിതാവിന്റെ ഏകപുത്രനായ യേശുമിശിഹായ്ക്കു കടപ്പെട്ടിരിക്കുന്ന ഭക്ത്യാദരവിനെക്കുറിച്ചും നാം ബോധവാന്മാരാകണം. അവിടുന്നു നമ്മെ അവിടുത്തെ സഹോദരന്മാരായും അവിടുത്തെ പിതാവിനെ നമ്മുടെ പിതാവായും അംഗീകരിച്ചിരിക്കുന്നുവല്ലോ...ഈ ലോകം പ്രവാസസ്ഥലമാണെന്നും ദൈവമക്കളുടെ ഓഹരിയായ സ്വഗ്ഗരാജ്യത്തിനു വേണ്ടിയാണ് നാം ആഗ്രഹിക്കേണ്ടതെന്നും സ്വഗ്ഗസ്ഥനായ പിതാവേ എന്നുള്ള പ്രാത്ഥന നമ്മെ പഠിപ്പിക്കുന്നു. ആകാശത്തിന്റെയും ഭൂമിയുടെയും നാഥനായ ദൈവത്തോടിടപെടുമ്പോൾ യാതൊരു വ്യത്ഥവിചാരവും നിന്റെ മനസ്സിൽ അനുവദിച്ചുകൂടാ. ഉത്തമഗീതത്തിലെ മണവാട്ടിയെപ്പോലെ നമുക്കും പറയാം. എന്റെ പ്രിയനെ ഞാൻ കണ്ടെത്തി. ഞാൻ അദ്ദേഹത്തെ കയറിപ്പിടിച്ചു. ഞാൻ അവനെ വിട്ടുകയുമില്ല (ഉത്തമ. 8:4)

www.malankaralibrary.com

## ധ്യാനം 251

### പെന്തിക്കൊസ്തിക്കു ശേഷം പതിമൂന്നാം വാരം–വെള്ളിയാഴ്ച

### കർത്തൃപ്രാർത്ഥനയിലെ ഒന്നാമത്തെ അപേക്ഷ

നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ (മത്താ.6:6) എല്ലാവരും ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും അവിടുത്തേക്കു പൂർണ്ണമായ ആരാധനയർപ്പിക്കുന്നതിനും ഇടയാകണമെന്നു നാം പ്രാർത്ഥിക്കുന്നു. അതാണല്ലോ നമ്മുടെ ജീവിതലക്ഷ്യം. ധനമോ സന്തോഷമോ ബഹുമാനമോ ഒന്നും ചോദിക്കാതെ അങ്ങിലേക്കു രൂപാന്തരപ്പെടുവാനും ദൈവത്തിന്റെ ഒരു പൈതലിനടുത്ത അരൂപി ലഭിപ്പാനും പ്രാർത്ഥിക്കുക.

പാപികൾ മാനസാന്തരപ്പെട്ട് അവിടുത്തെ ആദരിക്കാനിടയാകണം എന്നു നാം പ്രാർത്ഥിക്കുന്നു. സകല മനുഷ്യരും അങ്ങയുടെ നാമത്തെ ഭയപ്പെടുകയും സ്നേഹിക്കയും വേണം. ദൈവത്തിന്റെ തിരുനാമം നിന്നിലും ശുദ്ധീകരിക്കപ്പെടട്ടെ. നിന്റെ ആന്തരിക നയനങ്ങൾ സദാ സത്യവെളിച്ചമായ അങ്ങിലേക്കു തിരിഞ്ഞിരിക്കട്ടെ. എല്ലാ സ്ഥലത്തും എല്ലാപ്പോഴും അങ്ങയെ ധ്യാനിക്കുന്നതിനും എല്ലാ സംഭവങ്ങളും അങ്ങയുടെ തൃക്കരങ്ങളിൽനിന്നു വരുന്നതായി സ്വീകരിക്കുന്നതിനും ഇടയാകുവാൻ അപേക്ഷിക്കുക. സന്മാതൃകവഴി അങ്ങയുടെ തിരുമഹത്വം പ്രചരിക്കുന്നതിന് നിന്നെ ഒരുപകരണമാക്കണമെന്നു പ്രാർത്ഥിക്കുക. സന്മാതൃകവഴി ദൈവത്തെ മഹത്വപ്പെടുത്തുവാൻ സാധിക്കുമെന്നു വി: ക്രിസോസ്തോം പറയുന്നു. എന്റെ നാമത്തെപ്രതി എന്തെല്ലാം കഷ്ടതകൾ അനുഭവിക്കേണ്ടിവരുമെന്നു ഞാൻ അയാൾക്കു കാണിച്ചു കൊടുക്കും. (നടപടി 9:16) ക്ഷമയോടുകൂടിയ സഹനം സന്മാതൃകക്ക് ഉപകരിക്കും. ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുള്ള മറ്റൊരുപാധിയാണ് പ്രാർത്ഥന. നമുക്കു പ്രാർത്ഥിക്കാം. കർത്താവേ ഞാൻ പരിശുദ്ധനാകകൊണ്ട് നിങ്ങളും പരിശുദ്ധരായിരിപ്പിൻ' എന്നു "അവിടുന്നു അരുളിച്ചെയ്തിട്ടുണ്ടല്ലോ, എല്ലാ പാപക്കറകളിൽനിന്നും എന്നെ ശുദ്ധീകരിക്കണമെ. എന്റെ ബുദ്ധിയുടെ അന്ധകാരം നീക്കി അതിനെ പ്രകാശിപ്പിക്കണമെ. എന്നെ അങ്ങയുടെ സാന്നിദ്ധ്യത്തിന് അർഹനാക്കയും ചെയ്യണമെ.

## ധ്യാനം 252

### പെന്തിക്കൊസ്തിക്കുശേഷം പതിമൂന്നാം വാരം–ശനിയാഴ്ച

### കർത്തൃപ്രാർത്ഥനയിലെ രണ്ടാം അപേക്ഷ

അങ്ങയുടെ രാജ്യം വരണമെ. (മത്താ. 6:10) സകല ഹൃദയങ്ങളെയും സ്നേഹംവഴി ദൈവം ഭരിക്കണമെന്ന് ഈ അപേക്ഷവഴ

www.malankaralibrary.com

പ്രാർത്ഥിക്കുന്നു. ആത്മാവിനെ ദൈവനിയമത്തിനു വിധേയമാക്കിക്കൊണ്ടും, നീതിയും സമാധാനവും സന്തോഷവും അതിനു പ്രദാനം ചെയ്തുകൊണ്ടും ദൈവം അതിൽ ഭരണം നടത്തുന്നു. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക. ഇതാകുന്നു ലോകത്തെ ജയിക്കുന്ന നമ്മുടെ വിശ്വാസം. (1 യോഹ. 5:4) നിയമം കല്പിക്കുന്നു. വിശ്വാസം കരസ്ഥമാക്കുന്നു. സ്നേഹത്താൽ ഉദ്ദീപിക്കപ്പെട്ടപ്പോൾ അത് ദൈവകൃപയെ ആകർഷിച്ചു വരുത്തുന്നു. ആ സ്നേഹം യേശുവിന്റെ നുകത്തെ മധുരതരവും ലഘുവുമാക്കും.

ഈ പ്രാർത്ഥനയിൽ ആത്മാവും ദൈവവുമായുള്ള മുഖാഭിമുഖദർശനത്തിനായി നാം പ്രാർത്ഥിക്കുന്നു. പുണ്യവാന്മാരിൽ ദൈവം ഭരണം നടത്തുന്നതു് മുഖാഭിമുഖദർശനം വഴിയായിട്ടാണല്ലോ. നമ്മുടെ ജീവിതലക്ഷ്യമായ സ്വർഗ്ഗത്തിൽ ചെന്നെത്തുന്നതോടെ വിശ്വാസം വഴിയുള്ള ഭരണം അവസാനിക്കും. ദൈവത്തിന്റെ ഭരണം നിന്നിൽ സ്ഥാപിച്ചുകഴിഞ്ഞാൽ നീ ഭാഗ്യവാനായി. ഈ അപേക്ഷയിൽ ദൈവത്തിന്റെ നീതിയുടെ ഭരണം വരണമെന്നും നാം അപേക്ഷിക്കുന്നു. നീതിമാന്മാർക്കും പാപികൾക്കും അവരവർക്കു യോഗ്യമായ പ്രതിഫലം കൊടുത്തശേഷം സുസ്ഥിരമായ സമാധാനത്തിൽ ദൈവം നിത്യകാലം ഭരിക്കാൻ ഇടയാകണമെന്നും പ്രാർത്ഥിക്കുന്നു. അവിടുത്തെ വരവിനെ ഏതുവിധം സ്വാഗതം ചെയ്യണമെന്നു തീരുമാനിക്കേണ്ടതു നീ തന്നെയാണ്. കഠിനഹൃദയർക്ക് അത് ഭീതിജനകവും സ്നേഹമുള്ളവർക്ക് അതു മധുരതരവുമാകുന്നു.

## ധ്യാനം 253

## പെന്തിക്കൊസ്തിക്കു ശേഷം പതിനാലാം ഞായറാഴ്ച കർതൃപ്രാർത്ഥനയിലെ മൂന്നാം അപേക്ഷ

അങ്ങയുടെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. (മത്താ. 6:11) ദൈവതിരുവിഷ്ടം അറിയാനുള്ള പ്രകാശത്തിനായി നാം പ്രാർത്ഥിക്കുന്നു. അന്ധകാരനിബിഡമായ ഈ സ്ഥലത്ത് നമ്മെ നടത്തുന്നതിനുള്ള ദിവ്യപ്രകാശമാണ് ദൈവപ്രമാണം. നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും ഊടുവഴികൾക്ക് പ്രകാശവുമാകുന്നു (സങ്കീ. 118.115) പുത്രനിർവ്വിശേഷമായ ബഹുമാനത്തോടെ ദൈവേഷ്ടം സ്വീകരിക്കുന്നതിനും കല്പനകളും സൽപ്രസാദങ്ങളും ഹൃദയത്തിൽ കൊത്തിവയ്ക്കുന്നതിനുമുള്ള കൃപയ്ക്കായി യാചിക്കുക. ദൈവം അനുവദിക്കുന്ന ഏതു കഷ്ടതകളും സന്തോഷത്തോടെ കീഴ്വഴങ്ങണം. പൊതുവിപത്തുകളിലും അയല്ക്കാരുടെ കഷ്ടപ്പാടിലും ഇതാവശ്യമാണ്. ദൈവം കല്പിക്കയും നീ അനുസരിക്കയും ചെയ്യുന്നതാണ് ന്യായം. എല്ലാകാര്യങ്ങളിലും സാഹചര്യങ്ങളിലും ദിവ്യപരിപാലനയ്ക്കു കീഴ്വഴങ്ങുക. സ്വർഗ്ഗത്തിൽ മാലാഖമാരും പുണ്യവാന്മാരും ചെയ്യുന്നതുപോലെ

www.malankaralibrary.com

ഇഹത്തിൽ ദൈവതിരുവിഷ്ടം നിറവേകുവാനുള്ള കൃപയ്ക്കായി ഇവിടെ നാം അപേക്ഷിക്കുന്നു. ചിലപ്പോൾ ദൈവതിരുവിഷ്ടവും നിൻെറ ഇഷ്ടവും ഘടകവിരുദ്ധമായേക്കാം. ചിലപ്പോൾ നീ രോഗിയായിരിപ്പാനും മററുചിലപ്പോൾ ആരോഗ്യവാനായിരിപ്പാനും ദൈവം തിരുമനസ്സാകും. അപ്പോഴൊക്കെ നിൻെറ ഇഷ്ടത്തിനു് ദൈവതിരുമനസ്സിനെ വളക്കാൻ ശ്രമിക്കാതെ സ്വന്തയിഷ്ടത്തെ അമർത്തിക്കൊണ്ടു് ദൈവേഷ്ടത്തിനു കീഴ്‌വഴങ്ങണം.

## ധ്യാനം 254

### പെന്തിക്കോസ്തിക്കുശേഷം പതിനാലാം വാരം—തിങ്കളാഴ്ച

### കർത്തൃപ്രാർത്ഥനയിലെ നാലാം അപേക്ഷ

"ഞങ്ങളുടെ ദിനംപ്രതിയുള്ള അപ്പം ഞങ്ങൾക്കു തരണമെ". ഈ അപേക്ഷയിൽ നമ്മുടെ ലൗകിക ആവശ്യങ്ങൾക്കുവേണ്ടിയും ദൈവസേവനത്തിനു ശക്തി നല്കുവാനുള്ള സ്വഭാവിക ദാനങ്ങൾക്കുവേണ്ടിയും നാം പ്രാർത്ഥിക്കുന്നു. നിൻെറ ആവശ്യങ്ങൾക്കുവേണ്ടി നീ ദൈവത്തെ സമീപിക്കുമ്പോൾ അങ്ങിലുള്ള ആശ്രയത്തെ വിനയത്തോടെ ഏററുപറയുകയാണു്. അതു് അവിടുത്തേക്കു പ്രീതിജനകവുമാണു്. നിൻെറയും മററുള്ളവരുടെയും ആവശ്യങ്ങൾക്കുവേണ്ടി ചോദിക്കുക. ആഡംബരത്തിനുവേണ്ടി ചോദിക്കരുതു്. കലവറ കൂടാതെ ദൈവപരിപാലനയ്ക്കു നിന്നെ ഏല്പിച്ചുകൊടുക്കയും വേണം. കൂടാതെ ആത്മീയ ജീവിതത്തിലും പുണ്യത്തിലും ഉള്ള പുരോഗതിക്കു് ആവശ്യമായ സ്വഭാവാതീത ദാനങ്ങൾക്കായും ഇവിടെ നാം അപേക്ഷിക്കണം. ആത്മാവിനു ഭക്ഷണം ആവശ്യമുണ്ടു്. അതു് ദൈവകൃപയല്ലാതെ മറെറാന്നും അല്ല. ഭക്ഷണം ലഭിച്ചില്ലെങ്കിൽ ശരീരം മെലിഞ്ഞുപോകുന്നതുപോലെ ദൈവകൃപയെ നിരസിക്കുന്ന ആത്മാവു് ശുഷ്കമായിപ്പോകും. "എൻെറ ഭക്ഷണം എന്നെ അയച്ചവൻെറ ഇഷ്ടം നിറവേററുന്നതാകുന്നു" (യോഹ. 4:34) ഇവിടെ നിത്യജീവൻെറ അപ്പമായ വി. കുർബ്ബാനയ്ക്കുവേണ്ടി നാം യാചിക്കുന്നു. ദൈവപുത്രൻെറ അധരങ്ങളിൽനിന്നു് നിർഗ്ഗളിക്കുന്ന വചനങ്ങൾക്കു് ആത്മാവിനെ പുലർത്തുവാൻ കഴിയുമെങ്കിൽ അവിടുത്തെ തിരുശരീരത്തിനു് എത്രയധികമായി ശക്തിയുണ്ടായിരിക്കും. ആകുവേണ്ടി ഈ സ്വർഗ്ഗീയവിരുന്നു് ഒരുക്കപ്പെട്ടിരിക്കുന്നുവോ ആ മണവാട്ടി അവിടുത്തെ സാന്നിദ്ധ്യത്തെ അവഗണിച്ചു് കേവലം ഹീനമായ കാര്യങ്ങളിൽ ഏർപ്പെടുന്നതു് ഉചിതമോ?

www.malankaralibrary.com

## ധ്യാനം 255

### പെന്തിക്കോസ്തിക്കശേഷം പതിനാലാം വാരം—ചൊവ്വാഴ്ച

### കർത്തൃപ്രാർത്ഥനയിലെ അഞ്ചാമത്തെ അപേക്ഷ

ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ. നമ്മെ അഭിമുഖീകരിക്കുന്ന ആദ്ധ്യാത്മിക തിന്മകളിൽ പ്രഥമവും പ്രധാനവും പാപമാകുന്നു. നീ അസഹ്യപ്പെടുത്തിയിട്ടുള്ള ദൈവം തന്നെയാണ് പിതൃനിർവ്വിശേഷമായ തിരുമാർവ്വിലേക്ക് നിന്നെ ക്ഷണിക്കുന്നത്. 'ചോദിപ്പിൻ' എന്നു കല്പിച്ചവനായ ദൈവം തീർച്ചയായും ചോദിച്ചാൽ നിരസിക്കുകയില്ല. പക്ഷേ അനുതാപത്തോടും ഹൃദയഎളിമയോടും യേശുവിൻെറ കുരിശിലെ പരിഹാരബലിയോടു യോജിച്ചുംകൊണ്ടു വേണം ചോദിക്കുവാൻ. എത്ര വലിയ കടമാണ് നീ വരുത്തിവച്ചിരിക്കുന്നത്? കടങ്ങളെല്ലാം പരിഹരിക്കേണ്ടിയിരിക്കുന്ന നീ മററുള്ളവരിൽനിന്നുണ്ടാകുന്ന ഉപദ്രവങ്ങളെയും ക്ഷമയോടെ വഹിക്കേണ്ടതല്ലെ? എല്ലാവരും പാപികളാകകൊണ്ടു ക്ഷമ യാചിപ്പാനും കടപ്പെട്ടവരാണ്. ഇടയന്മാക്കും ആടുകൾക്കും ക്ഷമ ആവശ്യമാണ്. വലിയ പുണ്യവാന്മാർപോലും ലഘുപാപങ്ങൾ ചെയ്യുന്നുണ്ട്. തങ്ങളുടെ പാപങ്ങൾക്കും കുററങ്ങൾക്കും ഉപേക്ഷകൾക്കുംവേണ്ടി അനുതാപപൂർവ്വം അവർ ബലി അർപ്പിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു. ആരുടെ അക്രമങ്ങൾ മോചിയ്ക്കപ്പെട്ടും പാപങ്ങൾ മാച്ചുപ്പെട്ടും ഇരിക്കുന്നുവോ അവർ ഭാഗ്യവാന്മാർ (സങ്കീ. 31:1) "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളോടും ക്ഷമിക്കണമെ." നിന്നോടു കുററം ചെയ്യുന്നവരോട് നീ ഹൃദയപൂർവ്വം ക്ഷമിക്കാത്തപക്ഷം നിന്നോടു ക്ഷമിക്കുന്നതിനു ദൈവവും ബാദ്ധ്യസ്ഥനല്ല. സ്വന്തവികാരങ്ങളെ ഭരിക്കയും മററുള്ളവരോടു കരുണ കാണിക്കയും ചെയ്യുന്നവൻ യഥാർത്ഥത്തിൽ ശ്രേഷ്ഠനാകുന്നു. എന്തെങ്കിലും സഹിക്കേണ്ടിവരുമ്പോൾ സന്തോഷിക്കുക. അപ്പോൾ നീ നിൻെറ കടം വീട്ടുകയാണു ചെയ്യുന്നത്.

## ധ്യാനം 256

### പെന്തിക്കോസ്തിക്കശേഷം പതിനാലാംവാരം—ബുധനാഴ്ച

### കർത്തൃപ്രാർത്ഥനയിലെ ആറാമത്തെ അപേക്ഷ

"പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ" (മത്താ. 6:12) പരീക്ഷ അതിൽത്തന്നെ പാപമല്ല. അതിൻെറ ആക്രമണത്തിൽനിന്നു പൂർണ്ണമായും ഒഴിഞ്ഞിരിക്കണമെന്നു നാം പ്രാർത്ഥിക്കുന്നുമില്ല. പരീക്ഷയ്ക്കു കീഴ്പ്പെടാതെ സംരക്ഷിക്കപ്പെടുവാൻ വേണ്ടിമാത്രം നാം പ്രാർത്ഥിക്കുന്നു. പരീക്ഷിക്കപ്പെടാത്തപക്ഷം നമ്മുടെ ശക്തി തെളിയിക്കുവാൻ സാദ്ധ്യമല്ലല്ലോ. ആശപാസങ്ങൾ ആത്മാവിനെ ഉൽഗ

www.malankaralibrary.com

മിക്കുന്നതുപോലെ പരീക്ഷകൾ എളിമപ്പെടുത്തുകയും ചെയ്യുന്നു. ഒന്നു നിരാശയിൽനിന്നും മററതു് നിഗളത്തിൽനിന്നും രക്ഷിക്കുന്നു. "കർത്താവ് എൻെറ പ്രകാശവും രക്ഷയുമാകുന്നു. ഞാൻ ആരെ ഭയപ്പെടും കർത്താവ് എൻെറ ജീവൻെറ സങ്കേതമാകുന്നു. ഞാൻ ആരെ പേടിക്കണം." (സങ്കീ. 26:1) ഏററം അപകടകരമായ പരീക്ഷ സ്വയതൃപ്തിക്ക് വശംവദരാകുന്നതാണ്. നല്ല ഉണർവ്വും തഴക്കവുമുള്ള ശത്രുവിനോടാണ് നിനക്കു പൊരുതുവാനുള്ളതു്. അവൻെറ ആയുധങ്ങൾ അദൃശ്യങ്ങളാണ്. പലപ്പോഴും നന്മയുടെ വേഷത്തിൽ തിന്മയെ മറച്ചുകൊണ്ടാണ് വരുന്നതും. നിൻെറ പഞ്ചേന്ദ്രിയങ്ങൾ, വികാരങ്ങൾ എന്നിവയെല്ലാം അവൻ ആയുധമായി ഉപയോഗിക്കും. ഭയപ്പെടുക, ജാഗരൂകനായിരിക്കുക, പ്രാർത്ഥിക്കുക. തൻെറ തെരഞ്ഞെടുക്കപ്പെട്ടവർ പരീക്ഷിക്കപ്പെടുവാൻ ദൈവം അനുവദിക്കുന്നതു് അവിടുത്തെ മഹത്വവർദ്ധനവിനാകുന്നു. ബലഹീനനായ മനുഷ്യൻ ദൈവകൃപാസഹായത്താൽ നരകശത്രുക്കളുടെ മേൽ വിജയം വരിക്കുന്നതു കാണുന്നതുപോലെ ദൈവത്തിനു പ്രസാദകരമായി മററൊന്നില്ല. നീതിമാന്മാരെ കൂടുതൽ പവിത്രീകരിപ്പാനും, ആഴമായ പുണ്യത്തിൽ അവരെ ഉറപ്പിക്കാനും പരീക്ഷകൾ ഉതകുന്നു. "വിവിധങ്ങളായ പരീക്ഷകൾ ഉണ്ടാകുമ്പോൾ അവയെ സന്തോഷസംദായകങ്ങളായി പരിഗണിക്കുവിൻ. നിങ്ങളുടെ വിശ്വാസത്തിൻെറ പരീക്ഷണം ക്ഷമയുളവാക്കുമെന്നു് അറിഞ്ഞാലും. നിങ്ങൾ ഒന്നിലും കുറവില്ലാത്തവരും എല്ലാം തികഞ്ഞവരും സമ്പൂർണ്ണരുമാകേണ്ടതിനു് ക്ഷമ നിങ്ങളിൽ പൂർണ്ണപ്രവർത്തനം നടത്തട്ടെ." (യാക്കോ. 1:2-4)

## ധ്യാനം 257

## പെന്തിക്കോസ്തിക്കു ശേഷമുള്ള പതിനാലാം വാരം—വ്യാഴാഴ്ച

## കർതൃപ്രാർത്ഥനയിലെ അവസാന അപേക്ഷ

"തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ." ആമ്മീൻ: ഭാവികാലതിന്മകൾ നിത്യമഹത്വം നഷ്ടപ്പെടുന്നതും നരകപീഢകൾ സഹിക്കുന്നതുമാകുന്നു. ശുദ്ധീകരാത്മാക്കളുടെ ദുരവസ്ഥ സ്വർഗ്ഗഭാഗ്യം കുറച്ചു കാലത്തേക്കു തടയുന്നു. ഈ ജീവിതകാലതിന്മകൾ ബുദ്ധിയുടെ അന്ധത, പാപത്തിലേക്കുള്ള ചായ്വ്, പാപത്തിലുള്ള വീഴ്ച എന്നിവയും, മനുഷ്യജീവിതത്തെ ദുരിതപൂരിതമാക്കുന്ന മറെറല്ലാ അനർത്ഥങ്ങളുമാകുന്നു. "തിന്മ പ്രവർത്തിക്കുന്ന ഏവനും പീഡനങ്ങളും കഷ്ടപ്പാടുകളുമുണ്ടാകും. നന്മ ചെയ്യുന്നവർക്കോ സ്തുതിയും ബഹുമാനവും സമാധാനവും ലഭിക്കും" (റോമ. 2:9,10)

ഭക്തിപരമായ ചുമതലകൾ നിർവ്വഹിച്ചുകൊണ്ടും, ദൈവകൃപയെ ശരിയായി വിനിയോഗിച്ചുകൊണ്ടും, ഇന്ദ്രിയനിഗ്രഹം അനുഷ്ഠിച്ചുകൊണ്ടും തിന്മയിൽനിന്നും ഒഴിഞ്ഞുമാറണം. ലൗകികക്ലേശങ്ങ

www.malankaralibrary.com

ളിൽനിന്നു വിടുതൽ കിട്ടുവാൻ നമുക്കു് അപേക്ഷിക്കാം. എന്നാൽ ദൈവം നിശ്ചയിച്ചുതരുന്ന ക്ലേശങ്ങൾ ക്ഷമയോടെ വഹിക്കണമെന്നു് അവിടുന്നു് ഉപദേശിക്കുന്നു. ലൗകികദുരിതങ്ങളിൽ ദൈവം നല്കുന്ന ഏററം വലിയ അനുഗ്രഹം ദൈവതിരുമനസ്സിനോടുള്ള പൂർണ്ണകീഴ്വഴക്കത്തിൻെറ ദാനമാകുന്നു. യേശുവിനോടുകൂടെ നിൻെറ പ്രാർത്ഥന സമർപ്പിക്കുക. അതോടുകൂടെ എളിമ, ദിവ്യപരിപാലനയിലുള്ള വിശ്വാസം, സാർവ്വത്രികസ്നേഹം ഇവയും ഉണ്ടായിരിക്കണം. ദൈവതിരുനാമമഹത്വത്തിനും, അയല്ക്കാരൻെറ രക്ഷയ്ക്കുംവേണ്ടി മനഃപൂർവ്വം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യു. നിൻെറ അപേക്ഷകളെല്ലാം സാധിച്ചുതരുമെന്നു ദൈവത്തിൽ ശരണപ്പെടുകയും ചെയ്യണം.

## ധ്യാനം 258

## പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനാലാംവാരം—വെള്ളിയാഴ്ച

## യേശു കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നതു് (മത്താ. 8:2,3)

"കുഷ്ഠരോഗിവന്നു് അവിടുത്തെ പ്രണമിച്ചുകൊണ്ടു കർത്താവേ, അങ്ങു മനസ്സാകുന്നെങ്കിൽ അങ്ങേയ്ക്കു് എന്നെ സുഖപ്പെടുത്താൻ കഴിയുമെന്നു പറഞ്ഞു. യേശു കൈനീട്ടി അവനെ സ്പർശിച്ചുകൊണ്ടു് 'ഞാൻ മനസ്സാകുന്നു. നീ സുഖംപ്രാപിക്കുക' എന്നരുൾചെയ്തു. ഉടനെതന്നെ കുഷ്ഠംമാറി അവൻ സൗഖ്യം പ്രാപിച്ചു" (വി. മത്താ. 8:2,3)

പാപം കുഷ്ഠംപോലെ ഒരു പകർച്ചവ്യാധിയാണു്. കുഷ്ഠരോഗിയെ ജനസമ്പർക്കത്തിൽ നിന്നകററുന്നതുപോലെ പാപം ആത്മാവിനെ എന്നേക്കുമായി സ്വർഗ്ഗത്തിൽ നിന്നകററിക്കളയുന്നു. കുഷ്ഠം പൊറുപ്പിക്കാൻ പ്രയാസമായിരിക്കുന്നതുപോലെയാണു് പാപത്തിൻെറ സ്ഥിതിയും. കുഞ്ഞാടിൻെറ രക്തമല്ലാതെ അതിനു മറെറാരു പ്രതിവിധിയുമില്ല. "നമ്മുടെ അക്രമങ്ങൾക്കുവേണ്ടി അവൻ വ്രണപ്പെട്ടു. നമ്മുടെ പാപങ്ങൾക്കുവേണ്ടി അവൻ നുറുക്കപ്പെടുകയും ചെയ്തു" (യേശയ്യ. 53:5)

കുഷ്ഠരോഗി കർത്താവിനെ പ്രണമിച്ചുകൊണ്ടു പറഞ്ഞു. 'കർത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ നിനക്കുകഴിയും' (മത്താ. 8:2) ഈ കുഷ്ഠരോഗിയെപ്പോലെ സജീവ വിശ്വാസത്തോടും, നമ്മുടെ അയോഗ്യതയെപ്പററിയുള്ള ആഴമായ ബോധ്യത്തോടും, നല്ല ശരണത്തോടുംകൂടെ നാമും യേശുവിനെ സമീപിക്കണം. നാം അപേക്ഷിക്കുന്നപക്ഷം നമ്മുടെ ആത്മീയ രോഗങ്ങളിൽനിന്നു് അവിടുന്നു നമുക്കു മുക്തി തരാതിരിക്കുകയില്ല. അതു ലഭിക്കുന്നില്ലെങ്കിൽ നമ്മുടെ ഭാഗത്തുനിന്നുള്ള എന്തെങ്കിലും പ്രതിബന്ധമോ തീക്ഷ്ണതക്കുറവോ ആയിരിക്കും അതിനു കാരണം. ശാരീരികാവശതകളിൽ പരിശുദ്ധ നിർമ്മമതയോടും ദൈവതിരുമനസ്സിനോടുള്ള പൂർണ്ണമായ കീഴ്വഴക്കത്തോടുമേ അപേക്ഷിക്കാവൂ! 'എനിക്കു മനസ്സുണ്ടു്; നീ ശുദ്ധനാകുക, എന്നുപറഞ്ഞു

www.malankaralibrary.com

കൊണ്ടു് യേശു കുഷ്ഠരോഗിയെ സ്പർശിച്ചു; തൽക്ഷണം കുഷ്ഠം അവനെ വിട്ടുമാറുകയുംചെയ്തു. (മത്താ. 8:1–3) കുഷ്ഠരോഗി തന്നെ സ്പർശിച്ചതിൽ യേശു യാതൊരു അതൃപ്തിയും പ്രദശിപ്പിച്ചില്ല. അവിടുത്തെ സമീപിക്കുന്നതിനു് നീയും ഭയപ്പെടേണ്ടാ. അവിടുത്തെ ഇഷ്ടംപോലെ നിന്നെ കൈകാര്യം ചെയ്യാൻ ഏല്പിച്ചുകൊടുക്കുക. ദൈവമേ, എൻെറ മനസ്വാതന്ത്ര്യത്തെ അങ്ങയുടെ പരമാധിപത്യത്തിനു ബലിയായി ഞാൻ അപ്പിച്ചുകൊള്ളുന്നു.

## ധ്യാനം 259

### പെന്തിക്കോസ്തിക്കു ശേഷമുള്ള പതിനാലാംവാരം-ശനിയാഴ്ച

### യേശു ശതാധിപൻെറ ഭൃത്യനെ സുഖപ്പെടുത്തുന്നു

"അവൻ കഫർണഹോമിലേക്കു പ്രവേശിച്ചപ്പോൾ ഒരു ശതാധിപൻ തന്നെ സമീപിച്ചു് സുഖമില്ലാതെ കിടക്കുന്ന അവൻെറ ഭൃത്യനെ സുഖപെടുത്തണമെന്നു് അപേക്ഷിച്ചു. (വി. മത്താ. 8:5,6) വിശ്വാസം സ്വർഗ്ഗത്തിലേക്കു നയിക്കുന്ന പ്രകാശമാകുന്നു. നിൻെറ രക്ഷ ഭദ്രമായി തീരണമെങ്കിൽ സജീവവും പ്രവത്തനപരവും അചഞ്ചലവുമായ വിശ്വാസം നിനക്കുണ്ടായിരിക്കണം.

'ഇസ്രായേലിൽപോലും ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല' (വി. മത്താ. 8:10) ശതാധിപൻെറ വിശ്വാസമാണു് അവനെ യേശുവിങ്കലേക്കു നയിച്ചതും തൻെറ ഭൃത്യനുവേണ്ടി അപേക്ഷിപ്പാൻ അവനെ പ്രേരിപ്പിച്ചതും. യേശുവിൻെറ സന്നിധിയിൽ തന്നെത്തന്നെ താഴ്ത്തി "കത്താവേ, അങ്ങു് എൻെറ പുരയ്ക്കകത്തു വരുവാൻ എനിക്കു യോഗ്യതയില്ല. ഒരു വാക്കുമാത്രം പറയുക; എൻെറ ഭൃത്യൻ സ്വസ്ഥനാകും" (വി. മത്താ. 8:8) എന്നു പറയുവാൻ അവനെ പ്രാപ്തനാക്കിയതും വിശ്വാസം തന്നെയാണു്.

ഈ ജീവിതദുരിതങ്ങൾക്കു മദ്ധ്യേ സന്തോഷമായിരിപ്പാൻ നമ്മെ സഹായിക്കുന്നതു് വിശ്വാസമാണു്. വരപ്രസാദനിക്ഷേപത്തെ ഹൃദയാന്തർഭാഗത്തു മറച്ചുവച്ചുകൊണ്ടു് ശത്രുക്കളിൽ നിന്നു നമ്മെ സംരക്ഷിക്കുന്ന കോട്ടപോലെ വിശ്വാസം നമ്മെ വലയം ചെയ്യുകയും ആത്മസമാധാനത്തിനു ഭംഗം വരുത്തുന്ന ദുഃഖങ്ങളെ ദൂരീകരിക്കയും ചെയ്യുന്നു. പിശാചു് ഏററം ഭയപ്പെടുന്നതു് സജീവവും ഉദാരവുമായ വിശ്വാസത്തെയാണു്. "കത്താവേ, എനിക്കു വിശ്വാസം വദ്ധിപ്പിച്ചു തരണമേ."

www.malankaralibrary.com

## ധ്യാനം 260

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനഞ്ചാംവാരം—ഞായറാഴ്ച

### നയീനിലെ വിധവയുടെ മകനെ ഉയപ്പിക്കുന്നതു്

"അവിടുന്നു നഗരകവാടത്തെ സമീപിച്ചപ്പോൾ ഒരു യുവാവിൻെറ മൃതശരീരം വഹിച്ചുകൊണ്ടു വരുന്നതുകണ്ടു. അവൻ ഒരു വിധവയുടെ ഏക സന്താനമായിരുന്നു" (ലൂ. 7:12) തൻെറ യൗവനാരംഭത്തിൽ മരണമടഞ്ഞ ഈ യുവാവു് മരണസമയത്തിൻെറ അനിശ്ചിതത്തെ നമ്മെ ഓമ്മിപ്പിക്കുന്നു. മരണസമയത്തു് എങ്ങനെയായിരിപ്പാൻ നീ ആഗ്രഹിക്കുന്നുവോ അതിനനുസരണമായി ജീവിതത്തെ ക്രമീകരിച്ചുകൊള്ളുക. ദൈവം നിൻെറ മരണത്തെ നിത്യമഹത്വമായി രൂപാന്തരപ്പെത്തും. ദൈവത്തിൻെറ കരുണയിൽ ആശ്രയിക്കുകയും അവിടുത്തെ നീതിയെ ഭയപ്പെടുകയും വേണം.

"യേശുതമ്പുരാൻ മനസ്സലിഞ്ഞു് ആ വിധവയോടു് കരയേണ്ടാ" (ലൂ. 7:13) എന്നുപറഞ്ഞു. ആവലാതി കൂടാതെ ദൈവതിരുമനസ്സിനു കീഴ്പ്പെട്ടുകൊണ്ടു് തൃക്കരങ്ങളിൽനിന്നു മരണത്തെ സ്വീകരിക്കണം. മഹോന്നതനായ ദൈവത്തിനു നാം കടപ്പെട്ടിരിക്കുന്ന ബലിയും ഭോഗവുമാണ് മരണം. ദൈവം നല്കുന്ന മഹത്തായ ദാനമായിട്ടു മരണത്തെ കണ്ടുകൊണ്ടു് 'അതേ, പിതാവേ, അപ്രകാരം നിനക്കു തിരുവുള്ളമായല്ലോ' എന്നുപറഞ്ഞുകൊണ്ടു് (മത്താ. 11:26) നന്ദിപൂർവ്വം അതിനെ സ്വീകരിക്കുക.

'യേശു അടുത്തുവന്നു് മഞ്ചത്തെതൊട്ടു' പാപംമൂലം നഷ്ടപ്പെട്ടുപോയ ആത്മീയജീവൻ പുനസ്ഥാപിക്കുവാൻവേണ്ടി രക്ഷകൻ അടുത്തുവന്നു് തൻെറ നീതിയുടെ കരംകൊണ്ടു് ശരീരത്തെ സ്പർശിക്കുന്നു. അതിനെ ചുമന്നുകൊണ്ടുപോയവർ നിന്നു. യേശു നിയന്ത്രിക്കാത്തപക്ഷം ദുരാശകൾ നിന്നെയും വഹിച്ചുകൊണ്ടുപോകും. "യുവാവേ, എഴുന്നേററുവരിക, എന്നു ഞാൻ നിന്നോടുപറയുന്നു" എന്നു യേശു യുവാവിനോടു പറഞ്ഞു. മരിച്ചവൻ എഴുന്നേററിരുന്നു സംസാരിക്കുവാൻ തുടങ്ങി. അവനെ അവിടുന്നു് അവൻെറ അമ്മക്കു് ഏല്പിച്ചുകൊടുത്തു. ദൈവത്തെപ്രതി നിനക്കു് ഏററം പ്രിയംകരമായതിനെ ബലിയായി അപ്പിച്ചാൽ ഒന്നു നൂറായി അവിടുന്നു പ്രതിഫലം തരും.

## ധ്യാനം 261

### പെന്തിക്കൊസ്തിക്കു ശേഷം പതിനഞ്ചാം വാരം—തിങ്കളാഴ്ച

### യോഹന്നാൻ മാംദാന ഈശോയുടെ അടുക്കലേയ്ക്കു ശിഷ്യന്മാരെ അയയ്ക്കുന്നു.

"യോഹന്നാൻ കാരാഗൃഹത്തിൽവച്ചു് യേശുവിൻെറ പ്രവൃത്തികളെക്കുറിച്ചു കേട്ടു് അവിടുത്തെ അടുക്കലേയ്ക്കു ശിഷ്യരെ അയച്ചു"

www.malankaralibrary.com

(മത്താ. 11:2,3) യേശു വാഗ്ദത്തം ചെയ്യപ്പെട്ട മ്ശിഹാ ആണെന്നു തിനെപ്പററി യോഹന്നാനു സംശയമില്ല. ശിഷ്യന്മാരെ അവിടുത്തെ അടുക്കലേയ്ക്കു് അയച്ചതു അവിടുത്തെ ദൈവത്വത്തെപ്പററി അവക്കു ശരിയായ ബോധ്യമുണ്ടാകുവാൻ വേണ്ടിയാണു്. യേശു അവരോടു് അരുൾചെയ്തു. "നിങ്ങൾ കണ്ടതും കേട്ടതും അവനോടു ചെന്നു പറയുവിൻ. എന്നിൽ ഇടറിപ്പോകാത്തവൻ ഭാഗ്യവാൻ (മത്താ. 11:4-6) എത്ര എളിമയോടും വിവേകത്തോടും കൂടിയ മറുപടി: യഹൂദന്മാക്കു അഹങ്കാരിയെന്നു തന്നെ കുററപ്പെടുത്തുവാൻ അവസരം കൊടുക്കാതിരിപ്പാൻ അവിടുന്നു ശ്രദ്ധിക്കുന്നു. അതേസമയം സാരവത്തായി മറുപടിയും. വൃക്ഷം വൃക്ഷത്താലത്രേ അറിയപ്പെടുന്നതു്. നീതിമാൻ അവൻെറ സൽപ്രവൃത്തികളാലും. യേശുവിൽ നീ വിശ്വസിക്കുന്നുണ്ടെങ്കിൽ അതു ജീവിതവിശുദ്ധിയിൽ പ്രത്യക്ഷപ്പെടുത്തുക. യോഹന്നാൻെറ ശിഷ്യന്മാർ പോയിക്കഴിഞ്ഞപ്പോൾ യേശു യോഹന്നാനെക്കുറിച്ചു് കൂട്ടത്തോടു സംസാരിക്കുവാൻ തുടങ്ങി. എന്തു കാണ്മാൻ നിങ്ങൾ മരുഭൂമിയിലേക്കുപോയി. പട്ടുവസ്ത്രം ധരിച്ച മനുഷ്യനെയോ......സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനില്ല (ലൂ. 7:24) യേശുതമ്പുരാൻ യോഹന്നാനെ പുകഴ്ത്തുന്നതു് അദ്ദേഹത്തിൻെറ ജനനത്തെയോ ലൗകികമഹത്വത്തെയോ കരുതിയല്ല; പിന്നയോ അദ്ദേഹത്തിൻെറ ഇന്ദ്രിയനിഗ്രഹത്തെയും പുണ്യത്തിലുള്ള സ്ഥിരതയേയും കരുതിയത്രേ. "യോഹന്നാൻ സ്നാപകൻെറ കാലംമുതൽ ഇന്നുവരെയും സ്വർഗ്ഗരാജ്യം ബലവശ്യമത്രേ. ബലം പ്രയോഗിക്കുന്നവർ അതു കരസ്ഥമാക്കുന്നു." (മത്താ. 11:12)

## ധ്യാനം 262

### പെന്തിക്കോസ്തിക്കു ശേഷമുള്ള പതിനഞ്ചാംവാരം—ചൊവ്വാഴ്ച
### മറിയം മഗ്ദലലേനയുടെ മാനസാന്തരം

"അവളുടെ അനേക പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൾ അധികം സ്നേഹിച്ചു" (ലൂ. 7:47) ദിവ്യസ്നേഹം ഒരു മത്സരഹൃദയത്തെ എത്ര ശക്തിമത്തായി കീഴ്പ്പെടുത്തുന്നു എന്നു കാണുക. മറിയം മഗ്ദലേന ഇനിമേൽ ലോകത്തിൻെറ സ്തുതിയേയും പരിഹാസത്തെയും ഒരുപോലെ അവഗണിക്കുന്നു. അവളുടെ ഏകസന്തോഷം പ്രായശ്ചിത്തത്തിലും കണ്ണുനീരിലുമാകുന്നു. അവിടുത്തെ പാദങ്ങളെ അവൾ കണ്ണുനീരുകൊണ്ടു കഴുകി. തലമുടികൊണ്ടു തുടച്ചു. (ലൂ. 7:37,38) കണ്ണുനീരുപോലെ വാചാലമായ മറെറാരു പ്രേരകശക്തിയില്ല. പുണ്യവാന്മാർ ദൈവമുമ്പാകെ അപ്പിച്ചിട്ടുള്ള മൗനമായ അപേക്ഷകളൊന്നും വ്യത്ഥമായി പോയിട്ടില്ല. യേശു മഗ്ദലേനയോടു് അരുൾ ചെയ്തു. "നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചു. സമാധാനത്തോടെ പൊയ്ക്കൊൾക." (ലൂ. 7:50) മാനസാന്തര നിമിഷം മുതൽ മഗ്ദലേന രക്ഷിതാവിൻെറ തൃപ്പാദങ്ങളെ തൻെറ രക്ഷാസങ്കേത

www.malankaralibrary.com

മാക്കിതീർത്തു. അനുതാപികളുടെ പൂർണ്ണമാതൃകയായി വി. ഗ്രന്ഥം അവളെ ചിത്രീകരിച്ചിരിക്കുന്നു. നിന്റെ ബലഹീനതകളെ നീ ഭയപ്പെട്ടുന്നെങ്കിൽ യേശുവിന്റെ തൃപ്പാദത്തിൽ അഭയം പ്രാപിക്കുക. നിന്റെ നന്ദികേടിനെയും പാപത്തെയുംപററി മനസ്താപത്തോടെ കരയുക. അവിടുന്നു് നിന്റെ കണ്ണുനീരുകളെ സ്വർഗ്ഗീയാശ്വാസമായി പകർത്തും. നിന്റെ ആത്മാവിനെ അവിടുത്തേക്കു സമർപ്പിച്ചാൽ, ഒരിക്കലും മായിക്കപ്പെടാത്തവണ്ണം അവിടുത്തെ സ്വരൂപത്തെ അതിന്മേൽ അവിടുന്നു പതിക്കും.

## ധ്യാനം 263

### പെന്തിക്കൊസ്തിക്കു ശേഷം പതിനഞ്ചാംവാരം—ബുധനാഴ്ച

### യേശു ഊമനായ ഭൂതത്തെ പുറത്താക്കുന്നു

"അവൻ ഒരു ഭൂതത്തെ പുറത്താക്കി. ജനം അത്ഭുതവിവശരായി" (ലൂ. 11:14) യേശുതമ്പുരാൻ തന്റെ മനുഷ്യാവതാരകാലത്ത് മനുഷ്യരുടെ ആത്മശരീരങ്ങളുടെമേൽ പിശാചിനുള്ള ആധിപത്യത്തെ ഇല്ലായ്മ ചെയ്യാൻ ബദ്ധശ്രദ്ധനായിരുന്നു. "അവർ ഒരു വീട്ടിൽ കയറി. അവക്കു ആഹാരം കഴിക്കാൻപോലും പാടില്ലാത്തവിധം അത്ര വലിയൊരു പുരുഷാരം അവിടെ വന്നുകൂടി." (മക്കോ. 3:20) അദ്ധ്യാനക്കൂടുതലും, ദൈവീകഉപദേശങ്ങളെ ശ്രവിക്കാനുള്ള ഭക്തജനങ്ങളുടെ ആഗ്രഹാധിക്യവുമനുസരിച്ചു ആത്മരക്ഷയിലുള്ള അവിടുത്തെ ശുഷ്കാന്തിയും വദ്ധമാനമായിക്കൊണ്ടിരിക്കുന്നു.

"പിശാചു ബഹിഷ്കരിക്കപ്പെട്ടതോടെ ഊമൻ സംസാരിച്ചു. ജനക്കൂട്ടം വിസ്മയിച്ചു. എന്നാൽ മററു ചിലർ പിശാചുക്കളുടെ തലവനായ ബെയിൽസബൂബിനെക്കൊണ്ടു് പിശാചുക്കളെ പുറത്താക്കുന്നു എന്നുപറഞ്ഞു." (ലൂ. 11:14,15) ഈ അഭിപ്രായഭേദങ്ങളെ യേശു സമചിത്തതയോടെ ശ്രവിക്കുന്നു. സൃഷ്ടികളുടെ അഭിനന്ദനങ്ങളും പരിഹാസങ്ങളും അവഗണിച്ചു ജീവിക്കുവാൻ നീയും പഠിക്കുക. "കേൾക്കാത്തവനും വായിൽ പ്രതിവാദമില്ലാത്തവനും എന്നപോലെ ഞാനായി." (സങ്കീ. 37:15) എന്നു് ദാവീദിനെപ്പോലെ നീയും പറയുക.

തന്നെ കുററപ്പെടുത്തിയവരോട് ഈശോ ബുദ്ധിപൂർവ്വം മറുപടി പറയുന്നു. "തന്നിൽതന്നേ ഛിദ്രിക്കുന്ന ഏതു രാജ്യവും നശിക്കും" (മത്താ. 12:25) സാമ്രാജ്യങ്ങളുടേയും കുടുംബങ്ങളുടേയും സമൂഹങ്ങളുടെയും നാശത്തിനു കാരണമായിതീരുന്നതു് ഭിന്നതയാണ്. യേശുവിന്റെ പ്രത്യേകഗുണം സമാധാനവും, സ്നേഹവുംവഴി യോജിപ്പിക്കലാണ്. പിശാചിന്റേതോ ഭിന്നിപ്പിക്കയും വഴക്കുകൾ കുത്തിപ്പൊക്കുകയും ആണ്. "ചിതറിപ്പോയ ദൈവമക്കളെ കൂട്ടിചേർക്കുവാനായി യേശുക്രിസ്തു മരിച്ചു." (യോഹ. 11:52)

www.malankaralibrary.com

## ധ്യാനം 264

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനഞ്ചാംവാരം—വ്യാഴാഴ്ച

**പിശാചിനെ പുറത്താക്കികൊണ്ടു് ആയുധപാണിയായ ശക്തനെ യേശു കവർച്ച ചെയ്തു.**

"ബലവാനായ ഒരുത്തൻ ആയുധം ധരിച്ചു് തൻെറ മുററം കാക്കുമ്പോൾ അവനുള്ളതെല്ലാം ഭദ്രമായിരിക്കും (ലൂ. 11:21) പാപികളെ തൻെറ അധീനതയിലാക്കാൻ പിശാച് വിവിധതന്ത്രങ്ങൾ പ്രയോഗിക്കുന്നു. വിശ്വാസത്തെപ്പററി സംശയമുളവാക്കിക്കൊണ്ടു് അവരെ അന്ധരാക്കുന്നു. വിശ്വാസപ്രഖ്യാപനവും ഏറ്റുപറച്ചിലും തടഞ്ഞുകൊണ്ടു് അവരെ മൂകരാക്കുന്നു. മരണവും ജീവനും നാവിന്റെ തുമ്പിലാകുന്നു. പ്രാർത്ഥനയ്ക്കായി അതിനെ ഉപയോഗിക്കുമ്പോൾ ആത്മാവിനു ജീവനും, പരദൂഷണത്തിനു് ഉപയോഗിക്കുമ്പോൾ മരണവും വരുത്തിവയ്ക്കുന്നു. നിൻെറ ഹൃദയത്തിലും അധരങ്ങളിലും കർത്താവിനെ പ്രതിഷ്ഠിച്ചുകൊണ്ടു് അവിടുത്തെ സുവിശേഷം യോഗ്യമായി പ്രഖ്യാപിക്കുക. അവനെക്കാൾ ശക്തനായ ഒരുവൻ വന്നു് അവനെ കീഴ്പ്പെടുത്തിയാൽ, അവൻ ആശ്രയിച്ച ആയുധം മുഴുവൻ അപഹരിക്കയും കവർച്ചസാധങ്ങൾ പങ്കിടുകയും ചെയ്യും (ലൂ. 11:22) യേശുക്രിസ്തുവിനു മാത്രമെ പിശാചിൻെറ തന്ത്രങ്ങളെ വിഫലമാക്കാനാവൂ. വരപ്രസദാങ്ങളും പരിശുദ്ധാത്മദാനങ്ങളും നിവേശിത പുണ്യങ്ങളുമാകുന്ന കവർച്ചസാധനങ്ങളെ അവിടുന്നു് അവർക്കു തിരികെ കൊടുക്കുകയും കൃപയിൽ അവരെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. അശുദ്ധാത്മാവു് ഒരുവനിൽനിന്നു പുറത്തുപോയാൽ വീണ്ടും തിരികെവരും (ലൂ. 11:24) ആ മനുഷ്യൻെറ അവസാന സ്ഥിതി മുമ്പിലത്തതിനെക്കാൾ വഷളായിരിക്കും. പിശാച് തോററാലും വിജയിയെ പരീക്ഷിക്കാതിരിക്കയില്ല. ഒരു ചെറിയ ഉപേക്ഷ അവനു് അനുകൂലമായി ഭവിക്കും. നല്ല ജാഗ്രതയായിരിക്കുക.

## ധ്യാനം 265

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനഞ്ചാംവാരം—വെള്ളിയാഴ്ച

**ഒരു അത്ഭുതം ആവശ്യപ്പെട്ട പ്രീശരെ കർത്താവു ശാസിക്കുന്നു.**

കടമ നിർവ്വഹിക്കുന്നതിനും നിത്യരക്ഷ പ്രാപിക്കുന്നതിനും ആവശ്യമായ കൃപ എല്ലാവർക്കും ദൈവം നല്കുന്നുണ്ടു്. അസാധാരണ കൃപ നല്കപ്പെടുന്നതു് അർഹതയുള്ളവർക്കു മാത്രമാണു്. സാധാരണ കൃപകളോടു സഹകരിക്കുന്നതോതനുസരിച്ചു മാത്രമേ അസാധാരണ കൃപയ്ക്കു് അർഹരാകൂ. സാധാരണ കൃപകൊണ്ടു് നാം സംതൃപ്തരായിരിക്കണം. അസാധാരണ കൃപ ആഗ്രഹിക്കുന്നതു് ചിലപ്പോൾ ആപല്ക്കരമാണു്.

www.malankaralibrary.com

അസാധാരണ കൃപകൾക്കു് ഞങ്ങൾ അർഹരാണെന്നു ഭാവിക്കുന്നതു് ദൈവകോപത്തെ ക്ഷണിച്ചുവരുത്തുന്ന അഹങ്കാരമായിരിക്കും. സാധാരണ കൃപകൾക്കുകൂടെയും അവർ അനർഹരായി ഭവിക്കും. ദൈവം അഹങ്കാരികളെ നിരോധിക്കുകയും താഴ്മയുള്ളവർക്കു തന്റെ ദാനങ്ങൾ നല്കുകയും ചെയ്യുന്നു. (യാക്കോ. 4:6) അങ്ങനെ ആവശ്യപ്പെടുന്നതു് അനീതിയാണു; കാരണം ദൈവീകദാനങ്ങളുടെ അധിപതി ദൈവമാണു്. അവിടുത്തെ ഇഷ്ടാനുസരണം അവിടുന്നു് അവ വീതിച്ചുകൊടുക്കുന്നു. "ഞാൻ നിന്നോടു് ഒരു തെററും ചെയ്യുന്നില്ല. നിന്റേതു് എടുത്തുകൊണ്ടു പൊയ്ക്കൊള്ളുക." എന്നായിരിക്കും അവിടുന്നു് അരുൾ ചെയ്യുന്നതു്. അസാധാരണ കൃപ ആവശ്യപ്പെടുന്നതു് അത്യാഗ്രഹവും ദുഷ്ടതയുമാണു്. എന്തോ തിന്മയെ വച്ചുപുലത്തുന്നതിനുള്ള ഒരു ദുർന്യായമാണതു്. നീ പാപത്തിനടിമയായിരിക്കുന്നുവെങ്കിൽ അതു കൃപയുടെ കുറവല്ല; നിന്റെ സഹകരണക്കുറവാണു്. കൂടുതൽ ദൈവദാനങ്ങൾ ലഭിച്ചിട്ടുള്ളവരല്ല എപ്പോഴും വിശുദ്ധിയുടെ ഉന്നത പദവി പ്രാപിച്ചിട്ടുള്ളതു്. "ബെതു്സൈദായേ നിനക്കു ഹാ കഷ്ടം.! ന്യായവിസ്താരനാളിൽ സോറിനും സൈദോനും നിന്നെക്കാൾ സഹ്യമാകും" (ലൂ. 10:13,14) എന്നുള്ള ശാപവാക്കുകൾക്കു് നീ അർഹനായേക്കാം.

## ധ്യാനം 266

### പെന്തക്കോസ്തിക്കു ശേഷമുള്ള പതിനഞ്ചാം വാരം—ശനിയാഴ്ച

### ഈശോയുടെ മാതാവു് ഭാഗ്യവതിയെന്നു പ്രകീർത്തിക്കപ്പെടുന്നു.

"അവൻ ഈ വചനം പറഞ്ഞുതീർന്നപ്പോൾ കൂട്ടത്തിൽ ഒരു സ്ത്രീ ശബ്ദമുയർത്തി പറഞ്ഞു. നിന്നെ ഗർഭം ധരിച്ച ഉദരവും നിന്നെ കുടിപ്പിച്ച മുലകളും ഭാഗ്യമുള്ളവ" (ലൂ. 11.27). പരിശുദ്ധകന്യക ദൈവമാതാവാകയാൽ ഭാഗ്യവതിയാണു്. "കണ്ടാലും ഇതുമുതൽ സകല മനുഷ്യരും എന്നെ ഭാഗ്യവതി എന്നു പുകഴ്ത്തും. എന്തെന്നാൽ ശക്തനായവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു." (ലൂ. 1:48,49) എന്നു മാതാവുതന്നെ പറയുന്നുണ്ടല്ലോ. അവിടുന്നു് അതു ളിചെയ്തു. "എന്നാൽ ദൈവവചനം കേട്ടു് അനുസരിക്കുന്നവരാകുന്നു ഭാഗ്യവന്മാർ" (ലൂ. 11:28) യേശുമ്ശിഹായോടുള്ള സ്നേഹവും അവിടുത്തെ തിരുവചനം അനുസരിക്കുന്നതിലുള്ള വിശ്വസ്തതയും നിമിത്തം പരിശുദ്ധകന്യക ഭാഗ്യവതിയാകുന്നു. ദൈവത്തിന്റെ അമ്മയായിതീർന്നതിനെക്കാൾ മാതാവിനു സന്തോഷമുണ്ടായതു് അവിടുത്തെ വിശ്വാസത്തോടെ കൈക്കൊണ്ടതിലാണു്. പരിശുദ്ധ ദൈവമാതാവിനെ അനുകരിക്കുക. "തിരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ അവൾക്കു പുകഴ്ചയുണ്ടാകും. വാഴ്ത്തപ്പെട്ടവരുടെ മദ്ധ്യേ അവൾ അനുഗ്രഹിക്കപ്പെടും" (പ്രഭാ. 24:4) തന്റെ പുത്രനോടുള്ള സാമീപ്യം അവളെ അനു

www.malankaralibrary.com

ഗ്രഹീതയാക്കിതീൎത്തു. ഏററം നിൎമ്മലയും പരിശുദ്ധയുമായ ഈ സൃഷ്ടി സകല മാലാഖമാരുടെയും പരിശുദ്ധന്മാരുടെയും ആരാധനയേക്കാൾ ഉത്തമമായ ആരാധന അൎപ്പിച്ചിരുന്നതുകൊണ്ടു് അവിടുന്നു് അവാളെ സ്വൎഗ്ഗത്തിൻെറയും ഭൂമിയുടെയും രാജ്ഞിയാക്കിത്തീൎത്തു. അവളുടെ മാദ്ധ്യസ്ഥം വഴിയായി നിത്യഭാഗ്യം ലഭിക്കുമെന്നുള്ള ശരണത്തോടെ അവാളെ വിളിച്ചപേക്ഷിക്കുക.

## ധ്യാനം 267

### പെന്തിക്കോസ്തിക്കു ശേഷമുള്ള പതിനാറാംവാരം—ഞായറാഴ്ച

### ഈശോയുടെ മാതാവു് അവിടുത്തെ അന്വേഷിക്കുന്നു

"അവിടുന്നു ജനത്തോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അവിടുത്തെ അമ്മയും സഹോദരന്മാരും അവിടുത്തോടു സംസാരിക്കുവാൻ ആഗ്രഹിച്ചുകൊണ്ടു് പുറത്തു നില്ക്കുന്നുണ്ടായിരുന്നു. ഇതാ അങ്ങയെ കാത്തു് അങ്ങയുടെ അമ്മയും സഹോദരന്മാരും പുറത്തു നില്ക്കുന്നു എന്നു് ഒരാൾ അങ്ങയോടു പറഞ്ഞു." (മത്താ. 12:46,47) യേശുതമ്പുരാനെ കൊല്ലുവാൻ ആലോചിച്ചിരുന്ന പ്രീശരുടെ അസൂയ മനസ്സിലാക്കിക്കൊണ്ടു് അവരുടെ കൈയിൽനിന്നു് അവിടുത്തെ മാററി നിറുത്താനായി ആഗ്രഹിച്ചുവന്നതാണു് മാതാവും സഹോദരന്മാരും. (അവിടുത്തെ ബഹുമാനവും മഹത്വവും സംരക്ഷിക്കുന്നതിനു് നീ എത്രത്തോളം ശ്രമിക്കുന്നുണ്ടു്.) തന്നോടു ഇതു പറഞ്ഞവരോടു് ഈശോ അരുളിച്ചെയ്തു. "എൻെറ അമ്മയും സഹോദരന്മാരും ആരാണു്?" രക്തബന്ധം ദൈവത്തെ അനുഗമിക്കുന്നതിനു തടസ്സമാകുന്നപക്ഷം നീയും പറയുക. എൻെറ മാതാപിതാക്കന്മാൎക്കോ സഹോദരന്മാൎക്കോ ഉള്ളതിൽ കൂടുതലായ അവകാശം എൻെറ സ്നേഹത്തിന്മേൽ ദൈവത്തിനുണ്ടു്. "എന്നെക്കാൾ കൂടുതലായി അപ്പനെയോ അമ്മയെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല." (മത്താ. 10:37) തൻെറ ശിഷ്യന്മാരുടെ നേരെ തിരിഞ്ഞു് യേശു അരുൾചെയ്തു. "ഇതാ എൻെറ അമ്മയും സഹോദരന്മാരും ദൈവത്തിൻെറ ഇഷ്ടം ചെയ്യുന്നവനാരോ അവനാണു് എൻെറ സഹോദരനും സഹോദരിയും അമ്മയും." (മത്താ. 12:49,50) വിശ്വാസം നിന്നെ യേശുവിൻെറ സഹോദരനാക്കിതീൎത്തിരിക്കുന്നു.

എൻെറ ദൈവമേ! നിനക്കായി മാത്രം നിരൂപപ്പെട്ടുത്തിയ എൻെറ ഹൃദയം നിൻെറ തിരുവിഷ്ടം നിറവേററുന്നതിൽ മാത്രം ആശ്വാസം കണ്ടെത്തട്ടെ!

www.malankaralibrary.com

## ധ്യാനം 268

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനാറാംവാരം—തിങ്കളാഴ്ച

### ക്രിസ്തു ഉപമകളിൽ വളരെ കാര്യങ്ങൾ അവരെ പഠിപ്പിച്ചു. (മത്താ. 13:3)

"പിന്നീട് ശിഷ്യന്മാർ അവിടുത്തെ സമീപിച്ച് അവിടുന്ന് അവരോട് ഉപമകളിലൂടെ സംസാരിപ്പാൻ കാരണമെന്തെന്നു ചോദിച്ചു." (മത്താ. 13:10) കേഴ്വിക്കാരുടെ ഗ്രഹണശക്തിക്കൊത്തവണ്ണം അവരെ ഉപദേശിപ്പാൻ പരസ്നേഹം അവിടുത്തെ പ്രേരിപ്പിച്ചു. ദൈവസ്വഭാവത്തെ നിസ്സാരമായ മനുഷ്യസ്വഭാവത്തിൽ മറച്ചുവച്ചതുപോലെ ഉൽകൃഷ്ട സത്യങ്ങളെ ഉപമകളിൽ അവിടുന്ന് ഗോപനംചെയ്യുന്നു. അവിടുത്തെ ദിവ്യരഹസ്യങ്ങളുടെ പരിശുദ്ധതയെ മറയ്ക്കുന്ന തിരശീലയോട് ഈ ഉപമകളെ സാദൃശ്യപ്പെടുത്താം. എന്തുകൊണ്ടാണ് അവിടുന്ന് ഉപമകളിൽ സംസാരിക്കുന്നതെന്ന് ശിഷ്യർ ചോദിച്ചതിന് അവിടുന്ന് ഇപ്രകാരം മറുപടിപറഞ്ഞു: സ്വർഗ്ഗത്തിലെ രഹസ്യങ്ങൾ അറിയുന്നതിനു നിങ്ങൾക്കാണ് വരം നല്കിച്ചിരിക്കുന്നത്. അവർക്ക് അതു നല്കപ്പെട്ടിട്ടില്ല. (മത്താ. 13:10,11) യഹൂദന്മാർക്ക് അവിടുത്തെ ഉപദേശം ശ്രവിക്കുവാൻ മനസ്സുണ്ടായിരുന്നെങ്കിൽ കൂടുതൽ സ്പഷ്ടമായി അവിടുന്നു പറയുമായിരുന്നു. അവർ അവനെ നിഷേധിച്ചതിനാൽ കണ്ടിട്ടും കാണാതെയും കേട്ടിട്ടും കേൾക്കാതെയും ഇരിക്കേണ്ടതിന് ഉപമകളിൽ അവരോടു സംസാരിക്കുന്നു. തന്റെ കൃപയെ ദുരുപയോഗിച്ച കഠിനഹൃദയരോടു അവിടുന്നു കടംകഥയിൽ സംസാരിക്കുന്നു. ഉപദേശം ഗ്രഹിപ്പാൻ അവർക്കു കഴിവുണ്ടെങ്കിലും അതിനുനേരെ അവർ കണ്ണും ചെവിയും പൂട്ടിയിരിക്കുകയാണ്. "നിങ്ങൾ കാണുന്ന കണ്ണുകളും കേൾക്കുന്ന ചെവികളും ഭാഗ്യമുള്ളവ" (മത്താ. 13:16) അന്യരോടും ശത്രുക്കളോടും അവിടുന്ന് ഉപമകളിലാണ് സംസാരിക്കുന്നതെങ്കിലും, അനുസരണമുള്ള വിശ്വാസികൾക്ക് അറിവിന്റെയും ഗ്രഹണത്തിന്റെയും താക്കോൽ അവിടുന്നു നല്കുന്നു.

## ധ്യാനം 269

### പെന്തിക്കൊസ്തിക്കുശേഷം പതിനാറാംവാരം—ചൊവ്വാഴ്ച

### കളകളുടെ ഉപമ

"സ്വർഗ്ഗരാജ്യം തന്റെ വയലിൽ നല്ല വിത്തുവിതച്ച മനുഷ്യനോടു തുല്ല്യമാകുന്നു." കളകളും പ്രത്യക്ഷപ്പെട്ടു (മത്താ. 13:24,26) കള നല്ല ചെടിക്ക് ഉപദ്രവകാരിയാണ്. അതുപോലെ ദുഷ്ടന്മാരും അവരോടിടപെടുന്നവരുടെ ഹൃദയത്തിൽനിന്ന് ദൈവസ്നേഹത്തെ നശിപ്പിച്ചുകളയുന്നു. കളകൾ അഗ്നിയിൽ എറിയപ്പെടുവാൻ മാത്രം ഉതകുന്നവയാണ്. ദുഷ്ടസഹവാസത്തിൽനിന്നും ദുർമ്മാതൃകയിൽനിന്നും

www.malankaralibrary.com

നീയും ഒഴിഞ്ഞുമാറണം. അല്ലാത്തപക്ഷം നീയും ദുഷ്ടന്മാരെപ്പോലെ നിത്യാഗ്നിയിൽ എറിയപ്പെട്ടും. ഭൃത്യന്മാർ യജമാനനോടു ചോദിച്ചു. ''ഞങ്ങൾ കളകൾ തിരിഞ്ഞു പറിച്ചുകളയട്ടയോ' എന്നു്. വേണ്ടാ. കൊയ്ത്തുവരെ രണ്ടും ഒരുമിച്ചു വളരട്ടെയെന്നു് യജമാനൻ പറഞ്ഞു ദുഷ്ടന്മാർ മാനസാന്തരപ്പെട്ടേക്കും. അതുകൊണ്ടു് അവരെ നശിപ്പിക്കാൻ കർത്താവു് അനുവദിക്കുന്നില്ല. ആദ്ധ്യാത്മീക കാര്യങ്ങളിൽ അലസരായവരെ ദുരാത്മാവു വഞ്ചിച്ചേക്കും. എന്നാലും തിരഞ്ഞെടുക്കപ്പെട്ടവരുടെ ജാഗ്രതയെ തെററിക്കുവാൻ അവക്കു കഴിയുകയില്ല. ദുഷ്ടന്മാർ സ്വയം മാനസാന്തരപ്പെടുന്നില്ലെങ്കിലും തിരഞ്ഞെടുക്കപ്പെട്ടവക്കു പുണ്യയോഗ്യത പ്രാപിക്കാൻ അവർ ഉതകും. മതമദ്ദകരില്ലെങ്കിൽ എങ്ങനെ രക്തസാക്ഷികളുണ്ടാകും? ദൈവത്തെ സ്നേഹിക്കുന്നവക്കു് എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു. ''കളകൾ ആദ്യമായി ശേഖരിച്ചു് കെട്ടുകളായി ദഹിപ്പിക്കിൻ. ഗോതമ്പു് കളപ്പുരയിൽ ശേഖരിപ്പിൻ.'' (മത്താ. 13:30) ലോകാവസാനത്തിൽ ദൈവദൂതന്മാർ ദുഷ്ടന്മാരെ നല്ലവരിൽനിന്നും വേർതിരിക്കും. (മത്താ. 13:49) ക്രിസ്തുവിൻെറ മൗതിക ശരീരത്തിൽനിന്നു് ചത്ത അവയവംപോലെ അവർ വെട്ടി നീക്കപ്പെട്ടും. അഗ്നിയിൽ ദഹിപ്പിക്കപ്പെട്ടുകയും ചെയ്യും. പാപത്തിൽ കൂട്ടാളി ശിക്ഷയിലും കൂട്ടാളിയായിരിക്കും. ദുർമ്മാതൃകയാൽ മററുള്ളവരെ തെററിച്ചിട്ടുള്ളവർ തെററിലകപ്പെട്ടവരുടെ ശിക്ഷയിലും പങ്കാളികളാകും.

## ധ്യാനം 270

## പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനാറാംവാരം–ബുധനാഴ്ച

### കടുകുമണിയുടെ ഉപമ

''സ്വർഗ്ഗരാജ്യം കടുകുമണിയോടു സദൃശ്യമാകുന്നു. മത്താ.13:31) ദൈവരാജ്യമെന്നു വിളിക്കപ്പെട്ടുന്ന വിശ്വാസം കടുകുമണിക്കു സദൃശമാകുന്നു. ചതയ്ക്കപ്പെട്ടുമ്പോൾ മാത്രമേ അതിൻെറ ഗുണം വെളിപ്പെട്ടുകയുള്ളൂ. മതമദ്ദന കാലത്താണു് പുണ്യവാന്മാരിൽ വിശ്വാസം ശക്തിയായി പ്രകാശിക്കുന്നതു്. നിനക്കുവേണ്ടിയും സഭ മുഴുവനുവേണ്ടിയും ഈ തീഷ്ണതയ്ക്കായി പ്രാത്ഥിക്കുക. കത്താവേ, ഞങ്ങളുടെ വിശ്വാസം വദ്ധിപ്പിച്ചു തരണമേ. (ലൂ. 17:15)

ദൈവരാജ്യമെന്നു വിളിക്കപ്പെട്ടുന്ന സഭയെ കടുകുമണിയോടു് ഉപമിക്കാം. ഏററം വിനീതമായി ആരംഭിച്ച സഭ വിസ്തൃതിയിലും കാലദൈഘ്യത്തിലും ഏററം വലിയ സാമ്രാജ്യത്തെയും അതിശയിച്ചിരിക്കുന്നു. ദൈവാനുഗ്രഹം അനേകരാജ്യങ്ങളെ അതിൻെറ കൊടിക്കീഴിൽ കൊണ്ടുവന്നിരിക്കുന്നു. കത്താവേ നിൻെറ മന്ദിരത്തിൽ വസിക്കുന്നവർ നിന്നെ എന്നെന്നേക്കും പുകഴ്ത്തിപ്പാടും (സങ്കീ. 83:5)

യേശുമിശിഹായുടെ വിശുദ്ധന്മാരടങ്ങിയ രാജ്യവും, അവരുടെ എളിമഹേതുവാൽ കടുകുമണിയോടു സദൃശ്യമാകുന്നു. എളിമയാൽ

www.malankaralibrary.com

ലോകത്തിൽ ഏററം നിസ്സാരനായിരിക്കുന്നവൻ സ്വർഗ്ഗത്തിൽ ഏററം വലിയവനായിരിക്കും. ജനനത്തിൽ യേശുമ്ശിഹാ അഗണ്യനായിരുന്നു. സ്വർഗ്ഗാരോഹണത്തിലോ അവിടുന്നു് ഉന്നതനായി ഉയർത്തപ്പെട്ടു. മനുഷ്യാവതാരത്തിൽ അവിടുന്നു് കടുകുമണിപോലെ അപ്രസിദ്ധനായിരുന്നെങ്കിലും പീഡകളാൽ തല്ലിച്ചതയ്ക്കപ്പെട്ടപ്പോൾ നമ്മുടെ എല്ലാ ആത്മീയകൃത്യങ്ങളിലേയ്ക്കും അവിടുത്തെ ജീവിതസൗരഭ്യം വ്യാപിക്കുകയുണ്ടായി.

## ധ്യാനം 171

### പെന്തിക്കോസ്തിക്കുശേഷം പതിനാറാം വാരം—വ്യാഴാഴ്ച

### നിക്ഷേപത്തിൻെറ ഉപമ

"സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിക്കു തുല്യമാകുന്നു." (മത്താ. 13:44) നിൻെറ ഹൃദയം യേശു മിശിഹായാകുന്ന നിക്ഷേപത്തെ കേന്ദ്രമാക്കിയിരിക്കണം. അവിടുത്തെപ്പററിയുള്ള നിൻെറ ജ്ഞാനവും, സ്നേഹവും നിൻെറ സമ്പാദ്യങ്ങളായിരിക്കട്ടെ. യേശുമ്ശിഹായാകുന്ന നിക്ഷേപത്തെ വി. വേദത്തിൽ നമുക്കു ദർശിക്കാം. എന്നാൽ വില നിർണ്ണയിക്കാവതല്ലാത്തതും ലോകസന്തോഷങ്ങളിൽ വ്യാപരിക്കുന്നവരുടെ നാട്ടിൽ കാണപ്പെടാത്തതുമായ മറെറാരു നിക്ഷേപമുണ്ടു്. കുരിശിൽ, വി. കുർബ്ബാനയിൽ, സ്വർഗ്ഗത്തിൽ മാത്രമേ ഈ നിക്ഷേപം കാണപ്പെടുകയുള്ളു. സ്വർഗ്ഗരാജ്യത്തെ വയലിൽ മറഞ്ഞിരിക്കുന്ന നിക്ഷേപത്തോടു് ഉപമിക്കാം. അതിനെ കണ്ടു പിടിച്ചവൻ സന്തോഷാധിക്യാൽ തനിക്കുള്ളതെല്ലാം വിററു് ആ വയൽ വാങ്ങി (മത്താ. 13:44) കുരിശിലും, വി. കുർബ്ബാനയിലും, സ്വർഗ്ഗത്തിലും, ഈശോയുടെയും പരിശുദ്ധ മാതാവിൻേറയും ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന ഈ നിക്ഷേപത്തെ സ്വായത്തമാക്കാൻവേണ്ടി എന്തുതന്നെ നീ പരിത്യജിക്കയില്ല? വിലകൊടുക്കാതെ ഈ നിക്ഷേപം ആർക്കും ലഭിക്കുകയില്ല. ലോകം വിലയുള്ളതായി ഗണിക്കുന്ന സകലത്തേയും ഇതിനുവേണ്ടി പരിത്യജിക്കണം. യേശുമിശിഹായെ സ്നേഹിക്കുന്നവർക്കു് ലോകത്തിലെ സകല സന്തോഷങ്ങളിലുംനിന്നു് ലോകായിതർക്കു ലഭിക്കുന്നതിനേക്കാൾ പരിശുദ്ധവും സ്ഥായിയുമായ സന്തോഷം ലഭിക്കും. ഒരിക്കൽ ഈ നിക്ഷേപം ലഭിച്ചുകഴിഞ്ഞാൽ അതിനെ മറച്ചുവച്ചുകൊള്ളണമെന്നു് എളിമയും ബുദ്ധിയും ആവശ്യപ്പെടുന്നു. നിനക്കു ലഭിച്ച ദൈവീകവെളിവുകളെയും അനുഗ്രഹങ്ങളെയും കുറിച്ചു് സംസാരിപ്പാൻ നീ നിർബ്ബന്ധിതനാകുന്നപക്ഷം പരിശുദ്ധനിയോഗം പാലിച്ചുകൊള്ളണം. ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയും ആവശ്യപ്പെടുമ്പോൾ മാത്രം അവയെപ്പററി സംസാരിക്കുക. ദൈവമേ അവിടുത്തെ കരുണയ്ക്കൊത്തവണ്ണം അങ്ങയുടെ ദാസനോടു് വർത്തിക്കയും അങ്ങയുടെ ന്യായം എന്നെ പഠിപ്പിക്കയും ചെയ്യണമേ.

www.malankaralibrary.com

## ധ്യാനം 272

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനാറാംവാരം–വെള്ളിയാഴ്ച

### വിലയേറിയ മുത്തിൻെറയും കടലിൽ ഇടപ്പെട്ട വലയുടെയും ഉപമ.

"സ്വർഗ്ഗരാജ്യം നല്ല മുത്തു് അന്വേഷിച്ചുപോയ മനുഷ്യനോടു തുല്യമാകുന്നു." (മത്താ. 13:45) വിലയേറിയ മുത്തു് യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനമാകുന്നു. അതായതു് രക്ഷകൻെറ പീഡാനുഭവത്തെയും ഉയിപ്പിനെയും കുറിച്ചുള്ള അറിവു്. വിലയേറിയ മുത്തു് ഈശോയെക്കുറിച്ചുള്ള സ്നേഹമാകുന്നു. ഇതുള്ളപക്ഷം മനുഷ്യഹൃദയത്തിൻെറ എല്ലാ വാഞ്ചകളും തൃപ്തിയടഞ്ഞുകൊള്ളും. സുവിശേഷപ്രോക്തമായ ഈ മുത്തിനെ ഉൾക്കൊള്ളുവാൻ യോഗ്യമാകുമാറു് സ്നേഹതീഷ്ണതയാലും ഇതരപുണ്യങ്ങളാലും നിൻെറ ആത്മാവു് കടഞ്ഞെടുക്കപ്പെട്ട സ്വർണ്ണംപോലെ നിർമ്മലമായിരിക്കണം. നല്ല മുത്തു കണ്ടുപിടിച്ച മനുഷ്യൻ തനിക്കുള്ളതെല്ലാം വിററു് ആ വയൽ വാങ്ങി. (മത്താ. 13: 45, 46) ഒരു ക്രിസ്ത്യാനിയുടെ മുഖ്യതൊഴിൽ, എന്തു വില കൊടുത്തും ആ വയൽ വാങ്ങുകയാണു്. അതിൻെറ വില അറിഞ്ഞിരുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിററു് അതു വാങ്ങാൻ നിനക്കു പ്രയാസം തോന്നുകയില്ലായിരുന്നു. നിത്യമായി അനുഭവിക്കാൻ കഴിയാത്ത ലൗകീക നിധിയെ, ആഗ്രഹിക്കുന്ന സകലത്തെയും ഉൾക്കൊള്ളുന്നതും മാററങ്ങൾക്കു് വിധേയമല്ലാത്തതുമായ ഒന്നിനുവേണ്ടി കൈമാററം ചെയ്യുന്നവനാണു് സാക്ഷാൽ ബുദ്ധിമാൻ. യേശുവിനെ പ്രാപിക്കാൻ എല്ലാം എങ്ങനെയെങ്കിലും കൊടുത്താൽ പോരാ. പിന്നയോ എന്തുതന്നെ കൊടുത്താലും കൊടുക്കുന്നതിൽ കൂടുതൽ ലഭിക്കുന്നതാകകൊണ്ടു് സന്തോഷത്തോടുകൂടെ കൊടുക്കണം.

"ദൈവരാജ്യം കടലിൽ ഇടപ്പെട്ടതും എല്ലാത്തര മത്സ്യങ്ങളും പിടിക്കുന്നതുമായ വലയോടു് സദൃശ്യമാകുന്നു, അതു നിറഞ്ഞപ്പോൾ വേലക്കാർ അതിനെ കരയ്ക്കു വലിച്ചു കയററി, കടൽത്തീരത്തിരുന്നു നല്ല മത്സ്യങ്ങളെ തിരഞ്ഞെടുത്തു പാത്രങ്ങളിൽ ഇടുകയും ചീത്ത ദൂരെയെറിഞ്ഞു കളകയും ചെയ്തു. ലോകാവസാനത്തിലും ഇങ്ങനെ തന്നേ സംഭവിക്കും." (മത്താ. 13:47–49) നല്ല മുത്തു കണ്ടുപിടിക്കുന്നതിനും, നല്ല മത്സ്യങ്ങളെ പാത്രങ്ങളിൽ ശേഖരിക്കുന്നതിനും സന്യാസജീവിതം കൂടുതൽ സൗകര്യം പ്രദാനം ചെയ്യുന്നു. തിരുസ്സഭയിൽ നല്ലവരും, ദുഷ്ടന്മാരുമുണ്ടെന്നു് താഴെ പറയുന്ന വാക്കുകളിൽ യേശു മുന്നറിയിപ്പു നല്കുന്നു. "ലോകാവസാനത്തിലും അങ്ങനെതന്നെ സംഭവിക്കും. ദൈവദൂതന്മാർ ദുഷ്ടന്മാരെ നല്ലവരിൽനിന്നു് വേർതിരിക്കുകയും അവരെ തീച്ചൂളയിലേക്കു് ഇട്ടുകളയുകയും ചെയ്യും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്താ. 13:49,50) അന്ത്യനാളിൽ ഭാഗ്യവാന്മാരുടെ സമാധാനത്തിലും സന്തോഷത്തിലും ജീവിക്കുവാൻവേണ്ടി യേശുവിനോടുള്ള സ്നേഹത്തിൽ ജീവിക്കുക.

www.malankaralibrary.com

## ധ്യാനം 273

### പെന്തിക്കോസ്തിക്കുശേഷം പതിനാറാംവാരം–ശനിയാഴ്ച

### നല്ല നിക്ഷേപത്തെപ്പററിയുള്ള ഉപമ (തുടർച്ച)

"നല്ല മനുഷ്യർ നല്ല നിക്ഷേപത്തിൽനിന്നു് നന്മ പുറപ്പെടുവിക്കുന്നു." (ലൂ. 6:45) സാധാരണ സംസാരത്തിൽ ആത്മീയകാര്യങ്ങൾ കലർത്തുന്നതിനെപ്പററി ഈശോ ഉപദേശിക്കുന്നു. "സത്യത്തിനു സാക്ഷി നല്കുവാനായി ഞാൻ വന്നിരിക്കുന്നു" (യോഹ. 13:57) നിനക്കു് അസ്ഥിത്വം ലഭിച്ചതും തിരുസഭയുടെയും സന്യാസസഭയുടെയും അംഗമായിതീർന്നതും സത്യത്തിനു സാക്ഷി നല്കുവാനത്രേ. നിന്റെ ഓരോ വാക്കും വിശുദ്ധിയെ ഉച്ഛ്വസിക്കുന്നതായിരിക്കണം. യേശുവിനെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നവൻ അവിടുത്തോടു് സംസാരിക്കാൻ സദാ സന്നദ്ധനായിരിക്കും. "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു് ലാഭവുമാകുന്നു." (ഫിലി. 1:21) ഹൃദയപൂർവ്വം യേശുവിനെ സ്നേഹിക്കുന്ന ഒരു ആത്മാവിന്റെ ബഹിർസ്ഫുരണമാണിതു്. സ്നേഹമേറിയ ഈശോനാഥനിലേക്കു സകലഹൃദയങ്ങളെയും ആകർഷിക്കുന്നതിനു ശ്രമിക്കുക.

നമ്മുടെ കർത്താവിന്റെ ആഹ്വാനവും, അതിനെ സ്വീകരിക്കുന്നവർക്കു നല്കുന്ന വാഗ്ദാനവുമാണു് സ്നേഹപൂർവ്വമായ സംഭാഷണത്തിനു് നമ്മെ പ്രേരിപ്പിക്കുന്നതു്. അവിടുത്തെ ആഹ്വാനം കേൾക്കുക. "എന്റെ സഹോദരി, എന്റെ പ്രാവേ, എന്റെ പൂർണ്ണതയുള്ളവളേ എനിക്കായി ഹൃദയകവാടം തുറക്കുക." അവിടുന്നു നല്കുന്ന വാഗ്ദാനം ശ്രദ്ധിക്കുക. "എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒന്നിച്ചുകൂടുന്നിടത്തെല്ലാം അവരുടെ മദ്ധ്യേ ഞാനുണ്ടു്." (മത്താ. 18:20) എമ്മാവൂസിലേക്കു് പോയ ശിഷ്യന്മാർക്കു് അനുഭവപ്പെട്ടതും ഇതുതന്നെയാണു്. അവർ അന്യോന്യം പറഞ്ഞു "അവൻ വഴിയിൽവച്ചു് നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം തമ്മിൽ കത്തിജ്വലിക്കുകയായിരുന്നില്ലേ?" (ലൂ. 24:32) ക്രിസ്തു ഉള്ളിടത്തു് ശാന്തിയും സന്തോഷവും രക്ഷയുമുണ്ടു്. ദൈവസാന്നിദ്ധ്യം സ്വർഗ്ഗത്തിന്റെ ഒരു മുന്നനുഭവമത്രേ.

## ധ്യാനം 274

### സ്ലീബാക്കാലം (സഭയുടെ മഹത്വീകരണം)

### പെന്തിക്കോസ്തിക്കു ശേഷമുള്ള പതിനേഴാം ഞായറാഴ്ച

### നസ്രേത്തിൽ യേശു നിരസിക്കപ്പെടുന്നു

"സ്വന്തപട്ടണത്തിലും ചാർച്ചക്കാരുടെ ഇടയിലുമല്ലാതെ ഒരു പ്രവാചകൻ അപമാനിതനാകുന്നില്ല... അവിടെ ഒന്നും ചെയ്യാൻ അവിടു

www.malankaralibrary.com

ത്തേക്കു കഴിഞ്ഞില്ല.'' (മക്കോ. 6:4,5) നസ്രേത്തു നിവാസികൾക്കു യേശുവിൻെറ നേരെയുണ്ടായിരുന്ന അസൂയയുടെ ഫലം ആത്മീയ അന്ധതയും അവിശ്വാസവുമായിരുന്നു. അഹങ്കാരത്തിൻെറ ഫലങ്ങളായ തുനിവും ദുർബ്ബുദ്ധിയും അവരെ ഭരിച്ചിരുന്നു...പരദൂഷണം അസൂയയുടെ മററൊരു ഫലമാണ്. തിന്മ ചിലപ്പോൾ നന്മയുടെ വേഷമെടുക്കും. ധൂർത്ത് ഔദാര്യത്തിൻെറ വേഷത്തിലും കപടഭക്തി യഥാർത്ഥഭക്തിയുടെ വേഷത്തിലും പ്രത്യക്ഷപ്പെട്ടേക്കാം...നസ്രേത്തിൽ അവിടുത്തേക്കു യാതൊരു നന്മയും ചെയ്യാൻ കഴിഞ്ഞില്ല. കാരണം അവരുടെ മനോഭാവം തെററായിരുന്നു. തങ്ങളുടെ രക്ഷയെപ്പററി ജാഗ്രതയോടിരിക്കുകയും അതിനുവേണ്ടി അദ്ധ്വാനിക്കുകയും ചെയ്യുന്നവർക്കാണ് ദൈവം തൻെറ ദാനങ്ങൾ നല്കുന്നത്. "ജപാലയത്തിലുണ്ടായിരുന്നവരെല്ലാം കോപാക്രാന്തരായി, അവിടുത്തെ പിടിച്ചു നഗരത്തിനു പുറത്താക്കി തങ്ങളുടെ നഗരം സ്ഥിതിചെയ്തിരുന്ന മലമുകളിൽനിന്നു താഴേയ്ക്കു തള്ളിയിടാൻ ശ്രമിച്ചു'' (ലൂ. 4:28,29) ഈ അക്രമം യഹൂദരുടെ അസൂയയുടെ ഫലമല്ലാതെ മററൊന്നുമായിരുന്നില്ല. ഈ തിന്മ വിശ്വാസദീപത്തെ കെടുത്തികളകയും, പരദൂഷണത്തെ പെരുപ്പിക്കയും നീതിയെ ലംഘിപ്പിക്കയും ചെയ്യും. അസൂയയ്ക്കുള്ള പ്രതിവിധി എളിമയും പരസ്നേഹവുമാകുന്നു.

## ധ്യാനം 275

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനേഴാം വാരം—തിങ്കളാഴ്ച

### കർത്താവു സുവിശേഷഘോഷണത്തിനായി അപ്പോസ്തോലന്മാരെ അയക്കുന്നു.

"വിളവിൻെറ ഉടമസ്ഥനോടു തൻെറ കൊയ്ത്തിലേക്കു വേലക്കാരെ അയയ്ക്കാൻ പ്രാർത്ഥിക്കുവിൻ'' (മത്താ. 9:38) മനുഷ്യരെ രക്ഷിപ്പാനും ആശ്വസിപ്പിക്കാനുംവേണ്ടി എത്ര ആർദ്രമായ സഹതാപത്തോടും തീവ്രമായ ശുഷ്കാന്തിയോടും കൂടെയാണ് ഈശോയുടെ തിരുഹൃദയം എരിയുന്നതെന്നു കാണുക. ചിതറികിടക്കുന്ന തൻെറ ആടുകളെ കൂട്ടിചേർക്കാൻവേണ്ടി അവിടുന്ന് സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നു. അവിടുത്തെ സ്നേഹശുഷ്കാന്തി വിശ്രമമെടുക്കാൻ അവിടുത്തെ അനുവദിക്കുന്നില്ല. ഈ നല്ലയിടയൻെറ തൃപ്പാദത്തിങ്കൽ നീ ഓടിയെത്തുക...ആത്മാക്കളെക്കുറിച്ചുള്ള ശുഷ്കാന്തികൊണ്ടു് ശിഷ്യരുടെ ഹൃദയങ്ങളെ അവിടുന്ന് ഉജ്വലിപ്പിക്കുന്നു. വേലക്കാരെ അയപ്പാനുള്ള കടമ ദൈവത്തിൻെറതാണെങ്കിലും പ്രാർത്ഥിപ്പാൻ അവിടുന്നു നിന്നോടാവശ്യപ്പെടുന്നു. വി. പൗലോസിനെ സഭയ്ക്കു നല്കുവാൻ വി. സ്തേഫാനോസിൻെറ പ്രാർത്ഥനയ്ക്കായി ദൈവം നോക്കിപ്പാർത്തു. വി. മോനിക്കായുടെ കണ്ണുനീർ വി. അഗസ്തീനോസിനെ മനസ്സുതിരിച്ചു. നിൻെറ അദ്ധ്വാനങ്ങളെ ആശീർവ്വദിക്കാൻ നിൻെറ പ്രാർത്ഥന ദൈവം ആവശ്യപ്പെടുന്നു. 'കണ്ണുനീരിൽ വിതച്ചു്, സന്തോഷത്തോടെ കൊയ്യുന്ന' വേല

www.malankaralibrary.com

ക്കാരെയാണ് അവിടുത്തേക്കു് വേണ്ടതു്. അവിടുന്നു് പന്തിരുവരെ പ്രത്യേകം തിരഞ്ഞെടുത്തു. മുഴുവനായി ദൈവവേലയിൽ ഉൾപ്പെടുന്നതിനു പ്രത്യേക ദൈവവിളിയും അസാധാരണ കൃപയും ആവശ്യമുണ്ടു്. യേശു അവരെ അന്യോന്യം സ്നേഹത്തിലും എളിമയിലും അഭ്യസിപ്പിച്ചു. അശുദ്ധാത്മാക്കളെ ആട്ടിയോടിക്കുവാനും, എല്ലാത്തര രോഗങ്ങളും അവശതകളും ഭേദപ്പെടുത്തുവാനും അവയുടെ മേൽ അവിടുന്നു് അവരെ അധികാരപ്പെടുത്തി (മത്താ. 10:1) മത്സരക്കാരായ ദൈവദൂതന്മാരെ, പാവപ്പെട്ട മുക്കവരുടെ പാദത്തിൻ കീഴെ ദൈവം തള്ളിയിടുന്നു. ശാരീരികരോഗങ്ങളെ മാത്രമല്ല ആത്മീയരോഗങ്ങളെ സുഖപ്പെടുത്തുവാനും അവിടുന്നു് അവർക്കു് അധികാരം നല്കി. നിങ്ങളുടെ ഹൃദയം കലങ്ങുകയും ഭയപ്പെടുകയും വേണ്ടാ. എന്നിൽ വിശ്വസിക്കുക എന്നരുളിച്ചെയ്തുകൊണ്ടു് അവിടുന്നു് അവരെ ധൈര്യപ്പെടുത്തി.

## ധ്യാനം 276

### പെന്തിക്കോസ്തിക്കു ശേഷമുള്ള പതിനേഴാംവാരം—ചൊവ്വാഴ്ച

### അപ്പസ്തോലന്മാരെ അയക്കുന്നതിനുമുമ്പു് യേശു അവരെ ഉപദേശിക്കുന്നു.

"നിങ്ങൾ വിജാതിയരുടെ മാർഗ്ഗത്തിലൂടെ ചരിക്കയോ, സമരിയാക്കാരുടെ പട്ടണങ്ങളിൽ പ്രവേശിക്കയോ ചെയ്യരുതു്. പ്രത്യുത മുഖ്യമായും ഇസ്രായേൽ ഗോത്രങ്ങളിൽനിന്നു നഷ്ടപ്പെട്ടുപോയ ആളുകളുടെ അടുക്കലേക്കു പോകുവിൻ" (മത്താ. 10:5,6) അപ്പസ്തോലന്മാർ ദൈവാത്മാവിനെ പൂർണ്ണമായി പ്രാപിച്ചിട്ടില്ലാതിരുന്നതുംകൊണ്ടു് അവരുടെ പ്രാപ്തിക്കുതക്ക ജോലിയെ അവിടുന്നു് അവരെ ഏല്പിക്കുന്നുള്ളു. സാർവ്വത്രികലോകത്തിലേക്കു് ഇറങ്ങുന്നതിനുമുമ്പു് ആദ്ധ്യാത്മിക സമരായുധങ്ങൾ അവർ പ്രയോഗിച്ചു തഴങ്ങേണ്ടിയിരിക്കുന്നു. ആർക്കു് ആദ്യം സുവിശേഷം അറിയിക്കപ്പെട്ടുവോ അവർ അതു നിരസിച്ചപ്പോൾ, പുറജാതികൾക്കായി അവിടുന്നു് അതു പകർന്നുകൊടുത്തു. നിനക്കു നിശ്ചയിച്ചിരിക്കുന്ന അനുഗ്രഹം മററൊരാൾക്കായി പോകാതിരിക്കാൻ കരുതുക. "നിങ്ങൾക്കു് സ്വർഗ്ഗരാജ്യം സമാപിച്ചിരിക്കുന്നു. എന്നു് പ്രസംഗിക്കുവിൻ" (മത്താ. 10:7) അവർ പോയി മനുഷ്യർക്കു് സ്വർഗ്ഗരാജ്യം പ്രസംഗിച്ചു. (മർക്കോ. 6:12) ജനത്തെ ഉപദേശിപ്പാൻ ഈ മാർഗ്ഗം ഉപയോഗിപ്പാൻ ഈശോ യോഹന്നാൻ മാംദാനയെ പ്രേരിപ്പിച്ചിരുന്നു. അവസാനമായി അവിടുന്നും ആ മാർഗ്ഗം സ്വീകരിച്ചു. ദൈവരാജ്യത്തിന്റെ ശുശ്രൂഷിക്കു് വീരോചിതപുണ്യം അനുപേക്ഷണീയമായി ഈശോ നിയമിക്കുന്നു. അതുകൊണ്ടുമാത്രമേ മനുഷ്യരെ ദൈവത്തോടു് അടുപ്പിക്കാൻ സാധിക്കു. വിശുദ്ധി ഒരത്ഭുതമാകുന്നു. അതു് ഭൗമീകവും മാനുഷീകവുമായതിനെ ആത്മീയവും ദൈവീകവുമാക്കിത്തീർക്കുന്നു. ആത്മാക്കളെ ദൈവത്തിങ്കലേയ്ക്കു് ആകർഷിക്കാൻ നിനക്കു് ആഗ്രഹമുള്ളപക്ഷം നിന്റെ വികാരങ്ങളെ ക്രൂശിക്കയും, യേശുവിനോടുള്ള സ്നേഹാഗ്നി നിന്റെ ഹൃദയത്തിൽ കത്തി ജ്വലിക്കയും വേണം.

www.malankaralibrary.com

## ധ്യാനം 277

### പെന്തിക്കോസ്തിക്കു ശേഷമുള്ള പതിനേഴാംവാരം—ബുധനാഴ്ച

### ഈശോ അപ്പസ്തോലന്മാരെ എളിമയും ദാരിദ്ര്യവും പഠിപ്പിക്കുന്നു.

"സൗജന്യമായി നിങ്ങൾക്കു ലഭിച്ചു. സൗജന്യമായി കൊടുക്കുവിൻ" (മത്താ. 10:8) അത്ഭുതപ്രവർത്തനത്തിനുള്ള വരം സൗജന്യമാണെന്നും അതേപ്പററി ആരും അഹങ്കരിക്കേണ്ടതില്ലെന്നും ഈശോ ഉപദേശിക്കുന്നു. വെറും പാവപ്പെട്ടവരെയാണ് സുവിശേഷവേലയ്ക്കായി യേശു തെരഞ്ഞെടുത്തത്. കാരണം, അവർ സകല ബഹുമാനവും അടിസ്ഥാനകാരണമായ ദൈവത്തിനു കൊടുക്കാമെന്നുള്ളതുതന്നെ. ഒരുവൻ എത്രത്തോളം എളിമയുള്ളവനായിരിക്കുന്നുവോ അത്രത്തോളമേ ദൈവം അവനിൽ പ്രവർത്തിക്കൂ. എളിമയില്ലാത്തപക്ഷം മാനുഷികാഭിനന്ദനത്തിൽ അവൻെറ കണ്ണു മഞ്ചിപ്പോകും. അഥവാ എതിർപ്പുകളുടെ മുമ്പിൽ അവൻ വാടി തളർന്നുപോകും. ദിവ്യനാഥനോടുകൂടെ നാമും പറയണം. "ഞാൻ എൻെറ മഹത്വം അന്വേഷിക്കുന്നില്ല." (യോ. 8:50) നിങ്ങളുടെ മടിശീലകളിൽ സ്വർണ്ണമോ വെള്ളിയോ പണമോ ഉണ്ടാകരുത് (മത്താ. 10:9) അപ്പസ്തോലിക വേലയ്ക്കായി വിളിക്കപ്പെട്ടവർക്കു ദാരിദ്ര്യവും ലോകവസ്തുക്കളോടു നിർമ്മമത്വവുമുണ്ടായിരിക്കണം. യേശുക്രിസ്തു അനുഷ്ഠിച്ചതും സുവിശേഷഭാഗ്യങ്ങളുടെ തലപ്പത്തു സ്ഥാപിച്ചതും ആ പുണ്യമത്രേ. ഭൗമികവസ്തുക്കൾ നശ്വരമാണെന്നും ദൈവം മാത്രമാണ് യഥാർത്ഥ നന്മയെന്നും മററുള്ളവരെ ബോദ്ധ്യപ്പെടുത്തണമെങ്കിൽ നാംതന്നെ അതു അഭ്യസിച്ചേ മതിയാവൂ. ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടമ്പോൾ എല്ലാവരേയും എന്നിലേക്ക് ആകർഷിക്കും. (യോഹ. 12:32) അപ്പസ്തോലന്മാരാവാൻ വിളിക്കപ്പെട്ടിരിക്കുന്നവർക്ക് അന്യോന്യം സ്നേഹം ഉണ്ടായിരുന്നേ മതിയാവൂ. ദിവ്യസ്നേഹാഗ്നി എല്ലാ ഹൃദയങ്ങളിലും കത്തി ജ്വലിക്കണമെന്ന് അവർ ആഗ്രഹിക്കും. പാപികൾ അവരുടെ നാശത്തിൽ മററുള്ളവരെ അകപ്പെടുത്തുവാൻ ശ്രമിക്കുന്നിടത്തോളമെങ്കിലും മററുള്ളവരെ ദൈവത്തിങ്കലേയ്ക്കു് ആകർഷിക്കാൻ നാം ശ്രമിക്കേണ്ടതല്ലേ? "കാലത്തും അകാലത്തും ദൈവമഹത്വം പ്രകീർത്തിക്കുക നിരന്തരം പരിശ്രമിക്കുക. ക്ഷമയോടെ കുററപ്പെടുത്തുക. അപേക്ഷിക്കയും ശാസിക്കയും പഠിപ്പിക്കയും ചെയ്യു." (2. തീമോ. 4:1,2)

## ധ്യാനം 278

### പെന്തിക്കോസ്തിക്കു ശേഷമുള്ള പതിനേഴാംവാരം വ്യാഴാഴ്ച

### അപ്പസ്തോലന്മാർ ജനരഞ്ജനയും സമാധാന പ്രിയവുമുള്ളവരായിരിക്കണമെന്നു ഈശോ ഉപദേശിക്കുന്നു.

"ഏതെങ്കിലും നഗരത്തിലോ ഗ്രാമത്തിലോ ചെല്ലുമ്പോൾ അവിടെ ആരാണ് അർഹനെന്നു കണ്ടുപിടിച്ച് ആ സ്ഥലം വിടുന്നതുവരെ

www.malankaralibrary.com

അയാളോട്ടുകൂടെ താമസിക്കുവിൻ'' (മത്താ. 10:11) മിഷ്യനറിമാക്ക് ലൗകീകമായ യാതൊരു വസ്തുവിനോടും സ്ഥലത്തോടും പ്രത്യേക മമത യുണ്ടായിരുന്നുകൂടാ. അവർ കണ്ടുമുട്ടുന്ന ആളുകൾ ധനികരോ, ശ്രേഷ്ഠ രോ, ഉല്പതിഷ്ണുക്കളോ എന്നൊന്നും അന്വേഷിക്കണ്ടാ. അവരുടെ ആ ത്മീയാവശ്യങ്ങൾ എന്തെല്ലാമെന്നുമാത്രം തിരക്കി അറിഞ്ഞുകൊള്ളുക. ''നിങ്ങളെ സ്നേഹിക്കുന്നവൻ എന്നെ സ്നേഹിക്കുന്നു. എന്നെ സ്നേഹി ക്കുന്നവൻ എന്നെ അയച്ചവനെ സ്നേഹിക്കുന്നു.'' (മത്താ. 10:40) എന്നു പറയുവാൻ തക്കവണ്ണം യേശു അപ്പസ്തോലന്മാരെ സ്നേഹിക്കുന്നു. ദൈ വമക്കൾ എവിടെയെല്ലാം പ്രവേശിക്കുന്നുവോ അവിടെയെല്ലാം തങ്ങ ളുടെ ദിവ്യനാഥനെപ്പോലെ സമാധാനം പ്രചരിപ്പിക്കുന്നവരായിരിക്ക ണം. അതിനാൽ ഭിന്നതയ്ക്കു കാരണമാകുന്ന സ്വഭാവമോ പ്രതികാരത്തി നുള്ള വടിയോ അവർ കൊണ്ടുനടന്നുകൂടാ. ''സമാധാനം പ്രചരിപ്പി ക്കുന്നവരുടെ പാദങ്ങൾ എത്ര മനോഹരം'' (റോമ. 10:15) നിന്റെ സമാ ധാനം ഫലത്തെയല്ല പിന്നെയോ നിയോഗശുദ്ധിയെയും ദൈവമഹത്വ ത്തിനായുള്ള തീവ്രതയെയുമാണ് ആശ്രയിച്ചിരിക്കുന്നത്. ആരെങ്കി ലും നിങ്ങളെ സ്വീകരിക്കാതെയും ശ്രവിക്കാതെയുമിരുന്നാൽ നിങ്ങൾ അവിടെനിന്നുപോയി അവക്കു സാക്ഷ്യത്തിനായി നിങ്ങളുടെ പാദങ്ങ ളിൽനിന്നു പൊടി തട്ടിക്കളയുവിൻ'' (മക്കോ. 6:11) ഇങ്ങനെ ചെ യ്യുന്നതു് അപ്പസ്തോലന്മാർ സേവനം ചെയ്യുന്നതു് സ്വന്ത താല്പര്യത്തി നുവേണ്ടിയല്ല എന്നു് അവരെ നിരസിക്കുന്നവരെ ബോദ്ധ്യപ്പെടുത്താ നും, പാപത്തിൽ മക്കടമുഷ്ടിയോടെ നില്ക്കുന്നവക്കു ഒരു പരസ്യ വെല്ലു വിളിയായിരിപ്പാനുമത്രേ.

## ധ്യാനം 279

### പെന്തിക്കോസ്തിക്കു ശേഷം പതിനേഴാംവാരം–വെള്ളിയാഴ്ച

### നമ്മുടെ കർത്താവു് അപ്പസ്തോലന്മാരെ സൗമ്യത, വിവേകം, ലാളിത്യം എന്നിവ പഠിപ്പിക്കുന്നു.

''കണ്ടാലും ഞാൻ നിങ്ങളെ ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടു കളെപോലെ അയക്കുന്നു'' (മത്താ. 10:16) നല്ലഇടയൻ ചെന്നായ്ക്കളു ടെ ഇടയിലേക്കാണ് തൻെറ ആടുകളെ അയക്കുന്നതെങ്കിലും അവർ എ ന്നേക്കും നശിച്ചുപോകയില്ലെന്നും ആരും തൻെറ കയ്യിൽനിന്നു് അവ യെ കവന്നു കൊണ്ടുപോകയില്ലെന്നുംകൂടെ അവിടുന്നു വാഗ്ദാനം ചെ യ്യുന്നു (യോഹ.10:28) ക്രിസ്തുവിൻെറ ആലയിലെ കുഞ്ഞാടു ഭയപ്പെടേ ണ്ടതില്ല. എന്തെന്നാൽ അതു ജോലി സ്വീകരിച്ചിരിക്കുന്നതു് സകല ത്തെയും ഭരിച്ചു നടത്തുന്ന നന്മസ്വരൂപിയായ ദൈവത്തിൽനിന്നാണു്. കുഞ്ഞാടു ചെന്നായിൽ നിന്നോടിപ്പോകുന്നതുപോലെ നീയും ദുഷ്ടനിൽ നിന്നു് ഓടിയകലുക. ''ആകയാൽ നിങ്ങൾ സപ്പങ്ങളെപ്പോലെ ബു ദ്ധിയുള്ളവരും പ്രാവുകളെപ്പോലെ കളങ്കമില്ലാത്തവരുമായിരിപ്പിൻ.''

www.malankaralibrary.com

(മത്ത. 10:26) സപ്പ്ങ്ങൾ നല്ല മുൻ കരുതലോട്ടുകൂടിയേ പ്രവൎത്തിക്കൂ. സപ്പ്ംകൂടെക്കൂടെ അതിൻെറ തോല്യ് ഉരിയുന്ന പ്രകാരം നീയും നിരന്തരനിഗ്രഹത്താൽ ആത്മാവിനെ പുതുക്കണം. ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടി പ്രവൎത്തിക്കുമ്പോഴം നിന്നോട്ടുതന്നെയുള്ള കടമകൾ നീ വിസ്മരിക്കരുതു്. ശക്തിക്കുറവുകൊണ്ടുള്ള ക്ഷീണം കൗശലംകൊണ്ടും ശത്രുക്കളെ കണ്ടുപിടിക്കുന്നതിലുള്ള സാമൎത്ഥ്യംകൊണ്ടും സപ്പ്ം പരിഹരിക്കുന്നു. നീയും നിൻെറ ശക്തിയെ അവിശ്വസിക്കുകയും, നിൻെറ ആത്മീയ ശത്രുക്കളെ കണ്ടുപിടിക്കുന്നതിനുവേണ്ടി ദൈവം നല്കുന്ന വെളിവുകളെ പ്രയോജനപ്പെടുത്തുകയും വേണം. തലയെ രക്ഷിക്കുന്നതിനു വേണ്ടി ശരീരത്തെ എന്തു ത്യാഗത്തിനുംസപ്പ്ം ഏല്പിച്ചുകൊടുക്കുന്ന പ്രകാരം നിൻെറ തലയായ യേശുവിനോടുള്ള ഐക്യം സംരക്ഷിക്കുന്നതിനുവേണ്ടി നീയും ഏതു ത്യാഗത്തിനും തയ്യാറാകണം. മററുള്ളവരെ ചതിക്കുന്നതിൽനിന്നു് പ്രാവിനടുത്ത പരമാൎത്ഥത നിന്നെ തടയുന്നു. വിവേകം അവസരോചിതം പ്രവൎത്തിക്കുന്നതിനു നിന്നെ പ്രാപ്തനാക്കുകയും, പരമാൎത്ഥത ദൈവത്തിങ്കലേക്കുമാത്രം നിൻെറ ശ്രദ്ധയെ തിരിക്കയുംചെയ്യും. ഈ പുണ്യങ്ങൾ രണ്ടും യേശുവിൻെറ മാതൃകയിലുള്ള ഒരു മിഷ്യനറിയായി നിന്നെ രൂപാന്തരപ്പെടുത്തും.

## ധ്യാനം 380

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനേഴാംവാരം–ശനിയാഴ്ച

### യേശു അപ്പസ്തോലന്മാരെ പീഡകൾ സഹിപ്പാൻ ധൈര്യപ്പെടുത്തുന്നു.

"സൂക്ഷിച്ചുകൊള്ളുവിൻ ജനങ്ങൾ നിങ്ങളെ ജപാലയങ്ങളിൽ വച്ചു മൎദ്ദിക്കുകയും ന്യായാധിപന്മാൎക്കു ഏല്പിച്ചുകൊടുക്കുകയും ചെയ്യും" (മത്താ. 10:17) ഒരു മിഷ്യനറിക്കു് ധാരാളം എതിൎപ്പുകൾ ഉണ്ടാകും. ക്ഷമയില്ലെങ്കിൽ അയാൾക്കു് സ്ഥായിയായി ഒന്നും ചെയ്യുവാൻ പററുകയില്ല. "ഈ സമയംവരെ ഞങ്ങൾ വിശന്നും, ദാഹിച്ചും വസ്ത്രക്ഷാമമനുഭവിച്ചും മൎദ്ദനമേററും സ്ഥിരമായ പാൎപ്പിടമില്ലാതെയും കഴിയുകയാണു്. ഞങ്ങളെ മൎദ്ദിക്കുമ്പോൾ ഞങ്ങൾ അതു സഹിക്കുന്നു. ഞങ്ങളെപ്പററി ദൂഷണം പറയുമ്പോൾ ഞങ്ങൾ നല്ലവാക്കു പറയുന്നു. ഞങ്ങൾ ലോകത്തിൻെറ കുപ്പയായിത്തീൎന്നിരിക്കയാണു്. അതായതു് സവ്വരുടെയും വിദ്വേഷപാത്രങ്ങൾ" (1 കൊരി. 4:11–13) "അവർ നിങ്ങളെ ഏല്പിച്ചുകൊടുക്കുമ്പോൾ എന്തു പറയണമെന്നു് വിചാരിച്ചു് ആകുലരാകരുതു്...നിങ്ങളുടെ പിതാവിൻെറ പരിശുദ്ധാത്മാവായിരിക്കും നിങ്ങൾവഴി സംസാരിക്കുക (മത്താ. 10:19,20). ദൈവത്തിൽനിന്നുള്ളതെന്തെന്നു ദൈവാത്മാവിനു മാത്രമേ അറിഞ്ഞുകൂടൂ. പുണ്യത്തെ സ്നേഹിക്കുന്ന ഏവരോടും ഇതു പറയാം. നിങ്ങളല്ല പിന്നയോ സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിൻെറ അരൂപിയത്രേ നിങ്ങളിൽ പുണ്യത്തെ സ്നേഹിക്കയും അഭ്യസിക്കുകയും ചെയ്യുന്നതു്." ഒരു പട്ടണത്തിൽ നിങ്ങൾ മൎദ്ദിക്കപ്പെടുമ്പോൾ മറെറാന്നിലേ

www.malankaralibrary.com

ക്കു് ഓടിപ്പോകുവിൻ. മനുഷ്യപുത്രന്റെ ആഗമനത്തിനുമുമ്പ് നിങ്ങൾ ഇസ്രായേൽ ഗോത്രങ്ങളുടെ നഗരങ്ങളെല്ലാം സഞ്ചരിച്ചുതീരുകയി ല്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു.'' (മത്താ.10:23) ഓടിപ്പോകുന്ന തു് മരണമനുഭവിക്കുന്നതിനെക്കാൾ ഉദാരമാണ്. മരണം എല്ലാ പീ ഡനങ്ങൾക്കും അന്ത്യം കുറിക്കുന്നു. ഓടിപ്പോക്കോ പീഡനങ്ങളെ ദീ ർഘിപ്പിക്കുകയത്രേ. അപ്പസ്തോലന്മാർ ലോകത്തെ മുഴുവൻ സുവിശേഷ വെളിച്ചത്തിലേയ്ക്കു കൊണ്ടുവരേണ്ടതാകകൊണ്ടു് അവർ മരിക്കാതെ ജീവിച്ചിരുന്നേ മതിയാവൂ. അതുകൊണ്ടാണ് ഓടി ഒളിക്കുവാൻ യേ ശു ആജ്ഞാപിച്ചതു്.

## ധ്യാനം 281

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനെട്ടാംവാരം—ഞായറാഴ്ച

### രക്തസാക്ഷിമരണത്തിനായി യേശു അപ്പസ്തോലന്മാരെ പ്രേരിപ്പിക്കുന്നു.

''എന്റെ നാമത്തെപ്രതി നിങ്ങൾ എല്ലാവരാലും വെറുക്കപ്പെ ടും'' (മത്താ. 10:22) അപ്പസ്തോലന്മാരെ പ്രോത്സാഹിപ്പിക്കാനായി എ ന്റെ നാമത്തെപ്രതിയായിരിക്കും അവർ പീഡിപ്പിക്കപ്പെടുന്നതെന്നു യേശു പറയുന്നു. സ്നേഹം ഒരു വിശിഷ്ടപുണ്യമാണ്. ഭാരമേറിയ തിനെ ലഘൂപ്പെടുത്താൻ അതിനു മാത്രമേ കഴിയൂ. തന്റെ പ്രിയന്റെ ഇഷ്ടത്തിനു കീഴ്പ്പെടുവാൻ മനസ്സില്ലാത്തവൻ സ്നേഹിതൻ എന്ന പേരി നുപോലും അർഹനല്ല. (ക്രിസ്താനുകരണം III Ch. 5) ''അവസാനംവ രെ സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടും'' (മത്താ. 10:23) എന്തെ ല്ലാം നന്മകൾ ചെയ്താലും ക്ലേശങ്ങൾ സഹിച്ചാലും അവസാനംവരെ വിശ്വസ്തനായി നില്ക്കാത്തപക്ഷം രക്ഷിക്കപ്പെടുകയില്ല. സ്ഥിരത പ രിശുദ്ധന്മാരുടെ മഹത്വവും സുകൃതങ്ങളുടെ കിരീടവുമാകുന്നു. നി ന്റെ ശക്തിയുടെ ഞരമ്പും, പുണ്യത്തിന്റെ പൂർണ്ണതയും യോഗ്യതകളു ടെ മകുടവും സ്ഥിരതതന്നെ.

''ശിഷ്യൻ ഗുരുവിനു മീതെയല്ല. ദാസൻ യജമാനനു മേലെയു മല്ല. കുടുംബനാഥനെ ബെയിത്സബൂബ് എന്നു വിളിച്ചവർ കുടുംബാം ഗങ്ങളെ അതിലധികം വിളിക്കുകയില്ലേ. ആകയാൽ അവരെ ഭയപ്പെ ടേണ്ട.'' (മത്താ. 10:24) തന്റെ അനുയായികളെ ആശ്വസിപ്പിക്കാൻ വേണ്ടി ക്ലേശങ്ങളും നിന്ദകളും സഹിപ്പാൻ തിരുമനസ്സായ യേശുവി ന്റെ സ്നേഹം എത്ര വലുതു്. അവിടുത്തെ ക്ഷമ കണ്ടുപഠിക്കുക. ദി വ്യരക്ഷിതാവിനോടെന്നപോലെ നിന്നോടു മററുള്ളവർ പെരുമാറുന്ന തു് ബഹുമതിയായി കരുതുക. അവിടുന്നു പറയുന്നു: ''ജനനനിമിഷം മുതൽ ക്രൂശിലെ മരണംവരെ ക്ലേശങ്ങളില്ലാത്ത ഒരു നിമിഷം എനിക്കു ണ്ടായിരുന്നില്ല'' (ക്രിസ്താനുകരണം III: 18) കർത്താവേ, അവിടുത്തെ ജീവിതമാകുന്നു എന്റെ വഴികാട്ടി. ക്ഷമ എന്റെ കിരീടമാകുന്നു. നിങ്കലേക്കു ഞാൻ നടന്നടുക്കുന്നു.

www.malankaralibrary.com

## ധ്യാനം 282

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനെട്ടാംവാരം—തിങ്കളാഴ്ച

### ക്ലേശമനുഭവിക്കുന്നതിനു കർത്താവു ശിഷ്യന്മാരെ പ്രോത്സാഹിപ്പിക്കുന്നു.

"ആകയാൽ നിങ്ങൾ ഭയപ്പെടേണ്ടാ. വെളിപ്പെടുത്തപ്പെടാതെ മറഞ്ഞിരിക്കുന്നതോ അറിയപ്പെടാതെ ഗൂഢമായിരിക്കുന്നതോ ഒന്നുമില്ല." (മത്താ. 10:26) സുവിശേഷപ്രചാരണത്തെപ്പററി നിങ്ങൾ ഭയപ്പെടേണ്ടാ. നിങ്ങളുടെ വാക്കുകൾക്കു തെളിവും ശക്തിയും ഞാൻ നല്കും. നിങ്ങൾ ധൈര്യമായി എൻെറ ഉപദേശം പ്രചരിപ്പിക്കുവിൻ. "ഞാൻ ഇരുട്ടത്തു നിങ്ങളോടു പറഞ്ഞതു വെളിച്ചത്തു നിങ്ങൾ പ്രസ്താവിക്കുവിൻ. ചെവിയിൽ നിങ്ങൾ കേട്ടതു പുരമുകളിൽ നിന്നു ഘോഷിക്കുവിൻ." (മത്താ. 10:27) "ആത്മാവിനെ കൊല്ലുവാൻ കഴിവില്ലാതെ ശരീരത്തെ മാത്രം കൊല്ലുവാൻ കഴിയുന്നവരെ നിങ്ങൾ ഭയപ്പെടേണ്ടാ. എന്നാലോ ശരീരത്തെയും ആത്മാവിനെയും കൊല്ലുവാൻ കഴിയുന്നവനെ ഭയപ്പെടുവിൻ" (മത്താ. 10:28) ഈശോമ്ശിഹായുടെ ദാസൻ പാപത്തെയല്ലാതെ മററൊന്നിനെയും ഭയപ്പെടരുതു്. നിത്യശിക്ഷയെപ്പററി ധ്യാനിച്ചാൽ താല്ക്കാലിക ശിക്ഷയെപ്പററിയുള്ള ഭയം കടന്നുപോകും.

"ഭൂമിയിൽ സമാധാനം സ്ഥാപിക്കുവാൻ ഞാൻ വന്നിരിക്കുന്നു എന്നു നിരൂപിക്കേണ്ടാ. തൻെറ കുരിശെടുത്തു് എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല." (മത്താ. 10:34,37,38) ജഡത്തോടും ലോകത്തോടും ദുരാശകളോടും നീ നിരന്തരം യുദ്ധം ചെയ്യണമെന്നാണ് ദിവ്യനാഥൻ ആഗ്രഹിക്കുന്നതു്. നിൻെറ ശത്രുക്കളെ സംഹരിക്കേണ്ടതിനു് ന്യായപ്രമാണം, സ്നേഹം എന്നു് ഇരുവായ്ത്തലയുള്ള ഒരു വാളിനെ നിനക്കു നല്കിയിരിക്കുന്നു. യേശുവിനെ സ്നേഹിക്കുവാൻ നിനക്കു കഴിയണമെങ്കിൽ നിന്നെത്തന്നെ വെറുക്കണം. മരണത്തിൻെറ ചിഹ്നമായ കുരിശിനെ അനുദിനം ധൈര്യസമേതം വഹിക്കുക.

## ധ്യാനം 283

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനെട്ടാം വാരം—ചൊവ്വാഴ്ച

### യോഹന്നാൻ മാംദാന ഹേറോദേസിനാൽ വധിക്കപ്പെടുന്നു.

രാജാവ് അതീവ ദുഃഖിതനായി. എങ്കിലും തൻെറ ശപഥത്തെയും അതു ശ്രവിച്ചിരുന്ന അതിഥികളെയുംപ്രതി അതു നിഷേധിക്കുന്നതിനു് അദ്ദേഹത്തിനു മനസ്സുണ്ടായില്ല. ആകയാൽ യോഹന്നാ

www.malankaralibrary.com

ൻെറ ശിരസ്സ് ഒരു താലത്തിൽവച്ചു കൊണ്ടുവരുവാൻ കല്പന നല്കിക്കൊണ്ടു് രാജാവു് ആരാച്ചാരെ അയച്ചു (മർക്കോ. 6:26,27) മാതാവിൻെറ ഗർഭപാത്രംമുതൽ യേശുക്രിസ്തുവിൻെറയും തൻെറ വത്സല മുന്നോടിയുടെയും ഹൃദയങ്ങൾ തമ്മിൽ ഐക്യപ്പെട്ടിരുന്നു. എങ്കിലും യോഹന്നാൻ മാംദാന യേശുവിനെ കാണാതെ മുപ്പതുസംവത്സരം മരുഭൂമിയിൽ ജീവിച്ചു. കർത്താവിൻെറ മാമോദീസാ സമയത്ത് അദ്ദേഹത്തിനു് അതിന ഭാഗ്യമുണ്ടായെങ്കിലും അതു് അല്പസമയത്തേക്കു മാത്രമായിരുന്നു. ആത്മീയാശ്വാസങ്ങളെ ത്യജിച്ചുപോലും ദിവ്യപരിപാലനതക്കു മനസ്സിനെ കീഴ്പ്പെടുത്തണമെന്നു പഠിക്കുക. "അവർ പോയി കാരാഗൃഹത്തിൽവച്ചു് യോഹന്നാൻെറ ശിരസ്സു ഛേദിച്ചെടുത്തു ഒരു താലത്തിൽ വച്ചു കൊണ്ടുവന്നു് ബാലികക്കു കൊടുത്തു. അവൾ അതു് അമ്മയെ ഏല്പിച്ചു." (മർക്കോ. 6:28) ഇങ്ങനെ മനുഷ്യരിൽ ഏററം വലിയവൻെറ ശിരസ്സു് കേവലം നികൃഷ്ടമായ ഒരുല്ലാസത്തിനുവേണ്ടി അപഹരിക്കപ്പെട്ടു. മനുഷ്യാവതാരംചെയ്ത വചനത്തിനു് ഇത്ര ശ്രേഷ്ഠമായ സാക്ഷ്യം നല്കുകയും അനേകം പാപികളെ മാനസാന്തരപ്പെടുത്തുകയും അജയ്യശക്തിയോടെ തിന്മയെ എതിർക്കുകയുംചെയ്ത ആ നാവു് ഒരു ഹീന സ്ത്രീയുടെ വിദ്വേഷത്താൽ പിഴുതെടുക്കപ്പെട്ടു. ദൈവം മരണാനന്തരം നീതിമാനുപ്രതിഫലവും പാപിക്കു ശിക്ഷയും നല്കും. യോഹന്നാൻ പീഡാനുഭവത്താലും മരണത്താലും നിത്യമഹത്വം പ്രാപിച്ചു. മാനുഷികപക്ഷം നോക്കി തിന്മയെ നീ സ്തുതിച്ചിട്ടില്ലേ? യോഹന്നാൻെറ കൊലയാളികൾ എത്ര പെട്ടന്നാണു് ശിക്ഷിക്കപ്പെട്ടത്. താമസിയാതെ അവർ സകലരാലും പരിത്യജിക്കപ്പെട്ടു. തിന്മപെട്ടവരുടെ അവസാനം ഭയാനകമായിരിക്കും. (ജ്ഞാനം. 3:10,19)

## ധ്യാനം 284

### പെന്തിക്കോസ്തിക്കു ശേഷമുള്ള പതിനെട്ടാം വാരം–ബുധനാഴ്ച

### വേദപ്രചാരണ ജോലികഴിഞ്ഞു് അപ്പസ്തോലന്മാർ തിരിച്ചെത്തുന്നു.

അപ്പസ്തോലന്മാർ തിരിച്ചുവന്നു് അവർ ചെയ്തതും പഠിപ്പിച്ചതുമെല്ലാം യേശുവിനോടു പറഞ്ഞു (മർക്കോ. 6:30) അവരുടെ വേല വിജയകരമായിരുന്നു. അവരുടെ ഉപദേശങ്ങളും അത്ഭുതങ്ങളും അനേകരെ ക്രിസ്തുവിങ്കലേക്കു് ആകർഷിച്ചു. ഇതൊക്കെയായിട്ടും ഹേറോദേസ് അവിടുത്തെ കാണുകയോ ഉപദേശം ശ്രദ്ധിക്കയോ ചെയ്തില്ല. കണ്ടാലും ആത്മരക്ഷയെ സംബന്ധിക്കുന്ന കാര്യത്തിൽ മനുഷ്യനുള്ള അശ്രദ്ധ!

അപ്പസ്തോലന്മാർ സന്തോഷത്തോടെ ഗുരുവിൻെറ അടുക്കലേക്കു പിൻതിരികയും അവിടുന്നു് അവരെ സസന്തോഷം സ്വീകരിക്കയും ശിഷ്യഗണത്തിൽ ചേർക്കയും ചെയ്തു. മുന്നോടിയിൽനിന്നു് അ

www.malankaralibrary.com

വർ മ്ശിഹായിലേക്കു തിരിഞ്ഞു. സൃഷ്ടിയിൽനിന്നു സ്രഷ്ടാവിങ്കലേക്കു തിരിയുന്നതിന്റെ പ്രതീകം. ഈ ലോകജീവിതകാലമത്രയും അദ്ധ്വാനിച്ചശേഷം "നല്ലവനും വിശ്വസ്ഥനുമായ ഭൃത്യാ അല്പത്തിൽ നീ വിശ്വസ്ഥനായിരുന്നതുകൊണ്ടു അധികം കാര്യങ്ങൾ ഞാൻ നിന്നെ ഭരമേല്പിക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക." എന്ന് ദൈവമുഖത്തുനിന്നു കേൾക്കുന്നത് എത്ര ആനന്ദകരമായിരിക്കും (മത്താ. 25:23) "വിജനപ്രദേശത്തേക്ക് വന്ന് അല്പസമയം ആശ്വസിക്കുക" (മർക്കോ. 6:31) എന്ന് അവിടുന്ന് അവരോടരുൾചെയ്തു. ഒരു ചെറിയ വിശ്രമംമാത്രം അവിടുന്ന് ശിഷ്യന്മാർക്ക് അനുവദിക്കുന്നു. ഒരിക്കൽ അവിടുന്ന് അവരെ സൗഭാഗ്യജീവിതത്തിലേക്ക് ക്ഷണിക്കും. അന്ന് അവർ നിത്യമായി വിശ്രമിക്കാം. ഏററം പരിശുദ്ധമായ അദ്ധ്വാനത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ആത്മീയ ഉന്മേഷം പുതുക്കുന്നതിനുവേണ്ടി പ്രാർത്ഥനയിലും ആത്മശോധനയിലും കുറച്ചു സമയം ചെലവിടണം.

## ധ്യാനം 285

### പെന്തിക്കോസ്തിക്കു ശേഷമുള്ള പതിനേഴാംവാരം–വ്യാഴാഴ്ച

### ജനങ്ങൾ വിജനപ്രദേശത്തേക്ക് ഈശോയെ അനുഗമിക്കുന്നത്.

"ഇവയുടെ ശേഷം ഈശോ തീബേറിയോസ് കടലിനക്കരെ വന്നു. ഒരു വലിയ ജനക്കൂട്ടം അവിടുത്തെ അനുഗമിച്ചു" (യോഹ. 6:1;2) ഈശോയുടെ ആരാധ്യമായ വ്യക്തിത്വം വാക്‌മാധുര്യം, ഉൽകൃഷ്ടസ്വഭാവം, അത്ഭുതങ്ങൾ എന്നിവ എല്ലാവരെയും തന്നിലേയ്ക്ക് ആകർഷിച്ചു. ശാരീരികാവശ്യങ്ങൾപോലും വിസ്മരിച്ചു പോകത്തക്കവിധം അവിടുത്തെ വചസ്സുകൾ അവരുടെ ശ്രദ്ധയെ പിടിച്ചെടുത്തിരുന്നു. "ഞങ്ങളെ ആകർഷിക്കുക. അങ്ങയുടെ പരിമളസൗരഭ്യത്തിന്റെ പിന്നാലെ ഞങ്ങൾ ഓടിവരും" (ഉത്തമ. 1:3) "അവർ എല്ലാ പട്ടണങ്ങളിൽനിന്നും കരവഴി ഓടി അവർക്കു മുമ്പേ അവിടെ എത്തി." (മർക്കോ. 6:33) ശിഷ്യന്മാർക്കുമുമ്പ് അവിടെ എത്തത്തക്ക അത്രവേഗത്തിൽ ജനക്കൂട്ടം ഓടി. പ്രതിബന്ധങ്ങൾ കണ്ട് അറച്ചുനില്ക്കാതെ നീയും ക്രിസ്തുവിനെ അനുഗമിക്കുക. അവിടുന്ന് ഇത്ര ബുദ്ധിമുട്ടി സമ്പാദിച്ച രക്ഷ വില കൊടുക്കാതെ അനുഭവിക്കാമെന്നു വയ്ക്കുന്നതു ശരിയല്ലല്ലോ. സ്വയത്തെ പരിത്യജിക്കുകയും നിന്റെ എല്ലാ പക്ഷങ്ങളും വികാരങ്ങളും അവിടുത്തെ തിരുവിഷ്ടത്തിനു ബലിയായി സമർപ്പിക്കയും ചെയ്ക. "സ്വർഗ്ഗീയനഗരത്തിലെ വിശുദ്ധാത്മാക്കളോടുകൂടെ "കുഞ്ഞാടു പോകുന്നിടത്തെല്ലാം അവിടുത്തെ അനുഗമിക്കണം" വെളി. 14:4) അങ്ങയുടെ മനുഷ്യത്വത്തിന്റെ ഭംഗി എല്ലാ ഹൃദയങ്ങളെയും ആകർഷിച്ചെങ്കിൽ അങ്ങയുടെ മഹത്വദർശനം എത്രയ

www.malankaralibrary.com

ധികമായി നീതിമാന്മാരെ അങ്ങിലേക്കു ആകർഷിക്കയില്ല! പീഡകരുടെ കോപത്തിന് അവിടുന്നു വിധേയനായിരുന്നപ്പോൾ 'നിങ്ങൾ കാണുന്ന കണ്ണു ഭാഗ്യമുള്ളതു്" (ലൂ. 10:23) എന്നു് അവിടുന്നു് അപ്പസ്തോലന്മാരോടു പറഞ്ഞെങ്കിൽ മഹത്വസിംഹാസനത്തിൽ മാലാഖമാരാൽ ആരാധിക്കപ്പെടുന്ന അവിടുത്തെ സ്ഥിതി എന്തായിരിക്കും? "ദൈവമേ, അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ. അവർ എന്നെന്നേയ്ക്കും അവിടുത്തെ പുകഴ്ത്തും." (സങ്കീ. 83:5)

## ധ്യാനം 286

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനെട്ടാം വാരം—വെള്ളിയാഴ്ച

### യേശു ജനങ്ങളെ ഉപദേശിക്കയും രോഗികളെ സുഖപ്പെടുത്തുകയും ചെയ്യുന്നു.

"അവിടുന്നു പുറപ്പെട്ടുപോകവേ, ഇടയനില്ലാത്ത ആട്ടിൻകൂട്ടത്തെപോലെ ജനക്കൂട്ടത്തെ കണ്ടു് അവരുടെമേൽ മനസ്സലിഞ്ഞു് അവരെ പലതും പഠിപ്പിക്കുവാൻ തുടങ്ങി." (മർക്കോ. 6:34) "ദൈവരാജ്യത്തെപ്പററി അവിടുന്നു് അവരോടു് സംസാരിച്ചു." (ലൂ. 9:11) നിൻെറ സാധാരണ സംഭാഷണത്തോടുകൂടെ ദൈവഭയത്തെ നീ കലർത്താറുണ്ടോ? നിൻെറ ഹൃദയം ഒരുങ്ങിയിരിക്കുന്നതായി കണ്ടാൽ യേശു എത്രയധികമായി നിന്നോടു സംസാരിക്കും. ആന്തരീയ ജീവിതം നയിക്കുന്നവർക്കു അങ്ങയുടെ ദിവ്യരഹസ്യങ്ങൾ അവിടുന്നു വെളിപ്പെടുത്തികൊടുക്കും...അവിടുന്നു വിട്ടുപോയി എന്നറിഞ്ഞപ്പോൾ ജനക്കൂട്ടം അവിടുത്തെ അനുഗമിച്ചു. "അവിടുന്നു് അവരെ സ്വീകരിച്ചു് ദൈവരാജ്യത്തെപ്പററി അവരോടു സംസാരിക്കുകയും അവരിലുള്ള രോഗികളെ സുഖപ്പെടുത്തുകയും ചെയ്തു." (ലൂ. 9:11) ആത്മരക്ഷയ്ക്കു് ഉപകരിക്കുന്നിടത്തോളം എല്ലാവർക്കും അവിടുന്നു് രോഗശാന്തി നല്കി. ലാസറിൻെറതുപോലെ ദൈവമഹത്വത്തിനുതകുന്നതും പൗലോസിൻെറതുപോലെ യേശുക്രിസ്തുവിൻെറ നന്മയെ തൻെറ ദാസന്മാർക്കു വെളിപ്പെടുത്തുന്നതിനുതകുന്നതുമായ രോഗങ്ങളുണ്ടു്. 'എൻെറ കൃപ നിനക്കു മതി' എന്നു് ചിലരോടു് അവിടുന്നു പറഞ്ഞുവെന്നു വരാം. അങ്ങനെയുള്ളവർ ദൈവേഷ്ടത്തിനു് തങ്ങളെ കീഴ്പ്പെടുത്തിക്കൊണ്ടു് ദുഃഖങ്ങളിൽ ആശ്വാസവും ക്ലേശങ്ങളിൽ വിശ്രമവും, വിശുദ്ധിയിൽ ആരോഗ്യവും കണ്ടെത്തണം. "ക്രിസ്തുവിൻെറ ശക്തി എന്നിൽ വസിക്കേണ്ടതിനു് എൻെറ ബലഹീനതകളിലും ഞാൻ സന്തോഷിക്കും." (2 കൊരി. 12:9) ഈ ആളുകളുടെ ആത്മീയരോഗം അവിടുത്തെ ഹൃദയത്തെ സ്പർശിച്ചു. ഒഴിഞ്ഞുമാറുവാൻ സൗകര്യപ്പെടാത്ത ചില കുററങ്ങളിൽ നീതിമാന്മാർ വീഴുവാൻ ദൈവം അനുവദിക്കുന്നുണ്ടു്. താഴ്മ അഭ്യസിക്കുന്നതിനും പ്രകൃതത്തെ ക്രൂശിച്ചുകൊണ്ടു് പുണ്യയോഗ്യത പ്രാപിക്കുന്നതിനും അതു് അവർക്കു അവസരം നല്കുന്നു. സ്വാഭാവിക ബലഹീനതകൾക്കെതിരാ

www.malankaralibrary.com

യി സമരംചെയ്യാൻ അവിടുന്ന് അവരെ കൈവിട്ടപ്പോൾ തന്നേ, കുററങ്ങളെ പരിഹരിക്കുന്നതിനും വീഴ്ചകളിൽ നിന്നെഴുന്നേല്ക്കുന്നതിനും അവക്ക് പ്രത്യേകം കൃപാസഹായം നല്കുന്നുമുണ്ട്. "കർത്താവേ, ഇത്ര കരുണയോടെ അവിടുന്നു മനുഷ്യനെ കാത്തുസൂക്ഷിക്കുന്നതിനു് അവൻ എന്തുള്ളൂ?"

## ധ്യാനം 287

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പതിനെട്ടാംവാരം–ശനിയാഴ്ച

### യേശു മരുഭൂമിയിൽവച്ചു് അപ്പം വർദ്ധിപ്പിക്കുന്നു

പകൽ അവസാനിക്കാറായപ്പോൾ ശിഷ്യന്മാർ അടുത്തുവന്നു് യേശുതമ്പുരാനോടു പറയുന്നു. "ഇതു് വിജനപ്രദേശമാകുന്നു. നേരവും സന്ധ്യയായി." (മർക്കോ. 6:35) ദൈവത്തെ സ്നേഹിക്കുന്നവരെ അത്ഭുതം പ്രവർത്തിച്ചുപോലും അവിടുന്നു സഹായിക്കുന്നു. ജനത്തെ ഒരു വിജനപ്രദേശത്തേക്കു് ആകർഷിച്ചുകൊണ്ടു പോകയും, അവിടുത്തെ ശക്തിയും നന്മയും വെളിപ്പെടുത്തി കൊടുക്കുന്നതിനുവേണ്ടി സന്ധ്യവരെ താമസിപ്പിക്കയും ചെയ്തു. അവിടുത്തെ നിൻെറ വിശ്വാസകേന്ദ്രമാക്കുക. സഹായിപ്പാൻ അവിടുന്നു താമസിക്കുന്നപക്ഷം ദീർഘദർശിയോടുകൂടെ ഇപ്രകാരം പറയുക. 'എൻെറ ആത്മാവു് കർത്താവിനെ നോക്കിപ്പാർക്കുന്നു. അവിടുന്നു് എൻെറ സഹായിയും രക്ഷിതാവുമാകുന്നു.' കർത്താവേ, കരുണയുണ്ടാകണമേ. "അടുത്ത ഗ്രാമത്തിൽചെന്നു ഭക്ഷണം വാങ്ങേണ്ടതിനു് അവരെ പിരിച്ചയക്കണമേ" (മർക്കോ. 6:36) നമ്മുടെ വിധി മനുഷ്യരുടെ അധീനതയിലായിരുന്നെങ്കിൽ എന്താകുമായിരുന്നു? അപ്പസ്തോലന്മാർ പറഞ്ഞതുപോലെ കർത്താവു് അവരെ പറഞ്ഞയച്ചിരുന്നെങ്കിൽ പലരും വഴിയിൽ തളർന്നുപോയേനേ. "എൻെറ ദൈവമേ, എന്നെ സൃഷ്ടികളുടെ കൈയിൽ വിട്ടുകൊടുക്കരുതെ നേരം സന്ധ്യയായിരിക്കുന്നു. ഇനി എനിക്കു അല്പദിവസമേയുള്ളൂ. അവസാനത്തിൽ എന്നെ കൈവിടരുതെ. യേശു അരുളിചെയ്തു. "അവർ പോകേണ്ട ആവശ്യമില്ല. നിങ്ങൾതന്നെ അവക്കു ഭക്ഷിക്കുവാൻ കൊടുക്കുക" (മത്താ. 11:16) മനുഷ്യർ മററുള്ളവരുടെമേൽ പ്രയാസമുള്ള കാര്യങ്ങൾ കെട്ടിവയ്ക്കുന്നു. യേശുവാകട്ടെ, വിഷമമുള്ള കാര്യങ്ങൾ അവിടുന്നു തന്നെ ഏറെറടുക്കുന്നു. തൻെറ ശിഷ്യന്മാരും തന്നെ അനുകരിക്കണമെന്നു് അവിടുന്നു് ആഗ്രഹിക്കുന്നു. "ഞങ്ങൾ പോയി ഇരുന്നൂറു് ദീനാറയിക്കു് അപ്പം വാങ്ങി ഈ ജനത്തിനെല്ലാം കൊടുക്കണമോ" (മർക്കോ. 6:37) എന്നുള്ള അവരുടെ ചോദ്യത്തിനു മറുപടിയായി അവിടുന്നു പറയുന്നു. "അതിൻെറ ആവശ്യമില്ല." ജനത്തിൻെറ ആവശ്യത്തെപ്പററി അവർ ബോധവാന്മാരാകണമെന്നേ അവിടുന്നു് ആഗ്രഹിക്കുന്നുള്ളൂ. ബാക്കിയെല്ലാം അവിടുന്നു ചെയ്തുകൊള്ളും. തങ്ങളുടെ സാമർത്ഥ്യംകൊണ്ടാണു് എന്തെങ്കിലും നടക്കുന്നതെന്നു കരുതാതെ മഹത്വം മുഴുവൻ ദൈവത്തിനു കൊടുക്കുന്നവരുടെ വേലയെ അവിടുന്നു് ആശീർവദിക്കും.



www.malankaralibrary.com

## ധ്യാനം 288

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പത്തൊൻപതാം ഞായറാഴ്ച

### അപ്പം വർദ്ധിപ്പിക്കുന്നതു് (തുടർച്ച)

"യേശുതമ്പുരാൻ കണ്ണുകൾ ഉയർത്തി വലിയ ഒരു പുരുഷാരം തൻെറ അടുക്കലേക്കു വരുന്നതു കണ്ടിട്ടു് പീലിപ്പോസിനോടു ചോദിച്ചു. ഇവർക്കെല്ലാം ഭക്ഷിപ്പാൻ കൊടുക്കുന്നതിനു് നാം എവിടെനിന്നു അപ്പം വാങ്ങും." (യോഹ. 6:5) മലയുടെ മുകളിൽ നിന്നുകൊണ്ടു് അടിവാരത്തിൽ തടിച്ചുകൂടുന്ന ജനക്കൂട്ടത്തെ അവിടുന്നു വീക്ഷിക്കുന്നു. കരുണയുടെ കണ്ണു സ്വർഗ്ഗത്തിൽനിന്നും തൻെറ സൃഷ്ടികളെ തൃക്കൺപാർക്കുന്നതിൻെറ പ്രതീകം. സ്വർഗ്ഗപിതാവിൻെറ ജാഗ്രത്തായ കണ്ണു സകല ജീവജാലങ്ങളുടെയും ആവശ്യങ്ങൾ കാണുകയും അവരെ പരിപാലിക്കയും ചെയ്യുന്നു. തൻെറ എല്ലാ ആവശ്യങ്ങളെയുംപററി അവിടുത്തേക്കു ചിന്തയുണ്ടു്. അവിടുത്തെപ്പററി എത്ര ചുരുക്കമായി മാത്രം നീ ചിന്തിക്കുന്നു. തൻെറ സൃഷ്ടികളുടെ വിശപ്പിലും മററു് ആവശ്യങ്ങളിലും അവിടുത്തേക്കുള്ള സഹതാപം കാണിക്കുന്നതിനും എന്നാൽ ശിഷ്യൻെറ വിശ്വാസത്തെ പരീക്ഷിക്കുന്നതിനുമാണു് 'ഇവർക്കെല്ലാം ഭക്ഷിപ്പാൻ കൊടുപ്പാൻ നാം എവിടെനിന്നു് അപ്പം വാങ്ങും' എന്നു ചോദിക്കുന്നതു്. യേശുവിനു് എന്നെക്കുറിച്ചു് കരുതലുണ്ടു്. അവിടുത്തെ കല്പനകൾ പാലിച്ചുകൊണ്ടു അവിടുത്തോടുള്ള സ്നേഹം ഞാൻ തെളിയിക്കും. എൻെറ ആത്മരക്ഷയുടെ കാര്യത്തിൽ സഹകരിക്കണമെന്ന ഒരു ചെറിയ കാര്യം മാത്രം അവിടുന്നു് എന്നോടാവശ്യപ്പെടുന്നു. ഇതിലുള്ള എൻെറ വിശ്വസ്തതയ്ക്കു അനുസൃതമായിരിക്കും അവിടുന്നു നല്കുന്ന അനുഗ്രഹം. പീലിപ്പോസു മറുപടിപറഞ്ഞു. "ഓരോരുത്തക്കും അല്പം വീതം ലഭിക്കേണ്ടതിനു് ഇരുനൂറു് ദിനാറായുടെ അപ്പം മതിയാകുകയില്ല (യോ. 6:7) സൃഷ്ടിക്കപ്പെട്ട വസ്തുക്കൾ എല്ലാം കൂടിയാലും ഒരാത്മാവിനെ തൃപ്തിപ്പെടുത്താൻ മതിയാകയില്ല. എന്നാൽ സൃഷ്ടിയല്ലാത്ത ഏകനന്മ എല്ലാ ഹൃദയങ്ങളെയും തൃപ്തിപ്പെടുത്താൻ മതിയാവും! എൻെറ ദൈവവും എൻെറ സർവ്വസ്വവുമേ, എന്നു് ആയുഷ്പര്യന്തം ആവർത്തിച്ചു പറയുവാനും അതു നിദാനമാകും. 'കർത്താവേ, അങ്ങയുടെ മഹത്വം പ്രത്യക്ഷപ്പെടുമ്പോൾ ഞാൻ പൂർണ്ണ തൃപ്തനാകും. (സങ്കീ. 16:15)

## ധ്യാനം 289

### പെന്തിക്കൊസ്തിക്കു ശേഷം പത്തൊൻപതാംവാരം–തിങ്കളാഴ്ച

### അപ്പം വർദ്ധിപ്പിച്ച അത്ഭുതം (തുടർച്ച)

അന്ത്രയോസ് ഈശോയോടു പറഞ്ഞു ഇവിടെ ഒരു കുട്ടിയുടെ പക്കൽ അഞ്ചു അപ്പവും രണ്ടു മീനുമുണ്ടു്. ഇത്രവലിയ ജനക്കൂട്ടത്തിനു് അതെന്തുള്ളൂ. (യോ. 6:8,9) ദൈവപുത്രൻ തൻെറ ശിഷ്യന്മാരെ,

www.malankaralibrary.com

തിരഞ്ഞെടുത്തതു് അവിട്ടത്തെ ദിവ്യപരിപാലനയുടെ ശുശ്രൂഷകരായിരിപ്പാനാണു്. അങ്ങയുടെ പരമാധികാരം പ്രയോഗിക്കാനുള്ള പദാത്ഥം അവർ ഒരുക്കികൊടുക്കേണ്ടിയിരുന്നു. നിൻെറ സേവനം അവിട്ടത്തേയ്ക്കു് ആവശ്യമുണ്ടായിട്ടല്ല; പിന്നയോ അവിട്ടത്തെ സമൃദ്ധമായ അനുഗ്രഹങ്ങൾക്കു് നീ അഹ്നാകുന്നതിനു് നിൻെറ ഭാഗത്തുനിന്നു് എന്തെങ്കിലും നല്ലണമെന്നു് അവിട്ടന്നു ആഗ്രഹിക്കുകയാണു്. ദൈനംദിനജീവിതത്തിൽ ഈശോയോടു സഹകരിച്ചുകൊണ്ടു് അവിട്ടത്തെസവ്വശക്തിതചത്തിൽനിന്നുള്ള അസാധാരണ നന്മകൾക്കു് നീയും പങ്കുകാരനാകുക. "ജനക്കൂട്ടത്തെ പുൽപ്പുറത്തു പന്തിപന്തിയായി ഇരുത്തുവാൻ അവിട്ടന്നു് ആജ്ഞാപിച്ചു. അവർ അൻപതു വീതം പന്തിപന്തിയായി ഇരുത്തി." (മക്കോ. 6:39,40) യേശുവിൻെറ അരൂപി ക്രത്തിൻെറ അരൂപിയാകുന്നു. എല്ലാ ജോലികളിലും ഭരണകത്താക്കൾ നിശ്ചയിച്ചുതരുന്ന ക്രമം പാലിക്കണം. നിൻെറ ഹൃദയത്തിൽ ക്രിസ്തുവിൻെറ സ്നേഹഭരണം നടക്കുന്നപക്ഷം അവിട്ടന്നു പൂണ്ണമായി ക്രമം പാലിച്ചുകൊള്ളും. അവിടെ ഇന്ദ്ര്യങ്ങൾ ആത്മാവിൻെറ നിയന്ത്രണത്തിലും വികാരങ്ങൾ ബുദ്ധിയുടെ ഭരണത്തിലും പ്രകൃതി കൃപയുടെ പിടിയിലും വഴങ്ങി നിന്നുകൊള്ളും. അവിട്ടന്നു് ആ അഞ്ചപ്പവും രണ്ടു മീനുമെടുത്തു് സചഗ്ഗത്തിലേക്കു നോക്കി വാഴ്ത്തിയശേഷം അപ്പം മുറിച്ചു് ജനക്കൂട്ടത്തിനു വിളമ്പുവാനായി ശിഷ്യന്മാരെ ഏല്പിച്ചു. ആ രണ്ടു മീനും അവക്കു വിഭജിച്ചുകൊടുത്തു. എല്ലാവരും ഭക്ഷിച്ചു തൃപ്തരായി." (മക്കോ. 6:41,42) ദൈനംദിനം ആത്മാക്കളുടെ പോഷണത്തിനുവേണ്ടി കത്താവിൻെറ മേശയിൽ അവിട്ടത്തെ തിരുശരീരരക്തങ്ങൾ വദ്ധിപ്പിച്ചുകൊണ്ടു് അവിട്ടന്നു പ്രവത്തിക്കുന്ന അത്ഭുതം എത്ര വിസ്മയകരം! എല്ലാവരും ഭക്ഷിച്ചു തൃപ്തരായശേഷം കത്താവു് അരുൾചെയ്തു. "ശേഷിച്ച കഷണങ്ങൾ നഷ്ടപ്പെട്ടുപോകാതിരിക്കേണ്ടതിനു് ശേഖരിക്കുവിൻ" (യോഹ. 6:12) അവിട്ടത്തെ ഓരോ കൃപാദാനത്തെയും എത്ര ശുഷ്കാന്തിയോടെ നീ ഹൃദയത്തിൻ സംഭരിക്കണം. അങ്ങയുടെ നന്മയെക്കുറിച്ചു് കൂടെക്കൂടെയുള്ള സ്മരണ നിൻെറ ഹൃദയത്തിൽ അവിട്ടത്തെക്കുറിച്ചു് സ്നേഹം വദ്ധിപ്പിക്കാതിരിക്കയില്ല.

## ധ്യാനം 290

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പത്തൊൻപതാം വാരം—ചൊവ്വാഴ്ച

### അത്ഭുതത്തിനുശേഷം ഈശോ അവിടെനിന്നു് ഓടിയൊളിക്കുന്നു.

"യേശു പ്രവത്തിച്ച അത്ഭുതംകണ്ടു് മനുഷ്യർ പറഞ്ഞു; ലോകത്തിൽ വരാനിരിക്കുന്ന പ്രവാചകൻ സത്യമായിട്ടു് ഇവനാകുന്നു." (യോഹ. 6:14) സ്രഷ്ടാവും രക്ഷിതാവുമെന്ന നിലയിൽ യേശു നിന്നെ ഭരിക്കുവാൻ തക്കവണ്ണം നിൻെറ രാജാവായി അവിട്ടത്തെ തിരഞ്ഞെടുക്കുക. നിൻെറ എല്ലാ ശക്തികളും പക്ഷങ്ങളും അട്ടഹസിക്കട്ടെ,

www.malankaralibrary.com

"യേശു എന്നെ ഭരിക്കുവാൻ ഞാനാഗ്രഹിക്കുന്നു' എന്ന്. മനുഷ്യർ അവിടുത്തെ ഭൗമീകരാജാവാക്കുവാൻ ശ്രമിച്ചപ്പോൾ അവിടുന്ന് ഒഴിഞ്ഞുമാറി. എന്നാൽ നമ്മുടെ ആത്മീയ രാജാവാകുവാൻ അവിടുത്തേക്കു യാതൊരു വൈമനസ്യവുമില്ല. എന്നേക്കും നിന്റെ ഹൃദയത്തിന്റെ രാജാവാകുവാൻ അവിടുത്തോടു അഭ്യർത്ഥിക്കുക. ജനക്കൂട്ടങ്ങളെ പിരിച്ചയ്ക്കുന്നതിനിടയ്ക്കു തനിക്കു മുമ്പായി അക്കരെ കടക്കുവാൻ അവിടുന്നു ശിഷ്യന്മാരെ നിർബ്ബന്ധിച്ചു. (മത്താ. 15:12) ഈശോയുടെ ലൗകീകമഹിമയെക്കുറിച്ച് അവർ വച്ചുപുലർത്തിയിരുന്ന ആശയങ്ങൾ അവിടുന്ന് അറിഞ്ഞിരുന്നതുകൊണ്ടാണ് ഉത്സാഹഭരിതരായ ജനക്കൂട്ടത്തിൽനിന്ന് വേർപ്പെട്ടുപോകുവാൻ ശിഷ്യരെ നിർബ്ബന്ധിച്ചത്. ലൗകീക ബഹുമാനങ്ങളിൽനിന്നു അവരുടെ മനസ്സിനെ അകററുവാൻ അവിടുന്നു ശ്രമിക്കുകയാണ്. എന്നാൽ അവിടുത്തെ ആത്മീയസാന്നിദ്ധ്യം വിട്ടുകളയുന്നതിനെപ്പററി അവർ ദുഃഖിക്കയും വേണം..."ജനക്കൂട്ടത്തെ പിരിച്ചുവിട്ടശേഷം അവിടുന്നു തനിച്ചു പ്രാർത്ഥിക്കുവാനായി ഒരു മലയിലേക്കു കയറിപ്പോയി. രാത്രിയായപ്പോൾ അവിടുന്നു തനിച്ചായിരുന്നു." (മത്താ. 14:23) തന്നെ രാജാവാക്കുവാനുള്ള ജനങ്ങളുടെ ആഗ്രഹത്തെ അകററുവാൻ അവിടുന്നു വിവേകപൂർവ്വം ഉപദേശിക്കുന്നു. എന്നാൽ പിന്നീട് കുരിശു നല്കിയപ്പോൾ ഉദാരമായ ഭക്തിയോടെ അതിനെ ആലിംഗനംചെയ്തു സ്വീകരിച്ചു. അർഹിക്കുന്ന നിന്ദയെ വിട്ടുകളകയും അർഹിക്കാത്ത ബഹുമാനത്തെ ആഗ്രഹിക്കയുമല്ലേ നിന്റെ പതിവ്? മനുഷ്യസ്തുതിയെ അവഗണിക്കുക. വല്ല കാര്യത്തിലും വിജയമുണ്ടായാൽ ദൈവത്തെ മഹത്വപ്പെടുത്തുകയും, നിന്റെ ഒന്നുമില്ലായ്മയെ ഓർത്തു എളിമപ്പെടുകയും ചെയ്യുക.

## ധ്യാനം 291 പെന്തിക്കൊസ്തിക്കു ശേഷമുള്ള പത്തൊൻപതാം വാരം—ബുധനാഴ്ച

## യേശു വെള്ളത്തിനു മീതെ നടക്കുന്നു

"നേരം ഇരുട്ടായപ്പോൾ പടവ് കടലിന്റെ നടുക്കായിരുന്നു. അവിടുന്നു തനിച്ചു കരയ്ക്കും" (മർക്കോ. 6:47) ഈശോ സ്വതസിദ്ധമായ ശ്രേഷ്ഠതയിൽ അനന്യനാകുന്നു. ദൈവപുത്രൻ എന്ന നിലയിലും, സർവ്വത്രീക രക്ഷകൻ എന്ന ഔദ്യോഗികനിലയിലും അവിടുന്ന് അനന്യൻ തന്നെ. കൃപയുടെ കർത്താവ് എന്ന നിലയിലും പുണ്യയോഗ്യതയിലും അവിടുന്ന് അങ്ങനെ തന്നെ. പരിമിതമോ, ആശ്വാസമോ കൂടാതെ അവിടുത്തെപോലെ പീഡയനുഭവിക്കുന്നവനും വേറെയാരുമില്ല. നീതിമാന്മാരുടെ വിചാരങ്ങളുടേയും പക്ഷങ്ങളുടേയും ഏകവിഷയവും അവിടുന്നാകുന്നു...ചിന്തിക്കുക. പടകു സമുദ്രമദ്ധ്യത്തിൽ തിരമാലകളാൽ എടുത്തെറിയപ്പെട്ടിരുന്നു, എന്തെന്നാൽ കാററു പ്രതികൂലമായിരുന്നു. (മത്താ. 14:24) യേശു സന്നിഹിതനല്ലാത്തപ്പോൾ കാററു പ്രതികൂലമാകും. സ്വാതന്ത്ര്യയിഷ്ടത്തിന്റെ അസ്ഥിരത ആത്മാവിനെ ബാധിക്കും. ഒന്നിനുപുറകെ ഒന്നായിവരുന്ന വ്യത്ഥശക്തികളാൽ അതു് അലട്ടപ്പെടും.

www.malankaralibrary.com

അതിനെ വിഴുങ്ങുന്ന വിശപ്പിനെ ശമിപ്പിക്കുവാൻ ഈശോയിക്കു മാത്രമേ കഴിയൂ. കാററുപോലെ ചുററിക്കറങ്ങുന്ന അസ്ഥിരത അതിനെ വലയം ചെയ്യും. യേശുമാത്രം വ്യതിയാനമില്ലാതെ സ്ഥിരമായി നിലകൊള്ളുന്നു...ശിഷ്യന്മാർ തുഴഞ്ഞു വിഷമിക്കുന്നതുകണ്ടു്, രാത്രിയുടെ നാലാം യാമത്തിൽ യേശു അവരുടെ അടുക്കലേയ്ക്കു വന്നു. അതു് ഒരു ഭൂതമാണെന്നുകരുതി, അപ്പോസ്തോലന്മാർ നിലവിളിക്കുവാൻ തുടങ്ങി (മക്കോ. 6:47,38) സമാധാനത്തിൻെറ ദൈവമായ അവിടുത്തെക്കുറിച്ചു് ഓർത്തിരുന്നെങ്കിൽ അവർ പരിഭ്രമിക്കയില്ലായിരുന്നു. വിശ്വാസരാഹിത്യം സ്നേഹവ്യാപാരത്തെ സ്തംഭിപ്പിക്കാതിരുന്നെങ്കിൽ അവിടുത്തെ ആഗമനത്തിൽ അവർ സന്തോഷംകൊണ്ടു നിറയുമായിരുന്നു. വിശ്വാസരാഹിത്യം നിന്നെയും അന്ധതപ്പെടുത്താറില്ലേ? "നമ്മുടെമേൽ കാരുണ്യം ഉണ്ടായി, ദൈവം നമ്മെ അനുഗ്രഹിക്കട്ടെ! പ്രശാന്തമായ മുഖം അവിടുന്നു നമ്മുടെ നേക്കു തിരിക്കട്ടെ" (സങ്കീ. 66:2)

## ധ്യാനം 292 പെന്തിക്കൊസ്തിക്കു ശേഷമുള്ള പത്തൊൻപതാംവാരം—വ്യാഴാഴ്ച

## വി, പത്രോസ് വെള്ളത്തിനു മീതെ നടക്കുന്നു

ഉടനെ അവിടുന്നു് അവരോടു് അരുൾ ചെയ്തു. "ധൈര്യമായിരിക്കുവിൻ. ഇതുഞാൻ തന്നേ. ഭയപ്പെടണ്ട." (മക്കോ. 6:50) മനുഷ്യാവതാരം ചെയ്ത ഈശോ ഉച്ചരിച്ച 'ഞാനാകുന്നു' എന്ന വചനം, തൻെറ പരമാധികാരം, അപരിമേയത്വം, ദൈവീകസത്തയുടെ പരിപൂർണ്ണത എന്നിവയെല്ലാം കുറിക്കുന്നതാണ്. അന്ധകാരത്തിൻെറയും, കൊടുങ്കാററിൻെറയും മദ്ധ്യേ അതു് ആത്മാവിനെ ആശ്വസിപ്പിക്കും. 'ഞാനാകുന്നു' എന്നു പറയുന്നതു് ആരാണെന്നറിഞ്ഞിരുന്നെങ്കിൽ ഭയം ശരണമായി മാറുമായിരുന്നു. ക്ലേശങ്ങളാകുന്ന വെള്ളങ്ങളുടെ മീതെ അവിടുന്നു നടന്നതു്, അതേ വഴിയിൽ കൂടെ ഭയപ്പെടാതെ നടന്നു് അവിടുത്തെ സമീപിക്കുന്നതിനു നിനക്കു ധൈര്യമുണ്ടാകുന്നതിനു വേണ്ടിയാണ്. പത്രോസ് പറയുന്നു: "നീയാണെങ്കിൽ വെള്ളത്തിൻ മീതെക്കൂടെനിൻെറ അടുക്കൽ വരുവാൻ എന്നോടു കല്പിക്കുക. (മത്താ. 14:28) ഈശോയുടെ വചനം ശിഷ്യക്കു ധൈര്യം പ്രദാനം ചെയ്യുന്നു. ക്ലേശപാതയാകുന്ന വെള്ളത്തിനുമീതെ അവിടുന്നു നടന്നതുപോലെ അവരും അവിടുത്തെ പിഞ്ചെല്ലുന്നു. സ്നേഹം ഈശോയുടെ കല്പനപ്രകാരമല്ലാതെ യാതൊന്നും ഏറെറടുക്കുകയില്ല. 'വരിക' എന്നു അവിടുന്നു് അരുൾചെയ്തു (മത്താ. 14:29) കാൽവറിയിലെ ദുഃഖങ്ങളെ ആലിംഗനം ചെയ്വാൻ ആഗ്രഹിക്കുന്ന ഒരാത്മാവിൻെറ ആഗ്രഹംപോലെ അവിടുത്തേയ്ക്കു സ്വീകാര്യമായി മററൊന്നില്ല. 'വരിക' എന്നു് കർത്താവു് അരുളിച്ചെയ്തയുടനെ പത്രോസു പടവിൽനിന്നു ചാടിയിറങ്ങി വെള്ളത്തിനുമീതെ നടന്നു അവിടുത്തെ സമീപിക്കയായി. എ

www.malankaralibrary.com

ന്നാൽ കാററു ശക്തമാണെന്നു കണ്ടപ്പോൾ അവനു ഭയമായി. (മത്താ. 14:29) ഭയപ്പെട്ടപ്പോൾ അവൻ വെള്ളത്തിൽ താഴാൻ തുടങ്ങി. (മത്താ. 14:30) കേവലം നിസ്സാരമായ ഒരു കുററം കൃപയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുകയും ആത്മാവിന്റെ പുരോഗമനത്തെ നിരോധിക്കുകയും ചെയ്യും. എന്നാൽ ഉടനെതന്നെ അപ്പസ്തോലന്റെ വിശ്വാസം പുനഃപ്രകാശിക്കയും, 'കർത്താവേ! എന്നെ രക്ഷിക്കണമേ എന്നു' അദ്ദേഹം നിലവിളിക്കുകയും ചെയ്തു. യേശു കൈ നീട്ടി അവനെ പിടിച്ചുകൊണ്ടു് അല്പവിശ്വാസി, നീ എന്തിനു സംശയിച്ചു എന്നു് സ്നേഹപൂർവ്വം പറഞ്ഞു. (മത്താ. 14:31)

## ധ്യാനം 293

### പെന്തിക്കോസ്തിക്കു ശേഷമുള്ള പത്തൊൻപതാം വാരം—വെള്ളിയാഴ്ച

### വി. പത്രോസ് വെള്ളത്തിനു മീതെ നടക്കുന്നു (തുടർച്ച)

"അല്പവിശ്വാസി, നീ എന്തുകൊണ്ടു സംശയിച്ചു" (മത്താ. 14:31) വി. പത്രോസിൽ ദൈവകൃപയുടെ ശക്തിയും പ്രകൃതിയുടെ ദുർബ്ബലതയും കാണുക. ഗുരുവിന്റെ ശബ്ദം കേട്ടയുടനെ കടലിൽ ചാടിയ പത്രോസിന്റെ ധൈര്യം കണ്ടുപഠിക്കുക. പക്ഷേ അപകടത്തിന്റെ ദർശനത്തിൽ പത്രോസ് ഭയപ്പെട്ടു് മുങ്ങുവാൻതുടങ്ങി. കൃപയുടെ സഹായമില്ലെങ്കിൽ നിന്റെ സ്ഥിതി ഇതുതന്നെ. എന്തെന്നാൽ മനുഷ്യൻ വെറും ശൂന്യതയാകുന്നു...ഭയങ്കര കൊട്ടുങ്കാററിൽ ഇളക്കപ്പെട്ടുന്ന ഒരു സമുദ്രമാണു് ഈ ലോകം. ദൈവത്തെ സ്നേഹിക്കുന്നവനു് ലോകത്തെ കാൽക്കീഴാക്കിക്കൊണ്ടു് അതിനുമീതെ നടക്കാം. ലോകത്തെ സ്നേഹിക്കുന്നെങ്കിലോ തിരമാലകൾ നിന്നെ മുക്കിക്കളെയും. ലോകത്തിന്റെ പുഞ്ചിരിയെ അവിശ്വസിക്കുക. വ്യർത്ഥസ്തുതിയാകുന്ന കാററിനെ ഭയപ്പെടണം...എന്റെ രക്ഷയുടെ സംരക്ഷണം നീ എനിക്കു നല്കി—നിന്റെ വലതുകൈ എന്നെ താങ്ങുകയുംചെയ്തു. "വിശ്വാസം, ശരണം, സ്നേഹം, ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കം ഇവയോടുകൂടെ ഈശോയോടു പററിച്ചേരുക. അവിടുത്തെ സർവ്വശക്തിത്വം നിന്നെ നിലനിറുത്തും. ആകാശങ്ങളെ നിർമ്മിച്ച അതേ കരം തന്നെ അപ്പസ്തോലന്റെ സഹായത്തിനായി നീളുന്നു. ആ കരംതന്നെ ലോകത്തെ നാശത്തിൽനിന്നും രക്ഷിപ്പാനായി കുരിശിൽനിന്നു നീട്ടപ്പെട്ടു. യേശുവിനോടുള്ള ഐക്യത, പുണ്യാത്ഭുതങ്ങളെ പ്രവർത്തിപ്പാനും, വികാരങ്ങളെയും പരീക്ഷകളെയും ജയിപ്പാനും, പീഡനങ്ങളെ സഹിപ്പാനും നിനക്കു ശക്തി നല്കും.

www.malankaralibrary.com

## ധ്യാനം 294

### പെന്തിക്കൊസ്തിക്കു ശേഷമുള്ള പത്തൊൻപതാം വാരം–ശനിയാഴ്ച

### ഈശോ ഗന്നേസരേത്തിലേക്കു വരുന്നു

"അവൻ സമുദ്രം കടന്നു ഗന്നേസരേത്തു ദേശത്തുവന്നു കരയ്ക്കിറങ്ങി" (മർക്കോ. 6:53) ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ അപ്പസ്തോലന്മാർക്കു ആനന്ദമുണ്ടായി. രാത്രിയിലെ അന്ധകാരത്തിൽനിന്നും കൊടുങ്കാററിൽനിന്നും രക്ഷപെട്ടതിൽ അവർ ആശ്വസിച്ചു. ഈ ലോകത്തിൽനിന്നും, ശുദ്ധീകരസ്ഥലത്തുനിന്നും രക്ഷപെട്ടു ജീവിക്കുന്നവരുടെ ദേശത്തു എത്തിച്ചേരുന്ന ഒരാത്മാവിന്റെ സൗഭാഗ്യത്തെപ്പററി ചിന്തിക്കുക. "ദൈവം അവരുടെ കണ്ണുകളിൽനിന്നു കണ്ണുനീർ തുടച്ചുകളയും" (വെളി. 21:4) "ഞാൻ എപ്പോൾ വന്നു തിരുമുമ്പിൽ കാണപ്പെടും" (സങ്കീ. 41:3) അവിടുന്നു വന്നിട്ടുണ്ടെന്നറിഞ്ഞപ്പോൾ സ്ഥലവാസികൾ ചുററുപാടും ആളയച്ചു രോഗികളെ തന്റെ അടുക്കൽ കൊണ്ടുവന്നു. അവിടുത്തെ വസ്ത്രത്തിന്റെ വെളുമ്പിനെങ്കിലും തൊടുന്നതിനു രോഗികൾ അനുവാദം അപേക്ഷിച്ചു. തൊട്ടവർ സൗഖ്യം പ്രാപിക്കയും ചെയ്തു" (മത്താ. 14:35,36) ഈ സ്നേഹനിധിയായ ആത്മീയവൈദ്യൻ തെരുവീഥികളിലൂടെ സഞ്ചരിച്ചു. തന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുവാൻ നിന്നെ അനുവദിക്കുന്ന അവിടുന്നു നിന്റെ അപേക്ഷകൾ സാധിച്ചു തരാതിരിക്കുമോ? ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളിൽ നീ ഭാഗഭാക്കാകുമ്പോഴൊക്കെയും അവിടുത്തെ പുണ്യയോഗ്യതകളിലും പങ്കുകാരനാകുന്നു. (ക്രിസ്തോ. IV:2) അവർ രാജ്യത്തു ഉടനീളം സഞ്ചരിച്ചു രോഗികളെ കിടക്കയിൽ വഹിച്ചുകൊണ്ടുവരുവാൻ തുടങ്ങി. (മർക്കോ. 6:55) യേശു രാപകൽ വിശ്രമമില്ലാതെ ജോലിയിൽ ഏർപ്പെട്ടിരുന്നു. പ്രാർത്ഥനയും കുരിശും അവിടുത്തെ എല്ലാ നിമിഷങ്ങളെയും ശുദ്ധീകരിച്ചിരുന്നു. എല്ലാം സ്നേഹത്തിൽ ഉജ്വലിച്ചുമിരുന്നു. നിന്റെ സമയത്തെ നീ എങ്ങനെ വിനിയോഗിക്കുന്നു?

## ധ്യാനം 295

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപതാം ഞായറാഴ്ച

### വി. കുർബ്ബാനയെപ്പററിയുള്ള കർത്താവിന്റെ ഉപദേശം

"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ അത്ഭുതം കണ്ടതുകൊണ്ടല്ല. പിന്നയോ അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നതു" (യോഹ. 6:26) ദൈവത്തെ അവിടുത്തെ പ്രതി അന്വേഷിക്കണം. അവിടുത്തോടു തുല്യമായി എന്തു ദാനമാണു നിനക്കു തരുവാൻ അവിടുത്തേക്കു കഴിയുന്നതു? നശിച്ചുപോകുന്ന ഈ ജീവിതത്തിനുവേണ്ടി വീറോടെ അദ്ധ്വാനിക്കുന്ന നീ എന്തുകൊണ്ടു നിത്യജീവനുവേണ്ടി

www.malankaralibrary.com

അങ്ങനെ അദ്ധ്വാനിക്കാതിരിക്കുന്നു? "നിത്യജീവിതത്തിലേയ്ക്കു നിലനില്ക്കുന്ന ആഹാരത്തിനുവേണ്ടി അദ്ധ്വാനിക്കുക. ദൈവപുത്രൻ അതു നിങ്ങൾക്കു നല്കും." (യോഹ. 6:27) ദൈവം നിനക്കു നല്കിയിട്ടുള്ള ഹൃദയമാകുന്ന മണ്ണിൽ ഉത്സാഹപൂർവ്വം കൃഷിയിറക്കണം. നിത്യജീവന്റെ വിത്തു് അവിടെ വിതയ്ക്കുകയും വെള്ളവും വളവും നല്കി അതിനെ വളർത്തുകയും വേണം. "പിതാവു് എന്നെ മുദ്രകുത്തിയിരിക്കുന്നു." (യോ. 6:27) നിത്യമായ ജനനത്താൽ പിതാവു് തന്നെ മുദ്രകുത്തി എന്നു് ഈശോ പറയുന്നു. അതോടുകൂടെ ആളത്വത്തിലുള്ള യോജിപ്പും കൃപയുടെ നിവേശനവും മൂലം പൂർണ്ണതയിൻ മുദ്ര തന്റെ മനുഷ്യത്വത്തിന്മേലും പതിച്ചിരിക്കുന്നു. വി. കുർബ്ബാനവഴി തന്നോടു നിന്നെ ഐക്യപ്പെടുത്തി ഒരു ശരീരമാക്കിത്തീർക്കാമെന്നും അവിടുന്നു വാഗ്ദാനം ചെയ്യുന്നു. അതിനായി ഒരുങ്ങുക.

## ധ്യാനം 296

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപതാംവാരം–തിങ്കളാഴ്ച

### വി. കുർബ്ബാനയെപ്പററി കർത്താവു് യഹൂദരോടു സംസാരിക്കുന്നു.

'അവർ ചോദിക്കുന്നു' ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യേണ്ടതിനു് ഞങ്ങൾ എന്തു ചെയ്യണം" (യോഹ. 6:28) തന്റെ മാനസാന്തരത്തിന്റെ ആദ്യനിമിഷം വി. പൗലോസ് ഇതുതന്നേ ചോദിച്ചു. "കർത്താവേ, ഞാൻ എന്തു ചെയ്യണമെന്നാണു് അവിടുന്നു് ആഗ്രഹിക്കുന്നതു്?" (നടപടി. 9:6) ദൈവത്തിന്റെ വേല ചെയ്യാനാണു് ദൈവതൃക്കരങ്ങളാൽ നീ സൃഷ്ടിക്കപ്പെട്ടതു്. ഈ വേലകൾ എന്തെല്ലാമെന്നു അറിയാനാണു് നീ പ്രധാനമായി ശ്രമിക്കേണ്ടതു്. അല്ലാത്തപക്ഷം അവ ശരിയായി നിർവ്വഹിക്കാൻ സാധ്യമല്ലല്ലോ.

യേശു അവരോടു് അരുളിച്ചെയ്തു. "അവൻ അയച്ചവനിൽ വിശ്വസിക്കുന്നതാണു് ദൈവത്തിന്റെ വേല" (യോഹ. 6:29) എല്ലാ നല്ല വേലകളും ദൈവത്തിൽനിന്നു വരികയും അങ്ങിലേക്കു തിരികെ ചേരുകയും ചെയ്യുന്നു. അങ്ങയുടെ അനുഗ്രഹം അവക്കു നിദാനവും അങ്ങയുടെ മഹത്വം അവയുടെ അന്ത്യവും. ദൈവവേലകളിൽ ഒന്നാമത്തേതും എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനവും വിശ്വാസവുമത്രേ. വി. കുർബ്ബാന ഒരു വിശ്വാസരഹസ്യമാണു്. വിശ്വാസത്താലത്രേ അവിടുന്നു നമ്മിൽ വസിക്കുന്നതു്. വിശ്വാസം കൂടാതെ ദൈവത്തെ സമീപിക്കാൻ സാധ്യമല്ല. ഇതു് മനുഷ്യന്റെ ഉൽകൃഷ്ടശക്തിയായ ബുദ്ധിയുടെ ബലിയാണു്. ഇതാണു് പാപികളെ മാനസാന്തരപ്പെടുത്തുന്നതും, നീതിമാന്മാരെ പുണ്യത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതും. വി. കുർബ്ബാനാനുഭവം വഴി അതു നമ്മെ തന്റെ തിരുശരീരരക്തങ്ങളോടു സംയോജിപ്പിക്കുന്നു. മാലാഖമാർക്കു മഹത്വത്തിന്റെ പ്രകാശം എന്താകുന്നുവോ, അതാകുന്നു ഭക്താത്മാക്കൾക്കു് വിശ്വാസത്തിന്റെ പ്രകാശവും. കർത്താവേ, എന്റെ വിശ്വാസം വർദ്ധിപ്പിച്ചുതരണമേ.

www.malankaralibrary.com

## ധ്യാനം 297

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപതാംവാരം—ചൊവ്വാഴ്ച

### യഹൂദന്മാരുടെ രണ്ടാമത്തെ ചോദ്യത്തിനു് ഈശോ ഉത്തരം നൽകുന്നു.

അവർ ചോദിക്കുന്നു. "ഞങ്ങൾ കണ്ടു വിശ്വസിക്കേണ്ടതിനു് നീ എന്തു് അടയാളം കാണിക്കുന്നു; എന്തു ചെയ്യുന്നു." (യോഹ. 6:30) മോശ മരുഭൂമിയിൽവച്ചു്, അവരുടെ പിതാക്കന്മാർക്കു് അപ്പം കൊടുത്തതു് അദ്ദേഹം ദൈവത്താൽ അയയ്ക്കപ്പെട്ട എന്നതിൻെറ തെളിവായി അവർ സ്വീകരിക്കുന്നുണ്ടു്. എന്നിട്ടും യേശുതമ്പുരാൻ പ്രവർത്തിച്ച അനവധി അത്ഭുതങ്ങളെപ്പററി ചിന്തിക്കാതെ അവർ വീണ്ടും വീണ്ടും അത്ഭുതങ്ങൾക്കായി ചോദിച്ചുകൊണ്ടിരിക്കുന്നു. എത്ര കൊടുത്താലും വീണ്ടും വീണ്ടും ചോദിച്ചുകൊണ്ടിരിക്കുന്ന സ്വയസ്നേഹമാണു് ഇവിടെ ദൃശ്യമാകുന്നതു്. യേശുതമ്പുരാൻ അരുൾചെയ്തു. "മോശയല്ല സ്വർഗ്ഗത്തിൽനിന്നുള്ള അപ്പം നിങ്ങൾക്കു തന്നതു്; എൻെറ പിതാവാണു് സ്വർഗ്ഗത്തിൽനിന്നുള്ള യഥാർത്ഥ അപ്പം തരുന്നതു്, അതു് സ്വർഗ്ഗത്തിൽനിന്നിറങ്ങി മനുഷ്യർക്കു ജീവൻ കൊടുക്കുന്നതാകുന്നു." (യോഹ. 6:32,33) അപ്പത്തിൻെറ അത്ഭുതത്തെ വി. കുർബ്ബാനയുടെ മാഹാത്മ്യത്തെപ്പററി സംസാരിക്കുന്നതിനു് അവിടുന്നു് അവസരമാക്കുകയാണു്. മന്നാ വി. കുർബ്ബാനയുടെ സാദൃശ്യം മാത്രമാകുന്നു. വി. കുർബ്ബാന ആത്മശരീരരക്തങ്ങൾക്കു് അമർത്യത നല്കുന്ന അക്ഷയത്വത്തിൻെറ നിദാനമാണു്. അവർ പറയുന്നു: "ഈ അപ്പം ഞങ്ങൾക്കു് എപ്പോഴും തരണമേ" (യോഹ. 6:34) ഈ അപ്പം എപ്പോഴും ആവശ്യമുള്ളതാകകൊണ്ടു് എപ്പോഴും കൊടുക്കണമെന്നുള്ള അവരുടെ ആഗ്രഹം ന്യായസ്ഥിതമാണു്. അവരുടെ ആഗ്രഹം തീഷ്ണമാണു്. നിൻേറതോ കേവലം തണുത്തതു്. കർത്താവേ, ഈ അപ്പം എപ്പോഴും എനിക്കു തരണമേ!

## ധ്യാനം 298

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപതാംവാരം—ബുധനാഴ്ച

### യേശു യഹൂദന്മാർക്കു മറുപടി കൊടുക്കുന്നു

യേശു അവരോടു് അരുളിച്ചെയ്തു. "ഞാൻ ജീവൻെറ അപ്പമാകുന്നു. എൻെറ അടുക്കൽ വരുന്നവനു വിശക്കയില്ല. എന്നിൽ വിശ്വസിക്കുന്നവനു ദാഹിക്കയുമില്ല." സൗഭാഗ്യത്തിലും തൃപ്തിയിലും ജീവിക്കാൻ കഴിയുമെങ്കിൽ ജീവൻെറ ആധാരവും ഉല്പത്തിസ്ഥാനവുമായ അങ്ങയെ സമീപിക്കണം. വി. അഗസ്തീനോസ് പറയുന്നു "കർത്താവേ, ജീവൻെറ ഉറവ അങ്ങിലാകുന്നു; ഞങ്ങളിലല്ല. അതിനാൽ ജീവനുണ്ടാകണമെങ്കിൽ ഞങ്ങൾ അങ്ങിൽ പ്രവേശിക്കണം. ഞങ്ങളുടെ ശുദ്ധീകരണത്തിനു് ഞങ്ങളിൽതന്നേ ആശ്രയിക്കുന്നെങ്കിൽ ഞ

www.malankaralibrary.com

ങ്ങൾ മരിക്കും—നിശ്ചയം.'' ''എന്റെ പിതാവു് എനിക്കു തരുന്നവരെല്ലാം എന്റെ അടുക്കൽ വരും. എൻെറ അടുക്കൽ വരുന്നവനെ ഞാൻ തള്ളിക്കളകയുമില്ല. എന്നാൽ നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസിക്കുന്നില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞുവല്ലോ'' (യോഹ. 6:36,37) കൃപാഹ്വാനത്തെ ശ്രവിക്കുന്ന ഏവരേയും ഈശോ കരുണാപൂർവ്വം സ്വീകരിക്കുന്നു. പിതാവിൻെറ സകല സമ്പത്തും പുത്രനെ ഏല്പിച്ചിരിക്കുന്നു. വിശ്വാസനിക്ഷേപം അക്ഷയമാകുന്നു. ''ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്നിരിക്കുന്നതു് എൻെറ ഇഷ്ടം ചെയ്യാനല്ല; എന്നെ അയച്ചവൻെറ ഇഷ്ടം ചെയ്യാനാകുന്നു. എന്നെ അയച്ചവൻെറ ഇഷ്ടമോ അവൻ എനിക്കുതന്ന ഒരുത്തനേയും നശിപ്പിക്കാതെ അവസാനനാളിൽ അവനെ ഉയിർപ്പിക്കണം എന്നതാകുന്നു.'' (യോഹ. 8:38,39) എല്ലാകാര്യങ്ങളിലും സ്വപിതാവിനെ അനുസരിച്ച ഈശോയുടെ അനുസരണത്തെപ്പററി ധ്യാനിക്കുക. സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം കൂടെക്കൂടെ സ്വീകരിക്കുവാൻ തക്കവണ്ണം നിന്നെതന്നെ ഒരുക്കുക. അങ്ങനെ യേശുവിൻെറ സ്നേഹത്തിനും ദർശനത്തിനും നീ അർഹനാകും. സ്വർഗ്ഗീയജീവൻ അതിലത്രേ അടങ്ങിയിരിക്കുന്നതു്.

## ധ്യാനം 299

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപതാം വാരം—വ്യാഴാഴ്ച

### യേശു യഹൂദന്മാരുടെ പിറുപിറുപ്പിനു് ഉത്തരം കൊടുക്കുന്നു.

''ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന അപ്പമാണെന്നു് അവിടുന്നു് അരുളിചെയ്തതിനെപ്പററി യഹൂദർ പിറുപിറുത്തു.'' (യോഹ. 6:41) ഇസ്രായേൽമക്കൾ മരുഭൂമിയിൽവച്ചു് യഹോവായ്ക്കെതിരായി പിറുപിറുത്തതുപോലെ അവരുടെ മക്കൾ യേശുവിനെതിരായി പിറുപിറുത്തു. അവിടുത്തെ ജീവിതവിശുദ്ധി, അത്ഭുതങ്ങൾ, ഉപദേശമാഹാത്മ്യം എന്നിവയെപ്രതി അവർ അവിടുത്തെ ആരാധിക്കേണ്ടതാണു്. പക്ഷേ അവിടുത്തെ ദാരിദ്ര്യം, എളിമ മുതലായവയേ അവർ പുച്ഛിച്ചു തള്ളുകയാണു്. നമ്മുടെ കർത്താവു് ഈ ലോകത്തിലെ ദരിദ്രരെ വിശ്വാസത്തിൽ സമ്പന്നരും സ്വർഗ്ഗരാജ്യത്തിനു് അവകാശികളുമാക്കിതീർത്തു. ഈശോ അവരോടു അരുളിചെയ്തു. ''നിങ്ങൾ പിറുപിറുക്കണ്ടാ. എൻെറ പിതാവു് ആകർഷിച്ചിട്ടല്ലാതെ ഒരുവനും എൻെറ അടുക്കൽ വരുവാൻ സാദ്ധ്യമല്ല. നിങ്ങൾക്കു് എന്നിൽ വിശ്വസിക്കാൻ കഴിയാത്തതു് പിതാവിൽനിന്നുള്ള അനുഗ്രഹങ്ങൾക്കു് നിങ്ങൾ അന്യരായി തീർന്നിരിക്കകൊണ്ടാണു്. ഇന്ദ്രിയസന്തോഷങ്ങൾക്കു കഴിയുന്നിടത്തോളമെങ്കിലും, മനുഷ്യസ്വാതന്ത്ര്യത്തിന്മേൽ സ്വാധീനം ചെലുത്തുവാൻ ആദ്ധ്യാത്മിക സന്തോഷങ്ങൾക്കു കഴിയേണ്ടതല്ലേ? ഉത്തമഗീതത്തിലെ മണവാട്ടിയെപ്പോലെ പറയുക ''എന്നെ ആകർഷിക്കുക. നിൻെറ സുഗന്ധ സൗരഭ്യങ്ങളുടെ പിന്നാലെ ഞങ്ങൾ ഓടും'' (ഉത്തമ. 1:3)

www.malankaralibrary.com

"അവരെല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകും" എന്നു ദീർഘദർശനങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. "പിതാവിൽനിന്നു കേട്ടവരെല്ലാം എൻെറ അടുക്കൽ വരും. ആരെങ്കിലും പിതാവിനെ കണ്ടിട്ടുണ്ടെന്നല്ല. ദൈവത്തിൽനിന്നുള്ളവൻ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളൂ." (യോഹ. 6:45,46) കീഴ്വഴക്കമുള്ളവക്കു് തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുന്നതിൽ ദൈവാത്മാവു പ്രസാദിക്കുന്നു. അവിടുത്തെ മധുരതരദാനത്താൽ അവിടുന്നു് അവരെ ആകർഷിക്കുന്നു. ലോകമയമായ സകലത്തെയും അതു നിന്നിൽനിന്നു ദൂരീകരിക്കും.

## ധ്യാനം 300

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപതാംവാരം—വെള്ളിയാഴ്ച

### വി. കുർബ്ബാനയിൽ സ്വശരീരവും രക്തവും മനുഷ്യക്കു നല്കുമെന്നു് യേശു വാഗ്ദത്തം ചെയ്യുന്നു.

"ഞാൻ നല്കുന്ന അപ്പം ലോകത്തിൻെറ ജീവനുവേണ്ടി നല്കുന്ന എൻെറ മാംസമാകുന്നു" (യോഹ. 6:52) ദൈവപുത്രൻ വാഗ്ദത്തം ചെയ്യുന്ന ദാനം സ്വന്ത ആത്മാവോടും ദൈവത്വത്തോടും സംയോജിച്ചിരിക്കുന്ന അവിടുത്തെ ശരീരം തന്നെയാകുന്നു. ഏററം അടുത്ത മൈത്രീബന്ധത്താൽ അവിടുന്നു തന്നെത്തന്നെ നമ്മോടു സംയോജിപ്പിക്കുന്നു, ഓരോരുത്തരോടും പ്രത്യേകം പ്രത്യേകമായി ലോകാവസാനത്തോളം. അതിനാലത്രേ അനുദിനഭോജനമെന്നു് അതിനെ വിളിക്കുന്നതു്. ..."ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും" (യോഹ. 6:52) നിന്നെ മഹത്വത്തിലേയ്ക്കു് ആനയിക്കാൻ അവിടുന്നു തന്നെത്തന്നെ നിനക്കു നല്കുന്നു. സൃഷ്ടിയുടെ നിസ്സാരതയെപ്പററിയുള്ള ബോദ്ധ്യം. ഈ ദിവ്യദാനത്തെക്കുറിച്ചുള്ള മതിപ്പു് നിന്നിൽ വദ്ധിപ്പിക്കേണ്ടതാണു്. തന്നെ ക്രൂശിൽ തറയ്ക്കുന്ന മനുഷ്യരോടാണു് അവിടുന്നു് അരുളിച്ചെയ്യുന്നതു്. "പ്രയാസപ്പെടുന്നവരും ഭാരം ചുമക്കുന്നവരുമേ നിങ്ങൾ എൻെറ അടുക്കൽ വരുവിൻ, "ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ. 11:28) എന്നു്. "എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും." (യോഹ. 6:57) ആരാദ്ധ്യമായ ഈ കൂദാശ ഒരു ദിവ്യജീവനെ പ്രദാനം ചെയ്യുന്നു. ഈ ജീവൻ പ്രാപിക്കുവാൻ ഈശോയുടെ അരൂപിയിൽ ചിന്തിക്കുകയും പ്രവത്തിക്കുകയും വേണം. "സ്വർഗ്ഗസ്ഥനായ പിതാവു് എന്നെ അയച്ചിട്ടു് ഞാൻ പിതാവും മൂലം ജീവിക്കുന്ന പ്രകാരം, എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും." (യോഹ. 6:58) അതു് ഇഹത്തിൽ കൃപയോടെയും സ്നേഹത്തിൻെറയും ജീവനും പരത്തിൽ മഹത്വജീവനും പ്രദാനം ചെയ്യും. "എൻെറ മാംസം ഭക്ഷിക്കയും, എൻെറ രക്തം കുടിയ്ക്കയും ചെയ്യുന്നവനു് നിത്യജീവനുണ്ടു്. അവസാനനാളിൽ ഞാൻ അവനെ ഉയ

www.malankaralibrary.com

ഷ്പ്പിക്കയും ചെയ്യും.'' (യോഹ. 6:55) തന്റെ ദാനങ്ങളെ പകൎന്നുകൊടുക്കാനുള്ള ആഗ്രഹാധിക്യത്താൽ തന്നെ കൈക്കൊള്ളണമെന്നു് യേശു കല്പിക്കുക തന്നെ ചെയ്യുന്നു.

## ധ്യാനം 301

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപതാംവാരം–ശനിയാഴ്ച

### ശിഷ്യന്മാരുടെ അവിശ്വാസത്തെ യേശു ശാസിക്കുന്നു

ശിഷ്യന്മാരിൽ പലരും ഇതുകേട്ടു് ''ഈ വാക്കു കഠിനമാകുന്നു. ഇതാക്കു കേൾക്കാൻ കഴിയും എന്നു പറഞ്ഞു'' (യോഹ. 6:61)ഇങ്ങനെ പിറുപിറുത്തതു് തന്നെ അനുഗമിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്തവരായിരുന്നു. ദൈവസേവനത്തിലുള്ള അസ്ഥിരത ഒരാത്മാവിനു് എത്രയോ ഹാനികരം! വിശ്വാസമില്ലാത്തവരും നന്ദികെട്ടവരുമാണു് നാഥന്റെ വാക്കുകൾ കഠിനമെന്നു പറയുന്നതു്. വിശ്വാസദീപത്തെ അനുഗമിക്കുന്നവൎക്കു് അവിട്ടത്തെ കല്പന മധുരതരവും ആസ്വാദ്യകരവുമാകുന്നു. ''എന്റെ നുകം ലഘുവും എന്റെ ചുമടു് ഭാരം കുറഞ്ഞതുമാകുന്നു'' (മത്താ. 11:30). ശിഷ്യന്മാർ പിറുപിറുക്കുന്നു എന്നറിഞ്ഞുകൊണ്ടു് ഈശോ അവരോടു് അരുളിചെയ്തു. ''ഇതു നിങ്ങൾക്കും ഇടൎച്ചയുണ്ടാക്കുന്നുവോ അങ്ങനെയെങ്കിൽ മനുഷ്യപുത്രൻ ഉയരത്തിലേക്കു കരേറുന്നതു നിങ്ങൾ കണ്ടാലോ?'' (യോഹ. 6:62,63) നിങ്ങളുടെ ആത്മീയ പോഷണത്തിനു് തന്റെ ശരീരം നല്കുവാനും അതേ സമയം തനിക്കുതന്നെ യാതൊരു കുറവും കൂടാതെയിരിക്കുന്നതിനും കഴിയുമെന്നും അപ്പോൾ നിങ്ങൾ വിശ്വസിക്കും. എന്തെന്നാൽ സ്വൎഗ്ഗത്തിലേയ്ക്കു കരേറുവാനുള്ള ശക്തി തന്നിൽതന്നെ സ്ഥിതിചെയ്യുന്നു. സ്വൎഗ്ഗത്തിലേയ്ക്കുള്ള തന്റെ ആരോഹണം ദൎശിക്കുവാൻ തന്നിൽ ഇടറിപ്പോയവൎക്കു് ഭാഗ്യമുണ്ടായില്ല. എന്നാൽ അവരെ വിധിപ്പാൻ അവിടുന്നു് ഇറങ്ങിവരുന്നതു് അവർ കാണും. ജീവിപ്പിക്കുന്നതു് ആത്മാവാകുന്നു. ആത്മാവിൽനിന്നും ദൈവത്തിൽനിന്നും വേർപെട്ടിരിക്കുന്ന ശരീരം ഒന്നിനും ഉപകരിക്കുന്നതല്ല. എന്റെ വചനം ജീവനാകുന്നു. ഞാൻ നിങ്ങൾക്കു തരുന്നതു് ജീവനില്ലാത്ത ശരീരമല്ല. ദൈവത്വത്തോടു യോജിച്ചിരിക്കുന്ന അമൎത്ത്യശരീരമത്രേ. നിന്റെ ആത്മാവിനു ജീവൻ പ്രദാനം ചെയ്യാൻവേണ്ടി മഹത്വമുള്ളതും ജീവദായകവുമായ ശരീരത്തെ കൂദാശവസ്തുക്കളിൽ മറച്ചുവച്ചിരിക്കുന്ന ഈശോയുടെ അപരിമിതബുദ്ധിയെ ആരാധിക്കുക.

www.malankaralibrary.com

## ധ്യാനം 302

### പെന്തിക്കൊസ്തിക്കു ശേഷമുള്ള
### ഇരുപത്തൊന്നാംവാരം—ഞായറാഴ്ച

### യേശു ശിഷ്യന്മാരുടെ വിശ്വാസത്തെ ഉറപ്പിക്കുന്നു

യേശു പന്തിരുവരോടു ചോദിച്ചു "നിങ്ങൾക്കു പോകുവാൻ മനസ്സുണ്ടോ" (യോഹ. 6:68) തന്നെ സേവിക്കുന്നതിനുള്ള ഒരാഗ്രഹം യേശു ശിഷ്യരിൽ ഉണർത്തുന്നു. എന്നാൽ അതനുസരിച്ചു പ്രവർത്തിക്കുന്നതിനോ വിട്ടുപോകുന്നതിനോ ഉള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. പക്ഷേ എല്ലാ കാര്യങ്ങളിലും അവിടുത്തെ കരുണയിലും നന്മയിലും അവർ ആശ്രയിച്ചേ മതിയാവൂ. നിങ്ങൾ രക്ഷപെട്ടാൽ അവിടുത്തെ നന്മയുടെയും കരുണയുടെയും ഒരു ദൃഷ്ടാന്തം കൂടെയായി എന്നല്ലാതെ അവിടുത്തെ സൗഭാഗ്യത്തിനു് ഒരു വർദ്ധനവുമുണ്ടാകുന്നില്ല. തിരഞ്ഞെടുപ്പു് നിങ്ങളുടെതാണു....ശിമയോൻ പത്രോസു് മറുപടി പറഞ്ഞു "കർത്താവേ, ഞങ്ങൾ ആരുടെ പക്കൽ പോകും. ജീവന്റെ വചനം അങ്ങയുടെ പക്കലുണ്ടല്ലോ. നീ ദൈവത്തിന്റെ പുത്രനാണെന്നു ഞങ്ങൾ വിശ്വസിക്കയും അറിയുകയും ചെയ്തിരിക്കുന്നു." (യോഹ. 6:70) വിശുദ്ധ കൂട്ടത്തിന്റെ വക്താവു് എന്നനിലയിലാണു് പത്രോസു് സംസാരിക്കുന്നതു്. ക്രിസ്തുവിനെ അനുഗമിപ്പാൻ കഷ്ടിച്ചു മാത്രം മനസ്സൊരുക്കമുള്ളവൻ പറയുന്ന ഈ വാക്കുകൾ കഠിനമാകുന്നു എന്നു്. പ്രകൃതിക്കു് അരോചകമെന്നു തോന്നുന്ന സാഹചര്യത്തിൽപോലും തീഷ്ണമതികൾ ദൈവസ്നേഹത്തിലേക്കുള്ള ആകർഷണത്തിനു് വശംവദരാകുന്നു. വേർപെടുവാൻ പാടില്ലാത്തവണ്ണം യേശുവിനോടു് അവർ പറ്റിച്ചേരുന്നു. യേശു അരുൾ ചെയ്യുന്നു "ഞാൻ നിങ്ങളെ 12 പേരെ തിരഞ്ഞെടുത്തല്ലോ. എന്നാൽ നിങ്ങളിൽ ഒരുവൻ പിശാചാകുന്നു." യൂദായെക്കുറിച്ചത്രേ അവിടുന്നു് ഇതു് അരുൾചെയ്തതു്. അവൻ "തന്നെ ഒറ്റിക്കൊടുക്കുവാനുള്ളവനായിരുന്നു." (യോഹ. 6:71,72) "തന്നിൽ വിശ്വസിക്കുന്നവർ ആരെല്ലാമെന്നും ഒറ്റിക്കൊടുക്കുന്നവൻ ആരെന്നും ആരംഭംമുതലേ യേശു അറിഞ്ഞിരുന്നു." (യോഹ. 6:65) എങ്കിലും അവന്റെ മാനത്തെ കാത്തുസൂക്ഷിപ്പാനായി കൂട്ടത്തിൽ അവനെ വച്ചുകൊണ്ടിരുന്നു. അനുതാപത്തിനു് ഒരു വർഷം മുഴുവൻ അവനു കൊടുക്കുകയും ചെയ്തു. അവിടുത്തെ അനിർവ്വചനീയമായ കരുണ!

## ധ്യാനം 303

### പെന്തിക്കൊസ്തിക്കു ശേഷമുള്ള
### ഇരുപത്തൊന്നാംവാരം—തിങ്കളാഴ്ച

### യേശു പ്രീശർക്കും സാദൂക്ക്യർക്കും മറുപടി നല്കുന്നു

ജറുശലേമിൽനിന്നു വന്ന പ്രീശരും സാദൂക്ക്യരും യേശുവിനോടു ചോദിക്കുന്നു. "നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ മര്യാദ ലം

www.malankaralibrary.com

ഘലിക്കുന്നതെന്തു്? അവർ ഭക്ഷണത്തിനുമുമ്പു് കൈകഴുകുന്നില്ലല്ലോ. യേശു മറുപടിയായി പറഞ്ഞു. "നിങ്ങളുടെ പാരമ്പര്യം നിമിത്തം നിങ്ങൾ ദൈവകല്പന ലംഘിക്കുന്നതെന്തു്?" (മത്താ. 15-1-3) കപട ഭക്തർ മററുള്ളവരുടെ കുററങ്ങൾ കാണുന്നു. തങ്ങളുടെതു കാണുന്നില്ല. അപ്പസ്തോലന്മാരെ അനുകരിച്ചു് കാരണംകൂടാതെ മററുള്ളവർ കുററപ്പെടുത്തുമ്പോൾ മൗനം പാലിക്കുക. "മകനേ ഉറപ്പായിരിക്കുക. എന്നിൽ വിശ്വസിക്കുക. വാക്കുകൾ മാത്രമല്ലേ; അവ വായുവിൽക്കൂടെ പറക്കുന്നു. ഒരു കല്ലിനുപോലും ഒരു ദോഷവും ചെയ്യുന്നില്ല. നീ കുററക്കാരനാണെങ്കിൽ സ്വമനസ്സാ സഹിച്ചുകൊൾക." (ക്രിസ്തു. I II: 46) കപടഭക്തി രഹസ്യമായി സ്വന്തതാല്പര്യം അന്വേഷിക്കുന്നു. അങ്ങനെ അവർ ദൈവത്തിൻെറ ക്രമത്തെ മറിച്ചുകളയുകയാണു്. ദൈവത്തിൻെറ ക്രമം ഇതാണു്:- ലോകവസ്തുക്കളെ ശരീരാവശ്യത്തിനുമാത്രം ഉപയോഗിക്കുക. ശരീരത്തെ ആത്മാവിൻെറ നന്മയ്ക്കായി ഉപയോഗിക്കുക. ആത്മാവിനെ ദൈവസേവനത്തിനുവേണ്ടിയും ദൈവത്തെ തനിക്കുവേണ്ടി മാത്രവും സ്നേഹിക്കുക... കപടഭക്തരെക്കുറിച്ചു് ഏശയ്യാ പറയുന്നു. അവർ അധരംകൊണ്ടു് എന്നെ ബഹുമാനിക്കുന്നു എന്നാൽ അവരുടെ ഹൃദയമോ എന്നിൽനിന്നകന്നിരിക്കുന്നു. മനുഷ്യരുടെ ഉപദേശങ്ങളെയും കല്പനകളെയും പഠിപ്പിച്ചുകൊണ്ടു് അവർ എന്നെ വൃഥാ ഭജിക്കുന്നു" (മത്താ. 15:7-9) സ്വയസ്നേഹത്തോടു് ഒട്ടി നില്ക്കുന്ന ഭക്ത്യാഭ്യസനങ്ങൾ അവക്കുണ്ടു്. എന്നാൽ രക്ഷയ്ക്കു് ആവശ്യമായ കടമകൾ പലതും വിട്ടുകളയുന്നു. വി. കുമ്പാനയെ സമീപിക്കുമ്പോൾ ഭക്തിയുടെ ബാഹ്യപ്രകടനങ്ങളെല്ലാം അനുഷ്ഠിക്കും. എന്നാൽ അസൂയ, ലോകത്തോടുള്ള പററുമാനം ഇവയൊന്നും ഉപേക്ഷിക്കുന്നുമില്ല..."കത്താവേ; എന്നെ തനിച്ചു വിട്ടുകളയരുതെ. നിന്നെ വിട്ടുപോകുവാൻ എന്നെ അനുവദിക്കുകയുമരുതേ.

## ധ്യാനം 304

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്തൊന്നാംവാരം–ചൊവ്വാഴ്ച

### ഈശോ കനാനായക്കാരിയുടെ മകളെ സുഖപ്പെടുത്തുന്നു

കനാനായക്കാരി കരഞ്ഞുകൊണ്ടു് യേശുതമ്പുരാനോടു പറഞ്ഞു "ദാവീദിൻെറ പുത്രനായ കത്താവേ, എന്നിൽ കനിയണമേ. എൻെറ മകൾ കഠിനമായ പിശാചുബാധയ്ക്കു വിധേയയായിരിക്കുന്നു" (മത്താ. 15:22) കനാനായക്കാരി അവളുടെ പുത്രിയെ സ്നേഹിച്ചതുമൂലം അവൾക്കുവേണ്ടി എന്തു ത്യാഗവും ചെയ്യാൻ സന്നദ്ധമായതുപോലെ, നീയും നിൻെറ ആത്മാവിനെ സ്നേഹിക്കുകയും അതിനെപ്രതി എന്തു ത്യാഗവും ചെയ്യാൻ സന്നദ്ധമായിരിക്കയും വേണം. ഒരിക്കൽ ഉപേക്ഷിക്കേണ്ടിവരുന്ന ലോകവസ്തുക്കളെക്കുറിച്ചു് നിനക്കു സ്നേഹവും മതിപ്പും ഉണ്ടല്ലോ? എന്തുകൊണ്ടാണു് ആത്മാവിനെക്കുറിച്ചു് അതു

www.malankaralibrary.com

തോന്നാത്തതു്? ക്നാനായക്കാരിയുടെ ശ്രദ്ധ മുഴുവൻ അവളുടെ പു ത്രിയിൽ കേന്ദ്രീകരിച്ചിരുന്നതുപോലെ നിന്റെ മുഴുവൻ ശ്രദ്ധയും നി ന്റെ ആത്മാവിന്റെ കാര്യത്തിൽ കേന്ദ്രീകരിച്ചിരിക്കണം. നിന്റെ സ്ഥിതി സമയത്തിന്റെയും നിത്യതയുടെയും മദ്ധ്യേയാണു്. ആത്മാവു നഷ്ടപ്പെട്ടുന്നപക്ഷം ആ നഷ്ടം അപരിഹാരവുമായിരിക്കും...ആ ന ഷ്ടം സാർവ്വത്രികവുമായിരിക്കും. നീ ആയിരിക്കുന്ന സകലവും നിന്റെ ആത്മാവിനെ ആശ്രയിച്ചിരിക്കുന്നു. "രാജപുത്രിയുടെ മഹിമയെല്ലാം ഉള്ളിലാകുന്നു." (സങ്കീ. 44:14) മനുഷ്യന്റെ ഔൽകൃഷ്ട്യം മുഴുവൻ അവന്റെ ആത്മാവിലാകുന്നു. ആകയാൽ നിന്റെ മതിപ്പും സ്നേഹവു മെല്ലാം ഈ ആത്മാവിനെ കുറിച്ചായിരിക്കട്ടെ.

## ധ്യാനം 305

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്തൊന്നാം വാരം–ബുധനാഴ്ച

### മനുഷ്യനു് സ്വന്ത ആത്മാവിനെക്കുറിച്ചുണ്ടായിരിക്കേണ്ട മതിപ്പും, കരുതലും.

മനുഷ്യാത്മാവിന്റെ ഔൽകൃഷ്ട്യം സകല സൃഷ്ടികൾക്കും ഉപ രിയായി മനുഷ്യനെ സ്ഥാപിക്കുന്നു. മററു സൃഷ്ടികളെല്ലാം ഹീനവ സ്തുക്കളിൽ നിന്നാകുന്നു. മനുഷ്യനോ ദൈവത്തിൽ നിന്നു്. "നിന്റെ തൃക്കരങ്ങൾ എന്നെ മനഞ്ഞുണ്ടാക്കിയിരിക്കുന്നു." (സങ്കീ. 118:73) ഓരോ സൃഷ്ടിയുടെയും ഔന്നത്യം അതു് എത്രത്തോളം ദൈവത്തോട്ടു് അടുത്തിരിക്കുന്നു എന്നതിനെയാണു് ആശ്രയിച്ചിരിക്കുന്നതു്. മനു ഷ്യാത്മാവിനെപോലെ അത്രയധികം ദൈവത്തോടടുത്തിരിക്കുന്ന മ ററൊരു വസ്തുവുമില്ല. സൃഷ്ടിപ്പുവഴിയും വീണ്ടെടുപ്പുവഴിയും അതു് ദൈവത്തോടു ബന്ധപ്പെട്ടിരിക്കുന്നു. സൃഷ്ടിപ്പുവഴി ശൂന്യതയിൽനി ന്നുദ്ധരിക്കപ്പെട്ട ആത്മാവു് മനുഷ്യാവതാര രഹസ്യംവഴി ദൈവസിം ഹാസനത്തിലേയ്ക്കു് ഉയർത്തപ്പെടുകയും മാലാഖമാർക്കു തുല്യമാക്കപ്പെടുക യും ചെയ്തു.......മനുഷ്യാത്മാവു് മറെറല്ലാ സൃഷ്ടികളെയും കാൾ സുന്ദ രമാണു്. അതു് ദൈവത്തിന്റെ സ്വരൂപമാണു്. സ്വർഗ്ഗീയമണവാ ളന്റെ ഹൃദയത്തെ കവർന്നെടുത്ത സൗന്ദര്യമാണു് അതിനുള്ളതു്. ആ സൗന്ദര്യത്തെ വിരൂപമാക്കാൻ പര്യാപ്തമായ യാതൊന്നും ചെയ്യാതിരി ക്കാൻ ശ്രദ്ധിക്കുക. ആത്മാവു ദൈവത്തിനായി സമർപ്പിക്കപ്പെട്ടതും അതുല്ല്യമാംവണ്ണം വിലയേറിയതുമാണു്. അതു് ദൈവത്തിന്റെ സിം ഹാസനവും അവിടുത്തെ ഭണ്ഡാഗാരവുമാകുന്നു. എത്ര വലിയ വില കൊടുത്താണു് മനുഷ്യാത്മാവിനെ വീണ്ടെടുത്തതെന്നു് ക്രൂശിൽ നോ ക്കി പഠിക്കുക. തന്നെതന്നെ ക്രൂശിൽ അർപ്പിച്ചുകൊണ്ടു് വീണ്ടെടു ത്തതാകകൊണ്ടു് മനുഷ്യാത്മാവു് ദൈവത്തോളം തന്നെ വിലയുള്ളതാ യി തീർന്നിരിക്കുന്നു.

www.malankaralibrary.com

# ധ്യാനം 306

## പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തൊന്നാം വാരം–വ്യാഴാഴ്ച

## ഒരുവനു തന്റെ ആത്മാവിനെക്കുറിച്ച് എത്ര വലിയ മതിപ്പും കരുതലുമുണ്ടായിരിക്കണം.

ശാരീരിക പൂർണ്ണത പരിമിതിയാണ്. ഒരളവിൽ കൂടുതൽ അതിനെ വികസിപ്പിക്കാൻ സാദ്ധ്യമല്ല. ആത്മാവിന്റെ പൂർണ്ണതയാകട്ടെ കൂടുതൽ കൂടുതൽ വികസനസാദ്ധ്യതയുള്ളതാണ്. എളിമയാൽ സൃഷ്ടികൾക്കുമീതെ ഉയരുവാനും, ഇന്ദ്രിയനിഗ്രഹത്താൽ ഇന്ദ്രിയങ്ങളെ കീഴമർത്തുവാനും, പുണ്യയോഗ്യതകളാൽ ദൈനംദിനം പൂർണ്ണതയിൽ വളർന്നുവരുവാനും അതിനു കഴിയും. പ്രതിഫലം സമ്പാദിക്കാൻ കഴിയാത്ത ഒരു നിമിഷവുമില്ല. അനുസരണത്താൽ അവിടുത്തെ അധികാരം പൂർവ്വവൽ അംഗീകരിച്ചുകൊണ്ടും, സ്തുതികളാൽ അവിടുത്തെ മഹിമ വർദ്ധിപ്പിച്ചുകൊണ്ടും ആത്മാവിനു വളരുവാൻ സാധിക്കും. ആത്മാവിനെ കൂടുതൽ മഹത്വകരമായ പദവിയിലേക്ക് ഉയർത്തുവാൻ കഴിയുന്നതുപോലെ, കൂടുതൽ ഹീനകരമായ സ്ഥിതിയിലേക്ക് അധഃപതിപ്പിക്കുവാനും നിനക്കു കഴിയും. യേശു അവിടുത്തെ സ്നേഹത്തിന്റെ അച്ചാരമായി വിശ്വാസവും, പിതൃസ്വത്തായി ശരണവും, വീണ്ടെടുപ്പുവിലയായി തിരുരക്തവും തന്നിരിക്കുന്ന സ്ഥിതിക്ക്, അവിടുത്തെ ശത്രുക്കളോടു ചേരുന്നതിനുവേണ്ടി, എന്തുകൊണ്ട് നന്ദിഹീനനായി നീ അവിടുത്തെ പരിത്യജിക്കുന്നു. ദൈവത്തിനായി മാത്രം സൃഷ്ടിക്കപ്പെട്ട നിന്റെ ഹൃദയത്തെ എന്തിനു മലിനപ്പെടുത്തുന്നു? നിന്റെ ആത്മാവിനോടു ദൈവം കാണിച്ചിട്ടുള്ള സ്നേഹത്തിന്റെ അളവായിരിക്കണം നിനക്കുണ്ടായിരിക്കേണ്ട ഭക്തിതീഷ്ണതയുടെയും അളവ്. അവിടുന്ന് അപേക്ഷാരൂപത്തിൽ പറയുന്നു ''നിന്റെ ആത്മാവിനോടു കരുണ കാണിക്കണമെന്ന്. 'ഈ രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നോടു ചോദിക്കുന്നെങ്കിൽ' എന്നു പറഞ്ഞു ഭയപ്പെടുത്തുന്നു (ലൂ. 12:20) 'ഒരുവൻ ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു് അതുകൊണ്ട് എന്തു പ്രയോജനം' എന്നു ചോദിച്ചുകൊണ്ട് നിനക്കു മുന്നറിയിപ്പു നല്കുന്നു (മത്താ. 10:26) ശരീരത്തിനു കൊടുക്കുന്നിടത്തോളമുള്ള ശുശ്രൂഷയെങ്കിലും ആത്മാവിനു നല്കണമെന്നു പറഞ്ഞാൽ അതു് അധികമാകുമോ? ശരീരത്തിന് അല്പം അസുഖമുണ്ടായാലുടനെ അതിനു നിവാരണം അന്വേഷിക്കുന്ന നീ ആത്മാവിന്റെ കാര്യത്തിൽ അങ്ങനെ ചെയ്യുന്നുണ്ടോ? ആത്മാവിന്റെ നിത്യരക്ഷ ഭദ്രമാക്കുവാൻ എത്രവലിയ അദ്ധ്വാനവും അധികമാകയില്ല.

www.malankaralibrary.com

## ധ്യാനം 307

### പെന്തിക്കൊസ്തിക്കു ശേഷമുള്ള
### ഇരുപത്തൊന്നാംവാരം–വെള്ളിയാഴ്ച

### ഈശോ ഊമനും ചെകിടനുമായ ഒരുവനെ സുഖപ്പെടുത്തുന്നു.

"അവർ ഊമനും ചെകിടനുമായ ഒരുവനെ യേശുതമ്പുരാൻെറ അടുക്കൽ കൊണ്ടുവന്നു് അവിടുന്നു് അവൻെറ മേൽ കൈവച്ചു സുഖപ്പെടുത്തണമെന്നു് അപേക്ഷിച്ചു പറയുന്നു." (മർക്കോ. 7:32) പരിശുദ്ധ കന്യകമറിയം, എത്രയോ പ്രാവശ്യം നിൻെറ ആത്മാവിന്റെ ശക്തികളെ ശുദ്ധീകരിക്കുന്നതിനു് യേശുവിൻെറ മുമ്പിലേയ്ക്കു് നിന്നെ ആനയിച്ചിരിക്കുന്നു. സന്മാതൃകയാലും പ്രാർത്ഥനയാലും മററുള്ളവരെ ദൈവത്തിങ്കലേക്കു് ആനയിക്കാൻ നിൻെറ ദൈവവിളി നിന്നെ ഉത്തേജിപ്പിക്കുന്നില്ലേ! ഈ കടമ നീ എങ്ങനെ നിർവ്വഹിക്കുന്നു? ബധിരത പല തരത്തിലുണ്ടു്. നല്ല ആലോചനയ്ക്കു ചെവികൊടുക്കാത്ത അഹങ്കാരിയുടെ ഒരു ബധിരത, ദൈവനിശ്വാസങ്ങളെ ചെവിക്കൊള്ളാത്ത ബധിരത, പരീക്ഷകനു ചെവികൊടുക്കാത്ത പുണ്യവാന്മാരുടെ ബധിരത, പരദൂഷണം ശ്രദ്ധിക്കാത്ത ബധിരത, ഇവയിൽ ഏതുതരം ബധിരതയാണു് നിന്നെ ബാധിച്ചിരിക്കുന്നതു്? "ബധിരനെപ്പോലെ ഞാൻ കേൾക്കാതിരുന്നു." (സങ്കീ. 37.14) പ്രാർത്ഥിക്കാത്തവരും ദൈവത്തോടു് എങ്ങനെ സംഭാഷിക്കണമെന്നു് അറിയാത്തവരും, കുമ്പസാരത്തിൽ പാപങ്ങൾ ഏററുപറയാത്തവരും മൂകരാണു്. ലഭിക്കുന്ന നന്മകളെപ്പററി നന്ദിയില്ലാത്തവരും അവസരമുണ്ടാകുമ്പോൾ തിന്മയെ ശാസിക്കാത്തവരും ഈ കൂട്ടത്തിൽ പെടുന്നു. സംസാരിക്കേണ്ട അവസരങ്ങളും മൗനം പാലിക്കേണ്ട അവസരങ്ങളുമുണ്ടു്. ഒരു രഹസ്യത്തിൻെറ കാവല്ക്കാരനായി നീ നിയമിക്കപ്പെടുമ്പോൾ, അഥവാ നിൻെറ അയല്ക്കാരനെക്കുറിച്ചു ദൂഷിവാക്കുകൾ കേൾക്കുമ്പോൾ മൗനം പാലിക്കണം. 'നിൻെറ അയല്ക്കാരനെതിരായി കേൾക്കുന്ന ദൂഷണം നിന്നിൽതന്നെ മരിച്ചുകൊള്ളട്ടെ' (പ്രഭാ. 19:10) നിന്നെത്തന്നെ സ്തുതിച്ചുപറയുന്നതിനോ, നീതീകരിച്ചു സംസാരിക്കുന്നതിനോ അവസരമുണ്ടാകുമ്പോഴും മൗനം ആചരിക്കുക.

## ധ്യാനം 308

### പെന്തിക്കൊസ്തിക്കു ശേഷമുള്ള
### ഇരുപത്തൊന്നാം വാരം–ശനിയാഴ്ച

### ഊമനും ചെകിടനുമായവനെ സുഖപ്പെടുത്തിയ അത്ഭുതത്തിൻെറ സാഹചര്യം.

അവിടുന്നു് അവനെ ജനക്കൂട്ടത്തിൽനിന്നു് മാററി ചെവിയിൽ അവിടുത്തെ വിരലിടുകയും, തുപ്പികൊണ്ടു് അവൻെറ നാവിൽ സ്പർശി

www.malankaralibrary.com

ക്കയും ചെയ്തു. അനന്തരം അവിട്ടന്നു സ്വർഗ്ഗത്തിലേക്കു നോക്കി നെട്ടവീർപ്പിട്ടുകൊണ്ടു് എസ്സ്'താഹ് അതായതു് തുറക്കപ്പെട്ടുക എന്നരുൾചെയ്തു (മർക്കോ. 7:33,34) ഈ മനുഷ്യൻെറ രോഗശാന്തിക്കു് വാക്കുകളും പ്രവൃത്തികളും അവിട്ടന്നു് പ്രയോഗിക്കുന്നു. സംസാരിക്കുന്നതിനുമുമ്പാണു് പ്രവൃത്തി. സംസാരത്തെക്കാൾ കൂട്ടതലും പ്രവൃത്തിതന്നേ. ഇതുപോലെ നിൻെറയും വാക്കുകൾ ചുരുക്കവും പ്രവൃത്തി അധികവുമായിരിക്കട്ടെ. ഈ അത്ഭുതത്തിൽ യേശുതമ്പുരാൻെറ പ്രവൃത്തി കേവലം നിസ്സാരമെന്നു തോന്നാം. വലിയ കാര്യങ്ങൾ കേവലം ദുർബ്ബലമായ ഉപകരണങ്ങൾകൊണ്ടു് അവിട്ടന്നു സാധിക്കുന്നു. നിസ്സാര നിഗ്രഹ പ്രവൃത്തികൾക്കു് പ്രതിഫലമായി താഴെ പറയുന്ന അമൃതവചനങ്ങൾ അവിട്ടന്നു് ഉദീരണം ചെയ്യുന്നു. "നല്ലവനും വിശ്വസ്തനുമായ ഭൃത്യ അല്പകാര്യങ്ങളിൽ നീ വിശ്വസ്തനായിരുന്നു. വലിയ കാര്യങ്ങളിൽ ഞാൻ നിന്നെ അധികാരിയാക്കും. നിൻെറ യജമാനൻെറ സന്തോഷത്തിലേക്കു പ്രവേശിക്കുക." (മത്താ. 25:21) 'തുറക്കപ്പെട്ടുക' ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ നിത്യവചനത്തിൻെറ പ്രകാശത്തെ കൈക്കൊള്ളുന്നതിനും അനുഗമിക്കുന്നതിനുംവേണ്ടി നിൻെറ മനസ്സിനെ തുറക്കുവാൻ അഭ്യർത്ഥിക്കുക. അങ്ങയുടെ ദിവ്യസ്നേഹാഗ്നിയെ പിടിപ്പിച്ചുകൊള്ളുവാൻ നിൻെറ ഹൃദയത്തെയും, അത്ഭുതങ്ങളെ കാണാൻ കണ്ണുകളെയും, സ്തുതികളെ കീർത്തിക്കാൻ അധരങ്ങളെയും, സ്വരം കേൾപ്പാൻ ചെവികളെയും തുറന്നു തരണമെന്നു് അപേക്ഷിക്കുക...എൻെറ നാഥ, അങ്ങയുടെ ദാനങ്ങളാൽ ഞാൻ സമ്പന്നനാകുന്നതിനു് അങ്ങയുടെ ശ്രീഭണ്ഡാരം എനിക്കു തുറക്കണമേ. അങ്ങയുടെ സന്തോഷത്തിലേക്കു് പ്രവേശിക്കുന്നതിനു് സ്വർഗ്ഗരാജ്യത്തെ എനിക്കു തുറന്നുതരിക.

## ധ്യാനം 309

### പെന്തിക്കൊസ്തിക്കു ശേഷമുള്ള

### ഇരുപത്തിരണ്ടാം വാരം—ഞായറാഴ്ച

### ഊമനും ചെകിടനുമായവനെ സുഖപ്പെട്ടത്തിയ അത്ഭുതത്തിൻെറ ഫലങ്ങൾ

'പെട്ടെന്നു് അവൻെറ ചെവി തുറക്കപ്പെട്ടു' (മർക്കോ. 7:35) നിൻെറ കണ്ണു്, ചെവി, അധരങ്ങൾ, കരങ്ങൾ, ഇവ യേശുവിൻെറ വ്യാപാരങ്ങൾക്കു വേണ്ടി തുറന്നുവച്ചുകൊണ്ടിരിക്കേണ്ടതും, ലോകം, ജഡം, പിശാചു് ഇവയുടെ അരൂപിയ്ക്കു അടച്ചുവച്ചുകൊണ്ടിരിക്കേണ്ടതുമാകുന്നു. സത്യസന്ധതയോടെ വിശ്വസിക്കുന്നതിനു കണ്ണുകളും, എളിമയോടെ ശ്രവിക്കുന്നതിനു ചെവികളും, അയല്ക്കാരൻെറ നന്മയ്ക്കുവേണ്ടി സംസാരിക്കുന്നതിനു അധരങ്ങളും, കാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിനു കരങ്ങളും തുറന്നിരിക്കട്ടെ. ഇന്ദ്രിയങ്ങളെ കരുതലോടെ സൂക്ഷിക്കണം. പ്രത്യേകിച്ചു് പ്രാർത്ഥനയുടെയും വി. കുർബ്ബാനാനുഭവ

www.malankaralibrary.com

ത്തിൻെറയും സമയങ്ങളിൽ യേശു മാത്രം അതിൽ വാസം ചെയ്യുന്നതിനുവേണ്ടി ഹൃദയത്തിൻെറ താക്കോൽ പിടിച്ചുകൊള്ളണമെന്നു് അവിടുത്തോട് അപേക്ഷിക്കുക. 'അവൻെറ നാക്കിൻെറ കെട്ടഴിഞ്ഞു. അവൻ ശരിയായി സംസാരിക്കുകയും ചെയ്തു.' 'ഒരുവൻ വാക്കിൽ തെററാതിരുന്നാൽ അവൻ സമ്പൂർണ്ണ മനുഷ്യനാകുന്നു' (യാക്കോ. 3:2) യേശുവിനെപ്പോലെ നീയും സരളമായും രമ്യമായും സംസാരിക്കണം. എല്ലാ സംസാരങ്ങളിലും ദൈവമഹത്വമായിരിക്കണം നിൻെറ ലക്ഷ്യം. എളിമയോടും ശരണത്തോടും സ്നേഹത്തോടും സ്വർഗ്ഗസ്ഥപിതാവിനോട് സംസാരിക്കുക. വിവേകത്തോടും, അടക്കത്തോടും, സ്നേഹത്തോടും അയല്ക്കാരോടു സംസാരിക്കുക. ഈ കാരണത്താൽ അവിടുന്നു സമസ്തവും നന്നായി ചെയ്യുന്നു. 'ചെകിടക്കു കേഴ്വിയും, ഊമക്കു് സംസാരശക്തിയും നല്കുന്നു' എന്നു പറഞ്ഞ് ലോകം അതിശയം കൂറിയിരുന്നു. (മക്കോ. 7:37) നിന്നോടുള്ള അവിടുത്തെ വർത്തനം എത്ര വേദനകരവും സ്വഭാവത്തിനു വിരുദ്ധവുമായിരുന്നാലും, അവൻ എല്ലാം നന്നായി ചെയ്തു എന്നു വിശ്വസിക്കുക. അങ്ങനെ അവിടുത്തെ വേലയെ സ്നേഹിക്കയും അംഗീകരിക്കുകയും ചെയ്യുമ്പോഴാണ് അവിടുന്നു നിന്നെ അധികമായി ഇഷ്ടപ്പെടുന്നതു്.

## ധ്യാനം 310

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തിരണ്ടാം വാരം—തിങ്കളാഴ്ച

### യേശു രണ്ടാം പ്രാവശ്യം അപ്പം വർദ്ധിപ്പിക്കുന്നു

"അന്നൊരു ദിവസം വീണ്ടും വലിയൊരു ജനക്കൂട്ടമുണ്ടായി. അവർക്കു് ഭക്ഷിക്കാനൊന്നുമില്ലായിരുന്നു. ആകയാൽ യേശു ശിഷ്യന്മാരെ വിളിച്ചരുൾചെയ്തു 'ഈ ജനസഞ്ചയത്തോടു് എനിക്കു് അനുകമ്പ തോന്നുന്നു. ഇതാ അവർ മൂന്നു ദിവസം എന്നോടു കൂടെയായിരുന്നു. അവർക്കു ഭക്ഷിക്കാനൊന്നുമില്ല". (മക്കോ. 8:1,2) യേശുവിൻെറ തൃപ്പാദത്തിൽ സാഷ്ടാംഗം വീണു് നിൻെറ ആത്മാവിൻെറ മുറിവുകളെ തുറന്നു കാട്ടണം. എന്നാൽ നിൻെറ രോഗശാന്തി സുനിശ്ചിതമാക്കാൻ അയല്ക്കാരൻെറ ആത്മീയവും ശാരീരികവുമായ ബുദ്ധിമുട്ടുകളിൽ സഹായിപ്പാൻ നീയും സന്നദ്ധനാകണം. "എനിക്കു് ഈ കൂട്ടത്തോടു് മനസ്സലിവു തോന്നുന്നു". നീതിമാന്മാരുടേയും പാപികളുടേയും ക്ലേശമനുഭവിക്കുന്നവരുടെയും നേരെ യേശു കരുണ കാണിക്കുന്നു. അവിടുത്തെ സഹായം ഇല്ലാത്തപക്ഷം നീതിമാന്മാർപോലും വഴിയിൽ തളർന്നു വീണുപോകും. സ്വർഗ്ഗത്തിലെ ഭാഗ്യവാന്മാരുടെ മേലും ശുദ്ധീകരാത്മാക്കളുടെ മേലും അവിടുന്നു കരുണ പ്രവർത്തിക്കുന്നു. "ആകാശത്തിൽ അങ്ങയുടെ വിശ്വസ്ഥത സ്ഥിരമായിരിക്കുന്നു." (സങ്കീ. 88:3) ആദ്യത്തെ അപ്പവർദ്ധനവും ഇതും തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ടു്. ആദ്യത്തേതിനെപ്പററി "നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, പിന്നയോ

www.malankaralibrary.com

അപ്പം തിന്നു തൃപ്തരായതുകൊണ്ടാണ് എന്നെ അന്വേഷിക്കുന്നത്." എന്നു പറയപ്പെട്ടിരിക്കുന്നു. ഇതു ലൗകികനന്മയെ മാത്രം കാംക്ഷിച്ച യഹൂദന്മാരുടെ ലോകാത്രപ്തിയെ കുറിക്കുന്നു. സുവിശേഷാനുസരണം ജീവിക്കുന്ന ക്രിസ്ത്യാനിയുടെ മനസ്സാകട്ടെ ആദ്ധ്യാത്മികാനുഗ്രഹങ്ങളെ മാത്രം ആശിക്കുവാൻ തക്കവണ്ണം സമുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. വി. കുർബ്ബാനയാകുന്ന അപ്പത്താൽ ക്രിസ്ത്യാനി പോഷിപ്പിക്കപ്പെടുന്നു. യഹൂദന്മാർക്ക് അതിൻെറ സാദൃശ്യം മാത്രമായിരുന്നു നല്കപ്പെട്ടത്.

## ധ്യാനം 311

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തിരണ്ടാം വാരം—ചൊവ്വാഴ്ച

### ഒരു അടയാളം ആവശ്യപ്പെട്ട പ്രീശരെ യേശു ശാസിക്കുന്നു.

ഒരിക്കൽ പരീസയരും സദൂക്കായരും അടുത്തുവന്നു് യേശുവിനെ പരീക്ഷിക്കുവാനായി ആകാശത്തുനിന്നു് ഒരു അടയാളം ചോദിച്ചു. അവിടുന്നു് അരുളിച്ചെയ്തു "സന്ധ്യക്കു് ആകാശം ചുമന്നിരിക്കുന്നതു കാണുമ്പോൾ നല്ല കാലാവസ്ഥ എന്നു നിങ്ങൾ പറയുന്നു. ആകാശത്തിന്റെ മുഖത്തെ വിവേചിച്ചറിയുവാൻ നിങ്ങൾക്കു കഴിയും. കാലത്തിന്റെ സൂചന മനസിലാക്കാൻ നിങ്ങൾക്കു കഴിയുകയില്ലേ?" (മത്താ. 16:1-3) ഭൗമീകകാര്യങ്ങൾ വിവേചിച്ചറിയാൻ പ്രാപ്തരായ യഹൂദർ മിശിഹായുടെ വരവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ നിവൃത്തിയാകുന്നതു് കാണാഞ്ഞതെന്തു് എന്നു് അവിടുന്നു് ചോദിക്കുന്നു. പലരും പ്രകൃതി രഹസ്യങ്ങളെ ചുഴിഞ്ഞു നോക്കുന്നു. ദൈവത്തിൻെറ മാർഗ്ഗങ്ങളെ ജിജ്ഞാസയോടെ പരിശോധിക്കുന്നു. എന്നാൽ തങ്ങളെ ചുററിയിരിക്കുന്ന പാപവിപത്തുകളെ കാണുന്നുമില്ല. എത്രവലിയ അന്ധത. "അവരെ വിട്ടു് പടവു കയറി അവിടുന്നു് മറുകരയ്ക്കു് പോയി." (മർക്കോ. 8:14) യഹൂദന്മാരുടെ അഹങ്കാരവും തിന്മയും നിമിത്തം അവരിൽനിന്നകന്നു് പോകുവാൻ അവിടുന്നു് നിർബ്ബന്ധിതനായി. യഥാർത്ഥ സ്നേഹിതനായ യേശുവിനെ വിട്ടു് മറെറാരുവനോടു് ചേരുവാൻ ഇടയാകാതിരിക്കട്ടെ. "പ്രീശരുടെ പുളിച്ച മാവിൽനിന്നു് ഭക്ഷിക്കാതിരിപ്പാൻ സൂക്ഷിപ്പിൻ." (മർക്കോ. 8:15) നാം അപ്പം എടുക്കായ്ക കൊണ്ടാകുന്നു എന്നു് ശിഷ്യന്മാർ തമ്മിൽ പറഞ്ഞു. (മർക്കോ. 8:16) കർത്താവിൻെറ വചനങ്ങൾ അക്ഷരാർത്ഥത്തിൽ എടുത്തതിനാൽ അവർക്കു് തെററിപ്പോയി. അവിടുന്നു് അവരെ ശാസിച്ചുകൊണ്ടു് പറയുന്നു, "അല്പബുദ്ധികളെ അഞ്ചു് അപ്പംകൊണ്ടു് അയ്യായിരത്തെ പോഷിപ്പിച്ചപ്പോൾ എത്ര കുട്ട എടുത്തു എന്നു് നിങ്ങൾ ഓർക്കുന്നില്ലേ." (മത്താ. 16:8,9) പൂർണ്ണതയ്ക്കായി ശ്രമിക്കുന്നവർ ഭൗമീകവസ്തുക്കളോടു് വിരക്തിയും ദാരിദ്ര്യാരൂപിയും പാലിക്കണം. ഭക്ഷണത്തെക്കുറിച്ചു് വ്യഗ്രത കാണിച്ചതിനെപ്പററി യേശു ശിഷ്യന്മാരെ ശാസിച്ചു.

www.malankaralibrary.com

## ധ്യാനം 312

### പെന്തിക്കൊസ്തിക്കു ശേഷമുള്ള
### ഇരുപത്തിരണ്ടാംവാരം—ബുധനാഴ്ച

### അപ്പസ്തോലന്മാൎക്കു സുഖപ്പെടുത്തുവാൻ കഴിയാതിരുന്ന ചന്ദ്രരോഗിയെ ഈശോ സുഖപ്പെടുത്തുന്നു.

അവിടുന്നു് ശിഷ്യരുടെ അടുക്കൽ വന്നപ്പോൾ വലിയ ഒരു ജനതതി അവൎക്കു ചുററും നില്ക്കുന്നതും നിയമജ്ഞർ അവരോടു് തൎക്കിക്കുന്നതും കണ്ടു. "നിങ്ങൾ എന്തിനെപ്പററിയാണു് അവരോടു് തൎക്കിക്കുന്നതു് എന്നു് യേശു അവരോടു് ചോദിച്ചു." (മൎക്കോ. 9:13-15) അവശ്യഘട്ടത്തിൽ യേശു ശിഷ്യന്മാരുടെ സഹായത്തിനു് ഓടിയെത്തുന്നു. അവിടുത്തെ കണ്ടപ്പോൾ ജനം വിസ്മയഭരിതരായി. അവസാനത്തെ ഭയങ്കരദിവസത്തിൽ അവിടുത്തെ നോട്ടം ദുഷ്ടന്മാരെ എത്രമാത്രം അന്ധാളിപ്പിക്കും. യേശു അടുത്തുവന്നപ്പോൾ ഒരുവൻ അടുത്തുവന്നു് അവിടുത്തെ പാദത്തിൽ വീണുപറഞ്ഞു "കൎത്താവേ എന്റെ മകനോടു് കരുണ തോന്നേണമേ. അവൻ ചന്ദ്രരോഗിയാകുന്നു. നിന്റെ ശിഷ്യരുടെ അടുക്കൽ അവനെ ഞാൻ കൊണ്ടുവന്നു. എന്നാൽ അവനെ സുഖപ്പെടുത്തുവാൻ അവൎക്കു കഴിഞ്ഞില്ല" (മത്താ. 17: 14,15) വികാരങ്ങളാൽ ഇളക്കപ്പെട്ട ആദ്ധ്യാത്മിക ചന്ദ്രരോഗികൾ അനേകരാകുന്നു. ലോകം അതിന്റെ ആരാധകരുടെമേൽ നടത്തുന്നതുപോലെ ക്രൂരമായ മററൊരു ഭരണമില്ല. നീതിസൂൎയ്യനായ യേശുവിനോടു് അവിടുത്തെ സ്ഥിരതയാൽ നിന്റെ മനസിനെ ഉറപ്പിക്കുവാൻ അപേക്ഷിക്കുക. യേശു മറുപടിയായി പറഞ്ഞു. "വിശ്വാസരഹിതവും വഷളുമായ വംശമെ ഞാൻ എത്രത്തോളം നിങ്ങളോടു കൂടെയുണ്ടായിരിക്കും" (മത്താ. 17:16) യേശുവിന്റെ ആത്മാവു് സ്വതന്ത്രമായി നിന്നിൽ പ്രവൎത്തിക്കുവാൻ നീ അനുവദിക്കാത്തതുകൊണ്ടും അവിടുത്തെ സാന്നിധ്യത്തെ നീ ആദരിക്കാത്തതുകൊണ്ടും നിന്റെ ദുഷ്മാതൃകയാൽ മററുള്ളവരെ പാപത്തിലേയ്ക്കു് ആനയിക്കുന്നതുകൊണ്ടും അവിടുന്നു് നിന്നെക്കുറിച്ചു് പീഢയനുഭവിക്കുന്നു.

ദിവ്യകാരുണ്യാധിരേകമെ എന്റെ കൃതഘ്നത അവിടുത്തെ സഹിഷ്ണുതയെ ജയിപ്പാൻ ഇടയാക്കരുതെ. നിത്യഭാഗ്യത്തിൽ ഞാൻ എത്തിച്ചേരുന്നതുവരെ എന്നെ കാത്തു സൂക്ഷിക്കേണമെ.

## ധ്യാനം 313

### പെന്തിക്കൊസ്തിക്കു ശേഷമുള്ള
### ഇരുപത്തിരണ്ടാം വാരം വ്യാഴാഴ്ച

### യേശു ചിത്തഭ്രമക്കാരനെ സുഖപ്പെടുത്തുന്നു

യേശു രോഗിയുടെ പിതാവിനോടു് ചോദിക്കുന്നു, "അവനു് ഇതു ഭവിച്ചിട്ടു് ഇപ്പോൾ എത്രനാളായി." അയാൾ പറയുന്നു, "അവന്റെ

www.malankaralibrary.com

പൈതൽ പ്രായം മുതൽ'' അവിടുന്നു് അരുൾചെയ്യുന്നു ''നീ വിശ്വസിക്കുന്നുവോ'' വിശ്വസിക്കുന്നവനു് എല്ലാം സാധ്യമാകും'' (മർക്കോ. 9:22) ഇങ്ങനെയെല്ലാം രോഗിയുടെ പിതാവിനോടു് ഈശോ ചോദിച്ചതു്, നിനക്കും വിശ്വാസമുള്ള പക്ഷം പരീക്ഷകളെ ജയിപ്പാനും എല്ലാ പുണ്യങ്ങളും പ്രാപിപ്പാനും കഴിയുമെന്നു് ബോധ്യപ്പെടുത്താനാണ്. ആ പിതാവിനെ പോലെ നീയും പറയുക. ''കർത്താവേ ഞാൻ വിശ്വസിക്കുന്നു. എന്റെ അവിശ്വാസത്തെ സഹായിക്കേണമെ'' (മർക്കോ. 9:23) അവിടുന്നു് അശുദ്ധാത്മാവിനെ ശാസിച്ചുകൊണ്ടരുൾ ചെയ്തു. ''ഊമനും ചെകിടനുമായ ആത്മാവേ അവനിൽനിന്നു് പുറത്തു പോകുവാൻ ഞാൻ നിന്നോടാജ്ഞാപിക്കുന്നു. ഇനിയൊരിക്കലും അവനിൽ പ്രവേശിക്കരുതു്.'' (മർക്കോ.9:24) ദൈവപുത്രന്റെ ആജ്ഞ അനുസരിപ്പാൻ പിശാചു് നിർബ്ബന്ധിതനായി. നിന്റെ അനുസരണം സ്വമനസാലെ ഉള്ളതായിരിക്കണം. ഇപ്രകാരം പറയുക 'ഞാൻ സ്വമനസാലെ എന്റെ യാഗം അർപ്പിക്കും. ദൈവമെ നിന്റെ നാമത്തെ ഞാൻ പാടി സ്തുതിക്കും. എന്തെന്നാൽ അതു നല്ലതാകുന്നു.' (സങ്കീ. 53:8) 'വലിയ ശബ്ദമുണ്ടാക്കി രോഗിയെ നിലത്തിട്ടുരുട്ടിക്കൊണ്ടു് പിശാച് അവനിൽനിന്നു് പോയി. യേശുവോ അവനെ കൈയ്ക്കു പിടിച്ചുയർത്തി' (മർക്കോ. 9:25:26) പരീക്ഷാവസരങ്ങളിൽ യേശു മറഞ്ഞിരിക്കുമെങ്കിലും പാപത്തിനു സമ്മതിക്കാതെ എന്റെ ഹൃദയത്തെ കാത്തു പരിപാലിച്ചുകൊള്ളും. ഈ പരീക്ഷയെ കടന്നു പോകുന്ന ആത്മാവ് കൃപാസമൃദ്ധിയിൽ പുനഃസ്ഥാപിക്കപ്പെടും. യേശു അവരോടു് അരുൾചെയ്യുന്നു ''പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ ഈ ജാതി ഒഴിഞ്ഞുപോകുകയില്ല.'' (മർക്കോ. 6,28) വിശ്വാസത്താലും ശരണത്താലും പ്രേരിപ്പിക്കപ്പെട്ട പ്രാർത്ഥനയ്ക്കും ഇന്ദ്രിയനിഗ്രഹത്തിനും അശുദ്ധാരൂപിയുടെ മേൽ അത്ഭുതകരമായ ശക്തിയുണ്ടായിരിക്കും. അവർ ദൈവത്തിനു പ്രസാദകരവും പിശാചിനു ഭയജനകവുമായിരിക്കും.

## ധ്യാനം 314

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്തിരണ്ടാംവാരം–വെള്ളിയാഴ്ച

### യേശു തലവരിപ്പണം കൊടുക്കുന്നു

അവർ കഫർന്നഹോമിൽ വന്നപ്പോൾ തലവരിപ്പണം വാങ്ങുന്നവർ പത്രോസിനെ സമീപിച്ചു നിങ്ങളുടെ ഗുരു തലവരിപ്പണം കൊടുക്കുന്നില്ലേ എന്നു് ചോദിച്ചു. (മത്താ. 17:23) ഗുരുവിന്റെ എളിമ മനസ്സിലാക്കിയിരുന്ന പത്രോസ് ഉവ്വ് എന്നു് മറുപടി പറഞ്ഞു (മത്താ. 17:24) നിത്യപിതാവിനു വന്ദനം പറയുന്നതിനു പുറമെ യേശു മററ് അധികാരികൾക്കും വിധേയനായിരുന്നു. ക്രമചട്ടങ്ങൾക്കു് അവിടുന്നു് എക്കാലത്തും വിധേയനായിരുന്നു. ഈ മാതൃക കണ്ടിട്ടും അവിടുത്തേയ്ക്കു് വിധേയത്വം നല്കാൻ നീ മനസാകുന്നില്ലല്ലോ.

www.malankaralibrary.com

പത്രോസ് വീട്ടിൽ പ്രവേശിച്ചപ്പോൾ യേശു അവനോട് ചോദിച്ചു "ശീമോനെ നിനക്കു എന്തു തോന്നുന്നു. ഭൂമിയിലെ രാജാക്കന്മാർ മക്കളിൽനിന്നോ അന്യരിൽനിന്നോ നികുതിയും ചുങ്കവും പിരിക്കുന്നത്?" 'അന്യരിൽനിന്നു' എന്നു ശെമഓൻ മറുപടി പറഞ്ഞു. 'അങ്ങനെയെങ്കിൽ മക്കൾ സ്വതന്ത്രരാണല്ലോ.' എന്നു അവിടുന്നു പറഞ്ഞു. യേശു ദൈവപുത്രനാകകൊണ്ടു സൃഷ്ടികളുടെ അധികാരത്തിൽനിന്നു സ്വതന്ത്രനാണ്. അവരാണ് അവിടുത്തേയ്ക്കു വണക്കം ചെയ്യേണ്ടത്. എന്നിട്ടും അവിടുന്നു ദൈനംദിനം അവരുടെമേൽ അനുഗ്രഹം ചൊരിഞ്ഞു കൊണ്ടിരിക്കുന്നു. കേവലം കടപ്പെട്ട കാര്യങ്ങൾപോലും ചെയ്യാൻ നീ ലജ്ജിക്കുന്നില്ലേ? "എന്നാൽ അവർക്കു ഇടച്ച് വരാതിരിപ്പാൻ വേണ്ടി നീ കടലിൽ പോയി ചൂണ്ടയിട്ടു ആദ്യം കിട്ടുന്ന മത്സ്യത്തെ എടുത്ത് അതിന്റെ വായ് തുറക്കുക. അതിൽ ഒരു നാണയം കാണും. അതെടുത്ത് എനിക്കും നിനക്കും വേണ്ടി അവർക്കു കൊടുക്കുക," എന്നു അവിടുന്നു ശെമഓനോട് തുടർന്നു പറഞ്ഞു. (മത്താ. 17:26) ദൈവപുത്രൻ കേവലം ദരിദ്രനാണ്. തലവരി കൊടുക്കുവാൻ പോലും പണമില്ല. എങ്കിലും മററുള്ളവർക്കു ദുർമാതൃകയാകാതിരിക്കാൻ വേണ്ടി അവിടുന്നു അത്ഭുതം പ്രവർത്തിച്ച് തലവരി കൊടുക്കുന്നു.

കർത്താവു മററു ശിഷ്യന്മാരെക്കാൾ കൂടുതലായി പത്രോസിനെ ബഹുമാനിക്കുന്നതുകൊണ്ടു തന്നോട് അവനെ കൂട്ടിയോജിപ്പിക്കുന്നു. ഏറെതാമസിക്കാതെ മനുഷ്യവർഗ്ഗം മുഴുവനുംവേണ്ടി ദൈവനീതിക്കു അവിടുന്നു ഉത്തരിക്കും.

## ധ്യാനം 315

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തിരണ്ടാംവാരം–ശനിയാഴ്ച

### ഈശോ ശിഷ്യന്മാരുടെ ഉൽക്കർഷേച്ഛയെ ശാസിക്കുന്നു

"ആ സമയത്തു ശിഷ്യന്മാർ യേശുവിന്റെ അടുക്കൽവന്നു സ്വർഗ്ഗരാജ്യത്തിൽ ഏററം വലിയവൻ ആരാകുന്നു എന്നു ചോദിച്ചു." (മത്താ. 18:1) ദൈവപുത്രൻ തന്റെ മരണത്തെയും ഉയർത്തെഴുന്നേല്പിനെയുംപററി സംസാരിച്ചു യഥാർത്ഥ മഹിമയുള്ള മാർഗ്ഗം എളിമയാകുന്നുവെന്നു പഠിപ്പിച്ചിട്ടും, ശിഷ്യന്മാർ ഭൗമീകരാജ്യത്തിലെ മഹിമയെപ്പററി ചിന്തിക്കുകയും ആ സാങ്കല്പിക രാജ്യത്തിലെ മഹത്വത്തിനായി തർക്കിക്കുകയും ചെയ്തു. അവർ എത്ര ഹീനസ്ഥിതിയിലുള്ളവരായിരുന്നെങ്കിലും ഉൽക്കർഷേച്ഛ അവരെ അന്ധരാക്കി. നിന്റെ സ്ഥിതി എങ്ങനെ? "കഫർന്നഹോമിൽ വീട്ടിലിരിക്കെ, 'വഴിയിൽവച്ചു എന്താണ് തമ്മിൽ തർക്കിച്ചതെന്നു" അവിടുന്നു അവരോടു ചോദിച്ചു. അവർ മൗനം പാലിച്ചു. എന്തെന്നാൽ തങ്ങളിൽ വലിയവൻ ആരാകുന്നു എന്നു അവർ തമ്മിൽ തർക്കിച്ചിട്ടുണ്ടായിരുന്നു." (മർക്കോ. 6:32,33)

www.malankaralibrary.com

ശിഷ്യന്മാരുടെ കുറവുകളെ വഹിക്കുന്നതിലുള്ള അവിടുത്തെ ക്ഷമയും അവയെ തിരുത്താനുള്ള ബുദ്ധി വൈഭവവും എത്ര പ്രശംസനീയം. മനപ്രയാസം നിമിത്തം എന്തു വിഷയത്തെപ്പററിയാണ് തക്കിച്ചതെന്ന് അവർ പറയാതിരുന്നതിനാൽ, അവിടുന്ന് അവരുടെ മദ്ധ്യത്തിലിരുന്ന് അവരെ ധൈര്യപ്പെടുത്തി. അവർ കുററം തുറന്നു പറയാതെ സ്വർഗ്ഗത്തിൽ ആരാകുന്നു വലിയവൻ എന്നാണ് അവിടുത്തേയ്ക്കു് തോന്നുന്നതു് എന്നു മാത്രം മറുപടി പറഞ്ഞു. എന്നിട്ടും അവിടുന്ന് അവരോട്ട് മാധുര്യപൂർവ്വം സംസാരിക്കുന്നു. ശാസന ഫലപ്പെടണമെങ്കിൽ നീയും കുററക്കാരോട്ട് മാധുര്യപൂർവ്വം പെരുമാറണം.

ഒരു ശിശുവിനെ വിളിച്ചു് അവരുടെ മദ്ധ്യത്തിൽ നിറുത്തികൊണ്ടു് അവിടുന്ന് അരുൾ ചെയ്തു. 'നിങ്ങൾ മനസ്സു തിരിഞ്ഞു് ഈ പൈതലിനെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. ഈ പൈതലിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗത്തിൽ വലിയവനാകുന്നു.'' (മത്താ. 18.2–4) യേശു എളിമയും താഴ്മയും ഉള്ളവരെ സ്നേഹിക്കുന്നു. എല്ലാ ദാനങ്ങളേയും ആകർഷിച്ചു് വരുത്തുന്നതും സൂക്ഷിക്കുന്നതും എളിമയാകുന്നു.

## ധ്യാനം 316

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തിമൂന്നാം ഞായറാഴ്ച

### യേശു അപ്പസ്തോലന്മാരെ തുടർന്നു് ഉപദേശിക്കുന്നു

'ഇപ്രകാരമുള്ള ശിശുവിനെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു' (മത്താ.18:5) ലോകകണ്ണുകളിൽ ദരിദ്രർ വെറുപ്പിനെയാണു് അർഹിക്കുന്നതെങ്കിലും, വിശ്വാസകണ്ണുകൾ വലിയ നിക്ഷേപം മറച്ചിരിക്കുന്ന സജീവ ക്രൂദാശയെയത്രേ അവരിൽ ദർശിക്കുന്നതു്. അവർ യേശുവിനെ പ്രതിനിധീകരിക്കുന്നു. അവരിൽ യേശുവിനെ നാം ആരാധിക്കണം. ദരിദ്രൻെറ കരം വഴിപാട്ട് അർപ്പിക്കപ്പെടേണ്ട അൾത്താരയാകുന്നു. ദരിദ്രരെ തീററിപ്പോററുന്നതിനുവേണ്ടി ചില ജീവിതസൗകര്യങ്ങൾ നീ പരിത്യജിക്കുമ്പോൾ നീ അർപ്പിക്കുന്ന യാഗവേദിയായിരിക്കണം നിൻെറ ഹൃദയം. ദരിദ്രർ കൈ നീട്ടുന്നു. ദൈവം ദാനം സ്വീകരിക്കുന്നു. ''എൻെറ നാമത്തിൽ നിങ്ങൾക്കു് ഒരുപാത്രം പച്ചവെള്ളം തരുന്നവനു് പ്രതിഫലം ലഭിക്കാതെ പോകുകയില്ല.'' (മർക്കോ. 9:40) ദരിദ്രർ നിങ്ങളോടൊപ്പം യേശുവിൻെറ മൗതിക ശരീരത്തിലെ അംഗങ്ങളാണല്ലോ. യേശു തന്നെയാണു് അവരിൽ വേദനപ്പെടുന്നതു്. അവരോടുകൂടെ സ്വർഗ്ഗീയവിരുന്നിൽ ആതിഥ്യം ലഭിക്കണമെന്നു് ആഗ്രഹിക്കുന്ന നിങ്ങൾ എന്തുകൊണ്ടാണു് നിങ്ങളുടെ മേശയ്ക്കു് അയോഗ്യരായി അവരെ എണ്ണുന്നതു്? നിങ്ങൾക്കു നന്മ നല്ലാനായി ദൈവപുത്രൻ ദരിദ്രരുടെ വേഷത്തിൽ നിങ്ങളെ സമീപിക്കുന്നു. നിങ്ങൾക്കു സജീവ വിശ്വാസമുണ്ടെങ്കിൽ, അവരെ നന്ദി കാട്ടേണ്ട

www.malankaralibrary.com

കടക്കാരായിട്ടല്ല പിന്നയോ ഉപകാരികളായി നിങ്ങൾ പരിഗണിക്കും. അവരുടെ പ്രാൎത്ഥന സ്വൎഗ്ഗരാജ്യത്തിൻെറ വാതിലുകൾ നിങ്ങൾക്കായി തുറന്നുതരും. ഈ ജീവിതത്തിൽതന്നെ നിങ്ങൾക്കു് നൂറു് മടക്കു് കിട്ടേണ്ടതിനു് ദരിദ്രരുടെ കരങ്ങൾവഴി ദാനങ്ങൾ സ്വീകരിപ്പാൻ ദൈവം തിരുമനസ്സാകുന്നു.

## ധ്യാനം 317

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തിമൂന്നാം വാരം—തിങ്കളാഴ്ച

### ദരിദ്രരോടു് ഉണ്ടായിരിക്കേണ്ട സ്നേഹത്തെപ്പററി യേശു ഉപദേശിക്കുന്നു.

"എൻെറ നാമത്തിൽ ഇപ്രകാരമുള്ള ഒരു ശിശുവിനെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. (മത്താ. 18:5) യേശുവിനോടുള്ള സ്നേഹവും ബഹുമാനവും ദരിദ്രരോടു് സഹതാപം കാണിപ്പാൻ നമ്മെ പ്രേരിപ്പിക്കുന്നു. കരുണയുടെ പിതാവായ ദൈവത്തിൻെറ മക്കളായിരിക്കുന്നതിൽ നാം അഭിമാനം കൊള്ളുന്നു. ആ സ്ഥിതിക്കു് രക്ഷകനെ പ്രതിനിധീകരിക്കുന്ന ദരിദ്രരുടെ കാര്യത്തിൽ അശ്രദ്ധരായിരിപ്പാൻ നിനക്കു എങ്ങനെ കഴിയും. മനുഷ്യാവതാരം ചെയ്ത വിജ്ഞാനം ബേതലഹേമിൽ ദാരിദ്ര്യത്തെ അന്വേഷിച്ചുവരുകയും കാൽവരിയിൽ അതിനെ ആശ്ലേഷിക്കുകയും ചെയ്തതുകൊണ്ടു് വിശുദ്ധന്മാർ അതിനെ മാതാവിനെപോലെ ആദരിച്ചു. മാത്രമല്ല സ്വമനസാ വി. ദാരിദ്ര്യത്തെ ആശ്ലേഷിക്കുമ്പോൾ മാത്രമാണു് അവർ യഥാൎത്ഥത്തിൽ ക്രിസ്തു ശിഷ്യരായി തീരുന്നതെന്നു് വിശ്വസിക്കുകയും ചെയ്തു. യേശുവിനോടുള്ള സ്നേഹാദരങ്ങൾ ദരിദ്രരോടു് ദയയായിരിപ്പാൻ നമ്മെ പ്രേരിപ്പിക്കുന്നു. ദരിദ്രനായ യേശുവിൻെറ സജീവരൂപമായിരിക്കേണ്ട നാം ദരിദ്രരെ സന്ദൎശിക്കുന്നതിനോ അവരുടെ ഇടയിൽ പ്രത്യക്ഷപ്പെടുന്നതിനോ ലജ്ജിച്ചുകൂടാ. അവരെ ബഹുമാനിക്കുന്നതു് ഒരു പദവിയായി കരുതണം. ആകയാൽ യേശുവിനോടുള്ള സ്നേഹത്തിൻെറ വ്യക്തമായ ഒരു തെളിവു്, ദരിദ്രരിൽ അവിടുത്തെ അന്വേഷിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നതാണു്. യേശുവിനോടുള്ള ഭക്ത്യാദരങ്ങൾ ദരിദ്രരോടു് ഔദാൎയ്യപൂൎവ്വം വൎത്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. അവക്കു നല്കുന്ന ആശ്വാസം അന്ത്യത്തിൽ ദൈവത്തിങ്കലേയ്ക്കു് തന്നെ തിരിയുന്നു. സ്വന്ത ഇന്ദ്രിയതൃപ്തിക്കായി സൎവ്വാത്മനാ അദ്ധ്വാനിക്കുകയും ദൈവസേവനത്തിനോ അയല്ക്കാരൻെറ രക്ഷക്കോവേണ്ടി അല്പമൊന്നു സഹിക്കേണ്ടി വരുമ്പോൾ ആവലാതിപ്പെടുകയും ചെയ്യുന്നതു് ഒരു ക്രിസ്ത്യാനിക്കു് ചേൎന്നതല്ല. അല്പംകൊണ്ടു് നൂറു മടങ്ങു് നിനക്കു് നേടാം.

www.malankaralibrary.com

## ധ്യാനം 318

### പെന്തിക്കൊസ്തിക്ക ശേഷമുള്ള ഇരുപത്തിമൂന്നാം വാരം—ചൊവ്വാഴ്ച

### ഈശോ എളിമയുടേയും പരസ്നേഹത്തിൻെറയും തത്വങ്ങൾ ഉപദേശിക്കുന്നു.

"ഇടർച്ചകൾ നിമിത്തം ലോകത്തിനു് ഹാ കഷ്ടം" (മത്താ. 18:7) ലോകം ഇടർച്ചകൾകൊണ്ടു് നിറഞ്ഞിരിക്കുകയാണു്. ലോകത്തിൽനിന്നു് അവയെ പാടെ നീക്കിക്കളയുവാൻ സാദ്ധ്യമല്ല. പിശാചിൻെറ അസൂയയിൽനിന്നോ മനുഷ്യരുടെ ദുഷ്ടതയിൽനിന്നോ ക്രമരഹിത വികാരങ്ങളിൽനിന്നോ ഇവയുണ്ടാകാം. കാരണം തന്നിൽ തന്നെയുള്ളതുകൊണ്ടു് ഒരു മനുഷ്യനും ഭയാശങ്ക കൂടാതെയിരിക്കരുതു്.

എങ്കിലും ആർമൂലം ലോകത്തിൽ ഇടർച്ചകൾ ഉണ്ടാകുന്നുവോ അവക്കു ഹാ കഷ്ടം. അവരുടെ കഴുത്തിൽ കഴുത വലിക്കുന്ന തിരികല്ലു് കെട്ടിത്തൂക്കി സമുദ്രത്തിൽ താഴ്ത്തപ്പെടുന്നതു് അവക്കു നന്നായിരുന്നു. (മത്താ. 18:6,7) ഒരു പാപിയെ മനസ്സു തിരിക്കുന്നതു് മരിച്ചവരെ ഉയർപ്പിക്കുന്നതിനേക്കാൾ പ്രയാസമേറിയതാകുന്നു. നിൻെറ അയല്ക്കാരൻെറ ശാരീരികജീവൻ എടുത്തുകളയുന്നതിനേക്കാൾ ഭയങ്കരമാണു് അവൻെറ ആത്മീയജീവൻ നശിപ്പിക്കുന്നതു്. ഒരാത്മാവിനെ രക്ഷിപ്പാൻവേണ്ടി യേശു സ്വജീവനെ നല്കിയെങ്കിൽ അതിനെ നശിപ്പിക്കുന്നതു് യേശുവിനെ ഒററിക്കൊടുത്ത യൂദായുടെ പാപത്തെക്കാൾ ഭയങ്കരമല്ലേ? അങ്ങനെയെങ്കിൽ സഹോദരനെതിരായി പാപം ചെയ്യുകയും അവൻെറ മനസാക്ഷിയെ വ്രണപ്പെടുത്തുകയും ചെയ്യുമ്പോൾ യേശുവിനെതിരായി തന്നെയാണു് നിങ്ങൾ പാപം ചെയ്യുന്നതു്. (1കൊറി. 8:12) "നിൻെറ കണ്ണു് നിനക്കു് പാപകാരണമാകുന്നെങ്കിൽ അതു് ചുഴന്നെടുത്തു കളയുക. രണ്ടു കണ്ണോടുകൂടി ശമിക്കാത്ത അഗ്നിയിൽ, നരകത്തിൽ, നിപതിക്കുന്നതിനെക്കാൾ ഭേദമാണു് ഒററ കണ്ണനായി ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതു്." (മർക്കോ. 9:46) ഒരേ സ്ഥലത്തുതന്നെ യേശു മൂന്നുപ്രാവശ്യം ഈ പ്രസ്താവന ചെയ്യുന്നു. ഇന്ദ്രിയനിഗ്രഹണംവഴി പാപസാഹചര്യങ്ങളെ ഒഴിഞ്ഞു മാറുക. ഇടർച്ചകളെ മുറിച്ചുകളയുന്ന വാളാണു് നിഗ്രഹം.

## ധ്യാനം 319

### പെന്തിക്കൊസ്തിക്ക ശേഷമുള്ള ഇരുപത്തിമൂന്നാംവാരം—ബുധനാഴ്ച

### യേശു പഠിപ്പിക്കുന്ന രണ്ടാമത്തെ തത്വം

"ഈ ചെറിയവരിൽ ഒരുവനു് ഇടർച്ച വരുത്താതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ എൻെറ സ്വ

www.malankaralibrary.com

ഗ്ഗസ്ഥനായ പിതാവിൻെറ മുഖം സദാ ദർശിച്ചുകൊണ്ടിരിക്കുന്നതെന്നു് ഞാൻ നിങ്ങളോടു് പറയുന്നു.'' (മത്താ. 18:10) ജനനംമുതൽ മരണംവരെ നമ്മെ കാത്തു സൂക്ഷിക്കുന്നതിനായി ഒരു മാലാഖയെ ദൈവം നമുക്കു് നിയമിച്ചു തന്നിട്ടുണ്ടു്. അങ്ങനെയൊരു ജോലി ലഭിക്കുന്നതു് ഒരു പദവിയായിട്ടാണു് മാലാഖാ കരുതുന്നതു്. ആത്മാവിൻെറ നില എത്ര ശ്രേഷ്ഠം. മാലാഖാമാരുടെ സംരക്ഷണയിൽ സ്ഥിതിചെയ്യുന്ന പൈതങ്ങളെ നിന്ദിക്കുന്നതു് അപകടകരമാണു്. അവരുടെ പ്രാർത്ഥനകളെ മാലാഖാമാർ ദൈവസിംഹാസനത്തിങ്കൽ സമർപ്പിക്കുന്നു. തൻെറ പ്രിയപുത്രനെ മനുഷ്യവീണ്ടെടുപ്പിനു നല്കുവാൻ കനിഞ്ഞ ദൈവത്തിനു് അവരുടെ നടത്തിപ്പിനു് മാലാഖാമാരെ നിയമിക്കാതിരിപ്പാൻ കഴിഞ്ഞില്ല. ശക്തിയേറിയ ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്ന ആത്മാക്കൾക്കു് ആ ശത്രുക്കളെക്കാൾ ശക്തിയേറിയ അരൂപികളുടെ സഹായമാണു് ആവശ്യമായിരിക്കുന്നതു്. കാവൽ മാലാഖാമാരുടെ വില മനസ്സിലാക്കി അവരോടു് നിത്യമായ മൈത്രിബന്ധം സ്ഥാപിച്ചുകൊണ്ടു് ചേർന്നിരിപ്പാൻ തീർച്ചപ്പെടുത്തുക.

കാവൽമാലാഖാ നല്കുന്ന നന്മയ്ക്കു് എത്രയധികം നന്ദി പ്രകടിപ്പിച്ചാലും മതിയാകുകയില്ല. ബലഹീനരായ നമുക്കു് വലിയ സംരക്ഷണയുള്ളപ്പോൾ നമ്മുടെ ആത്മീയ ശത്രുക്കളെ നാം ഭയപ്പെടേണ്ടതില്ല. ജീവിതത്തിലോ മരണത്തിലോ ഈ പരിശുദ്ധ മാലാഖാ നമ്മെ കൈവിടുകയില്ല. വി. ബർണ്ണാഡു് പറയുന്നു ''ഞാൻ എപ്പോഴും എൻെറ അടുക്കൽ സന്നിഹിതനായിരിക്കുന്ന നല്ല മാലാഖയെപ്പററി ധ്യാനിക്കുന്നു. എന്നെ നയിക്കുന്ന വഴികാട്ടിയെപ്പോലെയും എൻെറ വിചാരങ്ങളെയും പ്രവർത്തികളെയും കുഞ്ഞാടിൻെറ സിംഹാസനത്തിൻ മുമ്പിൽ കാഴ്ചവയ്ക്കുന്ന ഒരുവനെപ്പോലെയും ഞാൻ അദ്ദേഹത്തെ ഭയപ്പെടുകയും വണങ്ങുകയും ചെയ്യുന്നു.''

## ധ്യാനം 320

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്തിമൂന്നാം വാരം—വ്യാഴാഴ്ച

### ഈശോ പഠിപ്പിക്കുന്ന മൂന്നാമത്തെ തത്വം

''നിൻെറ സഹോദരൻ നിന്നോടു് കുററം ചെയ്താൽ നീയും അവനും മാത്രമുള്ളപ്പോൾ അവനെ ശാസിക്കുക. (മത്താ. 18:12) ഉപദ്രവങ്ങളെ ക്ഷമിക്കുവാൻ മാത്രമല്ല, പിന്നയോ സ്നേഹപൂർവ്വം തിരുത്തി കുററക്കാരനെ അവൻെറ പാപത്തിൽ നിന്നകററാനും കർത്താവു് ഉപദേശിക്കുന്നു. ഈ ഉപദേശം എല്ലാവർക്കും വേണ്ടിയുള്ളതാണെങ്കിലും സുപ്പീരിയേഴ്സിനെ സംബന്ധിച്ചിടത്തോളം ഇതൊരു കടമ തന്നെയാണു്. നിൻെറ സൂക്ഷത്തിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന ഒരാൾ നിൻെറ കുററംകൊണ്ടു് നശിക്കാനിടയായാൽ അവൻെറ പാപത്തി

www.malankaralibrary.com

ന്നു നീയും ഉത്തരവാദിയാകുന്നു. മററൊരാളെ ശാസിക്കാൻ നിന്നെ പ്രേരിപ്പിക്കുന്നതു് പരസ്നേഹമാണോ എന്നു പരിശോധിക്കാതെ ആരെയും ശാസിക്കരുതു്. വിദ്വേഷത്തിൽ വരുന്ന ഏതും ശിക്ഷിക്കുന്നവൻെറ പ്രവൃത്തിയാണ്, തിരുത്തികൊടുക്കുന്നവൻെറതല്ല. തിരുത്തലിനു മുമ്പ് സഹതാപം ഉണ്ടാകണം. കുററം പരസ്യമല്ലാത്തപ്പോൾ സഹോദരൻെറ മാനം സംരക്ഷിക്കുന്നതിനായി രഹസ്യത്തിൽ മാത്രം തിരുത്തുക. അതുകൊണ്ടു് ഫലമില്ലെന്നു കാണുമ്പോൾ മാത്രം സഭയോടു് അതായതു് അധികാരം പ്രാപിച്ചിട്ടുള്ള സുപ്പീരിയേഴ്സിനോട് പറയുക.

"അവൻ നിന്നെ കേൾക്കുന്നുവെങ്കിൽ നീ അവനെ നേടി." (മത്താ.18:18) നീ അവൻെറ ആത്മാവിനെ രക്ഷപെടുത്തി. തിരുത്തൽകൊണ്ടു് ഉദ്ദേശിക്കുന്ന ഫലം ഇതാണ്. ഇത്ര ആശാസ്യമായ ഒരു കടമ വിട്ടുകളയുന്നപക്ഷം പരസ്നേഹവും ശുഷ്കാന്തിയും വെറും ദുർബ്ബലം തന്നെ. തിരുത്തൽ ഒരു അനുഗ്രഹമാണ്. അതു വഹിപ്പാൻ നീ അശക്തനെങ്കിൽ സുഖപ്പെടുത്തുവാൻവേണ്ടി ശസ്ത്രക്രിയ നടത്തുന്ന വൈദ്യനോടു് കോപിക്കുന്ന രോഗിയെപ്പോലെയായിതീരും. നിൻെറ ആത്മവിൻെറ കാര്യം നിൻെറ ആത്മപാലകനെയാണ് ദൈവം ഏല്പച്ചിരിക്കുന്നതു്. അദ്ദേഹം അതിൻെറ കണക്ക് ദൈവതിരുമുമ്പാകെ കൊടുക്കേണ്ടതാണ്.

## ധ്യാനം 321

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തിമൂന്നാം വാരം–വെള്ളിയാഴ്ച

### യേശു പഠിപ്പിക്കുന്ന നാലാമത്തെ തത്വം

"സ്വർഗ്ഗരാജ്യം തൻെറ ദാസന്മാരുടെ കണക്കുതീക്കാൻ ഭാവിക്കുന്ന രാജാവിനോടു് സദൃശ്യമാകുന്നു. അദ്ദേഹം കണക്കുകേട്ടു തുടങ്ങിയപ്പോൾ പതിനായിരം താലന്ത് കടപ്പെട്ടിട്ടുള്ള ഒരുവൻ രാജസമക്ഷം ഹാജരാക്കപ്പെട്ടു. അതു വീട്ടുവാൻ അയാൾക്കു കഴിവില്ലായിരുന്നു." (മത്താ. 18:23,24) നിൻെറ അനവധി പാപങ്ങൾ നിമിത്തം ദൈവനീതിക്ക് നീ കടപ്പെട്ടവനാണ്. നിനക്കു ലഭിച്ചിട്ടുള്ള നിരവധി നന്മകൾനിമിത്തം നീ ദൈവത്തിൻെറ ഔദാര്യത്തിനു് കടപ്പെട്ടവനാണ്. നിത്യമായ സേവനംകൊണ്ടു പോലും ഈ കടങ്ങളെല്ലാം വീട്ടുവാൻ സാദ്ധ്യമല്ല. ആത്മാവിൻെറയും ശരീരത്തിൻെറയും പ്രകൃതിയുടെയും കൃപയുടെയും സൽഭാവങ്ങളെല്ലാം ദൈവം നല്കിയ താലന്തുകളാകുന്നു. വിനയപൂർവ്വം ദൈവത്തോടു് അപേക്ഷിക്കുക. ദൈവമെ എന്നോടു് ക്ഷമിക്കേണമെ. ഞാൻ എല്ലാം തന്നു വീട്ടിക്കൊള്ളാം. യജമാനൻ മനസ്സലിഞ്ഞ് ആ കടങ്ങളെല്ലാം ഇളച്ചു കൊടുത്തു. (മത്താ. 18:27) ആ ഭൃത്യൻ പോകുമ്പോൾ തനിക്ക് 100 ദീനാറാ കടപ്പെ

www.malankaralibrary.com

ട്ടിരുന്ന ഒരു കൂട്ടു് ഭൃത്യനെ പിടിച്ചു കാരാഗൃഹത്തിലാക്കി (മത്താ. 18: 28–30) ദൈവം നിന്നോടു് ക്ഷമിച്ചിട്ടുള്ളതിനോടു് താരതമ്യപ്പെടുത്തുമ്പോൾ നിനക്കു ലഭിച്ചിട്ടുള്ള ഉപദ്രവം 10,000 താലന്തിനു് ഒരു പെനി എന്ന കണക്കാക്കാനേയുള്ളൂ. എന്നിട്ടും നീ സഹോദരനോടു് പറയുന്നു എനിക്കു തരാനുള്ളതു് തന്നുവീട്ടുക എന്നു്. എത്ര വലിയ നന്ദികേടു്! യജമാനൻ അവനെ വിളിച്ചു പറഞ്ഞു "ദുഷ്ടഭൃത്യാ നീ എന്നോടു് അപേക്ഷിച്ചതുകൊണ്ടു് ഞാൻ നിൻെറ കടമെല്ലാം ഇളച്ചു തന്നു. ഞാൻ നിന്നോടു് ചെയ്തതുപോലെ നിൻെറ ഭൃത്യനോടു് നീയും ചെയ്യേണ്ടിയിരുന്നില്ലേ? യജമാനൻ കോപിച്ചു് അവനെ കാരാഗൃഹത്തിലാക്കി" (മത്താ. 18:32–34) ഇപ്രകാരംതന്നെ സഹോദരനോടു് ക്ഷമിക്കാത്ത നിന്നോടും ചെയ്യും. (മത്താ. 18:35) ദൈവത്തിൻെറ കരുണയെ നീ അനുകരിക്കാത്തപക്ഷം നിൻെറ പ്രതികാരത്തെ ദൈവവും അനുകരിക്കും.

## ധ്യാനം 322

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്തിമൂന്നാം വാരം–ശനിയാഴ്ച

### ദൈവാത്രുപിയും ലോകാത്രുപിയും തമ്മിലുള്ള മത്സരത്തെപ്പററി ഈശോ ചെയ്ത പ്രസ്താവന.

"ലോകത്തിനു നിങ്ങളെ ദ്വേഷിപ്പാൻ കഴിയില്ല. ലോകത്തിൻെറ പ്രവൃത്തികൾ തിന്മയാകുന്നു എന്നു് ഞാൻ സാക്ഷിപ്പെടുത്തുന്നതുകൊണ്ടു് അതു് എന്നെ ദ്വേഷിക്കുന്നു." (യോഹ. 7:7) യേശുക്രിസ്തുവിൻെറ അത്രുപി സത്യത്തിൻെറ അത്രുപിയാകുന്നു. ലോകത്തിൻെറതോ കേവലം കാപട്യം. ലോകത്തിൻെറ നന്മയെല്ലാം സങ്കല്പമാത്രമാകകൊണ്ടു് അവക്കു് മനുഷ്യഹൃദയത്തെ തൃപ്തിപ്പെടുത്തുവാൻ കഴിയുന്നില്ല. അതു് അസ്ഥിരമാകകൊണ്ടു് സ്ഥായിയായ നന്മയൊന്നും അതിൽനിന്നു് ലഭിക്കുകയില്ല. നിരാശ മാത്രം ഫലം. വി. പത്രോസ് ചെയ്തതുപോലെ ലോകതിരമാലകളെ ചവുട്ടി മെതിച്ചുകൊണ്ടു് അവക്കു മീതെ നടക്കും. ഈശോയെ സഹായത്തിനു വിളിക്കുക. വി. പത്രോസിനെന്നതുപോലെ നിനക്കും അവിടുന്നു് സഹായഹസ്തം നീട്ടിതരും.

യേശുവിൻെറ അത്രുപി വിശുദ്ധിയുടെ അത്രുപിയാകുന്നു. ലോകത്തിൻേറതു വെറും വഷളത്വത്തിൻെറതും. ലോകായിതരുടെ സംഭാഷണം പാപത്തിനു് അവസരമാകുന്നു. "ഇടച്ചുകൾ നിമിത്തം ലോകത്തിനു ഹാ കഷ്ടം!" (മത്താ. 18:7) അക്രമണം, വഞ്ചന, അസത്യം ആദിയായവയാകുന്നു ലോകത്തിൻെറ പ്രവൃത്തികൾ. അതിൻെറ പുഞ്ചിരി അതിൻെറ ഉപദ്രവത്തേക്കാൾ മരണകരവും, ആനുകൂല്യം പ്രതികൂല്യത്തെക്കാൾ അപകടകാരിയുമാകുന്നു. അതിൻെറ

www.malankaralibrary.com

ആലിംഗനത്തെ മർദ്ദനത്തെക്കാൾ ഭയപ്പെടണം. സകല കാര്യങ്ങളിലും ലോകം യേശുവിൻെറ അതൃപ്തിക്കു കടകവിരുദ്ധമാണ്. ഈശോയാൽ ഭ്രഷ്ടാക്കപ്പെട്ട ഒരു ശത്രുവിനെപ്പോലെ അതിനെ വെറുക്കുക. സുവിശേഷോപദേശങ്ങൾക്കു വിപരീതമായ അതിൻെറ ദുരുപദേശങ്ങളേയും ദുർമ്മാതൃകകളേയും ഒഴിഞ്ഞുമാറണം. മററുള്ളവരുടെ ദുർമ്മാതൃകയെ അനുകരിപ്പാനുള്ള ഒരു ദുശ്ചാച്ചിലാണു നിനക്കുള്ളതു്. അവരുടെ സന്മാതൃകയെ അനുകരിക്കയില്ലാതാനും. എവിടെയും പാപസാഹചര്യങ്ങളെ വിട്ടൊഴിയണം.

## ധ്യാനം 323

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തിനാലാം ഞായർ

### സമറിയാക്കാർ യേശുതമ്പുരാനു് പ്രവേശനം നിരോധിക്കുന്നു.

"തൻെറ ആരോഹണദിവസം പൂർത്തിയായപ്പോൾ യരുശലേമിലേയ്ക്കു പോകുവാൻ യേശു മുഖം തിരിച്ചു." (ലൂക്ക. 9:5) അവിടെ തന്നെ പ്രതീക്ഷിക്കുന്ന പീഡകളെ മുൻകൂട്ടി കണ്ടുകൊണ്ടുതന്നെയാണ് യേശു അവിടോട്ടു് യാത്രയാകുന്നതു്. മന്ദഭക്തർ പീഡകളിൽനിന്നു് ഒളിച്ചോടുന്നു. വിശ്വസ്തരായ ആത്മാക്കൾ ദൈവമഹത്വത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ അവയെ ആലിംഗനം ചെയ്യുന്നു. ഈശോയുടെ മാതൃക നമുക്കു പ്രചോദനം നല്കട്ടെ. "ഈശോ തനിക്കു മുമ്പേ തൻെറ ദൂതന്മാരെ അയച്ചു. അവിടുത്തേയ്ക്കു് വേണ്ടതെല്ലാം സജ്ജമാക്കുവാൻ അവർ സമറിയാക്കാരുടെ ഒരു ഗ്രാമത്തിലേയ്ക്കു പോയി. അവിടുത്തെ ഉദ്ദേശം യരുശലേമിലേയ്ക്കു് പോകുകയെന്നതായിരുന്നതിനാൽ സമറിയാക്കാർ അവിടുത്തെ സ്വീകരിച്ചില്ല." (ലൂക്കാ. 9:52,53) നിങ്ങൾ ലോകത്തിനുള്ളവരെങ്കിൽ ലോകം നിങ്ങളെ സ്നേഹിക്കും, അഭിനന്ദിക്കും. യേശുക്രിസ്തുവിനെ നിങ്ങൾ അനുകരിക്കുന്നെങ്കിലോ, ലോകം നിങ്ങളെ ദ്വേഷിക്കും. അതിൽ അതിശയിപ്പാനില്ല. കാരണം നിങ്ങൾക്കുമുമ്പു് അതു് അവിടുത്തെ ദ്വേഷിച്ചിട്ടുണ്ടു്. കുരിശു വഹിച്ചുകൊണ്ടു് അവിടുന്നു് നിങ്ങൾക്കു മുമ്പേ പോകുന്നു. ആശ്വാസത്തിൽ അവിടുത്തോടുകൂടി പങ്കു ലഭിക്കണമെങ്കിൽ ക്രൂശിലും പങ്കുണ്ടാകണം. ശിഷ്യരായ യാക്കോബും യോഹന്നാനും പറയുന്നു "ഗുരുവേ ആകാശത്തുനിന്നു് അഗ്നിയിറങ്ങി അവരെ നശിപ്പിക്കുന്നതിനു് ഞങ്ങൾ ആവശ്യപ്പെടുന്നതു് അവിടുത്തേയ്ക്കു് ഇഷ്ടപ്പെടുമോ? യേശു അവരെ ശാസിച്ചുകൊണ്ടു് അരുൾച്ചെയ്തു. നിങ്ങൾ 'ഏതാത്മാവുള്ളവരെന്നു് അറിയുന്നില്ല. മനുഷ്യപുത്രൻ മനുഷ്യരെ നശിപ്പിക്കാനല്ല, പിന്നയോ രക്ഷിക്കുവാനാണു് വന്നിരിക്കുന്നതു്.'" (ലൂക്കാ. 9:54-56) വി. പൗലോസു് പറയുന്നു. 'പാപികളെ രക്ഷിപ്പാനായ് യേശു ലോകത്തിലേയ്ക്കു വന്നു. അവരിൽ പ്രധാനി ഞാനാകുന്നു." (തീമോ.

www.malankaralibrary.com

1:15) സമറിയാക്കാരോട്ട് യേശു രോഷം കാണിക്കുന്നില്ല. അയല്ക്കാരൻെറ ആത്മരക്ഷ നീ ആഗ്രഹിക്കുന്നെങ്കിൽ യേശുവിനെപ്പോലെ കുഞ്ഞാടിൻെറ സൗമ്യത കാണിക്കണം.

## ധ്യാനം 324

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തിനാലാം വാരം–തിങ്കളാഴ്ച

### യേശു പത്തു കുഷ്ടരോഗികളെ സുഖപ്പെടുത്തുന്നു

"യേശു മറുപടിയായി അരുൾച്ചെയ്തു. 10 പേരല്ലെ ശുദ്ധരായതു്? 9 പേരെവിടെ" (ലൂക്കാ. 17:17) ദൈവാരാധനയിൽ അടങ്ങിയിരിക്കുന്ന പ്രധാന പുണ്യമാണ് നന്ദിപ്രകടനം. പരമോപകാരിയായ, ദൈവത്തെ, എല്ലാററിനുംവേണ്ടി സ്തോത്രം ചെയ്യുന്നതു് നീതിയാകുന്നു. താൻ ശുദ്ധനായിരിക്കുന്നു എന്നു കണ്ടപ്പോൾ സമറിയാക്കാരനായ കുഷ്ഠരോഗി ഉന്നത ശബ്ദത്തിൽ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു് അവിടുത്തെ തൃപ്പാദത്തിൽ വീണു് നന്ദി പറഞ്ഞു" (ലൂക്കാ. 17:15,16) ശുദ്ധരാക്കപ്പെട്ടവരിൽ 9 പേരും നന്ദിഹീനരായിരുന്നു. നീ അവരെപ്പോലെയാകരുതു്. അവിടുന്നാണല്ലോ നിൻെറ അക്രമങ്ങളെല്ലാം കഴുകി വെടിപ്പാക്കുന്നതു്. നിൻെറ കൃതജ്ഞത പൂർണ്ണമായി തീരുവാൻ അവിടുത്തെ ഉപകാരങ്ങളെ മതിക്കുകയും, അവിടുത്തെ സ്നേഹിക്കുകയും, സ്തോത്രങ്ങളാൽ അവിടുത്തെ കീർത്തിക്കുകയും വേണം. അതിരില്ലാത്തവണ്ണം സമ്പന്നനായ അവിടുന്നു് ഈ പ്രത്യുപകാരം മാത്രം നിന്നിൽനിന്നു് ആവശ്യപ്പെടുന്നു. "മൗനവും വിസ്മൃതിയും ഉപകാരങ്ങളുടെ ശവക്കുഴിയാകുന്നു. നിനക്കു ലഭിക്കുന്ന നന്മകളെ ദൈവമഹത്വത്തിനും അയല്ക്കാരൻെറ പ്രയോജനത്തിനുമായി വിനിയോഗിക്കണം.

## ധ്യാനം 325

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തിനാലാം വാരം–ചൊവ്വാഴ്ച

### കൂടാരപ്പെരുന്നാളിൽ ഈശോ പ്രസംഗിക്കുന്നു

പെരുന്നാളിൻെറ മദ്ധ്യത്തിൽ യേശു പ്രസംഗിക്കുന്നതു കേട്ടു് ജനം വിസ്മയിച്ചു പറഞ്ഞു. ഒരിക്കലും പഠിച്ചിട്ടില്ലാത്ത ഇവനു് വിദ്യ എങ്ങിനെ ലഭിച്ചു? യേശു അവരോടു് അരുളിച്ചെയ്തു. "എൻെറ ഉപദേശം എൻേറതല്ല. എന്നെ അയച്ചവൻേറതത്രേ." (യോഹ. 7:14–16) മനുഷ്യാവതാരംചെയ്ത വചനത്തിൻെറ ശബ്ദത്താൽ ദൈവം നിങ്ങ

www.malankaralibrary.com

ളോട് സംസാരിക്കുന്നു. സംസാരിക്കുന്നതു് ഞാനല്ല പിന്നയോ ദൈവത്തിന്റെ ആത്മാവു് എന്നിൽകൂടെ സംസാരിക്കുന്നു എന്നു് നിങ്ങൾക്കു പറയുവാൻ കഴിഞ്ഞിരുന്നെങ്കിൽ!

"അവന്റെ ഇഷ്ടം നിർവ്വഹിക്കുന്നവൻ എന്റെ വചനം ദൈവത്തിൽനിന്നുള്ളതോ ഞാൻ തനിച്ചു സംസാരിക്കുന്നതോ എന്നറിയും. തന്നെക്കുറിച്ചു തന്നെ സംസാരിക്കുന്നവൻ സ്വന്തമഹിമ അന്വേഷിക്കുന്നവനാകുന്നു. തന്നെ അയച്ചവന്റെ മഹിമ അന്വേഷിക്കുന്നവൻ സത്യവാനാകുന്നു. അവനിൽ അനീതി ഒട്ടുമില്ല." (യോഹ. 7:17,18) തന്റെ ഇഷ്ടം നിർവ്വഹിക്കുന്നവർക്കു് ദൈവം നിത്യസത്യങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുന്നു. മായാസ്തുതി അന്വേഷിക്കുന്നവർക്കു് സത്യം ഗ്രഹിക്കുവാൻ കഴിയുകയില്ല. യേശു യഹൂദന്മാരെ കുററപ്പെടുത്തിപ്പറയുന്നു "മോശ നിങ്ങൾക്കു ന്യായപ്രമാണം തന്നുവെങ്കിലും നിങ്ങൾ അതുപാലിക്കുന്നില്ല." (യോഹ. 7:14) പുണ്യത്തിൽ നിങ്ങളെ ശക്തിപ്പെടുത്തുന്നതിനു് പരിശുദ്ധാത്രുപി സ്നേഹത്തിന്റെ ആന്തരികപ്രമാണം നിങ്ങൾക്കു നല്കി. നിങ്ങളോ ആ പ്രമാണങ്ങൾ ലംഘിച്ചു ജീവിക്കുന്നു. "ഒരുവൻ ശാബതിൽ ചേലാകർമ്മം സ്വീകരിച്ചാൽ അതു ന്യായപ്രമാണലംഘനമാകുന്നില്ല. ഒരു മനുഷ്യനെ മുഴുവനായി ശാബത്തിൽ സുഖപ്പെടുത്തിയതിനെപ്പററി നിങ്ങൾ എന്നെ കുററപ്പെടുത്തുന്നതെന്തു്? പുറമെ കാണുന്ന പ്രകാരം വിധിക്കരുതു്, ന്യായമായി വിധിക്കുവിൻ." (യോഹ. 7:23,24) മനുഷ്യസ്തുതിയെയും വിധിയെയും ഒരുപോലെ നിരസിക്കുവാൻ പഠിക്കുക.

## ധ്യാനം 326

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തിനാലാം വാരം—ബുധനാഴ്ച

### ഈശോയുടെ ഉപദേശം തുടർച്ച

"യേശു അവരോടു് അരുളിച്ചെയ്തു "ഇനി അല്പനേരത്തേയ്ക്കു് ഞാൻ നിങ്ങളോടുകൂടെയുണ്ടു്. പിന്നീടു് എന്നെ അയച്ചവന്റെ അടുക്കലേയ്ക്കു് ഞാൻ പോകും." (യോഹ.7:33) സമയം അല്പമേ ഉള്ളുവെങ്കിലും പ്രായശ്ചിത്തം ചെയ്യുന്നതിനും രക്ഷയ്ക്കായി അദ്ധ്വാനിക്കുന്നതിനും ദീർഘസമയം ഉണ്ടെന്നു് നീ വിചാരിക്കുന്നു. സീമാതീതമാംവണ്ണം വിലയുള്ള സമയത്തെ ദുർവിനിയോഗം ചെയ്യരുതു്. കിട്ടിയിട്ടുള്ള സമയം ദൈവകോപത്തെ ശമിപ്പിക്കുന്നതിനും കാരുണ്യം പ്രാപിക്കുന്നതിനുംവേണ്ടി വിനിയോഗിക്കുക.

"നിങ്ങൾ എന്നെ അന്വേഷിക്കും എന്നാൽ കണ്ടെത്തുകയില്ല." (യോഹ. 7:34) കണ്ടെത്താവുന്ന സമയത്തു് കർത്താവിനെ അന്വേഷിക്കുക. അടുത്തുള്ളപ്പോൾ അവനെ വിളിച്ചപേക്ഷിക്കുക" (യോഹ. 4:6)

www.malankaralibrary.com

"താമസമന്യേ നിങ്ങൾ അവനെ അന്വേഷിക്കണം. എന്തെന്നാൽ സമയം ചുരുക്കമാണ്" (1 കോറി. 7:29) വി. അഗസ്റ്റീനോസിനെപ്പോലെ നീയും പറയുക "ഓ, നിത്യസത്യമെ, വളരെ താമസിച്ചു മാത്രമാണ് ഞാൻ നിന്നെ സ്നേഹിച്ചത്." കണക്കു കൊടുപ്പാനായി നീ വിളിക്കപ്പെടുന്ന സമയം അടുത്തിരിക്കയാൽ ഉടനെതന്നെ അവിടുത്തെ അന്വേഷിക്കുക. "ഞാൻ ആയിരിക്കുന്ന സ്ഥലത്തേയ്ക്കു വരുവാൻ നിങ്ങൾക്കു കഴിയുകയില്ല." (യോഹ. 7:34) ദൈവകല്പനകളെ ലംഘിച്ചുകൊണ്ടും തിരുവിഷ്ടത്തോട് മത്സരിച്ചുകൊണ്ടും സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ നിനക്കു സാദ്ധ്യമല്ല. അവിടെ എത്തിയില്ലെങ്കിൽ നിന്റെ അന്ത്യം എന്താകും? "പിതാവേ ഞാൻ ആയിരിക്കുന്ന സ്ഥലത്ത് നീ എനിക്കു തന്നിട്ടുള്ളവരും ആയിരിക്കേണ്ടതിന് ഞാൻ ആഗ്രഹിക്കുന്നു." എന്നുള്ള ദിവ്യരക്ഷന്റെ പ്രാർത്ഥനയിൽനിന്ന് നിന്നെയും മാററി നിർത്തരുതെ എന്ന അപേക്ഷിക്കുക.

## ധ്യാനം 327

### പെന്തിക്കോസ്തിക്കു ശേഷമുള്ള
### ഇരുപത്തിനാലാം വാരം—വ്യാഴാഴ്ച

## ഈശോ പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നു

"പെരുന്നാളിന്റെ അവസാനത്തേതായ വലിയ ദിവസത്തിൽ യേശു നിന്നുകൊണ്ട് ഉച്ചത്തിൽ പറഞ്ഞു. "ആക്കെങ്കിലും ദാഹിക്കുന്നെങ്കിൽ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ" (യോഹ. 7:37) ലോകായിതർ അത്യാർത്തിയോടെ ദാഹിക്കുന്നത് വ്യർത്ഥവും നശിച്ചുപോകുന്നതുമായ സന്തോഷങ്ങൾക്കു വേണ്ടിയാകുന്നു. ആത്മാവിന്റെ സന്തോഷങ്ങളെ രുചിച്ചിട്ടുള്ളവർ ഇന്ദ്രിയസന്തോഷങ്ങളെ വെറുക്കുന്നു. "ദൈവത്തോട് പററിച്ചേരുന്നത് എനിക്ക് നല്ലതാകുന്നു." എന്നു പറഞ്ഞുകൊണ്ട് ദൈവത്തെ കണ്ടെത്തുന്ന ആത്മാവ്, സൃഷ്ടവസ്തുക്കളെല്ലാം പരിത്യജിക്കുകയും ചെയ്യും. സകല നന്മയുടെ ഉറവിടമായ ദൈവത്തോട് അവൻ ഐക്യപ്പെട്ടിരിക്കുന്നു. ഈശോയുടെ ആത്മാവ് ആദ്ധ്യാത്മിക കാര്യങ്ങളെക്കുറിച്ച് ഒരു ദാഹം നമ്മിൽ ജ്വലിപ്പിക്കുന്നു. നിനക്കു അനുഗ്രഹം പ്രാപിക്കുന്നതിനുള്ളതിനേക്കാൾ കൂടുതൽ സന്തോഷമാണ്, അവ നിനക്ക് തരുന്നതിന് അവിടുത്തേയ്ക്കുള്ളത്. "ദാഹാർത്തരെ വെള്ളത്തിങ്കലേയ്ക്കു വരുവിൻ, നിർദ്ധനരെ വേഗം വന്നു വാങ്ങി ഭക്ഷിക്കുവിൻ. പണം കൊടുക്കാതെ വിലയൊന്നും കൂടാതെ വീഞ്ഞും പാലും നിങ്ങൾ കുടിച്ചുകൊള്ളുവിൻ" (യേശാ. 55:1) സ്നേഹത്തിന്റെ ശ്ലീഹാ പറയുന്നു. ആത്മാവും മണവാട്ടിയും പറയുന്നു, 'വരിക' എന്ന്. കേൾവിക്കാരനും പറയട്ടെ 'വരിക' എന്ന്. മനസ്സുള്ളവൻ ജീവജലം സൗജന്യമായി കുടിക്കട്ടെ. (വെളി. 22:17) തന്നെതന്നെ നിനക്കു പകർന്നു തരുവാനുള്ള ഈശോയുടെ ആഗ്രഹം എത്ര വലുത്!

www.malankaralibrary.com

"എന്നിൽ വസിക്കുന്നവന്റെ ഉദരത്തിൽനിന്നു് ജീവവെള്ളത്തിന്റെ ഉറവ പൊട്ടിപുറപ്പെട്ടും." (യോഹ. 7:38) നിന്റെ ദുശ്ചാച്ചില്യക ളെ ജയിച്ചടക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ ഈശോയിൽ കൃപയുടെ ഉറവ നീ കണ്ടെത്തും. ആത്മാക്കളെകുറിച്ചുള്ള ദാഹത്താൽ എരിയുന്ന പക്ഷം എത്ര ഇരുണ്ട ബുദ്ധിയെയും അവിടുന്നു് പ്രകാശിപ്പിക്കും. എ ത്ര തണുത്ത ഹൃദയത്തെയും ചൂട്ട പിടിപ്പിക്കും. എന്റെ കർത്താവേ, നിന്റെ കരുണയെ എന്റെ ഹൃദയവാഞ്ചക്കു് അനുകൂലമാക്കി തീ ക്കേണമെ.

## ധ്യാനം 328

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്തൊന്നാം വാരം–ചൊവ്വാഴ്ച

### ഈശോ തന്നെതന്നെ ലോകത്തിന്റെ വെളിച്ചമായി പ്രസ്താവിക്കുന്നു.

ഈശോ അവരോടു് സംസാരിച്ചു പറഞ്ഞു. "ഞാൻ ലോക ത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുട്ടിൽ നട ക്കുന്നില്ല. പിന്നെയോ ജീവന്റെ വെളിച്ചം അവനുണ്ടായിരിക്കും." (യോഹ. 8:12) ദുഷ്ടന്മാക്കു് അവരുടെ ദുരവസ്ഥ വെളിപ്പെടുത്തികൊ ടുക്കുവാൻ ഈശോ തന്റെ കൃപയുടെ പ്രകാശം അവരുടെ മേൽ ഉദിപ്പി ക്കുന്നു. വികാരങ്ങൾ മനുഷ്യഹൃദയങ്ങളിൽ വരുത്തിവെക്കുന്ന പാടു് മായിച്ചുകളയുവാൻ അനുതാപികളുടെ മേൽ അവിടുത്തെ പ്രകാശം പ തിക്കുന്നു. അങ്ങയുടെ ദൈവീക പൂർണ്ണതകളെകുറിച്ചു് ശരിയായ അ റിവും സ്നേഹവും പ്രദാനം ചെയ്യുന്നതിനു് നീതിമാന്മാരുടെ മേലും അ ങ്ങയുടെ വെളിച്ചം ചിന്തുന്നു. സമൃദ്ധമായ പ്രകാശം അങ്ങയുടെ ദൈ വീകജ്ഞാന കതിരുകളുടെ ചിന്തൽകൊണ്ടു് മനുഷ്യഹൃദയങ്ങളിൽ ഉയരുമ്പോൾ കൃപയുടെ പ്രഭാതം ഉദിക്കുന്നു. "ഓ ഈശോയെ അങ്ങ യുടെ ആന്തരീക വെളിച്ചംകൊണ്ടു് എന്നെ പ്രകാശിപ്പിക്കയും എന്റെ ഹൃദയാന്ധകാരത്തെ നീക്കിക്കളയുകയും ചെയ്യേണമെ." 'അന്ധകാര ത്തിൽ മറഞ്ഞിരിക്കുന്ന വസ്തുക്കളെ വെളിച്ചത്തു കൊണ്ടുവരികയും ഹൃ ദയവികാരങ്ങളെ വെളിപ്പെടുത്തുകയും ചെയ്യുന്ന അവസാനനാളിൽ ഈശോയുടെ നീതിയുടെ പ്രകാശധോരണി അവിടുന്നു് പ്രസരിപ്പിക്കും (1കോറി. 4:5) പ്രത്യേക ന്യായവിധിദിവസത്തിൽ തന്റെ ദുഷ്പ്രവ ത്തികളുടെ കാഴ്ചയിൽനിന്നു് മുഖം തിരിച്ചു കളയുവാൻ പാപി ശ്രമി ക്കും. പക്ഷേ അതു നിഷ്ഫലമാണു്. ദൈവീകനീതി അവനെകൊണ്ടു തന്നെ അവന്റെ ന്യായവിധി പ്രഖ്യാപിപ്പിക്കും. സമയം ഉള്ള പ്പോൾ പാപക്കറ മുഴുവൻ പശ്ചാത്താപത്താൽ കഴുകിക്കളയുക. "എ ന്നെ അനുഗമിക്കുന്നവൻ പാപത്തെ ബഹിഷ്കരിക്കുന്ന കൃപാവെളിച്ചം അനുഭവിക്കും." ജീവന്റെ വെളിച്ചമാകുന്ന മഹത്വവെളിച്ചം അ

www.malankaralibrary.com

വനുണ്ടാകും. കൃപാവെളിച്ചം ദൈവം എല്ലാവർക്കും നല്കുമെങ്കിലും മഹത്വവെളിച്ചം പാപത്തിനു മരിച്ചവർക്കും, ദൈവമഹത്വത്തിനും സേവനത്തിനുമായി ജീവിക്കുന്നവർക്കും മാത്രമുള്ളതാകുന്നു. അതിനു നീയും അർഹനാകട്ടെ.

## ധ്യാനം 329

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്തിനാലാം വാരം—ബുധനാഴ്ച

### അവർ അവരുടെ പാപങ്ങളിൽ മരിക്കും ഈശോ യഹൂദന്മാർക്ക് മുന്നറിവ് നൽകുന്നു.

യേശു വീണ്ടും അരുൾച്ചെയ്തു. "ഞാൻ പോകുന്നു. നിങ്ങൾ എന്നെ അന്വേഷിക്കും. നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും" (യോഹ. 8:21) മരണം പ്രകൃതിയുടെ നാശവും പാപം കൃപയുടെ നാശവുമാകുന്നു. പാപത്തിൽ മരിക്കുക എന്നതു് അപരിഹാര്യമായ ദുരവസ്ഥയാകുന്നു. മരണസാഹചര്യം മരണത്തെ നന്മയോ തിന്മയോ ആക്കിതീർക്കുന്നു. നീതിമാന്റെ മരണം ഭാഗ്യകരവും പാപിയുടേതു് ദുരിതത്തിന്റെ പൂർത്തീകരണവുമാകുന്നു. പാപത്തിൽ മരിക്കുന്നതിന്റെ സാധാരണ കാരണം ദൈവകൃപയോടു് മത്സരിക്കുന്നതും അവിടുത്തെ മുന്നറിയിപ്പുകളെ അവഗണിക്കുന്നതുമാകുന്നു. യഹൂദന്മാരോടുള്ള കർത്താവിന്റെ വർത്തന ഇതിനു ദൃഷ്ടാന്തമാണു്. സ്നേഹവും പ്രത്യാശയുംവഴി അവരുടെ മൂർഖസ്വഭാവത്തെ മയപ്പെടുത്തുവാൻ ഈശോ പണിപ്പെട്ടെങ്കിലും അവർ അവരുടെ ഹൃദയത്തെ കഠിനപ്പെടുത്തുകയാണുണ്ടായതു്. ഈ ജീവിതത്തിൽ ദൈവവഴി ഉപേക്ഷിക്കുന്നവൻ മരണസമയത്തു് ദൈവനീതിക്കു് ഉപേക്ഷിക്കപ്പെടും. ഇത്തരമൊരു ദുരവസ്ഥ ഉണ്ടാകാതിരിപ്പാൻവേണ്ടി കൃപയുടെ നിശ്വാസത്തെ നിന്ദിക്കുന്ന എല്ലാവരിൽനിന്നും ഒഴിഞ്ഞു മാറുക. ഒരിക്കലും സുകൃതങ്ങളും പ്രാർത്ഥനകളും ഉപേക്ഷിക്കരുതു്. ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ വിനാവിളംബം അവയിലേക്കു് പിന്തിരിയുക. തന്നിൽനിന്നു് സ്വമനസാ ഓടിപ്പോകുന്നവരെയല്ലാതെ മററാരെയും ദൈവം ഉപേക്ഷിക്കുകയില്ല. നല്ലപിതാവായ ദൈവത്തിങ്കലേയ്ക്കു് പിന്തിരിയുക. കണ്ടാലും ഞങ്ങൾ നിന്റെ അടുക്കലേക്കു് വരുന്നു. എന്തെന്നാൽ നീ ഞങ്ങളുടെ കർത്താവും ദൈവവുമാകുന്നു. (യറമി. 3:22)

## ധ്യാനം 330

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്തഞ്ചാം ഞായറാഴ്ച

### യേശു പിറവിക്കുരുടനെ സുഖപ്പെടുത്തുന്നു

"യേശു കടന്നു പോകവെ ജന്മനാൽ തന്നെ കുരുടനായ ഒരു മനുഷ്യനെ കണ്ടു." (യോഹ. 9:11) എല്ലാവരും പാപത്തിൽ ജനി

www.malankaralibrary.com

ക്കുന്നതുകൊണ്ട് പിറവിക്കുരുടന്മാരാകുന്നു. ഈ പാപം വിനാശകരമായ ഒരു അന്ധകാരത്തിൽ ആത്മാവിനെ താഴ്ത്തുകയും തെററും അബദ്ധവുംകൊണ്ട് അതിനെ നിറയ്ക്കുകയും ചെയ്യുന്നു. ജീവിതം പുരോഗമിക്കുന്നതോടെ അതും വളരുന്നു. ആദ്ധ്യാത്മികജീവൻെറ സൂര്യനായ കൃപയെ നിഷ്കാസനം ചെയ്യുകയും പരിശുദ്ധാത്മപ്രകാശം കൈക്കൊള്ളാൻ അതിനെ അപ്രാപ്തമാക്കുകയും ചെയ്യുന്നതുകൊണ്ട് പാപം ഇരുട്ടിൻെറ കൂട്ടുകാരനാകുന്നു. സ്നേഹം ഹൃദയത്തിൻെറ പ്രകാശവും വിശ്വാസം ബുദ്ധിയുടെ പ്രകാശവുമാകുന്നു. വിശ്വാസത്തെ ദൈവപുത്രൻ ആത്മാവിൽ ചിന്തുന്നു. ഏററം നിഗൂഢമായ ജ്ഞാനത്തെയും ഗ്രഹിപ്പാൻ തക്കവണ്ണം ഗ്രഹണശക്തി എന്ന ദാനത്തെയും ദൈവീക കാര്യങ്ങളെപ്പററിയുള്ള പരിജ്ഞാനത്തിലേയ്ക്കു് ആത്മാവിനെ ഉയർത്തുന്ന ബോധജ്ഞാനം എന്ന ദാനത്തെയും, സത്യപന്ഥാവിലേക്ക് നയിക്കുന്ന അറിവ് എന്ന ദാനത്തെയും എല്ലാ പ്രയാസങ്ങളിലും ആത്മാവിനെ ഭദ്രമായി നടത്തുന്ന ആലോചന എന്ന ദാനത്തെയും അവിടുന്ന് ആത്മാവിൽ പ്രവേശിപ്പിക്കുന്നു. ഈ ദാനങ്ങളാൽ സമ്പന്നമാക്കപ്പെടുന്ന മനസ്സ് അബദ്ധധാരണകളാൻ വഞ്ചിക്കപ്പെടുകയില്ല. “മനുഷ്യഹൃദയത്തിൻെറ ഇരുട്ടറയിലേക്ക് കടന്നുചെല്ലുന്ന അദൃശ്യപ്രകാശമെ നിൻെറ വെളിച്ചം എൻെറ മേൽ ഉദിപ്പിക്കുകയും നിത്യജീവനാകുന്ന അങ്ങയെ ദർശിക്കുന്നതിനു് എനിക്കു ഇടയാക്കുകയും ചെയ്യേണമേ.” യേശു സുഖപ്പെടുത്തിയ പിറവിക്കുരുടനെ മുമ്പ് കണ്ടിട്ടുള്ളവർക്കു തിരിച്ചറിയുവാൻ പാടില്ലാത്തവണ്ണം അത്ര വലിയ വ്യതിയാനമാണ് അതു് അവനിൽ വരുത്തിയതു്. അവൻെറ ആശയങ്ങളും പക്ഷങ്ങളും സംഭാഷണവുമെല്ലാം രൂപാന്തരപ്പെട്ടു. അവനെപ്പോലെ നമുക്കും പറയാം. “ഒന്നു ഞാനറിയുന്നു; ഞാൻ കുരുടനായിരുന്നു, എന്നാൽ ഇപ്പോൾ കാണുന്നു. (യോഹ. 9:15) ഭൂമിയിൽ നീതിമാന്മാരുടെ ആനന്ദം ക്രൂശിതനായ ഈശോയെ അറിയുന്നതാകുന്നു. സ്വർഗ്ഗത്തിൽ പുണ്യവാന്മാരുടെ ആനന്ദം മഹത്വം പ്രാപിച്ച ഈശോയെ ദർശിക്കുന്നതാകുന്നു.

## ധ്യാനം 331

## പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്തഞ്ചാം വാരം—തിങ്കളാഴ്ച

## ഈശോ പിറവിക്കുരുടനെ സുഖപ്പെടുത്തുന്നു (തുടച്ച്)

“അവർ അവനോടു് ചോദിക്കുന്നു. “നിൻെറ കണ്ണുകൾ എങ്ങനെ തുറക്കപ്പെട്ടു.” (യോഹ. 9:10) ദൈവം നല്കിയിട്ടുള്ള പ്രത്യേക അനുഗ്രഹങ്ങളാകുന്ന നിക്ഷേപത്തെ പുണ്യവാന്മാർ എപ്പോഴും രഹസ്യമായി കാത്തുകൊള്ളുന്നു. പരസ്യമായി കാണത്തക്കവണ്ണം നിക്ഷേപം കൊണ്ടുനടന്നാൽ അതു് മോഷ്ടിക്കപ്പെടുവാൻ ഇടയുണ്ടല്ലോ. അയല്ക്കാരൻെറ ആത്മസ്ഥിതിയെക്കുറിച്ചും അവർ അധികം സംസാരിക്കാറില്ല. കാരണം ദൈവത്തിൻെറ വ്യാപാരം ആദരം അർഹിക്കുന്ന

www.malankaralibrary.com

താണ്; വ്യർത്ഥജിജ്ഞാസയോടെ അന്വേഷിക്കേണ്ടതല്ല. ദൈവ മഹത്വത്തിനും അയല്ക്കാരന്റെ ആത്മീയനന്മയ്ക്കും ഉതകുമെന്ന് ബോദ്ധ്യമുള്ളപ്പോൾ മാത്രം തങ്ങൾക്കു് അനുഭവപ്പെടുന്ന ദിവ്യകരുണകളെ മററുള്ളവർക്ക് അവർ പകർന്നുകൊടുക്കും.

അവൻ മറുപടി പറഞ്ഞു "യേശു എന്നു പേരുള്ള മനുഷ്യൻ ചേറുണ്ടാക്കി എന്റെ കണ്ണുകളിൽ പുരട്ടി. (മക്കോ. 9:11) അഖിലാണ്ഡത്തിന്റെ നിർമ്മാതാവ്, അയല്ക്കാരന്റെ സേവനത്തിൽ താണ ജോലികൾ ചെയ്യാൻ മടിക്കുന്ന നിന്റെ അഹങ്കാരത്തെ ലജ്ജിപ്പിക്കാൻ, ഏതിൽനിന്നു മനുഷ്യൻ നിർമ്മിക്കപ്പെട്ടുവോ, ആ പൊടിമണ്ണ് കൈകാര്യം ചെയ്യുവാനും വിമുഖത കണിക്കുന്നില്ല. ഈശോയുടെ താഴ്മയെ അനുകരിക്കുക.

"അവർ അവനോടു് ചോദിക്കുന്നു, 'അവൻ എവിടെയാകുന്നു' അവൻ പറയുന്നു ഞാനറിയുന്നില്ല." (ജോൺ. 9:12) യേശു എവിടെയാകുന്നുവെന്നു ചോദിക്കുവാൻ യഹൂദരെ പ്രേരിപ്പിച്ചതു് വ്യർത്ഥജിജ്ഞാസയും വിദ്വേഷവുമാണ്. യേശുവിനെ അന്വേഷിപ്പാൻ നമ്മെ പ്രേരിപ്പിക്കേണ്ടതു് സ്നേഹവും ആഗ്രഹവുമായിരിക്കണം.

## ധ്യാനം 332

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്തഞ്ചാം വാരം–ചൊവ്വാഴ്ച

### ഈശോ പിറവിക്കുരുടനെ സുഖപ്പെടുത്തുന്നു. (തുടച്ച്)

അവർ അവനെ വീണ്ടും വരുത്തി അവനോട് പറയുന്നു. "ദൈവത്തെ മഹത്വപ്പെടുത്തുക ആ മനുഷ്യൻ പാപിയാകുന്നു എന്നു് ഞങ്ങളറിയുന്നു" (യോഹ. 9:24) ശത്രുക്കൾ അസൂയയാൽ ഉരുകിപ്പോകത്തക്കവിധം ഈശോയുടെ വ്യാപാരങ്ങൾ അത്ര വിസ്മയാവഹങ്ങളായിരുന്നു. തനിക്കെതിരായി പ്രയോഗിക്കാൻ അസത്യം മാത്രം കൈമുതലായുള്ളവർ പറയുകയാണ്, ശാബത് ആചരിക്കാത്ത ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനല്ല. (യോഹ. 9:16 നന്മയെ തിന്മയെന്നും, വെളിച്ചത്തെ അന്ധകാരമെന്നും, അന്ധകാരത്തെ വെളിച്ചമെന്നും, മാധുര്യത്തെ കയ്പെന്നും, കൈയ്പ്പിനെ മാധുര്യമെന്നും വിളിക്കുന്നവനു് ഹാ കഷ്ടം. (ഏശാ. 5:20) കുരുടൻ അവരോട് പറഞ്ഞു, "എന്റെ കണ്ണുകളെ തുറന്ന ഈ മനുഷ്യൻ എവിടെ നിന്നാകുന്നു എന്നു് നിങ്ങൾ അറിയാത്തതാണ് അത്ഭുതം." (യോ. 9:30) ക്രിസ്തീയാത്മാവേ, ദൈവം നിനക്കു നല്കിയിട്ടുള്ള നിരവധി അനുഗ്രഹങ്ങളെപ്പററി നീ എന്തു പറയുന്നു? നിന്റെ നന്ദിപ്രകടനം ഒരിക്കലും അവിടുത്തെ ഔദാര്യത്തോട് കിടപിടിക്കുകയില്ല. അവിടുത്തെ നന്മ എല്ലാ സ്തോത്രത്തെയും കവിയുന്നതാകുന്നു.

www.malankaralibrary.com

"അവർ അവനെ പുറത്താക്കിക്കളഞ്ഞു." (യോഹ. 9:34) "നീതി നിമിത്തം പീഡിപ്പിക്കപ്പെട്ടുന്നവർ ഭാഗ്യവാന്മാർ" (മത്താ. 5:10) പ്രീശർ അവരുടെ സംഘത്തിൽനിന്ന് പുറത്താക്കിക്കളഞ്ഞ തീക്ഷ്ണമതിയായ ഈ ശിഷ്യന് ഈശോ തിരുവിട്ടത്തെ മഹത്വരഹസ്യം വെളിപ്പെടുത്തികൊടുക്കുന്നു. അവിടുന്ന് അവനോട് ചോദിക്കുന്നു "നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ"? അവൻ ഉത്തരമായിപറഞ്ഞു. അവനിൽ ഞാൻ വിശ്വസിക്കേണ്ടതിന് അവൻ ആരാകുന്നു? ഈശോ അരുൾചെയ്യുന്നു "നീ അവനെ കണ്ടിട്ടുണ്ട്. നിന്നോട് സംസാരിക്കുന്നവൻ അവൻ തന്നെ" (യോഹ. 9:35-37) ഈ വാക്കു കേൾക്കുവാൻ അർഹതയുള്ളവൻ ഭാഗ്യവാൻ. ഈ ജീവിതത്തിൽ പ്രാർത്ഥനാ വെളിച്ചത്തിൽ കർത്താവിനെ നിനക്കു ദർശിക്കാം. വിശ്വസ്ഥനായി ജീവിച്ചാൽ ഈ ജീവിതാനന്തരം മഹത്വത്തിലും അവിടുത്തെ ദർശിക്കാം. "കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞുകൊണ്ട് കുരുടനായിരുന്നവൻ അവിടുത്തെ ആരാധിച്ചു." (യോഹ. 9:38)

## ധ്യാനം 333

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്തഞ്ചാംവാരം–ബുധനാഴ്ച

### കുററകരമാംവണ്ണം കുരുടരായി തീർന്നവരുടെ മേലുള്ള ദൈവത്തിൻെറ ന്യായവിധി.

"കാഴ്ചയില്ലാത്തവർ കാണേണ്ടതിനും കാണുന്നവർ അന്ധരായി തീരേണ്ടതിനും ന്യായവിധിക്കായ് ഈ ലോകത്തിലേയ്ക്കു് ഞാൻ വന്നിരിക്കുന്നു." (യോഹ. 9:39) നീതിസൂര്യനായ ദൈവപുത്രൻ തൻെറ പ്രകാശകിരണങ്ങൾ നിൻെറ മേൽ ചൊരിയുവാൻ ആശയോടിരിക്കുന്നു. അവിടുത്തെ കൃപാവ്യാപാരത്തെ നീ തടസ്സപ്പെടുത്തുകയോ, സ്വശക്തിയിൽ ആശ്രയിച്ച് ദുരുപയോഗപ്പെടുത്തുകയോ ചെയ്താൽ അവിടുന്ന് നിന്നെ അന്ധകാരത്തിൽ വിട്ടുകളയും. നിൻെറ പാപത്തിനു ശിക്ഷയായും അവിടുത്തെ മുഖപ്രകാശം നിന്നിൽനിന്ന് തിരിച്ചു കളഞ്ഞേക്കും.

"രക്ഷപ്രാപിപ്പാനുള്ള സത്യത്തെ അവർ വിശ്വസിക്കായ്കകൊണ്ട്, അസത്യത്തെ വിശ്വസിക്കേണ്ടതിന്, അബദ്ധ പ്രേരണകളെ അവൻ അവർക്കായി അയച്ചുകൊടുക്കും. (2 തെസ്സ. 2:10) അശുദ്ധാത്മാവ് മനോരാജ്യത്തിലേയ്ക്കു് കടന്ന്, അവൻെറ അന്ധകാരരാജ്യത്തെ വിസ്തൃതമാക്കും. വികാരങ്ങളെ ഇളക്കി ബുദ്ധിയെ വികലപ്പെടുത്തിക്കൊണ്ട്, ഇന്ദ്രിയമോഹത്തിലേക്ക് അവൻ കടക്കും. തദനന്തരം ധനം, സന്തോഷം, ബഹുമാനം മുതലായവയെപ്പററിയുള്ള അബദ്ധധാരണകളാൽ അവനെ വഞ്ചിച്ച് ബാഹ്യേന്ദ്രിയങ്ങളെയും അവൻ സ്വന്തമാക്കുകയും പരിശുദ്ധാത്മാവിൻെറ പ്രകാശദ്വാരങ്ങളെ അടയ്ക്കുകയും ചെയ്യും. അങ്ങനെയെങ്കിൽ ഞങ്ങളും കുരുടന്മാരാണോ എന്ന്

www.malankaralibrary.com

ചോദിച്ച പ്രീശരോട് ഈശോ അരുളിച്ചെയ്തു. "കുരുടന്മാരായിരുന്നെങ്കിൽ നിങ്ങൾ പാപമില്ലാത്തവരായിരുന്നേനെ. എന്നാൽ, 'ഞങ്ങൾക്ക് കാഴ്ചയുണ്ട്" എന്നു നിങ്ങൾ പറയുന്നതു നിമിത്തം നിങ്ങളുടെ പാപം നിലനില്ക്കുന്നു." (യോഹ. 9:41) മനുഷ്യൻ തന്നെയാണ് അവൻെറ കുരുടത്വത്തിൻെറ കാരണക്കാരൻ. അവൻെറ സമ്മതത്തോടുകൂടെയല്ലാതെ ശത്രുവിനു് അവനെ ഉപദ്രവിക്കുവാൻ കഴിയുകയില്ല. ഐശ്വര്യം അവൻെറ കണ്ണിനെ മഞ്ചിക്കുന്നു. മായാഭ്രമം ബുദ്ധിയെ അന്ധതപ്പെടുത്തുന്നു. മാനുഷീക വിവേകം വിധിയെ ദുഷിപ്പിക്കുകയും ചെയ്യുന്നു. ഓ! നിത്യപ്രകാശമെ, എന്നെതന്നെയും നിന്നെയും അറിയുവാൻവേണ്ടി എൻെറ ഹൃദയാന്ധകാരത്തെ ദൂരീകരിക്കേണമെ.

## ധ്യാനം 334

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തഞ്ചാം വാരം—വ്യാഴാഴ്ച

### യേശു 72 അറിയിപ്പുകാരെ തിരഞ്ഞെടുക്കുന്നു.

"ഇവയ്ക്കു് ശേഷം യേശു വേറെ 72 പേരെ തിരഞ്ഞെടുത്തു് താൻ പോകുവാനിരുന്ന പട്ടണത്തിലേയ്ക്കും ഗ്രാമങ്ങളിലേയ്ക്കും ഈരണ്ടു പേരായി തനിയ്ക്കുമുമ്പേ അയച്ചു. അവിടുന്നു് അവരോടു് അരുളിചെയ്തു. 'കൊയ്ത്തു വളരെ, വേലക്കാരോ ചുരുക്കം' ആകയാൽ കൊയ്ത്തിൻെറ യജമാനനോടു് തൻെറ കൊയ്ത്തിലേയ്ക്കു് വേലക്കാരെ അയയ്ക്കാൻ പ്രാർത്ഥിപ്പിൻ." (ലൂക്കാ. 10:1,2) തൻെറ കൊയ്ത്തിനു് ആവശ്യമുള്ളതു് അദ്ധ്വാനശീലരായ വേലക്കാരെയാണ്. അലസന്മാരെയല്ല. അവർ തൻ്റെ കൃപാസഹായത്താൽ പ്രവർത്തിക്കണമെന്നും എതു സാഹചര്യത്തിലും തൻ്റെ ഇഷ്ടത്തിനു വിധേയരായിരിക്കണമെന്നും അവിടുന്നു ആവശ്യപ്പെടുന്നു. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. നിങ്ങളെ നിന്ദിക്കുന്നവൻ എന്നെ നിന്ദിക്കുന്നു. എന്നെ നിന്ദിക്കുന്നവൻ എന്നെ അയച്ചവനെ നിന്ദിക്കുന്നു." (ലൂക്കാ. 10:16) യേശുവിൻെറപ്രതിനിധികളുടെ നേരെ നിനക്കു് എത്ര ബഹുമാനമുണ്ടായിരിക്കണം. "ക്രിസ്തുവിനുവേണ്ടി ഞങ്ങൾ പ്രതിനിധികളാകുന്നു. ദൈവം ഞങ്ങൾവഴി ഉപദേശിക്കുന്നു. (2 കോറി. 5:20) അവരിൽ ദൈവത്തെ കാണണം. "ഭയത്തോടും വിറയലോടും നിൻെറ രക്ഷയെ നിവർത്തിക്കുക." (ഫിലി. 2:12)

'നാഥാ പിശാചുക്കൾപോലും നിൻെറ നാമത്തിൽ ഞങ്ങൾക്കു കീഴ്പ്പെടുന്നു എന്നു പറഞ്ഞുകൊണ്ടു് അവർ മടങ്ങിവന്നു.' (ലൂക്കാ. 10:17) വിജയപൂർവ്വം ജോലിചെയ്തശേഷം കണക്കു ബോധിപ്പിക്കുന്നതിനും മഹത്വം മുഴുവൻ അവിടുത്തേക്കു് നല്കുന്നതിനുമായി അവർ അവിടുത്തെ അടുക്കൽ വന്നു. കർമ്മോദ്യുക്തജോലികളുടെ നിർവ്വഹണത്തിനായി ആദ്ധ്യാത്മിക കൃത്യങ്ങളിൽനിന്നു് ചിലപ്പോൾ അകന്നു് പോയാലും ദൈവഐക്യത്തിനായുള്ള ധ്യാനപരജീവിതത്തിലേയ്ക്കു് കൂടെകൂടെ പിന്തിരിയണം. ശിഷ്യന്മാരുടെ സന്തോഷം രഹസ്യമായ

www.malankaralibrary.com

നിഗളത്തിൻെറയും ആത്മാഭിമാനത്തിൻേറയും ഫലമായിരുന്നു. വ്യത്മാഭിമാനം നമ്മുടെ പ്രയത്നങ്ങളിൽ കടന്നുകൂടുന്നപക്ഷം ദൈവം തൻെറ കൃപയെ നമ്മിൽനിന്നു് പിൻവലിക്കയും നമ്മുടെ സ്വാഭാവിക ബലഹീനതയ്ക്കു് നമ്മെ കൈവിടുകയും ചെയ്യും. പ്രകാശത്തിൻെറ മക്കൾപോലും അരക്ഷിതരെങ്കിൽ പൊടിയും ചാരവുമായ നീ എന്തുമാത്രം ഭയപ്പെടണം?

## ധ്യാനം 335

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്തിയഞ്ചാം വാരം—വെള്ളിയാഴ്ച

### നല്ല സമരിയാക്കാരൻെറ ഉപമ

"ഒരു മനുഷ്യൻ യരുശലേമിൽനിന്നു് യറിഹോയിലേയ്ക്കു് പോകവെ കള്ളന്മാരുടെ കയ്യിലകപ്പെട്ടു; അവർ അവനെ നഗ്നനാക്കി മുറിവേല്പിച്ചു് അർദ്ധപ്രാണനാക്കിയിട്ടു് കടന്നുപോയി." (ലൂക്കാ. 10:30) സുരക്ഷിതപന്ഥാവിൽനിന്നു് ലോകത്തിലേക്കുള്ള പന്ഥാവാണു് യറിഹോയിലേയ്ക്കുള്ള വഴി. കൃപാവസ്ത്രം അവനിൽനിന്നു് ഉരിയപ്പെടുന്നു. പാപാസ്ത്രത്താൽ അവൻ മുറിവേല്ക്കപ്പെട്ടിരിക്കുന്നു. ഇന്ദ്രിയജീവൻ മാത്രമുള്ളവനായി തീന്നിരിക്കുന്നു. "ഒരു സമറിയാക്കാരൻ യാത്ര പോകയിൽ അവനെതിരെ വന്നു." (ലൂക്കാ. 10:33) പാപിയുടെ നേരെ കരുണ കാണിക്കുന്ന നല്ല സമറിയാക്കാരനായിരുന്നു യേശുക്രിസ്തു. പാപിയുടെ മുറിവുകളെ സുഖപ്പെടുത്തുന്നതിനുവേണ്ടി അവിടുന്നു് സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങി മനുഷ്യസ്വഭാവമെടുത്തു. അവിടുത്തെ സ്നേഹത്തിൻെറ ശീലകൊണ്ടു് "അവൻെറ മുറിവുകൾ വച്ചുകെട്ടുകയും അവൻെറമേൽ വീഞ്ഞും എണ്ണയും പകരുകയുംചെയ്തു." (ലൂ: 10:34) ശുദ്ധീകരണവരപ്രസാദമാകുന്ന എണ്ണയും പശ്ചാത്താപമാകുന്ന വീഞ്ഞും അവൻെറമേൽ പകരുകയും, പാപിയുടെ ശിക്ഷ തൻെറമേൽ ഏററുകൊണ്ടു് അവനെ ഉയർത്തുകയും ചെയ്തു. തിരുസഭാധികൃതക്കു് അവനെ അവിടുന്നു് ഏല്പിച്ചുകൊടുക്കുകയും അവൻെറ ആദ്ധ്യാത്മീകാവശതകളെ സുഖപ്പെടുത്തുവാനുള്ള അറിവും ശക്തിയും അവക്കു നല്കുകയും, അവരുടെ സ്നേഹപൂർവ്വമായ കരുതലിനു് പ്രതിഫലം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. യേശു അവനോടു പറഞ്ഞു "പോയി നീയും അപ്രകാരം ചെയ്യുക." (ലൂക്കോ. 10:37) "രക്ഷിക്കപ്പെടേണ്ടതിനു് നിങ്ങൾ തമ്മിൽതമ്മിൽ പ്രാർത്ഥിപ്പിൻ" (യാക്കോ. 5:16) "ആരെങ്കിലും പാപത്തിൽ പിടിക്കപ്പെട്ടാൽ ആത്മീയരായ നിങ്ങൾ അവനെ സൗമ്യമായി ഉപദേശിക്കുവിൻ. (ഗലാ. 6:1) സ്വർഗ്ഗം സൽപ്രവൃത്തികളുടെ പ്രതിഫലമാകുന്നു; വാക്കുകളുടെയല്ല. സ്നേഹം പ്രവൃത്തിയാലത്രെ തെളിയിക്കപ്പെടേണ്ടതു്.

www.malankaralibrary.com

## ധ്യാനം 336

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്തഞ്ചാം വാരം–ശനിയാഴ്ച

### ധനവാനെക്കുറിച്ചുള്ള ഉപമ

ദൈവം അവനോടു പറയുന്നു. "ഭോഷാ ദൈവം ഇന്നു നിന്റെ ആത്മാവിനെ നിന്നോടു ചോദിക്കുന്നെങ്കിൽ നീ ഈ ശേഖരിച്ചുവന്നതെല്ലാം ആർക്കാകും" (ലൂക്കാ. 12:20) ഭൗമികവസ്തുക്കൾ വളരെയധികം ഉപദ്രവം വരുത്തി വയ്ക്കും. യേശുക്രിസ്തുവിൽ നിനക്കു ലഭിച്ചിരിക്കുന്ന സന്തോഷമോ നിന്നെ യഥാർത്ഥ സൗഭാഗ്യവാനാക്കും. നീ അവശത അനുഭവിക്കുന്നവനാണോ? അവിടുന്നു നിന്റെ വൈദ്യനാണ്. നീ വിശപ്പു സഹിക്കുന്നവനാണെങ്കിൽ അവിടുന്നു നിന്റെ ആകാശമന്നായാകുന്നു. മരണത്തെ നീ ഭയപ്പെടുന്നെങ്കിൽ അവിടുന്നു നിന്റെ ജീവന്റെ ഉറവയാകുന്നു. ദൈവത്തിൽനിന്നു നിനക്കു ലഭിച്ചിരിക്കുന്ന നിക്ഷേപത്തെ എത്ര കരുതലോടെ സൂക്ഷിക്കുന്നുവോ അത്രയധികം അതു നിനക്കു പ്രയോജനകരമായിരിക്കും. ആരാധ്യമായ വി. കുർബ്ബാനയെ കൈക്കൊള്ളുന്ന ഭക്താത്മാവിനറിയാം അക്ഷയതപത്തിന്റെ ഉറവയായ തന്നെ ഉള്ളിൽ സംഗ്രഹിച്ചു കൊണ്ടിരിക്കുന്നതു എത്ര വിലപിടിപ്പുള്ളതാണെന്നു. മൗനത്തിലും ദൈവചിന്തയിലും തന്നെ സല്ക്കരിക്കുന്ന ഹൃദയത്തിനു എത്ര വലിയ അനുഗ്രഹമാണു അവിടുന്നു പകർന്നു കൊടുക്കുന്നതു. അസൂയയോ സ്പർദ്ധയോ ഇളക്കി വിടാതെയും ആരുടേയും താല്പര്യങ്ങളെ നിഹനിക്കാതെയും എല്ലാവരെയും അവിടുന്നു സമ്പന്നരാക്കും. എത്രയധികം പേർക്കു വിഭജിച്ചു കൊടുക്കുന്നുവോ അത്രയധികമായിരിക്കും നിന്റെ സൗഭാഗ്യവും. നിനക്കു യഥാർത്ഥ ധനവാനാകണമെങ്കിൽ ആത്മാവിലും അനശ്വരവസ്തുക്കളിലുമാണു സമ്പന്നനാകേണ്ടതു. ലോകത്തെ നീ പരിത്യജിച്ചുവെങ്കിൽ അതുല്യ അനുഗ്രഹത്തിനു ദൈവത്തോടു നന്ദി പറയുക. നിസ്സാര കാര്യങ്ങളോടുള്ള നിന്റെ പററുമാനം നിന്റെ ത്യാഗത്തെ കറപിടിപ്പിക്കാതിരിക്കട്ടെ. ദൈവം നിന്റെ സാക്ഷാൽ സമ്പത്താകുന്നു. മററെല്ലാററിനെയും അനാസ്ഥയോടെ വീക്ഷിക്കണം. കർത്താവേ അങ്ങുന്നു എന്റെ ആശയും ജീവനുള്ളവരുടെ ദേശത്തു എന്റെ അവകാശവുമാകുന്നു." (സങ്കീ. 14:6)

## ധ്യാനം 337

### പെന്തിക്കൊസ്തിയുടെ ശേഷമുള്ള ഇരുപത്താറാം ഞായറാഴ്ച

### യേശു കൂനിയെ സുഖപ്പെടുത്തുന്നു.

"ഒരു ശാബതത്തിൽ അവിടുന്നു പ്രാർത്ഥനാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. 18 സംവത്സരമായി രോഗാത്മാവു ബാധി

www.malankaralibrary.com

ച്ച ഒരു സ്ത്രീ അവിടെ ഉണ്ടായിരുന്നു. ഒട്ടം നിവരുവാൻ കഴിയാതെ അവൾ കൂനിയായിരുന്നു." (ലൂക്കാ. 13:10,11)

നാം പാപചങ്ങലകളാലും, സ്വയം സ്നേഹം ലോകത്തോടുള്ള പററുമാനം എന്നിവയാലും ഭൂമിയിലേയ്ക്ക് കുനിഞ്ഞിരിക്കുന്നു. പാപം മനുഷ്യനെ നരകത്തിലേയ്ക്ക് വലിച്ചു താഴ്ക്കുന്നു. കൂടെക്കൂടെയുള്ള വീഴ്ച കൂനിൻെറ വെളിവാകുന്നു. യേശു അവളെ തൻെറ അടുക്കലേയ്ക്ക് വിളിച്ചു പറഞ്ഞു. "സ്ത്രീയെ നിൻെറ രോഗത്തിൽനിന്ന് നീ വിമുക്തയായിരിക്കുന്നു. അവിടുന്ന് അവളുടെ മേൽ കൈവച്ചു. ഉടനെ അവൾ നിവർന്നു" "ദൈവത്തെ മഹത്വപ്പെടുത്തി." (ലൂക്കൊ. 13: 12,13) ദൈവപുത്രൻ കരുണക്കണ്ണാൽ നമ്മെ നോക്കുന്നു. "പ്രയാസപ്പെടുന്നവരും, ഭാരം ചുമക്കുന്നവരുമെ, എൻെറ അടുക്കൽ വരുവിൻ" (മത്താ. 11:28) നിന്നോട്ട് രഹസ്യത്തിൽ സംസാരിക്കാനായി പ്രാത്ഥനയ്ക്കായി അവിടുന്ന് നിന്നെ വിളിക്കുന്നു. നിന്നെ ശുദ്ധീകരിപ്പാനും, തന്നെപ്പോലെ നിന്നെ ആക്കിതീക്കുവാനുമായി അവിടുന്നു നിന്നെ വിളിക്കുന്നു. അവിടുന്ന് കൂനിയുടെ മേൽ കൈവച്ചു ഉടനെ അവൾ നിവരുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ ദൈവത്തിനു മഹത്വം കൊടുക്കുകയും അവിടുത്തെ നന്മകളെ അംഗീകരിക്കുകയും ചെയ്യുന്നവർ തുലോം ചുരുക്കമാകുന്നു. ഈശോ ശാബതിൽ സുഖപ്പെടുത്തിയതുകൊണ്ട് പള്ളിപ്രമാണി കോപിച്ച് കൂട്ടത്തോട്ട് പറഞ്ഞു. "വേല ചെയ്യാവുന്ന ആറു ദിവസമുണ്ട്. അവയിൽ വന്നു സുഖപ്പെട്ടുകൊള്ളണം. ശാബതിൽ വേണ്ട" (ലൂക്കൊ. 13:14) ശുഷ്കാന്തിയുടെ നാട്യത്തിൽ വിദ്വേഷം മറച്ചിരിക്കുന്ന കപടഭക്തി.

## ധ്യാനം 338

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്താറാം വാരം—തിങ്കളാഴ്ച

### യേശു മഹോദരരോഗിയെ സുഖപ്പെടുത്തുന്നു.

"ഈശോ ഒരു ശാബതിൽ ഒരു പള്ളിപ്രമാണിയുടെ വീട്ടിൽ ഭക്ഷണത്തിനിരുന്നു. അവർ അവനെ സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരുന്നു. (ലൂക്കോ. 14:1) ഈശോയുടെ പൂണ്ണതകളെ പഠിപ്പാനായി നാം അവിടുത്തെ സൂക്ഷിച്ചു വീക്ഷിച്ചു കൊണ്ടിരിക്കണം. നമ്മുടെ ഏക ചിന്താവിഷയം അവിടുന്നായിരിക്കട്ടെ! ഒരു മഹോദരരോഗി അവിടുത്തെ മുമ്പിലുണ്ടായിരുന്നു. ആരോഗ്യത്തിൻെറ പ്രധാന ലക്ഷണം ശമിക്കാത്ത ദാഹമാണ്. ബഹുമാനം, സമ്പത്ത്, സന്തോഷം എന്നിവയ്ക്കായി ശമിക്കാത്ത ദാഹമുള്ളവൻ അദ്ധ്യാത്മിക മഹോദരരോഗിയാകുന്നു. ഈ രോഗശമനത്തിന് ഈശോയെ അഭയം പ്രാപിക്കണം. ക്രൂശിലെ മരണത്തോളം തന്നത്താൻ താഴ്ത്തിയ യേശുവിൻെറ എളിമ ബഹുമാനപ്രിയത്തിനും അഹങ്കാരത്തിനും പ്രത്യൗഷധമാകുന്നു.

www.malankaralibrary.com

അവിടത്തെ ദാരിദ്ര്യം ദ്രവ്യാഗ്രഹത്തെ ശമിപ്പിക്കും. അവിടത്തെ വിശുദ്ധി പ്രകൃതിയുടെ മലിനതയെ ശുദ്ധീകരിക്കുകയും ചെയ്യും.

ഈശോ പരീസയരോടും നിയമജ്ഞരോടും ചോദിച്ചു. "ശാബത്തു ദിവസം രോഗികളെ സുഖപ്പെടുത്തുന്നതു് വിഹിതമോ? അവർ മൗനമായിരുന്നു. യേശു രോഗിയെ സുഖപ്പെടുത്തി വിട്ടയച്ചു. (ലൂക്കാ. 14:4) യേശുവിൻെറ നോട്ടം, വാക്കു് ഇവയെല്ലാം ചൈതന്യദായകങ്ങളത്രെ. നമ്മുടെ കർത്താവു് അല്പസമയത്തേയ്ക്കു് തൻെറ സാന്നിദ്ധ്യം നിനക്കു് അനുവദിക്കുകയും പെട്ടെന്നു തന്നെ കുരിശിൻെറ കൈയ്പുരസത്തിൽ പങ്കുകൊള്ളുന്നതിനു് കാൽവരിയിലേയ്ക്കു് നിന്നെ വിളിക്കുകയും ചെയ്യുന്നു. ഈ പരിശോധന അവിടത്തെ മാധുര്യം എടുത്തു കളയുന്നു എന്നല്ലാതെ കൃപയുടെ ശക്തിയും അഭിഷേകവും എടുത്തുകളയുന്നില്ല.

## ധ്യാനം 339

## പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്താറാം വാരം–ചൊവ്വാഴ്ച

## നല്ല ഇടയൻെറ ഉപമ

യേശു തമ്പുരാൻ ഒരു ഉപമ അരുൾചെയ്തു. "നൂറു് ആടുകളിൽ ഒന്നു നഷ്ടപ്പെട്ടു പോയാൽ ഉടമസ്ഥൻ തൊണ്ണൂററിഒൻപതിനെയും മരുഭൂമിയിൽ വിട്ടിട്ടു് നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുപോകുന്നില്ലയോ" (ലൂക്കാ. 15:3,4) സർവ്വശക്തനു് അർപ്പിക്കാവുന്ന ഏററം സ്വീകാര്യമായ ബലി ആത്മാക്കളുടെ രക്ഷയെപ്പററിയുള്ള ശുഷ്കാന്തിയാണെന്നു് വി. ഗ്രിഗോറിയോസ് പറയുന്നു. അവരെ സ്വർഗ്ഗീയ പാന്ഥാവിൽ നടത്തുന്നതിനു് നീ ഉത്സുകരായിരിക്കണം. "എനിക്കു് ഭരമേല്പിക്കപ്പെട്ടിരുന്നവരിൽ ഒരാത്മാവിനെപ്പോലും ഞാൻ നഷ്ടപ്പെടുത്തിയില്ല. എന്നു് യേശുവിനെപോലെ പറയാൻ പറയുന്നവർ എത്ര ചുരുക്കം." (യോഹ. 18:9) നിന്റെ ആത്മീയമന്ദതയും ദുർമാതൃകയും നിമിത്തം എത്രയോ ആത്മാക്കൾ നഷ്ടപ്പെടുന്നു! പിതാവിൻെറ ഏകജാതൻ വിലകൊടുത്തു മനുഷ്യാത്മാവിനെ വീണ്ടെടുത്തു. അതിനുവേണ്ടി അവിടുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങി താഴ്മയും ദുഃഖവും സ്വീകരിക്കയും അവമാനത്തിൻെറയും പീഢകളുടെയും മദ്ധ്യേ സ്വജീവിതം അവസാനിപ്പിക്കുകയും ചെയ്തു. ആത്മാക്കളുടെ രക്ഷയെ പ്രതിയുള്ള ഈശോയുടെ ആഗ്രഹാധിക്യത്തെ നിൻെറ അശ്രദ്ധയോടു് താരതമ്യപ്പെടുത്തുക. ഈശോ അതിനുവേണ്ടി അവസാനതുള്ളി രക്തംവരെ ചിന്തുന്നു. നീയാകട്ടെ വേദനയനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിനോ ഒരു പാപിയെ മാനസാന്തരപ്പെടുത്തുന്നതിനോ ഒരു മണിക്കൂർ ചെലവാക്കുന്നതു് വലിയ ത്യാഗമായി പരിഗണിക്കുന്നു. ഒരു ചെറിയ അസൗകര്യംപോലും നിൻെറ തീഷ്ണതയെ തണുപ്പിക്കുന്നു. പാപികളെ മാനസാന്തരപ്പെടുത്തുന്നതിൽ യേശു തൻെറ സ്നേഹാധിക്യം വെളിപ്പെടുത്തുന്നു. അവൻെറ ആദ്യനെടുവീർപ്പുതന്നെ അവിടുന്നു സ്വ

www.malankaralibrary.com

ന്തോഷം സ്വീകരിക്കുകയും തന്റെ നെഞ്ചോടു് ചേർത്തു് അവനു് ആ ശ്ലേഷിക്കുകയും ചെയ്യുന്നു. എന്റെ രക്ഷയുടെ ദൈവമെ, ഇത്ര സീമാതീതമായ അനുഗ്രഹത്തിനു ഞാനെന്തു പ്രതിപകരം ചെയ്യേണ്ടു.

## ധ്യാനം 340

### പെന്തിക്കൊസ്തിക്കു ശേഷമുള്ള ഇരുപത്താറാം വാരം—ബുധനാഴ്ച

### ധൂർത്തപുത്രന്റെ ഉപമ

യേശു അരുൾചെയ്തു. ''ഒരു മനുഷ്യനു രണ്ടു് പുത്രന്മാർ ഉണ്ടായിരുന്നു. ഇളയപുത്രൻ പിതാവിനോടു് പറഞ്ഞു. പിതാവേ വസ്തുവിൽ എനിക്കുള്ള പങ്കു് വീതിച്ചു തരണം. പിതാവു് വസ്തു വീതിച്ചുകൊടുത്തു. വളരെ ദിവസങ്ങൾ കഴിയുന്നതിനു് മുമ്പു് അവൻ അവയെല്ലാം സ്വരൂപിച്ചു് ദൂരദേശത്തേയ്ക്കു പോയി. അവിടെ അവന്റെ വസ്തുക്കളെല്ലാം ധൂർത്തടിച്ചുകളഞ്ഞു'' (ലൂക്കോ. 15:11–13) സ്വഭവനം വിട്ടുന്നതോടെ ദുർവ്വിചാരങ്ങൾ അവനെ പീഡിപ്പിക്കുവാൻ തുടങ്ങുന്നു. തന്റെ പിതാവിനെ ഉപേക്ഷിച്ചതു് കഷ്ടമായിപ്പോയെന്നും ദിവ്യപരിപാലനം എത്ര കരുതലോടെയാണു് അവനെ സൂക്ഷിച്ചിരുന്നതെന്നും അവനു ബോദ്ധ്യമാകുന്നു. പാപി ദൈവത്തിൽ നിന്നകലുന്നതോടെ സ്വർഗ്ഗഭാഗ്യം നഷ്ടപ്പെടുത്തുന്നു. ജീവപുസ്തകത്തിൽനിന്നു് അവന്റെ നാമം മായിക്കപ്പെടുകയും അവന്റെ കിരീടം മറ്റൊരുവനു നല്കപ്പെടുകയും ചെയ്യുന്നു. കൃപയുടെ മുദ്ര അവന്റെ ആത്മാവിൽനിന്നു് ഇന്നു് മാററപ്പെടുന്നു. മുമ്പുണ്ടായിരുന്ന അവന്റെ പുണ്യങ്ങളും അവയുടെ യോഗ്യതകളുമെല്ലാം ശൂന്യതയുടെ വിരിയാൽ മൂടപ്പെടുന്നു. ദൈവീകാനുഗ്രഹങ്ങളെയെല്ലാം അവൻ മറക്കുന്നു.

ധൂർത്തപുത്രനെപ്പോലെ നീയും നിന്റെ സ്വത്തു് നശിപ്പിച്ചുകളഞ്ഞുവോ? സ്വർഗ്ഗീയപിതാവു് നിനക്കു തന്ന താലന്തുകളെ നീ എങ്ങനെ കൈകാര്യം ചെയ്തു. ധൂർത്തപുത്രൻ ചെന്നെത്തിയ വിദേശം വിസ്മൃതിയാകുന്ന ലോകമത്രേ. ദൈവത്തെ മറന്നു എത്രമണിക്കൂർ നീ കഴിച്ചുകൂട്ടുന്നു? ധൂർത്തന്റെ വിശപ്പു് ദൈവവചന നഷ്ടത്തിൽ നിന്നുളവാകുന്ന വിശപ്പത്രേ. ജ്ഞാനവായനയിലുള്ള അലസത ഇതിനു നിദാനമാകും. തനിക്കു കിട്ടിയാൽ കൊള്ളാമെന്നു ധൂർത്തപുത്രൻ ആഗ്രഹിക്കുന്ന തവിടു് ലൌകീക സന്തോഷമാകുന്നു. അതു് ആരും അവനു നല്കുന്നില്ല. വികാരങ്ങളുടെ വിശപ്പു് ഓരോ പാപത്തിന്റെയും ഫലമായി വദ്ധിക്കുകയേ ഉള്ളൂ. ദൈവത്തിൽ നിന്നകന്നിരിക്കുന്നിടത്തോളം പാപി പന്നിയെ വളർത്തുന്ന അടിമ—അതായതു് ഇന്ദ്രിയവികാരങ്ങളെ ലാളിച്ചുകൊണ്ടിരിക്കുന്ന വിഷയേച്ഛു—ആകുന്നു.

www.malankaralibrary.com

## ധ്യാനം 341

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്താറാംവാരം–വ്യാഴാഴ്ച

### ധൂർത്തപുത്രൻെറ തിരിച്ചുവരവ്

നിന്നിലേക്കുതന്നെ തിരിഞ്ഞുകൊണ്ടു ധൂർത്തപുത്രൻ പറഞ്ഞു. 'എൻെറ വീട്ടിൽ എത്രയോ വേലക്കാർ ഭക്ഷണം കഴിച്ചു് ശേഷിപ്പിക്കുന്നു. ഞാനോ ഇവിടെ വിശപ്പുകൊണ്ടു് മരിക്കുന്നു. ഞാൻ എൻെറ പിതാവിൻെറ വീട്ടിലേക്കു ചെന്നു്" "പിതാവേ, സ്വർഗ്ഗത്തിനു നേരെയും അങ്ങയുടെ മുമ്പാകെയും ഞാൻ പാപം ചെയ്തു. ഇനി അങ്ങയുടെ മകൻ എന്ന പേരിനുപോലും ഞാൻ യോഗ്യനല്ല. അങ്ങയുടെ കൂലിക്കാരിലൊരുവനായിട്ടെങ്കിലും എന്നെ കരുതണമേ എന്നു ഞാൻ പറയും" (ലൂ. 15:17-19) ഐശ്വര്യം അവനെ ദൈവത്തിൽനിന്നകററി. ക്ലേശങ്ങൾ അവനെ തന്നിലേക്കു പിന്തിരിപ്പിക്കുന്നു. പൂർണ്ണതയിൽ നിന്നു നീയും വിദൂരസ്ഥനാണല്ലോ. ശുഷ്ക്കാന്തി, എളിമ, സ്നേഹം എന്നിവയിൽ ഏതിലാണു് നീ കുറവുള്ളവനായിരിക്കുന്നതെന്നു ചിന്തിക്കുക... സ്വന്തകുററത്തെപ്പററി ബോധമുള്ള പാപിയുടെ മനോഭാവം ധൂർത്തപുത്രനിൽ നാം കാണുന്നു. നന്ദികേടും, അനുസരണമില്ലായ്മയും അവനെ അയോഗ്യനാക്കിത്തീർക്കുന്നുണ്ടെങ്കിലും പിതാവിൻെറ സ്നേഹവും ആർദ്രതയും അവനുവേണ്ടി വാദിക്കുമെന്നും ക്ഷമ പ്രാപിക്കാമെന്നും അവൻ ആശിക്കുന്നു. 'എൻെറ നിഗളത്തിൽനിന്നും വിഷയേച്ഛയിൽനിന്നും വർദ്ധമാനമായ തീക്ഷ്ണതയോടെ ഞാൻ എഴുനേല്ക്കും, ആത്മീയ കടമകളെപ്പററിയുള്ള അലസതയിൽനിന്നും ഞാൻ എഴുനേല്ക്കും എന്നു് ഹൃദയ പരമാർത്ഥതയോടെ നീയും പറയുക......"അവൻ എഴുനേററു് അവൻെറ പിതാവിൻെറ അടുക്കലേക്കു വന്നു." (ലൂ. 15:30) യഥാർത്ഥ അനുതാപിയുടെ ലക്ഷണം പെട്ടെന്നും ശുഷ്ക്കാന്തിയോടു കൂടിയതുമായ പ്രവർത്തനമാകുന്നു. അവൻെറ ഏററുപറച്ചിൽ ഹൃദയഗമവും യഥാർത്ഥ സ്നേഹത്തിൽനിന്നു് ഉരുത്തിരിയുന്നതുമാകുന്നു. "നിൻെറ പുത്രനെന്നു വിളിക്കപ്പെടുവാൻ ഞാനർഹനല്ല; ഭൃത്യന്മാരിൽ ഒരുവനെപ്പോലെ എന്നെ ആക്കിത്തീർക്കണമേ." അവനു തന്നോടുതന്നെ ഉഗ്രമായ കോപവും ആഴമായ മനക്കലക്കവുമുണ്ടു്. നിന്നിലേക്കുകടന്നു് എളിമയോടും അനുതാപകണ്ണുനീരോടും കൂടെ വിലപിക്കുക.

## ധ്യാനം 342

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്താറാംവാരം–വെള്ളിയാഴ്ച

### പിതാവു് ധൂർത്തപുത്രനെ സ്വീകരിക്കുന്നു

"അവൻ ദൂരത്തിലായിരുന്നപ്പോൾതന്നെ പിതാവു് അവനെ കണ്ടു. അവൻെറ മേൽ മനസ്സലിഞ്ഞു് ഓടിച്ചെന്നു് അവനെ കെട്ടിപ്പി

www.malankaralibrary.com

ടിച്ചു് ആലിംഗനം ചെയ്തു.'' (ലൂ. 15:20). കോപത്തിനുപകരം സ്നേഹത്തിൻെറയും സമാധാനത്തിൻെറയും ചുംബനം അദ്ദേഹം അവനു നല്കുന്നു. പിതൃസ്നേഹത്തിൻെറ തീവ്രത പുത്രൻെറ തെററുകൾക്കുനേരെ കണ്ണടയ്ക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നു. ഇങ്ങനെയുള്ള ഒരു പിതാവിങ്കൽ പൂർണ്ണവിശ്വാസത്തോടെ ആരുതന്നേ സ്വയം ഏല്പിച്ചു കൊടുക്കയില്ല.'......പിതാവു് ഭൃത്യന്മാരോടാജ്ഞാപിച്ചു. 'വേഗം ഒന്നാന്തരം ഉടുപ്പുകൊണ്ടുവന്നു് അവനെ ധരിപ്പിക്കുക. അവൻെറ കൈക്കു മോതിരവും കാലിനു ചെരിപ്പും ഇടുവിക്കുക.' (ലൂ. 15:22) പുത്രനോടു ക്ഷമിക്കുന്നതുകൊണ്ടു് തൃപ്തിപ്പെടാതെ, അവൻെറ ആദ്യപദവിയിലേക്കു് അവനെ ഉയർത്തുന്നു. ദൈവം പാപിക്കു നല്കുന്ന വിശേഷവസ്ത്രം ശുദ്ധീകരണ വരപ്രസാദവും, മോതിരം ഈശോയുടെ പ്രതിരൂപവും, ദൈവാത്മാവിൻെറ മുദ്രയും, പരിശുദ്ധാത്മദാനങ്ങളും നിവേശിത പുണ്യങ്ങളുമാകുന്നു. ദൈവമാർഗ്ഗത്തിൽ ആയാസമെന്യേ നടക്കുന്നതിനുള്ള അനുഗ്രഹമാകുന്നു ചെരിപ്പ്......'തടിച്ച കാളക്കുട്ടിയെ കൊണ്ടുവന്നു കൊല്ലുക. എന്തെന്നാൽ എൻെറ ഈ പുത്രൻ മരിച്ചവനായിരുന്നു. ഇപ്പോൾ ജീവിക്കുന്നു; നഷ്ടപ്പെട്ടിരുന്നു. ഇപ്പോൾ കണ്ടുകിട്ടിയിരിക്കുന്നു.'' (ലൂ. 15:23,24) മനസ്താപത്തോടുകൂടെ സ്വർഗ്ഗസ്ഥപിതാവിങ്കലേക്കു പിന്തിരിയുന്ന പാപിയെ കൃപാവരത്തിൻെറ എല്ലാ അലങ്കാരങ്ങളും അവിടുന്നു് അണിയിക്കുന്നു. അൾത്താരയിലെ വിലയേറിയ തിരുശരീരരക്തങ്ങളാൽ ദൈനംദിനം പോഷിപ്പിക്കപ്പെടുന്ന നീ ഇനിയും അവിടുത്തോടു നന്ദികേടു കാണിക്കുമോ?

## ധ്യാനം 343

### പെന്തിക്കോസ്തിക്കു ശേഷമുള്ള ഇരുപത്താറാംവാരം–ശനിയാഴ്ച

### ധൂർത്തപുത്രൻെറ ഉപമ (തുടർച്ച)

പിതാവു മൂത്തപുത്രനോടു പറയുന്നു. ''മകനേ, നീ എപ്പോഴും എന്നോടു കൂടെയുണ്ടല്ലോ.' (ലൂ. 15:31) ''ഒരു യഥാർത്ഥ സന്യാസി എപ്പോഴും ദൈവത്തോടുകൂടെയായിരിക്കും. അതാണു് സന്യാസത്തിൻെറ ഒന്നാമത്തെ ഗുണം. നിന്നെ സന്യാസത്തിലേയ്ക്കു വിളിച്ചതിലും, വ്രതാനുഷ്ഠാനത്തിനു് അനുഗ്രഹം നല്കിയതിലും അവർണ്ണനീയമായ ബഹുമതി ദൈവം നിനക്കു നല്കിയിരിക്കയാണു്. ആ മൂത്തപുത്രനെപോലെ ഒരു കുഞ്ഞാടിനെ പോലും എനിക്കു തന്നിട്ടില്ല'' എന്നു നീ പറയരുതു്. ദൈവസേവനത്തിലുള്ള നിലനില്പുതന്നെ ദൈവം നിനക്കു നല്കിയ വലിയ അനുഗ്രഹമാണു്. പിതാവു് മൂത്തമകനോടു പറഞ്ഞു ''മകനേ, എനിക്കുള്ളതെല്ലാം നിൻേറതുമാകുന്നു'' (ലൂ. 15:31) ഭൗമികവസ്തുക്കളെ ത്യജിക്കുന്നതിനനുസരിച്ചു് സ്വർഗ്ഗീയദാനങ്ങളിൽ നീ സമ്പന്നനായിരിക്കും. സ്വർഗ്ഗസ്ഥപിതാവിൻെറ സ്നേഹം അവകാശമായി ലഭിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ. അവിടുത്തെ കൃപയാലും

www.malankaralibrary.com

അനുഗ്രഹങ്ങളിലും നിലയുറപ്പിച്ചിരിക്കുന്നവരും ഉണർവ്വോടും ശ്രദ്ധയോടുംകൂടെ അതിന്റെ അഭ്യസനത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ഇരട്ടി ഭാഗ്യവാന്മാർ...... "നിന്റെ സഹോദരൻ മരിച്ചവനായിരുന്നു, ഉയർത്തെഴുന്നേററു വന്നിരിക്കുന്നു. അതിനാൽ നാം സന്തോഷിക്കേണ്ടതാകുന്നു. (ലൂ. 15:32) ദൈവം സഹോദരന്മാർക്കു നല്കുന്ന അനുഗ്രഹങ്ങളെപ്പററി സന്യാസി ഒരിക്കലും അസൂയപ്പെടുകയില്ല. ദൈവത്തെ മഹത്വപ്പെടുത്തണമെന്നുള്ള ആഗ്രഹം അവന്റെ എല്ലാ കുരിശുകളെയും മധുരതരമാക്കിത്തീർക്കും. അവൻ പാടും. "ആയുഷ്കാലം മുഴുവൻ ഞാൻ കർത്താവിനെ പാടിസ്തുതിക്കും. എന്റെ ദൈവത്തെ ഞാൻ സ്തോത്രം ചെയ്യും" (സങ്കീ. 103:33–35)

# സുബോറോകാലം

## ധ്യാനം 344

### ആഗമനകാലത്തെ ഒന്നാംവാരം–ഞായറാഴ്ച

### ഈശോയുടെ ആഗമനത്തിനു് പ്രായശ്ചിത്തംമൂലം ഹൃദയത്തെ ഒരുക്കണം.

തന്നെ സ്വീകരിക്കുന്ന എല്ലാവർക്കും, തന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാനുള്ള അവകാശം അവിടുന്നു നല്കി. അവരുടെ ജനനം മനുഷ്യരിൽ നിന്നല്ല; ശരീരത്തിന്റെയോ മനസ്സിന്റെയോ ഇഷ്ടത്താലുമല്ല; പ്രത്യുത ദൈവത്തിൽനിന്നത്രേ. (യോഹ. 1:12) യേശു ലോകത്തിലേയ്ക്കു വരുന്നതു് പാപത്തെ നശിപ്പിക്കാനാണു്. അവിടുത്തെ അസഹ്യപ്പെടുത്തുന്ന വല്ലതും നിന്നിൽ ഉണ്ടോ എന്നു് പരിശോധിക്കുക. അഹങ്കാരം, അസൂയ, അനുസരണക്കേടു് എന്നിവയോടുകൂടെ എനിക്കു വസിക്കാൻ കഴിയുകയില്ല; എന്നരുളിചെയ്ത അവിടുത്തെ സ്വരം ശ്രദ്ധിക്കുക. ലോകത്തിനു സമാധാനം നല്കുവാനായി അവിടുന്നു് വരുന്നു. അവിടുത്തെ സ്വീകരിക്കുവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ എല്ലാവിധ അസ്വസ്ഥതയും ഹൃദയാന്തർഭാഗത്തുനിന്നും നീക്കിക്കളയണം. സമാധാനത്തിന്റെ ദൈവമായ അവിടുത്തേയ്ക്കു് പ്രശാന്തയാഗപശുവായി നിന്നെത്തന്നെ അർപ്പിക്കണം. ആഗ്രഹങ്ങളും ആകുലചിന്തകളും അക്ഷമതയും ഹൃദയവേദിയിൽ യാഗമായി അർപ്പിക്കുക. അവിടുത്തോടുകൂടെ ഏകാന്തതയിലേയ്ക്കു കടന്നു ചിന്തിക്കുക. അല്ലാത്തപക്ഷം നീ ബേതലഹേമ്യരെ പോലെയാകും. അവരുടെ മദ്ധ്യേ ദേവാലയമായി അവിടുത്തേയ്ക്കു ലഭിച്ചതു് കാലിത്തൊഴുത്താണല്ലോ.

സമാധാനപ്രഭുവേ, എന്റെ ഹൃദയത്തിലേക്കുവന്നു് എല്ലാ അസ്വസ്ഥതകളെയും ശാന്തമാക്കണമേ. ലോകത്തിൽ ആത്മാവിന്റെ പ്രമാണം സ്ഥാപിക്കാനും നമ്മുടെ ഹൃദയത്തിൽ അതിനെ പതിക്കുവാനുമായി അവിടുന്നു വരുന്നു. ജഡികവും ഇന്ദ്രിയപരവുമായ സകലത്തെ

www.malankaralibrary.com

യും നിന്നിൽനിന്നു ദൂരീകരിക്കുക. "ജഡത്തിൻെറ ജ്ഞാനം മരണവും, അവിടുത്തേതു ജീവനും സമാധാനവുമാകുന്നു. മിശിഹായുടെ ആത്മാവില്ലാത്തവൻ മിശിഹാക്കുള്ളവനല്ല; ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ ദൈവത്തിൻെറ മക്കളാണ്‌''' (റോമ. 8:9–14)

## ധ്യാനം 345

### ആഗമനകാലം ഒന്നാം വാരം–തിങ്കളാഴ്ച

### ഗബ്രിയേലിൻെറ ദൗത്യം

പുറജാതിലോകത്തോട്‌ ഏററം അടുത്ത യഹൂദപ്രവിശ്യ ഗലീലയാകകൊണ്ട്‌ അവിടെ ജനിക്കുവാൻ യേശു തിരുവുള്ളമായി. അവിടെനിന്നുതന്നേ അവിടുന്നു സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്യുകയുമുണ്ടായി. യഹൂദരും പുറജാതികളും തമ്മിൽ തനിക്ക്‌ വ്യത്യാസമില്ലെന്നും എല്ലാവരെയും രക്ഷിപ്പാനാണ്‌ താൻ വന്നിരിക്കുന്നതെന്നും എല്ലാവരുടെയും നാമത്തിൽ സ്വർഗ്ഗം കരസ്ഥമാക്കുവാൻ താൻ പോകുന്നുവെന്നും ഇതിനാൽ അവിടുന്നു തെളിയിക്കുന്നു. സ്വന്ത കുററംകൊണ്ടല്ലാതെ ആക്കും രക്ഷ നഷ്ടപ്പെടുകയില്ല. 'നസ്രേത്തിൽനിന്ന്‌ വല്ല നന്മയും ഉണ്ടാകുമോ?' (യോഹ. 1–46) നസ്രേത്ത്‌ ഗലീലയിലെ ഏററം അപ്രധാനമായ നഗരമാണ്‌. ഈശോയുടെ മാതൃകയനുസരിച്ച്‌ ഏററം താണതിനെ നീയും തിരഞ്ഞെടുക്കുക. ദൈവപുത്രൻ ഈ ലോകത്തിൽ പ്രത്യേകം ആദരിച്ച നാലു സ്ഥാനങ്ങൾ നസ്രേത്ത്‌, ബേതലഹേം, യരുശലേം, റോമ ഇവയാകുന്നു. ഒന്നാമത്തതിനെ തിരഞ്ഞെടുത്തതിൽ അവിടുത്തെ എളിമയും രണ്ടാമത്തതിൽ ദാരിദ്ര്യവും, മൂന്നാമത്തതിൽ ക്ഷമയും വെളപ്പെടുന്നു. നാലാമത്തതു്‌ വിശ്വാസത്തിൻെറ ആസ്ഥാനവും സഭയുടെ കേന്ദ്രവും ആകുന്നു. ഈശോ നിൻെറ ഹൃദയത്തിൽ വരണമെന്ന്‌ നീ ആഗ്രഹിക്കുന്നെങ്കിൽ ഈ നാലു പുണ്യങ്ങളും അഭ്യസിക്കണം. സകല അത്ഭുതങ്ങളിലും വലിയ അത്ഭുതമായ മനുഷ്യാവതാരം നടന്ന മാതാവിൻെറ വസതിയെ നാം എത്രയധികം ആദരിക്കണം! നിന്നോടു കാണിച്ചിട്ടുള്ള സവ്വ നന്മകൾക്കുംവേണ്ടി അവിടുത്തെ സ്തോത്രം ചെയ്യാനും സകല വിശ്വാസികൾക്കും സമൃദ്ധമായ ദൈവകൃപ ലഭിക്കുന്നതിനുമായി അവിടെ നടന്നിട്ടുള്ള പ്രാത്ഥനകളോടും സൽകമ്മങ്ങളോടുംകൂടെ നിൻെറ പ്രതിജ്ഞകളെയും സംയോജിപ്പിക്കുക.

## ധ്യാനം 346

### ആഗമന കാലത്തെ ഒന്നാംവാരം–ചൊവ്വാഴ്ച

### ഗബ്രിയേലിൻെറ അഭിവാദ്യം

പാതിരാത്രിയായിരുന്നെങ്കിലും മാലാഖയുടെ അഭിവാദ്യം ഉണ്ടായപ്പോൾ മാതാവു്‌ പ്രാത്ഥിക്കുകയായിരുന്നു എന്ന്‌ വി. ബസ്സാർ

www.malankaralibrary.com

ഢു പറഞ്ഞിരിക്കുന്നു. മനുഷ്യാവതാര രഹസ്യത്തിനു് തന്റെ മണവാട്ടിയെ ഒരുക്കുവാൻ പരിശുദ്ധാറൂഹ, എന്തു മാത്രം ദിവ്യവെളിവും, കൃപകളും സ്നേഹതീഷ്ണതയും അവൾക്കു നല്കിയിരിക്കണം! എളിമ, ദൈവാശ്രയം, സ്നേഹം ഇവയോടുകൂടിയ പ്രാർത്ഥനയ്ക്കു ദൈവനന്മയെ ആകർഷിക്കുവാൻ എത്രമാത്രം ശക്തി! വാതിലുകൾ അടച്ചിരിക്കേ ദൈവദൂതൻ കന്യകയുടെ മുറിയിൽ പ്രത്യക്ഷപ്പെടുന്നു. ദൈവമാതാവാകുവാൻ തെരഞ്ഞെടുക്കപ്പെട്ട കന്യകയോടു ഭൂമിയിലേക്കുള്ള ദൈവത്തിന്റെ അവരോഹണത്തെ അറിയിക്കുവാൻ വരുന്ന മാലാഖാ എത്ര അടക്കമൊതുക്കവും എളിമയും ആദരവും പ്രദർശിപ്പിച്ചിരിക്കണം! പ്രാർത്ഥനയ്ക്കായി ദൈവതിരുമുമ്പാകെ വരുമ്പോഴും, പരിശുദ്ധ ദൈവമാതാ വിനെ സമീപിക്കുമ്പോഴും നീയും ഏതാദൃശ്യമായ ഭക്ത്യാദരങ്ങൾ പ്രദർശിപ്പിക്കണം......നന്മനിറഞ്ഞ മറിയമേ, നിനക്കു സ്വസ്തി (ലൂക്കാ. 1:2) യാത്രോദ്ദേശ്യം വെളിപ്പെടുത്തുന്നതിനുമുമ്പ് ദൈവദൂതൻ പരിശുദ്ധ മാതാവിനെ സ്തുതിക്കുന്നു. സ്നേഹത്തിലും, വിചാരത്തിലും, പ്രവൃത്തിയിലും ദൈവം നിന്നോടുകൂടിയുണ്ടു്. നിന്റെ ഉദരഫലമായിട്ടും ഉടനെ അവിടുന്നു നിന്നോടുകൂടെയാകും' എന്നാണു് ഇതിന്റെ അർത്ഥം......സകല സൃഷ്ടികളിലും പരമപരിശുദ്ധയായ മാതാവേ, ഈ ലോകസമ്പാദ്യങ്ങളോ, മനുഷ്യരിൽനിന്നുള്ള സ്തുതി ബഹുമാനങ്ങളോ ഒന്നും തരണമെന്നു് ഞാനപേക്ഷിക്കുന്നില്ല. ദൈവീക വരപ്രസാദം, ദൈവസാന്നിദ്ധ്യം, ദൈവത്തിൽനിന്നുള്ള അനുഗ്രഹം ഇവമാത്രം എനിക്കു പ്രാപിച്ചു തരണമെ.

## ധ്യാനം 347

### ആഗമനകാലത്തെ ഒന്നാം വാരം—ബുധനാഴ്ച

### പരിശുദ്ധ കന്യകയുടെ സംഭ്രമം

"മാലാഖയുടെ അഭിവാദ്യം കേട്ട പരിശുദ്ധ കന്യകയുടെ മനസ്സു കലങ്ങി" (ലൂക്കാ. 1:29) കന്യകയുടെ മറുപടിക്കായി മാലാഖ നോക്കിപാർത്തു. പക്ഷേ അവർ മൗനം അവലംബിച്ചതേയുള്ളു. ഇതു് എന്തൊരു അഭിവാദ്യം എന്നു അവൾ തന്നത്താൻ പറഞ്ഞു. എന്നാലും എന്തു ചെയ്യണമെന്നു ചിന്തിക്കുന്നതിനോ മാലാഖയുടെ വാക്കുകളെ പരിശോധിക്കുന്നതിനോ ഈ പരിഭ്രമം വിഘാതം സൃഷ്ടിച്ചില്ല. സംഭ്രമകാരണം ദർശനത്തിന്റെ പുതുമയായിരുന്നില്ല.' പിന്നെയോ അവളുടെ ജീവിതപരിശുദ്ധിയായിരുന്നു. മാലാഖയുടെ സ്തുതിവചനങ്ങളും അത്യാദരവും വഹിപ്പാൻ അവളുടെ അഗാധമായ എളിമയ്ക്കു കഴിഞ്ഞില്ല. ലോകായിതർ എത്ര വ്യഗ്രതയോടെ സ്തുതികളെ തേടിപ്പോകുന്നുവോ, അതേ വ്യഗ്രതയോടെ പുണ്യവാന്മാർ അതിൽനിന്നു് ഓടിഒളിക്കുവാൻ ശ്രമിക്കുന്നു. യഥാർത്ഥ പുണ്യത്തിന്റെ അടയാളമാണിതു്. സ്വർണ്ണം ഉലയിൽ ശുദ്ധീകരിക്കപ്പെടുന്നതുപോലെ മനുഷ്യർ സ്തുതിപാഠകന്മാരുടെ വായാൽ ശോധന ചെയ്യപ്പെടുന്നു." (സദൃ

www.malankaralibrary.com

ശ. 27:21) സ്തുതിവചനങ്ങളിൽ നിന്നുത്ഭൂതമാകുന്ന വ്യർത്ഥചാരിതാർത്ഥ്യത്തെ അമർത്തികൊണ്ടു പരിശുദ്ധ കന്യകയെ അനുകരിക്കുക. സ്തുതി കടന്നുപോകും. തൽസ്ഥാനത്തു കൈപ്പുമാത്രം ശേഷിക്കും......കന്യകയുടെ ഭയത്തെ ദൂരീകരിക്കാനായി മാലാഖ അവളെ പേരു ചൊല്ലി വിളിക്കുന്നു. ദൈവീകമുദ്ര പ്രാപിക്കുന്നതിനു് ആത്മാവു ശാന്തമായിരിക്കണം. ഒരു ചെറിയ മനക്കലക്കംപോലും ദിവ്യവെളിച്ചം സ്വീകരിക്കുന്നതിനു പ്രതിബന്ധമായിരിക്കേ, ക്രമരഹിതമായ വികാരങ്ങളുടെ മദ്ധ്യേ അതെങ്ങനെ പ്രവേശിക്കും? ദൈവവും പരിശുദ്ധ മാലാഖമാരും വളരെ ദുർല്ലഭമായി മാത്രം നിന്നെ സന്ദർശിക്കുന്നതിന്റെ യഥാർത്ഥ കാരണം, നിന്റെ ഹൃദയം കാററിനാൽ ഇളക്കപ്പെടുന്ന സമുദ്രസമാനമായിരിക്കുന്നതാണു്.

## ധ്യാനം 348

### ആഗമനകാലത്തെ ഒന്നാം വാരം–വ്യാഴാഴ്ച

### മനുഷ്യാവതാര രഹസ്യത്തെപ്പററിയുള്ള മംഗലവാർത്ത

മാലാഖ ഈ സന്തോഷവാർത്ത വാഴ്ത്തപ്പെട്ട കന്യകയെ അറിയിക്കുന്നു. "കണ്ടാലും നീ ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. അവനു യേശു എന്നു നീ പേർ വിളിക്കണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രനെന്നു വിളിക്കപ്പെടും." (ലൂക്കോ. 1:31) വിശ്വാസത്താലും സ്നേഹത്താലും നീ നേരത്തെ ഹൃദയത്തിൽ വഹിച്ചിട്ടുള്ള ദൈവത്തെ ശരീരപ്രകാരം, അനുസരണത്താലും പരിശുദ്ധാത്മശക്തിയാലും ഉദരത്തിൽ വഹിക്കും. കന്യാത്വവും, ദിവ്യമാതൃത്വവും ഇതിൽ സംയോജിച്ചിരിക്കുന്നു. മാതാവിന്റെ ഭാഗ്യത്തെ പുകഴ്ത്തുകയും ബഹുമാനിക്കുകയും ചെയ്യുക......വിശ്വാസത്താലും സ്നേഹത്താലും യേശുവിനെ നിന്റെ ഹൃദയത്തിൽ വഹിക്കുന്നതിനാലും, വി. കുർബ്ബാനവഴി ശരീരപ്രകാരം അവിടുത്തെ കൈക്കൊള്ളുന്നതിനാലും മാതാവിന്റെ ഭാഗ്യത്തിൽ നിനക്കും പങ്കു ചേരാം. ഈ പങ്കുചേരൽ നിന്നിൽ വലിയ നിർമ്മലതയും, എല്ലാ പുണ്യങ്ങളിലുമുള്ള ഫലദായകത്വവും ഉളവാകും. മററനേകരിൽ യേശുവിനെ ഉരുവാക്കുവാനും ഇതു പര്യാപ്തമാകും. യേശുവിനെ ഗർഭം ധരിച്ചാൽ മാത്രം പോരാ, പ്രസവിക്കയും വേണം. അതായതു് നല്ല ആഗ്രഹങ്ങൾ പ്രയോഗത്തിൽ വരുത്തുകയും വേണം......നീ അവനു് യേശു എന്നു പേർ വിളിക്കണം. തന്റെ ഏകജാതനു പേരു നല്കുവാനുള്ള അവസരം ദൈവം പ്രയോഗിക്കുകയാണു്. ദൈവം തന്റെ ഏകജാതനെ നല്കുന്നതു് അവൾക്കുവേണ്ടി മാത്രമല്ല; പിന്നെയോ സർവ്വലോകത്തിന്റേയും രക്ഷയ്ക്കു വേണ്ടിയാണെന്നു് ഈ നാമംവഴി മാലാഖ പരിശുദ്ധ മാതാവിനെ അറിയിക്കുന്നു. മാത്രമല്ല; യേശു എന്ന നാമത്തിന്റെ ആകർഷണത്താൽ മനുഷ്യാവതാരത്തിൽ സഹകരിപ്പാനുള്ള മാതാവിന്റെ സമ്മതം എളുപ്പം വാങ്ങാമെന്നും മാലാഖ നിർദ്ദേശിക്കുന്നു. പരിശുദ്ധാത്മാവേ,

www.malankaralibrary.com

ആരാദ്ധ്യമായ ഈ തിരുനാമം ആദ്യമായി കേട്ടതും ഹൃദയത്തിൽ കൊത്തിച്ചതും നീ തന്നെയാണല്ലോ. അവിടന്നു നിന്റെ ഹൃദയത്തിൽ നിന്നു് ഞങ്ങളുടെ ഹൃദയങ്ങളിലേക്കും കടന്നുവന്നു്, അവയെ പ്രകാശിപ്പിക്കുന്നതിനുള്ള അനുഗ്രഹം നിന്റെ പുത്രനിൽനിന്നു ഞങ്ങൾക്കു വാങ്ങിതരണമേ.

## ധ്യാനം 349

### ആഗമനകാലത്തെ ഒന്നാം വാരം—വെള്ളിയാഴ്ച

### പരിശുദ്ധ കന്യകയുടെ സമ്മാനം

"ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വചനപ്രകാരം എനിക്കു ഭവിക്കട്ടെ" (ലൂ. 1:38) വി. ത്രിത്വം, മനുഷ്യാവതാരം, കന്യകയിൽനിന്നുള്ള ജനനം ഇവപോലെ ബുദ്ധിയ്ക്കു് അതീതമായി മററെന്താണുള്ളതു്? എന്നാലും ഇവ വിശ്വസിക്കുന്നതിനു് പരിശുദ്ധ മാതാവിനു് ഒരു പ്രയാസവുമില്ല. വിശ്വാസത്തിന്റെ സരളമായ പ്രകാശത്തിനു് തന്റെ ബുദ്ധിയെ തുറന്നുകൊടുത്തുകൊണ്ടു് നീതിസൂര്യനെ അവർ തങ്കലേക്കു് ആകർഷിക്കുന്നു. അവളുടെ വിശ്വാസത്തെ നീയും അനുകരിക്കുക... മനുഷ്യവതാരം വി. കന്യകയുടെ പുണ്യങ്ങളുടെ എല്ലാം ഫലമാണു്. സാക്ഷാൽ നിർമ്മലതയായ അവൾ, തന്റെ ഹൃദയത്തെ തുറന്നു കൊടുത്തുകൊണ്ടു് അതിനുള്ളിൽ താഴ്വരയിലെ ലില്ലിപുഷ്പത്തെ സ്വീകരിക്കുന്നു. തന്റെ ദാസിയുടെ താഴ്മയെ മഹോന്നതൻ നോക്കിക്കണ്ടു. പരിശുദ്ധാത്മാവു് ഈ പുതുമണ്ണിൽ ഉച്ഛ്വസിക്കുന്നതിനും അതിൽ ജീവന്റെ ഫലം ഉളവാക്കുന്നതിനും ഇടയാക്കുന്നതു് ദിവ്യസ്നേഹത്തിന്റെ മർമ്മരശബ്ദമാണു്. തന്നെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്കെല്ലാം തന്നെ സമർപ്പിക്കുകയും, സ്വപുത്രന്റെ എല്ലാ അദ്ധ്വാനങ്ങളിലും സങ്കടങ്ങളിലും പങ്കുകൊള്ളുവാൻ സന്നദ്ധയാക്കുകയും ചെയ്യുന്നതു് അനുസരണമാകുന്നു. "അവൾ ഒരു വയൽ കണ്ടെത്തി; അതിനെ വിലയ്ക്കുവാങ്ങി" (സദൃ. 31:16) എന്നു് സമർത്ഥയായ സ്ത്രീയെപ്പററി എഴുതിയിരിക്കുന്നു. പരിശുദ്ധകന്യക വിലയ്ക്കുവാങ്ങിയ വയൽ ദിവ്യവചനത്തോടു യോജിച്ചിരിക്കുന്നു, ഈശോയുടെ മനുഷ്യസ്വഭവമാകുന്നു. അതിൽ അവൾ കാണുന്ന നിക്ഷേപമോ 33 വർഷകാലത്തെ സങ്കടവും, ദുഃഖവും അവയുടെയെല്ലാം അടിയിലായി ഒളിക്കപ്പെട്ടിരിക്കുന്ന മനുഷ്യരക്ഷയും. അവളുടെ ഹൃദയത്തിലെ നിർമ്മല രക്തമത്രേ അതിനു വിലയായി അവൾ നല്കിയതു്. അതുപയോഗിച്ചു്, സാത്താന്റെ സാമ്രാജ്യം നശിപ്പിക്കാനായി, വിലയേറിയ മാംസം നിർമ്മിച്ചു് പരിശുദ്ധാത്മാവു് അതിനെ അണിയിച്ചു. ഈശോയാകുന്ന നിക്ഷേപത്തെ വിലയ്ക്കുവാങ്ങുവാൻ നീ എന്തുതന്നെ നല്കുകയില്ല!

www.malankaralibrary.com

## ധ്യാനം 350

### ആഗമനകാലത്തെ ഒന്നാം വാരം—ശനിയാഴ്ച

### മനുഷ്യാവതാരത്തിൽ പരിശുദ്ധമാതാവ് അഭ്യസിച്ച പുണ്യങ്ങൾ.

"ഇതാ ഞാൻ കർത്താവിൻെറ ദാസി" (ലൂ. 1:38) ഒരു നല്ല ദാസൻെറ പ്രധാന ഗുണം വിശ്വസ്ഥതയാകുന്നു. വിശ്വസ്ഥതയോടു കൂടെ, പരിശുദ്ധകന്യകയുടെ പ്രശസ്തമായ ബുദ്ധിയും സംയോജിച്ചിരുന്നു. ആദ്യം അവൾ മാലാഖയുടെ ദൗത്യം പരിശോധിച്ചു. ദൈവത്തിൻെറ തിരുവിഷ്ടമെന്നു ബോധ്യപ്പെട്ടപ്പോൾ വിശ്വസ്തതയോടെ അതിനു കീഴ്പ്പെട്ടു. യാതൊന്നും മാററിവയ്ക്കാതെ ആത്മശരീരങ്ങളുടെ കഴിവുകൾ മുഴുവൻ അനുസരണത്തിന് അവൾ സമർപ്പിച്ചു...കന്യകാമറിയം അദ്ധ്വാനപ്രിയയാണ്. വചനമായ ദൈവത്തിന് അവൾ നല്കിയ ശുശ്രൂഷയിലും, അവളുടെ യാത്രകളിലും, വിദേശവാസത്തിലും അതു വെളിപ്പെടുന്നുണ്ട്. അവൾ ഒരിക്കലും അലസയായിരുന്നില്ല. സമയം മുഴുവൻ ദൈവമഹത്വത്തിനും, ദിവ്യസുതൻെറ പരിചരണത്തിനുമായി അവൾ സൂക്ഷ്മതയോടെ വിനിയോഗിച്ചു. സ്ത്രീയുടെ സന്തതി സർപ്പത്തിൻെറ തലയെ ചതച്ചുവെന്നുള്ള ദൈവവാഗ്ദത്തം മനുഷ്യാവതാരനിമിഷത്തിൽ നിർവ്വഹിക്കപ്പെട്ടു. ദൈവപുത്രൻെറ മനുഷ്യാവതാരം കന്യകയുടെ സമ്മതത്തെ ആശ്രയിച്ചിരുന്നു. അവൾ അതു് നല്കിയപ്പോൾ പിതാവിൻെറ വാത്സല്യവാൻ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവരികയും, അതോടെ അന്ധകാരസാമ്രാജ്യം നാശോന്മുഖമാകയും ചെയ്തു. മരണത്തെ അവൻ മരവിപ്പിച്ചു. കണ്ടാലും ഒരു അനുസരണപ്രവർത്തിയുടെ സൽഫലങ്ങൾ!

## ധ്യാനം 351

### ആഗമനകാലത്തെ രണ്ടാംവാരം—ഞായറാഴ്ച

### നിത്യവചനത്തിൻെറ മനുഷ്യാവതാരം

"വചനം ജഡമായി" (യോഹ. 1:14) വി. കന്യക സമ്മതം നല്കിയ ഉടനെ, പരിശുദ്ധ റൂഹാ അവളുടെമേൽ ഇറങ്ങി ആവസിക്കയും, അഗ്രാഹ്യമായ ഒരു അത്ഭുതത്താൽ, അവളുടെ നിർമ്മല രക്തംകൊണ്ടു് ഒരു പൂർണ്ണശരീരം രൂപീകരിക്കയും ചെയ്തു. അതുല്യസൗന്ദര്യമുള്ള ഒരു ആത്മാവിനെയും അവിടുന്നു സൃഷ്ടിച്ചു. അതേ നിമിഷത്തിൽ തന്നെ വചനമായ ദൈവം ഈ ആത്മശരീരത്തോടു യോജിക്കയും അങ്ങനെ ദൈവം മനുഷ്യനായി അവതരിക്കയും ചെയ്തു. ഈ മഹൽകൃത്യത്തിൽ പരിശുദ്ധ കന്യകമാതാവിൻെറ കൃത്യം നിർവ്വഹിക്കുന്നു. ദൈവമനുഷ്യൻ ഒന്നുമാത്രമാണെങ്കിലും, നമുക്കേവക്കും സഹോദരൻ, സ്നേഹിതൻ, മണവാട്ടി എന്നീ ഏതെങ്കിലും പദവിയിൽ അവിടുത്തോട്

www.malankaralibrary.com

ഐക്യപ്പെടാവുന്നതാണ്. ദൈവമാതാവ് എന്ന ഉന്നതപദവി സ്വപുത്രന്റെ ആളത്വത്തിന്മേലും സകല വരപ്രസാദങ്ങളുടെമേലും അവൾക്ക് ഒരു സ്വാധീനം പ്രദാനം ചെയ്യുന്നുണ്ട്. നിന്നെ സംബന്ധിച്ച സകലത്തിന്മേലും ഈ സ്വാധീനശക്തിക്ക് നീ വഴിപ്പെടണം. യേശു ബഹുമാനിച്ചതുപോലെ പരിശുദ്ധമാതാവിനെ നീ ബഹുമാനിക്കുന്നുണ്ടോ? അനാദികാലംമുതൽ സ്വപിതാവിന്റെ മാറിൽ സ്ഥിതിചെയ്തവൻ, വാഴ്ത്തപ്പെട്ട മാതാവിന്റെ ഉദരത്തിൽ ഒരു പുതിയ ജീവിതം ആരംഭിക്കുന്നു. പരിശുദ്ധവും പൂർണ്ണവുമായ ഒരു ജീവിതാൽ എപ്പോൾമുതൽ അവിടുന്നു നിന്നിൽ വസിക്കാൻ തുടങ്ങും? വി. പൗലോസിനെപ്പോലെ, മേലാൽ നിനക്കുവേണ്ടിയല്ല, 'ക്രിസ്തുവിനുവേണ്ടി ജീവിക്കുന്നു!' എന്നു അഭിമാനിക്കുവാൻ നിനക്കു എപ്പോൾ കഴിവുണ്ടാകും?

## ധ്യാനം 352

### ആഗമനകാലം രണ്ടാം വാരം—തിങ്കളാഴ്ച

### ഈശോയുടെ പരിശുദ്ധ മനുഷ്യസ്വഭാവത്തിന്റെ പൂർണ്ണതകളെപ്പററി

നീതിസൂര്യനായ ഈശോയുടെ ദിവ്യപ്രകാശം എല്ലാ നിഗൂഢവസ്തുക്കളെയും വെളിച്ചത്തു കൊണ്ടുവരുന്നതാകുന്നു. എങ്കിലും അതിന്റെ പ്രകാശം ഈ മർത്ത്യജീവിതത്തിൽ മറഞ്ഞുതന്നെയിരുന്നു. തന്റെ ബുദ്ധിയോ, ജ്ഞാനമോ, ഗ്രഹണശക്തിയോ, ദീപ്തിയോ ഒന്നും മനുഷ്യരോടുള്ള സഹവാസത്തിൽ അവിടുന്നു സാധാരണമായി വെളിപ്പെടുത്തിയില്ല. അവയെല്ലാം എളിമ എന്ന തിരശീലയാൽ മറക്കപ്പെട്ടിരുന്നു. വല്ലപ്പോഴും ഒരു പ്രകാശകിരണം സ്ഫുരിച്ചിരുന്നെങ്കിൽ അതു പാവപ്പെട്ടവരും അവശരുമായ ആളുകളുടെ ബുദ്ധിയെ അല്പമൊന്നു പ്രകാശിപ്പിക്കുന്നതിനു മാത്രം ഉദ്ദേശിച്ചുള്ളതായിരുന്നു. "സ്വർഗ്ഗത്തിന്റെയും, ഭൂമിയുടേയും നാഥനായ കർത്താവേ ഇവ നീ ജ്ഞാനികളിൽനിന്നും വിവേകികളിൽനിന്നും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനാൽ നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു. അതേ, പിതാവേ, ഇപ്രകാരം നിനക്കു തിരുവുള്ളമുണ്ടായല്ലോ," (മത്താ. 11:25) നിന്റെ യോഗ്യതകളെ അയല്ക്കാരുടെ പ്രയോജനത്തിനും സന്മാതൃകയ്ക്കും മാത്രമായിരുന്നാൽതന്നെയും വെളിപ്പെടുത്തുന്നതു് വലിയ എളിമയോടെയായിരിക്കണം. "കർത്താവിന്റെ അരൂപി എന്റെമേലുണ്ട്...ദരിദ്രരോടു സുവിശേഷം അറിയിപ്പാൻ എന്നെ അഭിഷേചിച്ചിരിക്കുന്നു. വിലങ്ങിടത്തിലുള്ളവരെ വിട്ടുവിക്കുന്നതിനും കുരുടർക്കു കാഴ്ച കൊടുപ്പാനുമായി ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നു." (ലൂ. 4:18) എന്നു് ഈശോയോടുകൂടെ പറയുവാൻ നിനക്കും കഴിവുണ്ടാകണം......യേശുവിന്റെ ശരീരം ആത്മാവിന്റെ മാത്രം കിന്നരമല്ല; പിന്നെയോ അവിടുത്തെ ദൈവത്വത്തിന്റെയും കിന്നരമാകുന്നു. ആത്മാവിലും ശരീരത്തിലും അത്ഭു

www.malankaralibrary.com

തകരമായി പ്രവൎത്തിക്കാൻ കഴിയുന്ന ഒരു ദൈവികപുണ്യം അവിടുത്തേയ്ക്കു് കരസ്ഥമായിട്ടുണ്ടു്. അവിടുത്തെ സ്പൎശനം കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു. അവിടുത്തെ വചനം പിശാചുക്കളെ ഓടിച്ചുകളയുന്നു. അവിടുത്തെ ഒററനോട്ടം ഏതു കഠിനഹൃദയത്തെയും അലിയിക്കയും പാപിയെ മാനസാന്തരപ്പെടുത്തുകയും ചെയ്യുന്നു. ഈശോയ്ക്കുനിന്റെ മേൽ ഈ സ്വാധീനമില്ലാത്തതു നീ സ്വയസ്നേഹത്തിൽ മുഴുകിയിരിക്കകൊണ്ടാകുന്നു; നിൻെറ വിശ്വാസക്കുറവ് ഹേതുവായിട്ടാകുന്നു.

## ധ്യാനം 353

### ആഗമനകാലം രണ്ടാം വാരം—ചൊവ്വാഴ്ച

### ഈശോയുടെ മാനുഷീക ജീവിതത്തിലെ ആദ്യനിമിഷങ്ങൾ

യേശു ദൈവത്തിൻെറ അപരിമിത നന്മയും സൗന്ദൎയ്യവും ദൎശിക്കയും അമോഘസ്നേഹത്താൽ ജ്വലിക്കയും ചെയ്തിരുന്നു. ഈ സ്നേഹം അവിടുത്തെ ആത്മാവിൻെറ സൎവ്വശക്തികളെയും അതുല്യതീഷ്ണതയോടെ ദൈവത്തിങ്കലേക്കു് ആകൎഷിക്കയും ചെയ്തിരുന്നു. ഈ അനുഗ്രഹീതനിമിഷത്തിൽ ദൈവം പരമാവധി സ്നേഹിക്കപ്പെടുവാനും തുടങ്ങി. ദൈവത്തെ പൂൎണ്ണമായി സ്നേഹിക്കുന്നതും അവിടുത്തേക്കു് എതിരായി ചെയ്യപ്പെടുന്ന പാപങ്ങൾക്കു പരിഹാരം വരുത്തുന്നതുമായ, നിൻേറതുപോലുള്ള ഒരു ഹൃദയം ലോകത്തിൽ ഉണ്ടായതിൽ സന്തോഷിക്കുക. ആരുടെ നിൎമ്മലരക്തത്താൽ ആ ഹൃദയം ഉരുവാക്കപ്പെട്ടുവോ ആ കന്യകാമാതാവിനെയും വാഴ്ത്തുക...യേശുവിൻെറ ഹൃദയം അതിൻെറ സൎവ്വശക്തിയോടുകൂടെ ദൈവത്തിങ്കലേക്കു ചാഞ്ഞിരുന്നു. അതേസമയം അവിടുത്തെ സൎവ്വവ്യാപാരങ്ങളിലും അതു പ്രവൎത്തിക്കയും ചെയ്തിരുന്നു. സൃഷ്ടികളെ ദൈവവകയും അവിടുത്തെ ആശ്രിതരുമായി കണ്ടിരുന്നതു്കൊണ്ടു് അവയെ സ്നേഹിപ്പാതിരുപ്പാനും അവിടത്തേക്കു കഴിഞ്ഞില്ല. നിന്നെത്തന്നെയും അയല്ക്കാരെയും സകല സൃഷ്ടികളെയും നീ സ്നേഹിക്കുന്നതു് അവ ദൈവവക എന്ന ന്യായത്താലാണോ?......ദൈവത്തെ എല്ലാററെക്കാൾ കൂടുതലായി സ്നേഹിക്കുന്ന ഈശോ, എല്ലാ മനുഷ്യരെയും സഹോദരന്മാരെപ്പോലെ സ്നേഹിക്കുകയും അവൎക്കു സൎവ്വ നന്മയും, പ്രത്യേകിച്ചു് നിത്യസൗഭാഗ്യവും, ലഭിക്കണമെന്നു് ആശിക്കയും ചെയ്യുന്നു. തൻെറ സ്നേഹത്തെ മററുള്ളവൎക്കു പകൎന്നുകൊടുക്കുവാൻ അവിടുന്നു് അത്യന്തം ആഗ്രഹിക്കുന്നു. ദൈവത്തിൽനിന്നു് നിനക്കു ലഭിച്ചിട്ടുള്ള നന്മകൾ മററുള്ളവൎക്കു പകൎന്നു കൊടുക്കുവാൻ നീയും ആഗ്രഹിക്കണം. യേശുവിനോടുള്ള സ്നേഹം ഞങ്ങളെ നിൎബ്ബന്ധിക്കുന്നു. (2 കൊറി. 5:14) ദൈവത്തിൽനിന്നും പ്രാപിച്ചിട്ടുള്ളവ അല്ലാതെ നിനക്കു് ഒന്നുമില്ല. നിന്നിൽനിന്നു് അവിടുന്നു് ഒന്നും ആഗ്രഹിക്കുന്നുമില്ല. എന്നാൽ അയല്ക്കാരനു നീ ചെയ്തുകൊടുക്കുന്ന നന്മകൾക്കു് അവിടന്നു് നിൻെറ കടക്കാരനായി തീരുന്നു. അവയെല്ലാം അവിടുത്തേക്കു് ചെയ്തതായി അവിടുന്നു പരിഗണിക്കയും, പ്രതിഫലം നല്കുകയും ചെയ്യും.

www.malankaralibrary.com

## ധ്യാനം 354

### ആഗമനകാലം രണ്ടാം വാരം—ബുധനാഴ്ച

### ഈശോയുടെ ഈ ലോകജീവിതത്തിലെ ആദ്യനിമിഷങ്ങൾ (തുടർച്ച)

യേശു ദൈവത്തിൻെറ അതിരററ മഹിമ പ്രതാപങ്ങളെ കണ്ടു് അഗാധമായ കീഴ്വഴക്കത്തോടെ അവിടുത്തെ ആരാധിക്കുന്നു. നിത്യപിതാവിനു് അവിടുന്നു നല്കുന്ന ഈ ആരാധന, മനുഷ്യവർഗ്ഗത്തിൻെറ ഒന്നുമില്ലായ്മയെകുറിച്ചുള്ള ശരിയായ ജ്ഞാനത്തിൽനിന്നുളവാകുന്നതാണു്. അവിടുത്തെ അതുല്യമായ ആത്മപ്രകാശത്തിൻെറ ഫലമായി മററാരെയുംകാൾ നന്നായി സ്രഷ്ടാവും സൃഷ്ടിയുമായുള്ള അകലം അവിടുത്തേക്കറിയാം. നിൻെറ ഒന്നുമില്ലായ്മയേയും ബലഹീനതയേയും ശരിയായി മനസ്സിലാക്കുന്നതു ഒരു വലിയ നിക്ഷേപമാണു്. അതിൻെറ കേന്ദ്രത്തിൽ ദൈവത്തെ നീ കാണും...ദൈവത്തിൻെറ അതിരററ മാഹാത്മ്യം സർവ്വസ്തുതിക്കും അർഹമാകുന്നു എന്നറിയുന്ന ഈശോ തൻെറ ബുദ്ധിപ്രകർഷതയും ഭക്തിതീക്ഷ്ണതയും മുഴുവനായി അവിടുത്തെ സ്തുതിക്കും പുകഴ്ചക്കുമായി വിനിയോഗിക്കുന്നു. ബാഹ്യപ്രവർത്തികളാലും, ആന്തരീക വ്യാപാരങ്ങളാലും അവിടുന്നു ദൈവത്തെ പുകഴ്ത്തുന്നു. അവിടുന്നു് ഇപ്പോൾ ആരംഭിക്കുന്ന മനുഷ്യാവതാര ജീവിതം തന്നെയും ഹൃദയസ്പർശകവും കാര്യക്ഷമവുമായ ഒരു സ്തുതിപ്പാകുന്നു. പരിശുദ്ധജീവിതം പരിശുദ്ധനായ ദൈവത്തിനു് എത്ര പ്രീതികരണം'...ഈശോയുടെ ജീവിതത്തിലെ ഓരോ നിമിഷവും ദൈവത്തിൻെറ ഓരോ സൽഗുണങ്ങളെ പ്രകീർത്തിക്കുന്നതും അവിടുത്തേക്കു് ആരാധന സമർപ്പിക്കുന്നതും ആകുന്നു. കന്യാത്വം അവിടുത്തെ വിശുദ്ധിയേയും, സ്വമനസ്സാലെയുള്ള ദാരിദ്ര്യം അവിടുത്തെ ഹൃദയസ്വാതന്ത്ര്യത്തേയും, അക്ഷയഭണ്ഡാഗാരത്തേയും ബഹുമാനിക്കുന്നു. അനുസരണം അവിടുത്തെ പരമാധിപത്യത്തെയും, ശരണം അവിടുത്തെ അതിരററ ശക്തിയോടുള്ള ആദരവിനേയും കുറിക്കുന്നു. സ്നേഹം അവിടുത്തെ പരമനന്മയുടെ പ്രതിധ്വനിയാകുന്നു. നിൻെറ ഓരോ ചലനവും ദൈവസ്തുതിക്കുവേണ്ടി ഉള്ളതോ എന്നു ചിന്തിക്കുക.

## ധ്യാനം 355

### ആഗമനകാലം രണ്ടാം വാരം—വ്യാഴാഴ്ച

### സ്വപിതാവിൻെറ തിരുവിഷ്ടത്തിനു് ഈശോ തന്നെ തന്നെ പൂർണ്ണമായി സമർപ്പിക്കുന്നു.

ഈശോയുടെ ആത്മാവു് പരിശുദ്ധാത്മദാനങ്ങളാൽ സംപുഷ്ടമായിരുന്നു. ഒരു നിമിഷനേരത്തേക്കുപോലും അതു പ്രവർത്തനരഹിതമായിരുന്നില്ല. ഈശോയുടെ സ്വയംബലി ഏതുകാലത്തും അർപ്പിക്ക

www.malankaralibrary.com

പ്പെട്ടിട്ടുള്ളതിലേക്കും വിലയേറിയതും ദൈവത്തിനു പ്രസാദകരവുമായ ബലി ആയിരുന്നു. അവിടുത്തെ സമപ്പണം കലവറ കൂടാത്തതായിരുന്നു......ഈശോ ദൈവതിരുവിഷ്ടത്തിനു തന്നെതന്നെ മുഴുവനായി കൈയാളിച്ചു. "പിതാവേ നിൻെറ ഇഷ്ടം പോലെയാകട്ടെ" മരണ വേദനയുടെ അവസരത്തിൽ അവിടുന്നു പരസ്യമായി ഉച്ചരിച്ച ഈ വാക്യം ഇപ്പോൾ രഹസ്യമായി ഉച്ചരിക്കുകയാണ്. "ഇതാ ഞാൻ എന്നെ അയക്കണമേ." (യേശ. 6:8) എന്നു ദീഘദശിയോടുകൂടെ പറഞ്ഞുകൊണ്ടു് ദൈവതിരുമനസ്സിനു നീയും നിന്നെത്തന്നെ സമപ്പിക്കുക. അഥവാ വി. പൗലോസിനെപോലെ "ഞാൻ എന്തു ചെയ്യണമെന്നാണ് അവിടുന്നു് ആഗ്രഹിക്കുന്നതു്" (നട. 9:6) എന്നു ചോദിക്കുകയോ, മനുഷ്യാവതാരംചെയ്ത ദൈവകുമാരനെപോലെ "ദൈവമേ നിൻെറ ഇഷ്ടം ചെയ്യാൻ ഞാൻ വരുന്നു" (എബ്രാ. 10:9) എന്നു പറയുകയോ ചെയ്ക...ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷക്കുംവേണ്ടി തന്നെത്തന്നെ സമപ്പിക്കണമെന്നല്ലാതെ മററു യാതൊരു നോട്ടവുമില്ലാതെ ഔദാര്യപൂവ്വം ഈശോ തന്നെത്തന്നെ സ്വപിതാവിനു സമപ്പിക്കുന്നു. നീ ചെയ്യുന്ന സകലവും ദൈവത്തിനുവേണ്ടി ഭയഭക്തിയോടെ അനുഷ്ഠിക്കുക. നിൻെറ സ്നേഹതീഷ്ണത നിൻെറ യാഗത്തിൻെറ അപൂണ്ണതകളുടെ... 

## ധ്യാനം 356

### ആഗമനകാലം രണ്ടാം വാരം—വെള്ളിയാഴ്ച

### നമ്മുടെ അരിഷ്ടതകളെക്കുറിച്ചുള്ള യേശുവിൻെറ സഹതാപം.

മനുഷ്യാവതാരസമയത്തു ഈശോ ഭൂത, വത്തമാന, ഭാവി കാലങ്ങളെ ഒന്നായി മുന്നിൽ കണ്ടുകൊണ്ടു് മനുഷ്യൻെറ പരിതാപകരമായ അവസ്ഥയെ യഥാതഥം മനസ്സിലാക്കി. ഒരുവശത്തു് സ്വഗ്ഗം അവരുടെ മുമ്പിൽ അടക്കപ്പെട്ടിരിക്കുന്നു. പാപികളെ വിഴുങ്ങാനായി നരകം വായ് പിളന്നിരിക്കുന്നു. ഇടയനില്ലാതെ അലഞ്ഞുനടക്കുന്ന ജനക്കൂട്ടത്തെക്കുറിച്ചു് അവിടുത്തേക്കു് സഹതാപം തോന്നുന്നു. (മക്കോ. 6:36)....മനുഷ്യരുടെ മററെല്ലാ അരിഷ്ടതകളെക്കാൾ അവിടുത്തെ വേദനപ്പെടുത്തിയതു് അവരുടെ പാപമാണ്. അതിരററ മഹിമപ്രതാപവാനായ ദൈവത്തോടുള്ള എതിപ്പു് എന്ന നിലയിലായാലും, മനുഷ്യൻെറ സകല നന്മയുടെയും പരമശത്രു എന്ന നിലയിലായാലും, പാപം വലിയ തിന്മതന്നെ. ദൈവമഹത്വം വദ്ധിപ്പിക്കാനുള്ള ഉള്ക്കണ്ഠയും പാപത്തെ നശിപ്പിക്കാനുള്ള വൈരാഗ്യവും അവിടുത്തെ ഹൃദയത്തിൽ ഉജ്ജ്വലിച്ചു. ദൈവമഹത്വത്തെപ്പററിയുള്ള അഭിവാഞ്ഛയും യേശുവിൻെറ തിരുരക്തത്താൽ വിലക്കു വാങ്ങപ്പെട്ട ആത്മാക്കളുടെ രക്ഷയെപ്പററിയുള്ള ശുഷ്കാന്തിയും നിൻെറ ഹൃദയത്തിൽ കത്തിജ്വലിക്കുന്നുണ്ടോ?....മററെല്ലാവരുടേയും പാപത്തെക്കാൾ നിൻെറ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com